
സഞ്ചിക
1

INTERNATIONAL
CONGRESS ON
KERALA STUDIES

## അഞ്ചാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്

# അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവും

## ത്രിദിന സെമിനാർ




2025 ഫെബ്രുവരി 22-24 • ഇ.കെ. നായനാർ അക്കാദമി • കണ്ണൂർ

പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ
എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

# ഒത്തുചേർന്നു രചിക്കാം,
# വൃത്തിയുള്ള കേരളം.





| | 2023ൽ | 2025ൽ |
|---|---|---|
| വീടുകളിലെ അജൈവ മാലിന്യശേഖരണം | 47 % | 89 % |
| ഹരിതമിത്രം ആപ് ഉപയോഗിക്കുന്നവർ | 11 ലക്ഷം | 76 ലക്ഷം |
| മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി | 7446 | 21013 |
| മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി | 1160 | 1325 |
| റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ | 87 | 190 |
| ഹരിതകർമ്മ സേനാംഗങ്ങൾ | 33378 | 37363 |
| സ്വകാര്യ ഏജൻസികളുടെ എണ്ണം | 74 | 188 |

INTERNATIONAL
CONGRESS ON
KERALA STUDIES

INTERNATIONAL
CONGRESS ON
KERALA STUDIES

**അഞ്ചാം അന്താരാഷ്ട്ര**
**കേരള പഠനകോൺഗ്രസ്**
2025 ഫെബ്രുവരി 22, 23, 24 • കണ്ണൂർ

**അധികാര വികേന്ദ്രീകരണവും**
**തദ്ദേശസ്വയംഭരണവും**
**സെമിനാർ**

*പ്രസിദ്ധീകരണം*

എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം

പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം
കണ്ണൂർ

*കവർ ഡിസൈൻ & ലേ-ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

കോപ്പി: 2000

*അച്ചടി*
ടൈം ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം

## സഞ്ചിക
## 1

INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാം അന്താരാഷ്ട്ര
കേരള പഠനകോൺഗ്രസ്

# അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും

## സെമിനാർ

**2025 ഫെബ്രുവരി 22, 23, 24 • കണ്ണൂർ**

പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ
എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

# പുതുകാലത്തേക്ക് കേരളം

**കേ**രള പിറവിയിൽ നിന്നും നവകേരള സൃഷ്ടിയിലേക്കുള്ള മുന്നേറ്റത്തിന്റെ നിർണ്ണായക ഘട്ടത്തിലാണ് അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ഭാഗമായുള്ള അധികാര വികേന്ദ്രീകരണവും തദ്ദേശ ഭരണവും എന്ന ഈ സെമിനാർ സംഘടിപ്പിക്കപ്പെടുന്നത്. തുടക്കം മുതൽ തന്നെ കേരളത്തിന്റെ വികസന പാതയും ദിശയും എന്ത് എന്ന് വ്യക്തമായി നിർവ്വചിച്ചു കൊണ്ട് നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ് നാമിവിടെ എത്തിയിരിക്കുന്നത്. അവയാകട്ടെ, സാമൂഹ്യ നീതിയിലും തുല്യതയിലും അടിസ്ഥാനപ്പെട്ടവയായിരുന്നു.

മുഖ്യമന്ത്രി കൂടിയായിരുന്ന സ. ഇ എം എസ് നമ്പൂതിരിപ്പാടിന്റെ അധ്യക്ഷതയിലുണ്ടായിരുന്ന ഒന്നാം ഭരണ പരിഷ്കരണ കമ്മീഷൻ ഇക്കാര്യത്തിൽ നിർണായക പങ്കാണ് വഹിച്ചത്. അധികാര വികേന്ദ്രീകരണവും ശക്തമായ തദ്ദേശ ഭരണ സംവിധാനവുമാണ് അത് നിർദ്ദേശിച്ചത്. എന്നാൽ എൺപതുകളുടെ അവസാനത്തോടെയാണ് അതിൻ പ്രകാരമുള്ള നിയമം നടപ്പാക്കാനായത്. തുടർന്ന് ജില്ലാ കൗൺസിൽ അടക്കമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നു. എന്നാൽ 73, 74 ഭരണഘടനാ ഭേദഗതികളുടെ ഫലമായി ആ സംവിധാനത്തിൽ വലിയ മാറ്റം വന്നു.

ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്ത് - നഗരപാലിക സംവിധാനത്തെ ശക്തിപ്പെടുത്താനാണ് അതേ തുടർന്ന് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തീരുമാനിച്ചത്. അങ്ങനെയാണ് 1996 ൽ ജനകീയാസൂത്രണത്തിന് ആരംഭം കുറിക്കുന്നത്. അതിന്റെ രൂപരേഖയും പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുന്നതിന് ഒന്നാം അന്താരാഷ്ട്ര പഠന കോൺഗ്രസിലെ ചർച്ചകൾ ഏറെ സഹായകമായിരുന്നു.

ഇന്ന് അഞ്ചാം അന്താരാഷ്ട്ര പഠന കോൺഗ്രസിലേക്ക് നീങ്ങുമ്പോൾ കേരളം മറ്റൊരു നിർണ്ണായക വികസന ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. ഇതിനോടകം നേടിയ നേട്ടങ്ങൾ ഉറപ്പിച്ചും ന്യൂനതകൾ പരിഹരിച്ചും പുതിയ കാലത്തിനനുസൃതമായ ആവശ്യങ്ങളും സാധ്യതകളും പരിഗണിച്ചും വെല്ലുവിളികൾ നേരിട്ടും നമുക്ക് മുന്നേറേണ്ടതുണ്ട്. അത്തരമൊരു പുതിയ കേരളം സൃഷ്ടിക്കാനാണ് നവകേരളം കർമ്മപരിപാടിക്കു നമ്മൾതുടക്കം കുറിച്ചത്. അതിൻ പ്രകാരമാണ് നവകേരളത്തിനായി ജനകീയാസൂത്രണം എന്ന രീതിയിലേക്ക് ജനകീയാസൂത്രണ പ്രക്രിയയെ തന്നെ ചിട്ടപ്പെടുത്തിയത്.

പ്രളയവും കോവിഡുമടക്കമുള്ള പ്രതിസന്ധികളെ നേരിടുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ അടക്കമുള്ള ഇതര സംവിധാനങ്ങളും വഹിച്ച പങ്കു വളരെ വലുതാണ്. വിവിധ തലങ്ങളിലെ സർക്കാരുകൾ അവരവരുടെ പ്രവർത്തന പരിധിയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾതന്നെ ഇതര തലങ്ങളുമായും വകുപ്പുകളുമായും ഏജൻസികളുമായും മിഷനുകളുമായും ഒത്തുചേർന്നുള്ള ഇടപെടലുകൾ കൂടി നടത്തിയാൽ മാത്രമേ നവകേരള സൃഷ്ടി സാധ്യമാകൂ. പ്രാദേശിക തലത്തിലെ വികസന പ്രവർത്തനങ്ങളോടൊപ്പം സംസ്ഥാന തലത്തിലെ വൻകിട പദ്ധതികൾ കൂടി ചേരുമ്പോഴാണ് കേരളത്തിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാകുന്നത്.

രാജ്യത്തെ ഫെഡറൽ സംവിധാനം തന്നെ ഭീഷണി നേരിടുകയും കേരളത്തെ നാനാതരത്തിലും കേന്ദ്രം ബുദ്ധിമുട്ടിക്കുകയും അധികാരകേന്ദ്രീകരണം രാജ്യത്തിനാകെതന്നെ വെല്ലുവിളിയാവുകയും ചെയ്യുമ്പോഴാണ് ഈ സെമിനാർ സംഘടിപ്പിക്കപ്പെടുന്നത്. കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ പരസ്പര സഹകരണത്തിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും മാത്രമേ രാജ്യത്തിനു മുന്നേറാനാവൂ. അതിനായുള്ള ശ്രമങ്ങൾക്കു തുടക്കം കുറിക്കാൻ ഈ സെമിനാർ ഉപകരിക്കണം. വൈജ്ഞാനിക സമ്പദ്ഘടനയിലേക്കും നൂതനത്വ സമൂഹത്തിലേക്കും നവകേരള സൃഷ്ടിയിലേക്കും ഉള്ള ചുവടുവെയ്പ്പായി ഇതു മാറട്ടെ.

**പിണറായി വിജയൻ**
മുഖ്യമന്ത്രി

# കുറിപ്പ്

**അ**ധികാരവികേന്ദ്രീകരണമെന്ന ആശയത്തിലൂന്നി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തി എട്ടു വർഷങ്ങളുടെ അനുഭവങ്ങളുമായാണ് നാമിന്നു അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവും എന്ന സെമിനാറിലേക്ക് നടന്നു നീങ്ങുന്നത്. എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം 30 വർഷങ്ങൾക്കു മുൻപ് ആരംഭിച്ച അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ അഞ്ചാമത് സമ്മേളനത്തിന് മുന്നോടിയാണ് ഈ സെമിനാർ. ഒന്നാം പഠന കോൺഗ്രസിലേ ചർച്ചകളാണല്ലോ ജനകീയാസൂത്രണത്തിനു അടിത്തറ പാകിയത്. ഇന്ന്, പ്രാദേശിക തലത്തിൽ ഒട്ടേറെ അനുഭവങ്ങളുമായാണ് ഈ സെമിനാർ സംഘടിപ്പിക്കപ്പെടുന്നത്. ഇതിനിടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറെ ശാക്തീകരിക്കപ്പെട്ടു. കേരള ഭരണത്തിലും വികസനത്തിലും അവിഭാജ്യ ഘടകമായി അവ വളർന്നു. കേരളം നേടിയ വികസനത്തിലും തരണം ചെയ്ത പ്രതിസന്ധികളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചു വന്നത്. ഇത് വരെയുള്ള നേട്ടങ്ങളെ ഉറപ്പിച്ചും ന്യൂനതകൾ പരിഹരിച്ചും വേണം മുന്നോട്ടു പോകാൻ. ഒപ്പം പുതിയ ലോകത്തിനും കാലത്തിനും അനുസൃതമായ വികസന വെല്ലുവിളികളെ ഏറ്റെടുത്തു മുന്നേറാൻ ഈ സംവിധാനത്തിന് കഴിയണം. നവകേരള സൃഷ്ടിയിൽ അവർ മുൻനിര പ്രവർത്തനങ്ങളിലാണിന്നു. അതിദാരിദ്ര്യനിർമാർജനം, മെച്ചപ്പെട്ട സേവനങ്ങൾ, ഇ- ഗവവേർണൻസ്, ഡിജിസാക്ഷരത, കാലാവസ്ഥ വ്യതിയാനം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ തുടങ്ങി നിരവധി പുതിയ പ്രവർത്തനങ്ങളിലാണ് ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് ഇടപെട്ടു കൊണ്ടിരിക്കുന്നത്. അവയിൽ പലതിലും കേരളം രാജ്യത്തിനു മാതൃകയുമാണ്. ജനകീയാസൂത്രണം തന്നെ ഇന്ന് രാജ്യത്തെ എല്ലാ പഞ്ചായത്തുകളിലേക്കും അതെ പേരിൽ വ്യാപിപ്പിച്ചിരിക്കുന്നു എന്നത് നമുക്ക് അഭിമാനമാണ്. ഇനിയും മുന്നോട്ടു പോകാനുണ്ട്. അതിവശ്യമായ ആശയങ്ങളും അഭിപ്രായങ്ങളും ഈ സെമിനാറിൽ നിന്നും ഉരുത്തിരിയും എന്നാണ് പ്രതീക്ഷ.

**എം.ബി. രാജേഷ്**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

# ആമുഖം

**അ**ഞ്ചാമത് അന്തർദേശീയ കേരള പഠന കോൺഗ്രസ് 2025 ഡിസംബർ മാസത്തിൽ തിരുവനന്തപുരത്ത് നടക്കുവാൻ പോകുകയാണ്. പങ്കാളിത്തം പരമാവധി ആക്കുന്നതിനും സംവാദം കൂടുതൽ ആഴത്തിലുള്ളതാക്കുന്നതിനും വേണ്ടി പഠന കോൺഗ്രസിന് മുന്നോടിയായി വിവിധ വികസന മേഖലകളെക്കുറിച്ച് വിപുലമായ സെമിനാറുകൾ നടത്തിവരുകയാണ്. ഇതുവരെ പൊതുവിദ്യാഭ്യാസം, കൃഷി, ധനകാര്യം, ഭരണനിർവ്വഹണം, പ്രവാസം, ആരോഗ്യം എന്നിവയെ ആസ്പദമാക്കിയുള്ള അഞ്ച് സെമിനാറുകൾ നടന്നുകഴിഞ്ഞു. ഈ പരമ്പരയുടെ ഭാഗമാണ് കണ്ണൂർ സ. നായനാർ അക്കാഡമിയിൽ വച്ച് നടക്കുന്ന അധികാര വികേന്ദ്രീകരണവും തദ്ദേശ ഭരണവും സംബന്ധിച്ച ത്രിദിന സെമിനാർ.

1994 ൽ ഇ.എം.എസ് ആണ് ഈ വികസന പഠന സംഗമത്തിന് തുടക്കം കുറിച്ചത്. ഒന്നാമത് കേരള പഠന കോൺഗ്രസിലെ ചർച്ചകളുടെയും നിഗമനങ്ങളുടെയും പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണം ആവിഷ്കരിക്കപ്പെട്ടത്. അതിലൂടെ 73, 74 ഭരണഘടനാ ഭേദഗതികൾ സൃഷ്ടിച്ച സാധ്യതകളെ കീഴ്ത്തട്ടിലെ ഭരണസംവിധാനത്തെ ജനപങ്കാളിത്ത വികസനോന്മുഖമാക്കുന്നതിനു സമഗ്രമായ പരിഷ്കാരങ്ങൾ കൊണ്ട് വന്നു. അധികാര വികേന്ദ്രീകരണത്തിൽ കേരളം ഇന്ത്യയിലെ ഏറ്റവും മുന്നിട്ടു നിൽക്കുന്ന സംസ്ഥാനമായി മാറി. പ്രാദേശിക ആസ്തികൾ, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ കുതിച്ചു ചാട്ടം തന്നെയുണ്ടായി. ഏറ്റവും ഉയർന്ന തോതിൽ ദാരിദ്ര്യമുണ്ടായിരുന്ന കേരളം ഇന്ന് ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി മാറി. ഈ പരിവർത്തനത്തിനു വലിയ പങ്കു വഹിച്ച കുടുംബശ്രീ രാജ്യത്തിന് മാതൃകയായി.

ജനകീയാസൂത്രണം ആവിഷ്കരിക്കപെട്ടിട്ടു കാൽ നൂറ്റാണ്ടു പിന്നിട്ടു കഴിഞ്ഞു. ഇത് വരെയുള്ള അനുഭവങ്ങളെയും പുതിയ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിനും കൊണ്ട് വരേണ്ടുന്ന പരിഷ്കാരങ്ങളേയും കുറിച്ച് സമഗ്രമായി അവലോകനം ചെയ്യേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണം നവകേരളത്തിനു എന്നതാണ് നമ്മുടെ മുദ്രാവാക്യം. ഇത്തരമൊരു ചർച്ചക്ക് കണ്ണൂരിൽ നടക്കുന്ന അധികാരവികേന്ദ്രീകരണവും തദ്ദേശ ഭരണവും എന്ന സെമിനാർ വേദി ഒരുക്കുന്നു.

സെമിനാറിന്റെ ആദ്യദിവസത്തെ അവതരണങ്ങളാണ് ഈ സഞ്ചിക 1 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പതിനേഴ് സമ്മേളനങ്ങളിലായി താഴെപ്പറയുന്ന വിഷയങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഏതാനും വിദഗ്ധർ വീതം ഓരോ മേഖലയുടെയും അനുഭവങ്ങളും സ്വീകരിക്കേണ്ടതായ കാഴ്ചപ്പാടും ചർച്ചചെയ്യുന്നു.

1. പഞ്ചായത്ത്/അനുബന്ധ നിയമ പരിഷ്കരണം
2. നഗര നയവും നഗരപാലിക/അനുബന്ധ നിയമ പരിഷ്കരണവും
3. തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും
4. സാമൂഹ്യ നീതി
5. കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണവും
6. ആസൂത്രണ, അംഗീകാര, നിർവ്വഹണ നടപടിക്രമങ്ങൾ
7. കുടുംബശ്രീ
8. ലിംഗനീതിയും സ്ത്രീ ശാക്തീകണവും
9. ജില്ല ആസൂത്രണ സമിതിയും ഇതര സംവിധാനങ്ങളും
10. മാലിന്യ നിർമ്മാർജനം
11. IT, ഇ-ഗവെർണൻസ്, ഡേറ്റ, പ്രാദേശിക വിവര സഞ്ചിക
12. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി
13. കാര്യശേഷി വികസനം
14. സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ
15. സദ്ഭരണം, സാമൂഹ്യ ഓഡിറ്റ്
16. നൂതനാശങ്ങളും പുത്തൻ സാങ്കേതിക വിദ്യകളും
17. പട്ടിക ജാതി പട്ടിക വർഗ വികസനം

ഈ സമ്മേളനങ്ങളിലെ സമീപന രേഖ തയ്യാറാക്കിയത് ഒരു വിദഗ്ധ സമിതിയുടെ കൂട്ടായ ചർച്ചയിലൂടെയാണ്. ഓരോ വിദഗ്ധ സമിതിയുടെയും അംഗങ്ങളുടെയും പേര് കാര്യ പരിപാടിയിൽ നൽകിയിട്ടുണ്ടെന്നതിനാൽ അവ ഇവിടെ ആവർത്തിക്കുന്നില്ല. ഈ സമീപന രേഖയുടെ ചുരുക്കം ഓരോ സമ്മേളത്തിലും പങ്കെടുക്കുന്ന വിദഗ്ധർക്ക് അയച്ചുകൊടുത്ത ശേഷമാണ് അവരുടെ കുറിപ്പുകൾ വാങ്ങിയിട്ടുള്ളത്. ഈ രേഖകളെല്ലാം കൂട്ടിവായിക്കുമ്പോൾ കേരളത്തിലെ അധികാര വികേന്ദ്രീകരണം സംബന്ധിച്ച സമഗ്രമായ ഒരു നയകാഴ്ച്പ്പാട് ലഭിക്കും. സമീപനരേഖയോ പ്രതികരണങ്ങളോ അവസാന വാക്കുകളല്ല. ചർച്ചകളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു രേഖ തയ്യാറാക്കുകയും അത് പിന്നീട് നടക്കുന്ന അഞ്ചാമത് പഠനകോൺഗ്രസിൽ അവതരിപ്പിക്കുകയും ചെയ്യും.

ഇത്തരം ഒരു രേഖ തയ്യാറക്കുന്നതിനു പ്രായോഗികമായി പ്രാദേശിക ഭരണത്തിലും വികസനത്തിലും ഇടപെട്ടുകൊണ്ടിരിക്കുന്നവരുടെയും അനുഭവങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രവർത്തകരും ഗവേഷകരും ഈ അനുഭവക്കുറിപ്പുകൾ അവതരിപ്പിക്കുന്നത്. ഇവയാണ് രണ്ടാം ദിവസത്തെ ചർച്ചകൾക്കാധാരം. ഈ പ്രബന്ധങ്ങളുടെ സംഗ്രഹങ്ങളാണ് രണ്ടാമത്തെ സഞ്ചികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

അഞ്ചാമത് കേരള പഠന കോൺഗ്രസിന്റെ അക്കാദമിക് സംഘാടനത്തിനായി എസ്. രാമചന്ദ്രൻ പിള്ള ചെയർമാനും ടി എം തോമസ് ഐസക് സെക്രട്ടിയുമായി ഒരു അക്കാദമിക് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ അക്കാദമിക് സമിതിക്ക് കീഴിൽ ഓരോ വികസനമേഖലാ സെമിനാറിനും പ്രത്യേകം അക്കാദമിക് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അധികാ വികേന്ദ്രീകരണം സംബന്ധിച്ച സെമിനാറിന്റെ അക്കാദമിക് കമ്മിറ്റിയുടെ ചെയർമാൻ പാലൊളി മുഹമ്മദ് കുട്ടിയും, കോ-ചെയർമാൻ ജിജു പി അല്ക്സുമാണ്. ഡോ. ജോയ് ഇളമൺ ആണ് സമിതിയുടെ കൺവീനർ. അധികാര വികേന്ദ്രീകരണം സംബന്ധിച്ച അക്കാദമിക് സമിതിയുടെ യോഗമാണ് മുകളിൽ സൂചിപ്പിച്ച ഓരോ വിഷയ മേഖലയ്ക്കുമുള്ള വിദഗ്ധ സമിതികൾക്ക് രൂപം നൽകിയത്. ഇവയ്ക്ക് പുറമെ പാട്യം പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ ഒരു സംഘാടക സമിതിക്കും രൂപം നൽകിയിട്ടുണ്ട്. അതിന്റെ ചെയർമാൻ ഇ പി ജയരാജനും, സെക്രട്ടറി എം വി ജയരാജനുമാണ്.

ചുരുക്കത്തിൽ വലിയൊരു സംഘം വിദഗ്ധരുടെയും പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ സെമിനാറും, പ്രബന്ധ സഞ്ചികകളും രൂപം കൊണ്ടിട്ടുള്ളത്. അവരൊടെല്ലാമുള്ള കൃതഞ്ജത രേഖപ്പെടുത്തുന്നു. ഈ പ്രബന്ധ സമാഹാരങ്ങൾ പ്രായോഗിക പ്രവർത്തകർക്ക് മാത്രമല്ല ഗവേഷണ-പണ്ഡിതൻമാർക്കും ആശ്രയിക്കാവുന്ന ആധികാരിക രേഖ തന്നെയാണ്. ഇവ സെമിനാറിനു മുന്നിൽ അവതരിപ്പിക്കുന്നതിന് അതിയായ സന്തോഷമുണ്ട്

**എസ്. രാമചന്ദ്രൻപിള്ള**
*ചെയർമാൻ*

**ടി.എം. തോമസ് ഐസക്**
*സെക്രട്ടറി*

അക്കാദമിക് സമിതി, അഞ്ചാമത് കേരള പഠന കോൺഗ്രസ്
എകെജി പഠന ഗവേഷണ കേന്ദ്രം

# അവതാരിക

**കേ**രളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റേയും തദ്ദേശഭരണ സംവിധാനത്തിന്റെയും ശക്തമായ പുത്തൻ അടിത്തറ പാകിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മൂന്നു ദശകങ്ങൾ പൂർത്തിയാകുന്നതിന് തൊട്ടുമുമ്പാണ് ഈ സെമിനാർ ഇവിടെ സംഘടിപ്പിക്കപ്പെടുന്നത്. സ.ഇ.എം.എസ് നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായ ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ ഐക്യകേരളത്തിനായുള്ള ഭരണ-വികസന പാതയ്ക്ക് ദിശ നിർണയിക്കുമ്പോൾ തന്നെ അധികാരവികേന്ദ്രീകരണത്തിനും തദ്ദേശഭരണസംവിധാനത്തിനും ഊന്നൽ നൽകിയിരുന്നു. എന്നാൽ, 1990 ന്റെ ആദ്യ വർഷങ്ങളിൽ ജില്ലാ കൗൺസിലുകൾ അടക്കമുള്ള തദ്ദേശഭരണസംവിധാനം നിലവിൽ വരുന്നതുവരെ കാര്യമായ ചലനങ്ങളൊന്നും ഈ കാര്യത്തിൽ ഉണ്ടായില്ല. ആ സംവിധാനമാകട്ടെ സംഘടനാ ഭരണ മാറ്റത്തോടെ തകർക്കപ്പെടുകയും ചെയ്തു. പിന്നീട്, എ.കെ.ജി പഠന ഗേവഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിലാണ് അധികാര വികേന്ദ്രീകരണങ്ങളും തദ്ദേശഭരണവും വിശദമായ ചർച്ചയ്ക്കു പാത്രമായത്. 73, 74 ഭരണഘടനാ ഭേദഗതികളുടേയും അടിസ്ഥാനത്തിൽ ശക്തമായ തദ്ദേശസ്വയംഭരണ സംവിധാനം കേരളത്തിലൊരുക്കുവാനുള്ള രൂപരേഖ തയ്യാറായത് ആ പഠന കോൺഗ്രസിലാണ്. അവിടെ നിന്നാണ് സ.ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുമുന്നണിയുടെ നേതൃത്വത്തിൽ 1996ൽ അധികാരത്തിലേറിയ സർക്കാരിന്റെ ആദ്യ തീരുമാനങ്ങളായി അധികാരവികേന്ദ്രീ കരണത്തിന്റെ വിവിധ തലങ്ങൾ, വിഭവങ്ങൾ താഴേക്ക് കൈമാറൽ, അധികാരം ജനങ്ങൾക്ക് എന്ന സന്ദേശത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ഭാഗമായി ഇപ്പോൾ നടക്കുന്ന ഈ സെമിനാറിന്റെ കാലമാകുമ്പോഴേക്കും കേരളത്തിലെ തദ്ദേശഭരണസംവിധാനം ഏറെ ശക്തമായിരിക്കുന്നു എന്നത് ചാരിതാർത്ഥ്യ ജനകമാണ്. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ തദ്ദേശസ്വംയഭരണസ്ഥാപനങ്ങൾ വളർന്നു എന്നതും സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളിൽ നിർണായകമായ സംവിധാനമായി എന്നതും അത് ലോക മാതൃകയായയെന്നതും ശ്രദ്ധേയമാണ്.

എൺപതുകളിൽ ആരംഭിച്ച ആഗോള വത്കരണവും ഉദാരവത്കരണവും പുത്തൻ സാമ്പത്തിക നയങ്ങളും വിവിധ വികസന-സാമൂഹ്യ ഭരണ സേവന മേഖലകളിൽ നിന്നും സർക്കാരുകൾ പിൻവാങ്ങുക എന്ന നിലപാടാണല്ലോ സ്വീകരിച്ചത്. അതിനു ബദലില്ല (There Is No alternative - TINA) എന്നായിരുന്നല്ലോ പറഞ്ഞിരുന്നത്. എന്നാൽ സർക്കാരുകൾ പിൻവാങ്ങുകയല്ല, ജനങ്ങളിലേയക്ക് അവരുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലേയ്ക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങി ചെല്ലുക എന്നാതാണ് സർക്കാരുകൾ ചെയ്യേണ്ടതെന്നാണ് നാം എടുത്ത നിലപാട്. (There is Alternative TIA) ആ ബദൽ ഈ കൊച്ചു കേരളത്തിൽ നടപ്പാക്കി കാണിച്ചു തരാം എന്നതാണ് കേരളമെടുത്ത സമീപനം. സർക്കാരുകൾ പിൻവാങ്ങുന്നതിനു പകരം പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തി വിവിധ വികസന മേഖലകളിൽ വ്യക്തമായ മാറ്റം വരുത്തുകയാണ് ജനകീയാസൂത്രണത്തിലൂടെ നാം ചെയ്തത്. ദാരിദ്ര്യ നിർമ്മാർജ്ജനം, ആരോഗ്യം, വിദ്യാഭ്യാസം, പശ്ചാത്തല സംവിധാനം തുടങ്ങിയ എല്ലാ മേഖലകളിലും നിർണ്ണായകമായ ഇടപെടലുകളാണ് കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയത്. 2018-ലെ പ്രളയ കാലത്തും പിന്നീടുണ്ടായ കോവിഡ് മഹാമാരി കാലത്തും കേരളത്തിലെ തദ്ദേശ സ്വയം ഭരണ സംവിധാനത്തിന്റെ ശക്തിയും വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രാധാന്യവും ലോകം കണ്ട് മനസ്സിലാക്കിയതാണ്.

2016-ൽ സ.പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നവകേരള കർമ്മ പരിപാടി ആവിഷ്കരിക്കുമ്പോൾ നവകേരളത്തിനായി ജനകീയാസൂത്രണം എന്ന രീതിയിലേയ്ക്ക് ജനകീയാസൂത്രണം പുനരാവിഷക്കരിക്കപ്പെട്ടു. കേരളത്തിലെ പുത്തൻ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ മുൻ നിരയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ജനകീയാസൂത്രണ ത്തിനൊപ്പം രൂപംകൊണ്ടു വളർന്ന കുടുംബശ്രീയും കൂടി ചേർന്ന് നവകേരള രൂപീകരണത്തിൽ നിർണ്ണായകരമായ പങ്കാണ് വഹിക്കുന്നത്. മറ്റ് നിരവധി സംഘടനാ രൂപങ്ങളും ജനകീയാസൂത്രണത്തിന്റെ ഫലമായി ഉണ്ടായിട്ടുണ്ട്. രാജ്യത്തിനു മാതൃകയായ ഒട്ടേറെ പ്രവർത്തനങ്ങളാണ് ഇതിനകം നടന്നതും നടത്തി വരുന്നതും. നിരവധി വികസന മേഖലകളിൽ കേരളത്തെ മുന്നേറാൻ സഹായിച്ചത് ഈ സംവിധാനങ്ങളാണ്. സേവന പശ്ചാത്തല മേഖലയിലെ വലിയ നേട്ടങ്ങൾ എടുത്തു പറയേണ്ടതാണ്. സംരഭകത്വ വികസനം, സുസ്ഥിര വികസനത്തിന്റെ പ്രാദേശികവൽക്കരണം എന്നിവയുടെ ദേശീയ മാതൃകകൾ, തദ്ദേശഭരണ സംവിധാനത്തിന് സഹായകരമായ വിവിധ മിഷനുകൾ, ലിംഗ നീതി ഉറപ്പാക്കൽ, അതിദാരിദ്ര്യ നിർമാർജ്ജനം, സുഗമമായ പൗര സേവന പ്രദാനത്തിന് മാതൃകയായ കമ്പ്യൂട്ടർവൽക്കരണം, സമഗ്രവികസനം ലക്ഷ്യമിട്ടുള്ള ജില്ലാപദ്ധതികൾ, കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം എന്നിവയിലെ പ്രാദേശിക ഇടപെടലുകൾ, മാലിന്യമുക്തമായ നവകേരളം അങ്ങനെ നിവധി അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ച നൂതന പ്രവർത്തന മാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനത്തിനു കഴിഞ്ഞു. ഈ സെമിനാറിൽ അവയിൽ പലതും അവതരിപ്പിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യും.

ഇതുവരെയുള്ള നേട്ടങ്ങൾ ഉറപ്പിക്കുവാനും ന്യൂനതകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ വെല്ലുവിളികൾ നേരിടുവാനും പുതിയ കാലത്തിനനുസൃതമായ താല്പര്യങ്ങളും ആശകളും അഭിലാഷങ്ങളും ആശയങ്ങളും കണ്ടെത്തി നവകേരള സൃഷ്ടിക്കായുള്ള മുന്നേറ്റത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ പുതിയ പാത നിർണ്ണയിക്കാനുമാണ് ഈ സെമിനാർ. ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിൽ നിന്നും ആരംഭിച്ച ഈ മുന്നേറ്റം അഞ്ചാം പഠന കോൺഗ്രസ്സിൽ നിന്ന് പുതിയ ആവേശമുൾക്കൊണ്ട് പ്രയാണം തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

**പാലൊളി മുഹമ്മദ്കുട്ടി**
*ചെയർമാൻ*

**ജിജു പി. അലക്സ്**
*കോ ചെയർമാൻ*

**ജോയ് ഇളമൺ**
*കൺവീനർ*

അക്കാദമിക് കമ്മിറ്റി
അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും സെമിനാർ

# ഉള്ളടക്കം


| | | |
|---|---|---|
| | **പഞ്ചായത്ത്/അനുബന്ധ നിയമ പരിഷ്കരണം** | |
| 1. | **നവകേരള സൃഷ്ടിയിൽ ജനകീയാസൂത്രണത്തിന്റെ പങ്ക്**<br>ബി.പി. മുരളി | 19 |
| 2. | **നിയമഭേദഗതി - കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും**<br>ശ്രീ. ഓമല്ലൂർ ശങ്കരൻ | 22 |
| 3. | **പഞ്ചായത്ത് രാജും അനുബന്ധ നിയമങ്ങളുടെ പരിഷ്കരണവും**<br>അഡ്വ. ഇ. സിന്ധു | 23 |
| 4. | **പഞ്ചായത്ത് രാജ് നിയമത്തിന് മാറ്റങ്ങൾ അനിവാര്യം.പുതിയ വിദഗ്ദ്ധ സമിതി രൂപീകരണം**<br>വി.വി. മുഹമ്മദലി | 24 |
| 5. | **പഞ്ചായത്ത് രാജ്/അനുബന്ധ നിയമ പരിഷ്കരണം**<br>അരുൺ ടി.ജെ. | 26 |
| 6. | **കേരള പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി നിയമങ്ങളുടെയും അനുബന്ധ നിയമങ്ങളുടെയും ഭേദഗതി**<br>രാജേഷ് ടി. വർഗീസ് | 27 |
| | **നഗര നയവും നഗരപാലിക/അനുബന്ധ നിയമ പരിഷ്കരണവും** | |
| 7. | **നഗരനയവും നഗരപാലിക/ അനുബന്ധ നിയമ പരിഷ്ക്കരണവും**<br>പ്രൊഫ. ജിജു പി. അലക്സ് | 28 |
| 8. | **Trajectory of Urban Governance in India Colonial Beginnings**<br>Tikender Singh Panwar | 31 |
| 9. | **Droughts, Deluges and Democracy: The Imperatives for Reforming Master Plans in Kerala**<br>Dr. Ajith Kaliyath | 35 |
| 10. | **Mainstreaming Urban Street Vending for Promoting Inclusive Urban Economic Growth**<br>Dr. Bibin Thambi & Dr. N. Ajith Kumar | 36 |

| | | |
|---|---|---|
| 11. | **മെട്രോപൊളിറ്റൻ ആസൂത്രണ സമിതികളുടെ (എംപിസിയുടെ) സാദ്ധ്യതകളും വെല്ലുവിളികളും**<br>റിബി റേച്ചൽ മാത്യു | 37 |
| 12. | **കേരള പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി നിയമങ്ങളുടെയും അനുബന്ധ നിയമങ്ങളുടെയും ഭേദഗതി**<br>ടി.കെ. സുജിത്ത് | 38 |
| | **സാമൂഹ്യ നീതി** | |
| 13. | **സാമൂഹ്യനീതി**<br>കെ.എം. ഉഷ | 39 |
| 14. | **സാമൂഹ്യനീതി**<br>മിനി സുകുമാർ | 40 |
| 15. | **Community-Centered Approach to Assistive Device Availability: A Participatory Model**<br>C. Chandrababu, Vidhupriya K K | 42 |
| 16. | **സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രാദേശിക ഭരണം**<br>കെ.ബി. മദൻ മോഹൻ | 43 |
| 17. | **Evaluating Kerala's Local Self-Government Policies for Transgender Inclusion: Gaps, Challenges, and the Path Forward**<br>Dr Anishia Jayadev, Rajathi Johnson & Jayalakshmi | 44 |
| | **തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും** | |
| 18. | **പ്രാദേശിക വികസനവും തൊഴിലും**<br>രവിരാമൻ | 45 |
| 19. | **പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലും**<br>ഡോ. ശ്രീകല. പി. എസ് | 45 |
| 20. | **തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും**<br>എൻ.പി. ബാബു | 47 |
| 21. | **പ്രാദേശിക സാമ്പത്തിക വികസനം**<br>പി. രജനി | 48 |
| 22. | **തൊഴിലും പ്രാദേശിക വികസനവും**<br>ബിന്ദു വി.സി. | 49 |
| 23. | **പ്രാദേശിക വികസനത്തിൽ നൈപുണ്യത്തെ ഉൾച്ചേർക്കേണ്ടതിന്റെ പ്രാധാന്യം**<br>അജിത് കുമാർ ആർ. | 50 |
| | **കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണവും** | |
| 24. | **ദുരന്ത നിവാരണ- കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങൾ കേരളത്തിൽ**<br>നേഹ മെറിയം കുരിയൻ | 51 |
| 25. | **Adapting to Climate Change and Management of Disasters: Local Level Spatial Planning Matters**<br>Srikumar Chattopadhyay | 53 |
| 26. | **കാലാവസ്ഥാവ്യതിയാനം: ഇടപെടൽ സാദ്ധ്യതകൾ**<br>ഡോ. മോനിഷ് ജോസ് | 57 |

| | | |
|---|---|---|
| | **ആസൂത്രണ, അംഗീകാര, നിർവഹണ നടപടിക്രമങ്ങൾ** | |
| 27. | **കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആസൂത്രണം, അംഗീകാരം, നിർവ്വഹണം**<br>കെ.കെ. രാജീവൻ | 59 |
| 28. | **പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ**<br>കണ്ണൻ നായർ | 61 |
| 29. | **പദ്ധതി ആസൂത്രണം, പരിശോധന, അംഗീകാരം, നിർവഹണം, മോണിട്ടറിംഗ്**<br>സനൽ എസ്.ആർ. | 62 |
| | **ജില്ല ആസൂത്രണ സമിതിയും ഇതര സംവിധാനങ്ങളും** | |
| 30. | **ജില്ല ആസൂത്രണ സമിതി ഇതര സംവിധാനങ്ങൾ**<br>ബേബി ബാലകൃഷ്ണൻ | 66 |
| 31. | **ആസൂത്രണ സമിതി**<br>കെ. സുരേഷ് | 66 |
| 32. | **ജില്ലാ ആസൂത്രണ സമിതിയും മെട്രോപൊളിറ്റൻ ആസൂത്രണ സമിതിയും**<br>പി.കെ. രവീന്ദ്രൻ | 67 |
| 33. | **തദ്ദേശ ഭരണ സംവിധാനങ്ങൾ - സമീപനരേഖ**<br>പി. വി. പത്മനാഭൻ | 68 |
| 34. | **ആസൂത്രണ നിർവഹണ നടപടിക്രമങ്ങൾ**<br>പി.പി. ഉദയ സിംഹൻ | 69 |
| 35. | **തദ്ദേശ ഭരണ സംവിധാനങ്ങൾ - സമീപനരേഖ**<br>ഡോ. ശ്രീകുമാർ ടി.എൽ. | 70 |
| | **കുടുംബശ്രീ** | |
| 36. | **കുടുംബശ്രീയും കേരളവും**<br>ശ്രീ. എൻ. ജഗജീവൻ | 71 |
| 37. | **Kudumbashree: The Cost versus Access to Finance**<br>Lekha Chakraborty | 75 |
| 38. | **നഗരമേഖലയിലെ കുടുംബശ്രീയും സ്ത്രീകളുടെ പൊതു സാമൂഹ്യ ഇടങ്ങളും**<br>ബീന ആനമങ്ങാട് | 76 |
| 39. | **ഭാവിയിലെ കുടുംബശ്രീ**<br>ഹേമലത സി.കെ. | 78 |
| | **ലിംഗനീതിയും സ്ത്രീ ശാക്തീകരണവും** | |
| 40. | **ലിംഗനീതിയും പ്രാദേശിക ഭരണവും**<br>ജോസഫൈൻ ജെ. | 79 |
| 41. | **അധികാര വികേന്ദ്രീകരണവും ലിംഗ നീതിക്കായുള്ള പ്രവർത്തനങ്ങളും- സാധ്യതകളും പരിമിതികളും**<br>മല്ലിക കെ.എം. | 81 |
| 42. | **രാഷ്ട്രീയ പ്രക്രിയയിലെ സ്ത്രീ - ക്വിയർ ഇടപെടലുകൾ: സ്ത്രീകളുടെ ഭരണ പങ്കാളിത്തവും കുടുംബശ്രീ പ്രസ്ഥാനവും മുൻനിർത്തി ഒരന്വേഷണം**<br>ഡോ. ആരതി പി.എം. | 83 |
| 43. | **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ക്വിയർ രാഷ്ട്രീയവും**<br>അനഘ് | 84 |

| | | |
|---|---|---|
| 44. | **ലിംഗ പദവി പ്രശ്നങ്ങൾ- പ്രാദേശികഭരണത്തിന്റെ സാദ്ധ്യതകളും പരിമിതികളും**<br>ഡോ. അമൃത കെ.പി.എൻ. | 85 |
| | **മാലിന്യ നിർമാർജനം** | |
| 45. | **മാലിന്യ നിർമാർജനം**<br>എൻ.സി. നാരായണൻ | 86 |
| 46. | **മാലിന്യമുക്ത നവകേരളത്തിന് വേണം അടിസ്ഥാന സൗകര്യങ്ങളും ദീർഘവീക്ഷണമുള്ള നയങ്ങളും**<br>ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്. | 87 |
| 47. | **മാലിന്യമുക്തം നവകേരളം - സമ്പൂർണതയും സുസ്ഥിരതയും ഉറപ്പാക്കാൻ**<br>എൻ. ജഗജീവൻ | 88 |
| | **തദ്ദേശഭരണസ്ഥാപനങ്ങളുടെ സാമ്പത്തികരംഗം** | |
| 48. | **വിഭവസമാഹരണം, ധനവിനിയോഗം, ധനമാനേജ്മെന്റ്**<br>കെ.ആർ. ജയകുമാർ | 94 |
| 49. | **Own Source Revenue Mobilisation in Panchayati Raj Institutions: A Comparative Analysis of Urban Local Bodies in Kerala and Karnataka**<br>Hari Kurup K.K. | 96 |
| 50. | **Revitalizing Local Government Revenue: Some Proposals**<br>Nirmal Roy V.P. & Sumalatha B.S. | 97 |
| 51. | **From Fiscal Constraints to Growth: Municipal Bonds for Financing Urban Development in Kerala**<br>Anoop S. Kumar | 98 |
| | **സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ** | |
| 52. | **സംയോജിത തദ്ദേശസ്വയംഭരണ വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ**<br>വി. വിജുമോഹൻ | 99 |
| 53. | **ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്**<br>സുനിൽ സി.പി. | 100 |
| 54. | **അധികാര വികേന്ദ്രീകരണവും തദ്ദേശ ഭരണവും സദ്ഭരണം, അഴിമതിരഹിത തദ്ദേശഭരണം, സാമൂഹ്യ ഓഡിറ്റ് സദ്ഭരണവും മനോഭാവമാറ്റവും**<br>ഡോ. സി. രാമകൃഷ്ണൻ | 101 |
| 55. | **സംയോജിത തദ്ദേശസ്വയംഭരണ വകുപ്പ് അനുബന്ധ സ്ഥാപനങ്ങൾ**<br>കെ.എൻ. വിമൽകുമാർ | 104 |
| | **ഇ-ഗവെർണൻസ്, പ്രാദേശിക വിവര സഞ്ചിക** | |
| 56. | **IT, E- Governance and Data for Decentralized Development in Kerala: Where we are and where we go?**<br>Prof K J Joseph, Prof Jiju P Alex, Dr P V Unnikrishnan, Dr Sreekumar TL, Sri Subhash Chandran, Sri E P Ratnakaran and Sri Ratnakaran T V | 106 |
| 57. | **ഐടി- ഇഗവേണൻസ്**<br>പി.വി. രാജേഷ് | 108 |
| 58. | **പ്രാദേശിക വിവരസഞ്ചികയും സുസ്ഥിര വികസന ലക്ഷ്യങ്ങളും**<br>സുകന്യ കെ.യു. | 109 |
| 59. | **അധികാരവികേന്ദ്രീകരണവും ഇ-ഗവേണൻസും**<br>എം. സുരേശൻ | 111 |

| | | |
|---|---|---|
| | **കാര്യശേഷി വികസനം** | |
| 60. | **അധികാര വികേന്ദ്രീകരണവും കാര്യശേഷി വികസന പ്രവർത്തനങ്ങളും**<br>ഡോ. പി.പി. ബാലൻ | 112 |
| 61. | **കാര്യശേഷി വികസനം**<br>പ്രൊഫ. ഒലീന എ.ജി. | 113 |
| 62. | **കാര്യശേഷി വികസനം**<br>പി.ജി. സൈറസ് | 116 |
| 63. | **നവകേരളത്തിനായുള്ള പ്രാദേശിക കാര്യശേഷി**<br>സുകന്യ കെ.യു. | 118 |
| 64. | **അധികാരവികേന്ദ്രീകരണത്തിലെ പ്രധാന സംഘടനാ രൂപങ്ങൾ**<br>എ. ശ്രീധരൻ | 120 |
| 65. | **കാര്യശേഷി വികസനം: ഒരു പുതു സമീപനം**<br>കാർത്തിക് ഗോപാൽ ചേതനാത്ത് | 123 |
| | **സദ്ഭരണം** | |
| 66. | **അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവും:**<br>**സദ്ഭരണം, അഴിമതി രഹിത തദ്ദേശഭരണം, സാമൂഹ്യ ഓഡിറ്റ്**<br>ഡോ. രമാകാന്തൻ എൻ. | 124 |
| 67. | **അഴിമതി രഹിത തദ്ദേശഭരണ സ്ഥാപനങ്ങൾ**<br>എ.വി. ലേജു | 128 |
| 68. | **ജനാധിപത്യ ശാക്തീകരണത്തിന് പ്രാദേശികസദ്ഭരണ മാതൃക**<br>ഡോ. സി. ഉണ്ണികൃഷ്ണൻ | 129 |
| 69. | **ക്രിയാത്മകമായി പ്രതികരിക്കുന്നതിന് ജനസൗഹൃദ ഭരണ സംവിധാനം ശക്തിപ്പെടു ത്തൽ; അറിയാനുള്ള അവകാശം മുതൽ സ്ഥിരം അദാലത്ത് സംവിധാനം വരെ**<br>വിനോദ് കുമാർ കൊടക്കൽ | 130 |
| | **നൂതനാശയങ്ങളും പുത്തൻ സാങ്കേതിക വിദ്യകളും** | |
| 70. | **ഇന്നൊവേഷൻ - തദേശസ്വയംഭരണ സ്ഥാപന പശ്ചാത്തലത്തിൽ**<br>ഡോ. ഉണ്ണികൃഷ്ണൻ പി. വി | 131 |
| 71. | **നൂതനാശയങ്ങളും പുത്തൻ സാങ്കേതിക വിദ്യകളും**<br>പി.പി. സനിൽ | 133 |
| 72. | **ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്റർ - പ്രവർത്തന സാധ്യതകൾ**<br>ഡോ. രാജേഷ് കെ. | 134 |
| 73. | **വെള്ളപ്പൊക്കവും കക്കൂസ് മാലിന്യ സംസ്കരണവും**<br>രോഹിത് ജോസഫ് | 137 |
| 74. | **തദ്ദേശ സ്ഥാപനങ്ങളിലെ വികസന ഡോക്യുമെന്റേഷനും**<br>**പൊതുജന സമ്പർക്കവും അവതരിപ്പിക്കാനൊരു കേരള മോഡൽ**<br>പി.വി. ഷെബി | 138 |
| 75. | **കെ-ഡിസ്ക് STRIDE (Social Technology & Research for**<br>**Inclusive Design Excellence) പദ്ധതി**<br>Robin Tomi | 140 |
| 76. | **നൂതനാശയ നിർമ്മിതിക്ക് ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയുടെ പ്രയോഗവത്കരണം**<br>ദീപ പി. ഗോപിനാഥ് | 140 |

| | | |
|---|---|---|
| **പട്ടിക ജാതി പട്ടിക വർഗ വികസനം** | | |
| 77. | **പട്ടികജാതി പട്ടികവർഗ വികസനം**<br>ശിവകുമാർ | 141 |
| 78. | **Impact of Decentralized Planning on Development– Experience of the SC and ST marginalized Sections**<br>Prof. Sivanandan Patina Jathi | 147 |
| 79. | **പട്ടികജാതി-വർഗ വികസനവും ഉൽപ്പാദന മേഖലയിലെ ധനവിനിയോഗവും: ഒരു വിശകലനം**<br>ഡോ. യു.പി.അനിൽ | 148 |
| | | |
| 80. | **കുടുംബശ്രീ**<br>അഡ്വ.പി ശാരുതി | 149 |
| 81. | **കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിൽ മിഷൻസംവിധാനത്തിന്റെ ഇടപെടൽ- നിലവിലെ അവസ്ഥ,വെല്ലുവിളികൾ,സാധ്യതകൾ**<br>ശ്യാം കുമാർ കെ യു | 150 |
| 82. | **ദുരന്ത നിവാരണ- കാലാവസ്ഥാ വ്യതിയാനപ്രവർത്തനങ്ങൾ കേരളത്തിൽ**<br>ശ്രീകുമാർ | 151 |
| 83. | **Financial Autonomy and Local Self-Government Institutions: Trend and Pattern of Revenue Mobilisation of LSGIs in Kerala**<br>S.Mohanakumar | 153 |
| 84. | **നവകേരള സൃഷ്ടിയിൽ ജനകീയാസൂത്രണത്തിന്റെ പങ്ക്**<br>Krishnan T M | 155 |
| 85. | **മാലിന്യ സംസ്കരണം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിതകർമ്മ സേനയും ഒരു മാറ്റത്തിലേക്കുള്ള ചുവടുവെപ്പ്**<br>ശിവജിത്ത് | 158 |
| 86. | **കാനമ്പുഴ: അതിജീവനത്തിന്റെ കേരള മാതൃക**<br>എൻ. ചന്ദ്രൻ, ടി. പി. സുധാകരൻ | 159 |
| 87. | **Disability: Shifting Toward a Rights-Based Framework**<br>Muralidharan | 161 |
| 88. | **കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം**<br>V V Sajeevan | 161 |
| 89. | **മാലിന്യമുക്ത കേരളം: സമ്പൂർണതയിലേക്കുള്ള സുസ്ഥിര പാതഹരിത സംരംഭങ്ങളിലൂടെ**<br>Somasekaran | 163 |
| 90. | **സാമൂഹ്യനീതി**<br>Ambili Soman | 166 |
| 91. | **പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ പദ്ധതിയും**<br>Jos Chathukulam & Shaji George | 167 |
| 92. | **സാമൂഹ്യനീതി: കെയർ എന്റർപ്രണർഷിപ്പ്**<br>കെ.മൊയ്തീൻകുട്ടി | 170 |
| 93. | **സംയോജിത തദ്ദേശസ്വയംഭരണ വകുപ്പും ഉദ്യോഗസ്ഥരും**<br>Jos Chathukulam & Shaji George | 171 |

# പഞ്ചായത്ത്/അനുബന്ധ നിയമ പരിഷ്കരണം

## 1

## നവകേരള സൃഷ്ടിയിൽ ജനകീയാസൂത്രണത്തിന്റെ പങ്ക്

ബി.പി. മുരളി

കേരളത്തിലെ അധികാരഘടനയിൽ ഭൂപരിഷ്കരണം പോലെ അടിസ്ഥാനപരമായ മാറ്റം അധികാരവികേന്ദ്രീകരണം സൃഷ്ടിച്ചിട്ടുണ്ട്. അതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചരിത്രപരമായ ഒരു തീരുമാനമെടുത്തു. ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തയ്യാറായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു രണ്ടുലക്ഷം രൂപ ഗ്രാന്റായി പദ്ധതിയിൽ നിന്നും കിട്ടിയ സ്ഥാനത്തായിരുന്നു വിപ്ലവകരമായ ഈ വിഭവ കൈമാറ്റം. 50 മുതൽ 75 ലക്ഷം രൂപ വരെയാണ് ഈ തിരുമാനം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായത്. ഇന്നത് കോടികളാണ്. ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം 15205.5 കോടിയിൽ നിന്ന് 15980.49 കോടിയായി ഉയർത്തുമെന്ന് ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന ബജറ്റിന്റെ 28 ശതമാനം തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതമായി കൈമാറിക്കൊണ്ട്, കേരളം അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കഴിഞ്ഞു.

ഇത്രയും വലിയ തുക കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പരിശീലനമോ പരിചയമോ ഉദ്യോഗസ്ഥ പിന്തുണയോ വൈദഗ്ധ്യമോ, ചട്ടങ്ങൾപോലുമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല. അതിനായി അഞ്ച് പതിറ്റാണ്ട് നിലനിന്നുവന്ന ഡിപ്പാർട്ട്മെന്റ് സംവിധാനത്തെ പൊളിച്ചുപണിതു. അതായിരുന്നു അന്നത്തെ സർക്കാരിന്റെ മുന്നിലെ ആദ്യവെല്ലുവിളി.

വിദഗ്ധരെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും ബഹുജനങ്ങളെയും അണിനിരത്തി തദ്ദേശഭരണ ജനപ്രതിനിധികളെ പുതിയ ചുമതലകൾ ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനംം ആവിഷ്കരിച്ചത്. ജനപങ്കാളിത്തവും സുതാര്യതയും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്ന ഒരു ആസൂത്രണ പ്രക്രിയയായിരുന്നു ഇത്. ജനകീയാസൂത്രണ പദ്ധതി തയ്യാറാക്കി, അതു ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കി, ഒപ്പം അധികാരവികേന്ദ്രീകരണത്തിന് അനിവാര്യമായ രാഷ്ട്രീയഇച്ഛയും സംസ്ഥാനത്തു സൃഷ്ടിച്ചു.

കാൽനൂറ്റാണ്ട് പിന്നിടുമ്പോഴും ഈ ആസൂത്രണ തത്വങ്ങൾക്ക് അടിസ്ഥാനപരമായ ഒരു മാറ്റവും ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണത്തിനുള്ള ശേഷി ഗണ്യമായി ഉയർന്നെങ്കിലും ജനപങ്കാളിത്തം ശുഷ്കിച്ചു. അഴിമതിയും ബ്യൂറോക്രാറ്റിക് ശാഠ്യങ്ങളും സംയോജനമില്ലായ്മയും പലേടത്തും വർദ്ധിക്കുകയാണ്. ഈ പരിമിതികളുണ്ടെങ്കിലും മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഒട്ടേറെ പഞ്ചായത്തുകളും നഗരസഭകളും മറുവശത്തുണ്ട്. അവരിലൂടെയാണ് അധികാര വികേന്ദ്രീകരണ റാങ്കിംങിൽ ജനകീയാസൂത്രണം മുതൽ ഇന്നുവരെ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ വികസനമേഖലകളിൽ കഴിഞ്ഞ 25 വർഷക്കാലത്തിനിടയിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അസൂയാവഹമായ മുന്നേറ്റമാണ് ഉണ്ടായത്.

റോഡ്, പാർപ്പിടം, വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയ ആസ്തികൾ ഗുണനിലവാരം ഉറപ്പുവരുത്തി നിർമ്മിക്കുന്നതിൽ ജനകീയാസൂത്രണം വലിയ പങ്കു വഹിച്ചിട്ടുണ്ട്. റോഡുകളുടെ ദൈർഘ്യം ഇരട്ടിയിലേറെയായി. 20 ലക്ഷം വീടുകൾ നിർമ്മിച്ചു. കുടിവെള്ളവും വൈദ്യുതിയും കക്കൂസും എത്തിയ വീടുകളുടെ എണ്ണമെടുത്താൽ കേരളം ദേശീയ ശരാശരിയെക്കാൾ എത്രയോ മേലെയാണ്. ജനകീയാസൂത്രണം സൃഷ്ടിച്ച അത്ഭുതകരമായ മാറ്റമാണിത്..

90-കളിൽ തകർച്ചയുടെ നെല്ലിപ്പലകയിലെത്തിയ ആരോഗ്യമേഖല അഭിമാനകരമായ ഉയർത്തെഴുന്നേൽപ്പാണ് നടത്തിയത്. അന്നുവരെ കേരളത്തിലെ കുടുംബങ്ങളുടെ 28 ശതമാനമേ പൊതു ആരോഗ്യ സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നുള്ളൂ. ആരോഗ്യ ചെലവ് ദുർവഹമായി വളർന്ന കാലം. പല ആരോഗ്യ സൂചികകളും മോശപ്പെട്ടു തുടങ്ങി. ജനകീയാസൂത്രണം ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു ആരോഗ്യസംവിധാനങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തതോടെ സ്ഥിതി അടിമുടി മാറി. അടിസ്ഥാനസൗകര്യങ്ങൾ ആധുനിക നിലവാരത്തിലായി. ഇതോടെ പൊതു ആരോഗ്യ സംവിധാനങ്ങളെ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം കൂടി. കേന്ദ്രസർക്കാരിന്റെ കണക്കു പ്രകാരം 2015-ൽ ഇത് 34 ശതമാനമായും 2018 ൽ 48 ശതമാനമായും ഉയർന്നു. ശിശുമരണ നിരക്ക് 7 ശതമാനമായി താഴ്ന്നു. കോവിഡു കാലത്ത് നമ്മുടെ കീഴ്ത്തട്ട്

ആരോഗ്യ മേഖലയുടെ കരുത്ത് നമ്മൾ അനുഭവിച്ചറിഞ്ഞു.

പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ എണ്ണത്തിൽ വിസ്മയകരമായ വർദ്ധനയുണ്ടായി. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ 100-ൽ 76.6 മാർക്കോടുകൂടി കേരളം ഒന്നാം സ്ഥാനത്താണ്.

ഇന്ത്യയിൽ ഏറ്റവും വേഗതയിൽ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചിക പ്രകാരം കേരളത്തിൽ ദരിദ്രരുടെ ശതമാനം 0.75 ശതമാനം മാത്രമാണ്.

### നവകേരള സൃഷ്ടിയും അധികാരവികേന്ദ്രീകരണവും

ജനകീയാസൂത്രണം 25 വർഷം പിന്നിടുമ്പോൾ കേരളം പുതിയൊരു ലക്ഷ്യത്തിലേക്ക് ചുവടുവയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പശ്ചാത്തലസൗകര്യങ്ങൾ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തണം. അങ്ങനെ കേരളത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാകണം. ഈ ലക്ഷ്യം നേടാൻ അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാകണം.

കേരളത്തിലെ കൃഷി, അനുബന്ധമേഖലകൾ, ചെറുകിട വ്യവസായങ്ങൾ എന്നിവിടങ്ങളിലെ തൊഴിലവസരങ്ങളും ഉൽപ്പാദനക്ഷമതയും ഉയർത്താൻ എന്താണ് വഴി? ചെറുകിട ഉൽപ്പാദകരുടെ കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ പ്രാദേശികതല ആസൂത്രണമാണു മാർഗ്ഗം. കൃഷിയും അനുബന്ധ മേഖലകളും കോർപറേറ്റുകളുടെ കൈയിൽ അമരുകയാണ്. അവിടെ നാം ബദലൊരുക്കണം. വികേന്ദ്രീകൃതാസൂത്രണവും ജനകീയ കൂട്ടായ്മകളുമാണ് നമ്മുടെ മാർഗം. അതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകളെ മെച്ചപ്പെടുത്തുന്നതിനും ജനപങ്കാളിത്തത്തോടെയുള്ള സാമൂഹ്യ ഇടപെടലുകൾ ശക്തിപ്പെടണം.

വികേന്ദ്രീകൃത പാതയിലൂടെ ഇനിയും മുന്നോട്ടു പോകാനുള്ള ഊർജം ഇതുവരെ ഉണ്ടായ നേട്ടങ്ങൾ നമുക്കു നൽകുന്നുണ്ട്. വികേന്ദ്രീകരണം നമ്മുടെ ജനജീവിതത്തെ കൂടുതൽ ജനായത്തപരമാക്കും. പ്രാദേശിക വികസനത്തിൽ ഇടപെടുന്നതിനുള്ള ജനാധിപത്യ സൗകര്യങ്ങൾ വിപുലമാകും. ഇതിന് ഇന്ന് അധികാരവികേന്ദ്രീകരണത്തിനുള്ള ദൗർബല്യങ്ങൾ പരിഹരിക്കേണ്ടത് പ്രധാനമാണ്.

### എന്തൊക്കെയാണ് നമ്മുടെ ദൗർബല്യങ്ങൾ ?

- **അഴിമതി:** മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത സമ്പത്താണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. അതു ചെലവഴിക്കാനും മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത സ്വാതന്ത്ര്യവുമുണ്ട്. ഇതു ജനോപകാരപ്രദമായ രീതിയിൽ അഴിമതിരഹിതമായി ഉപയോഗപ്പെടുത്തിയേ മതിയാകൂ. അതിന് ജനകീയജാഗ്രത നിതാന്തമാകണം.. സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി പ്രാവർത്തികമാക്കണം.
- **കേന്ദ്രീകരിക്കപ്പെടുന്ന അധികാരം:** അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്തയെ ചോദ്യം ചെയ്യുന്ന തരത്തിലുള് സമീപനങ്ങൾക്കെതിരെ കർശനമായ ജാഗ്രതയുണ്ടാകണം. പദ്ധതി നടത്തിപ്പിൽ കൂടുതൽ സ്വാതന്ത്ര്യവും സ്വയംപര്യാപ്തതയുമാണ് അധികാരവികേന്ദ്രീകരണം ലക്ഷ്യമിടുന്നത്. വീണ്ടും നമുക്ക് ചുവപ്പുനാടയുടെ കുരുക്കിലേക്ക് മടങ്ങാനാവില്ല.
- **ശുഷ്കമാകുന്ന ജനപങ്കാളിത്തം:** അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ശോഷിക്കുകയാണ്. ഗ്രാമസഭകളുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റെസിഡൻസ് അസോസിയേഷനുകളെയും വളർത്തിയെടുക്കുന്നതിൽ ഇനിയും മുന്നോറ്റുപോകണം. സ്കൂൾ പിറ്റിഎ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഗുണഭോക്തൃസമിതികൾ, കർമ്മസമിതികൾ, മോണിറ്ററിംഗ് സമിതികൾ, അയൽക്കൂട്ടങ്ങൾ തുടങ്ങി ഒട്ടേറെ സൂക്ഷ്മതലവേദികൾ ഉണ്ടെങ്കിലും വികസനപ്രക്രിയയിൽ ഇവരുടെ പങ്കാളിത്തം നാം ലക്ഷ്യമിട്ടതുപോലെ ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. ഈ പരിമിതി പരിഹരിക്കണം.
- **ഉൽപ്പാദനമേഖലകൾ:** ഉൽപ്പാദനമേഖലകളിൽ വേണ്ടത്ര മുന്നേറാനായിട്ടില്ല. സുഭിക്ഷകേരളം പദ്ധതി പച്ചക്കറി ഉൽപ്പാദനത്തിലും തരിശുരഹിത പഞ്ചായത്ത് നെല്ലുൽപാദനത്തിലും ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അതുപോര. പ്രാദേശിക സമ്പദ്വ്യവസ്ഥയിൽ കുതിപ്പുണ്ടാക്കാൻ പാകത്തിന് ഉൽപാദനമേഖലകളെ മാറ്റിയെടുക്കണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ചെറുകിട വ്യവസായങ്ങളുടെ കേന്ദ്രമാക്കണം.
- **പട്ടികവിഭാഗങ്ങൾ:** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ അടക്കമുള്ള ദുർബലവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ പറയത്തക്ക മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനത്തെ അഭിമുഖീകരിക്കാതെ മുന്നോട്ടു പോകാനാവില്ല. അതിദാരിദ്ര്യം ഒഴിവാക്കാനുള്ള ബൃഹത്തായ പരിപാടി ഈ പോരായ്മ പരിഹരിക്കാൻ ഉപയോഗപ്പെടുത്തണം. പദ്ധതി രൂപീകരണത്തിന്റെ ഘട്ടത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ദുർബലവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്താൻ അനുയോജ്യമായ പ്രൊജക്റ്റുകൾ തയ്യാറാക്കുകയും ഉൾക്കൊള്ളിക്കുകയും നടപ്പാക്കുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തണം. ഇക്കാര്യത്തിൽ ഒരു അലംഭാവവും പാടില്ല.
- **സ്ത്രീ ശാക്തീകരണം:** ഇന്നു രാജ്യത്തുള്ള മൈക്രോ ഫിനാൻസ് സംവിധാനങ്ങൾക്കു ബദലാണ് കുടുംബശ്രീ. ജാതി-മതഭേദമന്യേയും രാഷ്ട്രീയ വ്യ

ത്യാസങ്ങൾക്ക് അതീതമായും എല്ലാ കുടുംബങ്ങളും അടങ്ങുന്ന സംവിധാനമാണ് ഈ പ്രസ്ഥാനം. ആ സ്വതന്ത്ര സ്വഭാവം നിലനിർത്തുമ്പോൾ തന്നെ കുടുംബശ്രീ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി ഇരട്ട മെമ്പർഷിപ്പാണ്. മറ്റു സമാന്തര സ്വയംസഹായ സംഘങ്ങളിലും അംഗത്വമെടുക്കുന്നതിന്റെ ഫലമായി കടക്കെണിയിൽ ഉൾപ്പെടാം. അതുപോലെതന്നെ കുടുംബശ്രീയിലെ യുവതികളുടെ പ്രാതിനിധ്യം കുറവാണ്. ഇതിനാണ് ഓക്സിലറി ഗ്രൂപ്പുകൾ. നിലവിലുള്ള ഒന്നോ രണ്ടോ മൂന്നോ കുടുംബശ്രീ യൂണിറ്റുകളുടെ അനുബന്ധങ്ങളായി ഓക്സിലറി ഗ്രൂപ്പുകൾ വിപുലമാക്കണം.

- **സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ:** സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് നമ്മുടെ നാടിന് നാണക്കേടാണ്. ഇതിനുള്ള ഫലപ്രദമായ പരിഹാരം കണ്ടേ തീരൂ. ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കാനുള്ള ബോധവൽക്കരണവും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകണം. വനിതാ ഘടകപദ്ധതിയുടെ അടിസ്ഥാനലക്ഷ്യം ഇതാവണം.
- **ദുരന്തനിവാരണം:** പ്രളയം, കോവിഡ് കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ നിസ്തുലമായ സേവനങ്ങളാണ് നൽകിയത്. ഇങ്ങനെ ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുള്ള ഇടപെടൽ കഴിവ് ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിന് പ്രധാനപ്പെട്ട ഒരു ഉപാധിയാണ് പ്രാദേശിക ദുരന്തനിവാരണ മാനേജ്മെന്റ് പ്ലാൻ.
- **വയോജനങ്ങൾ:** വയോജന അയൽക്കൂട്ടങ്ങൾ, വയോക്ലബ്ബുകൾ, വയോജന സാങ്കേതികസേന, പാലിയേറ്റീവ് കെയർ തുടങ്ങി സമഗ്രമായ പരിപാടി നടപ്പിലാക്കുന്നതിനു മുൻകൈയെടുക്കണം. ഇതോടൊപ്പം ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള കരുതലും ശക്തിപ്പെടുത്തണം.

## നവകേരള സൃഷ്ടിയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്ക്

കേരളത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളാണ് നിലവിലുള്ളത്. എന്നാൽ പ്രാദേശിക സർക്കാർ എന്ന നിലയിൽ വളരാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതേവരെ കഴിഞ്ഞിട്ടില്ല. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ രണ്ടാം തലമെന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിലവിൽ നിർവചിക്കപ്പെട്ട ചുമതലകളും അധികാരങ്ങളും, പ്രാദേശിക സർക്കാർ എന്ന നിലയിലേക്ക് ഉയർന്നു പ്രവർത്തിക്കാൻ പര്യാപ്തമല്ല. ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതരവുമായ സാങ്കേതിക വൈദഗ്ധ്യം ശേഖരിക്കുക, ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സേവനങ്ങൾ നൽകുക, ഇരട്ടിക്കൽ (ഡ്യൂപ്ലിക്കേഷൻ) ഒഴിവാക്കാൻ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളായി നിലവിൽ നിർവചിക്കപ്പെട്ടിരിക്കുന്നത്. മേഖല തിരിച്ചുള്ള ചുമതലകളിലും, ബ്ലോക്ക് പഞ്ചായത്തിന് ഉപദേശകസമിതിക്കു സമാനമായ പങ്കേ നിലവിൽ നിർവഹിക്കാനുള്ളൂ.

സ്വന്തമായി ഭരണസമിതിയും ഉദ്യോഗസ്ഥ സംവിധാനവുമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ശേഷിക്കൊത്ത പ്രവർത്തനം സാധ്യമാകണമെങ്കിൽ, പഞ്ചായത്ത് നിയമം കൂടുതൽ കാലാനുസൃതമായി പരിഷ്കരിക്കപ്പെടണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന വികസനപദ്ധതികളുടെ ആസൂത്രണവും നിർവഹണവും പൂർണമായും അതത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറണം. നിലവിൽ എൽപി, യുപി സ്കൂളുകളുടെ മേൽനോട്ടച്ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ജില്ലാ പഞ്ചായത്തുകൾക്കും. യഥാർത്ഥത്തിൽ ഈ ചുമതല ബ്ലോക്ക് പഞ്ചായത്തുകളാണ് നിർവഹിക്കേണ്ടത്. ഫണ്ട് വിനിയോഗവും പ്രവർത്തനമേൽനോട്ടവും ഫലപ്രദമായി നിർവഹിക്കുന്നത് ഈ അധികാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറുന്നതാണ് പ്രായോഗികം. ബ്ലോക്ക്തല പ്രാദേശിക ഭരണകൂടം എന്ന നിലയിലേക്ക് ബ്ലോക്ക് പഞ്ചായത്തുകളെ ഉയർത്താൻ ആവശ്യമായ അധികാരവും സാമ്പത്തികവിഭവ കൈമാറ്റവും ഉറപ്പാക്കുന്നതിനാവശ്യമായ നിയമഭേദഗതി പഞ്ചായത്ത് രാജ് നിയമത്തിൽ ഉണ്ടാകേണ്ട സമയം വൈകി.

ജനകീയാസൂത്രണം തുടങ്ങിയ കാലത്ത് വിഭാവനം ചെയ്ത നിലയിലേക്കു കേരളം മാറിയിട്ടില്ല എന്നത് വസ്തുതയാണ്. തിരുത്തേണ്ട ഒട്ടേറെ ദൗർബല്യങ്ങൾ ഇനിയുമുണ്ട്. അത് സ്വാഭാവികവുമാണ്. ജനകീയാസൂത്രണം അതിവിപുലമായ ജനപങ്കാളിത്തത്തിന്റെ മഹാവിസ്ഫോടനമായിട്ടാണ് തുടങ്ങിയതെങ്കിലും അനിവാര്യമായി ദൗർബല്യങ്ങൾ സ്വാഭാവികമാണ്. അവ തിരുത്തി നമുക്കിനിയും മുന്നേറാനുണ്ട്. ബാലാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന, സ്ത്രീനീതിയും തുല്യതയും ഉറപ്പുവരുത്തുന്ന, മതസ്പർദ്ധയും വിദ്വേഷവുമില്ലാത്ത ഒരു ആധുനിക സമൂഹമായി കേരളം മാറണം. അതിന് വികസനാസൂത്രണപ്രക്രിയയിൽ താഴേത്തട്ടിലുള്ള ജനപങ്കാളിത്തം അതിവിപുലമാകണം. നമ്മുടെ മാനസികാവസ്ഥയിൽത്തന്നെ വലിയമാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**2**

# നിയമഭേദഗതി - കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും

മുഖ്യ അവതരണം – ശ്രീ. ഓമല്ലൂർ ശങ്കരൻ

കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തെ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും നൽകിയ അനുഭവങ്ങളുടെയും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു ഭരണസംവിധാനത്തിന്റെ ഭാഗമായി നിർവ്വഹിക്കുന്ന ചുമതലകളുടെയും പശ്ചാത്തലത്തിൽ, കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടങ്ങളിലും അനുബന്ധ നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ കൊണ്ടുവരികയും കാലാനുസൃതമാക്കുകയും ചെയ്യുക.

നിലവിലെ അവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ഉപരിയായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചുമതലയേൽപ്പിക്കുന്ന ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാനം, സാമ്പത്തിക വികസനം, നൈപുണ്യ വികസനം, വൈജ്ഞാനിക സമൂഹസൃഷ്ടി മുതലായ പുതുതലമുറ വെല്ലുവിളികൾ കൂടി ഏറ്റെടുക്കുകയും പരിഹരിക്കുകയും ചെയ്യേണ്ടതായി വരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിന് സാധ്യമാകുന്ന രീതിയിലുള്ള ഭേദഗതികൾ ആവശ്യമാണെന്നും കാണുന്നു.

Ease of doing business ന്റെ പശ്ചാത്തലത്തിൽ licensing, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ സമഗ്ര ഭേദഗതികൾ കൊണ്ടുവരിക. (മുനിസിപ്പൽ നിയമത്തിലെ ഭേദഗതികളെ മാതൃകയാക്കാവുന്നതാണ്.)

കഴിഞ്ഞ കാലങ്ങളിൽ, ചട്ടങ്ങളിൽ നിന്നും വിഭിന്നമായി പുറപ്പെടുവിച്ചിട്ടുള്ള നിരവധിയായ സർക്കാർ ഉത്തരവുകൾക്കനുസൃതമായി ആവശ്യമായ ചട്ട ഭേദഗതികൾ നടപ്പിലാക്കുക.

വകുപ്പ് സംയോജനത്തിന്റെ പശ്ചാത്തലത്തിൽ ഉദ്യോഗസ്ഥർ നഗര, ഗ്രാമ തദ്ദേശ സ്ഥാപനങ്ങളിൽ മാറിമാറി ജോലി ചെയ്യുന്ന സാഹചര്യം കൂടി പരിഗണിച്ചുകൊണ്ട് കേരള മുനിസിപ്പൽ നിയമങ്ങളിലെയും കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെയും പരമാവധി വകുപ്പുകൾ സമാന രീതിയിലുള്ളതായി ഭേദഗതി ചെയ്ത് ക്രമീകരിക്കുക.

വിട്ടു കിട്ടിയ ഘടക സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തമാക്കുന്നതിനാവശ്യമായ രീതിയിൽ നിയമ ഭേദഗതികൾ നടപ്പിൽ വരുത്തുക.

ജനകീയാസൂത്രണത്തിന്റെ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന ജനകീയ ബന്ധം നിലവിലെ ഡിജിറ്റൽ-ഓൺലൈൻ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് നിലനിർത്തുന്നതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവരിക.

സെക്രട്ടറിയിലേക്ക് അമിതമായി അധികാരങ്ങളും ചുമതലകളും കേന്ദ്രീകരിക്കുന്നത് ഒഴിവാക്കുകയും, തദ്ദേശസ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ തങ്ങളുടെ അധികാരം കൃത്യമായ ഉത്തരവാദിത്വത്തോടു കൂടി നിർവഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമപരവും സാമ്പത്തികവുമായ ഉത്തരവാദിത്വങ്ങൾ തീരുമാനമെടുക്കുന്ന ഭരണസമിതി അംഗങ്ങൾക്കു കൂടി ബാധകമാകുന്ന വിധത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുക.

നിലവിലുള്ളതും, പുതിയതായി നൽകപ്പെടുന്നതുമായ റെഗുലേറ്ററി അധികാരങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് പ്രാപ്തമാക്കുന്നതിന് ആവശ്യമായ മജിസ്റ്റീരിയൽ, സ്ഥാവര വസ്തുക്കളുടെ ഉൾപ്പെടെ റവന്യൂ റിക്കവറി അധികാരങ്ങൾ നൽകുന്നതിനാവശ്യമായ നിയമ ഭേദഗതികൾ നടപ്പിലാക്കുക.

ആസൂത്രണ നിർവ്വഹണ പ്രക്രിയയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ചട്ടങ്ങളുടെ നിർമ്മാണം നടപ്പിലാക്കുക.

സൂക്ഷ്മതല വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന തദ്ദേശസ്ഥാപനം എന്ന നിലയിൽ ഭൂമി വിട്ടൊഴിയൽ നിയമം (Land Relinqishment Act) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കുന്ന നടപടികൾ സ്വീകരിക്കുകയും, അതോടൊപ്പം തന്നെ റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്നതിനും മറ്റ് ആനുകാലിക വികസന പ്രവർത്തനങ്ങൾക്കും വേണ്ടി ചെറിയ അളവിലുള്ള ഭൂമി ഏറ്റെടുക്കലുകൾ സാധ്യമാകുന്ന രീതിയിൽ Land acquisition നിയമങ്ങൾ ബാധകമാക്കുക.

കാലപ്പഴക്കമേറി ഉപയോഗശൂന്യമായ കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയുടെ ഒഴിവാക്കലുകളും, വികസനാവശ്യത്തിനായി മരങ്ങൾ മുറിച്ചു നീക്കം ചെയ്യലും എളുപ്പത്തിൽ സാധ്യമാകുന്ന വിധത്തിൽ നിയമനിർമ്മാണങ്ങൾ ഭേദഗതികൾ സാധ്യമാക്കുക.

ഭരണസമിതി അംഗങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വലിയ വർദ്ധനവ് തദ്ദേശസ്ഥാപനങ്ങളുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഭരണസമിതി അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുകയും അതുവഴി തദ്ദേശ സ്ഥാപനതല വികസന പരിപ്രേക്ഷ്യം സാധ്യമാക്കുകയും ചെയ്യുക.

# 3

# പഞ്ചായത്ത് രാജും അനുബന്ധ നിയമങ്ങളുടെ പരിഷ്കരണവും

അഡ്വ. ഇ. സിന്ധു

പഞ്ചായത്ത് രാജ് ആക്റ്റ് 1994, പിന്നീട് വിവിധ ഘട്ടങ്ങളിൽ വന്ന ഭേദഗതികളും പഞ്ചായത്തിരാജ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് സഹയകരമായിട്ടുണ്ട്.

1. പഞ്ചായത്ത് രാജ് ആക്റ്റ് 179 മുതൽ 185 വരെയുള്ള വകുപ്പുകൾ പഞ്ചായത്തിലെ ഉദ്യോഗസ്ഥരെക്കുറിച്ചും അവർക്കുമേൽ പഞ്ചായത്തിനുള്ള നിയന്ത്രണങ്ങളെക്കുറിച്ചും പറയുന്നു. പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ നിയന്ത്രണവും ഇതിൽ ഏറ്റവും പ്രധാനമാണ്. എന്നാൽ ഈ അധീകാരം വിനിയോഗിക്കുന്നതിൽ പ്രായോഗികമായ പല പരിമിതികളും നിലനിൽക്കുന്നു. നിർബന്ധിത സാഹചര്യങ്ങളിൽ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ആ അധികാരം സ്ഥാപിച്ചു കിട്ടുന്നതിനായി കോടതികളെ സമീപിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. ആയതുകൊണ്ട് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങളുടെ ജീവനക്കാരുടെ നിയന്ത്രണത്തെ സംബന്ധിച്ച നിയമഭേദഗതികൾ ഉണ്ടാകേണ്ടതുണ്ട്. (കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനാധികാരി വേറെയാണെന്നും സേവനം മാത്രമാണ് വിട്ടു നൽകിയിട്ടുള്ളത് എന്ന തടസ്സവാദമാണ് ഉന്നയിക്കുന്ന്. നിയമഭേദഗതിയിൽ ഇതുകൂടി പരിഗണിക്കേണ്ടതാണ്.)
2. പട്ടികപ്പെടുത്തിയ ഇനങ്ങളിൽ മാത്രമാണ് ലൈസൻസ് നൽകാൻ പഞ്ചായത്തിന് അധികാരമുള്ളത്. അല്ലാത്ത പക്ഷം ഓരോ വിഷയത്തിലും സർക്കാറിനെ സമീപിച്ച് അനുവാദം വാങ്ങേണ്ട സാഹചര്യം നിലനിൽക്കുന്നു. ഈ പ്രശ്നം മറികടക്കുന്നതിനായി പഞ്ചായത്തിന് ലൈസൻസ് നൽകാൻ അധികാരം ഇല്ലാത്ത ഇനങ്ങൾ മാത്രം പട്ടികപ്പെടുത്തുകയും ബാക്കിയുള്ള സേവനങ്ങൾക്കും കച്ചവടങ്ങൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകാൻ അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.
3. ബിൽഡിങ് പെർമിറ്റ്, റഗുലറൈസേഷൻ, നമ്പറിങ് എന്നിവയുടെ സാങ്കേതിക വശങ്ങൾ മുഴുവൻ പരിശോധിക്കുന്നത് എഞ്ചിനീയറിങ് വിഭാഗമാണ്. എന്നാൽ ആയതെല്ലാം അനുവദിക്കുന്നത് പഞ്ചായത്ത് സെക്രട്ടറിയാണ്. അതു കൊണ്ടു തന്നെ ഇതുമായി ബന്ധപ്പെട്ട ഏതൊരു പ്രശ്നത്തിന്റെയും ബാധ്യത സെക്രട്ടറിക്കാണ്. സാങ്കേതികമായ അപാകതകൾ കണ്ടെത്തുന്നതിന് സെക്രട്ടറിക്ക് പരിജ്ഞാന മില്ലാത്തതിനാൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ വരുന്ന അപാകതകളുടെ പൂർണ്ണ ഉത്തരവാദിത്തം നിയമം മൂലം എഞ്ചിനീയറിൽ നിക്ഷിപ്തമാക്കേണ്ടതാണ്.
4. പഞ്ചായത്തിനകത്ത് വരുന്ന, പൊതുജനങ്ങൾക്ക് സേവനം നൽകുന്ന വില്ലേജ് ഓഫീസ്, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി...etc തുടങ്ങിയ സ്ഥാപന മേധാവികളെ ആവശ്യമെങ്കിൽ വിളിച്ചു വരുത്തുന്നതിനും പ്രശ്ന പരിഹാരങ്ങളിൽ ഇടപെടുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ട്. എന്നാൽ മൂന്നു മാസത്തിലൊരിക്കൽ ഇത്തരത്തിലുള്ള സർക്കാർ, അർധ സർക്കാർ, ബോർഡ്, ധനകാര്യസ്ഥാപനങ്ങൾ ഉൾപ്പടെയുള്ളവയുടെ മേധാവികളെ ഉൾപ്പെടുത്തി പഞ്ചായത്ത് സഭ വിളിച്ചു ചേർക്കുന്നതിന് നിയമം മൂലം അധികാരം നൽകേണ്ടതാണ് (താലൂക്ക് സഭയുടെ മാതൃക)
5. പരാതി പരിഹാരത്തിനായി ലീഗൽ സർവ്വീസ് ഇടപെടൽ പോലെ ജനകീയ പോലീസ് സംവിധാനത്തിന്റെ ഭാഗമായി ഒരു പോലീസ് ഓഫീസറെ അധികാരപ്പെടുത്തുന്നത് ഗുണകരമാവും. (ലഹരി വിരുദ്ധ പ്രവർത്തനം, ജാഗ്രതാ സമിതി, ചൈൽഡ് പ്രൊട്ടക്ഷൻ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ സാധ്യമാക്കാൻ കഴിയും)
6. ഡിഗ്രീ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുടെയുള്ള CSS സേവനം നിർബന്ധമാക്കുക
7. സംസ്ഥാനത്ത് ഏതു വകുപ്പിലും പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ജനകീയ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കാനുമുള്ള ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 3 വർഷം നിർബന്ധമായും പഞ്ചായത്ത്/നഗരസഭകളിൽ സേവനം ഉറപ്പുവരുത്തേണ്ടതാണ്.
8. കാലഹരണപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പുന:പരിശോധിക്കുന്നതിനും റദ്ദു ചെയ്യുന്നതിനും പരിഷ്കരണം നടപ്പിലാക്കുന്നതിനും നിയമപരിഷ്ക്കരണ കമ്മീഷൻ രൂപീകരിക്കണം. അത്തരത്തിൽ രൂപീകരിക്കപ്പെടുന്ന കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തണം.

---

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

4

# പഞ്ചായത്ത് രാജ് നിയമത്തിന് മാറ്റങ്ങൾ അനിവാര്യം. പുതിയ വിദഗ്ദ്ധ സമിതി രൂപീകരണം

വി.വി. മുഹമ്മദലി

1992ലെ ഇന്ത്യൻ ഭരണഘടനയുടെ 73ആം ഭേദഗതിയെ തുടർന്ന് പഞ്ചായത്ത് രാജ് സംവിധാനത്തിന് ദേശവ്യാപകമായി ഐക്യരൂപം കൈവരികയും ഗ്രാമീണ ജനതയുടെ ഭരണകൂടം എന്ന നിലയിൽ (LOCAL SELF GOVERNMENT) ഗ്രാമപഞ്ചായത്തുകൾ അധികാരത്തിലും സാമ്പത്തിക സ്രോതസ്സുകളിലും ജനപങ്കാളിത്തത്തിലും ശക്തി പ്രാപിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഇന്ത്യയിൽ പോലും പ്രാദേശിക സർക്കാരുകളുടെ പ്രാധാന്യം മനസ്സിലാക്കി പല പരിഷകരണ പ്രവർത്തനങ്ങളും നിയമ രൂപീകരണങ്ങളും നടന്നിട്ടുണ്ട്. 1882ലെ റിപ്പൺ പ്രമേയം ഒരു ചുവടുവെപ്പായിരുന്നു. 1883ലെ പഞ്ചാബ് ഡിസ്ട്രിക്ട് ബോർഡ് രൂപീകരണവും 1885ലെ ബീഹാർ ഒറീസ ലോക്കൽ സെൽഫ് ഗവൺമെന്റ് ആക്റ്റും മറ്റൊരു ചുവടുവെപ്പ് ആയിരുന്നു. 1907ൽ ആദ്യത്തെ അധികാര വികേന്ദ്രീകരണ കമ്മീഷൻ ചാൾസ് മഹാഫ് ഹൗസിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടു. നാട്ടുരാജ്യങ്ങൾ മാത്രമായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും 1925 നു മുമ്പ് തന്നെ പഞ്ചായത്തുകൾ നിലനിന്നിരുന്നു. 1867ലെ മദ്രാസ് ടൗൺ ഇംപ്രൂവ്മെന്റ് ആക്റ്റിന്റെ പിൻബലത്തിൽ ആയിരുന്നു മലബാറിൽ തദ്ദേശഭരണത്തിന് തുടക്കം കുറിച്ചത്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതോടെ അതുവരെ ഉണ്ടായിരുന്ന എല്ലാ നിയമങ്ങൾക്കും പകരം സമഗ്രവും വ്യവസ്ഥാപിതവും ജനകീയവും വികേന്ദ്രീകൃതവുമായ ഒരു നിയമ വ്യവസ്ഥ പഞ്ചായത്തുകൾക്കുണ്ടായി. അങ്ങനെ പഞ്ചായത്തുകൾ അധികാരവും അധികാര ശക്തിയുമുള്ള ഭരണഘടനാ സ്ഥാപനങ്ങളായി മാറി.

പഞ്ചായത്ത് രാജ് നിയമത്തിലും എല്ലാ നിയമത്തിലുമെന്നപോലെ കാലികമായ പരിഷ്കരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലും അനിവാര്യമാണ്. അംഗത്വത്തിലും അധ്യക്ഷ പദവിയിലും ഇന്ന് വനിതാ സംവരണം 50% ത്തിലും അധികമായി ഉയർന്നിട്ടുണ്ട്. 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിൽ വനിതകൾക്ക് അംഗത്വത്തിലും അധ്യക്ഷപദവിയിലും മൂന്നിലൊന്ന് മാത്രം എന്നായിരുന്നു പ്രതിപാദിച്ചിരുന്നത്. റിപ്പബ്ലിക്കിന്റെ 45ആം സംവത്സരത്തിൽ ഉണ്ടാക്കിയ നിയമം 75ആം സംവത്സരത്തിലും തുടരണമെന്നില്ല, എന്ന് മാത്രമല്ല പലതും കാലഹരണപ്പെട്ടതോ അപ്രായോഗികമായതോ ആയി മാറിയിട്ടുമുണ്ടാകും. ഇന്ത്യൻ ക്രിമിനൽ നിയമങ്ങൾ ഉൾപ്പെടെ പുതിയ മുഖവും കാഴ്ചപ്പാടും ലക്ഷ്യങ്ങളും മുന്നോട്ടുവെച്ച് പരിഷ്കരിക്കപ്പെട്ട ഇന്നത്തെ സാഹചര്യത്തിൽ പഞ്ചായത്ത് രാജ് ആക്റ്റിലും കാലികമായ ഭേദഗതികളും പരിഷ്കരണങ്ങളും അത്യാവശ്യമാണ്.

1994ൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് നിയമത്തിന് 1995ൽ തന്നെ ചില ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. 1999 ലെ സെൻ കമ്മിറ്റിയുടെയും ഒന്നാം ധനകാര്യ കമ്മീഷന്റെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് നിയമത്തിൽ സമഗ്രമായ പരിഷ്കരണങ്ങളും ഭേദഗതികളും നടന്നിട്ടു കാൽ നൂറ്റാണ്ട് പിന്നിട്ടു കഴിഞ്ഞു. സർക്കാരിൽ നിക്ഷിപ്തമായിരുന്ന വാർഡ് വിഭജനത്തിനും സംവരണ നിർണയത്തിനുമുള്ള അധികാരം തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തിയ ഭേദഗതി (2000) പോലെ നിയമത്തിലും അനുബന്ധ നിയമത്തിലും പല മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ സാമൂഹ്യവും, സാമ്പത്തികവും, വികസനപരവുമായ ചുമതലകളിലും ഘടനയിലും ഉത്തരവാദിത്വത്തിലും വെല്ലു വിളിയിലും വലിയ മാറ്റങ്ങൾ മൂന്ന് പതിറ്റാണ്ടിനിടയിൽ ഉണ്ടായിട്ടുണ്ട്. ഇതിനെ അതിജീവിക്കാനും മറികടക്കാനും സർക്കാറിന്റെ അപ്പപ്പോൾ ഉള്ള ഉത്തരവുകളും സർക്കുലറുകളും കൊണ്ട് മാത്രമാകില്ല പഞ്ചായത്തിന് അതിനുള്ള പിൻബലമായ പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും കാലോചിതമായ പരിഷ്കരണങ്ങളും ഭേദഗതികളും കൊണ്ടുവരണം. ഇതിനുള്ള ശുപാർശകൾ സമർപ്പിക്കാനായി 1999 ലെ സെൻ കമ്മിറ്റി പോലെ പ്രത്യേക കമ്മിറ്റിയോ കമ്മീഷനോ പുതുതായി രൂപീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ 166 വകുപ്പനുസ്സരിച്ചുള്ള മൂന്നാം പട്ടികയിലാണ് ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ചിരിക്കുന്നത്. 27 അനിവാര്യ ചുമതലകളും 14 പൊതുവായ ചുമതലകളും 19 മേഖലാടിസ്ഥാനത്തിൽ ഉള്ള ചുമതലകളും ആണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇവ മാത്രം നിർവഹിച്ച് പ്രാദേശിക ഭരണകൂടം എന്ന നിലക്ക് പഞ്ചായത്തിന് മുന്നോട്ടുപോകാൻ ഇന്ന് കഴിയില്ല. ഉദാഹരണത്തിന് വന്യ മൃഗ ശല്യങ്ങളുടെ ഭീഷണിയിൽ കേരളത്തിലെ ജനജീവിതം അനുദിനം ദുസഹമായിക്കൊണ്ടിരിക്കുന്നു. വന്യജീവി മൃഗശല്യം കാരണം പ്രതിവർഷം പത്തുകോടി രൂപ നഷ്ടപരിഹാരം നൽകുന്ന സംസ്ഥാനമാണ് കേരളം. വാൽപ്പാറയിൽ ഈയിടെ വിദേശ പൗരൻ കാട്ടാന ആക്രമത്തിൽ കൊല്ലപ്പെട്ടത് അന്തർദേശീയ വാർത്തയായിരുന്നു. ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതോടൊപ്പം വിവാഹ രജിസ്റ്ററും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി

പരിഷ്കരിക്കപ്പെടേണ്ടതുണ്ട്. മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ പ്രതിപാദിക്കുമ്പോൾ വിദ്യുച്ഛക്തിയും ഊർജ്ജവും ഭാഗത്ത് ചെറുകിട സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് പ്രാദേശികമായ ഊർജ്ജ സംഭരണ വിതരണത്തിന് പ്രാദേശിക സർക്കാർഎന്ന നിലയിൽ ഗ്രാമപഞ്ചായത്തിനെ ശക്തിപ്പെടുത്താനും നിയമത്തിൽ മാറ്റം അനിവാര്യമാണ്. സാക്ഷരതാ പ്രവർത്തനങ്ങളോടൊപ്പം ഇ-സാക്ഷരതയും ഡിജിറ്റൽ എജ്യുക്കേഷനും ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. സാമൂഹ്യ ക്ഷേമ ചുമതലയിൽ അഞ്ചാമത്തെതായി ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാമെന്ന് നിയമത്തിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും പാവപ്പെട്ട ഹരിത കർമ്മ സേനാംഗങ്ങൾക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും തുച്ഛമായ ഹോണറേറിയം കൈപ്പറ്റി സേവനം ചെയ്യുന്ന ജനപ്രതിനിധികൾക്കും മെഡിക്കൽ ഇൻഷുറൻസ് പദ്ധതി പോലും നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് ഇന്ന് കഴിയുന്നില്ല. ഇത്തരം കാര്യങ്ങൾക്ക് സുവ്യക്തവും ശക്തിമത്തായതുമായ നിയമങ്ങളും ചട്ടങ്ങളും സമയബന്ധിതമായി നിലവിൽ വരേണ്ടതുണ്ട്.

73-ാം ഭരണഘടന ഭേദഗതിയിൽ നിർവ്വചനം കഴിഞ്ഞാൽ വരുന്ന ആദ്യത്തെ അനുച്ഛേദവും പഞ്ചായത്ത് രാജ് നിയമത്തിലെ നിർവചനം കഴിഞ്ഞാൽ വരുന്ന ആദ്യത്തെ അധ്യായവും ഗ്രാമസഭയെ കുറിച്ചാണ്. അത്രയും പ്രധാനപ്പെട്ട ഗ്രാമസഭയുടെ നടത്തിപ്പും രീതിയും ഇന്ന് വളരെ ശോഷിച്ചിരിക്കുന്നു. ജനകീയാസൂത്രണത്തിന് കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ ഗ്രാമസഭകൾ വാർദ്ധക്യസഹജമായ ബലാരിഷ്ടിത കൊണ്ട് ചക്രശ്വാസം വലിക്കുകയാണ്. ഇതിൽ കാതലായ മാറ്റം അനിവാര്യമാണ്. പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം ഗ്രാമസഭ യോഗം മൂന്നുമാസത്തിലൊരിക്കൽ ചേരേണ്ടതുണ്ട്. ഗ്രാമസഭയിൽ പങ്കെടുക്കുന്നവർക്ക് സമയനഷ്ടബോധവും നിരാശയും ബാധിച്ചതായിരിക്കാം ശോഷിക്കാനും പങ്കാളിത്തം കുറയാനും കാരണം. ഇതിനു പരിഹാരമായി ഗ്രാമസഭയോഗം വർഷത്തിൽ രണ്ട് പ്രാവശ്യം ഗ്രാമത്തിലെ വോട്ടവകാശമുള്ള മുഴുവൻ ജനങ്ങളെയും പങ്കെടുക്കുന്ന രീതിയി ലാക്കാവുന്നതാണ്. പദ്ധതി ആസൂത്രണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ മുൻവർഷത്തെ പദ്ധതി അവലോകനം പഞ്ചായത്തിന്റെ വരവ് ചെലവുകളും ഓഡിറ്റ് റിപ്പോർട്ടുകളും അംഗീകരിക്കൽ തുടങ്ങിയവയ്ക്ക് ഈ രണ്ടു ഗ്രാമസഭാ യോഗങ്ങൾ മതിയാകും. ഒപ്പം ഗ്രാമവാസികളുടെ നിരന്തരമായി ഉണ്ടാകുന്ന വികസന വിഷയങ്ങളും പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ അവകാശവും അധികാരവും ചുമതലയും നൽകിക്കൊണ്ട് ഗ്രാമ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. വർഷത്തിൽ മൂന്ന് പ്രാവശ്യം ചേരുന്ന ഗ്രാമകമ്മിറ്റി പ്രാതിനിധ്യ സ്വഭാവത്തോടു കൂടിയായിരിക്കേണ്ടതാണ്.

എല്ലാ വാർഡിലും 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽ സഭക ളുണ്ടാക്കുകയും അയൽസഭ ചെയർ പേഴ്സണും കൺവീനറും ഗ്രാമ കമ്മിറ്റി യിൽ അംഗങ്ങളായിരിക്കേണ്ടതുമാണ്. റസിഡൻസ് അസോസിയേഷൻ പ്രധിനിധികൾ ഗ്രാമപഞ്ചായത്തിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികൾ, ജാഗ്രത സമിതി, അംഗണവാടി ഏരിയ മോണിറ്ററിംഗ് കമ്മിറ്റി, സാനിറ്റേഷൻ കമ്മിറ്റി, എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ, കുടുംബശ്രീ - തൊഴിലുറപ്പ് മേറ്റുമാരുടെ പ്രതിനിധികൾ, വയോജനങ്ങളുടെയും കുട്ടികളുടെയും പ്രതിനിധികൾ എന്നിവരെ ഗ്രാമ കമ്മിറ്റി അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതിയിൽ വോട്ടവകാശം (ഭാരവാഹി തെരഞ്ഞെടുപ്പൊഴികെ) ഇല്ലെങ്കിൽ പ്രസിഡണ്ട്മാരുടെ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ പരിഗണിക്കപ്പെടില്ല. അതിനാൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിലും അവിശ്വാസപ്രമേയത്തിലുമൊഴികെ മറ്റെല്ലാ കാര്യത്തിലും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വോട്ടവകാശം ഉറപ്പുവരുത്തുന്നതിന് നിയമ ഭേദഗതി അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥരുടെയും ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ മുഴുവൻ ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ചുമതലകൾ ഹാജർനില അവധി അപേക്ഷ അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കൽ ടൂർ ഡയറി പരിശോധന എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ടാവുകയും നടപ്പിലാക്കുന്നതിന് വ്യക്തമായ നടപടികളും സമയക്രമവും പ്രതിപാദിക്കുന്ന നിയമങ്ങളും ചട്ടങ്ങളും നിലവിൽ വരേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പ്രസിഡന്റ് തയ്യാറാക്കണമെന്ന് പറയുമ്പോഴും അതെങ്ങിനെയെന്നോ,എപ്പോഴെന്നോ വ്യക്തതയില്ല.പഞ്ചായത്ത് രാജ് നിയമം 180 (3) പ്രകാരം പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാർക്കും, ജീവനക്കാർക്കും ശമ്പളവും,പെൻഷൻ ആനുകൂല്യവും, കോൺട്രിബ്യൂട്ടറി പെൻഷൻ നൽകുന്നതിലേക്ക് അംശാദായങ്ങളും നൽകാനും ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്തമുണ്ട്.എന്നാൽ അവരുടെ മേൽ മതിയായ നിയന്ത്രണങ്ങൾ ഗ്രാമപഞ്ചായത്തിനില്ലാതെ പോകുന്നത് അതിനുതകുന്നതായ നിയമവും ചട്ടവും ഇല്ലാത്തതിനാലാണ്.

ബൈലോകളുണ്ടാക്കാൻ പഞ്ചായത്ത് രാജ് നിയമം 256(1) വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും നടപടിക്രമം ഇനിയും ലഘൂകരിക്കേണ്ടതുണ്ട്. 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകളുണ്ടാക്കാനുള്ള നടപടിക്രമം)ചട്ടങ്ങൾ 3(5)പ്രകാരം പഞ്ചായത്ത് പാസ്സാക്കിയ ഓരോ ബൈലോയും സർക്കാരിലേക്കോ,സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ അംഗീകാരത്തിനായി അയക്കേണ്ടതാണെന്ന് പറയുന്നു.ചട്ടം 3(6) പ്രകാരം സർക്കാർ അംഗീകരിക്കുന്നത് വരെ ഇത്തരം ബൈലോകൾക്ക് നിയമ പ്രാബല്യമില്ലെന്നും വ്യക്തമാക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തന്ഗീകരിച്ച ബൈലോ സർക്കാരിലേക്കയ

ച്ച് കഴിഞ്ഞാൽ എത്രകാലം കൊണ്ട് സർക്കാർ അംഗീകരിച്ച് ഉത്തരവാകണമെന്ന് വ്യക്തതയില്ല. ഗ്രാമപഞ്ചായത്തിനെ ഒരു വകുപ്പായി കാണാതെ പ്രാദേശിക സർക്കാരായി അംഗീകരിക്കാത്തത് കൊണ്ട് ഇത്തരം ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്.

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 200(1)പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ പ്രദേശത്ത് പരസ്യ നികുതിയും,വിനോദ നികുതിയും ചുമത്തണമെന്നും പറയുന്നു. ജി.എസ്.ടി പ്രാബല്യത്തിൽ വന്നതോടെ ഇത്തരം നികുതികൾ പലതും വസൂലാക്കാൻ കഴിയുന്നില്ല.

പചായത്ത് രാജ് വകുപ്പ് 203(15) പ്രകാരം കെട്ടിടത്തിന് നിർണയിക്കപ്പെട്ട വസ്തുനികുതി രണ്ട് അർദ്ധവാർഷിക ഗഡുക്കളായാണ് ഒടുക്കേണ്ടതാണ്. ഇതൊഴിവാക്കി സാമ്പത്തികവർഷമസാനിക്കുന്നതിന് മുമ്പ് ഒറ്റ ഗഡുവായി അടവാക്കുന്ന രീതിയിൽ നിയമത്തിൽ മാറ്റം വരുത്തേണ്ടതാണ്. കാരണം രണ്ട് ഗഡുക്കളായി പിരിച്ചെടുക്കുന്നതും ആദ്യപാദത്തിലെ ഫൈൻ ഈടാക്കുന്നതും പ്രായോഗികമായി പലബുദ്ധിമുട്ടുകളുമുണ്ടാക്കുന്നതാണ്.

പ്രകൃതിക്ഷോഭങ്ങളും,കാലാവസ്ഥ വ്യതിയാനവും തുടർകഥയാവുന്ന സംസ്ഥാനമാണ് നമ്മുടേത്. നിർമ്മിത ബുദ്ധികൊണ്ട് മനുഷ്യ ധ്യാനത്തെ മറികടക്കുന്ന കാലമാണിത്.അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ച് വരികയാണ്. ഇത്തരം വെല്ലുവിളികളെ സൂക്ഷ്മതലത്തിൽ തന്നെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും പ്രാദേശിക സർകാറുകൾക്കുണ്ടാകേണ്ടിയിരിക്കുന്നു. അതിനായി പുതിയ വിദഗ്ദ്ധസമിതിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

വൈസ് പ്രസിഡന്റ്, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

5

# പഞ്ചായത്ത് രാജ്/അനുബന്ധ നിയമ പരിഷ്കരണം

അരുൺ ടി.ജെ.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ പീഠികയിൽ നിയമം കൊണ്ടുവന്നതിന്റെ ലക്ഷ്യങ്ങൾ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അസൂത്രണ വികസനത്തിലും, തദ്ദേശ ഭരണ കാര്യത്തിലും വർദ്ധിച്ച ജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി ത്രിതല പഞ്ചായത്തുകൾ രൂപീകരിക്കുക, പഞ്ചായത്തുകൾക്ക് സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ സാധ്യമാകാൻ തരത്തിൽ അധികാരങ്ങളും അധികാരശക്തിയും നൽകുക, ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പറഞ്ഞ വിഷയങ്ങൾക്കുൾപ്പെടെ സാമ്പത്തിക വികസനത്തിനും, സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ് കേരളാ പഞ്ചായത്ത് രാജ് നിയമം കൊണ്ടുവന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കഴിഞ്ഞ 30 വർഷക്കാലത്തെ അധികാര വികേന്ദ്രീകരണവും, ജനകീയാസൂത്രണവും നൽകിയ അനുഭവ പാഠങ്ങളുടേയും, നഗരവൽക്കരണം കാരണം നഗര, ഗ്രാമ വ്യത്യാസം കേരളത്തിൽ കുറഞ്ഞ വന്നതിന്റേയും, കാലാവസ്ഥാവ്യതിയാനവും ദുരന്തനിവാരണവും പോലുള്ളവ പഞ്ചായത്തുകളുടെ ചുമതലയിലേക്ക് വന്നതിന്റേയും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഏകീകരണത്തിന്റേയും പശ്ചാത്തലത്തിൽ നിയമത്തിന്റെ പീഠികയിൽ പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി നിയമത്തിൽ അനുബന്ധ ചട്ടങ്ങളിലും പരിഷ്കരണം വരുത്തി കാലികമാക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് തത്വത്തിന്റെ യഭാഗമായുള്ള ലക്ഷ്യം നേടുന്നതിനും നിയമത്തിൽ അനുബന്ധ ചട്ടങ്ങളിലും കാലികമായ മാറ്റം വേണ്ടതായിട്ടുണ്ട്.

പരിഷ്കരിക്കേണ്ട/കൂട്ടിച്ചേർക്കേണ്ട ചില പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു

1. കെട്ടിട നിർമ്മാണം
2. വ്യവസായങ്ങൾ, ഫാക്ടറികൾ തുടങ്ങിയവ ആരംഭിക്കൽ
3. പദ്ധതി രൂപീകരണവും, നിർവഹണവും
4. കാലവർഷവുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തനങ്ങൾ
5. ദുരന്തനിവാരണം
6. മാലിന്യസംസ്കരണം
7. ആസ്തികൾ ആർജ്ജിക്കൽ, കൈയൊഴിയൽ
8. പൊതുസ്ഥലങ്ങളുടെ ഉപയോഗവും, കൈയ്യേറ്റം നീക്കം ചെയ്യലും
9. പഞ്ചായത്തുകളുടെ തനത് വരുമാനം
10. പിരിച്ചെടുക്കാൻ കഴിയാത്ത തുക എഴുതിത്തള്ളൽ
11. ഉദ്യോഗസ്ഥരും ജന പ്രതിനിധികളും തമ്മിലുള്ള ബന്ധം
12. ഘടക സ്ഥാപനങ്ങളുമായുള്ള ഏകോപനം
13. പഞ്ചായത്തുകളുടെ ഭരണ നിർവഹണം വിലയിരുത്തൽ

ജോയിന്റ് ഡയറക്റ്റർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കണ്ണൂർ

## 6

# കേരള പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി നിയമങ്ങളുടെയും അനുബന്ധ നിയമങ്ങളുടെയും ഭേദഗതി

രാജേഷ് ടി. വർഗീസ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഭരണഘടന വ്യവസ്ഥകൾക്കനുസൃതമായി നിയമനിർമ്മാണസഭകൾ രൂപം കൊടുത്തിട്ടുള്ള നിയമങ്ങൾക്ക് അനുസൃതമായിട്ടാണ്. ഇന്ത്യയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച നിയമങ്ങളിൽ ഏറ്റവുമധികം ശ്രദ്ധേയമായിട്ടുള്ളതും പഠന വിധേയമായിട്ടുള്ളവയുമാണ് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടും 1994ലെ കേരള മുൻസിപ്പാലിറ്റി ആക്ടും. അധികാരവും ചുമതലകളും ഭരണഘടന വിഭാവനം ചെയ്ത രീതിയിൽ താഴെത്തട്ടിലേക്ക് നൽകി കൊണ്ടും ജനാധിപത്യ മൂല്യങ്ങളും ഘടനയും പരിപൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ടു കൊണ്ടുള്ള സ്വയംഭരണം ഉറപ്പുവരുത്തി കൊണ്ടും തയ്യാറാക്കിപ്പെട്ടിട്ടുള്ള നിയമങ്ങളാണ് അവ രണ്ടും.

മൂന്നു പതിറ്റാണ്ട് പിന്നിടുമ്പോൾ ടി നിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തേണ്ടത് അനിവാര്യമാണ്. അതോടൊപ്പം മൂന്ന് പതിറ്റാണ്ടുകൾ നൽകിയ അനുഭവങ്ങളുടെ വെളിച്ചത്തിൽ സാമ്പത്തികമായും ഭരണപരമായും കൂടുതൽ കരുത്താർജിക്കാനുതകുന്നതും ശക്തമായതും സ്വതന്ത്രമായതുമായ പ്രാദേശിക സർക്കാരുകളായി മാറുന്നതിനാവശ്യമായ ഭേദഗതികൾ കൊണ്ടു വരുന്നതിനും പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമങ്ങളിൽ ഭേദഗതി അവശ്യമാകുകയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണത്തിൽ പഞ്ചായത്ത് രാജ് ആക്ടും കേരള മുൻസിപ്പാലിറ്റി ആക്ടും പോലെ തന്നെ അതിനനുപൂരകമായി നിൽക്കുന്ന അനുബന്ധ നിയമങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. പ്രധാന നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുമ്പോൾ അനുപൂരക വ്യവസ്ഥകളെ മാറ്റി നിർത്തിയാൽ ഭരണ നിർവഹണത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും സ്വാഭാവികമായും സൃഷ്ടിക്കപ്പെടും. ആയതിനാൽ തന്നെ അനുബന്ധ നിയമങ്ങളിലും ഭേദഗതി ആവശ്യമാകുകയാണ്.

പഞ്ചായത്ത് രാജ് ആക്ടും കേരള മുൻസിപ്പാലിറ്റി ആക്ടും നിലവിൽ വന്നപ്പോൾ ഇന്ത്യൻ ഭരണഘടനയിലെ 243 മുതൽ 243ZD വരെയുള്ള അനുച്ഛേദങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ നിർബന്ധിത വ്യവസ്ഥകൾ ഉൾപ്പെടുത്താൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞിരുന്നുവെങ്കിലും കരുത്തുറ്റ പ്രാദേശിക സർക്കാരുകളെ വാർത്തെടുക്കുന്നതിനാവശ്യമായ ഭരണ സ്വാതന്ത്ര്യവും സാമ്പത്തിക സ്വയം പരിയാപ്തതയും മൂല നിയമത്തിൽ ഉണ്ടായിരുന്നില്ല എന്നത് ലളിതമായി തന്നെ മനസ്സിലാക്കാവുന്നതാണ്.

കാലാനുസൃതമായ മാറ്റങ്ങൾ ആക്ടിൽ കൊണ്ടുവരുന്നതിന് നാളിതുവരെ 30 തവണയോളം ആക്ട് ദേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. ഭേദഗതികളിൽ 1999 ലെ വിപ്ലവകരമായ ഭേദഗതി ഒഴികെയുള്ളതെല്ലാം അപ്പോഴുള്ള ഭരണപരമായ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു. എന്നാൽ 1999-ൽ സെൻ കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം നടപ്പാക്കിയ ഭേദഗതികൾ തദ്ദേശ സ്വയം ഭരണ സംവിധാനം ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായി ശക്തമാക്കാനുള്ള നടപടികളുടെ ഭാഗമായിരുന്നു. ഈ ഭേദഗതികളാണ് കേരളത്തിന്റെ പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങൾക്ക് രാജ്യത്തിന്റെ ശ്രദ്ധനേടാൻ യോഗ്യത നൽകിയെന്നതിൽ അഭിപ്രായ ഭിന്നതയുണ്ടാകില്ല. എന്നിരുന്നാലും സെൻ കമ്മിറ്റി മുന്നോട്ടു വച്ചിരുന്ന എല്ലാ ശുപാർശകളും പ്രാബല്യത്തിൽ വന്നിട്ടില്ലായെന്നതും പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്.

അപ്പോഴപ്പോൾ വരുന്ന ഭരണപരമായ ആവശ്യങ്ങൾക്ക് ഭേദഗതി ആവശ്യമാണെങ്കിലും പ്രാദേശിക ഭരണ സംവിധാനത്തിലെ പോരായ്കകൾ നികത്തുന്നതിന് ദീർഘ വീക്ഷണത്തോടെയുള്ള നയപരമായ മാറ്റങ്ങൾ ആക്ടിൽ കൊണ്ടുവരേണ്ടതുണ്ട്. ഇത് സമഗ്രമായ പഠനത്തിനു ശേഷമായിരിക്കണം എന്നുള്ള അഭിപ്രായം ശക്തമാക്കി നിയമനിർമ്മാതാക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ശ്രമം ഈ സെമിനാറിൽ രൂപപ്പെടേണ്ടതുണ്ട്.

# നഗര നയവും നഗരപാലിക/ അനുബന്ധ നിയമ പരിഷ്കരണവും

7

## നഗരനയവും നഗരപാലിക/ അനുബന്ധ നിയമ പരിഷ്കരണവും

മുഖ്യ അവതരണം – പ്രൊഫ. ജിജു പി. അലക്സ്

ഇന്ന് കേരളത്തിലെ നഗരവത്ക്കരണ നിരക്ക് ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെയാണ് കേരളത്തിൽ നഗരവത്ക്കരണം നടക്കുന്നത്. കേരളത്തിലെ നഗരവത്ക്കരണ നിരക്ക് 47.78% ആണ്. 2011 ലെ കനേഷുമാരി കണക്കു പ്രകാരം കേരളത്തിൽ 461 സെൻസസ് പട്ടണങ്ങളും 6 കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളുമടക്കം 93 സ്റ്റാറ്റ്യൂട്ടറി പട്ടണങ്ങളും നിലവിലുണ്ട്. അതേ സമയം ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്തു കൊണ്ടുള്ള സമഗ്രമായൊരു നഗരനയത്തിന് ഇതുവരെ രൂപം നൽകിയിരുന്നില്ല. ഇപ്പോൾ ഇപ്രകാരമൊരു നഗരനയം രൂപവത്ക്കരിക്കുന്നതിനായി ഒരു നഗരനയ കമ്മീഷന് സർക്കാർ രൂപം നൽകുകയും അതിന്റെ ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇതിന് വേണ്ടി പല തലത്തിലുള്ള ചർച്ചകളും നടന്നിരുന്നു. ഈ ചർച്ചകളിൽ നിന്ന് ഉരിത്തിരിയുന്ന പൊതു കാഴ്ചപാടുകളുടെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലും വൈദഗ്ദ്ധ്യവും, നഗരങ്ങളുടെ സാമ്പത്തിക സുസ്ഥിരത, കാലാവസ്ഥാ വ്യതിയാനം, പ്രകൃതി സംരക്ഷണം, ഭൗതികസൗകര്യങ്ങൾ, പൗര സേവനങ്ങൾ, സാംസ്കാരികത്തനിമ, വാണിജ്യസാദ്ധ്യതകൾ തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു സമഗ്രമായ നഗരനയം രൂപപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

ഈ പശ്ചാത്തലത്തിൽ, കേരള പഠന കോൺഗ്രസിന്റെ ഭാഗമായി നടക്കുന്ന, നഗരനയവും നഗരപാലിക - അനുബന്ധ നിയമ പരിഷ്കാരവും എന്ന വിഷയത്തിലെ ഈ സെമിനാറിൽ പൊതുവായി സ്വീകരിക്കേണ്ട സമീപനമാണ് നാം ചർച്ച ചെയ്യേണ്ടത്.

### A) നഗരാസൂത്രണം

കേരളത്തിന്റെ നഗരാസൂത്രണത്തിൽ പരിഗണിക്കേണ്ട പ്രധാനപ്പെട്ട സാദ്ധ്യതകൾ ചുവടെ നൽകുന്നു. ഈ സാദ്ധ്യതകളുടെ പ്രായോഗികത സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

1. സംസ്ഥാനത്തെ നഗരവൽക്കരണത്തിന്റെ സ്വഭാവത്തിനനുസരിച്ച്, സ്റ്റാറ്റ്യൂട്ടറി ടൌണുകൾക്ക് പുറമേ, സെൻസസ് ടൌണുകൾ അടക്കമുള്ള എല്ലാ പട്ടണങ്ങൾക്കും ശാസ്ത്രീയമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.
2. മാസ്റ്റർ പ്ലാൻ ദീർഘമായ കാഴ്ചപ്പാടോടു കൂടിയായിരിക്കണം. നഗരസഭകളോട് കൂടി ചേർന്നിരിക്കുന്ന പ്രദേശങ്ങൾ (പെരി അർബൻ) കൂടി ഉൾപ്പെടുത്തി റീജണൽ മാസ്റ്റപ്ലാൻ തയ്യാറാക്കണം.
3. കേരളം ഒരു വിജ്ഞാന സമൂഹമായും (നോളജ് സൊസൈറ്റി) വിജ്ഞാന സമ്പദ് വ്യവസ്ഥ (നോളജ് എക്കണോമി)യായും മാറ്റുന്നതിനുള്ള തന്ത്രങ്ങൾ ഉൾപ്പടെയുള്ള ആധുനിക വികസന സങ്കൽപ്പം കൂടി ഉൾക്കൊള്ളിച്ചുള്ള തൊഴിലും - നൈപുണീ വികസനത്തിലും പ്രാദേശിക സാമ്പത്തിക വികസനത്തിലും ഊന്നൽ നൽകുന്ന മാസ്റ്റർ പ്ലാനുകളാണ് വേണ്ടത്.
4. നിലവിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങളെ പരിഗണിക്കാത്തവയാണെന്നും വാർപ്പ് മാതൃകകളുടെ അടിസ്ഥാനത്തിലുള്ളവയാണെന്നും ആക്ഷേപമുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിവിധ ജനവിഭാഗങ്ങളുമായുള്ള (സ്റ്റേക് ഹോൾഡേഴ്സ്) ചർച്ചകളുടേയും പ്രാദേശിക പരിഗണനകൾക്ക് ഊന്നൽ നൽകിയുമായിരിക്കണം നഗരാസൂത്രണം നടത്തേണ്ടത്.
5. മാസ്റ്റർ പ്ലാനിലെ പതിവ് സമ്പ്രദായങ്ങൾക്കുപരിയായി, അതിഥി തൊഴിലാളികൾ, മുതിർന്ന പൌരർ, ഭിന്നശേഷിക്കാർ, വനിതകൾ - കുട്ടികൾ, ദളിതർ, എൽ.ജി.ബി.ടി വിഭാഗങ്ങൾ, ഗിഗ് തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ മുതലായ ദുർബല വിഭാഗങ്ങളിൽപെടുന്നവരെയും മാസ്റ്റർ പ്ലാൻ പരിഗണിക്കണം.
6. കേരളത്തിന്റെ മൂന്നാം തലമുറ വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാവണം നഗരാസൂത്രണം. ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും ഈ മേഖലകളിലെ പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്ന തരത്തിൽ

നഗരാസൂത്രണ പദ്ധതികൾ ആവിഷ്കരിക്കുന്ന തിനു കഴിയണം.

7. വിനോദ സഞ്ചാരം അടക്കമുള്ള കേരളത്തിന്റെ സേവന മേഖലകളെ ഉൾക്കൊള്ളുന്ന നഗരാസൂത്രണ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണം. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന സൌകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം തനത് വാസ്തുവിദ്യാമാതൃകളെ പരിഷ്കരിച്ച് നിലനിർത്തി, അവ കേരളത്തിന്റെ ആകർഷണീയതയാക്കി മാറ്റുന്ന തിനുതകുന്ന നഗരരൂപകൽപ്പന നടപ്പാക്കണം. സ്വതന്ത്രമായി ഉപയോഗിക്കാവുന്ന ജീവസ്സുറ്റ പൊതു ഇടങ്ങൾ നഗരങ്ങളിൽ ലഭ്യമാക്കണം.

8. എല്ലാവിധ നഗര പശ്ചാത്തല സൗകര്യങ്ങളും - പാർപ്പിടം, വാണിജ്യം, വ്യവസായം, ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം മുതലായ എല്ലാ മേഖലകളിലും പങ്കാളിത്ത വികസന മാതൃകകളും സഹകരണ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്ന നഗരവികസന സമീപനമാണ് ആവിഷ്കരിക്കേണ്ടത്.

9. മതേതര ജനാധിപത്യ പൊതു ഇടങ്ങളും വർഗ്ഗീയ - വംശീയ - വർണ്ണ താല്പര്യങ്ങൾക്കുപരി വ്യക്തിക്കും സമൂഹത്തിനും പ്രാധാന്യം നൽകുന്ന സ്വതന്ത്ര - ആധുനിക ലോക സങ്കൽപ്പങ്ങൾക്കും ഇടം നൽകുന്ന, യുവതലമുറയ്ക്ക് ആകർഷകമായ ജീവിത പരിസരം കേരളത്തിൽ വളർത്തിയെടുക്കാനാകുന്ന നഗരവികസന പദ്ധതികളാകണ് വിഭാവനം ചെയ്യേണ്ടത്.

10. നഗരഭരണത്തിലെ ശേഷീ വികസനത്തിനായുള്ള ഇടപെടലുകളിലൂടെ സുസ്ഥിര നഗര വികസനവും പൗരന്മാരുടെ ജീവിത ഗുണതയും ജീവിതപരിസരവും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് എന്തുചെയ്യാൻ കഴിയും എന്ന് പരിശോധിക്കേണ്ടതുണ്ട്.

11. തെളിവടിസ്ഥാനത്തിലും ഡാറ്റ അടിസ്ഥാനത്തിലും നയങ്ങളും വികസന തന്ത്രങ്ങളും പദ്ധതികളും പരിപാടികളും തയ്യാറാക്കുന്നതിൽ നഗര ഭരണ സ്ഥാപനങ്ങളെ പിന്തുണച്ച് സുസ്ഥിര വികസനവും മികച്ച ജീവിതപരിസരവും ഉറപ്പാക്കുന്ന നവ സംരംഭങ്ങളെയും സാമൂഹ്യ സംരംഭങ്ങളെയും സർക്കാരിതര സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമുള്ള സാഹചര്യം ഉണ്ടാകണം.

12. നഗരാസൂത്രണ പദ്ധതികൾക്ക് ദുരന്തങ്ങൾക്കും ദുരിതങ്ങൾക്കും വേഗം കീഴ്പെടുന്ന ജനവിഭാഗങ്ങളെ ചേർത്തുപിടിക്കാനുള്ള കഴിവും അതിജീവന ക്ഷമതയുമുണ്ടാകണം.

13. മാലിന്യ സംസ്കരണം, കാലാവസ്ഥാ പ്രവർത്തനം, നഗരദാരിദ്ര്യ നിർമ്മാർജ്ജനം, ജൈവ വൈവിദ്ധ്യ പരിപാലനം, ജെൻഡർ തുല്യത തുടങ്ങിയ മേഖലകളിൽ അനുപമമായ മാതൃകകൾ രാജ്യത്തിന് നൽകാൻ ഉതകുന്നവിധത്തിലാണ് കേരളത്തിലെ നഗരാസൂത്രണം നടക്കേണ്ടത്. ഇതിന്റെ സാദ്ധ്യതകൾ പരിശോധിക്കണം.

14. പരിമിതമായ വിഭവങ്ങൾ സ്മാർട്ടായി ഉപയോഗിക്കാനുതകുന്ന സ്മാർട്ട് സൊലൂഷൻസ് വികസിപ്പിക്കാനും അവ ഏറ്റവും അവസാന ആളിന്റെ പ്രശ്ന പരിഹാരത്തിന് ഉതകുന്നരീതിയിൽ പരിവർത്തിപ്പിക്കാനും കഴിയണം.

15. മാസ്റ്റർ പ്ലാനിലെ ആശയങ്ങൾ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുകയും മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലേക്ക് പ്രത്യേകം ധനസഹായം നഗരസഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി വേണ്ട ഔദ്യോഗികസംവിധാനങ്ങളുടെ അപര്യാപ്തത ചർച്ച ചെയ്യേണ്ടതാണ്.

16. ജന സാന്ദ്രതയുടെ അടിസ്ഥാനത്തിൽ ഒരു നഗരത്തെ തന്നെ വികസിതം അവികസിതം എന്നു വേർതിരിച്ച് അതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ FSI കവറേജ് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ മുനിസിപ്പൽ നിയമത്തിൽ/ കെട്ടിട നിർമ്മാണ ചട്ടത്തിൽ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കപ്പെടണം.

17. കേരളത്തിലെ തെരുവകളും ചന്തകളുമൊക്കെ പലവിധ കാരണങ്ങളാൽ വികസന മുരടിപ്പ് നേരിടുന്നവയാണ്. അവയെ ശാസ്ത്രീയമായി റീഡെവലപ് ചെയ്യുന്നതിന് സംവിധാനം ഒരുക്കണം.

18. നഗരാസൂത്രണത്തിന് വൈദഗ്ദ്ധ്യമുള്ളവരെ നിയമിക്കുന്നതിനും കൂടുതൽ സാങ്കേതികസഹായം ആവശ്യമുള്ള പദ്ധതികൾക്ക് കൺസൾട്ടന്റുകളുടെ സഹായം തേടുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

### B) മാലിന്യ സംസ്കരണവും ശുചിത്വ പരിപാലനവും

1. വികേന്ദ്രീകൃതവും സംയോജിതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ദ്രവമാലിന്യ പരിപാനത്തിനും എന്തൊക്കെ സംവിധാനങ്ങൾ ആവശ്യമുണ്ടെന്ന കാര്യം ചർച്ച ചെയ്യേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും ഇനി നടപ്പാക്കേണ്ട പ്രവർത്തനങ്ങളും വിശകലനം ചെയ്യണം.

2. പൊതു ഇടങ്ങളിൽ തരം തിരിച്ച് മാലിന്യം നിക്ഷേപിക്കാൻ പര്യാപ്തമായ ബിന്നുകൾ കൃത്യമായ പരിപാലനം ഉറപ്പുവരുത്തുക.

3. പൊതു സ്ഥലങ്ങളിൽ ആവശ്യമായ സൌകര്യങ്ങൾ ഉറപ്പാക്കി ശുചിമുറികളും വിശ്രമ കേന്ദ്രങ്ങളും ഒരുക്കേണ്ടതും. നോ പ്രോഫിറ്റ് വ്യവസ്ഥയിൽ പരിപാലിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ പരിശീലിപ്പിച്ച് ഏൽപ്പിക്കുന്ന കാര്യം.

4. ഖരമാലിന്യ പരിപാലനം സൗകര്യങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൂട്ടായ പദ്ധതികൾ.

## C) ഗതാഗതം

1. കേരളത്തിന്റെ നഗര ഭൂപ്രകൃതിക്ക് അനുസൃതമായ സമഗ്ര ഗതാഗത സംവിധാനങ്ങൾ ആവിഷ്കരിക്കാൻ കഴിയും. ജലഗതാഗതത്തിന്റെ സാദ്ധ്യതകൾ വ്യാപകമായി ഉപയോഗപ്പെടുത്താൻ കഴിയണം. കൊച്ചി വാട്ടർ മെട്രോ മാതൃകയിൽ വാട്ടർ ട്രാൻസ്പോർട്ട് സംവിധാനങ്ങൾ ഏർപ്പെടുത്തണം.
2. ചരക്ക് ഗതാഗതത്തിന് ഇൻലാന്റ് വാട്ടർവേയും അടിസ്ഥാന സൌകര്യങ്ങളും വികസിപ്പിക്കുക.
3. ഓരോ നഗരങ്ങൾക്കും സാദ്ധ്യതകൾക്ക് അനുസൃതമായി മൊബിലിറ്റി പ്ലാൻ തയ്യാറാക്കുക.
4. കൊച്ചി മെട്രോ റെയിൽ മാതൃകയിൽ പ്രധാന നഗരങ്ങളിൽ മെട്രോ റെയിൽ/ മോണോ റെയിൽ സംവിധാനങ്ങൾ ആവിഷ്കരിക്കാനാകുമോ എന്ന പരിശോധന ആവശ്യമാണ്.
5. നഗരങ്ങളിലെ ജലലഭ്യത, ജലനിർമ്മാണ മാർഗ്ഗങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമായ പഠനമർഹിക്കുന്നു. നഗരങ്ങളിലെ ജലസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പാക്കാമെന്ന് ആലോചിക്കണം.

## D) നിയമ പരിഷ്കാരങ്ങൾ

വർദ്ധിക്കുന്ന നഗരവൽക്കരണത്തിന്റെയും പുതിയ വെല്ലുവിളികളുടെയും പശ്ചാത്തലത്തിൽ നഗരനിയമങ്ങളിൽ കാലികമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. മുമ്പ് സൂചിപ്പിച്ച വികസനസാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നഗര നിയമവ്യവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന ചില നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

1. സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് കൂടുതൽ ധനപരവും ഭരണ പരവുമായ അധികാരങ്ങൾ ലഭ്യമാകത്തക്ക വിധം മുനിസിപ്പൽ ആക്ടിൽ ഭേദഗതി സ്റ്റിയറിംഗ് കമ്മിറ്റിക്ക് ചട്ടങ്ങൾ രൂപികരിക്കുക.
2. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്കും. കാസ്റ്റിംഗ് വോട്ട് അധികാരം അനുവദിക്കുന്ന വിധത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ സാമ്പത്തിക പരിധിക്ക് വിധേയമായി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ മാർക്ക് കമ്മിറ്റിയുടെ അനുമതി പ്രതീക്ഷിച്ചുകൊണ്ട് മുൻകൂർ അനുമതി നൽകുന്നതിന് നിയമ ഭേദഗതി (കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 15(4) പ്രകാരം ചെയർപേഴ്സൺമാർക്ക് ഉള്ള അധികാരത്തിനു സമാനമായ അധികാരം)
3. ഓൺലൈൻ സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ കൌൺസിൽ യോഗനടപടി ചട്ടത്തിൽ ഭേദഗതി വരുത്തുക (യോഗം വിളിച്ച് ചേർക്കൽ സംബന്ധിച്ച്)
4. വീടുകളോട് ചേർന്ന് ചെറുകിട വാണിജ്യ / വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ലൈസൻസ് നൽകാൻ കഴിയത്തക്ക വിധത്തിൽ കെട്ടിടനിർമാണ ചട്ടത്തിൽ / വസ്തുനികുതി ചട്ടത്തിൽ ഭേദഗതി
5. കേരളത്തിലെ ഏതാണ്ടു 11% വീടുകളും ആൾപ്പാർപ്പില്ലാതെ അടച്ചിട്ടിരിക്കുകയാണ്. കെട്ടിടഉടമ ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് കെ എം ആക്ടിലെ സെക്ഷൻ 239 പ്രകാരം ഓരോ അർദ്ധവർഷത്തേയും വസ്തുനികുതി പൂർണമായും (100 % ) ഒഴിവാക്കി കിട്ടാൻ അർഹതയുണ്ട്. ഇത്തരത്തിൽ നൂറുശതമാനവും ഇളവ് (വേക്കൻസി റമിഷൻ) അനുവദിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാന നഷ്ടത്തിനു കാരണമാകുന്നു. അതുകൊണ്ട് നിയമ ചട്ട ഭേദഗതിയിലൂടെ 50ശതമാനം നികുതി ഇളവാക്കി പരിമിതപ്പെടുത്തേണ്ടതാണ്.
6. വാർഡു സഭകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി നേരിട്ടുള്ള (ശാരീരികമായ) സാന്നിദ്ധ്യത്തിനു പുറമെ ഓൺലൈനിൽ സമ്മതിദായകരുടെ പങ്കാളിത്തം ഉണ്ടാകത്തക്കവിധത്തിൽ നിയമ ഭേദഗതി വരുത്തേണ്ടതാണ്.
7. പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി ചട്ടങ്ങൾ രൂപികരിക്കുകയും സബ്സിഡി മാർഗ്ഗരേഖ മാത്രം ഓരോ പദ്ധതി കാലത്തേക്ക് പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യുന്ന സംവിധാനം.
8. നഗരസഭയുടെ ബജറ്റ് പാസാക്കുന്നതിനായി വിളിച്ചു കൂട്ടുന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ന്യായയുക്തമായ കാരണങ്ങൾ കൂടാതെ ബോധപൂർവ്വം ഹാജരാകാതിരിക്കുകയും അത് വഴി ബജറ്റ് പാസാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്ന കൗൺസിലർമാരെ അയോഗ്യരാക്കാൻ കഴിയുന്ന വിധത്തിലുള്ള നിയമഭേദഗതി.
9. നഗരവൽക്കരണത്തിനു വിധേയമാകുന്ന സമീപപ്രദേശങ്ങളിലെ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സംയോജിത ആസൂത്രണ സംവിധാനം.

8

# Trajectory of Urban Governance in India Colonial Beginnings

Tikender Singh Panwar

The first municipalities in India were established by the British in the 17th and 18th centuries, with Madras, Bombay, Calcutta, and Shimla among the earliest urban centers with structured governance. However, unlike Britain and other European nations, where urbanization was driven by industrialization, India's urban growth remained largely disconnected from industrial expansion throughout the 19th century. Town planning in the late 1800s primarily served to assert British imperial authority through grand colonial structures rather than systematic urban development.

Viceroys Lord Mayo and Lord Ripon extended principles of local self-governance to municipalities, but actual control remained with British officials. The Indian Civil Service, known as the "steel frame" of British administration, was largely western-oriented and lacked expertise in town planning. Early municipal efforts focused on sanitation, road construction, and the upkeep of civil lines, with little attention to social planning.

Following the 1857 revolt, urban planning incorporated military considerations. Cities were divided into civilian and cantonment zones, and large open spaces were introduced for military mobility, similar to Haussmann's redesign of Paris. The British also introduced taxation, though met with resistance. The first urban governance laws emerged, including the Improvement in Towns Act (1850), which facilitated municipal commissions for urban improvements. The 1856 establishment of the Municipal Commission of Ahmedabad and subsequent adoption of similar structures in Bengal and Punjab marked early municipal efforts in India.

By the 1860s, municipal committees were tasked with maintaining public services such as water supply, drainage, roads, and primary education. Some states empowered municipalities with limited urban development authority, including land division, zoning regulations, and building construction oversight.

**Early Legislation and Institutionalization**

The first town planning legislation, the Bombay Town Planning Act of 1915, granted municipalities authority to develop urban plans, regulate land use, and acquire land for public purposes. This was crucial in addressing the unregulated expansion of Bombay's textile industry and workers' housing. Other provinces followed suit, including the United Provinces (1919) and Madras (1920). While the Bombay model emphasized land pooling, most acts allowed government acquisition of land under eminent domain.

In 1924, municipal elections in Ahmedabad saw the first labor and Dalit representation, marking an early instance of democratic urban governance. The 1946 Bhore Committee report recommended establishing a Ministry of Housing and Town Planning in each province, appointing experts in town planning, and creating improvement trusts to enhance urban development.

**Post-Independence Urban Governance**

India's early post-independence urbanization was linked to industrialization, but this trend fragmented over time due to shifts in the global economy. By the 1980s, state withdrawal from urban development led to cities becoming sites of capital accumulation rather than industrial powerhouses. This transition was

further reinforced by neoliberal policies in the 1990s, which reshaped cities as entrepreneurial hubs designed to attract investment and drive economic growth.

Despite independence, urban governance structures remained largely unchanged, aside from the introduction of adult franchise. The Indian Constitution recognized local democracy in villages but provided limited attention to urban local bodies (ULBs). State governments retained control over municipal functions, powers, and finances, often superseding local bodies and delaying elections for political convenience.

The debate between Gandhi and Ambedkar also influenced urban governance. Gandhi's vision of India since Hind Swaraj centred around self-reliant villages which upheld traditional values and customs of Indian society. As widely documented, for him, this represented a direct contradiction to cities which he viewed as corrupted and removed from traditional ways of living. Ambedkar and Jyotiba Phule even before him, urged Dalits and other oppressed communities to escape from the rigid caste based occupational structure that defined Indian village life by migrating to cities. They envisaged that the economic opportunities and freedom the cities offered could enable the liberation of the Dalits from a stigmatised existence and oppressed livelihood and living conditions. The urban space also offered anonymity where economic production would overpower caste- differences. However urban governance was kept under the directive principles of the Indian constitution and not made mandatory.

The first comprehensive urban policy analysis came in the mid-1980s with the National Commission on Urbanization, chaired by Charles Correa under Rajiv Gandhi's government. This paved the way for the landmark 74th Constitutional Amendment in 1992, which aimed to strengthen urban local governance.

**The 74th Constitutional Amendment**

The amendment sought to democratize urban governance by:

- Establishing a structured framework for local governments.
- Providing constitutional recognition to ULBs, defining their functions, resources, and election processes.
- Reserving one-third of seats for women and ensuring representation for Scheduled Castes and Tribes.
- Introducing citizen participation mechanisms such as ward committees.

However, implementation fell short of expectations. While the amendment spoke of decentralization and empowerment, actual devolution of powers remained limited. Of the 18 functions meant to be transferred to cities, only three have been universally implemented. Nevertheless, the establishment of State Finance Commissions and reservation policies marked significant progress.

**Neoliberal Urban Governance and Its Implications**

Neoliberal policies significantly altered urban governance in India, characterized by:

- Increasing constraints on municipal planning and political capacity.
- Privatization of basic services and withdrawal of the state from urban development.
- Expansion of public-private partnerships (PPPs) in infrastructure projects.
- Gentrification and growing economic disparities in urban spaces.
- Integration of cities into global financial markets, reinforcing a technocratic governance model.

Neoliberal urbanization has made cities focal points for economic competitiveness rather than democratic governance. Urban governance has shifted from managerialism to

entrepreneurialism, with cities competing for investment rather than prioritizing social equity.

**Urban Governance 1.0 and 2.0**

**India's urban governance has evolved through two distinct phases:**

**Urban Governance 1.0 (UG 1.0):**

- Emerged in the 1980s alongside neoliberal reforms in the Global North.
- Focused on reducing state intervention and restructuring state-market-society relations.
- Positioned cities as "engines of growth" to attract investment.
- Emphasized real estate-driven development, altering land relations and property regulations.

**Urban Governance 2.0 (UG 2.0):**

- Marked by increased privatization and commercialization of urban services.
- Liberalized land and real estate markets through relaxed land-use norms and property laws.
- Promoted financial restructuring of municipalities, including property tax reforms and reduced stamp duties.
- Strengthened mortgage markets and enabled Foreign Direct Investment (FDI) in real estate.
- Elevated the role of credit rating agencies over municipal decision-making.
- Conceptualized cities as "smart cities," integrating digital capitalism into governance structures.

**The Smart Cities: A Critical Analysis**

The concept of Smart Cities poses a significant threat to fundamental rights and hard-won advances in urban development. A Smart City is an urban development model that utilizes data points to automate citywide functions such as policing, traffic management, and energy distribution. However, these plans often transfer crucial decision-making from local governments to multinational corporations, thereby privatizing essential municipal services.

According to Bloomberg, the Internet of Things (IoT) represents a $19 trillion opportunity, while Forbes estimated that the Smart City industry was projected to exceed $1.5 trillion by 2020. This industry shift signifies the financialization and privatization of public service provisions, exacerbating inequality by offering increased convenience and services to the wealthy at the expense of the broader public. The technocratic Smart City framework threatens individual freedoms, potentially leading to an Orwellian future.

**Smart Cities and Neoliberalism**

The Smart City concept emerges from a specific phase of economic development—neoliberalism. Scholars like Nik Theodore, Jamie Peck, and Neil Brenner define neoliberalism as a system characterized by deregulation of state control over industries, attacks on organized labor, reduction of corporate taxes, privatization of public services and assets, dismantling of social welfare programs, increased mobility of international capital, and intensified competition among localities.

Smart Cities are not merely a collection of information and communication technology (ICT) policies. To function, they require a complex network of participants from public, private, and social sectors. These stakeholders exchange value in various forms, including service provision to city residents, financial payments to technology partners, data-sharing with cloud service providers, and increased citizen participation in policymaking.

**The Key Players in Smart Cities**

Numerous actors influence the development of Smart Cities, including major corporations that collaborate with the U.S. government's security apparatus. Companies such as Amazon, Google, Facebook, Apple, Twitter, AT&T, Verizon, Cisco,

IBM, and GE play a critical role, alongside real estate developers, municipal authorities, public utilities, and federal commerce departments. In India, the Smart Cities Council includes companies like GE, IBM, Qualcomm, MasterCard, Alstom, Verizon, Cisco, Enel, Microsoft, and Thomson Reuters as key technology and infrastructure service providers.

The principle of 'smart convergence' extends beyond the infrastructure of Smart Cities. Many of the largest technology service providers also act as financiers or work with financial institutions to fund Smart City projects. This significantly enhances their influence over city planning, policies, and data management.

### The Indian Smart Cities Mission: A Divisive Initiative

In India, a significant portion of government funding allocated for Smart Cities is directed towards the development of smart enclaves catering to the professional and middle classes—representing only 3% of the country's population. These enclaves, marketed as urban utopias, boast smart grids, solar energy projects, smart metering, rainwater harvesting, solid waste management, e-governance, extensive road networks, footpaths, cycle tracks, and smart parking. However, these benefits are reserved for a small elite, excluding the vast majority of urban residents.

As Neeraj Jain points out, "There will be no investment in providing affordable healthcare for the poor through new government hospitals; no investment in affordable education through quality government schools and colleges. Instead, in the name of making cities 'smart,' the private sector will seize opportunities to profit from projects such as ultra-modern bus stops and traffic-monitoring sensors."

### Undermining Municipal Authority: A Threat to Democratic Principles

The Smart City model, particularly in its top-down imposition of a largely Western technocratic approach to urban challenges in developing nations, represents a new form of economic colonialism. Beyond the economic benefits for multinational corporations, Smart Cities shape cultures and societies, subverting democratic governance.

In India, the Smart Cities policy mandates that democratically elected local authorities cede governance powers to private, unelected Special Purpose Vehicles (SPVs). This raises concerns that these SPVs may prioritize private interests over local needs and accountability.

Local governments are essential for three key reasons:

1. They represent local populations and are accountable to voters.
2. They understand local cultures, sentiments, and needs, ensuring better urban planning.
3. They are required to act for the public good, unlike private corporations that prioritize profit.

Professor Alberto Vanolo notes, "In the Smart City, there is little space for marginalized people. This is especially evident in cities of the Global South, where the risk of increasing the gap between Smart Cities and informal settlements is high."

Chris Williams, in an article on reimagining the future, raises an important question: "What is the purpose of a city? Is it to maximize capital accumulation, or to maximize human fulfillment, creativity, and happiness? The answer depends on who holds power and what values guide society."

### Failure of the Smart Cities Mission in India

Even cities governed by the ruling party at the national level have opposed the SPV governance model, as these entities are not accountable to elected municipal councils. The CEO and chairperson of an SPV are never the city's mayor, weakening local representation.

A review of the Smart Cities Mission in India reveals its shortcomings. Data collected by the NGO 'Wada Na Todo Abhiyan' exposes the flaws

of the initiative. Another major urban initiative, the Atal Mission for Rejuvenation and Urban Transformation (AMRUT), announced in 2015 for 500 cities, has faced similar failures.

**Why Has the Smart Cities Mission Failed?**

One primary reason for the failure is the erroneous expectation that private investors will fund projects with little to no financial return. While private entities are willing to invest in metro cities, they avoid smaller and tier-II cities. Moreover, over 80% of Indian cities lack the financial capacity to pay their staff salaries, let alone attract private investments for basic infrastructure.

Another issue is the governance structure of the Smart Cities project. SPVs, led by bureaucratic CEOs, have sidelined elected representatives. Consequently, mayors and SPV administrators frequently clash, leading to project stagnation.

The project's Area-Based Development (ABD) model is also problematic. ABD focuses on infrastructure development in small designated areas, often limited to 2–5% of a city's total area. This approach has failed to garner citywide support, as the majority of urban residents see little direct benefit.

**Reimagining Urban Governance: Urban Governance 3.0**

To develop equitable and sustainable cities, governance must prioritize people over profits. The CLG framework is based on the following principles:

- **Sustainable Development Goals (SDGs)**
- **Strengthening the 74th Constitutional Amendment** (which grants urban local bodies greater autonomy)
- **Climate Change Resilience in Governance**
- **Right to the City Framework**, emphasizing democratic city governance
- **Equitable and Harmonious Cities Framework**

By reinforcing democratic governance and ensuring inclusive urban planning, cities can move towards a model that prioritizes human well-being over corporate profit.

**9**

## Droughts, Deluges and Democracy: The Imperatives for Reforming Master Plans in Kerala

Dr. Ajith Kaliyath

In recent years, Kerala has been witnessing extreme climatic events which have been offering severe risks to lives and nature itself. As a state with limited land resources, but highly aspirational society there are critical issues which merit longitudinal as well as transversal analysis. This paper is an attempt to analyse the shortcomings in the planning and governance processes based on the impacts of two major risks in contemporary Kerala, i.e, droughts and deluges. These have a lot of significance as major shocks displaying the two extreme conditions of climate change in the same landscape. Additionally, they have also caused changes in the socio-economic relationships within the society along with local politics. The role played by the Local Governments during these situations have been exemplary. However, the State Government has realised that the level of capabilities and the resources available for the communities and the Local Governments are inadequate to deal with similar events in near future. While the 2018 and 2019 Floods have led the State to relook at the various provisions, methodologies and strategies being deployed by the State Agencies and initiate Risk-informed Master Plans as

potential instruments to address multiple risks in an urbanising setting. Similar to floods, drought is another major climate-induced risk staring at the society. The irreversible changes effected to the regional ecosystem coupled with excess demand on ground water both of which are led by transition from a rural to an urban lifestyle has produced concerns on water security in various parts of the state. The increasing heat during the Summer months priming Palakkad and Thrissur districts during the recent years also offer spatial patterns. While the preparation of Master Plans is currently underway, it is observed that the 'voices of citizens' which are critical elements in any democratically progressive society is still not well integrated into these plans. Secondly, the risks being complex and dynamic, the current system of spatial planning using static data (both spatial and aspatial) at scales which cannot capture the community dynamics are likely to have limited efficacy in safeguarding the society from potential future risks.

Owing to various expert inputs received by the Government from time to time, the Kerala Budget 2025-26 has made a strong commitment to promote 'spatial planning' in all developmental planning process. Through Rebuild Kerala Initiative, a range of studies have been undertaken to understand the changing nature of spatiality of development in the state. These include a 1) State of Urbanisation Report, 2) State Level Spatial Strategy and District Level Spatial Strategies for Idukki, Pathanamthitta, Alappuzha and Kottayam Districts (Pamba Basin Districts), 3) State of Data Report, 4) Risk Communication Strategy and 5) Place-based Innovations. These along with various short studies identified by the Kerala Urban Policy Commission are expected to offer a rich evidence base for policy makers at the state level and within the Local Government system on the key tenets of Kerala's transition into an urban society. These are expected to guide the decision makers on prospective policy, planning and monitoring tools required to anticipate and address various risks in real-time. The current signals offer a lot of hope for making our places resilient and communities thriving through further strengthening the local democracy in the state.

Urban Chair Professor, Kerala Institute of Local Administration

**10**

## Mainstreaming Urban Street Vending for Promoting Inclusive Urban Economic Growth

Dr. Bibin Thambi & Dr. N. Ajith Kumar

Street vending plays a crucial role in the urban informal economy, providing livelihoods to low-income populations while contributing to local economic development. However, urban planning constraints, limited policy attention, and regulatory challenges hinder its full potential. This study systematically assesses the implementation of street vending policies in Kerala's urban local bodies (ULBs), examining the status of vendor formalisation, policy gaps, and institutional challenges by using a mixed-method approach, including policy analysis, stakeholder interviews, and field surveys across multiple municipalities. The study finds that despite progressive legislative frameworks, significant gaps remain in policy execution. Vendor exclusion from planning processes, inadequate vending zones, and the absence of comprehensive rehabilitation strategies have limited the effectiveness of regulatory interventions. The study highlights the need for inclusive governance mechanisms, participatory

spatial planning, and the integration of street vending into urban development and local economic strategies. Policy recommendations include creating structured rehabilitation frameworks, enhancing vendor capacity-building, leveraging public-private partnerships, and integrating street vending into tourism and economic development initiatives. The findings emphasise the importance of mainstreaming street vending as a key component of inclusive urban growth, advocating for a shift from mere regulatory compliance to a holistic approach that fosters street entrepreneurship.

Centre for Socio-economic and Environmental Studies (CSES), Kochi.

**11**

# മെട്രോപൊളിറ്റൻ ആസൂത്രണ സമിതികളുടെ (എംപിസിയുടെ) സാദ്ധ്യതകളും വെല്ലുവിളികളും

റിബി റേച്ചൽ മാത്യു

നിർണയിക്കാനാവാത്ത തരത്തിൽ അതിരുകളുള്ള നഗര-ഗ്രാമ തുടർച്ചയും, ഉയർന്ന ജനസാന്ദ്രതയും മുഖമുദ്രയായ കേരളത്തിലെ സെറ്റിൽമെന്റ് പാറ്റേൺ മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഉയർന്ന തോതിൽ നഗരവൽക്കരണ സാദ്ധ്യതകളിലേക്കാണ് പഠനങ്ങൾ വിരൽ ചൂണ്ടുന്നതെന്കിലും ഇതൊരു ബഹുമുഖ പ്രക്രിയയാണ്. നഗരവൽക്കരണത്തിന്റെ വെല്ലുവിളികൾ സ്ഥലപരം, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം, പാരിസ്ഥിതികം, സാങ്കേതികം എന്നീ ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇത് സാമൂഹിക- സാമ്പത്തിക അവസരങ്ങൾ നൽകുന്നതോടൊപ്പം പാരിസ്ഥിതിക വെല്ലുവിളികൾ ഉയർത്തുന്നു. എന്നാൽ, ശക്തമായ spatial planning-ന്റെ അഭാവം മൂലം നിലവിലെ മിക്ക നഗരങ്ങളുടെയും സ്വാഭാവിക വളർച്ചക്ക് സർക്കാർ തലത്തിലുള്ള ഇടപെടലുകലെക്കാൾ പങ്കു വഹിച്ചിട്ടുള്ളത് റിയൽ എസ്റ്റേറ്റ് മേഖലയും സ്വകാര്യ സംരംഭങ്ങളുമാണ്. ഇത് അനുകൂലമായ സാമൂഹിക സാമ്പത്തിക അവസരങ്ങൾ നൽകുന്നതോടൊപ്പം തന്നെ അപ്രതീക്ഷിത പാരിസ്ഥിതിക വെല്ലുവിളികളും ഉയർത്തുന്നു. എന്നാൽ, ഉയർന്നുവരുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വെല്ലുവിളികൾ നേരിടുന്നതിനും സംസ്ഥാനത്തെ ചെറുതും വലുതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജ്ജമല്ല എന്നതാണ് വസ്തുത.

സ്ഥലലഭ്യത അനുദിനം കുറഞ്ഞ് ഭൂമി ഒരു ദുർലഭ വിഭവമായി മാറികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ ഭൂവിനിയോഗ ആസൂത്രണം പ്രധാനമാണ്. കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടാൻ പ്രാപ്തവും കാര്യക്ഷമവുമായ ഭൂവിനിയോഗം ഉറപ്പാക്കുന്ന സ്പേഷ്യൽ പ്ലാനിംഗ്, സുസ്ഥിര വികസനത്തിലേക്കുള്ള അനിവാര്യ ഘടകമായി നഗര ആസൂത്രണ മേഖലയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസൂത്രണസംവിധാനം, വാർഷിക പദ്ധതി, വാർഡ് തല അസൂത്രണപ്രക്രിയ എന്നിവയിൽ അതിഷ്ഠിതമാണ്. അതിനാൽ, സാമ്പത്തികസ്രോതസ്സുകളുടെ അപര്യാപ്തത മൂലം, പശ്ചാത്തല വികസനത്തിനായി കേന്ദ്ര ഫണ്ടുകളെയും MULTILATERAL ഫണ്ടുകളെയും അമിതമായി ആശ്രയിക്കേണ്ട സാഹചര്യമാണ്. ഇത്തരം ഫണ്ടുകൾ പലപ്പോഴും ഭരണപരിഷ്കാരങ്ങൾക്ക് ഊന്നൽ നൽകുന്നവയാണ്. അതിനാൽ പലപ്പോഴും spatial developments-ന്റെ പ്രാധാന്യം അവഗണിക്കപ്പെടുകയും ചെയ്യുന്നു. അതേ സമയം, നഗരത്തെ മുഴുവനായി ഉപ്പെടുത്തിയിട്ടുള്ളതും ഭൂവിനയോഗം മുൻനിർത്തിയുള്ള Master Plans തയ്യാറാക്കാനുള്ള ശ്രമങ്ങൾ അതിന്റെ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല. ഇത്തരം ഉദ്യമങ്ങൾ, പലപ്പോഴും വിവിധ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സങ്കേതിക കാരണങ്ങളാൽ, പ്രാ യോഗിഗത ഇല്ലാത്ത അക്കാദമിക് പ്രവർത്തനങ്ങളായി ചുരുങ്ങിപോകുന്നു.

ഈ സാഹചര്യത്തിൽ, കേരളത്തിലെ മൂന്ന് പ്രധാന നഗരങ്ങൾ കേന്ദ്രികരിച്ചു മെട്രോപൊളിറ്റൻ ആസൂത്രണ സമിതികൾ (എംപിസി) രൂപീകരിക്കാനുള്ള സർക്കാർ നിർദ്ദേശം സ്ഥലപരമായ ആസൂത്രണത്തിന് ഊന്നൽ നൽകി സമഗ്രമായ പ്രാദേശിക വികസനം ലക്ഷ്യമിടുന്ന ബദൽ പരീക്ഷണമായി കാണാൻ ശ്രമിക്കുകയാണ്.

അതേസമയം, എം.പി.സി. നഗരങ്ങളിൽ നിലവിലുള്ള സങ്കീർണമായതും പല തട്ടുകളുതുമായ ഭരണ സംവിധാനത്തിൽ ഒരു പുതിയ തട്ട് കൂടി രൂപീകരിക്കുകയും, നിലവിലെ ത്രിതല സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപരമായ അധികാരങ്ങളിൽ ഇടപെടുകയും ചെയ്യുമെന്ന് ആശങ്കയും പൊതു സമൂഹത്തിൽ ഉയർന്നു വരുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ, കൊച്ചിയെ ആസ്പദമാക്കി എംപിസിയുടെ സ്ഥാപന ചട്ടക്കൂടിനെ വിമർശനാത്മ

കമായി പരിശോധിക്കാൻ ഈ പഠനം ശ്രമിക്കുന്നു. ആസൂത്രണ, അടിസ്ഥാന സൗകര്യ വികസനം എന്നിവയുമായി ബന്ധപെട്ട് നിലവിലുള്ള ഏജൻസികളുമായുള്ള (DPC[1], KMTA[2], GCDA[3], മുതലായവ) MPC യുടെ സഹവർത്തിത്വം വിശകലനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആസൂത്രണ മേഖല, ഭരണപരമായ ഉത്തരവാദിത്തങ്ങളുടെ പങ്കിടൽ, പദ്ധതികൾക്കായുള്ള വരുമാന സ്രോതസ്സുകളുടെ സംയോജന സാദ്ധ്യതകൾ, വെല്ലുവിളികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പഠനം നടത്തുന്നത്.

1 Ernakulam District Planning Committee
2 Kochi Metropolitan Transport Authority (KMTA)
3 Greater Cochin Development Authority

ഈ പഠനത്തിന്റെ ലക്ഷ്യം എംപിസി സംവിധാനങ്ങൾക്കായി ഏതെങ്കിലും സ്ഥാപന ഘടന ശുപാർശ ചെയ്യുകയല്ല മറിച്ച്, നിലവിലുള്ള സങ്കീർണ്ണമായതും പല തട്ടുകളുമായ ഭരണ സംവിധാനത്തിലേക്ക് എംപിസി എന്ന ഒരു പുതിയ തട്ട് കൂടി അവതരിപ്പിക്കുമ്പോൾ ഉയർന്നുവരാൻ സാധ്യതയുള്ള ഭരണപരമായതും, സ്ഥലപരമായ ആസൂത്രണവുമായി ബന്ധപ്പെട്ടതുമായ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. എംപിസി രൂപികരണവുമായി ബന്ധപ്പെട്ട തുടർചർച്ചകൾക്കും നയരൂപീകരണത്തിനും ഈ പഠനം സഹായികമാകുമെന്ന് പ്രതീക്ഷിക്കുന്നു.

അർബൻ പ്രാക്ടീഷണർ

**12**

# കേരള പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി നിയമങ്ങളുടെയും അനുബന്ധ നിയമങ്ങളുടെയും ഭേദഗതി

ടി.കെ. സുജിത്ത്

കേരളത്തിന് ഇന്ന് അഭിമുഖീകരിക്കേണ്ടിവരുന്നത് മൂന്നാം തലമുറ വികസന പ്രശ്നങ്ങളാണ്. നമ്മുടെ നഗരങ്ങളെ അതിനനുസരണമായി വികസിപ്പിക്കേണ്ട ബാധ്യതയാണ് നമുക്കുള്ളത്. നഗരനയം, നഗരാസൂത്രണം, അനുബന്ധ നിയമ പരിഷ്കാരങ്ങൾ എന്നിവ ആ പശ്ചാത്തലത്തിൽ നാം പരിഗണിക്കണം.. കേരള സർക്കാരിന് മുന്നിലുള്ള നഗരനയം അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയുള്ള ചർച്ചകൾ നടക്കേണ്ടതുണ്ട്.

വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ പരിസ്ഥിതിക സംരക്ഷണ - കാലാവസ്ഥാ - ദുരന്തഅതിജീവന കാഴ്ചപ്പാടുകളിലൂന്നി തന്നെ നിറവേറ്റാനാകണം.. നഗരഭരണത്തിലെ ശേഷീ വികസനത്തിനായുള്ള ഇടപെടലുകളിലൂടെ സുസ്ഥിര നഗര വികസനവും പൗരന്മാരുടെ ജീവിത ഗുണതയും ജീവിതപരിസരവും മെച്ചപ്പെടുത്താനാകണം. കേരളത്തിന്റെ നവോദ്ധാന - പുരോഗമന - മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തന്നെ പുതു തലമുറ ആഗ്രഹിക്കുന്ന പൌര സ്വാതന്ത്ര്യം വ്യക്തിവികാസം സ്വകാര്യതാസങ്കൽപ്പങ്ങൾ മുതലായവ സംരക്ഷിക്കുന്ന നഗരജീവിതം ഉറപ്പാക്കണം. മലയാളിയെ വിശ്വമാനവികതയിലേക്ക് വാർത്തെടുക്കുന്ന ഇടങ്ങളായി നമ്മുടെ നഗരങ്ങൾ മാറണം. സുസ്ഥിര വികസനകാഴ്ചപ്പാട് നമ്മുടെ നയങ്ങളിലും നഗര നിയമങ്ങളിലും ഉൾച്ചേർക്കപ്പെടണം. സംസ്ഥാന നയത്തിന് അനുപൂരകമായി തദ്ദേശ സർക്കാർ തല നയരൂപീകരണ സംവിധാനങ്ങളുണ്ടായി വരണം, നമ്മുടെ നഗരഭരണ സംവിധാനങ്ങൾ ആ രൂപത്തിൽ വളരണം.

നഗരാസൂത്രണത്തിലെ വാർപ്പ് മാതൃകകൾക്ക് അപ്പുറത്തേക്ക്, കേരളത്തിലെ വർദ്ധിച്ചുവരുന്ന ടൂറിസം സാധ്യകളും ഇതര സംസ്ഥാന - ഇതര രാജ്യ കുടിയേറ്റ സാധ്യകളും കണക്കിലെടുത്ത്, ആഗോള നിലവാരമുള്ള നഗരാസൂത്രണത്തോടൊപ്പം നമ്മുടെ പരമ്പരാഗത രീതികളും കേരളത്തനിമയും അതിൽ ഉൾച്ചേർക്കുവാൻ കഴിയണം. ഓരോ നഗരത്തിനും നഗരാസൂത്രണ - നിർവ്വഹണത്തിനാവശ്യമായ വൈദഗ്ധ്യം ഉറപ്പാക്കാനാകണം. മുഴുവൻ കുടുംബങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വികസനാസൂത്രണത്തിന് സഹായകമായ ഡാറ്റാ ബേസ് സൃഷ്ടിച്ച് ഡാറ്റാ അനാലിസിസ്, ജി.ഐ.എസ്. സങ്കേതങ്ങളുടെ സഹായത്തോടെ വികസനാസൂത്രണം നിർവ്വഹിക്കുന്നതിനായി ഒരു ജനകീയ പ്രസ്ഥാനത്തിന് തുടക്കമിടാൻ കഴിയണം.

മൂന്ന് പതിറ്റാണ്ടായ നഗരപാലികാ നിയമത്തെ, അതത് സമയത്തെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഭേദഗതികൾ എന്ന ഏച്ചുകെട്ടലുകൾ ഒഴിവാക്കി മാറിയ നഗര നയത്തിനും മേൽപ്പറഞ്ഞ മൂന്നാം തലമുറ വികസന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന വിധത്തിലും സമഗ്രമായി പരിഷ്കരിക്കുന്നതിന് തുടക്കം കുറിക്കാനാകണം.

നഗരസഭാ സെക്രട്ടറി

13

# സാമൂഹ്യനീതി

കെ.എം. ഉഷ

സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ വികസനമാണ് സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും സ്വീകരിച്ചു വരുന്നത്.

### മുതിർന്ന പൗരന്മാരുടെ സമഗ്ര പദ്ധതി

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 2024 ൽ 17 പഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനാനുഭവത്തിന്റെയും, ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന 138 ഗ്രാമപഞ്ചായത്തുകളുടെയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു. ഇത്രയും അനുഭവ സമ്പത്തും പ്രവൃത്തിപരിചയവും, സംഘടനാ ശേഷിയും ഉള്ള ഇവരുടെ പ്രവർത്തനങ്ങൾക്കുള്ള നേതൃത്വം അവരിൽ തന്നെ നിക്ഷിപ്തമാകുന്ന സംവിധാനം ഉണ്ടാവണം.

- മുതിർന്നവരുടെ ചെറുകൂട്ടായ്മയും, വാർഡ്, പഞ്ചായത്ത് തല ക്ലബ്ബുകളും ഉണ്ടാവണം. ഇതിൽ മുതിർന്ന ആളുകൾ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.
- അവരുടെ പഞ്ചായത്ത് തല ക്ലബ്ബിന് നല്ല സൗകര്യത്തോട് കൂടിയ ഓഫീസ് സംവിധാനം ഉണ്ടാവണം. അവിടെ ആ പഞ്ചായത്തിലെ എല്ലാ മുതിർന്നവരെ സംബന്ധിച്ച വിവരവും അപ്ഡേറ്റായി ഉണ്ടാവണം. അത് ഒരു റിസോഴ്സ് സെന്ററായി, ഇൻഫർമേഷൻ സെന്ററായി, സഹായ കേന്ദ്രമായി, മോണിറ്ററിങ്ങിന്റെ ഇടമായി മാറണം.
- എല്ലാ ഗ്രാമപഞ്ചായത്തിലും മുതിർന്നപൗരന്മാരുടെ വിവരം അവരുടെ തന്നെ നേതൃത്വത്തിൽ ശേഖരിച്ച് മുതിർന്നവരുടെ സമഗ്ര സുസ്ഥിര വികസന പദ്ധതി ഉണ്ടാവണം.
- ഇത് ഓരോ പഞ്ചായത്തിലും തയ്യാറാക്കുന്നതിന്റെ മുന്നോടിയായി ഓരോ വയോജന കൂട്ടായ്മയിലും അവരുടേതായ പ്ലാൻ തയ്യാറാക്കണം. ഇത് പങ്കാളിത്തം ഉയർത്താൻ കൂടുതൽ തനത് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സഹായകമാകും. ഇത് ക്രോഡീകരിച്ചായിരിക്കണം വാർഡ്, പഞ്ചായത്ത് തല പ്ലാനുകൾ ഉണ്ടാകേണ്ടത്.
- പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്നത് ഒരു അംബ്രല്ലാ പദ്ധതി ആയിരിക്കണം. അതായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാപേരും നിർവ്വഹിക്കാനായി ഉപയോഗിക്കേണ്ടത്. അത് വഴി ഇന്റഗ്രേഷൻ ഉറപ്പ് വരുത്താനും കഴിയും.
- പഞ്ചായത്ത് അതിർത്തിയിൽ തന്നെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും റിട്ടയർ ആയവർ, നിലവിൽ ജോലി നോക്കുന്നവർ എന്നിവരുടെ സഹായത്തോടെ എല്ലാ മുതിർന്നവരുടെയും ഹെൽത്ത് സ്റ്റാറ്റസ് തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് പ്ലാനും, ഹെൽത്ത് മോണിറ്ററിങ്ങ് പ്ലാനും ഉണ്ടാവണം.
- എല്ലാ ബ്ലോക്ക് പഞ്ചായത്തിലും, ജില്ലാതലത്തിലും മുതിർന്ന പൗരന്മാരുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ട റിസോഴ്സ് സെന്ററുകൾ ഉണ്ടാവണം.
- മുതിർന്നവർക്ക് വേണ്ട എല്ലാവിധ സേവനങ്ങളും നൽകാനുള്ള ട്രെയിൻഡ് ഗ്രൂപ്പിന് രൂപം നൽകണം.
- പഞ്ചായത്ത് തല ക്ലബ്ബിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ഒരു ഫെസിലിറ്റേറ്ററെ വയ്ക്കാൻ കഴിയണം.

മുതിർന്നവരുടെ ക്ഷേമ പരിചരണം ഉറപ്പാക്കുന്നതിനോടൊപ്പം, സജീവത നിലനിർത്താൻ, ശാരീരികവും, മാനസ്സികവുമായ ആരോഗ്യം ഉറപ്പ് വരുത്താൻ, വിനോദത്തിനുള്ള പരിപാടികൾ, വരുമാന പരിപാടികൾ ഒക്കെ ഉറപ്പ് വരുത്താൻ കഴിയണം.

### ഭിന്നശേഷിക്കാർ

ഒരു പഞ്ചായത്തിൽ പരമാവധി 300 പേരൊക്കെയേ ഉണ്ടാവാൻ സാധ്യതയുള്ളൂ. അവരുടെ വ്യക്തിഗത പ്ലാൻ, കുടുംബപ്ലാൻ എന്നിവ തയ്യാറാക്കി പഞ്ചായത്തിന്റെ സമഗ്ര പദ്ധതി തയ്യാറാക്കാൻ കഴിയണം.

ഈ പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹ്യനീതി വകുപ്പിന്റെ ടെക്നിക്കൽ സപ്പോർട്ട് അനിവാര്യമാണ്. അതിന് പ്രത്യേകം വിഭാഗം ഉണ്ടാവണം.

പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

# 14

## സാമൂഹ്യനീതി

മുഖ്യ അവതരണം – മിനി സുകുമാർ

**ആമുഖം**

സമത്വം, ന്യായം, മാനവികത, ഉത്തരവാദിത്തം എന്നിവയിലൂന്നി എല്ലാ വിഭാഗം മനുഷ്യരേയും ചേർത്തുപിടിക്കുന്ന പ്രക്രിയയെ സാമൂഹ്യനീതി എന്ന് പറയുന്നു. "1950 ജനുവരി 26ന് നമ്മൾ വൈരുധ്യമാർന്ന ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. രാഷ്ട്രീയത്തിൽ നമുക്ക് തുല്യതയുണ്ടാകും. എന്നാൽ, സാമൂഹിക - സാമ്പത്തിക ജീവിതത്തിൽ നമുക്ക് അവശേഷിക്കുക അസമത്വമായിരിക്കും." - ഡോ. അംബേദ്കർ ഭരണഘടന നിർമാണ സഭയിൽ അവതരിപ്പിച്ച അവസാന പ്രസംഗങ്ങളിൽ നിന്നുള്ളവയാണ് ഈ വാക്കുകൾ. ചരിത്രപരമായി നമുക്ക് തുല്യതാബോധം ഉണ്ടായിട്ടില്ലെന്നും, അതെങ്ങനെ സാമൂഹിക - സാമ്പത്തിക ജീവിതത്തെ ബാധിക്കുമെന്നുമുള്ള രൂക്ഷ വിമർശനമാണ് അദ്ദേഹത്തിന്റെ വാക്കുകൾ. ഇത്തരമൊരു വിഷയം മാർക്സ് 1830-കളിൽ അവതരിപ്പിക്കുന്നുണ്ട്, "from each according to his ability, to each according to his needs". നാളിതുവരെ നമ്മൾ ആർജ്ജിച്ച സാമൂഹിക ബോധം എത്രമാത്രം സാമൂഹിക നീതിയിലേക്ക് ഐക്യത്തിലേക്ക് നയിച്ചിട്ടുണ്ടെന്ന് വിലയിരുത്തേണ്ടത് സാമൂഹിക ജീവി എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തമാണ്.

**ഭരണഘടനയും സാമൂഹ്യനീതിയും**

1. **ആമുഖം:** ഭരണഘടനയുടെ ആമുഖത്തിൽ തന്നെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇവ മൂന്നും കൂടി ചേരുന്നതാണ് സാമൂഹ്യനീതി എന്ന് വിശദീകരിക്കുന്നു.
2. **മൗലികാവകാശങ്ങൾ:** അനുച്ഛേദം 14, 15, 16, 17 എന്നിവ ഭരണഘടന അവകാശങ്ങളായി ഉൾചേർത്തു. അതിലൂടെ സമത്വം, വിവേചനം നിരോധിക്കുകയും, തുല്യ അവസരങ്ങൾ സൃഷ്ടിക്കുകയും, അയിത്തം നിരോധിക്കുകയും ചെയ്തു. ഇതെല്ലാം ഇന്ത്യൻ പൗരന്മാർക്ക് ലഭിക്കുന്ന ഭരണഘടന അവകാശങ്ങളായി.
3. **നിർദ്ദേശക തത്വങ്ങൾ:** സാമൂഹ്യനീതി ഉറപ്പിക്കുന്നതിനായി സ്റ്റേറ്റ് എന്തെല്ലാം രീതിയിൽ നയപരമായി ഇടപെടണമെന്ന് വിശദീകരിക്കുന്നതാണ് നിർദ്ദേശക തത്വങ്ങൾ. രാജ്യത്തെ സാധാരണ മനുഷ്യ ജീവിതങ്ങൾക്ക് താങ്ങും തണലുമായി രാഷ്ട്രീയ ഭരണകൂട സംവിധാനങ്ങൾ നിലക്കൊള്ളുന്നതിനുള്ള മാർഗ്ഗരേഖയായാണിത്.

എല്ലാ അർത്ഥത്തിലും സാമൂഹ്യനീതി ഉറപ്പ് വരുത്തുന്നതിനായുള്ള മാർഗ്ഗങ്ങൾ ഭരണഘടന മുന്നോട്ട് വയ്ക്കുന്നുണ്ട്. എത്രമാത്രം നമുക്ക് അതിന്റെ ആശയങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞു എന്നത് വിമർശനാത്മകമായി വിലയിരുത്തണം.

**സാമൂഹ്യനീതിയും കേരളവും**

മനുഷ്യർ ആത്യന്തികമായി രാഷ്ട്രീയ ജീവികളാണെന്ന് പറഞ്ഞ അരിസ്റ്റോട്ടിലിന്റെ വാക്കുകളോട് കൂറു പുലർത്തുന്ന നാടാണ് കേരളം. ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭരണഘടന ഭേദഗതികളെ തുടർന്ന് നിലവിൽ വന്ന പഞ്ചായത്തിരാജ് നഗരപാലിക സംവിധാനത്തിന് ആവശ്യമായ ചുമതലകൾ, വിഭവങ്ങൾ, ഉദ്യോഗസ്ഥർ എന്നിവ പ്രദാനം ചെയ്ത് കഴിഞ്ഞ 25 വർഷത്തിലധികമായുള്ള വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിത നിലവാരം, സദ്ഭരണം, സന്തുലിത വികസനം എന്നീ മേഖലകളിൽ മാതൃകയാവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണം, സാക്ഷരത പ്രവർത്തനം, കർഷക - രാഷ്ട്രീയ സമരങ്ങൾ എന്നിവ കേരളീയ സമൂഹത്തെ രാഷ്ട്രീയവത്കരിക്കുകയും അവകാശബോധമുള്ളവരാക്കുകയും ചെയ്തു. സമൂഹത്തിൽ നടക്കുന്ന ജയാപജയങ്ങളെ വസ്തുനിഷ്ഠമായും നീതിപൂർണമായും വിലയിരുത്താൻ വേണ്ട രാഷ്ട്രീയ-സാമൂഹിക ബോധ്യം മനുഷ്യരിൽ ഉണ്ടായി എന്നത് മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത നേട്ടമാണ്. നമുക്കത് നിലനിർത്താൻ കഴിഞ്ഞോ?

കേരളത്തിന്റെ പ്രത്യേകത നമ്മൾ രൂപപ്പെടുത്തിയെടുത്ത അത്തരമൊരു സോഷ്യൽ ഫാബ്രിക് ആണ്. അത് സമൂഹ്യനീതിയിൽ അധിഷ്ഠിതമാണ്. ദുരന്തമുഖത്ത് കേരളം ഒത്തുകൂടുന്നത്, നമ്മുടെ വീടുകളിലെന്ന പോലെ മറ്റ് മനുഷ്യരുടെ യാതനകളെയും പരിഗണിക്കുന്ന, കേൾക്കുന്ന, അതിനു വേണ്ടി നിലകൊള്ളുന്ന ഒരു വിഭാഗം മനുഷ്യർ മുന്നോട്ട് വയ്ക്കുന്നത് തുല്യതയാണ്, സഹോദര്യമാണ്. നീതിയുടെ അടിസ്ഥാനം അതാണല്ലോ. ഒരു ദുരന്ത മുഖത്ത് കേരളം ഒരുമിക്കുകയും കൈമെയ്യ് മറന്ന് സ്വയം സന്നദ്ധരായി പ്രവർത്തനോന്മുഖമാവുക എന്നിവയെല്ലാം ഒരു സമൂഹം എന്ന നിലയിൽ കേരളം ലോകത്തിന് കാണിച്ച മാതൃകകൾ ആണ്. "A just society is a compassionate society" എന്ന് ഡോ. അംബേദ്കർ പറഞ്ഞത് വിസ്മരിച്ചുകൂട.

**സാമൂഹ്യനീതിയും മനുഷ്യരും**

പ്രത്യേക പരിഗണന കിട്ടേണ്ട ജനവിഭാഗങ്ങൾ നമുക്ക് കൂടെയുണ്ട്.

1. പട്ടിക ജാതി, പട്ടിക വർഗ്ഗം
2. ന്യൂനപക്ഷം

3. ഭിന്നശേഷി
4. ലിംഗ ലൈംഗിക വിഭാഗം (LGBTQIA+)
5. സ്ത്രീകൾ, കുട്ടികൾ
6. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർ
7. തദ്ദേശീയ ജനത
8. കുട്ടികളും യുവജനങ്ങളും
9. വയോധികർ
10. ഇന്റർസെക്ഷണൽ ഐഡന്റിറ്റി

സാമൂഹിക വ്യവസ്ഥിതിയിൽ ജീവിക്കുന്ന വിവിധ ജനവിഭാഗങ്ങളെ ചേർത്തുപിടിക്കുന്നതിനുള്ള നിരവധി പദ്ധതികൾ പല സർക്കാർ വകുപ്പുകൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്നുണ്ട്. അതിന്റെ കാര്യക്ഷമമായ വിലയിരുത്തലും വിമർശനങ്ങളും ഉണ്ടാകണം. അതിന്റെ അടിസ്ഥാനത്തിൽ നയപരമായ മാറ്റങ്ങൾ ഉണ്ടാകണം. പദ്ധതി ആവിഷ്കരണത്തിലും നിർവ്വഹണത്തിലും കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണ്.

### സാമൂഹ്യനീതിയും തദ്ദേശഭരണവും ഭാവിയിൽ

1. **പുതിയ തലത്തിലുള്ള സാമൂഹിക ഉൾച്ചേർക്കൽ പ്രക്രിയയും പദ്ധതികളും**

- നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ അവലോകനം, വിലയിരുത്തൽ എന്നിവ കാര്യക്ഷമമായി നടപ്പാക്കുക.
- പദ്ധതി നിർവ്വഹണത്തിലെ ഗ്യാപ് കണ്ടെത്തുക.
- ഇന്റർസെക്ഷണൽ സമീപനം ഉണ്ടാകണം. പ്രായമായ ഭിന്നശേഷിയുള്ള വ്യക്തികൾ, ഭിന്നശേഷിയുള്ള ലിംഗ ലൈംഗിക വിഭാഗം, വിധവയായ ഭിന്നശേഷി സ്ത്രീകൾ, രക്ഷകർത്താക്കൾ ഇല്ലാത്ത കുട്ടികൾ, അങ്ങനെ നിരവധി ഇന്റർസെക്ഷനൽ സമീപനം ആവശ്യാനുസരണം പദ്ധതി രൂപീകരണത്തിനായി ഉപയോഗിക്കണം.

2. **തദ്ദേശസ്ഥാപന തലത്തിലെ പിന്തുണാ സംവിധാനം മെച്ചപ്പെടുത്തൽ**

- സാമൂഹ്യനീതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കണം. അതിൽ ജനകീയ പങ്കാളിത്തം ഉണ്ടാകണം.
- ഗുണഭോക്തൃ ലിസ്റ്റ് കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യണം. അവരുടെ ഡിജിറ്റൽ റിപോസിറ്ററി ഉണ്ടാകണം. അതിനായി സർവേ സംഘടിപ്പിക്കണം. വ്യക്തിഗത കെയർ പ്ലാനുകൾ തയ്യാറാക്കണം.
- ഡെവലപ്മെന്റൽ ഡിസബിലിറ്റിയുള്ള കുട്ടികളുടെ സർഗ്ഗാത്മക വികസനത്തിനുള്ള സംവിധാനം ഉണ്ടാകണം. കുട്ടികൾ സമൂഹ്യസ്വത്ത് എന്ന ആശയത്തിലേക്ക് എത്തിച്ചേരണം.
- പാലിയേറ്റീവ് കെയർ മോഡൽ മറ്റ് സാമൂഹ്യനീതി മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കണം. അതിനായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സന്നദ്ധ സംഘടനകളുടെയും NGO/CBOകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.
- കെയർ പ്രൊവൈഡമാർക്കുള്ള കാര്യശേഷി വികസനം നൽകണം.
- വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളുടെ സംയോജനം ഉറപ്പാക്കണം.
- താത്കാലികമായി തദ്ദേശസ്ഥാപന പരിധിയിൽ താമസിക്കുന്നവരെ, പ്രധാനമായും, പാർശ്വവത്കൃത ജനവിഭാഗത്തെ, തദ്ദേശ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പദ്ധതികളിൽ ഉൾചേർക്കണം.
- വികസനവിളംബം (developmental Delay) ഉള്ള കുട്ടികളെ നേരത്തേ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കണം.പരിഹാര നടപടികൾ സ്വീകരിക്കണം
- ഭിന്നശേഷിത്വം തടയുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കണം. ഇത് കൗമാരം, വിവാഹം, ഗർഭധാരണം, പ്രസവം എന്നീ വിവിധ ഘട്ടങ്ങളിലെ സൂക്ഷ്മ ഇടപെടലുകളിലൂടെ സാദ്ധ്യമാക്കാം.
- സഹായക ഉപകരണങ്ങൾ (Assistive devices) ആവശ്യമുള്ള മുഴുവൻ ആളുകൾക്കും അവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം
- മുഴുവൻ ജന വിഭാഗങ്ങൾക്കും എല്ലാ പൊതു സംവിധാനങ്ങളിലും തടസ്സ രഹിത പ്രാപ്യത ഉറപ്പാക്കണം

3. **കമ്മ്യൂണിറ്റി ലെവൽ ചർച്ചകളും പ്രവർത്തനങ്ങളും**

- നിയമ - അവകാശ ബോധം വളർത്തിയെടുക്കുക. ഭരണഘടന ഉറപ്പു നൽകുന്ന സാമൂഹ്യനീതി കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക. ചർച്ചകളും പ്രവർത്തനങ്ങളും ഉണ്ടാവുക.
- സിറ്റിസൺ - സിറ്റിസൺ കണക്ട് അനിവാര്യമാണ്. അതിലൂടെ ഈ പ്രവർത്തനങ്ങൾക്ക് സുസ്ഥിരത (സോഷ്യൽ സസ്റ്റൈനബിലിറ്റി) ഉണ്ടാകും. സേവന തൽപരരായ കൂടുതൽ മനുഷ്യരെ സാമൂഹ്യസേവന രംഗത്തേക്ക് ഉൾച്ചേർക്കണം.
- ഇന്റഗ്രേറ്റഡ് സമീപനം ഉണ്ടാകണം. സാമൂഹ്യനീതിയുടെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന വേണ്ട നിരവധി ജനവിഭാഗങ്ങളുണ്ട്. അത് ടാർഗറ്റ് ഗ്രൂപ്പുകൾ ആണെങ്കിലും, പല ജനവിഭാഗങ്ങളെയും ഒരുമിച്ചിരുത്തുമ്പോൾ കൂടുതൽ സാമൂഹിക ബോധം സൃഷ്ടിക്കാൻ കഴിയും.

### പ്രാമുഖ്യം നൽകേണ്ട മേഖലകൾ

- ന്യൂനപക്ഷം
- ഭിന്നശേഷി
- സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർ
- തദ്ദേശീയ ജനത
- വയോധികർ

15

## Community-Centered Approach to Assistive Device Availability: A Participatory Model

C. Chandrababu, Vidhupriya K K

**Background:**

Kerala's People's Plan Programme, initiated in 1996, marked a significant shift towards decentralized planning and participatory democracy in India. The program devolved 35% of the state development budget to local governments, with 5% specifically allocated for persons with disabilities, demonstrating Kerala's commitment to inclusive development.

**Objectives:**

To evaluate the role of the National Institute of Physical Medicine and Rehabilitation (NIPMR) as an authorizing agency for direct supply of assistive devices to local bodies in Kerala, and to assess the implementation of WHO's Training in Assistive Products (TAP) project.

**Methods:**

The study examined NIPMR's direct supply model and its collaboration with local self-government institutions. It also analyzed the implementation of the WHO TAP project in Aloor Gramapanchayath, Thrissur district, including the training cascade from regional implementing agency (Mobility India) to community learners.

**Results:**

NIPMR successfully established a direct supply model that improved efficiency and customization of assistive devices. The institute's qualified professionals provided expertise in device selection and adaptation. Through the WHO TAP project, 11 NIPMR staff members were trained as mentors, who subsequently trained 20 student learners and 76 community learners, creating a sustainable knowledge transfer system.

**Conclusion:**

The partnership between NIPMR and local self-government institutions has created an effective, community-centered model for assistive device distribution. This approach optimizes affordability, availability, and accessibility while maintaining quality standards, ultimately fostering a more inclusive society for individuals with disabilities in Kerala.

Keywords: Assistive Devices, Disability Inclusion, Participatory Planning, Local Governance, Rehabilitation

C Chandrababu, Executive Director, NIPMR (9446389848)
Vidhupriya K K, Associate Professor (P&O) (9122688228)

16

# സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രാദേശിക ഭരണം

കെ.ബി. മദൻ മോഹൻ

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രാദേശിക വികസന സമീപനമാണ് കേരള അനുവർത്തിക്കുന്നത്. ഇത് പൂർണ്ണ അർത്ഥത്തിൽ സാധ്യമാകണമെങ്കിൽ സാമൂഹ്യനീതി ഉറപ്പ് വരുത്തേണ്ട ഓരോരുത്തരോടും ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണതലം എന്നനിലയിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ തന്നെ ആസൂത്രണവും നിർവ്വഹണവും നടക്കണം. എന്ന് കരുതി മുകൾ തലത്തിന് ഉത്തരവാദിത്വമില്ലായെന്നല്ല അർത്ഥമാക്കുന്നത്. ഇവിടെ അത്തരത്തിൽ പ്രാദേശികമായി ഇടപെടേണ്ട ചില വിഭാഗങ്ങളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

### മുതിർന്ന പൗരന്മാർ

1. മുതർന്നവർക്ക് സന്തോഷത്തോടും, സാമാധാനത്തോടും ജീവിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനും, മുതിർന്നവർ സദാ സജീവമായിരിക്കാനും, പരിചരണ ഉത്തരവാദിത്വം, സമൂഹത്തിനും കുടുംബത്തിനും ആയിരിക്കുന്ന രീതിയിൽ ഇടപെടാനും പ്രാദേശിക സർക്കാരുകൾക്ക് കഴിയും. അതിന്:-
   - മുതിർന്നവരെ ചേർന്ന് ചെറുകൂട്ടായ്മകളും, വാർഡ്, പഞ്ചായത്ത് ക്ലബ്ബുകളും രൂപീകരണം. അവർതന്നെ അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും വേണം.
   - ഇതിന്റെ പ്രവർത്തനത്തിന് പ്രത്യേകം ബൈലോ വേണം.
   - അവരുടെ നേതൃത്വത്തിൽ വിവരശേഖരണം നടത്തി കൂട്ടായി ചർച്ച ചെയ്ത് ചെറുകൂട്ടായ്മകളിലും, വാർഡ് തലത്തിലും പ്ലാനുകൾ തയ്യാറാക്കണം. അത് ക്രോഡീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിൽ മുതിർന്നവർക്കുള്ള സമഗ്ര സുസ്ഥിര വികസന പരിപാടിക്ക് രൂപം നൽകണം. ഇതിൽ, ആരോഗ്യം, വിനോദം, തൊഴിൽ, വരുമാനം, ക്ഷേമപരിചരണം, പരിജ്ഞാനം, തർക്കപരിഹാരം, വയോസൗഹൃദ സ്ഥാപന പ്ലാൻ, ദുരന്തത്തിൽ മുതിർന്നവരെ പരിഗണിക്കാനുള്ള മുൻകരുതൽ പ്ലാൻ തുടങ്ങിയവ ഉണ്ടാവണം.
   - ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം വകുപ്പിന്റെ, സർക്കാരിന്റെ പ്ലാനുകൾ രൂപപ്പെടുത്തേണ്ടത്..
   - ഇത് ഒര് അംബ്രല്ലാപദ്ധതി എന്ന നിലയിൽ പ്ലാനായിരിക്കണം ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരും നിർവ്വഹിക്കാനായി ഉപയോഗിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു നിർവ്വഹണ പ്ലാനും ഉണ്ടാവണം.
   - ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ വേണ്ട പിൻതുണ നൽകാൻ കഴിയുന്ന തരത്തിൽ സാമൂഹ്യനീതി വകുപ്പിൽ റിസോഴ്സ് ടീം, റിസോഴ്സ് സെന്റർ, മോണിറ്ററിങ്ങ് സംവിധാനം എന്നിവ ഉണ്ടാവണം.

### ഭിന്നശേഷിക്കാർ

ഓരോ വ്യക്തിയുടേയും പ്രശ്നങ്ങൾ, അവരുടെ കുടുംബത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് പ്രാദേശികമായി ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകി നിർവ്വഹിക്കാനാവണം. അതിൽ അവരുടെ ചികിത്സ ഭക്ഷണം, പഠനം, വിനോദം, തൊഴിൽ, വീട്ടിലെ സൗകര്യങ്ങൾ, പരിചരണം, കൗൺസിലിങ്ങ്, കുടുംബത്തിന്റെ വരുമാനം, യാത്രാ സൗകര്യം ഡേ കെയറുകൾ അതിനനുസരിച്ച് ഓഫീസ്സുകളിൽ സ്ഥാപനങ്ങളിൽ വരുത്തേണ്ട മാറ്റം തുടങ്ങി എല്ലാ ഘടകങ്ങളും ഉണ്ടാവണം. ഇത് ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സമഗ്ര പ്ലാൻ തയ്യാറാക്കണം. ഇത് കൂട്ടായി നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ ഒരു നിർവ്വഹണ പ്ലാനും, ഒരു വിഭവസമാഹരണ പ്ലാനും ഉണ്ടാവണം.

### പൊതുവിൽ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിഭവസമാഹരണ പ്ലാനുമായി ബന്ധപ്പെട്ട് സംഭാവന നൽകാൻ താൽപ്പര്യമുള്ള എല്ലാ അക്കാഡമിക് സ്ഥാപനങ്ങളേയും മനുഷ്യവിഭവത്തേയും സാമൂഹ്യനീതി വകുപ്പിലും, ഡി.പി.സി തലങ്ങളിലും കൂട്ടിയോജിപ്പിക്കണം.
- കൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ നല്ല മാതൃകകൾ ലോകത്ത് എവിടെയുണ്ടെങ്കിലും ശേഖരിച്ച് താഴെ തലത്തിൽ ലഭ്യമാക്കണം.
- ഇതിന്റെ അടിസ്ഥാനത്തിൽ വയോജന സംസ്ഥാന നയം പരിഷ്ക്കരിക്കണം, ഭിന്ന ശേഷി നയത്തിന് രൂപം നൽകണം.

---

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

17

# Evaluating Kerala's Local Self-Government Policies for Transgender Inclusion: Gaps, Challenges, and the Path Forward

Dr Anishia Jayadev, Rajathi Johnson & Jayalakshmi

Kerala has been recognized as a pioneering state in India for its progressive transgender-inclusive policies, particularly within the Local Self-Government Department (LSGD). However, despite policy advancements, the institutional, economic, and social integration of transgender individuals remains inadequate, revealing critical gaps between policy formulation and implementation. This study critically examines Kerala's LSGD transgender policies, assessing their effectiveness in ensuring socio-economic empowerment, healthcare access, legal protection, and political representation at the local governance level.

While existing frameworks acknowledge transgender individuals as stakeholders in governance, structural limitations persist. Unlike Anganwadi and ASHA workers, transgender community workers lack institutional recognition, financial remuneration, and structured employment pathways within LSGD frameworks. Additionally, despite policy provisions for housing, healthcare, and vocational training, funding inconsistencies, bureaucratic inefficiencies, and socio-cultural resistance continue to hinder meaningful inclusion. A key area of concern is the absence of a gender-responsive budgetary allocation, leading to policy tokenism rather than systemic integration. Moreover, legal frameworks, while progressive in principle, lack on-ground enforcement mechanisms, leaving transgender individuals vulnerable to discrimination, economic precarity, and exclusion from mainstream welfare schemes.

This paper argues that the future trajectory of transgender-inclusive local governance in Kerala must move beyond symbolic policy measures toward practical, evidence-based interventions. Critical areas for future policy development include: (1) the institutionalization of transgender workers as community health and social welfare professionals, (2) the introduction of a dedicated social security and pension scheme, (3) mandated transgender representation in LSGD decision-making bodies, (4) increased funding for skill development and microfinance initiatives, and (5) the creation of legally binding anti-discrimination enforcement mechanisms at the local level.

By embedding transgender inclusion within Kerala's decentralized governance framework, LSGD policies can evolve from performative inclusivity to substantive socio-economic empowerment. This study contributes to the broader discourse on gender-responsive local governance, intersectional policy design, and the role of subnational governments in fostering social justice for marginalized communities.

# തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും

## 18

## പ്രാദേശിക വികസനവും തൊഴിലും

രവിരാമൻ

കേരളത്തിൽ അടുത്ത കാലത്തായി ഉണ്ടായ വികസന വഴിത്തിരിവ് അഭിമാന അർഹമായ രീതിയിൽ മുന്നോട്ട് പോയിട്ടുണ്ട്. അതിന്റെ ഗുണ ഫലങ്ങൾ കേരളത്തിൽ പല മേഖലകളിലും എന്ന പോലെ പ്രാദേശിക വികസനത്തിലും ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഒരു പ്രതിഫലനമാണ് കേരളത്തിലെ ഗ്രാമ- നഗര പ്രദേശങ്ങൾ തമ്മിലുള്ള ഉപഭോഗ അസമത്വം കുറഞ്ഞു വരുന്നതിലൂടെ കാണാൻ കഴിയുന്നത്. കേരളത്തിലെ തൊഴിൽ മേഖലയിലും ഈ വളർച്ചയുടെ മാറ്റങ്ങൾ കാണാൻ കഴിയും കേരളത്തിലെ പല മേഖലയിലും തൊഴിൽ അവസരങ്ങൾ കൂടിയിട്ടുണ്ട് എന്ന് മാത്രം അല്ല കേരളത്തിൽ ജോലി ചെയ്യുന്ന അഥിതി തൊഴിലാളികളുടെ എണ്ണത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കാര്യമായി കുറച്ചുകൊണ്ടു വരാൻ ഇടതുപക്ഷ സർക്കാരിന് സാധിച്ചിട്ടുണ്ട്. തൊഴിൽ സൃഷ്ടിക്കുന്നതിലെ സമാന പ്രവണതയാണ് പീരിയോഡിക് ലേബർ ഫോഴ്സ് സർവേയും (PLFS) സൂചിപ്പിക്കുന്നത്. ഇതുപ്രകാരം വലിയ ഒരു ശതമാനം തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (MGNREGA) യും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വഴിയും (AUEGS) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. അതുപോലെതന്നെ KASE, K-DISC, ASAP എന്നിവയിലൂടെ സർക്കാർ യുവാക്കൾക്ക് നൈപുണി പരിശീലനം നൽകുകയും അവരെ തൊഴിലിന് പ്രാപ്തരാക്കുകയും ചെയ്യുന്നത് പ്രാദേശിക വികസനത്തിലേക്ക് നയിക്കുന്നുണ്ട്.

ചെറിയ കാലയളവിനുള്ളിൽ സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (MSME) എണ്ണത്തിലുണ്ടായ വൻ വർധനവും വർദ്ധനവും ശ്രദ്ധാർഹമാണ്. ഇത്തരം MSME കൾ പ്രാദേശിക വികസനത്തിനും തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്.

പ്രാദേശിക വികസനത്തിലൂടെ തൊഴിൽ ലഭ്യമാകുന്നതിന്റെ സാധ്യത വലുതാണ്. കേവലം പ്രാദേശിക തലത്തിൽ മാത്രം ഒതുങ്ങാതെ ഇത്തരം വികസനത്തെ ദേശീയ തലത്തിലും ആഹോള തലത്തിലും വിപണിയുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. സമൂഹത്തിനു ദോഷം വരാത്ത രീതിയിൽ ഉള്ള സ്ഥായിയായ വികസന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യാവുന്നതാണ്. പ്രാദേശിക തലത്തിലുള്ള സുസ്ഥിര വികസന സൂചികകളിലും (SDG goals) കാര്യമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്.

പ്രാദേശിക വികസനത്തിനു വേണ്ടി ഗ്ലോബൽ സപ്ലൈ ചെയ്നുമായി പ്രാദേശിക സമ്പത്ത് വ്യവസ്ഥയെ ബന്ധിപ്പിക്കണം- ഇത് പ്രാദേശിക സ്വാശ്രയത്വം ഉറപ്പാക്കികൊണ്ടായിരിക്കണം. പക്ഷെ ഇത് പൂർണമായും വിപണിക്ക് വിട്ടുകൊടുക്കാതെ സർക്കാരും കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു സമീപനമാണ് കേരളം കൈക്കൊണ്ടിരിക്കുന്നത്.

## 19

## പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലും

മുഖ്യ അവതരണം – ഡോ. ശ്രീകല. പി. എസ്

ജനകീയ ആസൂത്രണത്തെ തുടർന്ന് വികസിപ്പിച്ചെടുത്ത കേരള മോഡൽ വികേന്ദ്രീകൃതാസൂത്രണം വികസനത്തിൽ താഴെത്തട്ടു മുതൽ ജനപങ്കാളിത്തത്തിൽ ഊന്നിയ വികസനത്തിന്റെ ഒരു സവിശേഷ മാതൃക വിജയിപ്പിച്ചതിലൂടെ വേറിട്ടു നിൽക്കുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യവികസനത്തിലൂടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെയും ക്ഷേമം അഭിസംബോധന ചെയ്യുന്നതിലൂടെയും അടിസ്ഥാനതലത്തിൽ തുല്യതയും ഒപ്പം സുസ്ഥിരതയും കൈവരിക്കാൻ ഇതുവഴി കഴിഞ്ഞു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സംവിധാനം അതിന്റെ പൂർവ്വകാല

മുൻഗണനകൾക്ക് ഉപരിയായി സാമ്പത്തിക ശാക്തീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സേവന വിതരണത്തിന്റെ അനുബന്ധ മേഖലകൾക്കും തുല്യമായ ശ്രദ്ധ നൽകണം. അതിലേക്ക് സാമ്പത്തിക ഉൾച്ചേർക്കൽ (financial inclusion), നൈപുണ്യ വികസനം (skill development), സംരംഭകത്വ വികസനം (entrepreneurship development), തൊഴിൽ സൃഷ്ടി (employment generation), അടിസ്ഥാന സൗകര്യ വികസനം (infrastructure development) എന്നിങ്ങനെ സാമ്പത്തിക ശാക്തീകരണത്തിന് (economic empowerment)ഊന്നൽ നൽകുന്ന പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്. ഉയർന്ന തലങ്ങളിൽ വളർച്ചയുമായി ബന്ധപ്പെട്ട നവീകരണത്തിന്റെ വശങ്ങളായ മൂല്യസൃഷ്ടി, വൈവിധ്യവൽക്കരണം, സുസ്ഥിരത എന്നിവ ഇതിൽ ഉൾപ്പെടുന്നു ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കേന്ദ്രബിന്ദുവായി പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലും ഉയർന്നു വന്നിട്ടുണ്ട്.

കേരളം സ്ഥൂലതലത്തിൽ (macro level) വികസന വ്യവസായങ്ങളിൽ ഊന്നിയ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യ, ജൈവശാസ്ത്രത്തിന്റെയും സൂര്യോദയ മേഖലകളിലെയും പുതിയ തരംഗങ്ങളിൽപ്പെട്ട സാങ്കേതികവിദ്യകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം വൻകിട വ്യവസായങ്ങൾ, രാസ വ്യവസായങ്ങൾ എന്നിവയെക്കാൾ ആയുർവേദ മെഡിക്കൽ സേവനങ്ങൾ, തീർഥാടനം, ഹോസ്പിറ്റാലിറ്റി വ്യവസായം, സാമ്പത്തിക മേഖല തുടങ്ങി സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ ടൂറിസം എന്നിവയിൽ ആയിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. നമുക്ക് ലഭ്യമായ പ്രകൃതി വിഭവങ്ങളുടെ പരിമിതിയോടൊപ്പം പാരിസ്ഥിതിക ആശങ്കകളും നിലനിൽക്കുമ്പോഴും നമ്മുടെ പ്രകൃതി സൗന്ദര്യം, അനുകൂലമായ കാലാവസ്ഥ, അതുല്യമായ സാംസ്കാരിക പൈതൃകം, മനുഷ്യ വിഭവ ശേഷി എന്നിവയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുക എന്നത് പ്രധാനമാണ്.

വിജ്ഞാന വ്യവസായങ്ങളിലും സൂര്യോദയ മേഖലകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു സ്ഥൂല വികസന തന്ത്രം തീരുമാനിച്ചശേഷം വലിയ വ്യവസായങ്ങൾ, ബാഹ്യനിക്ഷേപം, സർക്കാർ പ്രോത്സാഹനങ്ങൾ, സബ്സിഡികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പരമ്പരാഗത പ്രാദേശിക സാമ്പത്തിക വികസന തന്ത്രം കേരളത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബാഹ്യ ആഘാതങ്ങളെ ചെറുക്കാൻ ഇത്തരം മാതൃകകൾക്ക് കഴിയില്ലെന്നും അതുവഴി ബാഹ്യനിക്ഷേപങ്ങളെ ആശ്രയിക്കൽ, പരിസ്ഥിതി നശീകരണം, സമ്പത്തിന്റെ അസ്സമമായ വിതരണം എന്നിവയിലേക്ക് നയിച്ചേക്കാം എന്നും ഒരുപക്ഷേ പ്രാദേശിക ബിസിനസുകളെയും സമൂഹങ്ങളുടെയും സ്ഥാനഭ്രംശത്തിനു പോലും കാരണമായേക്കാം എന്നും നമുക്ക് അറിവുള്ളതാണല്ലോ.

അവകാശങ്ങളിലും സമൂഹ പങ്കാളിത്തത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വികേന്ദ്രീകൃത വികസന രീതികളുടെ ശക്തി പ്രയോജനപ്പെടുത്തി പ്രകൃതി വിഭവശേഷി, മനുഷ്യ വിഭവശേഷി, ശക്തമായ സാമൂഹിക ഐക്യം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രാദേശിക വിഭവാധിഷ്ഠിത വികേന്ദ്രീകൃത സാമ്പത്തിക വികസനത്തിന്റെ ഒരു ബദൽ തന്ത്രം രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാന വികസന ഉൽപ്പന്നത്തിന് (SDP) വിജ്ഞാന വ്യവസായങ്ങളുടെ സംഭാവനയാൽ (2020 ൽ 25%), സൂര്യോദയ സേവന മേഖലകളുടെ മികച്ച വളർച്ച നിരക്ക് (2015-20 ൽ 15%), ഊർജ്ജസ്വലമായ സൂക്ഷ്മ ചെറുകിട ഇടത്തരം എന്റർപ്രൈസസ് MSME മേഖല 2019 ൽ SDP യുടെ 35%, 1.5 ലക്ഷം യൂണിറ്റുകൾ, 35 ലക്ഷം തൊഴിൽ) എന്നിവ മാക്രോ എക്കണോമിക്സ് സ്ട്രാറ്റജിയുമായി വളരെ നന്നായി യോജിക്കും. കേരളത്തിന്റെ സമൃദ്ധമായ പ്രകൃതി വിഭവങ്ങളായ നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, മത്സ്യബന്ധനം, ഔഷധസസ്യങ്ങൾ, അതുല്യമായ ജൈവവൈവിധ്യം എന്നിവയെ ഇതുവഴി പ്രയോജനപ്പെടുത്താൻ ആകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ തീരുമാനമെടുക്കാനുള്ള കഴിവ് ഒരു പ്രധാന ഫെലിസിറ്റേറ്റർ എന്ന പങ്കുവഹിക്കുവാൻ അനുവാദം നൽകുന്നു. കൃഷി, ടൂറിസം, സഹകരണ സ്ഥാപനങ്ങൾ, എംഎസ്എംഇ സ്റ്റാർട്ടപ്പുകൾ എന്നിവയുടെ സാദ്ധ്യതകളെയും പ്രയോജനപ്പെടുത്താം. ലക്ഷ്യത്തിലൂന്നിയുള്ള ഇടപെടലുകളിലൂടെ സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരതയോടും സമഗ്രമായ വളർച്ചയോടും ഇതിനെ ബന്ധിപ്പിക്കാൻ കഴിയും.

യഥാർത്ഥ പ്രശ്നപരിഹാരത്തെ അടിസ്ഥാനമാക്കിയുള്ള സന്ദർഭോചിതവും വിഭവാധിഷ്ഠിതവുമായ സാമ്പത്തിക വികസന മാതൃക, ആവശ്യങ്ങളുടെ വിലയിരുത്തലിലൂടെയും സ്റ്റേക് ഹോൾഡർമാരുമായുള്ള കൂടിയാലോചനകളിലൂടെയും തിരിച്ചറിയുന്ന പ്രാദേശിക പ്രശ്നങ്ങളെ ഒരു പങ്കാളിത്ത സഹകരണ സൃഷ്ടിപരമായ സമീപനത്തിലൂടെ പരിഹരിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. ഒരു നവീകരിച്ച പരിസ്ഥിതി വ്യവസ്ഥയിൽ പ്രവർത്തിക്കാൻ ആവുന്ന ആളുകളെ ഉൾപ്പെടുത്തി പ്രശ്നപരിഹാരത്തിന് തയ്യാറാക്കും. പ്രാദേശിക സംരംഭങ്ങളുടെ മൂല്യവർദ്ധനയ്ക്കും വൈവിധ്യവൽക്കരണത്തിനുമായി അവയുടെ മുൻ-പിൻ ബന്ധങ്ങൾ (forward and backward linkages) വികസിപ്പിക്കുന്നതിലും സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളും സാക്ഷാത്കരിച്ചുകൊണ്ട് അവയെ സമന്വയിപ്പിക്കുന്ന വളർച്ചയ്ക്കായി ക്ലസ്റ്ററിങ്ങും ചെയ്യുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

ഡിമാൻഡ് സൈഡ് ഫോക്കസ്ഡ് നൈപുണ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും തൊഴിൽ സൃഷ്ടിക്കൽ (employment generation) ശ്രദ്ധിക്കണം. തൊഴിൽ സേനയുടെ ഒരു പ്രധാന ഭാഗം തൊഴിലില്ലാത്തവരും അനർഹത തൊഴിൽ

ചെയ്യുന്നവരും ആണെന്നത്, ഉയർന്ന വേതനത്തെക്കുറിച്ചുള്ള പ്രതീക്ഷ, റിസ്ക് എടുക്കുന്നതിന് പകരം മികച്ച തൊഴിലിനായി കാത്തിരിക്കാൻ ഉള്ള സന്നദ്ധതയില്ലായ്മ, പ്രവചനാതീതമായ വരുമാനം, തൊഴിൽ സ്ഥിരത എന്നിവയ്ക്കുള്ള മുൻഗണന, പരിമിതമായ തൊഴിൽ സാധ്യതകൾ ഉള്ളപ്പോഴും മികച്ച തൊഴിൽ സുരക്ഷിതത്വമുള്ള പൊതുമേഖല തൊഴിലിനോടുള്ള ആഭിമുഖ്യം എന്നിവ തൊഴിൽമേളകളുടെ വെല്ലുവിളികൾ ഉയർത്തുന്നു. നൈപുണ്യ വികസന പരിപാടികളിൽ തൊഴിൽ സേനയുടെ പങ്കാളിത്തം പരിമിതമാണ്. വളർന്നുവരുന്ന ജോലികളേക്കാൾ മൊത്തത്തിലുള്ള മുൻഗണന സർക്കാർ ജോലികൾ, അദ്ധ്യാപനം തുടങ്ങിയ പരമ്പരാഗത ജോലികൾക്കാണ്. പ്രാദേശിക തൊഴിൽ വിപണിയുമായി സംയോജിപ്പിക്കുന്നതിൽ പരാജയപ്പെട്ടവരിൽ പലരും മടങ്ങിയെത്തിയതിനാൽ പ്രവാസികളുടെ സ്ഥിതി സങ്കീർണമാണ്.

വിവിധ സാഹചര്യങ്ങളിൽ പെട്ട് തൊഴിലുപേക്ഷിക്കേണ്ടി വന്ന വലിയ വിഭാഗം സ്ത്രീകളും സമൂഹത്തിൽ നിലനിൽക്കുന്നു. ഈ പശ്ചാത്തലത്തിൽ ഇനി പറയുന്ന പ്രശ്നങ്ങൾ പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

1. സംസ്ഥാനത്തെ ഇതുവരെയുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിന്റെയും തൊഴിൽ സംരംഭങ്ങളുടെയും ഒരു കണക്കെടുക്കൽ
2. നിലവിലുള്ള സംരംഭങ്ങളുടെ പ്രശ്നങ്ങളും അവ നേരിടുന്ന വെല്ലുവിളികളും പരിഹരിക്കുന്നതിനുള്ള തന്ത്രങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുക.
3. നമ്മുടെ മുന്നോട്ടുള്ള വഴിയുടെ വിശാലമായ രൂപരേഖ തയ്യാറാക്കുകയും മറ്റെവിടെയെങ്കിലും മികച്ച രീതികൾ ഉണ്ടെങ്കിൽ അത്തരം സംവിധാനങ്ങളെ അനുകരിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുകയും ചെയ്യുക.

## 20

# തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും

എൻ.പി. ബാബു

വളരെയേറെ തലങ്ങളിൽ സൂക്ഷ്മമായി ചർച്ച നടത്തേണ്ട വിഷയമാണിത്.

കേരളത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് ? ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുന്നു എന്ന് ധനമന്ത്രി സൂചിപ്പിച്ചു.

റവന്യൂ കമ്മിയും, ധനകമ്മിയും കടഭാരവും കുറയ്ക്കാൻ കഴിഞ്ഞു എന്നുള്ളത് നേട്ടമാണ്.

| | റവന്യൂ കമ്മി | ധനകമ്മി |
|---|---|---|
| 2021-22 | 2.25 | 4.04 |
| 2023-24 | 1.58 | 2.9 |

പൊതു കടവും ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 2021-22 ൽ 35.92 ആയിരുന്നത് 2023- 24 ൽ 34.2 ആയി കുറഞ്ഞിട്ടുണ്ട്. കേന്ദ്ര വിഭവങ്ങളിൽ കുറവ് വന്നിട്ടും ഈ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞത് തനത് വരുമാനത്തിലെ വർദ്ധനവിലൂടെയാണ്. കേന്ദ്ര അവഗണന തുടരുമെന്ന സാഹചര്യത്തിൽ ഇനി എങ്ങനെ തനത് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിയും എന്ന് പരിശോധിക്കണം. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലേക്ക് കേരളത്തിന് എത്തിച്ചേരാൻ കഴിയും. അതിനാവശ്യമായ പദ്ധതികൾ സൂക്ഷ്മതലത്തിൽ നടപ്പിലാക്കാൻ കഴിയണം.

### 1. കേരളത്തിന്റെ കാർഷിക മേഖല

അടിസ്ഥാന മേഖലയെ പുഷ്ടിപ്പെടുത്തുകയാണ് ഒന്നാമത് മാർഗ്ഗം. ഒരു സ്വയം പര്യാപ്ത സംസ്ഥാനമായി മാറാൻ നമുക്ക് കഴിയണം. ഈ മേഖലയിൽ ചെലവഴിക്കുന്ന പണത്തിന് അനുസൃതമായി ഔട്ട്പുട്ട് നമുക്ക് ലഭിക്കുന്നുണ്ടോ? പരിശോധിക്കണം.

**വരുമാനം**

| 1970-71ൽ | |
|---|---|
| പ്രൈമറി | 33% |
| സെക്കണ്ടറി | 13% |
| സേവനം | 54% |

എന്നിങ്ങനെയായിരുന്നു.

എന്നാൽ ഇന്ന് കേരളത്തിന്റെ കാർഷിക മേഖല സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 8 ശതമാനം ആണ് സംഭാവന ചെയ്യുന്നത്. കാർഷിക മേഖല ഇന്ന് നേരിടുന്ന കടുത്ത ചില പ്രതിസന്ധികളെയെങ്കിലും മറികടക്കാൻ പദ്ധതികൾ വേണം.

1. കാലാവസ്ഥാ വ്യതിയാനം
2. ഉൽപന്നങ്ങളുടെ വില സ്ഥിരത ഇല്ലായ്മ
3. വന്യമൃഗ ശല്യം
4. കാർഷിക യന്ത്രവൽകരണത്തിന്റെ അഭാവം

   ഇവയെ മറികടക്കാൻ കഴിഞ്ഞാൽ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലും അതു വഴി പ്രാദേശിക സാമ്പത്തിക വികസനവും ഉറപ്പു വരുത്താനും കഴിയും. കാർഷിക മേഖലയിൽ ഇടപെടൽ ശക്തിപ്പെടുത്താൻ കഴിയുന്ന വിധത്തിൽ വകുപ്പിനെ അടിമുടി മാറ്റാൻ കഴിയണം.

**മനുഷ്യ വിഭവ ശേഷി**

കേരളത്തിന്റെ മനുഷ്യ വിഭവ ശേഷിയെ (മനുഷ്യ അദ്ധ്വാനത്തെയും ബൗദ്ധിക ശക്തിയെയും) ലോക വിപണിയിൽ മാർക്കറ്റ് ചെയ്യാൻ കഴിയണം. 2024 -ലെ കണക്ക് അനുസരിച്ച് പ്രവാസികൾ അയയ്ക്കുന്ന വിദേശ നാണയത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഇന്ത്യയിൽ പ്രവാസികൾ അയയ്ക്കുന്ന പണത്തിന്റെ 21 ശതമാനം സംഭാവന ചെയ്യുന്നത് കേരളീയരാണ്. എന്നാൽ ഇത് പൂർണ്ണമായി പ്രയോജനപ്പെടുത്തുവാനും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുവാനും കഴിയുന്ന പദ്ധതികൾ വേണം.

കേരളത്തിലെ പുതിയ തലമുറ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ എങ്ങനെ പരിഹരിക്കാം.

**തൊഴിലില്ലായ്മ (2022-23 കണക്കുകൾ)**

20 വയസ്സ് മുതൽ 24 വയസ്സ് വരെ

| | |
|---|---|
| എസ്.എസ്.എൽ.സി | - 38% |
| ബിരുദം | - 31% |
| ബിരുദാനന്തര ബിരുദം | - 3.8 % |
| ഡിപ്ലോമ | - 15.3% |

25 വയസ്സ് മുതൽ 35 വയസ്സ് വരെ

| | |
|---|---|
| എസ്.എസ്.എൽ.സി | - 17.7 % |
| ബിരുദം | - 28.5% |
| ബിരുദാനന്തര ബിരുദം | - 9.3 % |
| ഡിപ്ലോമ | - 15.6% |

കേരളത്തിൽ നിന്നും വലിയൊരു വിഭാഗം യുവ തലമുറ വിദ്യാഭ്യാസത്തിനും, തൊഴിലിനും വേണ്ടി

**21**

# പ്രാദേശിക സാമ്പത്തിക വികസനം

പി. രജനി

ഒരു പ്രദേശത്തിന്റെ സാമ്പത്തികവളർച്ചയുടെയും അഭിവൃദ്ധിയുടെയും പ്രധാനപ്പെട്ട ഘടകമാണ് പ്രാദേശിക വികസന രംഗത്ത് കൈവരിക്കുന്ന നേട്ടം. ഇതിൽ വ്യവസായികവൽക്കരണം, തൊഴിൽ സൃഷ്ടി, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്നു.സമൂഹത്തിലെ ഉത്പാദന ശക്തികളെ പ്രോത്സാഹിപ്പിക്കുക എന്ന തന്ത്രം പ്രാവർത്തികമാക്കുന്നതിന് ഉത്പാദന സേവന മേഖലകളിൽ പൊതു മൂലധന നിക്ഷേപം വർദ്ധിപ്പിക്കുകയും സൃഷ്ടിപരമായി ഉപയോഗപ്പെടുത്തുകയും ചെയ്യണം. ഇതിനായി ഓരോ വികസന മേഖലയിലും ഈ ലക്ഷ്യം മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ ശാസ്ത്രീയമായും കാര്യക്ഷമമായും നിർവഹിക്കപ്പെടണം എന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രാഥമികമായി കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ മേഖലകളിലെ ഉൽപാദനവും ഉൽപാദനക്ഷമതയും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ വലിയ പ്രാധാന്യം നൽകേണ്ടതുണ്ട്. ഓരോ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തിയെങ്കിൽ മാത്രമാണ് ഈ നേട്ടം കൈവരിക്കാൻ കഴിയുക. സംരംഭകത്വ വികസനവും ഉപജീവന മാർഗങ്ങളുടെ വൈവിധ്യവൽക്കരണത്തിനും അതുവഴി പലവിധമായ സാമ്പത്തിക വികസനത്തിനും ശക്തി പകരുന്നതാണ്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് ഉത്പാദന തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടിവരും. ഇതിന് മാതൃകയാക്കാവുന്ന ഒട്ടേറെ പരീക്ഷണങ്ങൾ നാട്ടിൽ നടന്നുവരികയാണ്. നാട്ടിൽ നടക്കുന്ന ചെറുതും വലുതുമായ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യത്യസ്തമായ സമീപനങ്ങൾ അവിടുത്തെ പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് അവലംബിക്കേണ്ടത് അനിവാര്യമാണ്. ഓരോ വ്യക്തിയുടെയും സാമൂഹ്യ നീതിയിലധിഷ്ഠിതമായ വികസനം ഉറപ്പുവരുത്തുകയും നമ്മുടെ പ്രകൃതിവിഭവങ്ങൾ ശ്രദ്ധയോടെ ഉത്പാദനമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്.കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലം ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക എന്നതും വളരെ പ്രധാനപ്പെട്ടതാണ്. ആധുനികവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം, ജൈവവൈവിധ്യം ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളുടെ ശാസ്ത്രീയ പരിപാലനം, മാലിന്യനിർമാർജനം ഉൾപ്പെടെ സമഗ്രമായ വികസനമാണ് ലക്ഷ്യമാകേണ്ടത്. പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് ചില പ്രതിസന്ധികൾ നേരിട്ടു കൊണ്ടിരിക്കുന്നുഎന്ന് കാണാം.വിഭവങ്ങളുടെ പരിമിതി, തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിലും ആധുനിക സാങ്കേതികവിദ്യകൾ ആർജ്ജിക്കുന്നതിലുമുള്ള പരിമിതികൾ. വിപണനമേഖലകളുടെ സാധ്യതക്കുറവ്, കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവം എന്നിവ പ്രധാനപ്പെട്ടതാണ്.ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാവേണ്ടതുണ്ട്. അതിനനു

സൃതമായ മുന്നൊരുക്കങ്ങളും ചർച്ചകളും പരിഹാര മാർഗ്ഗങ്ങളും സ്വീകരിക്കുന്നതിന് ഊന്നൽ

നൽകേണ്ടതാണ്. തൊഴിലും തൊഴിൽ സംരംഭങ്ങളും ഒരുക്കി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്ന സമീപനമാണുണ്ടാവേണ്ടത്. നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട സ്ത്രീ ശാക്തീകരണ സംവിധാനമാണ് കുടുംബശ്രീ. സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ടെങ്കിലും പരിമിതികളും പ്രതിസന്ധികളും നേരിടുന്നുണ്ട് എന്നത് വസ്തുതയാണ്. വിപണന സംവിധാനത്തിന്റെ കുറവും കൃത്യമായ പരിശോധനാ പ്രക്രിയയുടെ അഭാവവും പ്രധാന പ്രശ്നമാണ്. ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതുണ്ട്.തൊഴിലും സംരംഭങ്ങളും പ്രാദേശികമായി സൃഷ്ടിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്. അതിലൂടെ നാടിന്റെ പ്രാദേശിക സാമ്പത്തികവികസനം സാധ്യമാകുന്നതാണ്. തൊഴിൽ ലഭ്യമാക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല അന്തരീക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സൃഷ്ടിക്കപ്പെടണം. ഓരോ പ്രദേശത്തിന്റെയും സാമ്പത്തികവും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ സവിശേഷതയ്ക്ക് അനുസരിച്ച് രൂപം നൽകുന്ന തൊഴിൽ സാധ്യതകൾ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നിർണായക പങ്ക് വഹിക്കേണ്ടതുണ്ട്. ഈ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് തൊഴിൽസഭകൾ പോലുള്ള സംവിധാനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സർക്കാർ നിർദ്ദേശമനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുമ്പോൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ വർദ്ധിക്കുന്നതിനും സാധ്യ

**22**

## തൊഴിലും പ്രാദേശിക വികസനവും

ബിന്ദു വി.സി.

ലോകത്തിന് മുൻപിൽ വ്യത്യസ്തമായ ഒരു വികസന മാതൃക അവതരിപ്പിച്ച നാടാണ് കേരളം. കൊളോണിയലിസത്തിന്റെ കറുത്ത നാളുകളിൽ നിന്ന് പുറത്ത് വന്ന അനേകം മൂന്നാം ലോകരാജ്യങ്ങൾക്ക് മുന്നിൽ അധിനിവേശത്തിൽ അധിഷ്ഠിതമല്ലാത്ത ഒരു വികസന മാതൃക കേരളം അവതരിപ്പിച്ചു. കേരള മോഡൽ വികസന മാതൃക എന്ന് പൊതുവിൽ വിളിക്കപ്പെട്ട ഈ വികസന രീതി സാമ്പത്തിക വളർച്ചയേക്കാളും സാമൂഹിക വികാസത്തിലാണ് അധിഷ്ഠിതമായാണ് രൂപപെടുത്തപെട്ടത്. പരിമിതമായ വിഭവങ്ങളെ മനുഷ്യ വികാസത്തിന് അത്യന്താപേക്ഷിതമായ മേഖലകളിൽ സന്നിവേശിപ്പിച്ചു കൊണ്ടാണ് കേരളം ഇത് സാധ്യമാക്കിയത്. മനുഷ്യവിഭവശേഷിയുടെ വികാസത്തോടൊപ്പം കേരള വികസന മാതൃകയുടെ ചില പോരായ്മകളും കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മണ്ഡലത്തിൽ 1980-90 കളിൽ അവഗണിക്കാനാകാത്ത വിധം ദൃശ്യമാവുകയുണ്ടായി. മാനവ വിഭവ ശേഷിക്ക് അനുസൃതമായി ഉത്പാദനത്തിലും അനുബന്ധ മേഖലകളിലും വളർച്ച ഉണ്ടാകാതിരുന്നത് അഭ്യസ്തവിദ്യരുടെയും തൊഴിൽ നൈപുണ്യമുള്ളവരുടെയും തൊഴിലില്ലായ്മ സമൂഹത്തിൽ വർദ്ധിച്ചു വരുന്നതിനും അത് പുറം നാടുകളിലേക്കുള്ള തൊഴിൽ തേടിയുള്ള കുടിയേറ്റങ്ങൾക്ക് ആക്കം കൂട്ടുന്നതിനും കാരണമായി. നം കൈവരിച്ച പൊതു മനുഷ്യവിഭവശേഷി വികാസത്തിന് അനുസരിച്ച് സാമ്പത്തിക വളർച്ച ആർജ്ജിക്കുന്നതിലും മനുഷ്യവിഭവശേഷിയുടെ വളർച്ചയിൽ വ്യത്യസ്ത വിഭാഗങ്ങളിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകളും പിൽക്കാലത്ത് വ്യക്തമാവുകയുണ്ടായി. ഇത്തരത്തിൽ തൊഴിൽ തേടി മറ്റ് രാജ്യങ്ങളിലേക്ക് പോയവർ കൂടുതലായി കേന്ദ്രീകരിച്ചത് വെസ്റ്റ് ഏഷ്യൻ രാജ്യങ്ങളിലായിരുന്നു. ഗൾഫ് മൈഗ്രേഷൻ എന്ന പേരിൽ അറിയപ്പെട്ട ഈ പ്രതിഭാസം പിന്നീട് നമ്മുടെ നാടിൻറെ സാമ്പത്തിക വളർച്ചയിലും വികാസത്തിലും നിർണായക ചാലക ശക്തികളായി മാറി. ഇത് സംഭവിച്ചത് ഗൾഫ് മൈഗ്രേഷന്റെ പ്രത്യേകമായ സാമൂഹിക സ്വഭാവം കൊണ്ടാണ്. വ്യക്തികൾ തൊഴിൽ തേടി പോകുമ്പോഴും അവരുടെ കുടുംബങ്ങൾ കേരളത്തിൽ തന്നെ തുടരുകയും അതുമൂലം തൊഴിൽ തേടി പോയവർ തിരിച്ച് നാട്ടിലേക്ക് തന്നെ മടങ്ങുന്നതിന് ഉള്ള സാഹചര്യം നിലനിൽക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഇത് കൂടാതെ തന്നെ ഈ പ്രത്യേകമായ മൈഗ്രേഷൻ സ്വഭാവം അന്നാടുകളിൽ തന്നെ തങ്ങളുടെ സമ്പാദ്യം അവിടങ്ങളിൽ സൂക്ഷിക്കാതെ നാട്ടിലേക്ക് അയക്കുന്നതിനുള്ള സാഹചര്യവും പ്രവണതയും ഉണ്ടാക്കാൻ ഇടയാക്കി. ഈ പ്രത്യേക പ്രവണത നമ്മുടെ നാട്ടിൽ സാമ്പത്തിക ക്രയവിക്രയങ്ങളിൽ പണം എത്തുന്ന, പ്രാദേശിക സമ്പദ് വ്യവസ്ഥയെ രൂപപ്പെടുത്തുകയും മുന്നോട്ട് നയിക്കുകയും ചെയ്യുന്ന സാമ്പത്തിക പ്രക്രിയ രൂപപ്പെടുന്നതിന് ഇടയാക്കുകയും ഇത് നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്കുള്ളിൽ ആകമാനമായി തന്നെ അതിനെ മുന്നോട്ടു നയിക്കുന്ന പ്രധാനഘടകമായ പ്രക്രിയയായി മാറുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദമായി രൂപപ്പെട്ടുവരുന്ന സാമ്പത്തിക സാഹചര്യവും

അതിനനുസരിച്ച് മാറിവരുന്ന തൊഴിൽ സാഹചര്യവും ഗൾഫ് നാടുകളിലേക്ക് ഉള്ള തൊഴിൽ തേടിയുള്ള മൈഗ്രേഷന് ചില മാറ്റങ്ങൾ കൊണ്ടുവന്നു. കൂടുതൽ സാങ്കേതിക വിദ്യാഭ്യാസമുള്ള വരും തൊഴിൽ നൈപുണ്യമുള്ളവരുടെയും ആവശ്യകത വർദ്ധിച്ചു വരികയും അതിനു സമാനമായ ഒരു മാനവ വിഭവശേഷി വളർത്തിയെടുക്കാൻ നമുക്ക് കഴിയാതെ വരികയും ചെയ്യുന്നുണ്ട് എന്നത് ഇവിടെ പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇത് വെസ്റ്റ് ഏഷ്യൻ മൈഗ്രേഷനിൽ കുറവ് വരുത്തുന്നതിനും ചില സ്ഥലങ്ങളിൽ എങ്കിലും റിട്ടേൺ മൈഗ്രേഷൻ നടക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. ഇത് നമ്മുടെ ആഭ്യന്തര സാമ്പത്തിക വ്യവസ്ഥയെ ബാധിക്കും എന്ന കാര്യത്തിൽ തർക്കമില്ല. അഭ്യസ്തവിദ്യരായ വലിയൊരു ജനവിഭാഗം ആഭ്യന്തര വിപണിയിൽ തൊഴിൽരഹിതരായി തുടരുമ്പോൾ അവരെ സാങ്കേതിക തൊഴിൽ നൈപുണ്യമുള്ളവരായി വളർത്തിയെടുക്കാൻ കഴിയാത്തത് ആഭ്യന്തര ഉത്പാദന പ്രക്രിയയും സേവനമ മേഖലയിലും കേരളത്തിൻറെ വളർച്ചയ്ക്കും കൂടിയും ഒരു വെല്ലുവിളിയാണ്. സേവനമേഖലകൾക്ക് ഒപ്പം തന്നെ നിർമ്മാണ മേഖലകൾക്ക് അനുയോജ്യമായ തൊഴിൽ നൈപുണ്യമുള്ള അഭ്യസ്തവിദ്യരായ യുവജനത്തെ പരിശീലിപ്പിച്ച് എടുക്കുകയും അവർക്ക് തൊഴിൽ നൽകുന്നതിന് ആവശ്യമായ സാമ്പത്തിക ഇൻവെസ്റ്റ്മെന്റുകൾ ആഭ്യന്തര വിപണിയിൽ നടക്കുകയും ചെയ്യേണ്ടുന്നത് ഈ സാഹചര്യം നേരിടുന്നതിന് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള ഒരു ദ്വിമുഖമായ, തൊഴിൽ ശക്തി, വ്യാവസായിക വളർച്ച പദ്ധതി, നയമാണ് കേരളത്തിന്റെ മുന്നോട്ട് പോക്കിന് ആവശ്യമായുള്ളത്. കേരള നോളജ് എക്കോണമി മിഷനും കേ-ഡിസ്ക് വഴിയും, വികസന കോർപ്പറേഷനുകൾ വഴിയും സംസ്ഥാന സർക്കാർ ഇത്തരത്തിൽ ചില ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ഇത്തരം ഇടപെടലുകളുടെ പശ്ചാത്തലത്തിൽ മുന്നോട്ടുപോകുന്നതിന് ആവശ്യമായ ദീർഘകാല അടിസ്ഥാനത്തിലുള്ള ഒരു നയ രൂപീകരണം ആവശ്യമാണ് എന്നാണ് ഈ പേപ്പർ വാദിക്കുന്നത്.

**23**

# പ്രാദേശിക വികസനത്തിൽ നൈപുണ്യത്തെ ഉൾച്ചേർക്കേണ്ടതിന്റെ പ്രാധാന്യം

അജിത് കുമാർ ആർ.

ഉയർന്ന മാനവ വികസന സൂചികകൾക്ക് പേരുകേട്ട കേരളത്തിന് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംസ്ഥാന വികസന പാതയിലെ പ്രധാന പരിമിതിയാണ്. നിലവിലെ നമ്മുടെ വിദ്യാഭ്യാസ ഇടപെടലിൽ വിജ്ഞാന തൊഴിൽ മേഖലകളിലെ വെല്ലുവിളികൾ നേരിടാൻ കഴിയും വിധം നൈപുണ്യ വികസന സാധ്യതകൾ കൂടി ഉൾപ്പെടുത്തി മുന്നോട്ടുപോകുക മാത്രമാണ് പരിഹാരം.

പ്രാദേശിക സാമ്പത്തിക വികസനവും നൈപുണ്യ വികസനവും പരസ്പരബന്ധിതമാണ്. ഇതുവഴി സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയവയിൽ നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിന് ഏറെ സഹായകരമായ സമീപനം സ്വീകരിക്കാനാവും. ഇതുവഴി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനാവും. ഇതിനുതകും വിധം നമ്മുടെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ എന്നിവകളുടെ പ്രവർത്തനങ്ങളിൽ നിലവിലുള്ള രീതി സമ്പ്രദായത്തിൽ നിന്നും മാറി സഞ്ചരിക്കേണ്ടിയിരിക്കുന്നു.

പ്രാദേശിക സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്ന ചില പ്രധാന വാദങ്ങൾ ചുവടെ ചേർക്കുന്നു.

### 1.തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ

പ്രാദേശിക സാമ്പത്തിക സംരംഭങ്ങളെ പിന്തുണയ്ക്കാൻ കഴിയുന്ന വിദ്യാഭ്യാസ വിദഗ്ധ തൊഴിലാളികൾ അനിവാര്യം.

ഉദാഹരണത്തിന് ടൂറിസം മേഖല, കൃഷി അനുബന്ധ മേഖലകൾ, ഐടി, ഇലക്ട്രോണിക്സ് മേഖലകൾ, കരകൗശല-കൈത്തറി മേഖലകൾ, ഹെൽത്ത് കെയർ ആൻഡ് വെൽനെസ്സ് തുടങ്ങി നിരവധി മേഖലകളിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ ആവും.

### 2. പ്രാദേശിക വിഭവ വിനിയോഗം

പ്രകൃതിവിഭവങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യ മൂലധനം തുടങ്ങിയ പ്രാദേശിക വിഭവങ്ങളുടെ പരമാവധി പ്രയോജനം ഉറപ്പാക്കൽ.

### 3. സംരംഭകത്വം

പ്രാദേശിക വികസനത്തിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക, ചെറുകിട ഇടത്തരം സംരംഭങ്ങളെ (SME) പിന്തുണയ്ക്കുക എന്നിവ പ്രധാനമാണ്.

### 4. അടിസ്ഥാന സൗകര്യ വികസനം

ഗതാഗതം, ഊർജ്ജം, ആശയവിനിമയം തുടങ്ങിയ പ്രാദേശിക അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തുന്നതും ഇതിൽ പ്രധാനമാണ്.

ഇവിടെയെല്ലാം തെളിയുന്നത് നൈപുണ്യ വികസനവും പ്രാദേശിക സാമ്പത്തിക വികസനവും തമ്മിൽ എത്ര മാത്രം പരസ്പരബന്ധിതമാണ് എന്നതാണ്. ഇതിനായി താഴെ പറയുന്ന ചുവട് വയ്പ്പുകൾ അനിവാര്യം.

### 1. വ്യവസായ- അക്കാദമീയ പങ്കാളിത്തം

വ്യവസായ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്ന പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് വ്യവസായങ്ങൾ, അക്കാദമികൾ, പരിശീലന സ്ഥാപനങ്ങൾ എന്നിവർക്കിടയിൽ പങ്കാളിത്തം വളർത്തൽ.

### 2. അപ്രന്റീസ്ഷിപ്പുകളും തൊഴിൽ പരിശീലനവും

അപ്രന്റീസ്ഷിപ്പുകൾക്കും തൊഴിൽ പരിശീലനങ്ങൾക്കും അവസരം നൽകുക, വ്യക്തികളെ പ്രായോഗിക വൈദഗ്ധ്യം നേടുന്നതിന് പ്രാപ്തരാക്കുക.

### 3. സംരംഭകത്വ പരിശീലനം

സംരംഭകത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുക, വ്യക്തികളെ അവരുടെ സ്വന്തം ബിസിനസ്സ് ആരംഭിക്കുവാൻ പ്രാപ്തരാക്കുക.

### 4. നവീകരണവും ഗവേഷണ വികസനവും

കൃഷി, ആരോഗ്യ സംരക്ഷണം, ടൂറിസം, സാങ്കേതിക വിദ്യ എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിൽ നവീകരണവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക.

### 5. സമഗ്രമായ വളർച്ച

പ്രാദേശിക സാമ്പത്തിക വികസന സംരംഭങ്ങളിൽ സ്ത്രീകൾ, യുവാക്കൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന് പ്രയോജനം ലഭിക്കും വിധം പരിപാടികൾ തയ്യാറാക്കുക.

ഇങ്ങനെ വിശാലമായ അർത്ഥത്തിൽ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമാംവിധം മനുഷ്യ വിഭവശേഷിയെയും പ്രാദേശിക വിഭവസാധ്യതകളെയും വളരുന്ന സാങ്കേതികവിദ്യകളുടെ സഹായത്തോടെ സമ്പുഷ്ടീകരിച്ച് നാടിന്റെ വികസനത്തിൽ പങ്കാളികളാക്കുകയാണ് പ്രധാനം.

# കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണവും

## 24

## ദുരന്ത നിവാരണ- കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങൾ കേരളത്തിൽ

മുഖ്യ അവതരണം -നേഹ മെറിയം കുരിയൻ

### ആമുഖം

അറേബ്യൻ കടലിന്റെയും പശ്ചിമഘട്ടത്തിന്റെയും നടുവിലായി കിടക്കുന്ന കേരള സംസ്ഥാനം ഒരു പ്രകൃതി രമണീയമായ ജൈവ കലവറ ആണെന്നത് എല്ലാ കാലവും വ്യക്തമായിരുന്നെങ്കിലും ഈ പ്രകൃതി രമണീയതയുടെ മറുവശം കേരളത്തിന്റെ പ്രകൃതി ലോലത ആണെന്നത് നമ്മൾ മനസ്സിലാക്കുന്നത് 2017-ലെ ഓഖിയും, തുടർന്ന് 2018-ലെ മഹാപ്രളയവും അതിന് പിന്നാലെയായി നടന്നിട്ടുള്ള പല പ്രകൃതി ദുരന്തങ്ങളുടെ സാഹചര്യത്തിൽ ആണ്. കേരള ജനത ഇതിനെ എല്ലാം ധൈര്യമായി നേരിട്ടു. എങ്കിലും ഇതിന്റെ ഇടയിലൂടെ കേരളത്തെ ശക്തീകരിക്കുന്നതിനായി പ്രാദേശിക തലത്തിൽ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ ഏറ്റെടുത്തു വരുന്നുണ്ട്. ഇവയെല്ലാം തന്നെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആണ്. ഇവ എന്തെല്ലാം ആണ് എന്നത് വിവരിക്കുക എന്നതാണ് ഈ കുറിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

### നമ്മൾ നമുക്കായ്- തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പദ്ധതികൾ

2018 പ്രളയത്തിലെ നാശത്തിന്റെയും ആഘാതത്തിന്റെയും രംഗങ്ങൾക്കിടയിൽ ഉയർന്നുവന്നത് കേരളത്തിലെ ജനതയുടെ പ്രതിരോധത്തിന്റെയും പോരാട്ട വീര്യത്തിന്റെയും കഥയായിരുന്നു. നേരിട്ടും ഓൺലൈനിലുമായി ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ, പ്രാദേശിക സർക്കാരുകൾ - രക്ഷാപ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ നടപടിയെടുത്തു. ഈ ദുരന്തത്തിൽ നിന്നും ഉണ്ടായ വലിയ പാഠങ്ങൾ ആർജ്ജിച്ചുകൊണ്ട് കേരള സർക്കാർ ആവിഷ്കരിച്ച പരിപാടി ആയിരുന്നു "നമ്മൾ നമുക്കായ്".

മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ മികവുറ്റതായി പുനർനി

ർമ്മിക്കുക എന്ന ഉദ്ദേശത്തോടെ കൊണ്ടുവന്നതായിരുന്നു റീബിൽഡ് കേരള ഇനിഷ്യേറ്റീവ്. തകർന്ന റോഡുകളും, പാലങ്ങളും, മറ്റ് പശ്ചാത്തല സൗകര്യങ്ങളും അതിലുപരി മനുഷ്യ ജീവിതങ്ങളും പുനർന്നിർമ്മിക്കുവാൻ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടു കൂടിയതായിരുന്നു ആർ.കെ.ഐ. രൂപീകരിച്ചത്. അതിന്റെ ഒരു പ്രധാന ഘടകമായി രൂപം കൊണ്ടു- നമ്മൾ നമുക്കായ് എന്ന പ്രദേശിക ദുരന്ത നിവാരണ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ.

ഇനി വരും കാലങ്ങളിൽ ദുരന്തങ്ങളെ നേരിടാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുവാൻ, അതായത് അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും അവർക്ക് നേതൃത്വം നൽകുവാൻ തക്കത്തിൽ അവരെ പ്രാപ്തരാക്കുവാൻ ആയിരുന്നു ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. അതാത് പ്രദേശത്തിന്റെ ദുരന്ത സാധ്യതക്കനുസരിച്ച് ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് പ്രാദേശിക പദ്ധതികൾ ഏറ്റെടുക്കുവാനും ഇതിലൂടെ ഉദ്ദേശിച്ചു. പ്രധാനമായും ഇനി ദുരന്തങ്ങൾ ഉണ്ടായാൽ തന്നെ അവയുടെ ആഘാതം കുറയ്ക്കുവാനും ഉതകുന്ന രീതിയിലുള്ള പദ്ധതികളാണ് ഉദ്ദേശിച്ചത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതങ്ങൾ ഉപയോഗിച്ച് പ്രകൃതിദത്തമായ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി പ്രാദേശിക തലത്തിലുള്ള സന്നദ്ധ സേനകളെ, രക്ഷാപ്രവർത്തനത്തിൽ പരിശീലനം നൽകി എമർജൻസി റെസ്പോൺസ് ടീമുകൾ എന്ന പേരിൽ രൂപീകരിച്ചു. 2019-20 കാലയളവിൽ ജനകീയ ക്യാമ്പെയിനിലൂടെ തുടങ്ങി വെച്ച ഈ പ്രവർത്തനങ്ങൾ ഇന്നു കേരളത്തിലേ പ്രാദേശിക സർക്കാർ സംവിധാനത്തിന്റെ മൂലക്കല്ലായി മാറിയിരിക്കുന്നു. ഇതിന് ശേഷം വന്ന പദ്ധതി രൂപീകരണ കാലയളവുകളിലും ഈ പദ്ധതികൾ രൂപീകരിച്ച് വരുന്നു.

### കാലാവസ്ഥാ വ്യതിയാനം ലഘൂകരണ പ്രവർത്തനങ്ങൾ

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടാതെ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ "നെറ്റ് സിറോ കാർബൺ കേരളം ജനങ്ങളിലൂടെ" എന്ന കാമ്പയിൻ നടന്നുവരുന്നു. ഈ കാമ്പയിനിൽ പങ്കെടുക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച 92 തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് ഇതിൽ ആദ്യം പങ്കാളികളായത്. ഇപ്പോൾ അത് 152 ആയിട്ടുണ്ട്. ഇ.എം.സി., അനർട്ട്, മോട്ടാർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹായത്തോടെ ഊർജ്ജ മേഖലയിലും മറ്റ് വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ മറ്റ് മേഖലകളിലും കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ അവിഷ്ക്കരിച്ച് നാപ്പിലാക്കി വരുന്നു. മാലിന്യം, കൃഷി, വൃക്ഷവൽക്കരണം, ജലാശയങ്ങളെ മാലിന്യമുക്തമാക്കൽ എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ആരംഭം മുതൽ ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നവയാണ്. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്. കൂടാതെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ശീലമാറ്റത്തിന് ഉതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. ഈ ഗ്രവർത്തനങ്ങൾക്ക് സഹായകരമായി രൂനെ നിർവ്വഹണ മാർഗ്ഗരേഖയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പും തയ്യാറാക്കിയിട്ടുണ്ട്.

ഇതോടൊപ്പം തന്നെ ചേർന്ന് വരുന്നതാണ് പ്രാദേശിക കാലാവസ്ഥാ വ്യതിയാന പദ്ധതികൾ, അഥവാ ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (LAPCC) എന്നത്. പ്രാദേശിക തലത്തിലെ കാലാവസ്ഥയിൽ ഇനി വരും കാലങ്ങളിൽ വരാൻ സാധ്യതയുള്ള മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തി അവിടെ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള പദ്ധതി രൂപീകരണ പ്രക്രിയയാണ് ഇത്. കൂടാതെ കേരളത്തെ 2030-നകം നെറ്റ് കാർബൺ ന്യൂട്രൽ ആക്കാനുള്ള പ്രക്രിയയുടെ അഭിഭാജ്യ ഘടകം കൂടി ആണ് ഇത്.

### ദുരന്ത സാധ്യതാ നിവാരണ കാലാവസ്ഥാവ്യതിയാന പ്രവർത്തന വിലയിരുത്തൽ (DCAT)

കേരളത്തിന്റെ എല്ലാ ഭാഗത്തും പല തരം ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ടെങ്കിലും പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു പ്രദേശമാണ് മദ്ധ്യ തിരുവാംകൂറിൽ വരുന്ന പമ്പാ നദിയുടെ വൃഷ്ടിപ്രദേശം, പ്രത്യേകിച്ചും ഇടുക്കി, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകൾ. മേൽപ്പറഞ്ഞ ദുരന്ത നിവാരണ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനായി ഈ പ്രദേശത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻ-നിർത്തി കേരളത്തിൽ ഏറ്റെടുത്ത മറ്റൊരു പ്രവർത്തനമാണ് ദുരന്ത നിവാരണ കാലാവസ്ഥാവ്യതിയാനം പ്രവർത്തന വിലയിരുത്തൽ. ഈ ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകമായി കിലയുദെ നേതൃത്വത്തിൽ ദുരന്ത നിവാരണ പദ്ധതിയും കാലാവസ്ഥാ വ്യതിയാന ലഘൂകരണ പദ്ധതിയും നിർമ്മിച്ച് പദ്ധതികൾ ഏറ്റെടുത്തു വരുന്നു. നമ്മൾ നമുക്കായ് ക്യാമ്പെയ്ൻ കാലഘട്ടത്തിൽ വെച്ച് ചെയ്തത് അപേക്ഷിച്ച് കൂടുതൽ സാങ്കേതിക ശാസ്ത്രീയ വിദ്യയുടേയും അറിവിന്റെയും പിൻബലത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇനി വരുന്ന 100 വർഷത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളെ സംബന്ധിച്ചൊരു വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആണ് ഈ പദ്ധതി നടത്തി വരുന്നത്. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ജനതയുടെ അതിജീവന ശേഷി വർദ്ധിക്കുന്നത് ഉന്നം വെച്ച് പ്രാദേശിക തലത്തിൽ മൊക്ക് ട്രില്ലുകളും നിലവിൽ നടന്നു വരുന്നു.

### വെല്ലുവിളികൾ

മേൽ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വരുമ്പോൾ തന്നെ കേരളം നിലവിൽ നേരിട്ട് വരുന്ന ചില സുപ്രധാന വെല്ലുവിളികൾ ഉണ്ട്. എന്തെന്നാൽ പദ്ധതികൽ പലതും രൂപീകരണത്തിന് അപ്പുറം യാഥാർത്ഥ്യം ആക്കാനും നടപ്പിലാക്കാനും സാധിക്കുന്നില്ല. പുതിയ ഒരു മേഖല ആയതിനാൽ തന്നെ

വേണ്ടത്ര പ്രവർത്തി പരിചയം ലഭിച്ച ഉദ്യോഗസ്ഥർ സർക്കാർ തലത്തിലും പ്രാദേശിക തലത്തിലും ഇല്ല എന്നതും വലിയ നിക്ഷേപത്തെ ആകർഷിക്കുവാൻ ദുരന്ത പ്രതിരോധ ശേഷിയുള്ള നിർമ്മാണ പ്രക്രിയകളിലേക്ക് സാധിക്കുന്നില്ല എന്നതും ഇതിന് കാരണങ്ങളാണ്. കൂടാതെ, കാലാകാലങ്ങളായി ചെയ്തു പോകുന്ന വികസന പ്രവർത്തനങ്ങളിൽ നിന്നും രീതികളിൽ നിന്നും മാറാനുള്ള വിമുഖത ജനങ്ങളുടെ ഇടയിലും ഉണ്ട്.

ഇത് കൂടാതെ പ്രാദേശിക തലത്തിലെ പദ്ധതി രൂപീകരണത്തോടൊപ്പം തന്നെ ഭൂവിനിയോഗം, ജല പരിപാലനം, വനപരിപാലനം മുതലായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള നമ്മുടെ നിയമ സംവിധാനങ്ങളിലും വ്യവസ്ഥകളിലും മാറ്റം കൊണ്ടു വരേണ്ടതുണ്ട്. എന്നാൽ അത് വേണ്ടും വിധം മാറ്റം കൊണ്ടു വരുന്നതിൽ ജനത്തിൽ നിന്നും പ്രതിഷേധം ഉയർത്തുന്നു; മാത്രമല്ല ഉള്ള നിയമങ്ങൾ വേണ്ടും വിധം ഇപ്പോഴും പാലിക്കപ്പെടുന്നുമില്ല.

ഗ്രാമ സഭകൾ മുതലായ വേദികൾ കൂടുതൽ ഫലപ്രദമാക്കുവാനും നമുക്ക് നിലവിൽ സാധിക്കുന്നില്ല; പ്രാദേശിക രാഷ്ട്രീയ താൽപ്പര്യങ്ങളും സർക്കാർ നയം തമ്മിലുള്ള ചേർച്ചക്കുറവുകളും ഒരു പ്രശ്നമായി ചില സാഹചര്യങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നു. ഇത് കൂടാതെ ദേശീയ അന്തർ ദേശീയ തലങ്ങളിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്ന വേദികളിലും ചർച്ചകളിലും കേരളത്തിന് ഇന്ത്യയുടെ ഫെഡറൽഘടന മൂലം വേണ്ടും വിധം പ്രാദേശിക ആശങ്കകളെ ബോധിപ്പിക്കുവാൻ സാധിക്കുന്നില്ല എന്നതും ഒരു യാഥാർത്ഥ്യം ആണ്.

**മുന്നോട്ട് വേണ്ട തയ്യാറെടുപ്പുകൾ**

ഇനിയുള്ള കാലങ്ങളിൽ കേരളത്തിനും ഇന്ത്യക്കും ഒരു രീതിയിലും അവഗണിക്കാൻ സാധിക്കാത്ത ഒരു പ്രശ്നം ആണ് കാലാവസ്ഥാ വ്യതിയാനവും അതിനു വേണ്ട പ്രതിരോധ ശേഷി വർദ്ധിപ്പിക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങളും. ഇത് മൂലം ഉണ്ടാകുന്ന സാമൂഹിക, സാമ്പത്തിക പ്രതിസന്ധികളെ കൃത്യമായി കണക്കിലെടുത്ത്, നമ്മുടെ പ്രാദേശിക, ദേശീയ- അന്തർദേശീയ ചർച്ചകളിൽ കാലാവസ്ഥ-വ്യതിയാന ദുരന്ത നിവാരണ നയരൂപീകരണം എന്നത് ഒരു പ്രധാന ചർച്ചാവിഷയം ആകണം. അതിന്റെ ഗൗരവത്തിനനുസരിച്ച് അതിനെ ഒരു സിസ്റ്റംസ് സമീപനത്തിലൂടെ കൈകാര്യം ചെയ്യുകയും വേണം. അത് പോലെ തന്നെ മനുഷ്യ നിർമ്മിത കാരണങ്ങൾ മൂലം കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കൂടുതൽ രൂക്ഷമാകുന്ന സ്ഥിതി കാണപ്പെടുന്നതിനാൽ ജനങ്ങളുടെയും ഭരണകൂടത്തിന്റെയും മനോഭാവവും ഇതിനനുസരിച്ച് മാറ്റേണ്ടതുമുണ്ട്. അതിന് വേണ്ട പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ നമുക്ക് നമ്മുടെ ഭാവി സുരക്ഷിതം ആക്കുവാൻ സാധിക്കൂ.

**25**

# Adapting to Climate Change and Management of Disasters: Local Level Spatial Planning Matters

Srikumar Chattopadhyay

**Extended Abstract**

Climate change and natural disasters are emerging challenges of global import. Impact of climate change-elevated temperature, global warming, sea level rise, melting of glaciers, change in rainfall pattern etc., is itself a matter of great concern. Besides, there are evidences suggesting increasing incidences of natural disasters due to climate change. Majority of the natural disasters, especially, floods, and drought, cyclones, rainfall-induced landslides, sea surge and sea level rise are linked to climate change. Adaptation holds the key to steer through this complex problem. There are global initiatives including commitment of financial assistance to develop adaptation solutions and implement actions to respond to current and future climate change impacts. Despite annual meeting of COPs, the Lima-Paris action agenda adopted in COP 20, the appointment of High- Level Champions at COP 21, and launching of the Marrakech partnership for Global Climate Action at COP 22, there is little progress to contain temperature rise within 1.5oC limit. The COP 29 held at Baku recognized the crucial role of non-party stake holders of sub-national governments, civil societies, businesses, and investors to fight against climate change. The Sendai framework for disaster management also underscored the importance of local level intervention and community actions in disaster

management. In this paper, we intend to discuss necessity of local level spatial planning in addressing climate change impacts and disaster management.

**Why local?**

The adaptation outcomes of most of the international initiatives spell out global solutions that can be adopted at local level to respond to local climate contexts, needs, and risks. It is expected that these solutions will help transformation of the system required to protect vulnerable communities to the rising climate hazards in the increasingly warming world. Like bulk of the research relating local places to global climate change this adaptation strategy is also top-down, from the global to the local concentrating on the solutions derived from global models even though, these models have little regional and local specificity. The global change is tractable and actually experienced in local scale. The complex relationship among ecologic, economic and social processes that drive the change can only be unraveled by carefully locality-specific analysis. While there are systemic changes at the global level affecting local condition, the local changes in aggregation can impact the global scenario. This relationship hardly figures in deliberations on climate change impact and adaptation strategy. The question often arises in the local to global link is about the ways local places contribute to global change and how it changes over time, the drivers of these changes, behaviourial pattern of the affected community and how the efforts at mitigation and adaptation can be locally initiated and adopted.

How far the prediction based on global model holds good at the local level is an issue to ponder over. Lack of data is often cited as the lacuna in this respect. There are also possibilities that looking at issues following top-down approach may yield a different set of conclusions than looking at the same issue from bottom-up. For example, macro scale analysis of impacts of climate change on agriculture finds little loss in net productivity, while micro level place-based analysis will help identify the impacts at the farm level, conditions of small and marginal land holding agriculturists, pastoralists, wage labours, and poor and other destitute groups. Besides the wide gap in internalizing the local condition and changes affecting micro climate, the potentials of local buffer against climate emergencies are hardly factored into policy decisions. It is imperative that the top-down paradigm meets bottom-up approach midway. The relationships between scales of macro and micro and the interactions between macro structures and micro manifestations deserve more attention in adapting to climate change.

The adaptation outcomes spell out global solutions that can be adopted at local level to respond to local climate contexts, needs, and risks (Climate Champions, 8th November 2022). It is expected to help transformation of the society to withstand the rising climate hazards in the increasingly warming world. Guidelines for action points, global cooperation, and finance requirement have also been proposed. However, like bulk of the research relating local places to global climate change, this adaptation strategy is also top-down, from the global to the local. It concentrates on the solutions derived from global models even though, these models have little regional and local specificity where the actual change is tractable and experienced. The complex relationship among ecologic, economic and social processes that drive the climate change and its impact can only be unraveled by careful location-specific analysis. The results of which should be factored in while taking effective adaptive measures.

**Spality of drivers and impacts**

Heterogeneity of the earth surface across the scale and consequent spatial variations of both drivers of climate change and impact of climate change deserves required attention as the local level impacts and manifestations will vary widely and are important for devising effective adaptive

measures. Integration of spatial and temporal dimensions of climate change is also necessary to understand the velocity and direction of climate change. These issues are now being debated at the academic and professional levels. In the special issue of the Journal of Economic Geography, Giovanni Peri and Frederic Robert-Nicoud (Voxeu Column 11th October, 2021) drew attention to the heterogeneous effects of climate change across the spatial scale and geographic mobility in human adaptation to climate change.

State Action Plan for Climate Change (SAPCC)

Vulnerability of India to the growing threats of climate change is a matter of serious concern. According to the report by the Ministry of Earth Sciences, Government of India titled "Assessment of climate change over the India region", since the middle of 20th Century, India is witnessing rise in average and extreme temperature, decrease in monsoon precipitation, rise in sea levels and increased instances of droughts and cyclones. To address these critical challenges, Government of India initiated several steps both at the national and state level. In 2008, the Prime Minister's Council on Climate Change (PMCCC) envisaged a directional shift to development trajectories and to further enhance the ecological sustainability of India's development path through national and state level actions. The National Action Plan on Climate Change (NAPCC) outlined eight mission mode programmes in various sectors including ecosystem-based management of the Himalayas. To decentralize the process and go beyond the eight mission mode programmes of NAPCC, all States and Union Territories were asked to prepare State Action Plan on Climate Change (SAPCC) in 2009. This was also necessary as some of the sectors, like agriculture, water and energy for which action plans were needed are state subjects. All 29 State and Union Territories have prepared their SAPCC based on the guidelines issued by the Department of Environment, Forests and Climate Change, Government of India. The SAPCC identified key sectors and proposed sector specific strategies to address current and anticipated climate change challenges of the respective states.

**Kerala's initiatives and proposed action points**

Kerala has come out with the second version of SAPCC 2.0 in 2022. During 2023-24 Kerala state budget one of the research and development (R & D) activities taken up was to set up a full-fledged 'Climate Change Cell' in the State for interdepartmental coordination and to facilitate periodic interaction among line departments, local bodies, regulatory authorities, and R & D Institutes. The 2024-25 Kerala budget proposed adopting spatial planning to address disaster vulnerability. With these pronouncements, Kerala has led out the policy for spatial planning and coordinated approach. In this context we suggest the following activities:

1. Geographic region specific calibration of global and national climate change models is necessary. This require installing a system of long-term observation according to geographical regions, monitoring and analysis of interactions of global forces at local scale and setting up Human Environment Research Stations to produce new knowledge and examine existing information. As global models have limitations to capture regional issues, it is important to understand the actual change that are taking place in the ground for devising adaptive measures. The study of IIT Delhi with support from Department of Science and Technology, Government of India, brought out that the trend of temperature rise and change in rainfall computed through IMD observations and Multi Model-mean differ significantly. It is observed that there is underestimation in temperature over the Himalayas and North East and overestimation over most part of Central India. Similar biasness was observed in case of rainfall also (Mishra et al., 2020). Even the scenario computed using different models show variations. The RCP

(Representative Concentration Pathways) 4.5 shows an increment of temperature of about 2oC, whereas the RCP 8.5 indicates an increase of about 4oC by the end of this century. Under these circumstances, it is important to work out the real situation for effective adaptation. Kerala has three distinct geographic regions- Lowland, Midland and Highland. These zones were further classified under 13 agroclimatic zones. These zones may be considered at the state level for computing climate change related data and evolving zone centric models especially, for the Western Ghats and the coastal tract.

2. Building micro level geographic data base at the panchayat/ city level, assessment of climate change buffering landscape elements and documenting local people's experiences of climate change: Each of the physiographic units has internal relief variations and land use practices sensitive to variations in climate change. Even, the coastal zone, spreading over nine district and islands is not homogeneous. Inundation pattern during the 2004 tsunami and the devastating floods in 2018 and 2019 highlighted the importance of micro level variations in elevation, micro-topographic characteristics and location of settlements with respect to the coastal vegetation, sand dunes, rivers and water bodies. The landslides of 2024 devastating parts of the Wayanad plateau due to unprecedented rainfall is another issue to consider.

3. Distribution of the spatially differentiated buffering features are under threat due to human interventions, thereby compromising natural resilience of the area. Documenting these information are essential. With advancement of space science and information technology, generation of micro level spatial data base is an attainable goal in a reasonable time frame. Experience of local people/ farmers/ planters about the nature of climate change and disaster incidence that they are facing and how they are trying to cope up with these changes at their level are necessary. How do the micro level variations characterizing the villages, panchayats and cities can be dovetailed in the SPACC is a challenge for action plan and adaptation strategy. Interactive platform is necessary so that the top-down initiatives meet bottom-up approach midway.

4. The district can be considered as this midway between the State and the panchayat/ local bodies. Most of the government departments has district level units. There is also a district planning office and the Zilla Panchayat is a constitutional body. A district level platform is necessary to coordinate departmental activities and to assimilate Panchayat/ city level data. A Technical Support Group may be developed at the district level involving departments, R & D institutes, Universities, Colleges, NGOs and retired professionals. The SPACC may consider setting up such an institutional mechanism for carrying forward the action plans.

5. Going beyond mere routine stakeholder consultation in preparing SAPCC, the participatory approach should engage local people, panchayats and works within the existing decentralized institutional structures that can help local ownership, implementation of action plans to strengthen and enhance local resilience, bring cost-efficiencies, and ultimately contribute to achieve sustainability. There are several local level initiatives in Kerala. Upscaling and integration of these initiatives as part of SAPCC can add value to the climate change action planning and adaptation.

6. Partnership and greater coordination of state Governments are necessary as local control of climate change is bio-physically determined and are not limited to the state boundaries. There is a need for sharing of best practice and preparing blue print for effective implementation of climate change adaptation and mitigation actions in a variety

of contexts both at the national and sub-national level.

## Conclusion

The climate change action and disaster management plan should be innovation-led, transformational, integrated cutting across the sectoral silos and linking climate resilience, sustainable development and science-based planning and participation. The quadruple helix model and the Block Level Innovation clusters provide significant wherewithal for internal capacity building, and to co-design location specific adaptive measure for navigating the emerging challenges arising out of climate change and natural disasters.

(Retd) Scientist, Centre for Earth Science Studies, Thiruvananthapuram.
Consultant, Kerala Development and Strategic Innovation Council, Thiruvananthapuram
<srikumarc53@gmail.com>

**26**

# കാലാവസ്ഥാവ്യതിയാനം: ഇടപെടൽ സാദ്ധ്യതകൾ

ഡോ. മോനിഷ് ജോസ്

2018 ജൂൺ-ഓഗസ്റ്റ് കാലഘട്ടത്തിൽ കേരളം അഭിമുഖീകരിച്ച അതിതീവ്ര മഴ മൂലമുണ്ടായ പ്രളയം 13 ജില്ലകളിൽ വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തി, 5.4 ദശലക്ഷം പേരെ ബാധിക്കുകയും 450 ജീവനുകൾക്ക് നഷ്ടമാകുകയും ചെയ്തു. 3.8 ദശലക്ഷം യുഎസ് ഡോളറിന്റെ സാമ്പത്തിക നഷ്ടം ഉണ്ടായ ഈ പ്രളയം സംസ്ഥാനത്തിന്റെ സുരക്ഷിതത്വത്തെ കുറിച്ചുള്ള പൊതുധാരണയെ ബാധിച്ചു.

2019, 2020, 2021 വർഷങ്ങളിലും അതിതീവ്ര മഴയും വെള്ളപ്പൊക്കവും ആവർത്തിച്ച് വ്യാപക നാശനഷ്ടങ്ങൾ ഉണ്ടാക്കി. ഇതിന് പുറമെ, 2016 മുതൽ കടുത്ത വരൾച്ചയും കേരളം നേരിടുന്നു. കൃഷിയുടെ 70% മഴയെ ആശ്രയിക്കുന്നതിനാൽ കാലാവസ്ഥാ വരൾച്ച കാർഷിക ഉൽപാദനവും ജല ലഭ്യതയും ഗുണതകൃതമായി കുറയ്ക്കുന്നു.

പ്രളയാനന്തര ഘട്ടത്തിൽ, നദികളുടെ ഒഴുക്ക് വഷളായി, കിണറുകൾ വറ്റുകയും മണ്ണൊലിപ്പ് കൂടുകയും ചെയ്തു.. ഭാവിയിലെ അപകടങ്ങൾ ലഘൂകരിക്കാൻ മെച്ചപ്പെട്ട ഡാറ്റാ ശേഖരണം, ഉയർന്ന റെസല്യൂഷൻ മോഡലുകൾ, കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ അനിവാര്യമാണ്.

കേരള സംസ്ഥാന കാലാവസ്ഥാ പ്രവർത്തന പദ്ധതി (SAPCC) എന്നത് കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ഒരു ശക്തമായ പ്രവർത്തനരൂപമാണ്. എന്നിരുന്നാലും, അതിന്റെ പ്രാവർത്തികതയും ധനസഹായം ലഭ്യമാക്കലും പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇവയെ പരിപൂർണ്ണമാക്കുകയാണെങ്കിൽ കേരളം ഒരു കാലാവസ്ഥാ പ്രതിരോധ മാതൃകാ സംസ്ഥാനമായി മാറാൻ കഴിയും.

പ്രാദേശിക തലത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള കർമ പദ്ധതികൾ തയ്യാറാക്കുന്നതിലൂടെ, പ്രകൃതിദുരന്തങ്ങളാൽ ഉണ്ടാകുന്ന നഷ്ടങ്ങൾ കുറയ്ക്കാനും, പരിസ്ഥിതിയുമായി സൗഹൃദപരമായ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും കഴിയും. LSG-കളുടെ പങ്കാളിത്തത്തോടെ, അന്താരാഷ്ട്ര കാലാവസ്ഥാ ധനസഹായം പ്രയോജനപ്പെടുത്തി, സുസ്ഥിര വികസനം ലക്ഷ്യമാക്കി ഈ പദ്ധതികൾ പ്രാവർത്തികമാക്കേണ്ടതാണ്.

കാലാവസ്ഥാ പ്രതികരണ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്നതിന് Climate Finance (കാലാവസ്ഥാ ധനസഹായം) പ്രധാന പിന്തുണ നൽകുന്നു. നിലവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കാലാവസ്ഥ ധനസഹായം നൽകുന്നതായിട്ടുള്ള പ്രത്യേക രീതികൾ പരിഗണനയിൽ ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി Climate Finance (കാലാവസ്ഥാ ധനസഹായം) ലഭിക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതിനുള്ള ഒരു ഉദാഹരണമാണ് DCAT ഇടപെടലുകൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ ഇത്തരത്തിൽ അവലോകനം ചെയ്യുന്നതിലൂടെ തദ്ദേശസ് സ്ഥാപനങ്ങൾക്ക് സിഎസ്ആർ പോലുള്ള മറ്റു കാലാവസ്ഥ ധനസഹായം കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കാൻ കഴിയുന്നു. അതിനോടൊപ്പം തദ്ദേശ സ്ഥാപനങ്ങളിലെ കാലാവസ്ഥ വ്യതിയാന ലഘൂകരണ പ്രവർത്തനങ്ങൾ പടിപടിയായി മുന്നോട്ട് കൊണ്ടു വരുന്നതിനുള്ള ഒരു ഉപാധിയായും ഇതിനെ ഉപയോഗിക്കാവുന്നതാണ്.

കാലാവസ്ഥ വ്യതിയാനുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ പല ഗവേഷണ സ്ഥാപനങ്ങളിലും കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നിരുന്നാലും ഇത്തരം പഠനങ്ങളിൽ നിന്നുള്ള ഉൾക്കാഴ്ചകളും അറിവുകളും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ലഭ്യമാക്കിയാൽ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ക്ക് പ്രാദേശിക തലത്തിൽ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും സാധിക്കുകയുള്ളൂ.

കാലാവസ്ഥ വ്യതിയാനുമായി ബന്ധപ്പെട്ട ആഘാത പഠനങ്ങൾ ജില്ലാതലത്തിൽ എന്നതിലുപരി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടത്തേണ്ടത് അനിവാര്യമാണ് എന്നാൽ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ദിശ നൽകുവാൻ സാധിക്കുകയുള്ളൂ. മാത്രമല്ല ഈ രീതിയിലുള്ള പഠനങ്ങൾക്ക് പ്രാദേശികമായ ലഭ്യമാകുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ സാധിക്കണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പ്രത്യേകതയും സാമൂഹിക സാമ്പത്തിക സൂചകങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടായിരിക്കണം പ്രാദേശികതലത്തിൽ പഠനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. വിവിധ പഠനങ്ങളിൽ നിന്നുള്ള ആശയങ്ങൾ ഏകീകരിച്ചുകൊണ്ട് സംസ്ഥാന നയരൂപീകരണങ്ങളും ഇതിൻറെ ഭാഗമായി ചെയ്യേണ്ടതായിട്ടുണ്ട്.

കേരളം പോലുള്ള ഒരു കാലാവസ്ഥാ ദുർബലമായ സംസ്ഥാനത്തിന്, കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പ്രതിരോധം തീർക്കാൻ സംസ്ഥാന തലത്തിൽ ശാസ്ത്രീയവും തന്ത്രപരവുമായ കാലാവസ്ഥാ നയ രൂപീകരണത്തിലൂടെ സാധ്യമാകും. കേരളം കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ തന്ത്രപരമായ കർമപദ്ധതികൾ ആവിഷ്കരിച്ച്, ദേശീയ-അന്താരാഷ്ട്ര ധനസഹായങ്ങൾ പ്രയോജനപ്പെടുത്തി, ദീർഘകാലിക വികസനമാർഗം കണ്ടെത്തേണ്ടതുണ്ട്. ഇതിന് ശാസ്ത്രീയവും സുസ്ഥിരവുമായ ഒരു സംസ്ഥാന കാലാവസ്ഥാ നയം അനിവാര്യമാണ്.

27

## കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആസൂത്രണം, അംഗീകാരം, നിർവ്വഹണം

കെ.കെ. രാജീവൻ

കേരളത്തിന്റെ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ലോക ശ്രദ്ധപിടിച്ചു പറ്റിയ മാറ്റമാണ് എന്നതിൽ നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാം. അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണ വികേന്ദ്രീകരണവും ഫണ്ടിന്റേയും സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥരുടേയും വികേന്ദ്രീകരണം നടത്തി കേരളത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിനുള്ള ശ്രമമാണ് കേരളത്തിൽ നടന്നത്. ഈ രംഗത്ത് വളരെ മുന്നോട്ട് പോകുന്നത് നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും നാം വിഭാവനം ചെയ്ത അർത്ഥത്തിൽ ആ ലക്ഷ്യം കൈവരിക്കുന്നതിന് ഇനിയും നാം വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. നാളിതുവരെയുള്ള അനുഭവനത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണത്തിലും അംഗീകാരത്തിലും നിർവ്വഹണത്തിലും കാലാനുസൃതമായ ഒട്ടേറേ മാറ്റങ്ങൾ കൊണ്ടു വരേണ്ടത് അനിവാര്യമാണ്. 2025 ഫെബ്രുവരി 22,23,24 തീയ്യതികളിൽ നടക്കുന്ന പഠന കോൺഗ്രസ്സിൽ ഈ വിഷയം സംബന്ധിച്ച് നടക്കുന്ന ചർച്ചയിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണം

1. എല്ലാ വർഷവും ഗ്രാമപഞ്ചായത്തുകൾ മാർച്ച് 30ന് മുന്നെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണം ചെയ്യും എന്നാൽ ഗ്രാമസഭ ചേർന്ന് വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് വിശദമായ ചർച്ചകൾ നടത്തി, ജനകീയമായ തയ്യാറാക്കുന്ന പദ്ധതികൾ നിർവ്വഹണ സമയത്ത് അപ്പാടെ മാറേണ്ടി വരുന്നു. സർക്കാരിൽ നിന്നും അപ്പപ്പോൾ ഉണ്ടാകുന്ന നിർദ്ദേശങ്ങൾ വിഭവത്തിലെ വെട്ടികുറവ്, നിർവ്വഹിക്കാൻ കഴിയാത്ത മറ്റ് സാഹചര്യങ്ങൾ ഒക്കെ ഘടകമാകുന്നു. അതുകൊണ്ട് തന്നെ സ്വാഭാവികമായി വേണ്ടതിന് അപ്പുറത്ത് പല ആവർത്തി പദ്ധതി റിവിഷൻ വേണ്ടിവരുന്നു. ഇത് ജനകീയാസൂത്രണത്തിന്റേയും, ജനങ്ങൾക്ക് പഞ്ചായത്തിനോടുള്ള വിശ്വസ്തതയും നഷ്ടപ്പെടും. അതുകൊണ്ട് തന്നെ പഞ്ചായത്തുകളുടെ വേണ്ടത്ര പ്രാധാന്യം ആസൂത്രണത്തിന് നൽകാറില്ല, ഇത് മാറണം. പ്രാദേശിക ആസൂത്രണത്തിന് കുറേക്കൂടി പ്രാധാന്യം, ഗൗരവ്വം, സർക്കാർ സമീപനത്തിൽ നൽകണം.
2. വർഷം ഇത്രയായിട്ടും നമ്മൾ കാര്യമായിട്ടൊരു ഡാറ്റാപ്ലാനിംഗിലേക്ക് വന്നിട്ടില്ല. പഞ്ചായത്തുകളിലേക്ക് ഡേറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനും അത് പരിപാലിക്കുന്നതിനുമുള്ള സംവിധാനമുണ്ടാകണം.
3. പഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചെലവിന് ശേഷം വരുന്ന തനത് ഫണ്ട് സ്വതന്ത്രമായി വിനിയോഗിക്കാൻ കഴിയണം. ഇതിന്റെ 50% പദ്ധതി ഇല്ലാതെയും ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം പഞ്ചാത്തുകൾക്ക് ഉണ്ടാവണം.

**അംഗീകാരം**

1. പദ്ധതി മാർച്ചിന് മുൻപ് ഡി.പി.സിയിൽ നിന്നും അംഗീകാരം വാങ്ങുകയും പ്രോജക്റ്റുകൾ പഞ്ചായത്തുകളുടെ ആവശ്യത്തിന് അപ്പപ്പോൾ വെറ്റ് ചെയ്ത് വാങ്ങുന്ന രീതിയിലും സംവിധാനം ഉണ്ടാകണം. ഡി.പി.സി കൂടുന്നതിനുള്ള കലണ്ടർ നേരത്തേ പ്രഖ്യാപിക്കണം. അതിനനുസരിച്ച് പഞ്ചായത്തുകൾ ഡിപിസി അപ്രൂവലും വാങ്ങാൻ കഴിയണം.
2. വെറ്റിങ്ങിന് ചുമതലയുള്ള ഉദ്യോഗസ്ഥന് അദ്ദേഹത്തെ സഹായിക്കാൻ ഒരു വിദഗ്ധ സമിതിക്കും രൂപം നൽകുന്നത് നന്നായിരിക്കും. വെറ്റിങ്ങിന്

നൽകിയാൽ 15 ദിവസത്തിനുള്ളിൽ അപ്രൂവൽ നൽകിയില്ലെങ്കിൽ ഈ കമ്മറ്റിക്ക് തന്നെ അപ്രൂവൽ നൽകാൻ കഴിയണം. എന്നാൽ ഉത്തരവാദിത്വം അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥന് തന്നെയായിരിക്കും. ഡി.പി.സി അപ്രൂവൽ നൽകിയാൽ പദ്ധതി നിർവ്വഹിക്കാനും, വെറ്റ് ചെയ്ത് കിട്ടിയാൽ മറ്റൊരു അംഗീകാരം ലഭിക്കാതെ പ്രോജക്റ്റും നിർവ്വഹിക്കാനും കഴിയണം. അതിൽ വരുന്ന പ്രശ്നങ്ങൾക്ക് വെറ്റ് ചെയ്യുവരും ബാധ്യസ്തരാവണം. എങ്കിലെ വെറ്റിങ്ങ് കൊണ്ട് ഗുണമുണ്ടാകൂ.

3. പഞ്ചായത്തിന് ഉത്തരവാദിത്വമുള്ള കാര്യങ്ങളിൽ/ വിഷയങ്ങളിൽ സമാന്തര ആസൂത്രണവും നിർവ്വഹണവും നടത്തരുത്.
4. വകുപ്പ് തലത്തിൽ വരുന്ന പദ്ധതികൾ, തദ്ദേകസ്വയംഭരണ സ്ഥാപനങ്ങളുടെ, പ്ലാനിന്റെ ഭാഗമാവണം. അതിനായി വരുന്ന തുക തദ്ദേക സ്വയംഭരണ സ്ഥാപനം വഴി നൽകണം.

**നിർവ്വഹണം**

1) ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ, മീറ്റിംഗുകൾ പരിശീലനം എന്നിവ ഒഴിവാക്കണം.
2) 20ശതമാനംവരെ പ്രോജക്റ്റുകളിൽ തിരുത്ത് വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനം ഐ.കെ.എം ന് അറിയിച്ചാൽ സൈറ്റ് ഓപ്പൺ ചെയ്ത് ലഭിക്കണം. എന്നാൽ 20 ശതമാനത്തിന് മുകളിൽ ഡി.പി.സി അംഗീകാരം വാങ്ങിയിരിക്കണം. അത് പോലെ പതതിയിൽ 15% വരെ ഭേദഗതിക്കും(തിരുത്തൽ/കൂട്ടി ചേർക്കൽ) പഞ്ചായത്തിൽ കഴിയുന്ന അത്തരം ഭേഗദതി ഡി.പി.സിയെ അറിയിച്ചാൽ മതിയാവും.
3) പർച്ചെസ് മാനുവലിൽ കാലാനുസൃതമാറ്റം വരുത്തണം.
4) ടെന്റർ നടപടികൾ ലഘൂകരിക്കണം.
5) ഒരു വർഷത്തിൽ ഏപ്രിൽ, ഡിസംബർ, മാർച്ച്ആദ്യം എന്നിങ്ങനെ മൂന്ന് പ്രാവശ്യത്തിൽ കൂടി റിവിഷൻ അനുവദിക്കേണ്ടതില്ല. ആ തീയ്യതിയും, സമയപരിധിയും വർഷത്തിൽ ആദ്യം തന്നെ അറിയിക്കണം.
6) നിർവ്വഹണത്തിൽ അതത് സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കണം.
7) നിർവ്വഹണം പൂർത്തിയാക്കുന്നതിൽ അലംഭാവം കാണിച്ച് പണം നഷ്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് നടപടി ഉണ്ടാവാൻ വ്യവസ്ഥ വേണം.
8) വർക്ക് ഏറ്റെടുത്ത് എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കോൺട്രാക്റ്റർക്കെതിരെയും കർശന നടപടിയുണ്ടാവണം..
9) സാങ്കേതിക വെറ്റിംഗ് ആവശ്യമില്ലാത്ത പ്രോജക്റ്റുകൾ ഒഴിവാക്കിയുള്ള എല്ലാ പ്രോജക്റ്റുകളും അതത് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ സെൽഫ് വെറ്റിംഗ് നടത്തിയാൽ മതിയെന്നാക്കണം. അതിന് സഹായിച്ചാൽ വേണമെങ്കിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക തന്നെ ഒരു കമ്മറ്റിക്ക് രൂപം നൽകാവുന്നതാണ്.
10) വിലയിരുത്തലുകൾ ധന വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ എന്നതിനു പകരം ഫലാധിഷ്ഠിതമാക്കണം.
11) ആസൂത്രണ പ്രക്രിയയിൽ നാട്ടിലെ എല്ലാ സംഘടനാ സംവിധാനങ്ങൾക്കും (വിവരശേരണം, ആസൂത്രണം എന്നിവയിൽ ) ഇടപെടാൻ കഴിയണം. അതിന് നേരത്തേ ആസൂത്രണ പ്രവർത്തനം ആരംഭിക്കാനുള്ള നിർദ്ദേശമുണ്ടാകണം.
12) നിർവ്വഹണത്തിൽ പി.പി.പി, ബി.ഒ.റ്റി എന്നിവയ്ക്ക് കൂടുതൽ സാധ്യതയുണ്ടാവണം.
13) സമഗ്ര പദ്ധതി ദീർഘകാല പ്രോജക്റ്റ് എന്നിവയ്ക്കായി പ്രോത്സാഹിപ്പിക്കാനും അത് ചെയ്യാൻ വേണ്ട സഹായവും, ലഘുവായ നടപടി ക്രമവും ഉണ്ടാവണം.

---

സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

28

# പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ

കണ്ണൻ നായർ

ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത് പ്രത്യേക നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ്. ആദ്യവർഷങ്ങളിൽ പ്രയാസം നേരിട്ടു വെങ്കിലും ഇപ്പോൾ വിവിധ വർഷങ്ങളിൽ വരുത്തിയ ഭേദഗതികൾ ഉൾക്കൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട് എങ്കിലും പൊതുവിൽ കാണപ്പെടുന്ന ചില പോരായ്മകൾ ചൂണ്ടിക്കാണിക്കട്ടെ.

1. ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിദഗ്ധരെ ഉൾപ്പെടുത്താൻ തയ്യാറാകുന്നില്ല.
2. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പരമാവധി ഡാറ്റ ശേഖരിക്കാനോ ഉപയോഗിക്കാനോ തയ്യാറാകുന്നില്ല. മുൻവർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ചെറിയ ചില ഭേദഗതിയോട് കൂടി ആവർത്തിക്കുകയാണ് ചെയ്യുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അവസാനം കൃത്യമായ നിർദ്ദേശങ്ങൾ ലിസ്റ്റ് ചെയ്യാനും തയ്യാറാകുന്നില്ല.
3. ഗ്രാമസഭകൾ കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യാനാണ് പ്രധാനമായും വിളിച്ചു ചേർക്കുന്നത്. എന്നാൽ ഗ്രാമസഭകളുടെ സിംഹഭാഗവും ഉദ്ഘാടന -ആശംസ പ്രസംഗങ്ങൾക്കുമായി വിനിയോഗിക്കപ്പെടുന്നു.മേഖല അടിസ്ഥാനത്തിൽ ഗ്രൂപ്പായി തിരിഞ്ഞു കരടു നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് താൽപര്യം കാണിക്കുന്നില്ല അഥവാ അതിന് സമയം മാറ്റിവെക്കപ്പെടുന്നില്ല
4. വികസന സെമിനാറുകൾ പ്രധാനമായും നടത്തുന്നത് വിവിധ വാർഡുകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള നയ രൂപീകരണത്തിനും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ആണ്.എന്നാൽ സെമിനാറിൽ ചർച്ചചെയ്യേണ്ട 10 അധ്യായങ്ങളുള്ള കരട് വികസനരേഖ അച്ചടിച്ച് സെമിനാർ പങ്കാളികൾക്ക് എല്ലാവർക്കും നൽകുന്നതിന് ഭൂരിപക്ഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ താൽപര്യം കാണിക്കുന്നില്ല. ഇത് പരിഹരിക്കപ്പെടേണ്ടതാണ്
5. ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് സംയുക്ത പദ്ധതികൾക്കായുള്ള മുന്നൊരുക്കം, നടപടിക്രമങ്ങൾ എന്നിവ നടക്കാത്തതുകൊണ്ട് പദ്ധതികളുടെ ഗുണനിലവാരം കുറഞ്ഞു പോകുന്നു.
6. ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ പൂർത്തീകരിച്ചതിനുശേഷം നടക്കേണ്ട ഗ്രാമസഭകൾക്ക് തുല്യമായ ബ്ലോക്ക്- ജില്ലാതല ഗ്രാമസഭകൾ പലപ്പോഴും അതിനു മുമ്പായി തന്നെ പൂർത്തീകരിക്കുന്നത് കൊണ്ട് താഴെത്തട്ടിലുള്ള നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടുന്നില്ല.
7. പദ്ധതികൾ തീരുമാനിക്കുന്നതിന് മുമ്പ് വിദഗ്ധരുമായി നടത്തേണ്ട ചർച്ചകൾ കേവലം ചടങ്ങായി മാറുന്നു
8. നിർവഹണ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കേണ്ട തയ്യാറാക്കേണ്ട പ്രൊജക്ടുകൾ നിർദ്ദേശിഷ്ട ഫോറങ്ങളിൽ പൂർണമായും തയ്യാറാക്കാത്തത് കാരണം പലപ്പോഴും അത് നിർവഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. പ്രത്യേകിച്ചും ഉദ്യോഗസ്ഥർ സ്ഥലം മാറി പോകുമ്പോൾ.
9. നിർവഹണ ഉദ്യോഗസ്ഥന്മാർക്കും വ്യക്തി ഓഫീസർമാർക്ക് കൃത്യമായ പരിശീലനം യഥാസമയം ലഭിക്കുന്നില്ല. പുതുതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേകിച്ച് ഇത് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്
10. പ്രൊജക്ടുകൾ രൂപീകരിക്കുമ്പോൾ നൂതന പ്രൊജക്ടുകൾക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട് ഓരോ പ്രദേശത്തെയും സവിശേഷമായ പ്രശ്നങ്ങളും സാഹചര്യങ്ങളും പരിഗണിച്ച് അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല
11. മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകൾ ആണ് എന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ടെങ്കിലും അത് പാലിക്കപ്പെടുന്നില്ല പദ്ധതി രൂപീകരണം കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകൾ കമ്മിറ്റികൾ ആയി പ്രവർത്തിക്കേണ്ടതും കൃത്യമായ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതുമാണ് തുടക്കം മുതൽ ഒടുക്കം വരെ നടക്കേണ്ട ഈ പ്രക്രിയ വെറും കടലാസുകളിൽ ഒതുങ്ങി പോകുന്നു.
12. ബഹുജന വേദികളിലുള്ളജന പങ്കാളിത്തവും സഹകരണവുംകുറഞ്ഞു കുറഞ്ഞു വരുന്നത് ആശങ്കയ്ക്ക് ഇടയാക്കുന്നു.

പൊതുവിൽ കണ്ടുവരുന്ന ഏതാനും ന്യൂനതകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്തത് വളരെ നല്ല നിലയിൽ മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിവരുന്ന ഒട്ടനവധി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്.കുറേകൂടി ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പദ്ധതി രൂപീകരണം നടത്തി പൂർത്തീകരിക്കുന്നതിനും സാധിച്ചാൽ അത് വലിയ നേട്ടമാകും എന്ന കാര്യത്തിൽ തർക്കമില്ല.

29

# പദ്ധതി ആസൂത്രണം, പരിശോധന, അംഗീകാരം, നിർവഹണം, മോണിട്ടറിംഗ്

സനൽ എസ്.ആർ.

## ആമുഖം

കേരളത്തിൽ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കിയ ജനകീയാസൂത്രണം ആരംഭിച്ചിട്ട് 28 വർഷങ്ങൾ പിന്നിടുന്നു. വിവിധ വികസന മേഖലകളിൽ കേരളത്തിന് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനായതിൽ ജനകീയാസൂത്രണത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വലിയ പങ്കാണുള്ളത്. ഏല്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം നിരവധി ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന തലത്തിലേയ്ക്കും തദ്ദേശഭരണ സ്ഥാപനങ്ങൾ വളർന്നു. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന നിലയിലേക്ക് കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ മാറിയെന്നാണ് 2018, 2019 വർഷങ്ങളിലെ പ്രളയങ്ങളെയും കോവിഡ് മഹാമാരിയെയും അഭിസംബോധന ചെയ്തതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കാണിച്ചുതന്നത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി വളരുന്ന പ്രക്രിയയുടെ ഒരു ഘട്ടത്തിലാണെന്ന് വിലയിരുത്താം.

ജനകീയാസൂത്രണത്തിന്റെ നിരവധി നേട്ടങ്ങൾ കേരളത്തിന് അവകാശപ്പെടാനുള്ള പ്പോൾ തന്നെ പഠനങ്ങളിലും സംവാദങ്ങളിലും ചില പോരായ്മകൾ ചൂണ്ടികാണിക്കപ്പെടുന്നുണ്ട് എന്നത് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഇതുവരെയുള്ള അനുഭവങ്ങൾ വിലയിരുത്തി ശരികളും നേട്ടങ്ങളും കൂടുതൽ ബലപ്പെടുത്തിയും ദൗർബല്യങ്ങൾ പരിഹരിച്ചും മുന്നോട്ട് പോകുന്നതിനുള്ള ഒരവസരമാണ് പഠന കോൺഗ്രസ്സ്. ഇതിലെ ചർച്ചയിലൂടെ ഭാവി വീക്ഷണത്തിന് രൂപം നല്കാൻ കഴിയണം.

മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്ന പരിപാടികൾ ഏറ്റെടുക്കാൻ നിർബന്ധിതമാകുന്നതും ഫണ്ടുകൾ യഥാസമയം ലഭിക്കാതിരിക്കുന്നതും ധനവിനിയോഗത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന നിയന്ത്രണങ്ങളും സ്രോതസ്സിൽ തുക കുറവ് ചെയ്യുന്നതും വാഗ്ദാനം ചെയ്ത ക്യാരി ഓവർ തുക അനുവദിക്കാതിരിക്കുന്നതുമൊക്കെ പ്രദേശികാസൂത്രണത്തെ പലപ്പോഴും പ്രതിസന്ധിയിലാ ക്കുന്നുണ്ട്.

2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ഉപാധി രഹിത ഫണ്ട് ഇനത്തിൽ മാത്രം 15,980 കോടി രൂപയാണ് വകായിരുത്തിയിട്ടുള്ളത് - പദ്ധതി വിഹിതമായി മാത്രം 9215 കോടി രൂപ. അധികാര വികേന്ദ്രീകരണത്തിന് സർക്കാർ നൽകുന്ന ഉയർന്ന പരിഗണനയാണ് ഇത് കാണിക്കുന്നത്. എന്നാൽ പദ്ധതിപ്പണം തീരെ ചെറിയ പ്രോജക്ടുകൾക്കായി വീതം വയ്ക്കുന്നു എന്ന വിമർശനം നിലനിൽക്കുന്നു. ഫലപ്രാപ്തി കൂടിയ വികസന പ്രോജക്ടുകൾ ഏറ്റെടുക്കുന്ന നിലയിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മാറണം. അതോടൊപ്പം, ഉല്പാദനം വർദ്ധിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു സാമ്പത്തിക വളർച്ചയുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വലിയ ഇടപെടലുകൾ നടത്തുന്ന രീതിയിലേക്ക് കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ വളരണം.

## പദ്ധതി ആസൂത്രണം

പദ്ധതി രൂപീകരണം, അംഗീകാരം എന്നിവയ്ക്കായി ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷങ്ങളിൽ രൂപം നല്കിയ അടിസ്ഥാന തത്വങ്ങളിൽ മാറ്റം വന്നിട്ടില്ലെങ്കിലും കഴിഞ്ഞ 28 വർഷത്തിനിടയിൽ നടപടിക്രമങ്ങളിൽ പലപ്പോഴായി മാറ്റങ്ങളുണ്ടായിട്ടുണ്ട്. ആസൂത്രണത്തിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക, പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ മെച്ചപ്പെടുത്തുക, ആസൂത്രണ പ്രക്രിയ സമയബന്ധിതമാക്കി പദ്ധതി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ മാറ്റങ്ങൾ കൊണ്ടുവന്നത്. സർക്കാർ പുറപ്പെടുവിക്കുന്ന മാർഗരേഖയെ അടിസ്ഥാനമാക്കി മാത്രം വികസന പദ്ധതിക്ക് രൂപം നല്കുന്ന നിലവിലെ രീതിക്ക് പദ്ധതി ആസൂത്രണ ചട്ടങ്ങൾ വരുന്നതോടുകൂടി മാറ്റം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി ആസൂത്രണ ചട്ടങ്ങൾക്ക് രൂപം നല്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

പതിമൂന്നാം പദ്ധതിക്ക് മുൻപ് വരെ ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമായി പലരും ചൂണ്ടിക്കാട്ടിയിരുന്നത് പദ്ധതി രൂപീകരണത്തിൽ വരുന്ന വലിയ കാലതാമസവും തന്മൂലം നിർവഹണത്തിൽ ഉണ്ടാവുന്ന ബുദ്ധിമുട്ടുകളുമായിരുന്നു. പതിമൂന്നാം പദ്ധതിയിൽ അതിന് പരിഹാരം കാണാൻ കഴിഞ്ഞു. വരും വർഷത്തെ പദ്ധതി ആസൂത്രണം തൊട്ട് മുൻവർഷം നവംബർ മാസത്തോടെ ആരംഭിക്കുകയും വാർഷിക പദ്ധതി അംഗീകാര നടപടികൾ ഫെബ്രുവരിയിൽ പൂർത്തിയാക്കുകയും ചെയ്ത് ഏപ്രിൽ 1-ന് പദ്ധതി നിർവഹണം ആരംഭിക്കുന്ന രീതിയിലേക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മാറി. അതുകൊണ്ടുതന്നെ വർഷിക പദ്ധതിയെ ബജറ്റുമായി സംയോജിപ്പിക്കാൻ കഴിഞ്ഞു. പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ ഘട്ടങ്ങൾ കുറയ്ക്കുകയും അതുവഴി ആസൂത്രണ പ്രക്രിയ ലളിതമാക്കുകയും ചെയ്തു. ആസൂത്രണ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി നിർബന്ധമായും (mandatory) അനുവർത്തിക്കേണ്ട കാര്യങ്ങൾ, അഭികാമ്യമായി (desirable) അനുവർത്തിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി. തദ്ദേശഭരണ സ്ഥാ

പനങ്ങളെ സഹായിക്കാനായി ആസൂത്രണ സമിതി സംവിധാനത്തിനും രൂപം നൽകി. അതുപോലെ നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അവസരം നൽകുകയും അത്തരം പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിന് പ്രത്യേക സമിതികൾ നിലവിൽ വരികയും ചെയ്തു. നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കുന്നതിന് നഗരഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം മാർഗ്ഗരേഖയും പുറപ്പെടുവിച്ചു.

ജനകീയാസൂത്രണം ശക്തിപ്പെടുത്തുന്നതിന് പതിനാലാം പഞ്ചവല്സര പദ്ധതിയിലും ഒട്ടേറെ നടപടികൾ സ്വീകരിച്ചു. പഠനങ്ങളിൽ ചൂണ്ടികാണിക്കപ്പെടുന്ന ഒരു വിമർശനം വിവിധ വികസന ഏജൻസികളുടെ പരിപാടികൾ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കുന്നില്ല എന്നതായിരുന്നു. സംയോജന സാധ്യതകൾ കണ്ടെത്തി പദ്ധതിയിൽ ഉൾച്ചേർക്കുന്നതിന് ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും ഒരു പ്രത്യേക യോഗം നിർബന്ധമായും തുടക്കത്തിൽ തന്നെ വിളിച്ചു ചേർക്കണമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വ്യവസ്ഥ ചെയ്തു. പതിനാലാം പദ്ധതിയിൽ കൂടുതൽ പ്രോജക്ട് ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പ്രദേശിക സാമ്പത്തിക വികസനത്തിനുള്ള ചാലക ശക്തികളാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ മറ്റുന്നതിനുള്ള വലിയ പരിശ്രമം ഈ കാലയളവിൽ ഉണ്ടായി. മാലിന്യ സംസ്കരണം പോലെ അനിവാര്യ ചുമതലകളെ കൂടുതൽ ഗൗരവത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ സമീപിക്കുന്ന നില വന്നു.

ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷങ്ങളിൽ പദ്ധതി രൂപീകരണം ജനങ്ങളുടെയും വിദഗ്ധരുടെയും വലിയ തോതിലുള്ള പങ്കാളിത്തതോടെയാണ് നിർവഹിച്ചിരുന്നതെങ്കിൽ നിർഭാഗ്യവശാൽ പിന്നീട് പങ്കാളിത്തം കുറയുന്നതായാണ് കണ്ടത്. പ്രത്യേകിച്ച് യുവാക്കളുടെ പങ്കാളിത്തം ഇന്ന് തീരെയില്ല എന്നുതന്നെ പറയാം. ഗ്രാമസഭ പങ്കാളിത്ത ആസൂത്രണത്തിന്റെ അടിസ്ഥാന വേദിയാണെങ്കിലും ഇനിയങ്ങോട്ട് എല്ലാവരെയും ഗ്രാമസഭയിൽ എത്തിക്കുന്നതിന് പരിമിതികളേറെയാണ്. എവിടെയിരുന്നും എല്ലാവർക്കും പങ്കെടുക്കാൻ കഴിയുന്ന രീതിയിലുള്ള വെർചൽ യോഗങ്ങൾ എല്ലാ രംഗത്തും പ്രാവർത്തികമാക്കണം. വിവിധ സാമൂഹ്യ വിഭാഗങ്ങളുമായും കൂട്ടായ്മകളുമായും പ്രത്യേകം കൂടിയാലോചിക്കുന്ന രീതിയും ശക്തിപ്പെടുത്തണം.

ആസൂത്രണ നടപടിക്രമങ്ങൾ ചടങ്ങ് പോലെ പൂർത്തിയാക്കുന്നു എന്ന വിമർശനം ശക്തമാണ്. അതുപോലെ വേണ്ടത്ര പഠനം നടത്താതെയും സ്ഥിതിവിവര കണക്കുകളുടെ പിൻബലമില്ലാതെയും വികസന പ്രോജക്ടുകൾക്ക് രൂപം നല്കുന്നത് പ്രാദേശികപദ്ധതികളുടെ ഗുണമേന്മയെയും സാങ്കേതിക മികവിനെയും കാര്യമായി ബാധിക്കുന്നുണ്ട്. ലഭ്യമായ പ്രൊഫഷണലുകളുടെ വൈദഗ്ധ്യം പദ്ധതി രൂപീകരണത്തിന് ഉപയോഗപ്പെടുത്തുന്നതിൽ ഇനിയും മുന്നേറാനുണ്ടെന്നാണ് അനുഭവങ്ങൾ കാണിക്കുന്നത്. വകുപ്പുകളും പ്രാദേശിക സർക്കാരുകളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എന്നതും ഒരു യാഥാർത്ഥ്യമാണ്. പ്രാദേശിക പദ്ധതികളുടെ ഗുണമേന്മ മെച്ചപ്പെടുത്താൻ കൂടുതൽ പരിശ്രമം ആവശ്യമാണ്. ആസൂത്രണ സമിതി സംവിധാനവും വിഷയാടിസ്ഥാനത്തിലുള്ള വർക്കിംഗ് ഗ്രൂപ്പുകളും ശക്തിപ്പെടുത്തുകയാണ് അതിനുള്ള പോംവഴി. ഇവ വർഷം മുഴുവൻ പ്രവർത്തിക്കുന്ന സമിതികളായി മാറണം. ഈ ലക്ഷ്യം നേടണമെങ്കിൽ നാടിന്റെ വികസന പ്രക്രിയയിൽ വലിയ സംഭാവന നല്കാൻ കഴിയുന്നവരെ ഉൾപ്പെടുത്തി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കുന്ന നില വരണം.

പദ്ധതി ആസൂത്രണം സോഫ്റ്റ് വെയർ അധിഷ്ഠിതമായി മാറിയതോടെ ആസൂത്രണത്തിന്റെ സർഗാത്മകത ക്രമേണ ഇല്ലാതായി എന്ന വിമർശനം ഗൗരവമായി തന്നെ പരിശോധിക്കണം. നൂതന പ്രോജക്ടുകൾക്കുള്ള പ്രത്യേക സൗകര്യം നിയമങ്ങളെയും മാർഗനിർദേശങ്ങളെയും മറികടക്കുന്നതിനുള്ള ഉപാധിയായി ഉപയോഗിക്കപ്പെടുന്നു എന്ന വിമർശനവും ഉയരുന്നുണ്ട്. നിർജീവ ആസ്തികൾ കൂടിവരുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമായിതന്നെ കാണണം.

പദ്ധതി രൂപീകരണത്തിൽ വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിയാത്തതിനുള്ള കാരണങ്ങൾ, വിദഗ്ധരെ കൂട്ടിയോജിപ്പിച്ച് സംയോജിത പ്രവർത്തനം എങ്ങനെ സാധ്യമാക്കാം, ലഭ്യമായ പ്രൊഫഷണലുകളുടെ വൈദഗ്ധ്യം ഫലപ്രദമായി എങ്ങനെ ഉപയോഗപ്പെടുത്താം, അക്കാദമിക് സ്ഥാപനങ്ങളുടെയും സാങ്കേതിക-ഗവേഷണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം എങ്ങനെ ഉറപ്പാക്കാം; മികച്ച മാതൃകകൾ, സാങ്കേതിക വിദ്യ, പുതിയ കണ്ടെത്തലുകൾ എന്നിവ എങ്ങനെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാം ഇവയെല്ലാം ചർച്ചയ്ക്ക് വിധേയമാക്കണം. ചർച്ചയ്ക്ക് വിധേയമാക്കേണ്ട മറ്റ് പ്രധാന വിഷയങ്ങൾ ചുവടെ നല്കുന്നു.

വികസനരേഖയിലൂടെ പഞ്ചവത്സര വികസന കാഴ്ചപ്പാടിന് രൂപം നല്കുകയും അത് സാക്ഷാത്ക്കരിക്കുന്നതിനുള്ള ഉപാധി എന്ന നിലയ്ക്ക് ഓരോ വർഷവും സ്ഥിതി വിലയിരുത്തി അതതു വർഷത്തെ പദ്ധതിക്ക് രൂപം നല്കുന്നതുമായ രീതിയിലേക്ക് മാറണം. ഇതിനുള്ള അടിസ്ഥാന രേഖയാണ് അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്). അവസ്ഥാ രേഖയുടെ ഗുണമേന്മ മെച്ചപ്പെടുത്തണം.

ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾക്ക് രൂപം നല്കണം. (ഗ്രാമ സഭ/ വാർഡ് സഭ, ഊരുകൂട്ടങ്ങൾ, മത്സ്യ സഭ, ഭിന്നശേഷിയുള്ളവരുടെയും അവരുടെ രക്ഷിതാകളുടെയും പ്രത്യേക യോഗം, വികസന സെമിനാർ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്ന വേദികളാക്കി എങ്ങനെ മാറ്റാം, പങ്കാളിത്തത്തിന് പുതിയ രീതികൾ അവലംബിക്കാമോ അതിന്റെ സാധ്യതകൾ, വാർഡ് തല സമിതികളുടെ സാധ്യതകൾ തുടങ്ങിയവ).

ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നല്കേണ്ട ചുമതല നിലവിൽ ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്കാണ്. ആസൂത്രണ നടപടിക്രമങ്ങൾ അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണ

മായി പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്താനുള്ള ഒരു സംവിധാനമായി ഇതിനെ മാറ്റണം.

വിവിധ മേഖലകൾ തമ്മിലും വിവിധ തട്ടുകൾ തമ്മിലുമുള്ള ഏകോപനവും വികസന ഏജൻസികളുടെ പരിപാടികളും പ്രാദേശിക പദ്ധതികളുമായുള്ള സംയോജനവും വേണ്ടത്ര ഉണ്ടാകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിനുള്ള പരിഹാര മാർഗങ്ങൾ.

മേഖലാതല നിബന്ധനകളിൽ ചില പ്രദേശങ്ങൾക്ക് ഇളവ് നൽകണമെന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദീർഘ നാളത്തെ ആവശ്യമാണ്. ഇത് പരിഗണിക്കുകയാണെങ്കിൽ തീരുമാനം എടുക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനത്തിന് രൂപം നല്കേണ്ടതുണ്ട്.

വാർഷിക പദ്ധതിക്കൊപ്പം ഒരു വിഭവ സമാഹാരണ പ്ലാൻ കൂടി തയ്യാറാക്കണം എന്ന ആവശ്യം ഉന്നയിക്കപ്പെടുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾക്ക് രൂപം നല്കണം.

## വാർഷിക പദ്ധതിയുടെ/പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും

പ്രോജക്ടുകളുടെ പരിശോധന പൂർത്തിയായശേഷം വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം എന്ന മുൻകാല രീതിക്ക് പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ മാറ്റം വന്നു. വാർഷിക പദ്ധതി സമർപ്പണത്തിന്റെ തിരക്കിൽ പ്രോജക്ടുകളുടെ അംഗീകാര പ്രക്രിയ ഫലപ്രദമായിരുന്നില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഇതിൽ മാറ്റം വരുത്തിയത്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷം പ്രോജക്ടുകളുടെ വിശദമായ പരിശോധനയും അംഗീകാരവും എന്ന രീതിയിലേക്ക് മാറി. സമയബന്ധിതമായി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നില്ല എന്ന വിമർശനം തദ്ദേശ ഭരണസ്ഥാപങ്ങൾ ഉന്നയിക്കുന്നുണ്ട്. അനുഭവം വിലയിരുത്തി വാർഷിക പദ്ധതി പരിശോധനയ്ക്കും പ്രോജക്ട് പരിശോധനയ്ക്കും ഉള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കണം.

വാർഷിക പദ്ധതി പരിശോധന ഇപ്പോൾ ജില്ലാ പ്ലാനിംഗ് ഓഫീസിന്റെ ചുമതലയിൽ മാത്രമാണ് നിർവഹിക്കപ്പെടുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകേണ്ടി വരുമ്പോൾ വിശദമായ പരിശോധന സാധ്യമാകില്ല എന്ന പരിമിതിക്ക് പരിഹാരം കാണണം. വാർഷിക പദ്ധതി അംഗീകാരത്തിന് മുൻപ് പ്രോജക്ട് ക്ലിനിക്ക് മാതൃകയിൽ പ്രീ വെറ്റിംഗ് നടത്തണമെന്ന് മാർഗരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അത് പലയിടത്തും നടക്കുന്നില്ല. പ്രോജക്ടുകളുടെ എല്ലാ വിധത്തിലുമുള്ള അംഗീകാരവും ഏപ്രിൽ, മേയ് മാസങ്ങളിലായി പൂർത്തിയാക്കണം. ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് പ്രവൃത്തികൾക്ക് എസ്ടിമേറ്റ്, സാങ്കേതികാനുമതി എന്നിവയ്ക്ക് സർവീസിൽ നിന്നും വിരമിച്ചവരെ കൂടി ഉൾപ്പെടുത്തി കമ്മിറ്റികൾക്ക് രൂപം നൽകിയെങ്കിലും ഫലപ്രദമല്ല എന്ന പരാതികൾ ഉയരുന്നുണ്ട്.

അംഗീകാരത്തോടെ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് ഓഡിറ്റ് തടസ്സം ഉണ്ടാകുന്ന സ്ഥിതിയുണ്ട്. ഇത് നിർവഹണ ഉദ്യോഗസ്ഥരുടെ ആത്മവിശ്വാസത്തെയും സുഗമമായ പദ്ധതി നിർവഹണത്തെയും ബാധിക്കുന്നു. എല്ലാ വിധത്തിലുമുള്ള അംഗീകാരവും ലഭിച്ച ശേഷം നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് നിർവഹണ ഉദ്യോഗസ്ഥനിൽ ബാധ്യത നിശ്ചയിക്കുന്ന നിലവിലെ രീതി ഒഴിവാക്കണം.

## പദ്ധതി നിർവഹണം

പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്ന നിർമ്മാണ പ്രോജക്ടുകൾക്ക് പരിധി നിശ്ചയിക്കുകയും അതിനു മുകളിലുള്ള പ്രോജക്ടുകൾക്ക് ടെണ്ടർ നടപടി ബാധകമാക്കുകയും ചെയ്തതുവഴി വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ നേട്ടമാണുണ്ടായതെന്ന് കണക്കുകൾ കാണിക്കുന്നു. സംസ്ഥാനത്താകമാനം ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് അധിക പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടായി.

2010 ലെ പ്രൊക്യൂർമെൻറ് മാർഗരേഖയും ഏജൻസികൾക്ക് അക്രഡിറ്റേഷൻ നല്കുന്നതിനുള്ള 2013ലെ മാർഗരേഖയും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അതുപോലെ കൺസൽട്ടൻസി സേവനം ഉപയോഗിക്കുന്നതിന് മാർഗരേഖ വേണമെന്നുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദീർഘനാളത്തെ ആവശ്യവും യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഈ മാർഗരേഖകൾ വരുന്നതോടുകൂടി പദ്ധതി നിർവഹണം കൂടുതൽ സുഗമമാകും.

വിദഗ്ധരുടെ കൂടി പങ്കാളിത്തതോടെ കഴിയുന്നത്ര ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് പ്രാധാന്യം നല്കണം. ഇത് പദ്ധതി നിർവഹണത്തിന് കരുത്തേകും. പ്രോജക്ടുകൾ വിഭാവന ചെയ്യുന്നതുപോലെ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കപ്പെടുന്നില്ല എന്ന പ്രശ്നം ഇപ്പോഴും നിലനില്ക്കുന്നുണ്ട്. തീരെ ചെറിയ പ്രോജക്ടുകൾ പോലും രണ്ടും മൂന്നും വർഷം സ്പിൽ ഓവർ ആയി മാറുന്ന സ്ഥിതിയുണ്ട്. ഇതിന് മാറ്റം വരണം.

## വാർഷിക പദ്ധതി ഭേദഗതി

ഗ്രാമസഭ, വികസന സെമിനാർ തുടങ്ങിയ വേദികളിലെ ചർച്ചകളിലൂടെ അന്തിമമാക്കുന്ന വാർഷിക പദ്ധതിയിൽ ഭേദഗതി സമയത്ത് വലിയ തോതിൽ മാറ്റം സംഭവിക്കുന്നുണ്ട്. ഇത് ആസൂത്രണത്തിന്റെ പ്രസക്തി തന്നെ ഇല്ലാതാക്കുന്ന നടപടിയാണ്. വാർഷിക പദ്ധതി ഭേദഗതി രണ്ടോ, മൂന്നോ എണ്ണമായി പരിമിതപ്പെടുത്തണം. പ്രോജക്ടുകളിലെ ചെറിയ ഭേദഗതിക്ക് പോലും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം വേണ്ട സ്ഥിതിയുണ്ട്. ഇത് ലഘൂകരിക്കണം.

## പദ്ധതി മോണിട്ടറിംഗ്

പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ

അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ മൂന്നിൽ കുറയാത്ത അംഗങ്ങൾ ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്ന് മാർഗരേഖ നിർദേശിക്കുന്നുണ്ടെങ്കിലും പലയിടത്തും ഈ രീതിയിൽ പ്രവർത്തിക്കുന്നില്ല. അതുപോലെ വകുപ്പുതല മോണിട്ടറിംഗും ഫലപ്രദമായി നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണ സമിതി, ജില്ലാ ആസൂത്രണ കമ്മിറ്റി, വകുപ്പുകൾ (ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും), കോ-ഓർഡിനേഷൻ കമ്മിറ്റി തുടങ്ങിയ തലങ്ങളിലെ മോണിട്ടറിംഗ് ഫലപ്രദമാക്കണം.

### സോഷ്യൽ ഓഡിറ്റ്

തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കുന്നതും പ്രാദേശിക പദ്ധതിയിൽ ഉൾപ്പെട്ടതുമായ എല്ലാ വികസന പ്രോജക്ടുകളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന കാഴ്ചപ്പാടാണ് പദ്ധതി ആസൂത്രണ മാർഗരേഖ മുന്നോട്ട് വെയ്ക്കുന്നത്. സോഷ്യൽ ഓഡിറ്റിനുള്ള മികച്ച മാതൃകകൾ നമുക്ക് മുന്നിലുണ്ട്. തുടക്കത്തിൽ കൃഷി, മൃഗപരിപാലനം, ആരോഗ്യം, തുടങ്ങിയ മേഖലകളിലും പശ്ചാത്തല മേഖലയിലെ തെരഞ്ഞെടുത്ത പ്രോജക്ടുകൾക്കും സാമൂഹ്യ ക്ഷേമ പ്രോജക്ടുകൾക്കും പ്രാവർത്തികമാക്കാവുന്നതാണ്.

### സുലേഖ ആപ്ലിക്കേഷൻ പരിഷ്കരണം

പദ്ധതി ആസൂത്രണത്തിനുള്ള സുലേഖ സോഫ്റ്റ് വെയറിൽ 2012ന് ശേഷം ഒരു പരിഷ്കാരവും വരുത്തിയിട്ടില്ല. ഫലപ്രദമായ മോണിട്ടറിംഗിന് വേണ്ട വിവരങ്ങൾ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്നില്ല എന്ന പരാതി ആവർത്തിച്ച് ഉന്നയിക്കപ്പെടുന്നു. സാമ്പത്തിക വർഷത്തിനിടയിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുമ്പോൾ ആദ്യ പ്രോജക്ടിന്റെ വിവരങ്ങൾ സൂക്ഷിക്കപ്പെടുന്നില്ല എന്ന സ്ഥിതിക്കും മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ജനകീയാസൂത്രണം ആരംഭിച്ചിട്ട് 28 വർഷം പിന്നിടുമ്പോഴും ഭൗതിക നേട്ടങ്ങൾ ഓരോവർഷവും കൃത്യതയോടെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒരു സംവിധാനത്തിന് രൂപം നല്കാൻ കഴിഞ്ഞില്ല എന്നത് വലിയൊരു പോരായ്മ തന്നെയാണ്. പദ്ധതി ആസൂത്രണം, പ്രോജക്ടുകൾ തയ്യാറാക്കൽ, പരിശോധന, അംഗീകാരം, നിർവഹണം, മോണിട്ടറിംഗ് എന്നിവയ്ക്കുള്ള കാര്യക്ഷമമായ ഒരു ആപ്ലിക്കേഷൻ ആക്കി സുലേഖ സോഫ്റ്റ് വെയറിനെ മാറ്റണം.

# ജില്ല ആസൂത്രണ സമിതിയും ഇതര സംവിധാനങ്ങളും

## 30

## ജില്ല ആസൂത്രണ സമിതി ഇതര സംവിധാനങ്ങൾ

ബേബി ബാലകൃഷ്ണൻ

73, 74 ഭരണ ഘടന ഭേദഗതിയും അതോടൊപ്പം തന്നെ നിലവിൽ വന്ന ജില്ലാ ആസൂത്രണ സമിതിയും ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ നട്ടെല്ലാണ്. DPC ക് വിപുലമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ആക്ട് വിഭാവനം ചെയ്യുന്നുണ്ടെങ്കിലും ഡിപിസി യുടെ പ്രവർത്തനം നമ്മൾ പ്രതീക്ഷിച്ചതുപോലെ മുന്നോട്ട് പോയില്ല. ജില്ലയിലെ ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റികളുടെ പദ്ധതികൾ അംഗീകരിക്കാനുള്ള ബോഡി എന്നതിൽ കവിഞ്ഞുള്ള പ്രവർത്തനങ്ങൾ നടത്തില്ല. അതിനു കാരണം DPC യിലെ ഭൂരിപക്ഷം അംഗങ്ങളും ജില്ല പഞ്ചയത്ത് മെമ്പർമാരാണ് എന്നതാണ്. ജില്ലയിലെ ഉദ്യോഗസ്ഥർ DPC യിൽ കൃത്യമായി പങ്കെടുക്കുന്നില്ല.അവർ DPC യുടെ ജോയിന്റ് സെക്രട്ടറിമാരായി ഉയർന്ന് പ്രവർത്തിച്ചു. DPC യിൽ എല്ലാവരും കൃത്യമായി പങ്കെടുക്കണം. DPC, DDC എന്നിവ സംയോജിപ്പിക്കണം.

DPC member സർക്കാർ സമിതി വിവിധ മേഖലകളിലെ വിദ്ഗ്ധർ ആവണം.

ജില്ലയുടെ വികസനത്തിന് സമഗ്രമായ കാഴ്ചപ്പാട് രൂപികരിച്ചു പ്രവർത്തിക്കാനാവണം.

സംയോജിത പദ്ധതികൾ ആവിഷ്കരിച്ച് ജില്ല പദ്ധതി പരിഷ്കരിച്ച് സമഗ്രമായി നടപ്പാക്കണം.

ആവശ്യമായ ഡാറ്റാ കലക്ട് ചെയ്യാൻ DPC സെക്രട്ടറിയേറ്റിൽ സഹായക സംവിധാനങ്ങൾ ഉണ്ടാവണം.

ജില്ലയുടെ സമഗ്ര വികസനത്തിന് രൂപം നൽകുന്ന തരത്തിലുള്ള ഇടപെടലുകൾ ഫലപ്രദമായി നടത്താൻ സാധിക്കുന്നില്ല.

## 31

## ആസൂത്രണ സമിതി

കെ. സുരേഷ്

ജില്ലാ ആസൂത്രണ സമിതി, ജില്ലാപദ്ധതി, കോഡിനേഷൻ കമ്മറ്റി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിൽ വളരെ വലിയ പങ്കാണ് വഹിക്കുന്നത്. വളരെ ശ്രദ്ധയോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയില്ലെങ്കിൽ അധികാര വികേന്ദ്രീകരണത്തിന് ആക്കം കുറയ്ക്കാൻ ഇവ കാരണമായി തീരും.

### ജില്ലാ ആസൂത്രണ സമിതി

1. ഡി.ഡി.സി എന്നത് ഒഴിവാക്കി ഡി.പി.സികൾ കൂടുതൽ ശക്തമായ ഒരു സംവിധാനമാക്കിമാറ്റണം.
2. സർക്കാർ നിർദ്ദേശം ഇല്ലാതെ തന്നെ ഡി.പി.സി യോഗങ്ങൾ സ്വതന്ത്രമായി ആവശ്യാനുസരണം ചേരാൻ കഴിയണം.
3. ഡി.പി.സി കൾ പ്ലാൻ അപ്രൂവൽ ചെയ്യുകയേ പാടുള്ളൂ- പദ്ധതികൾ ജില്ലാ പ്ലാൻ ലക്ഷ്യം പൂർത്തീകരിക്കുന്നതാണോ/ഗൈഡ് ലൈനിന് വിരുദ്ധമാണോ എന്നീ കാര്യങ്ങൾ മാത്രമാണ് നോക്കേണ്ടത്.
4. ആസൂത്രണ സമിതി പ്രധാന യോഗങ്ങൾക്കുള്ള കലണ്ടർ നേരത്തേ പ്രഖ്യാപിക്കണം. അതിൽ അംഗീകാരത്തിനായി ആർക്കും എന്തും സമർപ്പിക്കാം. പക്ഷേ 10 ദിവസത്തിന് മുന്നെ നൽകിയിരിക്കണം. ഇത്തരം നിബന്ധനകൾ കൊണ്ട് വരണം. എന്നാൽ പ്രത്യേക യോഗങ്ങൾ ഉണ്ടെങ്കിൽ 15 ദിവസത്തിന് മുന്നെ എല്ലാവർക്കും വിവരം ലഭിക്കണം. വികസന കാര്യങ്ങൾ ചർച്ച ചെയ്യൽ, പ്രശ്നങ്ങൾ ചർച്ച ചെയ്യൽ/അപേക്ഷകൾ ചർച്ച ചെയ്യാൻ നിർവ്വഹണ പുരോഗതി ചർച്ച ചെയ്യാൻ യോഗങ്ങൾ ചേരണം.
5. ഡി.പി.സി ആവശ്യഘട്ടത്തിൽ ഉപയോഗിക്കാനായി അക്കാഡമിക് സ്ഥാപനങ്ങളുടെ പൂൾ ഉണ്ടാകണം.
6. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ചെറു പ്രോജക്റ്റുകൾ ഏറ്റെടുക്കാതിരിക്കാൻ കഴിയില്ല.

എന്നാൽ വലിയ ദീർഘ വീക്ഷണമുള്ള പദ്ധതികളും ഏറ്റെടുക്കേണ്ടതുണ്ട്. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടത് ഡി.പി.സിയായിരിക്കണം.

7. സംയുക്ത പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനുള്ള ചർച്ചകൾ ആശയ രൂപീകരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് മുന്നെ ഡി.പി.സി കൾ ആരംഭിക്കണം.

### ജില്ലാ പദ്ധതി

1. ജില്ലാപ്ലാൻ തയ്യാറാക്കുന്ന പ്രക്രിയയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും പങ്കാളിത്തമുണ്ടാവണം. അല്ലാതെ തയ്യാറാക്കിയ ശേഷം ഇത് പദ്ധതിയുടെ ഭാഗമാക്കണമെന്ന നിർദ്ദേശം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയില്ല. കൂടാതെ അവരവരുടെ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്നതിന് മുന്നെ ജില്ലാ പ്ലാൻ സംബന്ധിച്ച ചർച്ച, അതിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച ചർച്ച ഡി.പി.സിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.
2. ഡി.പി.സി യുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ജില്ലാ പ്ലാൻ സർക്കാർ തയ്യാറാക്കുന്ന പദ്ധതികളിലും പരിഗണിക്കപ്പെടണം.
3. ജില്ലാ പ്ലാൻ പൂർത്തീകരണ വിലയിരുത്തൽ കുറഞ്ഞത് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നടത്തണം.
4. ജില്ലാപ്ലാൻ നിർദ്ദേശങ്ങൾ പഞ്ചായത്തുകളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് ആകരുത്. പകരം പരസ്പരം ബോദ്ധ്യപ്പെടുന്നത് ആകണം.

### സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി

സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയിലേക്ക് അനിയന്ത്രിതമായി തീർപ്പ് ആക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ വരുന്നു. അതിൽ കുറേയേറെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഒരു ക്ലാരിഫിക്കേഷൻ കൂടി വാങ്ങി വയ്ക്കാം എന്ന നിലയിൽ അയയ്ക്കുന്നതാണ്. ചിലത് നിയമത്തിലും, ഗൈഡ് ലൈനിലും, ചട്ടത്തിലും വ്യക്തത വരാത്തത് കൊണ്ട്/വായിച്ച് മനസ്സിലാക്കാത്തത് കൊണ്ട് സംഭവിക്കുന്നതാണ്. ചില നിർദ്ദേശങ്ങൾ:-

1. കോ-ഓർഡിനേഷൻ കമ്മിറ്റികളിൽ വരുന്ന ആവശ്യങ്ങൾ വീണ്ടും മറ്റ് പഞ്ചായത്തുകൾ ആവർത്തിക്കാത്തതിനാൽ ഉത്തരവിൽ ചട്ടത്തിൽ വ്യക്തത വരുത്തേണ്ടത്, പുതിയ ഉത്തരവ് ഇറക്കേണ്ടത് ഉണ്ടെങ്കിൽ അത് പരിഹരിക്കണം.
2. ഡി.പി.സി യുടെ നേതൃത്വത്തിൽ സ്ക്രീനിങ്ങ് നടക്കണം. കോ-ഓർഡിനേഷൻ കമ്മറ്റിയുടെ ചെറു രൂപത്തിൽ ഡി.പി.സി സബ് കമ്മറ്റി പ്രവർത്തിക്കണം. അവിടെ പരിഹാരം കാണേണ്ടത് അവിടെ പരിഹരിക്കണം. പരിഹരിക്കപ്പെടാൻ കഴിയാത്തത് മാത്രം കോ-ഓർഡിനേഷൻ കമ്മറ്റിയിലേക്ക് വന്നാൽ മതിയാവും എന്നാക്കണം. ഡി.പി.സി ചെയർപേഴ്സൺ, കളക്ടർ, JD, DPO, DDP, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ഓരോ പ്രതിനിധികൾ, ഫിനാൻസിന്റെ ഒരു ഉദ്യോഗസ്ഥൻ വിവിധ വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥർ എന്നിവർ ചേരുന്നതാവണം ജില്ലാതലകമ്മറ്റി.
3. കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനമായാൽ അത് ഉത്തരവിന് തുല്ല്യമായി പരിഗണിച്ച് നിർവ്വഹണം ആരംഭിക്കാൻ കഴിയണം. ഒരാഴ്ചക്കുള്ളിൽ ഉത്തരവ് ഇറങ്ങും എന്നും ഉറപ്പ് വരുത്തുകയും വേണം.

### സംസ്ഥാന വികസന കൗൺസിൽ

- സംസ്ഥാന വികസന കൗൺസിലിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, മുൻസിപ്പൽ ചേംബറിന്റെ ചെയർമാൻ, സെക്രട്ടറി എന്നിവർ അംഗങ്ങളായിരിക്കണം.
- വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും കൃത്യമായി ചേരാൻ കഴിയണം. ഈ സംവിധാനത്തിന് ഒരു സെക്രട്ടറിയേറ്റ് ഉണ്ടാവണം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**32**

# ജില്ലാ ആസൂത്രണ സമിതിയും മെട്രോപൊളിറ്റൻ ആസൂത്രണ സമിതിയും

പി.കെ. രവീന്ദ്രൻ

ഭരണഘടന (243ZD) ജില്ലയിലെ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പ്ലാനുകൾ ഏകോപിപ്പിക്കുന്നതിനും ജില്ലക്കുവേണ്ടി ഒരു കരട് വികസന പ്ലാൻ തയ്യാറാക്കുന്നതിനും വേണ്ടിയാണു ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ തന്നെ DPC കൾ തെരഞ്ഞെടുക്കപ്പെട്ട DPC കൾ ഇവിടെ നിലവിൽ വന്നു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷൻ/ അധ്യക്ഷയും ജില്ലാ കലക്ടർ സെക്രട്ടറിയുമായ DPC കേരളത്തിൽ നന്നായി പ്രവർത്തിച്ചു വരുന്നു.

തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറക്കുന്ന വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുകയാണു ഇവ പ്രധാനമായും ചെയ്യുന്നത്.

ജില്ലക്കുവേണ്ടി സമഗ്രമായ വകസന പ്ലാൻ തയ്യാറാക്കുക, സ്ഥലീയവികസനം, പ്രക്രുതിവിഭവങ്ങളുടെ യുക്തിപരമായ പങ്കിടൽ എന്നിവയിൽ മാർഗ്ഗനിർദ്ദേശനം നൽകുക എന്നിവയൊന്നും DPCകൾ ചെയ്യുന്നില്ല.

DPC കളുടെ ഘടനാപരമായ ദൗർബല്യങ്ങളാണു ഇതിനു കാരണം. DPC കളുടെ സാങ്കേതികശേഷിക്കുറവ്, ജില്ലാ ഭരണത്തിന്റെ പിന്തുണക്കുറവ്, ജില്ലാ പഞ്ചായത്തിന്റെ സബ്കമ്മിറ്റി ആയി ചുരുങ്ങുന്നത്, DDC കൾ തുടരുന്നത് എന്നിങ്ങനെ നിരവധി കാരണങ്ങൾ. തങ്ങളുടെ റോളും പ്രസക്തിയും DPCഅംഗങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നതാണു പ്രധാനം. ഇവ പരിഹരിക്കപ്പെടേണ്ടതുണ്ട്

ഈ സാഹചര്യത്തിൽ MPC കൾ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ രൂപീകരിക്കുമെന്ന ബഡ്ജറ്റ് നിർദ്ദേശം പ്രധാനമാണു. ഭരണഘടന(243ZE)10 ലക്ഷത്തിൽ ഏറെ ജനസംഖ്യയുള്ള മെടോപൊളിറ്റൻ പ്രദേശങ്ങൾക്ക് MPCനിർദ്ദേശിക്കുന്നു. ഒരു മുഖ്യനഗരവും അതിനോട് ചേർന്നുള്ള ചെറുനഗരങ്ങളും പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന നഗര സഞ്ജയത്തെയണു മഹാനഗരമായി കാണുന്നത്. മഹാനഗരത്തിന്റെ വികസനപരിപ്രേഷ്യവും ഭാവി ആസൂത്രണവും MPCയുടെ ചുമതലയാണു. 7നഗരസഞ്ജയങ്ങളാണു ഇന്ന് കേരളത്തിൽ ഉള്ളത്. അവക്ക് പേരിനെങ്കിലും ഒരു ജോയിന്റ് പ്ലാനിംഗ് സംവിധാനമുണ്ട്. ഇത് MPC ആക്കാൻ പറ്റില്ല. MPCയുടെ ഘടന ഭരണഘടന നിർദ്ദേശിക്കുന്നുണ്ട്. DPCയും MPCയും തമ്മിൽ താൽപര്യ സംഘർഷങ്ങൾ ഉണ്ടാവില്ലെ. 70%നഗരവൽക്രുതമായ കേരളത്തിൽ പല ജില്ലകളിലും DPC അപ്രസക്തമാവില്ലെ. നഗരവികസനം പ്രാധാന്യമേറിയ വിഷയമാകുന്ന സാഹചര്യത്തിൽ MPCകൾക്ക് പ്രാമാണ്യം ഉണ്ടാകില്ലെ. കൊച്ചി നഗരത്തിന്റെ MPC സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെയും നഗര കമ്മീഷന്റെയും റിപ്പോർട്ടുകൾ സർക്കാർ പരിഗണയിൽ ആണു.കൊച്ചി MPCസംബന്ധിച്ച കോടതി കേസിൽ മെട്രോപൊളിറ്റൻ പ്ലാനിംഗ് അതോറിറ്റിയും പരാമർശ്ശിതമാണു.

ജില്ലാതല ആസൂത്രണവും. നഗരങ്ങളുടെ ആസൂത്രിത വികസനവും സമഗ്രവും ശാസ്ത്രീയവും ആകേണ്ടതുണ്ട്. ഇതിനാവശ്യമായ നിയമ പരിഷ്കാരങ്ങളും സംവിധാനങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്.

## 33

## തദ്ദേശ ഭരണ സംവിധാനങ്ങൾ - സമീപനരേഖ

പി. വി. പത്മനാഭൻ

### I ജില്ലാ ആസൂത്രണസമിതി

ഭരണഘടനയുടെ 74-ആം ഭേദഗതി അനുസരിച്ചും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ആം വകുപ്പ് പ്രകാരവും രൂപീകരിച്ച സംവിധാനം

1. DPC ഘടന: ആകെയുള്ള 15 പേരിൽ 12 പേരാണ് തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ. നിലവിൽ 12 പേരിൽ ജില്ലാപഞ്ചായത്ത്, നഗരസഭകൾ എന്നിവർക്കാണ് പ്രാതിനിധ്യം. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും DPC യിൽ പ്രാതിനിധ്യം വേണം. (നിലവിൽ ക്ഷണിതാക്കൾ മാത്രമാണ്)
2. വൈസ് ചെയർമാൻ : നിലവിൽ DPC ക്ക് വൈസ് ചെയർമാനില്ല. വികസനകാര്യങ്ങളിലും സാങ്കേതിക കാര്യങ്ങളിലും ജില്ലയിലെ വിദഗ്ദനായ വ്യക്തിയെ സർക്കാർ നോമിനേറ്റ് ചെയ്യുന്നുണ്ട്. ആ വ്യക്തിയെ വൈസ് ചെയർമാനായി നിശ്ചയിക്കുന്നത് പരിഗണിക്കാവുന്നതാണ്.
3. ചട്ടം (Rule) : DPC പ്രവർത്തനത്തിന് കൃത്യമായ ചട്ടങ്ങൾ തയ്യാറാക്കണം
4. പദ്ധതി അംഗീകാരം : ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് DPC യാണല്ലോ അംഗീകാരം നൽകുന്നത്. നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് പദ്ധതി എന്നാണ് DPC സാക്ഷ്യപ്പെടുത്തുന്നത്. നിലവിൽ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് കൃത്യമായ പരിശോധന ഉണ്ടാകുന്നില്ല. പദ്ധതി കൃത്യമായി പരിശോധിക്കുന്നതിന് ഡി പി സി അംഗങ്ങളുടെ നേതൃത്വത്തിൽ ഉപസമിതി രൂപീകരിക്കാവുന്നതാണ്. ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ ഉണ്ടായ ടി എ ജി (ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ്) സംവിധാനം ഇതിനായി പരിഗണിക്കാവുന്നതാണ്.
5. DPC ഹാജർ : DPC അംഗങ്ങളുടെ ഹാജർ ഉറപ്പുവരുത്താൻ നടപടി വേണം. മെമ്പർ സെക്രട്ടറി ആയ ജില്ലാ കളക്ടർ, ജോയിന്റ് സെക്രട്ടറിമാരായ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ ഹാജർ നിർബന്ധമാക്കാൻ സർക്കാർ നടപടി വേണം

6. മോണിറ്ററിംഗ് : ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടത് DPC യുടെ ചുമതല യാണ്. ഇതിനായി ഓരോ മാസവും മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസം DPC യോഗം ചേരണം. യോഗത്തിൽ ഓരോ വകുപ്പിന്റെയും പ്രോജക്ടുക ളുടെ പുരോഗതി റിപ്പോർട്ട് ജോയിന്റ് സെക്രട്ടറിമാ രായ ജില്ലാതല ഉദ്യോഗസ്ഥർ അവതരിപ്പിക്കണം.
7. ജില്ലാ വികസനസമിതി (DDC) : ജില്ലാ കളക്ടർ അധ്യക്ഷനായ DDC എല്ലാ മാസവും യോഗം ചേർന്ന് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യാറുണ്ട്. ഭരണഘടന സ്ഥാപനമായ DPC ശക്തിപ്പെടുത്തിയാൽ DDC യുടെ ആവശ്യം ഇല്ല. DDC തുടരുകയാണെങ്കിൽ DPC യുടെയും DDC യുടെയും പ്രവർത്തനങ്ങൾക്ക് കൃത്യമായ role clarity നിശ്ചയിക്കണം.

### II ജില്ലാപദ്ധതി

2018 നു ശേഷം വീണ്ടും ജില്ലാപദ്ധതി തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. ജില്ലാപദ്ധതിയുമായി ബന്ധ പ്പെട്ട പ്രധാന പോരായ്മകൾ

1. ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന രീതിയിൽ ജില്ലാപദ്ധതി തയ്യാറാക്കുന്നില്ല. തീരു മാനങ്ങൾക്കും നയസമീപനങ്ങൾ ആവിഷ്കരിക്കു ന്നതിനും ആധാരമാകുന്ന വിവര ശേഖരണങ്ങ ളുടെ അടിത്തറ വേണ്ടത്രയുണ്ടാകുന്നില്ല.
2. ജില്ലാപദ്ധതി തയ്യാറാക്കുന്നതിൽ ജില്ലയിലെ വ്യ ത്യസ്ത മേഖലയിലെ ആസൂത്രണ വിദഗ്ദരുടെ സേവനം വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.
3. ജില്ലാപദ്ധതിയുടെ അടിസ്ഥാനത്തിൽ മുകൾ തട്ടിലേക്കും താഴെ തട്ടിലേക്കും നൽകുന്ന നിർ ദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ബന്ധപ്പെട്ടവർ താല്പര്യം കാണിക്കുന്നില്ല.
4. ചുരുക്കത്തിൽ ജില്ലാ പദ്ധതിയുടെ പ്രാധാന്യം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടത്ര ബോധ്യപ്പെട്ടിട്ടില്ല എന്ന് അനുമാനി ക്കാം.

### III മെട്രോ പൊളിറ്റൻ ആസൂത്രണ സമിതി (എം. പി. ഡി.)

2025-26 ലേ ബഡ്ജറ്റിൽ എം. പി. ഡി. രൂപീകരി ക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയണല്ലോ. Dpc യുടെയും mpc യുടെയും പ്രവർത്തനങ്ങൾക്ക് വ്യക്തത വരുത്തണം. ചുമതലകൾ കൃത്യമായും നിർ വചിക്കണം.

### IV സംസ്ഥാന തല കോർഡിനേഷൻ കമ്മറ്റി

നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ടതും പ്രൊജെ ക്റ്റ്മായി ബന്ധപ്പെട്ടതുമായ ഏത് കാര്യത്തിനും സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരു മാനത്തിനു അയക്കണരീതി മാറ്റണം. കൃത്യമായ ചട്ട ങ്ങളും, ഉത്തരവുകളും സർക്കുലറുകളും ഉണ്ടെങ്കിലും അവ പരിശോധിക്കാതെ പരാതികൾ അയക്കുന്ന സ്ഥിതി ഒഴിവാക്കണം. അതിനായി ജില്ലാ തലത്തിലും dpc തലത്തിലും വകുപ്പ് തലത്തിലും പരാതികൾ പരി ശോധിച്ച് തീർപ്പുണ്ടാക്കുന്ന രീതി ഫലപ്രദമാക്കണം.

### V ഓംബുഡ്സ്മാൻ

1. നിലവിലെ ഏകാംഗ ഓംബുഡ്സ്മാന് പകരം മൂന്ന് അംഗങ്ങളുള്ള സംവിധാനം ഉണ്ടാക്കാൻ നിയമ ഭേദഗതി വേണം. ഹൈക്കോടതി ജഡ്ജി ചെയർമാനും റിട്ടയർ ചെയ്ത ഗവൺമെന്റ് സെക്ര ട്ടറി, ഒരു പൊതു സമ്മതൻ എന്നിവർ അംഗങ്ങ ളായ സംവിധാനം രൂപീകരിച്ചാൽ പ്രവർത്തനം കുറെ കൂടി വിപുലമാക്കാൻ കഴിയും.
2. നിലവിൽ ഓംബുഡ്സ്മാന്റെ ഘടന, പ്രവർത്ത നരീതി എന്നിവയെ കുറിച്ച് പൊതുജനങ്ങൾക്ക് വേണ്ടത്രേ അറിവില്ലാത്ത സ്ഥിതി ഉണ്ട്. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഓംബുഡ്സ്മാൻ എന്ത്? പരാതി നൽകാനുള്ള സംവിധാനം എന്നിവ വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കണം.

### VI ട്രൈബ്യൂണൽ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങളിലുള്ള എല്ലാ പരാതികളും പരിശോധിക്കുന്ന സംവിധാന മായി ട്രൈബ്യൂണലിനെ ഉപയോഗപ്പെടുത്താൻ നിയ മത്തിൽ ഭേദഗതി വേണം.

34

## ആസൂത്രണ നിർവഹണ നടപടിക്രമങ്ങൾ

പി.പി. ഉദയ സിംഹൻ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175 ൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തും ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണമെന്ന് പറയുന്നു. വകുപ്പ് 175 ന്റെ അടിസ്ഥാനത്തിൽ 9- ആം പദ്ധതിക്കാലം മുതൽ മാർഗ്ഗരേഖകൾ ഇറക്കിയാണ് ആസൂത്രണവും നിർവ ഹണവും നടത്തിവരുന്നത്. ആസൂത്രണത്തിന്റെ കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ആസൂത്രണത്തിനും നിർവഹണ ത്തിനും ഒരു ചട്ടമില്ലാത്തത് വലിയ പോരായ്മയാണ്. അടിയന്തിരമായി ചട്ടങ്ങൾ രൂപീകരിച്ച് ആസൂത്രണ

നിർവഹണത്തിന് കൃത്യമായ ഒരു രൂപം ഉണ്ടാക്കേണ്ടിയിരിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ചട്ടത്തിൽ പരിഗണിക്കാം

1. പഞ്ചായത്ത് ആസൂത്രണ സമിതി പല തദ്ദേശസ്ഥാപനങ്ങളിലും കടലാസിൽ ഒതുങ്ങി.. വിദഗ്ധരടങ്ങുന്ന ഒരു ഉപദേശക സമിതി രൂപത്തിലേക്ക് ആസൂത്രണ സമിതി മാറണം.
2. നിലവിലുള്ള നിലയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പദ്ധതി തയ്യാറാക്കി കഴിഞ്ഞാൽ കാര്യമായ റോൾ ഇല്ല. പദ്ധതികൾ ഭേദഗതി വരുത്തുന്ന ഘട്ടങ്ങളിൽ പല തദ്ദേശസ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് ചേരാറില്ല. വർക്കിംഗ് ഗ്രൂപ്പുകളെ കുറച്ചുകൂടി അധികാരമുള്ള സംഘടന രൂപമാക്കണം.
3. പഞ്ചവത്സര പദ്ധതി ആരംഭിക്കുമ്പോൾ പദ്ധതി രേഖ തയ്യാറാക്കുകയും എല്ലാവർഷവും വാർഷിക പദ്ധതി രേഖ വിവിധ അധ്യായങ്ങൾ ചേർത്ത് പൂർണമാക്കുകയും ചെയ്യുന്നതാണ് ഇപ്പോഴത്തെ രീതി പലപ്പോഴും വാർഷിക പദ്ധതി രേഖകൾ പിന്നീട് ഉപയോഗിക്കുന്നതേയില്ല ആ സാഹചര്യത്തിൽ വാർഷിക പദ്ധതി രേഖ ഒഴിവാക്കിക്കൂടെ. പകരം വാർഷിക പദ്ധതിയിൽ പ്രോജക്ടുകളുടെ ലിസ്റ്റ് മാത്രവും പഞ്ചവത്സര പദ്ധതികളുടെ ആരംഭത്തിൽ പദ്ധതി രേഖയും തയ്യാറാക്കുകയും ചെയ്യുന്നതാകും പ്രായോഗികമായി നല്ലത്.
4. ഗ്രാമസഭകളിൽ ആസൂത്രണ ചർച്ചകൾ വേണ്ടവിധത്തിൽ നടക്കുന്നില്ല. ഗ്രാമസഭകളിൽ ഫെസിലിറ്റേറ്റർ മാർക്ക് കൃത്യമായ പരിശീലനം നൽകി ഗ്രാമസഭ ചർച്ചകൾ അർത്ഥപൂർണ്ണം ആക്കണം.
5. സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് ആസൂത്രണത്തിലും നിർവഹണത്തിലും പങ്കുണ്ടെങ്കിലും പലപ്പോഴും ആസൂത്രണം നിർവഹണ കാര്യങ്ങളിൽ ഗൗരവമായ ചർച്ചകൾ സ്റ്റാൻഡിങ് കമ്മിറ്റികളിൽ നടക്കുന്നില്ല. ആസൂത്രണ നിർവഹണ ആലോചനകൾ നടക്കുന്ന സ്റ്റാൻഡിങ് കമ്മിറ്റിയിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെ പങ്കാളിത്തം സ്റ്റാറ്റ്യൂട്ടറി ആക്കണം.
6. നിർവഹണത്തിന് പ്രധാന തടസ്സം ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടാക്കുന്നതിലെ കാലതാമസമാണ്. സമാനമായ പദ്ധതിക്ക് പോലും എല്ലാവർഷവും ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടാക്കുന്നതും ലിസ്റ്റ് തയ്യാറാക്കുന്നതിലെ സുതാര്യതയില്ലായ്മയും നിർവഹണത്തെ ബാധിക്കുന്നു. ഇതിനു പരിഹാരമായി സമാന പദ്ധതികൾക്ക് പഞ്ചവത്സര പദ്ധതിക്കാലത്തേക്ക് ലിസ്റ്റ് ഓൺലൈൻ സാധ്യത കൂടി ഉപയോഗിച്ച് തയ്യാറാക്കുകയും എല്ലാ വർഷവും ലിസ്റ്റ് ഓൺലൈനിൽ തന്നെ കാലികമാക്കുകയും ചെയ്യാവുന്നതാണ്.
7. പദ്ധതി വിഹിതം കൃത്യമായി ലഭ്യമാകാത്തത് നിർവഹണത്തിന് തടസ്സം ഉണ്ടാക്കുന്നുണ്ട്

**35**

# തദ്ദേശ ഭരണ സംവിധാനങ്ങൾ - സമീപനരേഖ

ഡോ. ശ്രീകുമാർ ടി.എൽ.

## ജില്ലാ ആസൂത്രണസമിതി

ഇന്ത്യയിൽ, മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനമാണ് കേരളത്തിലെ ജില്ലാ ആസൂത്രണ സമിതികൾ നടത്തുന്നത് എന്നത് നിസ്തർക്കമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ രൂപീകരണം, അംഗീകാരം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കൽ, പദ്ധതി നടത്തിപ്പിൽ മേൽനോട്ടം വഹിക്കൽ, തദ്ദേശഭരണ സ്ഥാപനങ്ങളെ ജില്ലാതലത്തിൽ യോജിപ്പിക്കൽ, സംസ്ഥാന പദ്ധതിയുമായി ബന്ധിപ്പിക്കൽ, സർക്കാർ നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ, സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നത് വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ജില്ലാ ആസൂത്രണ സമിതികൾ നടത്തുന്നുണ്ട്. എന്നാൽ, ഈ പ്രവർത്തനങ്ങളിൽ ജില്ലകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായി കാണുന്നുണ്ട്. ഓരോ ജില്ലയുടെയും പ്രവർത്തനങ്ങളിൽ വ്യത്യസ്ത രീതികൾ കണ്ടു വരുന്നു. ജില്ലാ ആസൂത്രണ സമിതിയിൽ നിക്ഷിപ്തമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ പര്യാപ്തമായ രീതിയിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതെങ്ങനെ എന്നുള്ള ഗൗരവതരമായ ചർച്ച ഉയർന്നു വരേണ്ടത് അത്യാവശ്യമാണ്.

ജില്ലയുടെ വികസന വിഷയങ്ങളിലെ ക്രിയാത്മകമായ ഇടപെടൽ, ജില്ലാ പദ്ധതി രൂപീകരണം മുതലായ കാര്യങ്ങളിൽ വ്യക്തമായ പങ്ക് വഹിക്കുന്നതിന് വേണ്ടി ഇപ്പോൾ ഡിപിസികൾ എത്രത്തോളം ഇടപെടുന്നു? ആ ഇടപെടൽ ഫലപ്രദമാണോ? എവിടെയൊക്കെയാണ് വിടവുകൾ നിലനിൽക്കുന്നത്? ആ വിടവുകൾ മറി കടക്കാനും കൂടുതൽ ശക്തിപ്പെട്ട ഡിപിസികൾ ആയി വർത്തിക്കാനും എന്തൊക്കെയാണ് നാം സ്വീകരിക്കേണ്ടത്? തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളും ക്രിയാത്മക നിർദേശങ്ങളും ഉണ്ടാകേണ്ടതുണ്ട്.

ഡിപിസികളുടെ പ്രവർത്തനത്തിന് കൃത്യമായ ചട്ടക്കൂട് നിലവിലില്ല. പ്രധാന ചുമതലകൾ, അധികാരങ്ങൾ, ഇടപെടാവുന്ന/ തീരുമാനമെടുക്കാവുന്ന മേഖലകൾ

എന്നിവയെല്ലാം ഉൾപ്പെടുത്തി നിയമത്തിലെ ചട്ടങ്ങൾ പരിഷ്കരിക്കണം. ഡിപിസി അംഗങ്ങളുടെയും മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടറുടെയും ജോയിന്റ് സെക്രട്ടറിമാരായ ജില്ലാതല ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികൾ ആവശ്യമാണ്. ഡിപിസികൾ വെറുതെ യോഗം ചേർന്ന് പിരിയുന്ന അവസ്ഥയ്ക് മാറ്റമുണ്ടാകണം. ഡിപിസി ചെയർപേഴ്സനും അംഗങ്ങളും സർക്കാർ നോമിനിയും ക്രിയാത്മകമായ ചർച്ചകൾക്ക് നേതൃത്വം നൽകണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന പ്രോജക്ട് ആശയങ്ങൾ രൂപപ്പെടുത്താനും മാർഗ്ഗനിർദേശങ്ങൾ നൽകാനും ഡിപിസികൾക്ക് കഴിയണം. നൂതന പ്രോജക്റ്റുകൾ, വനിതാ ഘടക പദ്ധതി, വയോജനങ്ങൾ. കുട്ടികൾ തുടങ്ങിയ പ്രത്യേക ഘടക പദ്ധതികളിലും മികച്ച പ്രോജക്ട് ആശയങ്ങൾ കണ്ടെത്താൻ വേണ്ട ഇടപെടലുകൾ നടത്തണം.

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ പുരോഗതിയുടെ ഫലപ്രദമായ മോണിറ്ററിങ് ഡിപിസികൾ ഉറപ്പാക്കണം. ജോയിന്റ് സെക്രട്ടറിമാരായ ജില്ലാതല ഉദ്യോഗസ്ഥർ അവരുടെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ പദ്ധതി നിർവഹണ പുരോഗതി വിലയിരുത്തി അവ ഡിപിസി യോഗങ്ങളിൽ കൃത്യമായി അവതരിപ്പിക്കണം.

**ജില്ലാപദ്ധതി**

നിലവിൽ തയ്യാറാക്കുന്ന ജില്ലാപദ്ധതികൾ ജില്ലയുടെ സമഗ്ര വികസനത്തിന് ഉതകുന്നതാണ് എന്നുറപ്പാക്കാൻ ഡിപിസികൾക്ക് കഴിയണം. അവയിൽ നിർദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുന്നു എന്നതിനോടൊപ്പം വകുപ്പ് തല പദ്ധതികളിലും ഉൾപ്പെടുന്നു എന്നുറപ്പാക്കാൻ കഴിയണം. അല്ലെങ്കിൽ തയ്യാറാക്കുന്ന ജില്ലാ പദ്ധതി എന്നത് ഫലശൂന്യമായ ഒരു പ്രവൃത്തി മാത്രമായിത്തീരും.

ജില്ലയ്ക്ക് ആവശ്യമായ വിവര സഞ്ചയം തയ്യാറാക്കാൻ ജില്ലാ പദ്ധതി പ്രവർത്തങ്ങളിലൂടെ കഴിയണം. ഇപ്പോഴും ഫലപ്രദമായ ഒരു ഡാറ്റ ബാങ്ക് പലയിടത്തുമില്ല. അത് ഫലപ്രദമായ പദ്ധതി ആസൂത്രണത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം ജില്ലാപദ്ധതി തയ്യാറാക്കുമ്പോൾ വിവിധ വിഷയ മേഖലയിലെ വിദഗ്ദരുടെയും ജില്ലാ റിസോഴ്സ് സെന്ററുകളുടെയും മറ്റും സേവനം കൃത്യമായി വിനിയോഗിക്കാൻ സാധിക്കണം.

ജില്ലാപദ്ധതിയുടെ ഭാഗമായ മേൽത്തട്ട് - കീഴ്ത്തട്ടു നിർദേശങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ വേണ്ട ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്. പല വകുപ്പുകൾക്കും ജില്ലാ പദ്ധതിയുടെ ആശയവും അതിന്റെ പ്രാധാന്യവും വേണ്ട വിധത്തിൽ ഇപ്പോഴും ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ല എന്നതാണ് കണ്ടു വരുന്നത്. ജില്ലാ പദ്ധതി രൂപീകരണം എന്നത് ജില്ലയിലെ വികസന വകുപ്പുകളുടെ ഉത്തരവാദിത്വമായി മാറണം. ജില്ലാ

# കുടുംബശ്രീ

## 36

## കുടുംബശ്രീയും കേരളവും

മുഖ്യ അവതരണം – ശ്രീ. എൻ. ജഗജീവൻ

**ഉത്ഭവം**

1998 ലെ ഇ കെ നായനാർ സർക്കാർ 10 വർഷത്തിനുള്ളിൽ കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് കുടുംബശ്രീ പ്രസ്ഥാനം. കേരളത്തിൽ ജനകീയാസൂത്രണം സൃഷ്ടിച്ച സന്നദ്ധപ്രവർത്തനത്തിന്റെ ഉത്സാഹാന്തരീക്ഷമാണ് കുടുംബശ്രീയുടെ പിറവിക്കും വ്യാപനത്തിനും സഹായകമായത്. സ്ത്രീകളുടെ സാമൂഹ്യ സംഘടനാ സംവിധാനത്തിലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനുള്ള പ്രാപ്തി നേടാൻ സഹായിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം.

കേവലം ലഘുസമ്പാദ്യ വായ്പാ പ്രവർത്തനങ്ങളല്ല, മറിച്ച് പ്രദേശത്തിന്റെ വികസനത്തിൽ ജനാധിപത്യപ്രക്രിയയിലൂടെ പങ്കാളികളാകുന്ന സൂക്ഷ്മതല സംഘടനാ സംവിധാനമായാണ് കുടുംബശ്രീയെ വിഭാവനം ചെയ്തത്. സംരംഭ പ്രവർത്തനം, സാമൂഹ്യ ശേഷി വികസനം എന്നിവയിൽ ഊന്നൽ നൽകിയാണു കുടുംബശ്രീ പ്രവർത്തിച്ചത്.

**കേരളത്തിന്റെ പൊതുവികസനത്തിൽ കുടുംബശ്രീ ചെലുത്തിയ സ്വാധീനം**

കഴിഞ്ഞ 26 വർഷങ്ങളിലായി ഗ്രാമസഭ പ്രവർത്തനം, സമൂഹത്തിലെ അതിദുർബലർക്കു വേണ്ടിയുള്ള ഇടപെടലുകൾ, പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്തങ്ങ

ളായ ഭവനം, ശുചിത്വം, ദുരന്ത നിവാരണം എന്നീ മേഖലകളിലെ ഇടപെടലുകൾ തുടങ്ങി പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സാധാരണ ജനങ്ങളിലേക്കെത്തിക്കുന്നതിനും പ്രവർത്തനഫലം ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നതിനും കുടുംബശ്രീ ഇടപെട്ടുവരുന്നു.

ഇക്കാലയളവിൽ കേരള ജനതയുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിൽ കുടുംബശ്രീ ഇടപെടലുകൾ വഹിച്ച പങ്ക് ചെറുതല്ല. കൂടാതെ കേരളത്തിലെ ദാരിദ്ര്യത്തിന്റെ തോത് കണക്കാക്കുമ്പോൾ 1994 ലെ 25.43 ശതമാനത്തിൽ നിന്നു 2011 ലെ 11.3 ശതമാനത്തിലേക്കു എത്തിയതിനു പുറകിൽ തീർച്ചയായും നല്ലൊരു പങ്ക് കുടുംബശ്രീയുടേതു കൂടിയാണു. ഇന്ന്, നീതി ആയോഗിന്റെ കണക്ക് പ്രകാരം കേരളത്തിലെ നിലവിലെ ദാരിദ്ര്യത്തിന്റെ തോത് 0.55 ശതമാനം മാത്രമാണ്. മാത്രമല്ല, കേരളമൊന്നാകെ ദുരിതത്തിലാണ്ട പ്രളയ കാലത്തും കോവിഡ് ഘട്ടത്തിലും കുടുംബശ്രീ നടത്തിയ ഇടപെടലുകൾ ചെറുതല്ല. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കൊപ്പം പ്രവർത്തിച്ചതു കൂടാതെ, ഒരു ലക്ഷത്തിൽ കൂടുതൽ വീടുകളാണ് പ്രളയകാലത്ത് കുടുംബശ്രീ പ്രവർത്തകർ നേരിട്ടിടപെട്ട് വൃത്തിയാക്കിയത്. അയൽക്കൂട്ടതലം മുതൽ ധനസമാഹരണം നടത്തി സർക്കാരിന്റെ ദുരിതാശ്വാസനിധിയിലേക്ക് കുടുംബശ്രീ സംഭാവനയായി നൽകിയത് 11 കോടിയിലധികം രൂപയാണ്. കോവിഡ് കാലഘട്ടത്തിൽ സമൂഹം മുഴുവനും വീടിനകത്തായിരുന്ന സമയത്ത്, കമ്യൂണിറ്റി കിച്ചൻ നടത്താനും മാസ്കും സാനിറ്റൈസറും തയ്യാറാക്കി വിതരണം ചെയ്യാനും കുടുംബശ്രീ മുന്നിലുണ്ടായിരുന്നു. ഈയിടെ വയനാട് ജില്ലയിലെ മുണ്ടക്കൈ ചൂരൽമല പ്രദേശം ഉരുൾപൊട്ടൽ ദുരന്തത്തെ നേരിട്ട സമയത്ത് കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ സമാഹരിച്ച് നൽകിയത് 20 കോടി അമ്പത്തി എട്ട് ലക്ഷം രൂപയാണ്.

## സ്ത്രീ മുന്നേറ്റവും കുടുംബശ്രീയും

സ്ത്രീകളുടെ അവകാശങ്ങൾ, പദവി, നീതി എന്നിവയെക്കുറിച്ച് അവരുടെ അനുഭവങ്ങളുടെ ചർച്ചകളിലൂടെ സ്വയം അവബോധം സൃഷ്ടിക്കുക, പ്രാദേശിക വികസനപ്രക്രിയയിൽ അവരുടെ പങ്ക് തിരിച്ചറിയുക, എന്നിവ ലക്ഷ്യം വയ്ക്കുന്നതാണ് കുടുംബശ്രീയുടെ ജെൻഡർ പ്രോഗ്രാമുകൾ. ഈ ജെൻഡർ പ്രോഗ്രാമുകൾ മാത്രമല്ല കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ വിവിധ മേഖലകളിലെ സ്ത്രീകളുടെ സാന്നിധ്യവും ഇടപെടലും ഉറപ്പാക്കുന്നതാണ്.

പീര്യോഡിക്കൽ ലേബർ സർവെ റിപ്പോർട്ട് പ്രകാരം, നിലവിൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 28.3 ആണ്. 2001 ലെ സെൻസസ് പ്രകാരം ഇത് 15.3 ആയിരുന്നു. ഈ നിരക്ക് ഉയർന്നതിൽ കുടുംബശ്രീയുടെ പങ്ക് കാണാതെ വയ്യ. തൊഴിൽമേഖലയിലെ സാന്നിധ്യം പോലെ തന്നെ പ്രധാനമാണ് രാഷ്ട്രീയ മേഖലയും. പ്രാദേശിക തെരഞ്ഞെടുപ്പിൽ ആദ്യം 33 ശതമാനം സ്ത്രീകൾക്ക് സംവരണം എന്ന പ്രഖ്യാപനം വന്നപ്പോൾ മത്സരിക്കാൻ സ്ത്രീകൾ മുന്നോട്ടുവരാത്ത അവസ്ഥയുണ്ടായിരുന്നു. എന്നാലിന്ന് ഇത്തരം അവസ്ഥകൾ ഇല്ലെന്നുതന്നെ പറയാം. 2010-ൽ ഈ സംവരണം 50 ശതമാനമാക്കി ഉയർത്താൻ സർക്കാറിനു ധൈര്യം പകർന്നത് കുടുംബശ്രീ പ്രസ്ഥാനം കൂടിയാണ്. കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ചുവന്ന വനിതാ ജനപ്രതിനിധികളിൽ 7071 പേർ കുടുംബശ്രീ വനിതകളാണ് എന്നു കൂടി ഈ അവസരത്തിൽ ഓർമിക്കാതെ വയ്യ.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി അധികാര വികേന്ദ്രീകരണ പ്രക്രിയയിലെ ജനകീയ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നത് കുടുംബശ്രീയുടെ ആദ്യകാല ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. മാത്രമല്ല, ആദ്യകാലങ്ങളിൽ അയൽക്കൂട്ട രൂപീകരണം നടന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലായിരുന്നു. തുടർന്നുള്ള വളർച്ചാഘട്ടങ്ങളിലും പഞ്ചായത്തുകളുടെ/നഗരസഭകളുടെ ഫലപ്രദമായ ഇടപെടലും പിന്തുണയുമുണ്ടായിരുന്നു. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ തുടർച്ചയായിവന്ന വനിതാ ഘടകപദ്ധതിയിലെ പ്രധാന പ്രവർത്തനങ്ങളിലൊന്നായി കുടുംബശ്രീ പ്രവർത്തനങ്ങൾ മാറി.

പിന്നീട് ബൈലോ ഭേദഗതി വന്നപ്പോൾ രൂപീകൃതമായ വിലയിരുത്തൽ സമിതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സി ഡി എസ്സും തമ്മിലുള്ള സംയോജനം ഊട്ടിയുറപ്പിക്കുന്നതിനുള്ള ഇടമായി മാറി. കുടുംബശ്രീ സി ഡി എസ്സിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനും ഒരുമിച്ചുള്ള പ്രവർത്തനം സാധ്യമാക്കുന്നതിനും ഇത് ഉപകരിച്ചു. കൂടാതെ, എല്ലാ വർഷവും കുടുംബശ്രീ തയ്യാറാക്കുന്ന ആവശ്യാധിഷ്ഠിത കർമ പരിപാടി (സി. ഡി. എസ് ആക്ഷൻപ്ലാൻ) യുടെ മാതൃകയിൽ നിന്ന് രൂപപ്പെട്ടതാണ് ഇപ്പോൾ എൻ.ആർ.എൽ.എം രാജ്യത്തൊട്ടാകെ നടപ്പിലാക്കാൻ ശ്രമിക്കുന്ന വി.പി. ആർ.പി (Village Poverty Resilience Plan). ഈ കർമ്മപരിപാടിതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്കും യഥാർത്ഥ സേവനാർത്ഥികളെ കണ്ടെത്തുന്നതിനും സഹായകരമാകുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങളുടെ ആസൂത്രണ പ്രക്രിയയിലും നിർവഹണത്തിലും പിന്തുണ നൽകുന്ന വികസന പങ്കാളി എന്ന രീതിയിലാണു ഇന്ന് കുടുംബശ്രീയുടെ സ്ഥാനം. എന്നാൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവത്തിക്കുമ്പോഴും പരസ്പര പൂരകമായി വികസന പങ്കാളികൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിനു പലപ്പോഴും പരിമിതികൾ നേരിടുന്നുണ്ട്. ഇവയിൽ ഇടപെട്ടു കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനവും കുടുംബശ്രീ സംവിധാനവും തമ്മിലുള്ള ബന്ധം പുനർ നിർവചിക്കേണ്ടതുണ്ട്.

## വിവിധ വികസന മേഖലകളും കുടുംബശ്രീയും

### മൈക്രോ ഫിനാൻസ്

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തികവും, സാമൂഹികവും, വ്യക്തിപരവുമായ ശാക്തീകരണത്തിനും സമഗ്രവികസനത്തിനുള്ള ഒരു സുപ്രധാന പ്രവർത്തനമാണു മൈക്രോഫിനാൻസ്. നാല്പത്താറു ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുള്ള മൂന്ന് ലക്ഷത്തിലധികമുള്ള അയൽക്കൂട്ടങ്ങളുടെ നാളിതുവരെയുള്ള ആകെ സമ്പാദ്യം 8,995.60 കോടി രൂപയാണ്. പ്രസ്തുത സമ്പാദ്യത്തിൽ നിന്നും ആകെ 28,173.25കോടി രൂപ ആന്തരിക വായ്പയായി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആകെയുള്ള അയൽക്കൂട്ടങ്ങളിൽ 85% അയൽക്കൂട്ടങ്ങളും ഒരു തവണയെങ്കിലും ബാങ്കുമായി ഗ്രേഡ് ചെയ്തു 38,422.25കോടി രൂപ ലിങ്കേജ് വായ്പയുമെടുത്തിട്ടുണ്ട്.

അയൽക്കൂട്ടതലത്തിലുള്ള മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീയുടെ ആദ്യ കാലത്തു വായ്പ നൽകാൻ ബാങ്കുകൾ മടി കാണിച്ചിരുന്ന സ്ഥാനത്തു ഇന്ന് കുടുംബശ്രീ അയൽക്കൂട്ടം ആണെങ്കിൽ 20 ലക്ഷം രൂപ വരെ യാതൊരു ഈടും ഇല്ലാതെ വായ്പാ നൽകുന്നതിന് ബാങ്കുകൾ തയ്യാറാകുന്നു.

എന്നാൽ അതേ സമയം പലപ്പോഴും ആവശ്യമില്ലെങ്കിൽ കൂടി വായ്പ എടുക്കുന്ന പ്രവണതയും വായ്പയുടെ കാര്യക്ഷമമല്ലാത്ത ഉപയോഗവും വർദ്ധിച്ചു വരുന്നതായും കാണാൻ കഴിയും. ഒരു തരത്തിൽ കുടുംബശ്രീ മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ ശക്തമാകുമ്പോഴും മറുവശത്ത് സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ കടന്നു കയറ്റം സൃഷ്ടിക്കുന്ന അമിത വായ്പാ സാഹചര്യവും കടബാധ്യതയും നിലനിൽക്കുന്നു എന്നത് കൂടി കാണാതെ വയ്യ. അതോടൊപ്പം തന്നെ കുടുംബശ്രീയുടെ വിവിധ തലങ്ങളിൽ കൈകാര്യം ചെയ്യുന്ന ഫണ്ടിന്റെ തോത് വളരെ വലുതായിരിക്കുന്ന സാഹചര്യത്തിൽ കണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ചുരുക്കം ചിലയിടങ്ങളിലെങ്കിലും അനാരോഗ്യകരമായ പ്രവണതകൾ കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ മിഷൻ നടത്തേണ്ടതുണ്ട്. സംഘടനാ സംവിധാനത്തിൽ സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഇന്റേണൽ ഓഡിറ്റിങ്ങ്, കാസ്സ് ടീം മുഖേന നടത്തുന്ന വർഷാന്ത്യ ഓഡിറ്റ് എന്നിവ ശക്തവും ഫലപ്രദവുമാക്കണം. കൂടാതെ, ത്രിതല സംഘടനാ സംവിധനത്തിലെ വായ്പയുടെ ഉറവിടം, വായ്പ വിതരണം, വായ്പയുടെ ഉപയോഗം, വായ്പ തിരിച്ചടവ് എന്നിവ മോണിറ്റർ ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള ശക്തമായ മോണിറ്ററിങ് സംവിധാനം നടപ്പിലാക്കുന്നതിനു മിഷൻ ശ്രദ്ധിക്കണം.

### ഉപജീവനം

പ്രധാനമായും പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിയുള്ള സംരംഭ വികസന പ്രവർത്തനങ്ങൾക്കാണ് കുടുംബശ്രീ മിഷൻ ഊന്നൽ നൽകുന്നത്. കൃഷി, മൃഗസംരക്ഷണം, നോൺ-ഫാം (ഉല്പാദന, സേവന ട്രേഡിങ്ങ്)സംരംഭങ്ങൾ ആരംഭിക്കുന്നതിനും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ, സാമ്പത്തിക പിന്തുണകൾ, ഹാൻഡ്ഹോൾഡിങ് പിന്തുണ മാർക്കറ്റിംഗ് പിന്തുണകൾ എന്നിവ കുടുംബശ്രീ മിഷൻ ഉറപ്പാക്കിവരുന്നുണ്ട്.

നാളിതുവരെയുള്ള കണക്കുകൾ പ്രകാരം ആകെ 1,82,973 സംരംഭങ്ങളിലായി 3.41 ലക്ഷം സംരംഭകർ കുടുംബശ്രീയിലുണ്ട്. 88,827 ജെ.എൽ.ജി.-കളിലായി 4.26 ലക്ഷം അംഗങ്ങൾ കൃഷി ചെയ്യുന്നു. മൃഗസംരക്ഷണ മേഖലയിൽ 1,04,296 യൂണിറ്റുകളിലായി 1.67 ലക്ഷം കുടുംബശ്രീ അംഗങ്ങൾ ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഇതൊക്കെയാണെങ്കിലും കൂടുതൽ ശ്രദ്ധയും ഇടപെടലും ആവശ്യമായ ചില മേഖലകളുണ്ട്. ചില പോരായ്മകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന്റെ അഭാവവും പലപ്പോഴും പരമ്പരാഗത രീതി പിന്തുടരുന്നതും ഫലപ്രാപ്തി കുറയുന്നതിനു ഇടയാക്കുന്നു. ആധുനിക കാർഷിക രീതിയും സാങ്കേതിക വിദ്യയും ഉൾക്കൊണ്ടുകൊണ്ട് കാർഷിക മേഖലയിൽ മാറ്റം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. കുടുംബശ്രീ രൂപീകരിക്കുന്ന സംരംഭങ്ങളിലും കൂടുതലും മൈക്രോ, നാനോ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾ ആണ്. ഇത്തരത്തിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ മോണിറ്ററിങ്ങിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. 26 വർഷമായി സംരംഭ രൂപീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ ശ്രദ്ധ നൽകുന്നുണ്ടെങ്കിലും Higher order enterprises വളരെ കുറച്ചു മാത്രമേ കുടുംബശ്രീയിൽ കാണാൻ സാധിക്കുന്നുള്ളൂ. സാധ്യതയുള്ള മേഖലകളിൽ Higher order enterprise ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളെ സാധ്യതയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി Higher order enterprises ആയി വളർത്തുന്നതിനും കുടുംബശ്രീ മിഷൻ കൂടുതൽ പ്രവർത്തന പരിപാടികളും പദ്ധതികളും ആരംഭിക്കേണ്ടതുണ്ട്. ഒരേ തരത്തിലുള്ള സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ, കളക്ടീവുകൾ എന്നിവയുടെയൊക്കെ സാധ്യത ഇക്കാര്യത്തിൽ പരിശോധിക്കാവുന്നതാണ്.

### ഓക്സിലറി ഗ്രൂപ്പുകൾ

കുടുംബശ്രീയുടെ പ്രവർത്തന കാലയളവിലെ ഒരു പ്രധാന ചുവട് വയ്പ്പായിരുന്നു ഓക്സിലറി ഗ്രൂപ്പുകളുടെ രൂപീകരണം. ഒരു കുടുംബത്തിൽ നിന്നും ഒരു വനിതയ്ക്ക് മാത്രം അയൽക്കൂട്ടാംഗത്വം എന്ന നിബന്ധന യുവതലമുറയെ കുടുംബശ്രീയിൽ നിന്നും അകറ്റി

നിർത്തുന്നു എന്ന തിരിച്ചറിവാണ് ഓക്സിലറി ഗ്രൂപ്പുകളുടെ രൂപീകരണത്തിലേക്ക് എത്തിച്ചത്. ഒരു കുടുംബത്തിലെ 18 വയസ്സ് മുതൽ 45 വയസ്സ് വരെയുള്ള മുഴുവൻ വനിതകൾക്കും ഓക്സിലറി ഗ്രൂപ്പുകളിൽ അംഗമാകാം. തനത് പാരമ്പര്യ സംരംഭങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കുടുംബശ്രീ മൈക്രോസംരംഭ മേഖല വൈവിദ്ധ്യവൽക്കരിക്കപ്പെടാനുള്ള സാധ്യത ഈ ഗ്രൂപ്പ് വർദ്ധിപ്പിക്കുന്നുമുണ്ട്. ചെറിയ സ്വയം സംരംഭ ഗ്രൂപ്പുകളിൽ നിന്നും മാറി നിരവധി പേർക്ക് ജോലി നൽകുന്ന സംരംഭ ചങ്ങലകളുടെ സാധ്യതയും വലുതാണ്.

പക്ഷെ ഈ രീതിയിലേയ്ക്കൊക്കെ മാറുന്ന തരത്തിലേക്ക് ഓക്സിലറി ഗ്രൂപ്പുകളെ സ്വയം സജ്ജമാക്കുന്നതിനുള്ള പരിശീലനങ്ങളും മറ്റും അവർക്കായി രൂപപ്പെടുത്തിയിട്ടില്ല എന്ന് വേണം മനസിലാക്കാൻ. ഓക്സിലറി ഗ്രൂപ്പുകൾ രൂപം കൊണ്ടതിന്റെ ഉദ്ദേശം പ്രാബല്യത്തിലാവുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. മാത്രമല്ല, കുടുംബശ്രീയുടെ പ്രധാന പദ്ധതികളിലൊന്നും, ഇന്ന് തീരെ ദുർബലമായിക്കൊണ്ടിരിക്കുന്നതുമായ, ബാലസഭകളെയും ഓക്സിലറി ഗ്രൂപ്പുകളെയും ബന്ധിപ്പിക്കാനും അതു വഴി ബാലസഭകളെ ശക്തിപ്പെടുത്താനും കഴിയുന്ന ഇടപെടലുകളും പദ്ധതികളും ഉണ്ടായിവരേണ്ടതുമുണ്ട്.

**സാമൂഹിക വികസനം**

അഗതിരഹിത കേരളം, ബഡ്സ്, അതിദരിദ്ര കുടുംബങ്ങൾക്കായുള്ള പദ്ധതികൾ, പട്ടികജാതി വിഭാഗത്തിനായുള്ള പ്രത്യേക ഇടപെടലുകൾ, പട്ടിക വർഗ്ഗ സ്പെഷ്യൽ പ്രോജക്റ്റ് തുടങ്ങി സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി പ്രത്യേക പദ്ധതികളും ഇടപെടലുകളും കുടുംബശ്രീ നടത്തി വരുന്നുണ്ട്. ഈ ഇടപെടലുകളിലൂടെ സമൂഹത്തിലെ എല്ലാ രംഗങ്ങളിലും കുടുംബശ്രീ കയ്യൊപ്പു ചാർത്തുമ്പോഴും ഇപ്പോഴും അർഹിക്കുന്ന ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ പോയ ഇടങ്ങളുണ്ട്. പട്ടികവർഗ്ഗത്തിനായുള്ള പ്രത്യേക പദ്ധതി, അട്ടപ്പാടി പ്രത്യേകപദ്ധതി എന്നിവ കുടുംബശ്രീ വഴി നടപ്പിലാക്കുമ്പോഴും യഥാർത്ഥത്തിൽ ഈ സമൂഹം അർഹിക്കുന്ന പരിഗണന നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്നത് വിമർശനാത്മകമായി പരിശോധിക്കേണ്ടതാണ്. അതുപോലെ, പട്ടികജാതിവിഭാഗം, ട്രാൻസ്ജെന്റർ, തീർദേശവാസികൾ, ഒറ്റപ്പെട്ടു കഴിയുന്ന നഗരദരിദ്രരും ചേരി/കോളനിനിവാസികളും തുടങ്ങിയ മേഖലകളിൽ അവർക്കനുയോജ്യമായ ജീവിതരീതിയിൽ കുടുംബശ്രീ പദ്ധതികളെ രൂപപ്പെടുത്താൻ വേണ്ടത്ര കഴിഞ്ഞിട്ടില്ല എന്നത് ഒരു പരിമിതിയായിത്തന്നെ കാണാൻ കഴിയണം.

**ഇനിയും മുന്നോട്ടുള്ള വഴികൾ - (ഭാവി)**

സർക്കാർ മുന്നോട്ടുവെച്ച അതിദാരിദ്ര്യം ഇല്ലാതാക്കൽ, എല്ലാവർക്കും തൊഴിൽ, വാതിൽപ്പടി സേവനം, എന്റെ തൊഴിൽ എന്റെ അഭിമാനം തുടങ്ങിയ വിവിധ കാമ്പയിനുകളുടെയും നിർവഹണത്തിലെ പ്രധാന ഏജൻസിയായി കുടുംബശ്രീ സംവിധാനം പ്രയോജനപ്പെടുത്തുന്നത് കാണാൻ കഴിയും. കുടുംബശ്രീ സംവിധാനത്തിന്റെ അടുത്ത ഘട്ടത്തിലേക്കുള്ള കുതിപ്പിന് സഹായകമാകുന്നവാണ് ഇവയെല്ലാം.

കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തം പോലുള്ള പ്രതിസന്ധിഘട്ടങ്ങളിലും വികസന പ്രവർത്തനങ്ങളിലും ആവശ്യമായ ജനാധിപത്യവൽക്കരണ പ്രക്രിയയിലും കുടുംബശ്രീ സംവിധാനത്തിന് സവിശേഷമായ ചുമതല നിർവഹിക്കാനുണ്ട്. ഈ പശ്ചാത്തലത്തിൽ, സമൂഹത്തിലെ അവകാശാധിഷ്ഠിത വികസനത്തിന്റെയും തുല്യനീതിയുടെയും ചാലകമായും വികസന ഏജൻസിയായും വരുംവർഷങ്ങളിൽ മാറുക എന്ന ദൗത്യം കൂടി കുടുംബശ്രീക്കുണ്ട്.

ഈ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുക എന്ന വെല്ലുവിളിയാണ് ഇന്ന് മുന്നിലുള്ളത്. ഇതിനായി മിഷൻ പ്രവർത്തനങ്ങളിൽ നവീകരണം ആവശ്യമാണ്. കുടുംബശ്രീയുടെ സംഘടനാസംവിധാനം വളരെ വലുതാണ്. സംസ്ഥാനത്താകെ 3.17 ലക്ഷം അയൽക്കൂട്ടങ്ങളും 19,470 എ.ഡി.എസുകളും 1070 സി.ഡി.എസുകളുമുണ്ട് ഇന്ന്. ഇതു കൂടാതെയാണ് സംഘകൃഷി ഗ്രൂപ്പുകളും തൊഴിൽ സംരംഭങ്ങളുമെല്ലാം. ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തി, സംഘടനാ സംവിധാനത്തെ സ്വയംപര്യാപ്ത ഇടങ്ങളാക്കി മാറ്റുക എന്നത് മിഷന്റെ ഉത്തരവാദിത്തമാണ്. ഇത്രയും വലിയ ഒരു സംവിധാനത്തെ സർക്കാർ ധനസഹായം കൊണ്ടോ മിഷനിലെ പ്രൊഫഷണലുകൾ മുഖേന മാത്രമോ നിലനിർത്തുക പ്രായോഗികമല്ല. എന്നാൽ പരിശീലന ഗ്രൂപ്പുകൾ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റെറുമാർ, കാസ്സ് അംഗങ്ങൾ, മെന്റർമാർ എന്നിങ്ങനെ വലിയ ഒരു വിഭാഗം നിലവിൽ കുടുംബശ്രീ സംവിധാനത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ് ടീമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംവിധാനങ്ങളെ രൂപപ്പെടുത്താനും കലക്റ്റീവുകൾ വളർത്തിയെടുക്കാനും അവരിലൂടെ മുഴുവൻ അയൽക്കൂട്ട കുടുംബങ്ങളിലേക്കും പിന്തുണ ഉറപ്പാക്കാനും കഴിയണം. ഈ കലക്റ്റീവുകളിലൂടെ കുടുംബശ്രീ സംവിധാനത്തിന്റെ വളർച്ചക്കും ശാക്തീകരണത്തിനും സാമ്പത്തിക സമൂഹിക ശാക്തീകരണത്തിനുമുള്ള ഇടപെടലുകൾ നടത്താനായി കഴിയണം. ഇതിനായി ജനകീയ പിന്തുണ ശക്തിപ്പെടുത്താനും വൈദഗ്ധ്യവും കാര്യശേഷിയും നേതൃത്വപാടവവും വികസിപ്പിക്കാനുതകുന്ന പരിശീലനം നൽകാനും മിഷനു കഴിയണം.

പ്രവർത്തനാനുഭവമുള്ള സ്ത്രീകളുടെ നേതൃത്വത്തിലുള്ള സാമൂഹ്യ പിന്തുണാ സംവിധാനം ഇന്ന് കുടുംബശ്രീക്കുണ്ട്. ത്രിതല സംഘടനാ സംവിധാനവും അവയെ വിവിധ ആവശ്യങ്ങൾക്ക് സഹായിക്കാനുള്ള സാമൂഹ്യ പിന്തുണാ സംവിധാനവുമാണ് കുടുംബശ്രീയുടെ കരുത്തും സവിശേഷതയും. ഈ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട്, പ്രവർത്തന ആസൂത്രണം, പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് പദ്ധതി രൂപീകരണം, നിർവഹണം എന്നിവയെ കുടുംബശ്രീ ത്രിതല സംഘടനാകേന്ദ്രീകൃതമാക്കി മാറ്റുന്നതിനുള്ള ഇടപെടലുകൾ ആവശ്യമാണ്. ഇതിനായി കുടുംബ

ശ്രീയിൽ പ്രവർത്തിച്ചു പരിചയമുള്ള ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, മുൻ കാല ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി റിസോഴ്സ് ടീം രൂപീകരിക്കുകയും ഈ ടീം കുടുംബശ്രീയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുന്ന രീതി സ്വീകരിക്കാവുന്നതാണ്.

മറ്റൊരു പ്രധാന മേഖല, കേരളത്തിലെ സാമൂഹ്യ ഇടമാണ്. മുൻ കാലങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ സാമൂഹ്യ സാന്നിധ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും നിലവിലെ സോഷ്യൽ മീഡിയയിൽ ഉൾപ്പെടെയുള്ള പ്രചരണങ്ങൾ പലപ്പോഴും പിന്തിരിപ്പൻ ആശയങ്ങൾ സ്ത്രീകളിൽ പരോക്ഷമായി അടിച്ചേൽപ്പിക്കുന്നതിനു ഇടയാകുന്നുണ്ട്. ഇത് പലപ്പോഴും വിശ്വാസങ്ങളുടെ പേരിലാണു നടക്കുന്നത്. ഈ സാഹചര്യത്തിൽ, സെക്കുലർ ആയ രീതി പ്രോൽസാഹിപ്പിക്കുന്നതിനു ബോധപൂർവ്വമായ ഇടപെടൽ അത്യാവശ്യമാണ്. കേരളത്തിന്റെ സാമൂഹ്യ മണ്ഡലത്തിൽ സ്ത്രീകൾ നിരന്തരം ഇടപെടുന്ന ഒരു കൾച്ചറൽ ഇടവും ജനാധിപത്യ സംവിധാനത്തിൽ ഊന്നിക്കൊണ്ടുള്ള മതേതര ഇടവും വളർത്തിയെടുക്കാനും കുടുംബശ്രീ സംവിധാനത്തിനു സാധിക്കേണ്ടതുണ്ട്.

37

# Kudumbashree: The Cost versus Access to Finance

Lekha Chakraborty

**Abstract**

The Kudumbashree initiative in Kerala exemplifies the transformative potential of integrating gender-responsive budgeting within decentralized governance structures. By facilitating women's access to financial services through microfinance and self-help groups (SHGs), Kudumbashree not only enhances women's economic agency but also strengthens their intra-household bargaining power.

Access to financial services is pivotal in empowering women economically. When women have control over financial resources, they can contribute significantly to household income, thereby altering traditional power dynamics. This economic empowerment enables women to have a more substantial say in household decisions, ranging from children's education to healthcare and other essential expenditures. Empirical evidence suggests that women's participation in microfinance programs leads to increased decision-making power within households, as they become key contributors to the family's financial well-being.

Moreover, the structure of SHGs within Kudumbashree fosters collective empowerment. These groups serve as platforms for women to share experiences, build social capital, and develop leadership skills. The collective nature of SHGs ensures that women are not only recipients of financial services but also active participants in decision-making processes. This participatory approach aligns with the principles of gender-responsive budgeting, which advocates for the inclusion of gender perspectives in all stages of budgetary processes to promote gender equality and women's empowerment.

However, the effectiveness of such initiatives is contingent upon several factors. The size of the loans provided, the sustainability of the income-generating activities financed, and the socio-cultural context all play crucial roles in determining the impact on women's empowerment. For instance, small loan amounts may not significantly enhance a woman's bargaining position within the household. Therefore, ensuring access to larger loans and providing support for sustainable economic activities are essential for meaningful empowerment.

Furthermore, while financial inclusion is a critical component, it must be complemented by efforts to address prevailing social norms and provide education and training. Capacity-building initiatives that focus on financial literacy, entrepreneurship, and leadership can amplify the

impact of financial services on women's agency. Such comprehensive approaches ensure that women are equipped not only with financial resources but also with the skills and confidence to utilize them effectively.

In conclusion, Kudumbashree model demonstrates that enhancing women's access to financial services through gender-responsive budgeting and decentralized governance can significantly improve their intra-household bargaining power and agency. By providing women with economic resources and fostering collective empowerment through SHGs, such programs contribute to shifting traditional power dynamics within households, promoting gender equality, and facilitating broader social and economic development.

**38**

# നഗരമേഖലയിലെ കുടുംബശ്രീയും സ്ത്രീകളുടെ പൊതു സാമൂഹ്യ ഇടങ്ങളും

ബീന ആനമങ്ങാട്

1998 ൽ ആരംഭിച്ച് കഴിഞ്ഞ 26 വർഷങ്ങൾ കൊണ്ട് പടർന്നുപന്തലിച്ച് കേരളത്തിന്റെ പൊതുമണ്ഡലത്തിൽ അനിഷേധ്യ സാന്നിധ്യമായി മാറിയ ഒന്നാണു കുടുംബശ്രീ പ്രസ്ഥാനം എന്നതിൽ തർക്കമില്ല. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ നഗരപ്രദേശങ്ങളിലെയും പാർശ്വവൽക്കൃത സമൂഹങ്ങളിലെയും ഇടപെടലുകളും സാമൂഹ്യ ഇടം വികസിപ്പിക്കുന്നതിലെ പങ്കുമാണു ഇവിടെ ചർച്ച ചെയ്യുന്നത്. കുടുംബശ്രീയുടെ ചരിത്രം പരിശോധിക്കുമ്പോൾ നഗരപ്രദേശങ്ങളിലാണു തുടങ്ങിയതും ആദ്യഘട്ടത്തിൽ വ്യാപിച്ചതും. തുടർന്ന് നഗരപ്രദേശത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഘട്ടം ഘട്ടമായി പഞ്ചായത്തുകളിലേക്കു വ്യാപിക്കുകയാണുണ്ടായത്. എന്നാൽ 25 വർഷം പിന്നിട്ടു നിൽക്കുമ്പോൾ സംഘടന ദുർബലമായി നിൽക്കുന്നത് എവിടെയൊക്കെയാണു എന്ന് പരിശോധിക്കാം. നഗരമേഖല, പട്ടികവർഗ്ഗ മേഖല, പ്ലാന്റേഷൻ, തീർദേശം എന്നീ മേഖലകളിൽ സംഘടനയുടെ സ്വാധീനം കുറഞ്ഞു വരുന്നുണ്ട് എന്നത് ചിന്തനീയമാണ്.

### നഗരപ്രദേശങ്ങളിലെ കുടുംബശ്രീ

സംഘടനാ സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ഇതിനു ഒരു ഏകീകൃത സ്വഭാവം ഇല്ല എന്നത് ഇതിനു ഒരു കാരണമാണു. മാത്രമല്ല, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തിലും സംസ്ഥാനത്തിന്റെ നിലവിലുള്ള സംഘടനാ സംവിധാനത്തെയും നഗരസ്വഭാവത്തെയും വിലയിരുത്തി പദ്ധതികളെ customize ചെയ്യേണ്ടതുണ്ട്. ഇത് പലപ്പോഴും സംഭവിച്ചിട്ടില്ല എന്നത് സംഘടനാ സംവിധാനത്തെ ദുർബലപ്പെടുത്താനിടയാക്കി. കുടുംബശ്രീ മിഷന്റെ ഇടപെടലുകൾ പരിഗണിക്കുമ്പോഴും പ്രധാന പ്രവർത്തനങ്ങളിലും പരിഗണനയിലും നഗരസി.ഡി.എസ്സുകൾ ഉൾപ്പെടാതെ പോകുന്നു എന്നതും ഒരു യാഥാർത്ഥ്യമാണു. ട്രൈബൽ സി.ഡി.എസ്സുകളുടെ കാര്യത്തിലും സമാനമായ അവസ്ഥയാണുള്ളത്.

കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ആദ്യമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിന്റെ 2% നീക്കി വെച്ചതും നഗരസഭകളിലാണു. എന്നാൽ നിലവിൽ 80% നഗരസഭകളും ഈ തുക കുടുംബശ്രീയിലൂടെ നടക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണു. നഗരസഭകളിലെ 2% യു.പി.എ ഫണ്ടിലൂടെ നടത്താവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളിൽ വ്യക്തതയില്ല എന്നതും നഗരസഭയിലെ ഫണ്ടിന്റെ ഭൂരിഭാഗവും ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായാണു ചെലവഴിക്കുന്നത് എന്നതുമാണു ഈ ഫണ്ട് നീക്കി വെക്കാത്തതിനു കാരണമായി നഗരസഭകൾ ചൂണ്ടിക്കാണിക്കുന്നത്. സംഘടനാ സംവിധാനവും നഗരസഭയും തമ്മിലുള്ള പാർട്ണർഷിപ്പ് എന്ന കാഴ്ചപ്പാടിനു വിഘാതം സംഭവിക്കുന്നു എന്നാണു ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്. ഈ വിഷയത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചാൽ ഒരു പരിധിവരെ പരിഹാരമാകും. എന്നിരുന്നാലും കഴിഞ്ഞ 2 വർഷങ്ങളിലായി യുപിആർപി പോലുള്ള ഇടപെടലുകളിലൂടെ കുടുംബശ്രീ അംഗങ്ങൾക്കു വേണ്ടിയുള്ള

നിരവധി പ്രൊജക്റ്റുകൾ നഗരസഭയുടെ വികസന പ്ലാനിന്റെ ഭാഗമായിട്ടുണ്ട്.

തൊഴിലില്ലായ്മ എന്നത് നഗര പ്രദേശങ്ങളിലെ ഒരു പ്രധാന ഇടപെടൽ മേഖലയാണു. ഈ സാഹചര്യത്തിൽ കുടുംബശ്രീ സി.ഡി.എസ്സുകൾ പ്രവർത്തിക്കേണ്ടത് Employment Facilitation Agency കൂടിയായാണു. അതോടൊപ്പംതന്നെ പ്രായം ചെന്നവർ, ആരോഗ്യപ്രശ്നങ്ങളാൽ ഒറ്റപ്പെട്ടു പോയവർ, തൊഴിലിൽ നിന്നു പുറന്തള്ളപ്പെട്ടവർ തുടങ്ങി സാമൂഹ്യ വൾണറബിലിറ്റി അനുഭവിക്കുന്ന വിഭാഗങ്ങളെ ചേർത്തു പിടിക്കുന്ന ഏജൻസിയായി കുടുംബശ്രീ സംഘടനാ സംവിധാനത്തെ രൂപാന്തരപ്പെടുത്തുന്നതിനു ഇപ്പോഴും നമുക്ക് സാധിച്ചിട്ടില്ല.

നഗര പ്രദേശങ്ങളിലും തീർദേശങ്ങളിലും പട്ടികവർഗ്ഗ മേഖലകളിലും കാണാൻ കഴിയുന്ന മറ്റൊരു പ്രവണത സന്നദ്ധസംഘടനകളുടെ ഇടപെടലാണു. ഇത് ഇരട്ട അംഗത്വത്തിലേക്കും ഇരട്ട വായ്പയിലേക്കും നയിക്കുന്നു. എന്നാൽ കുടുംബശ്രീക്ക് മാത്രം നൽകാൻ കഴിയുന്ന പിന്തുണാസഹായങ്ങളും കൈത്താങ്ങും നൽകി ഈ വിഭാഗത്തെ കൂടെ നിർത്താൻ സംവിധാനത്തിനു കഴിയുന്നില്ല. ഈ സാഹചര്യത്തിൽ, സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട്. ജനാധിപത്യവും സാംസ്കാരികവുമായ കഴിവുകൾ പരിപോഷിപ്പിക്കുക, അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള കാര്യശേഷി വികസിപ്പിക്കുക എന്നത് സംഘടനാ സംവിധാനത്തിന്റെ ഉപോൽപ്പന്നമായി മാറേണ്ടതുണ്ട്. ഇത്തരം കഴിവു നൽകുന്ന ഇടമായി നമ്മുടെ അയൽക്കൂട്ടങ്ങളെ മാറ്റാൻ കഴിയണം.

മിഷന്റെ പ്രവർത്തനങ്ങളിൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ സി.ഡി.എസ്സുകൾക്ക് പ്രാധാന്യം നൽകുക എന്നതാണു ആവശ്യമായ മറ്റൊരു പ്രധാന മാറ്റം. നിലവിൽ നഗര സി.ഡി.എസ്സുകളിൽ സംഘടനാ സംവിധാനത്തിനു സഹായകമാകുന്ന രീതിയിൽ കമ്മ്യൂണിറ്റി പിന്തുണാ സംവിധാനങ്ങളെ വളർത്തുകയും അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതും നിലവിലുള്ള മിഷൻ സ്റ്റാഫിനെ സംഘടനാ കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന രീതിയിലേക്ക് മാറ്റുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണു.

കൂടാതെ, എല്ലാ സി.ഡി.എസ്സുകളിലും ഒരേ തരത്തിലുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നാതെ സി.ഡി.എസ്സുകളുടെ സ്വഭാവമനുസരിച്ച് പ്ലാൻ തയ്യാറാക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള ഇടപെടൽ ഉണ്ടാകണം. നഗര സി.ഡി.എസ്സുകളിൽ തന്നെ ഗ്രാമ സ്വഭാവമുള്ള സി.ഡി.എസ്സുകളുണ്ട്. അതുകൊണ്ടു തന്നെ വ്യത്യസ്ത സമീപന രീതി സ്വീകരിക്കേണ്ടതുണ്ട്. മിഷനിൽ നിന്ന് നീക്കി വെക്കുന്ന സംസ്ഥാന പ്ലാൻ വിഹിതത്തിന്റെ കാര്യത്തിലും ഇപ്രകാരം ഒരു പുനർവിചിന്തനം നടത്തേണ്ടതാണു. പലപ്പോഴും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്ന രീതിയിൽ മാത്രം നഗര സി.ഡി.എസ്സുകളിലേക്കുള്ള പ്ലാൻ തുക ഒതുങ്ങിപ്പോവുന്ന അവസ്ഥയുണ്ട്. മാത്രമല്ല, ആകെ ചെലവാകുന്ന പ്ലാൻ തുക ഗ്രാമ-നഗര-ട്രൈബൽ സി.ഡി.എസ്സുകളിലെ പ്രവർത്തനങ്ങൾക്ക് ആനുപാതികമായാണൊ ചെലവഴിക്കപ്പെടുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്.

### സാമൂഹ്യ ഇടവും കുടുംബശ്രീയും

തുല്യ നീതിക്കായും ഭിന്നശേഷി വിഭാഗത്തിന്റെയും പട്ടിക വർഗ്ഗ വിഭാഗത്തിന്റെയും ഉന്നമനത്തിനായും വിവിധ പ്രവർത്തനങ്ങൾ കുടുംബശ്രീ നടപ്പിലാക്കി വരുന്നുണ്ട്. ഇന്ന്, സംസ്ഥാനത്തെ സ്ത്രീകളുടെ പദവിയിൽ മാതൃകാപരമായ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഇടപെടലാണെന്ന് സംശയലേശമെന്യേ പറയാൻ കഴിയും. രണ്ടാംതര പൌരരെന്ന നിലയിൽ സ്ത്രീകളെ കണ്ടിരുന്ന ഒരു കാലത്തു നിന്ന്, സ്വത്തിനും സമ്പത്തിനും തൊഴിലിനും അവകാശമോ സ്വാതന്ത്ര്യമോ ഇല്ലാതിരുന്ന ഒരു കാലത്തുനിന്നാണ് ഈ മാറ്റം. ഇത് ഒരു നിമിഷത്തിലോ വളരെ പെട്ടെന്നോ സംഭവിച്ച ഒന്നല്ല. തുടർച്ചയായ ഇടപെടലുകളിലൂടെ, എല്ലാവരെയും ചേർത്തു നിർത്തിക്കൊണ്ടു തന്നെ, ആശയ സംവാദങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സംഭവിച്ച ഒരു നിശബ്ദവിപ്ലവം എന്നു വേണമെങ്കിൽ ഈ മാറ്റത്തെ സൂചിപ്പിക്കാം.

രംഗശ്രീ പോലുള്ള തിയേറ്റർ ഗ്രൂപ്പുകൾ ജെൻഡറിന്റെ ഭാഗമായി ആരംഭിച്ചത് നാടകം പ്രോൽസാഹിപ്പിക്കുക എന്ന ഉദ്ദേശത്തിൽ മാത്രമല്ല. മറിച്ച് സ്ത്രീകൾ കൾച്ചറൽ രംഗത്തേക്ക് വരിക എന്നതും അവരിലൂടെ കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾ പൊതുമധ്യത്തിലേക്ക് കൊണ്ടുവരിക എന്നതും ലക്ഷ്യമായിരുന്നു. എന്നാൽ ഒരു കലാരൂപം എന്ന നിലയിൽ വളർത്തിയെടുത്ത് പൊതുസമൂഹത്തിന്റെ മുന്നിലെത്തിക്കുന്ന രീതിയിലേക്ക് ഇതിനു വളരാൻ കഴിഞ്ഞില്ല. ജെൻഡർ മേഖലയിലെ ഒരു പ്രോഗ്രാം എന്നതിനപ്പുറം സംഘടനയുടെ ഭാഗമായും സ്ത്രീയുടെ വളർച്ചയുടെയും സാമൂഹ്യ ഇടപെടലിന്റെയും ഉപാധിയായും രംഗശ്രീ പോലുള്ള മാധ്യമങ്ങളെ വികസിപ്പിക്കാവുന്നതാണു. അരങ്ങ്, സർഗ്ഗം പോലുള്ള കുടുംബശ്രീ ഇടപെടലുകളും കൂടിച്ചേരലുകളും കലാസാംസ്കാരിക കൂട്ടായ്മകളും എന്നതിനപ്പുറം വെറും മൽസരമായി മാറുന്ന കാഴ്ചയാണു ഇന്നുള്ളത്. ഈ രീതിയിൽ മാറ്റം വരുത്തി, സ്ത്രീകളുടെ പൊതുസമൂഹത്തിലെ ശക്തമായ ഇടപെടലായി ഇത്തരം പ്രവർത്തനങ്ങളെ മാറ്റാൻ കഴിയേണ്ടതുണ്ട്.

എന്നാൽ അതേ സമയം, പൊതു സാമൂഹ്യ ഇടത്തിലെ സ്ത്രീ പങ്കാളിത്തം ഇതിനനുസരിച്ച് വളർന്നിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികളിലും വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃനിരയിലും സർക്കാർ/അർദ്ധസർക്കാർ പിന്തുണയോടു കൂടി പ്രവർത്തിക്കുന്ന അക്കാദമികളിലും സഹകരണ സംഘങ്ങളിലുമൊക്കെയുള്ള സ്ത്രീ സാന്നിധ്യം എത്ര ശതമാനമാണു എന്നത് ചിന്തിക്കേണ്ടതുണ്ട്. ശക്തമായ സ്ത്രീ പങ്കാളിത്തം അവകാശ

പ്പെടുന്ന പ്രാദേശിക ആസൂത്രണ പ്രക്രിയയായ ഗ്രാമ/ വാർഡ് സഭകളിൽ പോലും സ്ത്രീകളുടെ ശബ്ദത്തിനു എത്രമാത്രം പ്രാധാന്യമുണ്ടെന്ന് വിമർശനാത്മകമായി ചിന്തിക്കേണ്ടതാണു.

കൂടാതെ, പട്ടിക വർഗ്ഗ മേഖലയിലെയും ജെൻഡർ മേഖലയിലെയും കുടുംബശ്രീ പ്രവർത്തനങ്ങളിലെ പ്രധാന വെല്ലുവിളി എന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള ട്രൈബൽ/ ജെൻഡർ സെൻസിറ്റൈസേഷന്റെ അഭാവമാണു. മിഷൻ സ്റ്റാഫിനെ തെരഞ്ഞെടുക്കുന്ന രീതിശാസ്ത്രം തന്നെ മാറ്റേണ്ടിയിരിക്കുന്നു. മാത്രമല്ല, മിഷൻ സംവിധാനത്തിനകത്തേക്ക് കടന്നു വരുന്ന ഓരോരുത്തരെയും സാമൂഹ്യബോധവും ജെൻഡർ ബോധവും ഉള്ളവരാക്കി മാറ്റിയെടുക്കുന്നതിനുള്ള ശ്രമങ്ങളും ആവശ്യമാണു.

ഓരോ പ്രദേശത്തും ഓരോവിഭാഗത്തിനും അവരുടെ ആവശ്യങ്ങളെ പരിഗണിച്ച് അവക്കനുസൃതമായി പ്രവർത്തിക്കുന്ന രീതി ഉണ്ടായി വരേണ്ടതുണ്ട്. നിലവിൽ നമ്മുടെ സി.ഡി.എസ് ആക്ഷൻ പ്ലാൻ എൻ ആർ എൽ എം കടമെടുത്ത് പുതിയ പദ്ധതിയായി നടപ്പിലാക്കിക്കഴിഞ്ഞു. എന്നാൽ സി.ഡി.എസ് ആക്ഷൻ പ്ലാനിനു ആനുപാതികമായല്ല, മറിച്ച് മിഷൻ തയ്യാറാക്കുന്ന പ്ലാനാണു സി.ഡി.എസ്സുകളിൽ നടപ്പിലാക്കുന്നത്. ഈ അവസ്ഥ മാറുകയും സി.ഡി.എസ്സിലെ ഡിമാൻഡുകൾക്കനുസരിച്ച് പ്ലാൻ തയ്യാറാക്കുന്ന രീതിയിലേക്ക് മിഷൻ വളരുകയും നിലവിലെ പ്രൊഫഷണൽസിനെ പ്രയോജനപ്പെടുത്തുകയും വേണം.

## 39

# ഭാവിയിലെ കുടുംബശ്രീ

ഹേമലത സി.കെ.

**സംഗ്രഹം**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടർച്ചയായി ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിനായി രൂപീകരിക്കപ്പെട്ട കുടുംബശ്രീ പ്രസ്ഥാനം ലോകത്തിന് തന്നെ പകരം വയ്ക്കാനില്ലാത്ത മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീകൾ നയിക്കുന്ന സ്ത്രീകളുടെ സംവിധാനം സമാനതകളില്ലാത്ത ഒരു നിശബ്ദ വിപ്ലവമാണ്. സാധാരണ ഏതൊരു ദൗത്യവും പുരുഷ കേന്ദ്രീകൃതമായിരുന്നുവെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായി സ്ത്രീകൾ ചുമതലക്കാരായ ഒരു സംഘടനാ സംവിധാനമായി നിർമ്മിക്കപ്പെട്ടപ്പോൾ ഇത് വിഭാവനം ചെയ്തവർ പോലും ഈ പ്രസ്ഥാനം ചരിത്രത്തിന്റെ ഏടുകളിൽ കുറിയ്ക്കപ്പെടുന്ന ഒന്നായി മാറുമെന്ന് ചിന്തിച്ചിരുന്നോ എന്നറിയില്ല. കുടുംബശ്രീയുടെ ഇന്നലെകളുടെ ചരിത്രം, ഇന്നിന്റെ വർത്തമാനം, നാളെയുടെ രൂപരേഖ എന്നിവയാണ് ഈ അവതരണത്തിൽ ചർച്ചയ്ക്ക് വിധേയമാക്കപ്പെടുന്നത്.

1998 ൽ ആലപ്പുഴ മാതൃകയും മലപ്പുറം മാതൃകയും മുന്നിൽ വച്ചു കൊണ്ട് കുടുംബശ്രീയെന്ന ത്രിതല സംഘടനാ സംവിധാനത്തിന് തുടക്കം കുറിയ്ക്കപ്പെട്ടു. ആദ്യ ഘട്ടമെന്ന നിലയിൽ നഗരപ്രദേശങ്ങളിലും ഘട്ടം ഘട്ടമായി ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചു. അതുവരെ വീട്ടകങ്ങളിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന സ്ത്രീകൾ പെട്ടെന്ന് പൊതുയിടങ്ങളിലേയ്ക്ക് എത്തപ്പെട്ടപ്പോഴുണ്ടായ അങ്കലാപ്പ് കാലക്രമേണ ആത്മവിശ്വാസത്തിനു വഴിമാറി. വീട്ടു ചെലവുകൾക്കായി കിട്ടിയിരുന്ന ചെറിയ തുകകൾ മിച്ചം പിടിച്ച് സാമ്പാദ്യമാക്കി, അതിൽ നിന്നും വായ്പകളായി, ധന ഇടപാടുകളിൽ ബാങ്കുകളുടെ വിശ്വാസം പിടിച്ചു പറ്റി ബാങ്ക് വായ്പകൾ സംഘടിപ്പിച്ചു. സാവധാനം സൂക്ഷ്മ സംരംഭങ്ങളിലൂടെയും പാട്ടക്കൃഷിയിലൂടെയും സ്വന്തമായി വരുമാനം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേർന്നു. കുടുംബശ്രീയുടെ ഇന്നലെകൾ ഈ അവതരണത്തിൽ ചർച്ചക്ക് വിധേയമാക്കപ്പെടുന്നു.

2008 കുടുംബശ്രീയുടെ ചരിത്രത്താളുകളിലെ മറക്കാനാവാത്ത ഏടായി കുറിയ്ക്കപ്പെട്ട ഒരു വർഷമാണ്. കുടുംബശ്രീ സി ഡി എസ് ബൈലോയിലും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിലും സമൂലമായ മാറ്റം കൊണ്ട് വന്ന വർമായിരുന്നു അത്. അവിടെ നിന്നും കുടുംബശ്രീ അഭൂതപൂർണ്ണമായ കുതിച്ചു ചാട്ടമാണ് നടത്തിയത്. ത്രിതല സംഘടനാ സംവിധാനത്തിന് സംവിധാനത്തിനുള്ളിലെ അംഗങ്ങൾ നേതൃത്വം കൊടുത്ത പരിശീലന പരമ്പരകൾ ഉണ്ടായി. ബൈലോയും തെരഞ്ഞെടുപ്പ് ചട്ടങ്ങളും ഓരോ അയൽക്കൂട്ട അംഗത്തിനും ഹൃദിസ്ഥമായി. ബാങ്ക് വായ്പാ തുക വർദ്ധിപ്പിച്ചു നൽകാൻ ബാങ്കുകൾ തയ്യാറായി. സൂക്ഷ്മ സംരംഭങ്ങൾ പലയിടങ്ങളിലും സമഗ്രയിലേയ്ക്ക് വളർന്നു. പാട്ടക്കൃഷി സ്വന്തം കൃഷിയിലേക്ക് കൂടെ വഴിമാറി. ബാലസഭകൾ വളർന്നു, ശക്തിപ്പെട്ടു. നിരാലംബർക്ക് കുടുംബശ്രീ തുണയാകുന്ന കാഴ്ചകൾ വ്യാപകമായി. സ്ത്രീപദവിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുറന്ന വേദികളിൽ ചർച്ച ചെയ്യപ്പെട്ടു, പദവി പഠനങ്ങൾ ഉണ്ടായി. ഇന്നിന്റെ കുടുംബശ്രീ ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

കുടുംബശ്രീയുടെ വിജയകഥകൾക്കൊപ്പം ചേർത്ത് പറയാൻ ചില ന്യൂനതകൾ കൂടെയുണ്ട്. 25 വർഷം

പൂർത്തിയാക്കിയ കുടുംബശ്രീ ഇനി പുതിയ ദിശയിലേയ്ക്ക് നീങ്ങേണ്ടത് അനിവാര്യമാണ്. 25 വർഷങ്ങൾക്കിപ്പുറവും സ്വതന്ത്ര സംവിധാനമെന്ന നിലയിലേയ്ക്ക് വളരാൻ സംഘടനാ സംവിധാനത്തിന് കഴിഞ്ഞിട്ടില്ല. തങ്ങളുടെ പ്രദേശത്തിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കാനും മിഷന് നല്കാനും അവ നടപ്പിലാക്കാനും കഴിയുന്ന തരത്തിൽ സംഘടനാ സംവിധാനം വളരേണ്ടതുണ്ട്. സൂക്ഷ്മ സംരംഭങ്ങളിൽ നിന്നും ചെറുകിട സംരംഭങ്ങളിലേയ്ക്ക് വളരാനുള്ള പശ്ചാത്തലം നിലവിലുള്ളവയ്ക്ക് ലഭ്യമാക്കണം. കുറച്ചു കൂടെ ശക്തമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കണം. Value chain കൾ ഉണ്ടായി വരണം. പരമ്പരാഗത കൃഷിയിൽ നിന്നും mechanised കൃഷി രീതികളിലേയ്ക്ക് മാറാൻ സാധിക്കണം. കാർഷിക ഉത്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതോടൊപ്പം മൂല്യ വർദ്ധിത ഉത്പന്നങ്ങൾ കൂടെ പ്രോത്സാഹിപ്പിക്കപ്പെടണം. ഇവയൊക്കെ കൃത്യമായി നടപ്പിലാക്കാൻ നിലവിലെ പിന്തുണാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം പുതിയ പിന്തുണാ സംവിധാനങ്ങളെ സംഘടനാ സംവിധാനത്തിനകത്ത് നിന്നും തന്നെ കണ്ടെത്തി ശക്തിപ്പെടുത്തണം.

ഇത്തരത്തിൽ മാറി ചിന്തിക്കുന്ന, സ്വയം സജ്ജരായ ഒരു സ്ത്രീ സമൂഹം, പൊതു സമൂഹത്തിൽ തന്റെ ഇടം സ്വയം അടയാളപ്പെടുത്തി വരണം

# ലിംഗനീതിയും സ്ത്രീ ശാക്തീകരണവും

**40**

## ലിംഗനീതിയും പ്രാദേശിക ഭരണവും

മുഖ്യ അവതരണം – ജോസഫൈൻ ജെ.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളെ തുടർന്ന് നിലവിൽ വന്ന വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ ആവശ്യമായ ചുമതലകൾ, വിഭവങ്ങൾ, ഉദ്യോഗസ്ഥർ എന്നിവ പ്രാദേശിക സർക്കാരുകൾക്ക് പ്രദാനം ചെയ്തതിനെ തുടർന്ന് മെച്ചപ്പെട്ട ജീവിത നിലവാരം, സദ്ഭരണം, സന്തുലിത വികസനം എന്നീ മേഖലകളിൽ മാതൃകയാവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണം, സ്ത്രീകൾക്ക് പ്രാദേശിക ഭരണ സംവിധാനത്തിൽ അവകാശപ്പെട്ട പ്രാതിനിധ്യവും തീരുമാനങ്ങൾ എടുക്കുന്നതിനുള്ള പദവികളും നൽകി. സമൂഹത്തിൽ സ്ത്രീകളുടെ പദവി ശാസ്ത്രീയമായി വിലയിരുത്തുന്നതിനുള്ള സ്ഥിതിവിവര വ്യൂഹം സൃഷ്ടിക്കാനും ഇതു സഹായിച്ചു. പ്രാദേശിക സാധ്യതകൾ മുൻനിർത്തി സ്ത്രീകളുടെ തൊഴിൽ, പദവി, വരുമാനം എന്നിവ ഉയർത്തുന്നതിനായുള്ള വികസന പ്രോജക്ടുകൾ ഏറ്റെടുക്കാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുവാനും ഒരു പരിധി വരെ സാധിച്ചു.

ലിംഗസമത്വം എന്നത് ഭരണഘടനാപരമായ അവകാശമാണ്. ലിംഗസമത്വം ഉറപ്പുവരുത്തുന്ന ദേശീയ അന്തർദേശീയ നിയമങ്ങളും നയങ്ങളും നിലനിൽക്കുമ്പോഴും എല്ലാ ലിംഗവിഭാഗങ്ങളുടെയും അഭിലാഷങ്ങളും അനുഭവങ്ങളും കാഴ്ചപ്പാടുകളും സന്തുലിതമായി സാമൂഹിക രാഷ്ട്രീയ ഭരണ സംവിധാനങ്ങളുടെ മുഖ്യ ഭാഗമായാൽ മാത്രമേ അത്തരം സംവിധാനങ്ങൾ നീതിയിൽ അധിഷ്ഠിതമാവുകയുള്ളൂ. വരുമാനത്തിന്റെയും സമ്പത്തിന്റെയും വിതരണത്തിലെ അസമത്വങ്ങൾ, പുരുഷ കേന്ദ്രീകൃതമായ അധികാര ഘടന, ജാതി മത കേന്ദ്രീകൃതമായ മൂല്യ വ്യവസ്ഥ, ഡിജിറ്റൽ യുഗം ഉയർത്തുന്ന വെല്ലുവിളികൾ, കാലാവസ്ഥാ വ്യതിയാനം, നിയോ ലിബറൽ സമൂഹം സൃഷ്ടിച്ച ഉയർന്ന ജീവിത ചെലവ് എന്നിവ ലിംഗനീതി ഉറപ്പാക്കുന്ന പ്രക്രിയകളെ തടസ്സപ്പെടുത്തുന്നുണ്ട്.

ലിംഗനീതിയും പ്രാദേശിക ഭരണവും എന്ന സെഷനിൽ താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകാൻ ഉദ്ദേശിക്കുന്നു:

- വനിതാഘടക പദ്ധതിയുടെ ഫലപ്രദമായ നടപ്പാക്കൽ, പദ്ധതികളുടെ സുസ്ഥിരത, സ്ത്രീകളുടെ തൊഴിൽക്ഷമത മെച്ചപ്പെടുത്തൽ, പ്രാദേശിക സാമ്പത്തിക വളർച്ച, നവീന ആശയങ്ങൾ എന്നിവ സംബന്ധിച്ച സമഗ്രമായ അവലോകനം ആവശ്യമാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ, ആസൂത്രണ സമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയിലെ സ്ത്രീ പങ്കാളിത്തവും സ്ത്രീകൾ വഹിക്കുന്ന പദവികളും ചുമതലകളും കഴിഞ്ഞ 27 വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ലിംഗനീതി ഉറപ്പാക്കുവാൻ എത്രമാത്രം സഹായിച്ചുവെന്നു വിലയിരുത്തുകയും ഇവിടെയെല്ലാം സ്ത്രീകളുടെ ഫലപ്രദമായ പങ്കാളിത്തം ഉണ്ടാകുന്നുണ്ടോ, അവിടെയെല്ലാം

gender പ്രശ്നങ്ങൾ ഉന്നയിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടുന്നതോടൊപ്പം കുറവുകൾ പരിഹരിക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യണം. ജനാധിപത്യത്തെ കൂടുതൽ ആഴത്തിലുള്ളതാക്കാൻ സംവരണം എന്ന ആശയം എത്ര ഫലപ്രദം ആയിട്ടുണ്ട് എന്ന് വിലയിരുത്തൽ അനിവാര്യമാണ്.

- വനിതാ ജനപ്രതിനിധികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ വളരെ പ്രധാനമാണ്.
- സ്ത്രീകളുടെ നില മെച്ചപ്പെടുത്തുന്നതിൽ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പങ്ക് വളരെ പ്രധാനമാണ്. ലിംഗ നീതി ഉറപ്പാക്കാനുള്ള ഒരു സമ്മർദ്ദ ഗ്രൂപ്പായി കൂടി കുടുംബശ്രീ മാറേണ്ടതുണ്ട്. അർഹമായ വേതനവും അന്തസുള്ള വ്യക്തി ജീവിതവും സ്ത്രീകൾക്ക് പ്രദാനം ചെയ്യാൻ ഈ പ്രസ്ഥാനത്തിന് എത്ര മാത്രം സാധിച്ചു എന്ന വിലയിരുത്തൽ, ഭാവിയിലേക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കൽ എന്നിവ ഈ സെഷനിൽ ചർച്ച ചെയ്യേണ്ടതുണ്ട്.
- വനിതകളുടെ ക്ഷേമം, വികസനം, സുരക്ഷിതത്വം എന്നിവക്കായി തന്ത്രപ്രധാനമായ ചട്ടക്കൂടുകൾ (Strategic framework) രൂപപ്പെടുത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടതാണ്.
- ജെൻഡറും വികസനവും എന്ന കാഴ്ചപ്പാട്, അതിനായി രൂപീകരിക്കപ്പെട്ട സംവിധാനങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം എന്നിവ എത്ര കണ്ടു നടപ്പിലാക്കാനായി എന്നത് പരിശോധനാവിധേയമാകുന്നതാണ്. ലിംഗ പദവി സംവേദന ക്ഷമത വർധിപ്പിക്കുന്നതിൽ ഈ സംവിധാനങ്ങൾ പങ്കു വഹിച്ചുവോ, സാമൂഹ്യ മാറ്റത്തിനായി ഈ ഇടപെടലുകൾക്ക് സാധിച്ചുവോ എന്നത് ഇതിൽ വളരെ പ്രധാനമാണ്. സാമൂഹ്യ ഘടനയെ അഭിസംബോധന ചെയ്യുന്ന gender transformative strategies സ്വീകരിക്കാൻ കഴിയേണ്ടതുണ്ട്.
- ഇതുവരെയും ഏറ്റെടുത്തിട്ടുള്ള പദ്ധതികളെ വിശകലനം ചെയ്തുകൊണ്ട് അറിവും പ്രാപ്തിയും നിർവ്വഹണ ശേഷിയും നടപ്പാക്കലും (Educate, Engineer, Enforce) ഉറപ്പിക്കുവാൻ സ്ത്രീകൾ പര്യാപ്തരായോ എന്ന പരിശോധന പ്രധാനമാണ്.
- തൊഴിൽ മേഖലയിൽ സ്ത്രീപുരുഷ പങ്കാളിത്തത്തെ "ജനകീയാസൂത്രണത്തിന് മുൻപും പിൻപും" എന്ന രീതിയിൽ വിശകലനം ചെയ്യുകയും ഇന്ത്യയിലെ പൊതുസ്ഥിതിയുമായി താരതമ്യം ചെയ്യുകയും വേണം. കോവിഡിനു ശേഷം വന്ന മാറ്റങ്ങളും അവലോകനത്തിനു വിധേയമാക്കേണ്ടതുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറയുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്യണം. ഇതിനോടൊപ്പം തൊഴിൽ രംഗത്തുള്ള സ്ത്രീകൾ-പ്രത്യേകമായി SC/ST/ മത്സ്യ തൊഴിലാളികൾ, queer വ്യക്തികൾ, ദളിത് വിഭാഗങ്ങൾ എന്നിവർ ഇന്നും അനുഭവിക്കുന്ന വിവേചനങ്ങൾ, ചൂഷണങ്ങൾ, തൊഴിൽജന്യ രോഗങ്ങൾ, തൊഴിലവകാശ നിഷേധം, തൊഴിലിടങ്ങളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം, സ്വയംതൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ ജയ പരാജയങ്ങൾ എന്നിവ സംബന്ധിച്ച അവലോകനം, സേവന വേതന വ്യവസ്ഥകളിലെ വിവേചനങ്ങൾ എന്നിവ പ്രാദേശിക വികസന അജണ്ടയിൽ ഉൾക്കൊള്ളിക്കുകയും വേണം..
- വിവിധ ജെൻഡർ വിഭാഗങ്ങൾ തിരിച്ചുള്ള data യുടെ,-പ്രത്യേകിച്ച് ഗുണപരമായ data യുടെ അഭാവം നിലവിൽ ഒരു പ്രധാന ദൗർബല്യമാണ്. സ്ത്രീകൾക്കായുള്ള ബജറ്റ് വിഭവങ്ങളുടെ ഒഴുക്ക് കണക്കാക്കുന്നതിനുള്ള സാങ്കേതിക ലക്ഷ്യത്തെപ്പോലും ഇത് തടസ്സപ്പെടുത്തുന്നുണ്ട്. നിലവിലുള്ള ഡാറ്റാ ബേസ് പദ്ധതി ആവിഷ്കരണത്തിനും നടത്തിപ്പിനും എത്രമാത്രം ഫലപ്രദമാണെന്നു പരിശോധിക്കേണ്ടതനിവാര്യമാണ്.
- സമൂഹത്തിൽ വേരൂന്നിയ മുൻവിധികളും തെറ്റായ മനോഭാവങ്ങളും കാരണം LGBTIQA+ (ലിംഗ, ലൈംഗിക, ലിംഗത്വ ന്യൂനപക്ഷങ്ങൾ) അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും കടുത്ത വിവേചനം അഭിമുഖീകരിക്കുന്നു. ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. Queer വ്യക്തികൾക്ക് ഉപയോഗിക്കാവുന്ന അല്ലെങ്കിൽ എത്തിച്ചെല്ലാവുന്ന പൊതു ഇടങ്ങൾ പരിമിതമാണെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത് ഈ വ്യക്തികളുടെ ദൃശ്യപരതയില്ലായ്മക്ക് കാരണമാണ്. ട്രാൻസ്ജെൻഡർ വ്യക്തികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അവരുടെ സവിശേഷ ആവശ്യങ്ങൾ, തൊഴിൽ സാധ്യത എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാകുന്നില്ല എന്ന പ്രശ്നം വിശകലന വിധേയമാക്കാവുന്നതാണ്.
- Gender പ്രശ്നങ്ങൾ എല്ലാം ഏകശിലാത്മകമല്ലാത്തതിനാൽ ഒരു ഇന്റർ സെക്ഷനൽ സമീപനം വികസന പദ്ധതികളിൽ കൊണ്ടുവരാനുള്ള ശ്രമം നടക്കേണ്ടതുണ്ട്. സ്ത്രീകൾ, പ്രത്യേകമായി SC/ST/ മത്സ്യ തൊഴിലാളികൾ, Queer വ്യക്തികൾ, ദളിത്/ഗോത്ര, ഭിന്നശേഷിക്കാർ, അവരുടെ അമ്മമാർ തുടങ്ങി വിവിധ വിഭാഗങ്ങൾ ഇന്നും അനുഭവിക്കുന്ന പ്രശ്നങ്ങളെ പ്രത്യേകമായി പരിഗണിക്കണം.
- സ്ത്രീകൾക്കെതിരായ/Queer വ്യക്തികൾക്കെതിരായ അതിക്രമങ്ങൾ, പ്രത്യേകിച്ച് ഗാർഹിക പീഡനങ്ങൾ, ഉടനീളം വർദ്ധിച്ചുവരുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഈ മേഖലയിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകൾ സംബന്ധിച്ച് വിശകലനം അനിവാര്യമാണ്.
- സാമൂഹികവും രാഷ്ട്രീയവും മതപരവുമായി പ്രാധാന്യമുള്ള പരമോന്നത സ്ഥാപനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഇപ്പോഴും കുറവാണ്.

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഇതുവരെ തിരഞ്ഞെടുക്കപ്പെട്ട വനിതാ എംഎൽഎമാർ കേരള നിയമസഭയുടെ 10% കവിഞ്ഞിട്ടില്ലെന്നത് ഭയാനകമാണ്.

- ഇന്ന് കേരളം നേരിടുന്ന കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും പുരുഷന്മാരിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളേയും മറ്റു ജെൻഡർ വിഭാഗങ്ങളേയും എങ്ങിനെ ബാധിക്കുന്നുവെന്നും ഈ വിഷയങ്ങൾ നേരിടാനായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഇടപെടലുകൾ, ഇതിനായി രൂപീകരിച്ച സമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം എത്രത്തോളമുണ്ട് എന്നും പരിശോധിക്കപ്പെടേണ്ടതാണ്.

ഗുണഭോക്തൃ കേന്ദ്രീകൃതം എന്നതിലപ്പുറം അവകാശാധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടിലേക്ക് പ്രാദേശിക ഭരണം മാറേണ്ടതുണ്ട്. അതിൽ ലിംഗനീതി വളരെ പ്രധാനമാണ്. ഈ പഠന കോൺഗ്രസിലൂടെ വികസന മേഖലയിൽ പ്രവർത്തിക്കുന്ന അനുഭവസ്ഥരുടെയും അക്കാദമിക സമൂഹത്തിന്റെയും ഗൗരവമായ ആലോചനകളിലൂടെ, പങ്കുവയ്ക്കലുകളിലൂടെ കൂടുതൽ മെച്ചപ്പെട്ട ഒരു വികസന സംസ്കാരം രൂപപ്പെടുത്താനാവുമെന്നും അത് തീർച്ചയായും എല്ലാ വിഭാഗം വ്യക്തികളെയും ഉൾച്ചേർക്കുന്ന ഒന്നാകുമെന്നും പ്രത്യാശിക്കുന്നു.

41

# അധികാര വികേന്ദ്രീകരണവും ലിംഗ നീതിക്കായുള്ള പ്രവർത്തനങ്ങളും- സാധ്യതകളും പരിമിതികളും

മല്ലിക കെ.എം.

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് പരിമിതികൾക്കുള്ളിൽ നിന്നായാലും നിർദേശിക്കപ്പെട്ട വിഷയമേഖലകളിലെല്ലാം നൂതന സ്വഭാവത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടത്താൻ സാധ്യതകൾ ഏറെ ഉണ്ട്. ലിംഗനീതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അത്തരത്തിൽ വലിയ സാദ്ധ്യത ഉള്ളതാണ്. മലപ്പുറം ജില്ലയിലെ താനാളൂർ പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ ജൻഡർ നയരേഖ തയ്യാറാക്കിയത്,പെൺകുട്ടികളുടെ ആയോധനകലാ പരിശീലനം, ഗെയിംസ്, വയോജന വിനോദയാത്ര, ജാഗ്രതാസമിതി പ്രവർത്തനങ്ങൾ, ഷീ ആർട്ട് ഗാലറി, വനിതാ പ്രസിദ്ധീകരണം, ടു വീലർ പരിശീലനം,വനിതാ സാസ്കാരികോത്സവം,ഓടിയും ചാടിയും എന്ന കായിക വിദ്യാഭ്യാസ പരിപാടി എന്നിവ ആ ഗണത്തിൽ പെടുത്താം.

എന്നാൽ മറ്റു വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തരം ജൻഡർ വിഷയങ്ങൾക്കുള്ള പൊതു സ്വീകാര്യത ഇല്ലായ്മ പരിശോധിക്കപ്പെടെണ്ടതുണ്ട്. നിലവിലെ സാദ്ധ്യതകളും പരിമിതികളും ചർച്ച ചെയ്യാനുണ്ട്.

### സാധ്യതകൾ

1. പഞ്ചായത്ത് രാജ് മുന്നോട്ട് വെച്ച ലിംഗതുല്യതാ കാഴ്ചപ്പാട് (50% സ്ത്രീ പങ്കാളിത്തം, 10% എങ്കിലും പദ്ധതി വിഹിതം സ്ത്രീകൾക്ക് വേണം എന്നത്, അധികാരസ്ഥാനങ്ങളിലെ സ്ത്രീകൾ.....)
2. പഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന (പഞ്ചായത്ത് ആശ്രയിക്കുന്ന) സ്ത്രീകളുടെ വ്യത്യസ്ത ഗ്രൂപ്പുകൾ (ആശ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേന, കുടുംബശ്രീ പ്രവർത്തകർ ...)
3. പഞ്ചായത്തിനു കീഴിൽ വിവിധ വകുപ്പുകൾ ഉണ്ട് എന്നതും അവയുടെയെല്ലാം സംയോജിച്ച പദ്ധതി പ്രവർത്തനങ്ങളും ഉദാ: കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, മുതലായവ
4. കിലയുടെ നേതൃത്വത്തിൽ നടക്കുന്ന പരിശീലനങ്ങൾ
5. ഗവണ്മെന്റുകളുടെ നയപരമായ ഇടപെടലുകൾ.

### പരിമിതികൾ

1. സമൂഹത്തിൽ നില നിൽക്കുന്ന മൂല്യവ്യവസ്ഥ, സ്ത്രീ വിരുദ്ധത. മതം നിയന്ത്രിക്കുന്ന കുടുംബം, വരുമാനം ഇല്ലാത്ത (കുറഞ്ഞ വരുമാനം ഉള്ള) ഭൂരിഭാഗം സ്ത്രീകൾ, അത് കൊണ്ട് തന്നെ ആത്മവിശ്വാസം ഇല്ലാത്ത സ്ത്രീ വിഭാഗം...
2. സ്ത്രീ പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കാത്ത പൊതു സമൂഹം
3. പഞ്ചായത്ത് പ്രവർത്തനങ്ങൾ അജണ്ടയിൽ ചർച്ച ചെയ്യുന്നതിൽ രാഷ്ട്രീയ പാർട്ടികൾ കാണിയ്ക്കുന്ന അനാസ്ഥ

4. സ്ത്രീ പദവി ഉയർത്തുന്നതിന്നു സഹായകമാകുന്ന പദ്ധതികളെ കുറിച്ച് ധാരണ ഇല്ലാത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും
5. ജൻഡർ സൗഹൃദ പദ്ധതികൾ (ഉദാ : ജാഗ്രതാ സമിതി )ഏറ്റെടുത്തു നടപ്പിലാക്കേണ്ട വകുപ്പിൽ നിന്ന് വേണ്ടത്ര പിന്തുണ ലഭിക്കാത്ത അവസ്ഥ
6. കിലയുടെ പരിശീലനങ്ങൾക്ക് ശേഷം തുടർ പ്രവർത്തനങ്ങൾ നടക്കേണ്ടതും വേണ്ട സമയത്ത് പരിശീലനം ലഭിക്കേണ്ടതുമായ അവസ്ഥ. മാതൃകാ പദ്ധതികൾ പരിചയപ്പെടുത്തുന്ന സംവിധാനം ജൻഡർ സൗഹൃദ പഞ്ചായത്ത് എന്ന ആശയത്തിന് ഏറ്റവും പ്രധാനം ആണ്.
7. തങ്ങളുടെ നിർദേശപ്രകാരം പ്രവർത്തിക്കേണ്ടവരാണ് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വനിതാ ഗ്രൂപ്പുകൾ എന്ന ഒരു പൊതു ധാരണ അധികം പേരിലും ഉണ്ട്. അതിനാൽ ജനകീയമാക്കേണ്ട പല പരിപാടികളും നടപ്പിലാക്കാൻ ഈ ആശ്രിതത്വം ഉപയോഗിയ്ക്കുന്നു.
8. സ്ത്രീ സംരംഭകർ എന്ന നിലയിൽ പിന്തുണ കുടുംബശ്രീ യിൽ നിന്നും പഞ്ചായത്ത് പദ്ധതികളിൽ നിന്നും ലഭിക്കുന്നു എങ്കിലും ഇത്തരം സംരംഭം ഏറ്റെടുക്കുന്നവർക്ക് ഒരു സപ്പോർട്ടിങ് സിസ്റ്റം ഇല്ലാത്തതിനാൽ പരാജയപ്പെട്ടു പോകുന്നു സാമ്പത്തിക മാനേജ്മെന്റ്, മാർക്കറ്റിംഗ്, പ്രൊഫഷണലിസം എന്നിങ്ങനെ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട പലതും ഇല്ലാത്തത് അവരുടെ പരാജയത്തിന് ഇടവരുത്തുന്നു. പണം കൊടുക്കുക എന്നതിൽ കവിഞ്ഞ ഒരു ഇടപെടലും പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുന്നില്ല.

ഇത്തരത്തിൽ പരിശോധിച്ചാൽ ചെറുതും വലുതുമായ പ്രശ്നങ്ങൾ നിരവധി കാണാൻ കഴിയും. എന്നാൽ പഞ്ചായത്ത് രാജ് സ്ത്രീകളെ വിശ്വാസത്തിലെടുക്കാൻ ധൈര്യം കാണിച്ച ഭരണ മാതൃക ആണെന്ന് സംശയമില്ലാതെ പറയാൻ കഴിയും. ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട് എന്ന് മാത്രം.

---

പ്രസിഡന്റ്, താനാളൂർ ഗ്രാമ പഞ്ചായത്ത്

42

# രാഷ്ട്രീയ പ്രക്രിയയിലെ സ്ത്രീ - ക്വിയർ ഇടപെടലുകൾ: സ്ത്രീകളുടെ ഭരണ പങ്കാളിത്തവും കുടുംബശ്രീ പ്രസ്ഥാനവും മുൻനിർത്തി ഒരന്വേഷണം

ഡോ. ആരതി പി.എം.

കേരളീയ സാമൂഹിക ഘടനയിൽ ലിംഗപദവിപരമായ സമീപനങ്ങളിൽ കാതലായ മാറ്റങ്ങൾക്ക് കഴിഞ്ഞ രണ്ടര പതിറ്റാണ്ടുകൾ സാക്ഷ്യം വഹിച്ചു. അതിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ സ്ത്രീ പ്രാതിനിധ്യവും കുടുംബശ്രീ പ്രസ്ഥാനവും ചരിത്രപരമായ പങ്കാണ് വഹിച്ചത്. നിരവധി പഠനങ്ങൾ ലോകത്തെമ്പാടും ഈ സാമ്പത്തിക- രാഷ്ട്രീയ പ്രക്രിയയുടെ സങ്കീർണ്ണമായ തലങ്ങൾ അടയാളപ്പെടുത്തുകയുണ്ടായി. ഈ അവതരണം പ്രാഥമികമായി ശ്രമിക്കുന്നത് ഇത്തരം പഠനങ്ങൾ മുന്നോട്ട് വയ്ക്കുന്ന ഗുണാത്മകമായ വിമർശനങ്ങളെ വിലയിരുത്തുന്നതിനാണ്. വരും കാല കേരളത്തിന്റെ രാഷ്ട്രീയ നിർമ്മിതിയുടെ ചാലക ശക്തികളായി സ്ത്രീകളും ക്വിയർ സമൂഹവും മാറുന്നതിന് എന്ത് തരത്തിലുള്ള ഇടപെടലുകളാകും അനിവാര്യമാവുക എന്നും എത്രമാത്രം ആത്മപരിശോധനകളും സ്വയം വിമർശനങ്ങളും വേണ്ടി വരും എന്നുമുള്ള അന്വേഷണം കൂടിയാണ് ഈ പഠനം. കൂടാതെ "സ്ത്രീ ശാക്തീകരണ"ത്തിനായി നിലവിലുള്ള ലിബറൽ നിയമങ്ങളുടെയും നയങ്ങളുടെയും പരിമിതികൾ മനസ്സിലാക്കുകയും അവയെ വിമോചനത്തിനായുള്ള അന്തിമ ഉപാധിയായി സമീപിക്കുന്ന രീതിയെ പ്രശ്നവത്കരിക്കുക കൂടിയാണിവിടെ.

ഭരണകൂടത്തിന്റെ വികസന താത്പര്യങ്ങളിൽ അധിഷ്ഠിതമായ സ്ത്രീകളുടെ ദാരിദ്ര്യ നിർമാർജന - മൈക്രോ ക്രെഡിറ്റ് സംരംഭം എന്നതിൽ നിന്നും മുതലാളിത്ത ആശയങ്ങളോടുള്ള ഫെമിനിസ്റ്റ് /തൊഴിലാളി വർഗ്ഗ രാഷ്ട്രീയ വിയോജിപ്പിനുള്ള ഇടമായി കുടുംബശ്രീ സംവിധാനങ്ങളെ പരിവർത്തനപ്പെടുത്തുന്നതിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ നാം എത്ര മാത്രം വിജയിച്ചു എന്നത് പരിശോധിയ്ക്കപ്പെടണം. സാമ്പത്തിക സ്വയം നിർണ്ണയാധികാരത്തെ പുരുഷകേന്ദ്രീകൃത ചൂഷണ വ്യവസ്ഥിതിയെ ചോദ്യം ചെയ്യാനുള്ള ആർജ്ജവമായി പരുവപ്പെടുത്താൻ നമുക്ക് സാധിച്ചുവോ? നവലിബറൽ സാമ്പത്തിക നയങ്ങൾക്കെതിരെ പ്രാദേശികവും ദേശീയവും ആഗോളവുമായി നടക്കുന്ന ചെറുത്തുനില്പുകളുമായി പ്രത്യയശാസ്ത്രപരമായി ഐക്യപ്പെടാൻ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞുവോ? മൈക്രോ ക്രെഡിറ്റിലൂടെ സാധ്യമായ സാമ്പത്തിക വരുമാനം നൽകിയ അധിക സാമൂഹ്യ പദവി എങ്ങിനെയാണ് തൊഴിൽ സേനയുടെ ഭാഗമായ അധ്വാനവും കൂലിയും നൽകുന്ന സാമൂഹിക പദവിയിൽ നിന്നും വ്യത്യാസപ്പെടുന്നത്? സാമ്പത്തിക അധിക വരുമാനം കുടുംബങ്ങളിലെ തീരുമാനമെടുക്കൽ പ്രക്രിയകളിൽ നിർണ്ണായക റോളിലേക്ക് സ്ത്രീകളെ മാറ്റിയോ? ജെ. ദേവികയും ബിനിത തമ്പിയും (2007 ) ചൂണ്ടിക്കാണിച്ച രീതിയിൽ ഒരു തരത്തിൽ ബൂർഷ്വാ പാട്രിയാർക്കിയുടെ തുടർച്ചയാണോ ഈ പ്രക്രിയയിൽ സംഭവിക്കുന്നത്?

സ്ത്രീകളുടെ ഭരണ പങ്കാളിത്തം ഭരണ സംവിധാനങ്ങളുടെ തന്നെ ഘടനാപരമായ മാറ്റങ്ങളിലേക്ക് വഴി തെളിയ്ക്കുന്നതിൽ എത്ര മാത്രം സാധിച്ചു എന്നത് ഒരു പ്രശ്നം തന്നെയാണ്. രാഷ്ട്രീയ ഇടപെടലുകളിൽ, രാഷ്ട്രീയ നിലപാടുകളിൽ അടിസ്ഥാനപരവും കാതലുമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഭരണ പ്രാതിനിധ്യത്തിലൂടെ സാധിച്ചുവോ? രാഷ്ട്രീയ പാർട്ടികളെ ആന്തരികമായി സമത്വത്തിലൂന്നിയ മൂല്യബോധത്തിലേക്ക് നയിക്കാൻ എത്രമാത്രം വിജയിച്ചു?

സ്ത്രീകളുടെ ദാരിദ്ര്യ നിർമ്മാർജ്ജനവും അവരുടെ ഭരണപങ്കാളിത്തവും എങ്ങിനെയാണ് രാഷ്ട്രീയമായി പ്രതിഫലിച്ചത്? പാർത്ഥോ ചാറ്റർജി (2001) യുടെ ആശയമായ രാഷ്ട്രീയ സമൂഹം (പൊളിറ്റിക്കൽ സൊസൈറ്റി) എന്ന നിലയിൽ ഭരണകൂടത്തിനും ജനങ്ങൾക്കും ഇടയിൽ ചാലകശക്തിയായി പ്രവർത്തിക്കാൻ സാധിക്കുകയും ജനാധിപത്യ പ്രക്രിയയ്ക്കും വികസനത്തിനുള്ള ഒരു ദിശാബോധനിർമ്മിതിയിൽ സജീവമായി ഇടപെടുകയും ചെയ്യാൻ ഭരണതലത്തിലെ സ്ത്രീ പങ്കാളിത്തത്തിനും കുടുംബശ്രീ പ്രവർത്തനത്തിനും സാധിക്കുമോ? അത്തരം ഒരു ഇടപെടലിലൂടെ മാത്രമേ ലിബറൽ സമൂഹത്തിലെ നിയമങ്ങളെയും നയങ്ങളെയും വിമർശനാത്മകമായി സമീപിക്കാനും അതിന്റെ പരിമിതികൾ ചൂണ്ടിക്കാണിക്കാനും കഴിയൂ. അതിനായി ഏതേത് തലങ്ങളിലാണ് മാറ്റങ്ങൾ അനിവാര്യമാകുന്നത് എന്ന ആലോചനയാണ് ഈ പ്രബന്ധം മുന്നോട്ട് വയ്ക്കുന്നത്. മാത്രവുമല്ല സമത്വത്തിൽ ഊന്നിയ ഒരു രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥ സൃഷ്ടിയ്ക്കുന്നതിലൂടെ മാത്രമേ പൂർണ്ണമായ ഉൾച്ചേർന്ന സമൂഹം സാധ്യമാകൂ. അതിനു സ്ത്രീ - ക്വിയർ പ്രസ്ഥാനങ്ങളുടെ പോരാട്ടങ്ങൾ സമാന്തരമായി നടക്കേണ്ടതുമുണ്ട്.

ഡയറക്ടർ, സ്കൂൾ ഓഫ് ജന്റർ സ്റ്റഡീസ്, മഹാത്മാ ഗാന്ധി സർവ്വകലാശാല, കോട്ടയം

43

# തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ക്വിയർ രാഷ്ട്രീയവും

അനഘ്

കേരളത്തിൽ ഇത് വരെയും നടന്ന മനുഷ്യാവകാശ പോരാട്ടങ്ങളിൽ ഒപ്പം നിൽക്കുന്ന ഒരു മുന്നേറ്റമാണ് ലിംഗ-ലിംഗത്വ ലൈംഗിക പാർശ്വവത്കരിക്കപ്പെട്ട മനുഷ്യരുടെ അവകാശ പോരാട്ടങ്ങൾ. പ്രൈഡ് മാർചുകൾ, നിയമങ്ങൾ, പദ്ധതികൾ തുടങ്ങി നിരവധി മുന്നേറ്റങ്ങൾ ട്രാൻസ്ജൻഡർ വ്യക്തികളുടെ സംരക്ഷണത്തിൽ ഉള്ളപ്പോൾ തന്നെ മറ്റ് ലൈംഗിക പാർശ്വവത്കരിക്കപ്പെട്ട മനുഷ്യരുടെ അവകാശങ്ങൾ ബാക്കി ഉണ്ട് എന്നത് കേരളം മനസ്സിലാക്കേണ്ടതുണ്ട്.

അന്തസ്സോടെയും ബഹുമാനത്തോടെയും ജീവിക്കാനുള്ള അവകാശം ഇന്ത്യയിൽ എല്ലാ മനുഷ്യർക്കും ഉണ്ട് എന്നിരിക്കെ, ക്വിയർ വ്യക്തികൾക്ക് സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിൽ സമൂഹം പരാജയപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നയങ്ങളിലും പരിപാടികളിലും ട്രാൻസ്ജൻഡർ വ്യക്തികളുടെ പ്രശ്നങ്ങൾ ഉൾപ്പെടുത്തുന്നതിൽ ശ്രദ്ധിച്ചു വരുന്നുണ്ട്. എന്നാൽ ഇന്നും വിവാഹത്തെക്കുറിച്ച് പറയുമ്പോൾ, വീണ്ടും ബൈനറിയിലേക്കു തന്നെ തിരിച്ചു വരികയും ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിലുള്ളവർ പോലും വിവാഹം കഴിക്കുന്നത് സ്ത്രീ,പുരുഷ സ്വത്വത്തിൽ തന്നെ ആയി മാറുകയും ചെയ്യുന്നു.. പുരുഷന്റെയോ സ്ത്രീയുടെയോ ഐഡന്റിറ്റിയിൽ നിന്ന് പുറത്തുകടന്ന ശേഷവും, ലിംഗ സ്റ്റീരിയോടൈപ്പിനോട് പൊരുത്തപ്പെടാൻ ക്വിയർ വ്യക്തികൾ പലപ്പോഴും നിർബന്ധിതരാകുന്നു. ഈ ഐഡന്റിറ്റികളുമായി പൊരുത്തപ്പെടാൻ തയ്യാറാകാത്തവർക്ക്, വിവാഹം വളരെ സങ്കീർണ്ണമാവുകയും ചെയ്യുന്നു.

ക്വിയർ വ്യക്തികളുടെ അവകാശ സംരക്ഷണത്തിലും ഈ വ്യക്തികളോടുള്ള സമൂഹത്തിന്റെ ധാരണ മാറ്റുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ വളരെ അനിവാര്യമാണ്. പഞ്ചായത്ത്, കോർപ്പറേഷൻ അടക്കമുള്ള സ്ഥാപനങ്ങൾ ക്വിയർ ആളുകളെ പിന്തുണയ്ക്കുന്ന നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, അർഹമായ സാമൂഹിക സ്വീകാര്യത ഈ സമൂഹത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. കില പോലുള്ള നിരവധി സ്ഥാപനങ്ങൾ ഇത്തരം ശ്രമങ്ങൾ നടത്തി വരുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. എങ്കിൽ തന്നെയും സമൂഹം ഇപ്പോഴും ക്വിയർ ആളുകളെ പ്രകൃതിവിരുദ്ധരും അസ്വാഭാവികതയുള്ളവരും ആയി കാണുന്നു. സമൂഹവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളും ആ ധാരണ മാറ്റുന്നതിനായി സ്വീകരിയ്ക്കേണ്ട നടപടികൾ എന്ത് എന്ന് വിശകലനം ചെയ്യാൻ വൈകിയിരിയ്ക്കുന്നു.

എൽജിബിടിഐക്യു ഫോബിയയെ നേരിടാൻ സമൂഹത്തെ സഹായിക്കുന്നതിന് സംസ്ഥാനങ്ങൾ ബോധവൽക്കരണ പരിപാടികൾ നടത്തണമെന്ന് സെക്ഷൻ 377 കുറ്റവിമുക്തമാക്കുന്ന വിധിയിൽ സുപ്രീം കോടതി പറഞ്ഞിരുന്നു. എന്നിരുന്നാലും, ക്വിയർ വ്യക്തികളെ മുഴുവനായി ഉൾച്ചേർക്കുന്ന പദ്ധതികളോ പരിപാടികളോ കാര്യക്ഷമമായി നടന്നിട്ടില്ല. കില അടക്കമുള്ള സ്ഥാപനങ്ങൾ നടത്തി വരുന്ന പരിപാടികൾ താഴെ തട്ടിലേക്ക് കൊണ്ട് വന്ന് ജനങ്ങളുടെ മനോഭാവം മാറ്റുന്നത് അടക്കമുള്ള പ്രത്യേക പദ്ധതികൾക്കു രൂപം നൽകി നടപ്പിലാക്കാൻ ശ്രമിക്കണം. കലകൾ, സാംസ്കാരിക പരിപാടികൾ, ബോധവൽക്കരണ ക്ലാസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇടപെടലുകൾ എന്നിവയിലൂടെ ഈ കമ്മ്യൂണിറ്റിയെക്കുറിച്ച് അടിസ്ഥാനപരവും ശാസ്ത്രീയവുമായ ആശയം രൂപപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായിക്കാനാകും.

കൂടുതൽ കമ്മ്യൂണിറ്റി അംഗങ്ങൾ പുറത്തു വരികയും സമൂഹത്തിന്റെ എല്ലാ ധാരകളിലും സജീവമായി തുടരുകയും വേണം, അതിന്റെ ഭാഗമായി അവർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാൻ തക്കതായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.. ക്വിയർ വ്യക്തികളെ കൂടെ സമൂഹത്തിന്റെ ഭാഗമാക്കാൻ കുടുംബങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്വീകാര്യത ഉറപ്പു വരുത്തേണ്ടതാണ്.

ലിംഗ രാഷ്ട്രീയവും ഭരണ രാഷ്ട്രീയവും ഇന്നും ദ്വന്ദ്വ സമൂഹത്തെയും ഭിന്ന ലൈഗികതയെയും മാത്രം ഊന്നിക്കൊണ്ടുള്ളതാകുന്നു. അതിനപ്പുറമുള്ള സമൂഹത്തെ ഉൾച്ചേർക്കുവാൻ തുല്യതയുടെ രാഷ്ട്രീയ സമീപനത്തിന് മാത്രമേ സാധ്യമാകൂ. അതിനായി കൂടുതൽ പ്രവർത്തിയ്ക്കാൻ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയും.

---

ഗവേഷക വിദ്യാർത്ഥി, മഹാത്മാ ഗാന്ധി സർവ്വകലാശാല, കോട്ടയം

44

# ലിംഗ പദവി പ്രശ്നങ്ങൾ- പ്രാദേശികഭരണത്തിന്റെ സാദ്ധ്യതകളും പരിമിതികളും

ഡോ. അമൃത കെ.പി.എൻ.

പഞ്ചായത്തീരാജിന്റെയും വികേന്ദ്രീകരണത്തിന്റെയും ഇന്ത്യയിലെ മികച്ച മാതൃകയായി ജനകീയാസൂത്രണം ദേശീയവും അന്തർദേശീയവുമായ പഠനങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടെ വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കാനും ഭരണപരമായ നൈപുണികൾ വർദ്ധിപ്പിക്കാനും, നേതൃശേഷി വളർത്താനും ജനകീയാസൂത്രണം നല്ലൊരു വേദിയായിട്ടുണ്ട്. വികസന രംഗത്തെ സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഒരേസമയം അവരുടെ കാര്യശേഷി വികസനവും സ്വാതന്ത്ര്യബോധവും സാധ്യമാക്കുന്ന ഉപാധിയാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ലിംഗപരമായ വിവേചനം വളരെയധികം കുറച്ചുകൊണ്ടു വരുന്നതിൽ വിജയിച്ച ഒരു നാടാണ് കേരളം. കുടുംബം എന്ന യൂണിറ്റിനെ അടിസ്ഥാനപ്പെടുത്തിയ വികസന കാഴ്ചപ്പാടിന്റെ ഭാഗമായി സ്ത്രീകൾക്കും ഇതിന്റെ ഗുണഫലങ്ങൾ അനുഭവിയ്ക്കാനുമായിട്ടുണ്ട്. പ്രധാനമായും ക്ഷേമപദ്ധതികളിലൂന്നിയ സമീപനമായിരുന്നു കേരള വികസനത്തിന്റേത് എന്നതിനാൽ സ്ത്രീകളുടേതടക്കമുള്ള എല്ലാ വിഭാഗങ്ങളുടേയും ക്ഷേമം സംരക്ഷിച്ച് പോരുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

എന്നാൽ സ്ത്രീകൾക്ക് വേണ്ടിയും സ്ത്രീകൾ ഇടപെട്ടും ധാരാളം വികസന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുമ്പോഴും ജെന്റർ വികസന സൂചികകൾ അടിസ്ഥാനമാക്കി അന്വേഷണം നടത്തുമ്പോൾ കാലാകാലങ്ങളായി നില നിന്ന് പോന്ന ലിംഗടിസ്ഥാനതിലുള്ള വിവേചനങ്ങളും ചൂഷണങ്ങളും വലിയ മാറ്റമില്ലാതെ കേരളത്തിലിന്നും തുടർന്ന് വരുന്നു എന്നത് ഒരു വിരോധാഭാസമായി കാണാം. ഇന്ന് കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായി നടക്കുന്ന അതിക്രമങ്ങളും അവരനുഭവിക്കുന്ന അരക്ഷിതാവസ്ഥയും ഇത് സൂചിപ്പിക്കുന്നു. സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയം മുതലായ രംഗങ്ങളിൽ കൂടി ഈ ദിശയിൽ ഏറെ ദൂരം മുന്നോട്ടു പോകാൻ കേരളത്തിനു കഴിയേണ്ടതുണ്ട്. നിലവിലുള്ള നിയോലിബറൽ സംവിധാനങ്ങളുടെ പിന്തുണ പിടിച്ചു പറ്റിക്കൊണ്ട് തന്നെയുള്ള സ്ത്രീശാക്തീകരണം മാത്രമാണ് ഇവിടെ നടന്നുവന്നത് എന്നാ വിമർശനം കണക്കിലെടുക്കാതെ വയ്യ. ഇത് ഈ പ്രക്രിയയിലേർപ്പെട്ടിരുന്ന സ്ത്രീകളെ നിലവിലുള്ള പുരുഷാധികാര മൂല്യ വ്യവസ്ഥയെ ചോദ്യം ചെയ്യാൻ ആഗ്രഹിച്ച രീതിയിൽ പ്രാപ്തരാക്കിയില്ല എന്നത് ഒരു പോരായ്മയാണ്. ഒരു പ്രാദേശിക ഭരണകൂടത്തിന്റെ പരിമിതിയാണ് ഇതെന്നു ബോധ്യമുണ്ട്..

കേവലമായ സാമ്പത്തിക ശാക്തീകരണം എന്നതിനപ്പുറത്തേക്ക് തുല്യതയ്ക്കോ ജനാധിപത്യത്തിനോ വേണ്ടിയുള്ള സമരം രൂപപ്പെടുത്തിയെടുക്കലാണ് ആത്യന്തിക ലക്ഷ്യം. ചിട്ടപ്പടി പ്രവർത്തനങ്ങൾ എന്നത് വിട്ടു നിലവിലുള്ള സാമൂഹ്യ – സാംസ്കാരിക അവസ്ഥയിൽ, സ്ത്രീ-ക്വീർ വ്യക്തികളുടെ നിർണ്ണായക ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്ന പദ്ധതികളും ഇടപെടലുകളും നടത്തിയെടുക്കാൻ ഉതകുന്ന രാഷ്ട്രീയ ബോധ്യം ഭരണകർത്താക്കളിൽ വികസിപ്പിചെടുത്തെ തീരൂ.വികസനം യഥാർത്ഥമായ സ്വാതന്ത്ര്യം ആസ്വദിക്കാനായി ഒരു ജനത വിചാരപൂർവ്വം ഏർപ്പെടുന്ന പ്രക്രിയയാണ് എന്ന ബോധ്യം ഉണ്ടാക്കിയെടുക്കാൻ സമാന്തരമായ രാഷ്ട്രീയ പ്രവർത്തനത്തിനെ കഴിയൂ. അവകാശാധിഷ്ഠിത വികസന സമീപനം വളർത്തിയെടുക്കാൻ പ്രാദേശിക തലത്തിൽ സ്ത്രീ- ക്വീർ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ അനിവാര്യമാണ്. അതോടൊപ്പം തങ്ങളുടെ പരിമിതി മനസ്സിലാക്കി മേൽ ഇടപെടലുകൾക്ക് ഭാവി പ്രവർത്തനങ്ങളിൽ ഒരു ഇടം നൽകാൻ പ്രാദേശിക ഭരണം കൂടുതലായി ശ്രദ്ധിയ്ക്കേണ്ടതുമുണ്ട്. അതിലേയ്ക്കായി ഈ പഠന പ്രവർത്തനങ്ങൾ വലിയ സംഭാവന നൽകും എന്ന് ഉറപ്പുണ്ട്.

കോർഡിനേറ്റർ, ജെൻഡർ സ്കൂൾ, കില

# മാലിന്യ നിർമാർജനം

## 45

## മാലിന്യ നിർമാർജനം

എൻ.സി. നാരായണൻ

ആഗോളതലത്തിൽ അനുവർത്തിച്ചുവരുന്ന, സുസ്ഥിരതാ സങ്കൽപ്പങ്ങളെ വെല്ലുവിളിക്കുന്ന വിഭവങ്ങളുടെ ലീനിയർ ഇക്കോണമിയിൽ നിന്നുമുള്ള വിടുതലായിരുന്നു ആലപ്പുഴയിൽ സംഭവിച്ച വികേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടി. നാം പരമ്പരാഗതമായി പിന്തുടർന്നു പോന്നിരുന്ന, മാലിന്യത്തിന്റെ കേന്ദ്രീകരണം, നിർമ്മാർജ്ജനം എന്ന രീതിയിൽ നിന്നും വിഭവങ്ങളുടെ പുനർച്ചംക്രമണം പ്രാദേശിക തലത്തിൽ സാധ്യമാണ് എന്ന ആശയവും, അത് സാധ്യമാണ് എന്ന മാതൃകയും കേരളം അവതരിപ്പിച്ചിട്ട് ഒരു ദശാബ്ദം പിന്നിട്ടിരിക്കുന്നു. സന്നദ്ധതലത്തിൽ ആരംഭിച്ച മുന്നേറ്റം, സ്ഥാപന തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും, മാലിന്യ സംസ്കരണത്തിന് പിന്തുണ നൽകുന്ന സംരംഭങ്ങൾ നിർമ്മിച്ചെടുക്കുവാനും കേരളത്തിന് കഴിഞ്ഞിട്ടുന്നുണ്ട്. സന്നദ്ധ സംവിധാനങ്ങളും, സ്റ്റേറ്റും, കമ്പോളവും തമ്മിൽ വിവിധ ഘട്ടങ്ങളിൽ അനുവർത്തിച്ച മെയ്-വഴക്കമുള്ള സമീകരണങ്ങളും ഈ നേട്ടത്തിന് കാരണമാണ്.

ആലപ്പുഴയിൽ ആരംഭിച്ച ഖരമാലിന്യ പരീക്ഷണങ്ങളുടെ തുടക്കത്തിൽ സന്നദ്ധന ഇടപെടലുകൾക്കായിരുന്നു പ്രാമാണികത്വമെങ്കിൽ, അത് സംസ്ഥാനം മുഴവൻ വ്യാപിക്കുന്ന ഘട്ടത്തിൽ സ്റ്റേറ്റിന്റെയും, അതിന്റെ ഭാഗമായ സ്ഥാപന സംവിധാനങ്ങളുടെയും പ്രാധാന്യമേറിയതായി കാണാം. ഇന്ന്, നമുക്കാവശ്യം പിന്തുണാ സംവിധാനങ്ങളാണ്. മാലിന്യ സംസ്കരണവും, വിഭവങ്ങളുടെ വീണ്ടെടുപ്പുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കമ്പോളത്തിന് വലിയ പഴക്കം ഉണ്ട്. പ്ലാസ്റ്റിക്, ലോഹങ്ങൾ എന്നിവയുടെയും വീണ്ടെടുപ്പ് എത്രയോ കാലമായി വലിയ വ്യവസായമാണ്. സുതാര്യത ഇല്ലായ്മ, തൊഴിൽ ചൂഷണം, പരിസ്ഥിതി മലിനീകരണം തുടങ്ങിയ സഹജമായ ചിലമോശം പ്രവണതകളും ഈ കമ്പോളത്തിന് ഉള്ളതായി പരക്കെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ പ്രവണതകളെ അതിജീവിച്ച ഒരു മാലിന്യ സംസ്കരണ പരിപാടി അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ് കേരളം കൈവരിച്ച മാതൃകയുടെ നേട്ടം. ഹരിത കർമ്മ സേന, ഹരിത മിത്രം ആപ്പ്, ക്ലീൻ കേരള കമ്പനി എന്നിങ്ങനെ കേരളത്തിലെ മാലിന്യ സംസ്കരണ പരിപാടി അവതരിപ്പിച്ച ഘടകങ്ങൾ (ഇന്നോവേഷൻസ്) കമ്പോളത്തിന്റെ മേൽപ്പറഞ്ഞ കുഴപ്പങ്ങളെ മറികടക്കുന്നതിനും, അതേ സമയം അതിന്റെ സാധ്യതകൾ ഉപയോഗിക്കുന്നതിനും സഹായകമായിട്ടുണ്ട്.

സാധാരണ കമ്പോള യുക്തികൾ കൊണ്ട് പരിശോധിച്ചാൽ കേരളത്തിലെ മാലിന്യ സംകരണ പരിപാടി അത്രകണ്ട് ലാഭകരമായി തോന്നില്ല. പലയിടത്തും സ്റ്റേറ്റിന്റെ പിന്തുണയില്ലാതെ അത് നിലനിൽക്കുവാൻ പ്രയാസവുമാണ്. എന്തിനാണ് സ്റ്റേറ്റ് ഇത്രകണ്ട് ഇൻവെസ്റ്റ് ചെയ്യുന്നത് എന്നുപോലും തോന്നാം. എന്നാൽ ഉല്പാദന ക്ഷമത, ലാഭം എന്നിവയ്ക്ക് ഉപരിയായി മാലിന്യ സംസ്കരണത്തിൽ വിലമതിക്കേണ്ടുന്ന സാമൂഹിക മൂല്യങ്ങളായ (Public goods) സുസ്ഥിരത, തുല്യത, പാരിസ്ഥിതിക നീതി എന്നിവയ്ക്ക് വലിയ പ്രാധാന്യം ഉണ്ട്. അവയെ പിന്തുണയ്ക്കുന്നതിന് കേവലം കമ്പോള യുക്തികൾ മതിയാവില്ല മതിയാവില്ല. കമ്പോളത്തിന് കെൽപ്പില്ലാത്ത ഇത്തരം ഇടങ്ങളിൽ സ്റ്റേറ്റ് ഇടപെടുന്നു എന്നത് നമ്മുടെ പ്രത്യേകതയാണ്. അതേ സമയം ഈ മേഖലയിലെ കമ്പോളത്തെ തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെടുത്തി എങ്ങിനെ ഫലപ്രദമായി ഉപയോഗിക്കാം എന്നത് പ്രധാനമാണ്.

ലഭ്യമായ തൊഴിലുകൾ പോലും വെട്ടിച്ചുരുക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷത്തിലൂടെ രാജ്യം കടന്നുപോവുകയാണ്. ഈ പശ്ചാത്തലത്തിൽ അനേകം തൊഴിലുകൾ പ്രദാനം ചെയ്യുവാൻ കെൽപ്പുള്ള ഒരു മേഖലയായിക്കൂടെ നാം മാലിന്യ സംസ്കരണത്തെ കാണണം. ഈ രംഗത്ത് ധാരാളം സംരംഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ തൊഴിൽ ചൂഷണത്തെയും, പാരിസ്ഥിതിക മലിനീകരത്തെയും ആശ്രയിച്ചു നിലനിലയ്ക്കുന്ന പ്രമ്പരാഗത മാതൃകകൾ കേരളത്തിൽ നിലനിൽക്കില്ല. സേവനത്തിന്റെ വ്യാപ്തിയും, ഗുണനിലവാരവും കൊണ്ട് കൂടുതൽ മൂല്യം പ്രദാനം ചെയ്യുവാൻ കഴിയുന്ന സംരംഭങ്ങൾക്കാണ് ഇവിടെ സാധ്യത. ആ തലത്തിലേയ്ക്ക് കേരളത്തിന്റെ സംരംഭകരംഗം ഉണർത്തുന്നതിനും, മാർക്കറ്റും സ്റ്റേറ്റും തമ്മിലെ ബന്ധം ഓരോ ഘട്ടത്തിലും വ്യക്തതവരുത്തി പരിഷ്ക്കരിക്കുന്നതിനും നമുക്ക് കഴിയണം.

നിലവിലെ നമ്മുടെ പ്രതിസന്ധികൾ തന്നെയാണ് നമ്മുടെ സംരംഭക സാധ്യതകൾ. ഉദാഹരണത്തിന്, ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ്/ ബയോമെതനേഷൻ ചെയ്തുകൊണ്ട് ജൈവ മാലിന്യങ്ങൾ വീട്ടിൽ തന്നെ സംസ്കരിക്കാം എന്നും, പ്രാദേശികമായ വിഭവ ചാക്രികത സാധ്യമാണ് എന്നും നമ്മൾ തെളിയിച്ചു. എന്നാൽ വീടുകളിൽ/കമ്യൂണി

റ്റി തലത്തിൽ നിർമ്മിക്കുന്ന കമ്പോസ്റ്റ് എങ്ങിനെ കൃഷിക്ക് വിധേയമാക്കാം? വളമായോ, മണ്ണിന്റെ ഗുണം വർദ്ധിപ്പിക്കുവാനോ എങ്ങിനെ വിനിയോഗിക്കുവാൻ കഴിയും? ഇതിനൊക്കെയുള്ള സംവിധാനങ്ങൾ എന്ത്? മുതലായ ചോദ്യങ്ങൾ ബാക്കിയാണ്. മറ്റൊന്ന് വീടുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ബയോ ബിനുകൾ/ബയോഗ്യാസുകൾ വലിയൊരളവിൽ പ്രവർത്തന രഹിതമാണ്. യൂസർ എഡ്യൂക്കേഷൻ, മെയിന്റനൻസ് സേവനങ്ങളുടെ ഒക്കെ അഭാവം അതിന് കാരണമാണ്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം എടുത്താൽ പ്ലാസ്റ്റിക് ഒഴികെ മറ്റുള്ള അജൈവമാലിന്യങ്ങൾ ഒന്നും കാര്യമായി ശേഷിക്കുവാൻ കഴിയുന്നില്ല എന്നതും പരിമിതിയാണ്. ഇതൊക്കെയും വെല്ലുവിളികൾ ആണ്. അതേസമയം പുത്തൻ സംരംഭങ്ങൾക്കുള്ള സാധ്യതകളുമാണ്. ഒരാൾക്ക് ഒരു മാസം 120-150 ബയോഗ്യാസ് പ്ലാന്റുകൾ പരിപാലിച്ചുകൊണ്ട് അവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുവാൻ കഴിയും എന്നാണ് ആലപ്പുഴയിലെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഒരു നിശ്ചിത യൂസർഫി ഈടാക്കുവാൻ കഴിഞ്ഞാൽ ഒരു നഗരത്തിൽ 15-20 പേർക്ക് വരെ മാന്യമായ വേതനം ലഭ്യമാവുന്ന തൊഴിൽ ഇതിൽ നിന്ന് മാത്രം നിർമ്മിക്കാൻ കഴിയും. അതുപോലെ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, ചാക്രികത ഉറപ്പുവരുത്തുന്നതിനും, ആളുകളുടെ സൗകര്യം ഉറപ്പുവരുത്തുന്നതിനും സഹായകമായ സേവനങ്ങൾ, പുതിയ സാങ്കേദികവിദ്യകൾ തുടങ്ങി അനേകം അവസരങ്ങൾ ഈ മേഖല മുന്നോട്ട് വയ്ക്കുന്നുണ്ട്.

46

# മാലിന്യമുക്ത നവകേരളത്തിന് വേണം അടിസ്ഥാന സൗകര്യങ്ങളും ദീർഘവീക്ഷണമുള്ള നയങ്ങളും

ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്.

മാലിന്യ പരിപാലനം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. മാലിന്യം ശാസ്ത്രീയമായി പരിപാലിക്കപ്പെട്ടിട്ടില്ലെങ്കിൽ അത് ആരോഗ്യ, പരിസ്ഥിതി, വിനോദസഞ്ചാര സാമ്പത്തിക മേഖലകളിൽ ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കും. പ്രതിശീർഷ വരുമാനം കൂടുമ്പോൾ ഉപഭോഗം കൂടുകയും അതിനൊപ്പം മാലിന്യത്തിന്റെ അളവ് കൂടുന്നതായും നമുക്ക് കാണാൻ കഴിയും. കേരളം അതിവേഗം നഗരവത്കരിക്കപ്പെടുന്ന പ്രദേശമാണ്. ആകെ ജനസംഖ്യയുടെ 47 ശതമാനവും കേരളത്തിൽ നഗരപ്രദേശങ്ങളിലാണ് ജീവിക്കുന്നത്. ഇത് വളരെ വേഗം 70 ശതമാനത്തിലേക്ക് മാറും. ഇതോടെ കൂടുതൽ മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടും. അതിനാൽ തന്നെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പ്ലാൻ മാലിന്യ പരിപാലനത്തിൽ ഉണ്ടാകേണ്ടതുണ്ട്.

വലിച്ചെറിഞ്ഞും കത്തിച്ചും കുഴിച്ചിട്ടും അശാസ്ത്രീയമായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്താൽ പരിസ്ഥിതി നാശം മാത്രമല്ല മനുഷ്യന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകും എന്നതിൽ തർക്കമില്ല. നാം നേരിടുന്ന വെല്ലുവിളിയെ ശാസ്ത്രീയമായി നേരിടണം എന്ന ഭരണകൂടത്തിന്റെ ഇച്ഛാശക്തിയോടുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി രൂപീകരിച്ചത്.

ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇന്വെസ്റ്റ്മെന്റ് ബാങ്കിന്റെയും സഹായത്തോടെയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നത്. 2400 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. ഖര മാലിന്യ പരിപാലനത്തിലും നിർമ്മാർജ്ജനത്തിനും തദ്ദേശസ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക, നഗര തദ്ദേശ സ്ഥാപന തലത്തിൽ ഖരമാലിന്യ പരിപാലനത്തിന് ഭൗതിക സാഹചര്യങ്ങൾക്കായി 1200 കോടിയുടെ ധനസഹായം അനുവദിക്കുക, പ്രാദേശിക തലത്തിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യമൊരുക്കുക എന്നീ മൂന്ന് ഘടകങ്ങളാണ് പദ്ധതിക്കുള്ളത്. ഖരമാലിന്യ പരിപാലന ചട്ടം 2016 പ്രകാരം ഓരോ നഗരസഭയ്ക്കും ഖരമാലിന്യ പരിപാലന പ്ലാൻ ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തിന്റെയും ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ ഖരമാലിന്യ പരിപാലനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

നഗര പ്രദേശങ്ങളിൽ ബയോ സിഎൻജി പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ആധുനിക രീതിയിലുള്ള വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾ, ബയോ പാർക്കുകൾ തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനൊപ്പം ഇവയുടെ പരിപാലനത്തിന് നഗരസഭകളെ പ്രാപ്തരാക്കുന്നതിനും വേണ്ട നടപടികളും പദ്ധതിയുടെ ഭാഗമായി ചെയ്യുന്നുണ്ട്. അഗ്നിസുരക്ഷാ സംവിധാനങ്ങളോട് കൂടിയുള്ള എംസിഎഫ്, ആർആർഎഫ് സംവിധാനങ്ങളുടെ നിർമ്മാണം, ഹരിതകർമ്മ സേനയ്ക്ക് സുരക്ഷിത തൊഴിലിടവും അധികവരുമാനവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവയും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ 20 നഗരങ്ങളിലെ പരമ്പരാഗത മാലിന്യക്കൂനകൾ നീക്കം ചെയ്ത് ഭൂമി പുനസ്ഥാപിക്കാൻ

ആവശ്യമായ ബയോമൈനിങ് പദ്ധതിക്ക് കെഎസ്ഡബ്ല്യുഎംപി തുടക്കംകുറിച്ചു. ഇതിനായി 95.24 കോടി രൂപയുടെ രണ്ട് കരാറുകളും അനുവദിച്ചു. 2025 മെയ് മാസത്തോട് കൂടി ബയോമൈനിങ് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. 450000 മെട്രിക് ടൺ മാലിന്യം നീക്കം ചെയ്ത് 67 ഏക്കർ ഭൂമി വീണ്ടെടുക്കാൻ ബയോമൈനിങ് വഴി സാധിക്കും. കൂടാതെ കൊച്ചി ബ്രഹ്മപുരത്തിന്റെ വീണ്ടെടുപ്പിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഏഴുമീറ്റർ വീതിയിൽ സൈക്കിൾട്രാക്കും ഫുട്പാത്തും ഗ്രീൻ ബെൽറ്റും അടങ്ങുന്ന റിങ് റോഡ് ഇതിൽ പ്രധാനമാണ്. ആർഡിഎഫ് പ്ലാന്റ്, കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ റീസൈക്ലിങ് പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്, ഗ്രീൻബെൽറ്റ്, സംരക്ഷണ ഭിത്തിയും ചുറ്റുമതിലും, വെയ് ബ്രിഡ്ജ്, പിപിപി മോഡൽ വേസ്റ്റ് ടു എനർജി പ്ലാന്റ് തുടങ്ങി 706.55 കോടിയുടെ മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയത്.

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ, ഖരമാലിന്യ പരിപാലന പദ്ധതി, നവ കേരള മിഷൻ, ക്ലീൻ കേരള കമ്പനി തുടങ്ങിയ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിനായി കുടുംബശ്രീ മുഖേന ഹരിത കർമ സേനയുടെ സേവനം ലഭ്യമാക്കിക്കൊണ്ട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറിങ് ഫെസിലിറ്റികൾ, കംപോസ്റ്റിങ് പ്ലാന്റുകൾ തുടങ്ങിയവ നടത്തിവരുന്നു. മാലിന്യ മുക്തം നവകേരളം പദ്ധതിയിലൂടെ തദ്ദേശ സ്ഥാപനങ്ങൾ മാലിന്യ പരിപാലനത്തിന് ശ്രദ്ധ നൽകുന്നുണ്ട്. ഇതിന്റെ ഫലമായി അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, യൂസർ ഫീ കളക്ഷൻ,

**47**

# മാലിന്യമുക്തം നവകേരളം - സമ്പൂർണതയും സുസ്ഥിരതയും ഉറപ്പാക്കാൻ

എൻ. ജഗജീവൻ

മാലിന്യമുക്ത സംസ്ഥാനം എന്നതിലേയ്ക്കുള്ള കേരളത്തിന്റെ ചുവട് വയ്പ്പ് വ്യത്യസ്ഥവും ശ്രദ്ധേയവുമാണ്. മാലിന്യ പരിപാലനത്തിൽ കേരളം സ്വീകരിക്കേണ്ട രീതികൾ സംബന്ധിച്ച് ശക്തമായ സംവാദങ്ങളും തർക്കങ്ങളും നടന്നിട്ടുണ്ട്. ഈ സർഗ്ഗാത്മകമായ ചർച്ചകളിൽ നിന്നാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി മാലിന്യമുക്തം നവകേരളം എന്ന ക്യാമ്പയിൻ രൂപപ്പെടുന്നത്. വെള്ളം-വൃത്തി-വിളവ് എന്ന സമഗ്രമായ വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിലൂടെയാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ തുടക്കം കുറിക്കുന്നത്. 2017-21 കാലയളവിലെ പ്രവർത്തനങ്ങളിലൂടെയാണ് വികേന്ദ്രീകൃതവും സംയോജിതവുമായ മാലിന്യ പരിപാലനത്തിനുള്ള അന്തരീക്ഷവും പ്രാഥമിക അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ഉണ്ടായത്.

കേരളം മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്ന വേളയിലാണ് 2023 മാർച്ച 2ന് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീപിടുത്തം ഉണ്ടാകുന്നത്. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ക്യാമ്പയിനും ലക്ഷ്യങ്ങളും പുന:ക്രമീകരിച്ച് 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം കൈവരിക്കാനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമാകുന്നത്. മാലിന്യം ഒന്നിനും സാധ്യമല്ലാത്ത വസ്തുവിൽ നിന്നും വ്യത്യസ്ഥമായി കാർഷിക-വ്യവസായ വികസനത്തിനുള്ള വിഭവമായും ഇവയുടെ പരിപാലനം പ്രകൃതിസൗഹൃദവും സുസ്ഥിരതയും ഉറപ്പാക്കുന്നതായിരിക്കണമെന്നാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ പൊതുസമീപനം. മാലിന്യം മൂല്യവത്തായ ഉത്പന്നമായി മാറുന്നതിലെ ആദ്യ പടി ഉറവിടത്തിലെ തരംതിരിക്കലാണ്. മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, ജൈവ മാലിന്യം കമ്പോസ്റ്റാക്കി മാറ്റൽ, അജൈവ മാലിന്യം പരമാവധി പുന:ചംക്രമണത്തിന് വിധേയമാക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും മാലിന്യ ഉത്പാദകരുടെ ചുമതല കൃത്യമായി നിർവചിക്കാൻ സഹായകമായി. ഈ സമീപനം മാലിന്യ പരിപാലനത്തിൽ പരസ്പര വിശ്വാസവും ഉത്തരവാദിത്വവും ഉറപ്പാക്കുന്ന ഒരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാൻ സഹായകമാകുന്നുണ്ട്. മാലിന്യ പരിപാലനം സാമൂഹ്യ ഉത്തരവാദിത്വത്തിൽ നടക്കേണ്ട പ്രവർത്തനമായി മാറുന്നതിന് ഈ സമീപനം അനിവാര്യവുമാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ ഏജൻസികളുടെ ഏകോപിത പ്രവർത്തനവും, മാലിന്യ പരിപാലനം തൊഴിൽ-സംരംഭ മേഖലയായി തിരിച്ചറിഞ്ഞ് സധൈര്യം മുന്നോട്ടു വരുന്ന നിക്ഷേപകർ-സംരംഭകർ, ജനകീയ സാംസ്കാരിക സംഘടനകളും സന്നദ്ധ പ്രവർത്തകരും ഉൾക്കൊള്ളുന്ന കൂട്ടായ്മ തുടങ്ങിയവയാണ് മാലിന്യമുക്തം നവകേരളം കൈവരിക്കുന്നതിന് കേരളത്തിന്റെ ശക്തിയായി മാറിയിരിക്കുന്നത്. ഇറച്ചി-ചിക്കൻ മാലിന്യം, മത്സ്യ മാലിന്യം, മുടി മാലിന്യം, ഇ-മാലിന്യം, ബയോ-മെഡിക്കൽ മാലിന്യം തുടങ്ങിയ മേഖലകളിൽ

പൂർണ്ണമായും സ്വകാര്യ സംരംഭകരാണ് സംസ്കരണ രംഗത്തുള്ളത്. ബിൽഡിംഗ് വേസ്റ്റ്, സാനിറ്ററി മാലിന്യം തുടങ്ങിയവയ്ക്കും സംസ്കരണ സംവിധാനം ഒരുക്കാൻ സ്വകാര്യ സംരംഭകർ മുന്നോട്ടു വന്നു കഴിഞ്ഞു. പുന:ചംക്രമണ വ്യവസായത്തിലും ബദൽ ഉത്പന്ന സംരംഭരംഗത്തും പ്രത്യേക മാലിന്യങ്ങളുടെ സംസ്കരണ രംഗത്തും പുതിയ സംരംഭകരും സ്റ്റാർട്ടപ്പുകളും വന്നുതുടങ്ങി.

എല്ലാ സർക്കാർ വകുപ്പുകളും ഏജൻസികളും തങ്ങളുടെ സേവനങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന മാലിന്യം കൈകാര്യം ചെയ്യേണ്ടത് അതാത് വകുപ്പുകളുടെ ചുമതല നിർവ്വഹണത്തിന്റെ ഭാഗമാണ്. പൊതുവിദ്യാഭാസ - ഉന്നത വിദ്യാഭ്യാസം വകുപ്പുകൾ പാഠ്യപദ്ധതിയുടെ ഭാഗമായി മാലിന്യ പരിപാലനം ഉൾപ്പെടുത്തുകയും ക്യാമ്പസിലെ പ്രവർത്തനങ്ങളുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെ പൊതുബോധം വളർത്തുന്ന പ്രവർത്തനങ്ങളും ആരംഭിച്ചതായി കാണാം. ഗതാഗതം, വനം, ഫിഷറീസ്, ടൂറിസം, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണ-ക്ഷീര വികസനം, തൊഴിൽ, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ദേവസ്വം, ജലവിഭവ വികസനം, ആരോഗ്യം തുടങ്ങി ഓരോ വകുപ്പിന്റേയും പ്രവർത്തനങ്ങളുടെ ഭാഗമായും സ്ഥാപനങ്ങളിലും ഉണ്ടാകാവുന്ന മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തുടങ്ങി എന്നതും ശ്രദ്ധേയമാണ്.

2023ൽ നാല്പത്തിയേഴ് ശതമാനം ആയിരുന്ന അജൈവ പാഴ് വസ്തുക്കളുടെ വാതില്പടി ശേഖരണത്തിന്റെ അളവ് 2025ഓടെ എൺപത്തിയൊൻപത് ശതമാനത്തിലേക്ക് ഉയർന്നു. 35 ശതമാനം ഉണ്ടായിരുന്ന യൂസർഫീ കളക്ഷൻ 72ശതമാനമായി വർദ്ധിച്ചു. 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 11ലക്ഷം പേർ ഹരിത മിത്രം ആപ്ലിക്കേഷൻ വഴിയുള്ള സേവനം ഉപയോഗിച്ചിരുന്നത് 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 76ലക്ഷം പേരിലേക്ക് എത്തിക്കാൻ കഴിഞ്ഞു. 7446 മിനി എം.സി.എഫ് എന്ന താത്കാലിക അജൈവ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ 21,013 ആയി വർദ്ധിപ്പിച്ചു. വലിയ സംഭരണ സംവിധമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ (എം.സി.എഫ്) എണ്ണം 1160-ൽ നിന്നും 1325-ലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്) 87-ൽ നിന്നും 190-ലേക്ക് വർദ്ധിച്ചതും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വേഗവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഘടകങ്ങളാണ്. 2023ൽ 33,378 ഉണ്ടായിരുന്ന ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം 37,363 ആയി ഉയർന്നു. 2022-23 സാമ്പത്തിക വർഷം 30,217ടൺ അജൈവ മാലിന്യം കൈകാര്യം ചെയ്ത സ്ഥാനത്ത് ക്ലീൻ കേരള കമ്പനി ഈ സാമ്പത്തിക വർഷം അവസാനിക്കാൻ 2മാസം ശേഷിക്കേ 45,197 ടൺ അജൈവ മാലിന്യമാണ് കൈകാര്യം ചെയ്തത്. 87300 Sqft ആയിരുന്ന ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാങ്ങളുടെ ശേഷി 231799 Sq.Ft ആയി വർധിച്ചു. മാലിന്യ സംസ്കരണ രംഗത്തെ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തവും ഈ കാലയളവിൽ വർധിച്ചു. വിവിധ സേവനങ്ങൾ നൽകുന്ന ശുചിത്വ മിഷന്റെ അംഗീകാരം നേടിയ കമ്പനികളുടെ എണ്ണം 74ൽ നിന്നും 188 ആയി വർധിച്ചു. സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ അജൈവ പാഴ് വസ്തു പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും വിപുലപ്പെട്ടു കഴിഞ്ഞു. 53 ഏജൻസികളുടെ 83 ഗോഡൗണുകൾക്ക് 612128 ചതു. അടി സംഭരണശേഷിയുണ്ട്. ഇതിന് 306 ടൺ അജൈവ പാഴ് വസ്തു പ്രതിദിനം തരം തിരിക്കാനുള്ള സൗകര്യവും ഉണ്ട്. 35 റെൻഡറിംഗ് പ്ലാന്റുകൾ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിനും മുടി മാലാന്യ സംസ്കരണത്തിന് ഒരു പ്ലാന്റും സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൂടുതൽ സ്വകാര്യ ഏജൻസികൾ സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് മുന്നോട്ടു വരുന്നുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ കാലയളവിൽ സാധിച്ചു. 271 പൊതു ബയോ ഗ്യാസ് പ്ലാന്റുകളിൽ 142.26ടൺ ജൈവ മാലിന്യം പ്രതിദിനം സംസ്കരിക്കപ്പെടുന്നു. 1303 പൊതു കമ്പോസ്റ്റിങ് സംവിധാങ്ങളിലായ 149.36 ടൺ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യുന്നു.. 100ടൺ ജൈവ മാലിന്യം പ്രതിദിനം 2 ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ സംസ്കരിക്കുന്നുണ്ട്. 1591563 ഗാർഹിക തല ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിൽ 4016.39 ടൺ മാലിന്യം 42290 സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാങ്ങളാൽ 143.70 ടൺ മാലിന്യവും 1288182 കമ്പോസ്റ്റിംഗ് പിറ്റുകളിൽ 1293.38ടൺ ജൈവ മാലിന്യവും 34 വലിയ കമ്പോസ്റ്റിംഗ് സംവിധാങ്ങളിലൂടെ 306.66 ടൺ ജൈവ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യപ്പെടുന്നു. ജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കൊച്ചി, തൃശൂർ കോർപ്പറേഷനുകളിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധാരണയായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ബയോഗ്യാസ് ഇന്ധനമാക്കി വേസ്റ്റ് ടു എനർജി പ്ലാന്റും ആരംഭികുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് / CBG പ്ലാന്റുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ ജൈവ മാലിന്യ സംസ്കരണം ഫലപ്രദമായി നടത്താൻ കഴിയും. സംസ്ഥനത്ത് 59 സ്ഥലങ്ങളിലായി ആരംഭിച്ച ബയോ മൈനിങ് പ്രവർത്തനങ്ങളിൽ 345793.15 ടൺ മാലിന്യം സംസ്കരിക്കപ്പെട്ടു. 24 സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പൂർത്തിയായി. മാലിന്യ പരിപാലന സംവിധാനങ്ങൾ സജ്ജമാക്കുന്നതിനോടൊപ്പം സുസ്ഥിരതയും സമ്പൂർണതയും ഉറപ്പാക്കാനുള്ള നടപടികളും പ്രധാനം. ഇതിൽ പൊതുബോധം ഉയർത്തുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ട ബഹുജന വിദ്യാഭ്യാസ പരിപാടിക്ക് ഒപ്പം നിയമനടപടി കർശനമാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് - നഗരപാലിക നിയമത്തിൽ കാര്യമായ മാറ്റം നിലവിൽ വന്നു കഴിഞ്ഞു. കൂടാതെ തദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാ

തലത്തിലും പ്രത്യേക എൻഫോഴ്സ്മെന്റ് ടീമുകൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. ഇതിനെ തുടർന്ന് നിയമ നടപടികളുടെ കാര്യത്തിലും വളരെ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. 1138 പരിശോധനകളാണ് 2023ൽ നടത്തിയത് എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 50559 ആയി ഉയർന്നു. ഈടാക്കിയ പിഴത്തുക 3ലക്ഷത്തിൽ നിന്നും 5.5 കോടിയിലേക്കും ഉയർന്നിട്ടുണ്ട്. നിരീക്ഷണവും നിയമനടപടിയും കർശനമാക്കുന്നതിന്റെ ഭാഗമായി 3557 ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

വാതില്പടി ശേഖരണം, ഉറവിട ജൈവ മാലിന്യ സംസ്കരണം, വിവിധ ഇനങ്ങളിലെ മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകൽ, പൊതുയിടങ്ങളും സംസ്കരണ/ സംഭരണകേന്ദ്രങ്ങളും ക്യാമറ നിരീക്ഷണം, നിയമനടപടി, പരാതി പരിഹാരം തുടങ്ങിയ വിവിധ സേവനങ്ങളും പ്രവർത്തനങ്ങളും ഫലപ്രദമായി മോണിട്ടർ ചെയ്യുന്നതിന് ഹരിതമിത്രം, വാർറൂം പോർട്ടൽ, സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ തുടങ്ങിയ സംവിധാനങ്ങളിലൂടെ സമഗ്രമായ ഡിജിറ്റൽ സാങ്കേതിക വിദ്യാധിഷ്ഠിത മാനേജ്മെന്റ് സംവിധാനത്തിലേക്ക മാറിയതും ഈ രംഗത്തെ പ്രവർത്തനത്തിന്റെ മികവ് ഉയർത്തും.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഈ മേഖലയിലെ പ്രോജക്ടുകൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ 37615 പ്രൊജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3326.5 കോടി രൂപയാണ് ഇതിലേക്ക് വകയിരുത്തിയിരിക്കുന്നത്. 54 സാനിറ്ററി മാലിന്യ സംസ്കരണം യൂണിറ്റ്, 19 ആർ.ഡി.എഫ് പ്ലാന്റ്, 42 എഫ്.എസ്.റ്റി.പി, 290 എസ്.ടി.പി, 486എം.സി.എഫ്, 19 ഭുഗർഭ എസ്.റ്റി.പി, 260 കണ്ടയിനർ എം.സി.എഫ്, 25 എം.റ്റി.യു എന്നിവയാണ് ഈ വർഷത്തെ പ്രത്യേക പ്രോജക്ടുകൾ.

മാലിന്യ പരിപാലനം സുസ്ഥിരവും സമ്പൂർണവുമാക്കുന്നതിന് അനിവാര്യമായ നയങ്ങൾ, നിയമങ്ങൾ, പ്രവർത്തന മാർഗ്ഗരേഖകൾ തുടങ്ങി നിരവധി നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ക്രാപ്പ്, ഇ.പി.ആർ., പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്, ഗ്രീൻ എന്റർപ്രൈസ് തുടങ്ങിയവക്കായി നയങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. എം.സി.എഫ് ആർ.ആർ.എഫ് തുമ്പൂർമുഴി യൂണിറ്റുകൾ, അറവുശാലകൾ, ആപത്കരമായ ഗാർഹിക മാലിന്യം-സാനിറ്ററി മാലിന്യം, മുടി മാലിന്യം, മത്സ്യ മാലിന്യം, ഇലക്ട്രോണിക് മാലിന്യം തുടങ്ങിയവയ്ക്കുള്ള മാതൃക പ്രവർത്തന നടപടിക്രമവും തയ്യാറായിട്ടുണ്ട്.

പുന:ചംക്രമണ വ്യവസായം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സജീവമായിട്ടുണ്ട്. ഇതിന്റെ ഫലമായി വിവിധ തരം പാഴ്‌വസ്തുക്കളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും അവയുടെ വിപണി വികസിപ്പിക്കുന്നതിലും പുരോഗതിയുണ്ട്. ക്ലീൻ കേരള കമ്പനിയും ഈ രംഗത്തേക്ക് പ്രവേശിച്ചു കഴിഞ്ഞു. നിലവിൽ 75 സ്വകാര്യ സംരംഭകരാണ് ഈ രംഗത്ത് സജീവമായിട്ടുളത്. കൂടുതൽ സംരംഭകർ ഈ രംഗത്തേക്ക് കടന്നു വരുന്നതായി ലഭ്യമായ കണക്കുകളിൽ നിന്നും മനസ്സിലാകുന്നു. കൂടാതെ ബദൽ ഉത്പന്ന സംരംഭകരെയും പുന: ചക്രമണ സംരംഭകരേയും ആകർഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള നടപടികൾക്ക് ഒപ്പം ഹരിത സംരംഭനയം കൊണ്ടു വരുന്നതിനുള്ള നടപടികളും മുന്നോട്ടു നീങ്ങുന്നതായി കാണാം. ചുരുക്കത്തിൽ മാലിന്യമുക്ത നവകേരളത്തിനു വേണ്ടി സമഗ്രമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. എന്നാൽ ഈ രംഗത്തെ സമ്പൂർണതയും സുസ്ഥിരതയും മനോഭാവവും ഉറപ്പാക്കാൻ ഇനിയും ഏറെ ദൂരം പോകാനുണ്ട്.

1. ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കൽ സങ്കീർണമായ പ്രശ്നമാണ്. ഉപഭോഗം, ജീവിത ശൈലി, യാത്ര-പുറം ജീവിത സമയത്തിലെ മാറ്റം, ഉല്പന്നങ്ങളുടെ പാക്കിംഗിലെ മാറ്റം, തുടങ്ങി വിവിധ ഘടകങ്ങൾ മാലിന്യത്തിന്റെ സ്വഭാവവും അളവും നിരന്തരം മാറ്റികൊണ്ടിരിക്കുന്നു. ഓരോ പ്രദേശത്തിന്റെയും ജീവിതരീതി, തൊഴിൽ, തൊഴിൽ സ്വഭാവം, ഭൂപ്രകൃതി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി മാലിന്യ പരിപാലന രീതി വികസിപ്പിക്കേണ്ടതുണ്ട്. അതിനാണ് കേരളം ശ്രമിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി മാലിന്യ പരിപാലന രീതി, ഉപാധികൾ, ശേഖരണ സംവിധാനങ്ങൾ തുടങ്ങി ഓരോന്നിലും പ്രാദേശിക പ്രത്യേകതകൾ ഉൾക്കൊണ്ട് വേണ്ട മാറ്റം വരുത്താൻ കഴിയണം. ഇക്കാര്യത്തിൽ നിരവധി സംഭാവനകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചെയ്തിട്ടുണ്ട്. മാലിന്യ പരിപാലന ഉപാധികൾ, ശേഖരണ രീതി, സംസ്കരണ രീതി, ബഹുജന വിദ്യാഭ്യാസം, സംവിധാനങ്ങളുടെ നടത്തിപ്പും മോണിറ്ററിംഗും തുടങ്ങി ഓരോ ഘടകത്തിലും പ്രാദേശികമായ മാതൃകകൾ സൃഷ്ടിക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നതായി കാണാം. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന തരത്തിൽ സാങ്കേതിക പിന്തുണാ സംവിധാനവും പ്രോത്സാഹനവും നൽകാൻ കഴിയുന്ന തരത്തിൽ ശുചിത്വ മിഷന്റെ ആസൂത്രണ - നിർവ്വഹണ - സാങ്കേതിക പിന്തുണ സംവിധാനങ്ങൾ പുനഃസംഘടിപ്പിക്കാൻ കഴിയണം.
2. ജൈവമാലിന്യ പരിപാലനവും അജൈവമാലിന്യ ശേഖരണവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കാൻ കഴിയും. എന്നാൽ അജൈവമാലിന്യ പുനഃചംക്രമണം, ജ്വലന സാധ്യമായവ സിമന്റ് ഫാക്ടറികൾക്ക് കൈയ്യൊഴിയൽ, പ്രത്യേക മാലിന്യ സംസ്കരണ സംവിധാനം എന്നിവയ്ക്കായുള്ള ആധുനിക സംവിധാനം കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള സംവിധാനങ്ങൾ അനിവാര്യമാണ്. ഇതിനായി സ്വകാര്യ പങ്കാളിത്തത്തോടെ നൂതന സംവിധാ

നങ്ങളുടെ സാധ്യത പരമാവാധി പ്രയോജനപ്പെടുത്തണം.

3. ജൈവ മാലിന്യം സംസ്കരിക്കുന്ന വിൻഡ്രോ കമ്പോസ്റ്റിംഗ് യാർഡുകളിൽ നിന്നും ഇതര സംവിധാനങ്ങളിൽ നിന്നും സംസ്കരിക്കാൻ കഴിയാതെ ബാക്കിവരുന്ന മാലിന്യം, സാനിറ്ററി മാലിന്യം സംസ്കരിക്കുന്ന പ്ലാന്റുകളിൽ നിന്നും, ബയോ മെഡിക്കൽ പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ചാമ്പൽ, അജൈവ മാലിന്യ പരിപാലന കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്ന ഇനേർട്ട് മാലിന്യം എന്നിവ സംസ്കരിക്കുന്നതിന് സാനിറ്ററി ലാൻഡ്ഫിൽ മാത്രമാണ് പരിഹാരമായുള്ളൂ. ഇത്തരത്തിൽ റീജിയണൽ അടിസ്ഥാനത്തിൽ കുറഞ്ഞത് അഞ്ച് സാനിറ്ററി ലാൻഡ്ഫിൽ എങ്കിലും നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുണ്ട്. ഇതിന് ആവശ്യമായ ഭൂമി കുറഞ്ഞത് 25 ഏക്കർ വീതം ഓരോ പദ്ധതിക്കും ലഭ്യമാക്കണം. നിർമ്മാണത്തിനും ആവശ്യമെങ്കിൽ ഭൂമിയുടെ വില നൽകുന്നതിനും കേരള ഖര മാലിന്യ പരിപാലന പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താൻ കഴിയണം.

4. അജൈവ മാലിന്യത്തിന്റെ ഭാഗമായ ജ്വലന സാധ്യമായതും പുനഃചംക്രമണ യോഗ്യമല്ലാത്തതുമായ പാഴ്‌വസ്തുക്കൾ ഇപ്പോൾ തമിഴ്നാട്ടിലെ സിമന്റ് ഫാക്ടറികൾക്കാണ് നൽകി വരുന്നത്. കേരളത്തിലെ മലബാർ സിമന്റ്സിന് ഇതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തി തമിഴ്നാട്ടിലേക്ക് മാലിന്യം കടത്തുന്ന രീതി അവസാനിപ്പിക്കേണ്ടതാണ്.

5. പ്രത്യേക മാലിന്യങ്ങളിൽ തന്നെ പഴകിയതോ/ ഉപയോഗിച്ച് ബാക്കി വരുന്നതോ ആയി മെഡിസിനുകൾ / വാക്സിനുകൾ, രാസമാലിന്യങ്ങൾ, സിന്തറ്റിക് കലർന്ന തുണിമാലിന്യം, സോളാർ പാനൽ, ലിത്തിയം ബാറ്ററി, 3d പ്രിന്റിംഗ് വേസ്റ്റ്, പാക്കേജിംഗ് വേസ്റ്റ്, തുടങ്ങിയവ ശാസ്ത്രീയമായി ശേഖരിക്കാനും സംസ്കരിക്കാനുമുള്ള ക്രമീകരണം ഉണ്ടാകണം. ഇതിൽ പലതിനും പരിഹാരം നിലവിലുണ്ടെങ്കിലും അതിന് ആവശ്യമായ സംസ്കരണ യൂണിറ്റുകൾ കേരളത്തിലായിട്ടില്ല. ഇതിലേക്ക് സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കഴിയണം.

6. ഇനിയും പരിഹാരം ഉണ്ടാക്കേണ്ട വിഭാഗങ്ങൾക്കായി പുതിയ സാധ്യതകളും സാങ്കേതികവിദ്യകളും കണ്ടെത്താനും സാങ്കേതിക സ്ഥാപനങ്ങളുടെയും ഈ രംഗത്തെ വിവിധ ഏജൻസികളുടേയും സ്ഥാപനങ്ങളുടെയും കൺസസോർഷ്യത്തിന്റെ സാധ്യത പരിശോധിക്കണം.

7. കേരളം നേരിട്ടുന്ന പ്രധാന വെല്ലുവിളിയായി മാറിയിരിക്കുന്നത് കക്കൂസ് മാലിന്യം ഉൾപ്പെടെ ഉള്ള ദ്രവ മാലിന്യമാണ്. കേരളത്തിന്റെ ഭൂപ്രകൃതിക്ക് വികേന്ദ്രീകൃത രീതികളാണ് പരിഹാരം. ജില്ലയിലെ ദ്രവമാലിന്യ പരിപാലനം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകളുടെ നിയമാനുസൃത ചുമതലയിൽ കൊണ്ടുവരാൻ കഴിയണം.

8. മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. ഇതിന്റെ ഭാഗമായി ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കൽ, പുനരുപയോഗ - പുന: ചക്രമണ സാധ്യതകൾ അല്പം പോലും കഴിയാത്ത വസ്തുക്കൾ കൊണ്ടുള്ള ഉല്പന്ന നിർമ്മിതികൾ നിരുത്സാഹപ്പെടുത്തൽ, പുനരുപയോഗവും പുന:ചക്രമണവും പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവ ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള നയങ്ങളും നിയമങ്ങൾക്കും രൂപം നൽകാൻ കഴിയണം.

9. ഇന്ന് കേരളത്തിൽ ഒറ്റപ്പെട്ട് എങ്കിലും കാണാൻ തുടങ്ങിയ സീറോ വേസ്റ്റ് സംരംഭങ്ങളുണ്ട്. പാക്കേജ് രഹിത കടകൾ, ഡിസ്പോസിബിൾ രഹിത ഭക്ഷണ ശാലകൾ, ഗ്രീൻ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ, C& D പാഴ് വസ്തുക്കൾ / പുന: ചക്രമണ വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണങ്ങൾ, അപ് സൈക്ക് ളിംഗ് - റീ- സൈക്കിളിംഗ് യൂണിറ്റുകൾ തുടങ്ങി പാഴ് വസ്തുക്കളുടെ അളവ് കുറക്കുകയോ ഇല്ലാതെ നോക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ / സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയണം. ഇത്തരം സംരംഭങ്ങൾക്ക് വൈദ്യുതി, വെള്ളം, നികുതി തുടങ്ങിയ ഘടകങ്ങളിലൂടെ നൽകാൻ കഴിയുന്ന ആനുകൂല്യങ്ങൾ, ഇതര പ്രോത്സാഹന സാധ്യതകൾ ഏർപ്പെടുത്താനുള്ള നയങ്ങളും നടപടികളും പരിഗണിക്കേണ്ടതുണ്ട്.

10. മാലിന്യ സംസ്കരണ രംഗത്തെ സാമ്പത്തിക ബാധ്യത കുറക്കുന്നതിനും സംസ്കരണം ഉറപ്പാക്കുന്നതിനും സഹായിക്കുന്ന ഘടകമാണ് എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിലിറ്റി ( EPR ). ഇതിന്റെ സാധ്യത സംസ്ഥാനത്തിന് പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. ഇതിന്റെ നിയമങ്ങളും ചട്ടങ്ങളും വളർന്നു വരുന്ന കാലഘട്ടമാണ്. എന്നാൽ നിലവിലുള്ള നിയമപരമായ സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിലെ മുഴുവൻ വീട്കളും സ്ഥാപനങ്ങളും ബന്ധപ്പെടുത്തുന്ന ഹരിത കർമ്മസേന, സംസ്കരണ രംഗത്തെ ക്ലീൻ കേരളാ കമ്പനി, മാലിന്യ പരിപാലനം നിയമപരമായ ചുമതലയുള്ള പ്രാദേശിക സർക്കാരുകൾ ഈ മൂന്ന് ഏജൻസികളെ ബന്ധിപ്പിച്ചുകൊണ്ട് EPR സാധ്യത 'പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. ഇതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കാനുള്ള ക്രമീകരണം അനിവാര്യമാണ്. ഇതിലേക്കായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ, പരിസ്ഥിതി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോഡ്, ശുചിത്വ മിഷൻ എന്നീ ഏജൻസികളുടെ ചുമതലയിൽ EPR ഫെസിലിറ്റേഷൻ യൂണിറ്റിന് രൂപം നൽകണം.

11. വ്യവസായ വളർച്ച സാമ്പത്തിക വികസനത്തിന് 'അനിവാര്യം. എന്നാൽ ഏതൊരു വ്യവസായവും ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന്റെ നിർമ്മിതിയിലോ' ഉപഭോഗാനന്തരമോ അതിൽ നിന്നും ഉണ്ടാകുന്ന പാഴ് വസ്തു പുനരുപയോഗമോ, പുന: ചക്രമണമോ ചെയ്യാൻ കഴിയാത്തത് ആകാൻ പാടില്ല. ഇത് കൂടി ഉല്പന്നത്തിന്റെ കണ്ടെത്തിൽ വേളയിൽ ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള ഉല്പാദന നയം കൊണ്ടുവരുന്ന കാര്യം പരിഗണിക്കാൻ കഴിയുമോ എന്നതും പരിശോധിക്കണം.

12. ഏതൊരു പ്രവർത്തനത്തിന്റെയും കാര്യക്ഷമത ഉറപ്പാക്കുന്നതിൽ പ്രോത്സാഹനം ഒരു പ്രധാന ഘടക മാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മികവ് നിർണയിക്കുന്ന രീതിയിൽ മാറ്റം പരിഗണിക്കേണ്ടതുണ്ട്. സമഗ്രമായ ഖര - ദ്രവമാലിന്യ പരിപാലനം നിലവിൽ വന്നാൽ, ആരോഗ്യം, ടൂറിസം, കൃഷി, ജൈവ വൈവിധ്യ സംരക്ഷണം, ജലവിഭവ സംരക്ഷണം, പ്രകൃതി ദുരന്ത ലഘൂകരണം തുടങ്ങി മനുഷ്യജീവിതത്തിന്റെ സമഗ്ര മേഖലയിലും സ്വാധീനിക്കും. അതുകൊണ്ടു തന്നെ മികവ് നിർണയിക്കേണ്ടത് മാലിന്യ പരപാലനത്തിലൂടെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും മുകളിൽ സൂചിപ്പിച്ച ഘടകങ്ങളിൽ ഉണ്ടാക്കുന്ന മാറ്റത്തിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കണം. ഇതിനായി പൊതുജലാശയങ്ങളുടെ ശുചിത്വ നില, പൊതു യിടങ്ങളിലെ ദൃശ്യഭംഗി, ഉണ്ടാകുന്ന മാലിന്യത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിന്റെ അളവ്, തുടങ്ങി കൃത്യമായി അളക്കാൻ കഴിയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണംതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മികവ് നിർണ്ണയിക്കേണ്ടത്. നിശ്ചിത നിലവാരം പുലർത്താത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പിഴയും പിന്നോക്ക അവസ്ഥ പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്ന തരത്തിൽ പരസ്യപ്പെടുത്താനും കഴിയണം. മാലിന്യ പരിപാലനത്തിന്റെ പിന്നോക്കാവസ്ഥയുടെ ഉത്തരവാദിത്വം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് ഒപ്പം ജനപ്രതിനിധികൾക്കും ബാധകമാകുന്ന തരത്തിൽ നിയമ പിന്തുണ ആവശ്യമാണ്. ശാസ്ത്രീയവും പ്രത്യാഘാതങ്ങൾ തീരെ ഇല്ലാത്ത സംവിധാനങ്ങളെ പോലും കേവലം സങ്കുചിത കക്ഷിരാഷ്ട്രീയ വാശിയിൽ എതിർത്ത് നിർവ്വഹണം തടസ്സപ്പെടുത്തുന്ന സാഹചര്യങ്ങളും ഉണ്ടാകുന്നു. ഇത്തരം പ്രവണതകൾ നിയന്ത്രിക്കാൻ കൂട്ടു ഉത്തരവാദിത്വം ഉറപ്പാക്കാൻ കഴിയുന്ന നിയമ പിൻബലം ആവശ്യമാണ്

13. സർക്കാരിന്റെ ഓരോ വകുപ്പിനും മാലിന്യ പരിപാലനത്തിൽ ചുമതലയുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു.വകുപ്പിന്റെ സ്ഥാപനങ്ങളിലും വികസന / സേവന പ്രവർത്തനങ്ങളിലുടെയും ഉണ്ടാകാവുന്ന പാഴ് വസ്തുക്കൾ സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കലും അതിലേക്കുള്ള ധനവിഭവവും അതാത് വകുപ്പിന്റെ പദ്ധതിയുടെ ഭാഗമാകണം

14. ഖര - ദ്രവ മാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കി മാത്രമേ എല്ലാ വിഭാഗത്തിലും വരുന്ന സ്ഥാപനങ്ങൾക്ക് തദേശസ്ഥാപന പരിധിയിൽ പ്രവർത്തനാനുമതി നൽകാൻ പാടുള്ളു. ഒരു സ്ഥാപനങ്ങൾക്കും ഇതിൽ ഇളവ് നൽകാൻ പാടില്ല. ഓരോ വിഭാഗത്തിലും വരുന്ന സ്ഥാപനങ്ങൾ മാലിന്യ പരിപാലനത്തിൽ പാലിക്കേണ്ട / ഉറപ്പാക്കേണ്ട സംവിധാനങ്ങൾ സംബന്ധിച്ച് പ്രത്യേക മാർഗ്ഗ രേഖ കൊണ്ടു വരണം. കോഴിക്കോട് നഗര സഭ തയ്യാറാക്കിയ മാർഗ്ഗരേഖയെ ഇതിലേക്ക് പരിഷ്ക്കരിച്ച് പ്രയോവുനപ്പെടുത്താവുന്നതാണ്.

15. വിവിധ വകുപ്പുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം വികസിപ്പിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ, സങ്കേതിക സഹായം, ആവശ്യമായ ഫോർവേഡ് ലിങ്കേജ് ഉറപ്പാക്കൽ, തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഒരു ഫെസിലിറ്റേഷൻ സംവിധാനം വേണ്ടി വരുമെന്നാണ് അനുഭവത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

16. റെയിൽവെ, എയർപോർട്ട്, ഡിഫൻസ് എസ്റ്റാബ്ലിഷ്മെന്റുകൾ, ദേശീയ പാത, എന്നിവയ്ക്ക് 2016ലെ ഖര മാലിന്യ പരിപാലന ചട്ടം ബാധകമാണ്. ഇവരുടെ മാലിന്യ സംസ്കരണ രീതികൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തണം. (നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അതിലേക്ക് നിങ്ങാൻ ഇനിയും കഴിയുന്നില്ല)

17. തീരദേശങ്ങളിൽ താമസിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളികൾ, പട്ടിക ജാതി- പട്ടിക വർഗവാസ സ്ഥലങ്ങൾ, പ്ലാന്റേഷൻ തൊഴിലാളികളുടെ ലയങ്ങൾ, അതിഥി തൊഴിലാളികൾ താമസിക്കുന്നിടങ്ങൾ, നഗരദരിദ്രർ തിങ്ങിപാർക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ ശേഖരണ, സംഭരണ, സംസ്കരണ, സംവിധാനങ്ങൾ താരതമ്യേന കുറവാണ്. ഇവിടെ നിന്നും യൂസർഫീയും ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ മാലിന്യത്തിന്റെ ഉറവിടത്തിലെ തരംതിരിവിനും, ശേഖരണ സംവിധാനങ്ങൾക്കും നയപരമായ തീരുമാനം കൈക്കൊള്ളണം. ഇതിനുള്ള പ്രത്യേക നടപറ്റിയും സ്വീകരിക്കണം.

18. സ്ക്രാപ്പ് വിപണിയെ മുഖ്യധാര വിപണിയായി കൂട്ടിയോജിപ്പിക്കുന്നതിനും സ്ക്രാപ്പ് വിപണിയുടെ ഭാഗമായ വേസ്റ്റ് പിക്കർമാർ/ ലൈൻ വർക്കർ/ ഫീഡർമാർ എന്നിവരെ തെരുവ് കച്ചവടക്കാരായി അംഗീകരിച്ച് പുനരധിവസപ്പിക്കുന്നതിനും നയപരമായ തീരുമാനം ഉണ്ടാകണം.

19. ശസ്ത്രീയവും മലിനീകരണ രഹിതവുമായ മാലിന്യ പരിപാലന സംവിധാനങ്ങൾക്ക് എതിരേ പോലും ഉയർന്നുവരുന്ന എതിർപ്പുകൾ ( കേവലം കക്ഷി രാഷ്രീയ പ്രേരിതം / സങ്കുചിത താല്പര്യങ്ങൾ കാരണം ) ശാസ്ത്രീയ മാലിന്യ പരിപാലന യൂണിറ്റുകൾ തുടങ്ങാൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ട്. രാഷ്ട്രീയ കക്ഷാഭേദമെന്യ ഇക്കാര്യത്തിൽ സംസ്ഥാനതലം മുതൽ പ്രദേശിക തലം വരെ കൂട്ടായ പ്രവർത്തനത്തിനുള്ള അന്തരീക്ഷം അനിവാര്യം. ഇതിനുള്ള ജനകീയ ഐക്യം വളർത്താൻ സഹായിക്കുന്ന വിപുലമായ പ്രവർത്തന പരിപാടി യുവജനങ്ങളുടേയും കുട്ടികളുടേയും നേതൃത്വത്തിൽ ആരംഭിക്കാൻ കഴിയണം.

20. കേരളത്തിലെ മുഴുവൻ ജലാശയങ്ങളെ മാലിന്യ രഹിതമാക്കുന്നതിനും ജലത്തിന്റെ ഗുണനിലവാരം' ഉയർത്തുന്നതിനുള്ള ജനകീയ ക്യാമ്പയിൻ ആയിരിക്കണം മാലിന്യക്തം നവകേരളം ക്യാമ്പയിന്റെ അടുത്തഘട്ടത്തിലേക്ക് പരിഗണിക്കേണ്ടത്. നീർച്ചാലുകൾ, തോട്ടുകൾ, പുഴകൾ, കായൽ, കുളകങ്ങൾ, തീരദേശം, എന്നിവയെ കേന്ദ്രീകരിച്ചും ഒപ്പം നീർത്തടങ്ങളെ ലക്ഷ്യമിട്ടും ക്യാമ്പയിൻ രീതിയിൽ മാറ്റം കൊണ്ടുവരണം. ക്യാമ്പയിനിൽ ഈ രീതിയിലേക്ക് മാറ്റാൻ ആവശ്യമായ പ്രാഥമിക ഘട്ടം വിയകരമായി എർണിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളം പിന്തുടരുന്ന മാലിന്യ പരിപാലന രീതി ക്ലൈമറ്റ് റെസീലിയന്റ് ഇടപെടൽ കൂടിയാണ്. ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം പരമാവധി കുറച്ചും ചാക്രിക സമ്പത്ത് ഘടനാ തത്ത്വങ്ങൾ ഉൾക്കൊണ്ടും മണ്ണിന്റെ ഫലപുഷ്ടി സംരക്ഷിക്കാനും കഴിയുന്ന രീതിയിലാണ് നമ്മൾ മുന്നോട്ടു നീങ്ങുന്നത്. അതു കൊണ്ടു തന്നെ അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിന സന്ദേശം നൽകാൻ കേരളത്തിന്റെ പ്രവർത്തനം മാതൃകാപരമാണ്.

# തദ്ദേശഭരണസ്ഥാപനങ്ങളുടെ സാമ്പത്തികരംഗം

48

## വിഭവസമാഹരണം, ധനവിനിയോഗം, ധനമാനേജ്മെന്റ്

കെ.ആർ. ജയകുമാർ

### വിഭവ സമാഹരണം

1. പഞ്ചായത്തിന്റെ പരിധിയിൽ നിന്ന് പിരിച്ചു കൊണ്ട് പോകുന്ന വില്ലേജ് നികുതികളിൽ നിന്ന് പഞ്ചായത്തിന് ഒന്നും ലഭ്യമാകാത്ത അവസ്ഥയുണ്ട്. ഇതിൽ മാറ്റമുണ്ടാകണം. ശതമാനം അടിസ്ഥാനത്തിൽ നികുതി വീതം ലഭ്യമാക്കണം.
2. മണൽ വാരൽ ഇപ്പോൾ ഇല്ലാത്തതുകൊണ്ട് വലിയ തനത് വരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമായി. നിയമപ്രകാരം മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് മണൽ വാരൽ പുനരാരംഭിക്കണം. ഇത് വരുമാന വർദ്ധനവ്, വെള്ളപ്പൊക്ക നിയന്ത്രണം, കുടിവെള്ള ക്ഷാമ നിയന്ത്രണം എന്നിവയ്ക്കും സഹായിക്കും. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഇത് നിർവ്വഹിക്കാൻ കഴിയണം.
3. MVIP, PVIP,IIP തുടങ്ങി വിവിധ ജലസേചന പദ്ധതികളുടെ ഭാഗമായി വലിയ തോതിൽ ഭൂമി നിഷ്ക്രിയമായി കിടപ്പുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഭൂമി കിട്ടാത്ത അവസ്ഥയുമുണ്ട്. കനാൽ വികസനത്തിനുള്ള നിശ്ചിത അളവ് ഭൂമി ബഫർ സോൺ പോലെ നിലനിർത്തിക്കൊണ്ട് ബാക്കി ഭൂമി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ വിട്ട് തന്നവർക്ക് വികസന ആവശ്യം വരുമ്പോൾ തിരികെ നൽകാമെന്ന വ്യവസ്ഥയിൽ വിട്ടു നൽകാനുള്ള നടപടി ഉണ്ടാവണം.
4. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധാതു സമ്പത്തിന്റെ വിനിയോഗം സംബന്ധിച്ച് SFCയുടെ ToRൽ ഉൾപ്പെടുത്താവുന്നതാണ്.
5. ടാറിന്റെ, മറ്റ് മെറ്റീരിയലുകളുടെ വില വളരെ വർദ്ധിച്ച സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റിന്റെ വിഹിതം ആനുപാതികമായി വർദ്ധിപ്പിക്കണം.
6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂവിസ്തൃതി, പിന്നാക്കാവസ്ഥ, തനത് വരുമാന ലഭ്യത മുതലായവ കൂടി പരിഗണിച്ചു മാത്രമേ ഫണ്ട് അനുവദിക്കാവൂ.
7. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ ഫണ്ടുകൾ അനുവദിക്കുമ്പോൾ നഗർ/ഉന്നതികളുടെ എണ്ണം, പിന്നാക്കാവസ്ഥ എന്നിവ കൂടി പരിഗണികണിക്കണം.
8. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാനദണ്ഡങ്ങൾ പരിഷ്കരണം. ബേസിക് ഗ്രാന്റ് 40% ടൈഡ് ഗ്രാന്റ് 60% എന്നത് ബേസിക് 60- ടൈഡ് 40 എന്ന രീതിയിൽ മാറ്റുന്നതിനുള്ള ഇടപെടൽ നടത്തണം. ജലജീവൻ മിഷൻ ഉൾപ്പടെ ഉള്ളത് കൊണ്ട് ടൈഡ് ഗ്രാന്റിൽ കുടിവെള്ള മേഖലയിൽ പ്രോജക്റ്റുകൾ ആവശ്യമില്ലാത്ത അവസ്ഥയുണ്ട്.
9. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾക്ക് വലിയ സാധ്യതയുണ്ട്. എന്നാൽ ഇവിടെ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം. സ്വകാര്യ ഭൂമിയിൽ പഞ്ചായത്ത് നിർമ്മാണം നടത്തുന്നു, വരുമാനം പങ്ക് വയ്ക്കുന്നു. തുടങ്ങിയ രീതികൾ ചിന്തിക്കാവുന്നതാണ്. LBകൾക്ക് സ്വകാര്യ സ്ഥലം ലീസിന് എടുത്ത് വികസന പ്രവർത്തനങ്ങൾ നടത്താനുള്ള അനുമതി നൽകണം.
10. ടൂറിസം മേഖലയിൽ PPPക്ക് വലിയ സാദ്ധ്യതകൾ ഉണ്ട്.
11. സഹകരണ മേഖലയുമായുള്ള സംയോജന സാദ്ധ്യതകൾ ഇപ്പോഴും ശൈശവ ദിശയിൽ തന്നെയാണ്. പുരോഗതി കാര്യമായി ഇല്ല. ഇതിൽ ഫലപ്രദമായ മാർഗനിർദ്ദേശങ്ങൾ വേണം.
12. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് വന്നപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കപ്പെടണം.
13. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തനത് വരുമാന സ്രോതസ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കപ്പെടണം. പുതിയ പുതിയ മേഖലകൾ വന്നു കൊണ്ടിരിക്കുകയാണ്. ഉദാഹരണം, സ്പോർട്സ് ടർഫുകൾ, സ്പോർട്സ് അക്കാദമികൾ, ജിമ്മുകൾ, പാർക്കിങ് ഗ്രൗണ്ടുകൾ ഇവയിൽ നിന്നെല്ലാം വരുമാനം ഉണ്ടാക്കാൻ കഴിയണം നിരക്കുകൾ പരിഷ്കരിക്കപ്പെടണം.
14. വില പിടിപ്പുള്ള ഓമന മൃഗങ്ങൾ, പക്ഷികൾ എന്നിവരെ വളർത്തുന്നവരിൽ നിന്ന് മൃഗാശുപത്രി സേവനം നൽകുന്നതിന് കൂടുതൽ ഫീസ് ഈടാക്കണം. ഇവർ ഉപജീവന ആവശ്യം എന്നതിലുപരി വിനോദത്തിന് ആണ് വളർത്തുന്നത്. അതോടൊപ്പം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ഫീസ് വളരെ കുറവാണ്. അത് വർദ്ധിപ്പിക്കണം.

15. മന:പൂർവ്വമല്ലാത്ത കെട്ടിട നിർമ്മാണ ചട്ടലംഘനങ്ങൾക്ക് ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി ക്രമപ്പെടുത്തൽ സാധ്യമാണോ എന്നത് പരിശോധിക്കാവുന്നതാണ്.
16. തദ്ദേശഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ ഭാരവാഹക ശേഷി 10 ടൺ ഒക്കെയാണ്. എന്നാൽ ഇപ്പോൾ 30-40 ടൺ ടോറസ് ഒക്കെയാണ് ഓടുന്നത്. ഇത് റോഡ് നശിപ്പിക്കുന്നു. ഇത്തരം വാഹനങ്ങൾക്ക് എൻട്രി ഫീസ് പോലെ ഈടാക്കാൻ സാധിക്കുമോയെന്ന് ചിന്തിക്കാവുന്നതാണ്. വലിയ ഗോഡൗണുകളിലേക്ക് വരുന്ന ട്രെയിലറുകൾക്കും ഇങ്ങനെ ഫീസ് വാങ്ങാവുന്നതാണ്.
17. തദ്ദേശഭരണ സ്ഥാപന പ്രാദേശത്തു നടക്കുന്ന മേളകൾ, എക്സിബിഷനുകൾ തുടങ്ങിയവയ്ക്കെല്ലാം ഫീസ് ഏർപ്പെടുത്തണം.
18. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട്, അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റാനായി ഫോറസ്റ്റ് വകുപ്പ് നിശ്ചയിച്ചു നൽകുന്ന വില, പലപ്പോഴും യാഥാർത്ഥ്യ ബോധം ഉള്ളതല്ല. ഇതിൽ മാറ്റം ഉണ്ടാകണം.
19. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് കൊണ്ട് പോകുന്ന മണ്ണ്, ചെങ്കല്ല് തുടങ്ങിയവയുടെ റോയൽറ്റി പൂർണ്ണമായും സർക്കാരിലേക്കാണ് പോകുന്നത്. പ്രസ്തുത തുകയുടെ ഒരു വിഹിതം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകണം.
20. ഭൂമി തരം മാറ്റത്തിന്റെ വരുമാനത്തിന്റെ നിശ്ചിത ശതമാനം വിഹിതംതദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി വേണം.
21. ജനറൽ പർപ്പസ് ഗ്രാന്റും മൂന്ന് ഗഡുക്കളായി നൽകാൻ സംവിധാനമുണ്ടാവണം.
22. വിവിധ സ്രോതസ്സുകളിൽ നിന്നും സാമ്പത്തിക സമാഹരണത്തിന് പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം ഉണ്ടാവണം. ഇത്തരത്തിൽ നടത്തുന്ന സാമ്പത്തിക സമാഹരണം തിരിച്ചടവ് ഉണ്ടാകുന്നതാണെങ്കിൽ നിർബന്ധമായും വരുമാനം ആർജ്ജിക്കുന്ന പരിപാടികൾക്ക് ചെലവഴിക്കുന്നതിനായിരിക്കണം.

### ധനവിനിയോഗം

1. റോഡിതര ആസ്തികളുടെ കണക്കുകൾ ഇപ്പോഴും പൂർണമായും അപ്ഡേറ്റ് അല്ല. ആസ്തികൾ സൃഷ്ടിക്കുന്നത് തദ്ദേശഭരണ സ്ഥാപനമാണ്, ലാഭേച്ഛയില്ലാതെ സ്ഥാപിച്ചിട്ടുള്ള ആസ്തികൾ സംരക്ഷിക്കാനും നോൺ റോഡ് ഫണ്ട് വിനിയോഗ നിർദ്ദേശങ്ങളിൽ മാറ്റം വരുത്തണം.
2. മാർഗ്ഗരേഖയിൽ ഒരു റോഡ് എങ്കിലും 5 വർഷ കാലാവധിയിൽ നിർമിക്കണം എന്നാണ് പറയുന്നത്. അങ്ങനെ ചെയ്യാൻ BM & BC വേണം. അത് റോഡ് ആസ്തി സംരക്ഷണ ഉത്തരവിൽ അനുവദിച്ചിട്ടുമില്ല.
3. നിർബന്ധിത പ്രോജക്റ്റുകൾക്കുള്ള വിഹിതം, ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 50% ൽ എങ്കിലും നിജപ്പെടുത്തണം. സേവന മേഖലയിൽ വലിയ രീതിയിൽ ചെലവ് വർദ്ധനവ് വന്നിട്ടുണ്ട്. എന്നാൽ നിർബന്ധിത വകയിരുത്തൽ എല്ലാം കഴിഞ്ഞു പണമില്ല എന്ന അവസ്ഥയാണുള്ളത്. ഉദാഹരണമായി അധിക ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെയെല്ലാം വേതനം നൽകുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്.
4. നിശ്ചിത അളവിൽ കൂടുതൽ നെൽകൃഷി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് നൽകണം.
5. വകുപ്പുകൾ നേരിട്ട് എന്തൊക്കെ പ്രോജക്റ്റ് നടപ്പാക്കുന്നു എന്നത് പഞ്ചായത്ത് ഇപ്പോഴും അറിയുന്നില്ല. പലപ്പോഴും ഇരട്ടിപ്പ് സാധ്യതയുണ്ട്, ഗുണഭോക്താക്കളെ കിട്ടാത്ത പ്രശ്നവും ഉണ്ടാകുന്നു.
6. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (അടിയന്തിര സാഹചര്യങ്ങളെ നേരിടാൻ ചെലവഴിക്കാവുന്ന തുക ഉൾപ്പടെ) ദുരന്തങ്ങളെ നേരിടാൻ എന്തൊക്കെ ചെയ്യാം എന്നതിൽ വ്യക്തത വേണം.

### ധനമാനേജ്മെന്റ്

1. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി അക്ഷരാർത്ഥത്തിൽ ഫസ്റ്റ് ആഡിറ്റ് കമ്മറ്റിയായി മാറണം. കുറഞ്ഞത് മാസത്തിൽ ഒരിക്കൽ കണക്കുകൾ, ഡോക്യുമെന്റുകൾ എന്നിവ നോക്കി അധികൃതമാക്കണം. ഘടകസ്ഥാപനങ്ങളിൽ പോയും നോക്കണം. ഫലപ്രാപ്തിയും നോക്കണം. ഇതിന് പറ്റിയ തരത്തിൽ ഉത്തരവാദിത്വങ്ങളിലും, അധികാരത്തിലും മാറ്റം വരണം. ഇവരുടെ റിപ്പോർട്ടും, മിനിറ്റ്സും, സ്റ്റേറ്റ് ആഡിറ്റ് പരിഗണിക്കണം.
2. മൊത്തം തുകയുടെ 10% എങ്കിലും റിസർവ്വായി വക്കാനും അനിവാര്യ, അടിയന്തിര, അധീഷണൽ ആവശ്യം വരുമ്പോൾ പ്രോജക്റ്റ് തയ്യാറാക്കി വിനിയോഗിക്കാൻ കഴിയണം. ഇല്ലെങ്കിൽ ഡിസംബറോടെ ഈ തുകയ്ക്കും പ്രോജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കാവുന്നതാണ്.
3. തനത് ഫണ്ട് എസ്റ്റാബ്ലിഷ്മെന്റ് ചെലവ് കഴിഞ്ഞ ബാക്കി തുകയുടെ 50% പ്ലാനിന്റെ ഭാഗമാക്കണം ബാക്കി 50% പഞ്ചായത്ത് തീരുമാനപ്രകാരം വിനിയോഗിക്കാൻ സ്വാതന്ത്ര്യം ഉണ്ടാവണം.
4. ധനവിനിയോഗത്തിന്റെ ഫലാധിഷ്ഠിത വിലയിരുത്തൽ കൊണ്ട് വരണം.
5. സർക്കാർ വകുപ്പുകൾ വഴി ഘടകസ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടി വരുന്ന പദ്ധതികളുടെ തുക പഞ്ചായത്ത് വഴി ഘടകസ്ഥാപനങ്ങൾക്ക് നൽകുന്ന രീതി ഉണ്ടാവണം. അതിന്റെ പ്രവർ

ത്തന പുരോഗതിയും വിലയിരുത്തലും പഞ്ചായത്ത് വഴി പോകുന്ന രീതിയും കൊണ്ട് വരണം.

6. പ്രാദേശിക സർക്കാരുകളുടെ ബജറ്റ് ഇന്ന് ഒര് അടിസ്ഥാന രേഖയായി മാറണം. അത് ജന്റർ, ചൈൽഡ്, വയോജന, സിറ്റിസൺ പ്രകൃതി സൗഹൃദ ബജറ്റ് ആയിരിക്കും വേണം.

സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**49**

# Own Source Revenue Mobilisation in Panchayati Raj Institutions: A Comparative Analysis of Urban Local Bodies in Kerala and Karnataka

Hari Kurup K.K.

With rapid urbanization and the expanding responsibilities of Urban Local Bodies (ULBs), the need for effective own source revenue (OSR) mobilisation has become critical for sustainable local governance. This paper examines the growth and composition of tax and non-tax revenues in selected ULBs of Kerala and Karnataka, drawing insights from the Report on Municipal Finance and the Expert Committee on OSR of Rural Local Bodies. The study aims to provide a comparative understanding of the strengths and challenges in revenue collection across these two states, with a focus on the relative contribution of tax and non-tax revenues.

Using secondary data from City Finance portal, the paper analyses trends in OSR mobilisation over the past decade. It highlights the disparities in revenue generation capacities, identifies best practices, and explores the factors influencing the performance of ULBs in Kerala and Karnataka. The findings reveal that there are variations in the patterns and composition over time in OSR mobilisation- tax and non-tax in both the states. It emphasizes the need to address structural bottlenecks and equip ULBs to meet the challenges of urbanization. By offering a comparative perspective, this paper contributes to the discourse on fiscal decentralization and provides actionable recommendations for strengthening the financial resilience of ULBs in India.

50

## Revitalizing Local Government Revenue: Some Proposals

Nirmal Roy V.P.[1] & Sumalatha B.S.[2]

Local governments in India face significant financial challenges, compromising their ability to deliver essential public services and infrastructure. The implementation of the Goods and Services Tax (GST) has altered the revenue landscape of local governments in India. The abolition of octroi, entry tax, and other local levies has resulted in substantial revenue losses, compromising the financial autonomy and sustainability of local bodies. Thus the current scenario is characterized by inadequate revenue and inefficient expenditure management. The increasing dependence on inter-governmental transfers and rising needs of local governments necessitate a renewed focus on strengthening their own-source revenue. However, in the case of Kerala there is a marked decline in the share of central grants to local governments. In this light, this paper proposes the need to provide innovative strategies to expanding two major sources of own tax revenue of local governments in India; the property tax and professional taxes. In the case of property tax, some successful stories highlight the incorporation of cutting-edge technologies such as geographic information systems (GIS), artificial intelligence and blockchain in improving property tax administration. Regarding professional taxes, which is also a vital revenue source, it is essential to move beyond outdated assessment methods and narrow tax bases. This paper proposed some novel methods to enhance professional tax revenue, reduce tax evasion, and improve fiscal sustainability.

1. Advisor to the 7th State Finance Commission, Govt of Kerala
2. Assistant Professor, Gulati Institute of Finance and Taxation (GIFT)

51

# From Fiscal Constraints to Growth: Municipal Bonds for Financing Urban Development in Kerala

Anoop S. Kumar


## Abstract

ഇന്ത്യയിൽ ഏറ്റവും കൂടുതൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനമാണ് കേരളം. പക്ഷേ, നഗരവൽക്കരണം സംസ്ഥാനത്തിന് മുൻപിൽ നിരവധി നിർണായകമായ അടിസ്ഥാന സൗകര്യ വികസന വെല്ലുവിളികൾ വയ്ക്കുന്നതിന് ഒപ്പം തന്നെ, നിലവിലുള്ള സാമ്പത്തിക സ്രോതസ്സുകളിൽ സമ്മർദ്ദം സൃഷ്ടിക്കുന്നുമുണ്ട്. അതേസമയം വലിയ തോതിലുള്ള നഗരവികസന പദ്ധതികൾക്ക് ധനസഹായം നൽകാനുള്ള സംസ്ഥാനത്തിന്റെ ശേഷി കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ കർശനമായ സാമ്പത്തിക നിയമങ്ങളാൽ പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ നഗരവികസനത്തിന് ബദൽ ഫണ്ടിംഗ് സംവിധാനങ്ങളെപ്പറ്റി ചിന്തിക്കേണ്ട അടിയന്തിര ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.. നഗരവികസനപദ്ധതികൾക്ക് വേണ്ടിയുള്ള ധനസഹായവിടവ് നികത്തുന്നതിനുള്ള ഒരു പരിഹാരമാണ് മുനിസിപ്പൽ ബോണ്ടുകൾ.ഗതാഗതം, ശുചീകരണം, മറ്റ് നഗരവികസനം എന്നിവയ്ക്കുള്ള പദ്ധതികൾക്ക് മുനിസിപ്പൽ ബോണ്ട് വഴി മൂലധനം സ്വരൂപിക്കാവുന്നതാണ്. സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) 2015ലെ മുനിസിപ്പൽ ഡെറ്റ് സെക്യൂരിറ്റീസ് റെഗുലേഷനുകൾക്ക് കീഴിൽ, ULB-കൾക്ക് സ്ഥാപനപരവും(institutional )ചില്ലറവ്യാപാരവുമായ(retail) നിക്ഷേപകരെ ലക്ഷ്യം വച്ചുള്ള കടപ്പത്രങ്ങൾ ഇറക്കാൻ കഴിയും. ഇതുവഴി ULB കൾക്ക് അധിക വിഭവസമാഹരണം സാദ്ധ്യമാകും. കൂടാതെ ഇത്തരത്തിൽ ഉള്ള വിഭവസമാഹരണം വഴി ULB കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായത്തിൽ മുകളിലുള്ള ആശ്രയം കുറയ്ക്കാൻ കഴിയും.എന്നിരുന്നാലും, കേരളത്തിലെ മുനിസിപ്പൽ ബോണ്ടുകളുടെ വിജയം സുതാര്യമായ ഭരണം, വിശ്വസനീയമായ ക്രെഡിറ്റ് റേറ്റിംഗുകൾ, കാര്യക്ഷമമായ നിയന്ത്രണങ്ങൾ പാലിക്കൽ തുടങ്ങിയ നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ,കേരളത്തിന്റെ നഗരവികസനത്തിനുള്ള ഒരു പുതിയ ധനസഹായ സംവിധാനം എന്ന നിലയിൽ മുനിസിപ്പൽ ബോണ്ടുകളുടെ പ്രസക്തി ചർച്ചചെയുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. കൂടാതെ, ഇതുമായി ബന്ധപ്പെട്ട വെല്ലുവിളികൾ ചർച്ചചെയ്യുന്നതിനിടയിൽ പൂൾഡ് ഫിനാൻസ് ഡെവലപ്മെന്റ് സ്കീമിന്റെ സാധ്യതകൾ ഉൾപ്പെടെ കേരളത്തിലെ ULB-കൾ കടപത്രങ്ങൾ പുറത്തിറക്കുന്നതിനെക്കുറിച്ചുള്ള ഒരു സാദ്ധ്യതാ പഠനം കൂടി ലക്ഷ്യമിടുന്നു.


Assistant Professor, Gulati Institute of Finance and Taxation, Thiruvananthapuram, Kerala email: askumar@gift.res.in

# സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ

52

## സംയോജിത തദ്ദേശസ്വയംഭരണ വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ

വി. വിജുമോഹൻ

2022 ഒക്ടോബർ 27 ന് ആറ് വകുപ്പുകളുടെ സംയോജനം ചരിത്ര സംഭവമാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനെ കണ്ടത്. പ്രായോഗിക തലത്തിൽ എത്തിയപ്പോൾ നഗര ഭരണ സ്ഥാപനങ്ങൾ,(ഭരണഘടന ഭേദഗതി 74) ഗ്രാമ, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക്(ഭരണഘടനാ 73) അവരുടെ പ്രത്യേകതകൾ അനുസരിച്ച് പ്രവർത്തിച്ച് മുന്നോട്ട് പോകുന്നതിൽ വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രതീക്ഷിച്ചതുപോലെ ജീവനമക്കാരെ ലഭിച്ചില്ലായെന്ന് മാത്രമല്ല, മുൻപ് ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ പ്രയാസകരമായി ഇതിന് പരിഹാരമുണ്ടാവണം.

- ഇത്തരത്തിൽ ജീവനക്കാരെ അങ്ങോട്ടും ഇങ്ങോട്ടും വിന്യസിക്കുന്നതിന് മുന്നേ ആവശ്യമായ പരിശീലനങ്ങൾ നൽകി സജ്ജമാക്കേണ്ടതായിരുന്നു.
- ജീവനക്കാർക്ക് പഞ്ചായത്തുകളുടെ എല്ലാ സംവിധാനങ്ങളെ സംബന്ധിച്ചും സോഫ്റ്റ് വെയറുകളെ സംബന്ധിച്ചും കൃത്യമായ അവബോധം സൃഷ്ടിക്കാനുള്ള പരിപാടികൾ ഉണ്ടാകണം.
- ജീവനക്കാർക്ക് അവർ ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് വർഷത്തിലൊരിക്കലെങ്കിലും അവരുടെ അറിവ് അളക്കുന്നതിനും അവരുടെ സർവ്വീസിലെ ഗ്രേഡ്, പ്രൊമേഷൻ, മറ്റ് ആനുകൂല്യങ്ങൾ എല്ലാം പരിഗണിക്കുന്ന തരത്തിലാവണം.
- ജീവനക്കാർക്ക് പബ്ലിക് മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ്, സ്ട്രെസ്സ് മാനേജ്മെന്റ്(യോഗ, കൗൺസിലിങ്, മോട്ടിവേഷൻ etc..,) സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവയിൽ പ്രൊഫഷണൽ പരിശീലനങ്ങൾ നൽകണം.
- മൂന്ന് വർഷം പൂർത്തിയായവരെ മാത്രമേ ട്രാൻസ്ഫർ ചെയ്യാൻ പാടുള്ളൂ, ട്രാൻസ്ഫർ ലഭിക്കുന്നതിന് മൂന്ന് മാസം മുന്നേ എവിടേക്കാണ് ട്രാൻസ്ഫർ എന്ന് ജീവനക്കാർക്ക് അറിയാൻ കഴിയണം. അവിടേക്ക് പോകുന്നതിന് മുന്നെ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ കുറിച്ച് മനസ്സിലാക്കിയിട്ട് വേണം പോകേണ്ടത്.
- ഓരോ തസ്തികയിൽ ഇരിക്കുന്ന ആളിനും ആ തസ്തിക സംബന്ധിച്ച് കൃത്യമായ ധാരണ ഉറപ്പ് വരുത്തണം. കൂട്ടത്തിൽ ആസ്ഥാനത്തിലെ മറ്റ് കാര്യങ്ങളും അറിഞ്ഞിരിക്കണം. എങ്കിലെ അതിനനുസരിച്ച് അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയൂ.
- ജോയിൻ ഡയറക്ടർ പോസ്റ്റിലേക്ക് മറ്റ് വകുപ്പിൽ നിന്നും നിയമിക്കപ്പെട്ടവർക്ക് പഞ്ചായത്തിരാജ് സംവിധാനത്തെ കുറിച്ച് കൃത്യമായി അറിയാത്തത് ഒട്ടേറെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഇവർക്കും കൃത്യമായ പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാകണം.

**അനുബന്ധ സ്ഥാപനങ്ങൾ**

- കോർപ്പറേഷനിൽ നിന്നോ മുനിസിപ്പാലിറ്റിയിൽ നിന്നോ മറ്റ് ഘടകസ്ഥാപനങ്ങളിൽ നിന്നോ വരുന്ന ജീവനക്കാർക്ക് പഞ്ചായത്തുകളിൽ ജോലിചെയ്യുമ്പോൾ എഞ്ചിനീയറിംഗ് മേഖലയിൽ സർവ്വസ്പർശിയായി ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. നിലവിൽ, മരാമത്ത് പണികൾ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ, പെർമിറ്റ് നൽകൽ, സ്കൂളുകൾക്ക് NOC നൽകൽ, MGNREGS പ്രവർത്തനങ്ങൾ, മരം മുറിക്കലിന് വാല്യൂയേഷൻ എടുക്കൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഇതൊക്കെ ഫലപ്രദമായി ചെയ്യുന്നതിന്:
- സ്ഥിരമായി ക്ലറിക്കൽ ജീവനക്കാരെ നൽകണം
- ഓൺലൈൻ സംവിധാനങ്ങൾ മെച്ചപ്പെടുത്തണം
- ഇലക്ട്രിക്കൽ, പ്ലംബിങ്ങ്, ഡിസൈനിങ്ങ് എന്നിവയ്ക്ക് സ്ഥിരമായി പ്രത്യേക വിങ്ങ് രൂപീകരിക്കുന്നതിന് ആലോചിക്കണം.
- താൽക്കാലികമായി ഇവരെ സഹായിക്കുന്നതിന് ക്വാളിഫിക്കേഷനുള്ള ആളുകളെ നിയമിക്കാൻ പഞ്ചായത്തിന് അധികാരമുണ്ടാകണം.
- തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിങ്ങിൽ തന്നെ പ്ലാൻ ഉൾപ്പടെയുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് പ്രത്യേക വിഭാഗം ഉണ്ടാകണം.

- പരമാവധി ഉത്തരവാദിത്വങ്ങൾ താഴെതലത്തിൽ നിർവ്വഹിക്കാൻ കഴിയുകയും മുകൾ തലത്തിൽ സൂപ്പർവിഷൻ മാത്രം നടത്താൻ സംവിധാനമുണ്ടാകണം. ഇത് പ്രവർത്തനങ്ങളുടെ കാലതാമസ്സം ഒഴിവാക്കാൻ കഴിയും.
- ഏറ്റവും നൂതനമായ ഉപകരണങ്ങൾ ഇവരുടെ പ്രവർത്തനങ്ങൾക്ക് സഹായമായി പഞ്ചായത്തുകൾക്ക് ലഭ്യമാക്കാൻ കഴിയണം.
- വിവര ശേഖരണ,പരിപാലന പ്രവർത്തനങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമമാക്കാൻ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കണം.
- മറ്റ് പല വകുപ്പുകളിലും അധികമായി ഇരിക്കുന്ന ജീവനക്കാരെ ആവശ്യം വരുമ്പോൾ തിരികെ നൽകാമെന്ന വ്യവസ്ഥയിൽ പഞ്ചായത്തുകളിലേക്ക് കൈമാറണം.
- പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളിലേയും മറ്റ് ജീവനക്കാരുടേയും പൂർണ്ണമായ നിയന്ത്രണം തദ്ദേശസ്വയംഭരണ ഭരണ സമിതിക്കായിരിക്കണം. കൂടാതെ ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത് വഴി നൽകാനുള്ള സംവിധാനമുണ്ടാകണം.
- തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന നിലയിൽ നിലവിൽ ഇടപെടുന്നതിന് ഉപരി വില്ലേജ് ഓഫീസ്, ഇലക്ട്രിസിറ്റി, വാട്ടർ അതോറിറ്റി, പോലീസ് സ്റ്റേഷൻ എന്നിവയിൽ കൂടുതൽ അധികാരവും ഉത്തരവാദിത്വങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.
- ഫയർ ഫോഴ്സ്, എക്സൈസ്, ഫോറസ്റ്റ് തുടങ്ങീ വകുപ്പുകളിലെ ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ നൽകണം.

പ്രസിഡന്റ്, ആര്യനാട് ഗ്രാമപഞ്ചായത്ത്

**53**

# ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്

സുനിൽ സി.പി.

27-01-2018 ലെ 10/2018 ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് എന്ന പേരിൽ പൊതു സർവീസ് രൂപീകരിച്ചതിന്റെ അനുഭവ വിശകലനം

**ഏകീകൃത സർവീസ്, സഹായ സംവിധാനം എന്നതിനുപകരം നിയന്ത്രണ സംവിധാനമായി മാറുന്നു**

- തെരഞ്ഞെടുക്കപ്പെട്ട സമിതികളെ വിശ്വാസത്തിലെടുക്കാതെ ഐ.വി.ഒമാർ മുഖേനയുള്ള അന്വേഷണ നടപടികൾ
- ജനപ്രതിനിധികളുടെ പങ്കാളിത്തമില്ലാതെയുള്ള സ്ഥിരം അദാലത്തുകൾ
- സാമൂഹ്യ ക്ഷേമ പെൻഷനുകൾ സംബന്ധിച്ച അപ്പീലധികാരം
- ജില്ലാതല എൻഫോഴ്സ്മെന്റ് ടീമുകളുടെ പ്രവർത്തനങ്ങൾ

### നിർദേശങ്ങൾ

- അനിവാര്യ സാഹചര്യങ്ങളിലൊഴികെ തദ്ദേശ സ്ഥാപന അദ്ധ്യക്ഷന്റെ അറിവോടെയും സാധാരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെയും മാത്രം പരിശോധന.
- സ്ഥിരം അദാലത്ത് സമിതികളിൽ തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻമാരെ ഉൾപ്പെടുത്തുക, കൂടുതൽ അധികാരം നൽകുക.
- ജില്ലാ ജെ. ഡി യുടെ അപ്പീലധികാരം ഒഴിവാക്കുക. ട്രൈബ്യൂണലുകൾ മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
- തദ്ദേശ സ്ഥാപന അദ്ധ്യക്ഷന്മാരുടെ അറിവോടെ മാത്രം എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പരിശോധന.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നതിനോ, പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളിൽ ഡി. പി. സി യോട് ചേർന്നു പ്രവർത്തിക്കുന്നതിനോ ഏകീകൃത സർവീസിന്റെ ജില്ലാ കാര്യാലയത്തിന് കഴിഞ്ഞിട്ടില്ല.**

### നിർദേശങ്ങൾ

- ഒരു ഡപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവഹണ സംയോജന പ്രവർത്തനങ്ങളുടെ ഏകോപനത്തിന് പ്രത്യേക വിഭാഗം
- ഡി പി സി യുടെ കോ. കൺവീനറായി ജില്ലാ ജെ.ഡി യെ നിയോഗിക്കുക

**ഏകീകൃത പൊതു സർവീസിന്റെ കേന്ദ്രമായ പ്രിൻസിപ്പൽ ഡയറക്ട്രേറ്റിലെ ഉദ്യോഗസ്ഥ ബാഹുല്യം**

### നിർദേശം

- കൂടുതൽ ഉദ്യോഗസ്ഥരെ തദ്ദേശ സ്ഥാപനങ്ങളിലേക്കും ജില്ലാ കാര്യാലയത്തിന്റെ പദ്ധതി ഏകോപന വിഭാഗത്തിലേക്കും വിന്യസിക്കുക.

**ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം**

- അതത് വകുപ്പുകളുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ തദ്ദേശ സ്ഥാപന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ ശ്രമിക്കുന്നില്ല.
- കാലികമായ വിവര ശേഖരം ലഭ്യമാക്കുന്നില്ല
- സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളിൽ സഹകരിക്കുന്നില്ല
- ജില്ലാ പദ്ധതി നിർദ്ദേശങ്ങൾക്കനുസൃതമായപ്രോജക്ട് നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല.

**നിർദേശങ്ങൾ**

- ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഉൾചേർത്ത് തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ രൂപീകരിക്കപ്പെടുന്നുവെന്നും യഥാസമയം നടപ്പാക്കുന്നുവെന്നും ഉറപ്പാക്കാൻ എല്ലാ മാസവും നിശ്ചിത ദിവസം.
- ഡി പി സി യോഗം ചേർന്ന് ജില്ലാതല വകുപ്പു മേധാവികളുടെ അവലോകനം നടത്തുക.
- വകുപ്പ്/മിഷനുകൾ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പരിപാടികളുമായിതദ്ദേശ സ്ഥാപന പ്രോജക്ടുകളുടെ സംയോജനം അവലോകനം ചെയ്യുക.
- സ്ഥിതിവിവരക്കണക്കുകൾ തദ്ദേശസ്ഥാപനതലത്തിൽ ക്രോഡീകരിക്കുന്നുവെന്നും കാലികമാക്കുന്നുവെന്നും ഡിപിസി യോഗത്തിൽ ഉറപ്പുവരുത്തുക
- ഘടക സ്ഥാപന സെക്രട്ടറിമാരെ എക്സ് ഒഫീഷ്യോ സെക്രട്ടറിമാരായി വിജ്ഞാപനം ചെയ്യുകയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതല നൽകുകയും ചെയ്യുക.

**54**

# അധികാര വികേന്ദ്രീകരണവും തദ്ദേശ ഭരണവും സദ്ഭരണം, അഴിമതിരഹിത തദ്ദേശഭരണം, സാമൂഹ്യ ഓഡിറ്റ് സദ്ഭരണവും മനോഭാവമാറ്റവും

ഡോ. സി. രാമകൃഷ്ണൻ

ഓരോ പ്രദേശത്തിന്റെയും സാധ്യതകളെ ഭരണനിർവഹണവുമായി ബന്ധിപ്പിക്കുക, പ്രാദേശിക വൈദഗ്ധ്യങ്ങളെ വികസനപ്രവർത്തനങ്ങളിൽ കണ്ണിചേർക്കുക, ആസൂത്രണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സക്രിയമായ പങ്കാളിത്തം ഉറപ്പാക്കുക, നാടിന്റെ വികസന പ്രവർത്തനങ്ങൾ സമൂഹത്തിന് അനുഭവവേദ്യമാക്കുക തുടങ്ങിയ വിശാലമായ ലക്ഷ്യങ്ങളോടെ ആയിരുന്നു 1990-കളിൽ ഭരണനിർവഹണ രംഗത്ത് പരിവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങൾ അടക്കം വികേന്ദ്രീകരണത്തിന് സഹായകമായ പല നിയമങ്ങളും പ്രസ്തുത കാലഘട്ടത്തിന്റെ സവിശേഷതയായിരുന്നു. ഈ നിയമങ്ങളെ അർത്ഥപൂർണ്ണമാക്കുകയും ജനങ്ങളെയാകെ അണിനിരത്തി വികസനത്തിന് ജനകീയമുഖം നൽകുകയും ചെയ്ത അനന്യമായ കേരളീയ വികസനാനുഭവം ആയിരുന്നു ജനകീയാസൂത്രണം.

ജനകീയാസൂത്രണ പ്രവർത്തനത്തിലൂടെ പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും ജനകീയമായ അനുഭവങ്ങൾ വികസിപ്പിച്ചെടുക്കാൻ കേരളത്തിൽ കഴിഞ്ഞു. കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ സമ്പത്തിന്റെ വിതരണം കൂടി യാഥാർത്ഥ്യമായി. ഇടതുപക്ഷ സർക്കാർ കാട്ടിയ രാഷ്ട്രീയ ഇച്ഛാശക്തിയാണ് അധികാരവികേന്ദ്രീകരണത്തിന്റെ കേരളീയ അനുഭവങ്ങൾ വികസിക്കാനുള്ള അടിത്തറയായി വർത്തിച്ചത്. ജനകീയാസൂത്രണ പ്രസ്ഥാനം ഉണ്ടാക്കിയ അനുരണനങ്ങൾ നാട്ടിൽ പ്രകടമാണ്. എന്നാൽ ലഭ്യമായ സാധ്യതകളെ പൂർണതോതിൽ പ്രയോജനപ്പെടുത്തണമെങ്കിലും സ്ഥായിയായി നിലനിർത്തണമെങ്കിലും ഏതൊരുമാറ്റത്തിന്റെയും ഇടയിലൂടെ ഉയർന്നുവരുന്ന പരിമിതികളെയും അനഭിലഷണീയമായ പ്രവണതകളെയും അതതവസരത്തിൽ കണ്ടെത്തി അഭിലഷണീയമായ കാര്യങ്ങളെ ശക്തിപ്പെടുത്തുവാനും പരിമിതികളെ മറികടക്കാനും അനഭിലഷണീയമായ കാര്യങ്ങളെ ഇല്ലായ്മ ചെയ്യാനുമുള്ള ഒരു രീതിശാസ്ത്രം തുടർച്ചയായി രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തു കൊണ്ടേയിരിക്കണം. ഇതെല്ലാം സമൂഹത്തിന്റെ കൂടി ബോധ്യമാക്കാനും കഴിയേണ്ടതുണ്ട്. സദ്ഭരണത്തിന്റെ സൂചികകളിൽ ഇവയെല്ലാം ഉൾപ്പെടും. ഇവയൊക്കെ സാധ്യമാകണമെങ്കിൽ ജനകീയപങ്കാളിത്തം, ഭരണ സുതാര്യത,

ജനങ്ങളോടുള്ള ഉത്തരവാദിത്വം, അഴിമതിരഹിതം, നീതിപൂർവ്വമായ ഭരണനിർവഹണം എന്നിവയെല്ലാം വാക്കുകൾക്കപ്പുറം വളരേണ്ടിവരും. പൊതുസമൂഹത്തിന്റെയും രാഷ്ട്രീയ സമൂഹത്തിന്റെയും ഉദ്യോഗസ്ഥ സമൂഹത്തിന്റെയും മനോഭാവത്തിലും സമീപനത്തിലും മാറ്റങ്ങൾ അനിവാര്യമാകും. ഈ ദിശയിലേക്കുള്ള ഒട്ടനവധി അന്വേഷണങ്ങൾ കേരളത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. സമൂഹപങ്കാളിത്തത്തോടെ സാമൂഹ്യ ഓഡിറ്റ് നടത്തിയ അനുഭവങ്ങളുമുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഇവയെല്ലാം ചെയ്തത്.

എന്നാൽ ഇത്തരം അനുഭവങ്ങൾ സ്ഥായിയായി നടക്കുന്ന ഒരു ജനകീയ പ്രക്രിയയായി മാറ്റാൻ കഴിയാതെ വന്നിട്ടുണ്ട്. ഇത് സ്ഥായിയായി നിലനിൽക്കണമെങ്കിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അയവേറിയ ഒരു വ്യവസ്ഥാപിത സംവിധാനം (Institutional mechanism) രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

ഭരണ നിർവ്വഹണത്തിന്റെ ഭാഗമായ ജനപ്രതിനിധികൾ തുടങ്ങി യഥാർത്ഥ നടത്തിപ്പുകാരായ ഉദ്യോഗസ്ഥരുടെയടക്കം കാഴ്ചപ്പാടിലും മനോഭാവത്തിലും പരിവർത്തനം ഉണ്ടാകണം. അല്ലെങ്കിൽ വ്യക്തികൾ മാറുന്നതിനനുസരിച്ച് നയരൂപീകരണവും നിർവ്വഹണ രീതികളും മാറിക്കൊണ്ടിരിക്കും. ഇതിന്റെ ഫലമായി പൊതുസമൂഹത്തിന് ജനാധിപത്യപ്രക്രിയയിൽ ഉള്ള വിശ്വാസത്തിൽ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കും. ചുരുക്കത്തിൽ ഉള്ളടക്കത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് സംവിധാനത്തിലും മാറ്റങ്ങൾ ഉണ്ടാകണം.

നിലനിൽക്കുന്ന സംവിധാനത്തിന്റെ പൊതുരീതി സ്ഥിതിഗതികത്വം (states-co) പരിപാലിക്കുക എന്നതാണ്. അതുകൊണ്ടുതന്നെ സംവിധാനം പരിവർത്തനങ്ങൾക്ക് ഇടയാക്കുന്ന ഉള്ളടക്കത്തെ അപ്രസക്തമാക്കാൻ സ്വാഭാവികമായും ശ്രമിച്ചുകൊണ്ടേയിരിക്കും. ഇത്തരം പശ്ചാത്തലത്തിൽ ജനങ്ങളോട് കടപ്പെട്ടിരിക്കുന്നതും ഉത്തരവാദിത്തബോധവും കാര്യക്ഷമവും ആയ സദ്ഭരണം വിഭാവനം ചെയ്യുമ്പോൾ ഒട്ടേറെ കാര്യങ്ങളിൽ വ്യക്തത കൈവരിക്കേണ്ടി വരും. ഇല്ലെങ്കിൽ സദ്ഭരണം എന്നത് കേവലാർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടാൻ ഇടമുണ്ട്. അഴിമതി എന്നത് ഭൗതികമായി നടക്കുന്ന ഇടപാടുകൾ എന്ന തരത്തിൽ മാത്രം കണ്ടാൽ മതിയാകുമോ? തീരുമാനമെടുക്കേണ്ടവർ തീരുമാനമെടുക്കാതെ വച്ചുതാമസിപ്പിക്കുന്നതും സ്വന്തം അധികാരപരിധികളിലുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാതെ ഉപരി ഓഫീസുകളിലേക്ക് അയച്ചുകൊടുത്ത് തീരുമാനങ്ങൾ വൈകിപ്പിക്കുന്നതിനേയും എങ്ങനെയാണ് നോക്കിക്കാണേണ്ടത്? ഇത്തരം കാര്യങ്ങൾ പരിഗണിച്ച് ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം നിജപ്പെടുത്തണം. ഇങ്ങിനെ നിജപ്പെടുത്തിയ ഉത്തരവാദിത്തം സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുകയോ എടുക്കാൻ ചുമതലയുള്ള തീരുമാനങ്ങൾ എടുക്കാതെ വച്ചു താമസിപ്പിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ടവർ നടപടി കൈക്കൊള്ളും എന്ന പൊതുബോധ്യം ഉണ്ടാക്കേണ്ടതുണ്ട്. സദ്ഭരണം, നല്ല സേവനം, സുതാര്യത എന്നിവയുടെ പരിധിയിൽ ഇത്തരം കാര്യങ്ങളെ കാണേണ്ടതുണ്ട്.

പ്രാദേശിക സർക്കാറുകളുടെ ഓഫീസുകൾ മുതൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ വരെ എല്ലാതലത്തിലുമുള്ള ഓഫീസുകളും സാങ്കേതികവൽക്കരിച്ച് ആധുനികമാക്കണം. അതുവഴി എല്ലാ തലങ്ങളിലുമുള്ള നടപടികളും വേഗത്തിലാക്കാൻ കഴിയേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ജീവനക്കാരുടെ ക്ഷമത വർദ്ധിപ്പിക്കാൻ പരിശീലന പദ്ധതികൾ ആവശ്യമാണ്.

ഫയലുകളിൽ തീരുമാനം എടുക്കുവാൻ സഹായകമായ ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഫയൽ ആരംഭിക്കുന്ന ഘട്ടത്തിൽ എന്താണ് പ്രശ്നമെന്നും അതിൽ അന്തർലീനമായ കാര്യങ്ങൾ എന്താണെന്നും അവയെ സമീപിക്കാൻ സഹായകമായ നിയമകാര്യങ്ങളും സർക്കാർ നിലപാടുകളും ഫയൽ ആരംഭിക്കുന്ന ഘട്ടത്തിൽ ഫയൽ കുറിപ്പാക്കി മേലുദ്യോഗസ്ഥന് സമർപ്പിക്കുന്ന അവസ്ഥയുണ്ടാകണം. അതിന്മേൽ വിവിധ തലങ്ങളിൽ പരിശോധന നടത്തിയാണ് തീരുമാനം കൈക്കൊള്ളേണ്ടത്. അതാണ് ഉത്തരവുകളായി വരുന്നത്. ഇതെല്ലാം സാധാരണഗതിയിൽ വ്യക്തിഗതമായി നടക്കുന്ന പ്രക്രിയകളാണ്. ഇതിലൊരു മാറ്റത്തെക്കുറിച്ച് ആലോചിച്ചുകൂടെ?

നോട്ട് ഫയൽ എഴുതേണ്ടത് വ്യക്തിഗതമായി തന്നെ ആകാം. എന്നാൽ അതിന്റെ പരിശോധനയ്ക്ക് പുതിയൊരു രീതിശാസ്ത്രം വികസിപ്പിച്ചു കൂടെ. പരിശോധിക്കുന്ന ഘട്ടത്തിൽ സർക്കാർ പ്രസ്തുത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ വരാതിരിക്കുന്ന ഒട്ടനവധി സന്ദർഭങ്ങൾ ഉണ്ടാകുന്നുണ്ട് മാത്രവുമല്ല വ്യക്തിഗതമായ വായനയിൽ ഉത്തരവിനെ ശരിയായ രീതിയിൽ വ്യാഖ്യാനിക്കാത്ത അവസ്ഥയും ഉണ്ടാവുന്നുണ്ട്. അതുകൊണ്ട് തന്നെ തീരുമാനങ്ങളിൽ സ്ഥിരത (consistency) ഉണ്ടാകാതെ വരുന്നു. മാത്രവുമല്ല കൈക്കൊള്ളുന്ന തീരുമാനങ്ങൾ പലപ്പോഴും ദുർബലമായിപ്പോകാം. ഇതിന്റെ ഫലമായി അപേക്ഷകർക്ക് താഴെ തലത്തിൽ തന്നെ കൈകൊള്ളാവുന്ന തീരുമാനങ്ങൾക്കെതിരെ അപ്പീലിന് പോകേണ്ടി വരുന്നു.

ഇതൊഴിവാക്കാൻ തീരുമാനമെടുക്കുന്ന ഉദ്യോഗസ്ഥ സംവിധാനം ഒരുമിച്ചിരുന്ന് റൗണ്ട് ടേബിൾ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് തീരുമാനത്തിലേക്ക് എത്തുന്ന രീതി വികസിപ്പിക്കാവുന്നതാണ്. സമാനസ്വഭാവമുള്ള കേസുകളിൽ ഒരേ ഓഫീസിൽ വ്യത്യസ്ത തീരുമാനം കൈക്കൊള്ളുന്നത് ഇതുവഴി ഒഴിവാക്കാം. ആധുനിക സാങ്കേതിക വിദ്യാസംവിധാനത്തിന്റെ സഹായത്തോടെ ഇങ്ങനെയൊരു രീതിശാസ്ത്രം

അവലംബിക്കുന്നത് വഴി ഫയലുകളിൽ തീരുമാനം കൊള്ളുമ്പോൾ പലപ്പോഴും ഉണ്ടാകാനിടയുള്ള വ്യക്തിനിഷ്ഠമായ നിലപാടുകൾ കൂടുതൽ വസ്തുതനിഷ്ഠ നിലപാടുകളാക്കാൻ കഴിയും. ഇതോടൊപ്പം ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് കൃത്യമായ സമയക്രമം നിശ്ചയിക്കാനും അത് പാലിക്കുന്നു എന്ന് ഉറപ്പാക്കാനുമുള്ള സംവിധാനം ഉണ്ടാകണം. വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ വലിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നതാണ് ഈ പരിവർത്തനങ്ങളെല്ലാം. ഉദ്യോഗസ്ഥരെ പലരീതിയിലും സ്വാധീനിച്ച് അവരവരുടെ കാര്യം ആദ്യം തീർപ്പാക്കണമെന്ന മനോഭാവം പൊതുസമൂഹവും ഒഴിവാക്കണം. സദ്ഭരണത്തിനനുഗുണമായ മനോഭാവ മാറ്റം ഉദ്യോഗസ്ഥരിൽ മാത്രം പരിമിതപ്പെടുത്തേണ്ട ഒന്നല്ല. അത് സമൂഹത്തിന്റെ പൊതുനിലപാടായി വളരണം.

തദ്ദേശഭരണ സംവിധാനത്തിന്റെ ഭാഗമായ എല്ലാ ഓഫീസുകളിലും ഭരണ നിർവ്വഹണത്തിന് ആവശ്യമായ റഫറൻസ് ലൈബ്രറി അനിവാര്യമാണ്. പഞ്ചായത്ത് രാജ് /നഗരപാലിക നിയമങ്ങൾ, അതത് ഘട്ടങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഉത്തരവുകളും, സർക്കുലറുകളും, മാർഗ്ഗനിർദ്ദേശങ്ങളും, ഉപരിഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങളുമെല്ലാം ഈ ലൈബ്രറികളുടെ ഭാഗമാകണം. ഇത് ഇ-റഫറൻസ് ലൈബ്രറി എന്ന രീതിയിൽ വിഭാവനം ചെയ്യാം. ഡിജിറ്റൽ രീതിയിലും പ്രിന്റ് എടുത്ത് സൂക്ഷിക്കുന്ന രീതിയിലും പ്രാഥമിക ഘട്ടത്തിൽ ഉണ്ടാകണം.

പൊതുസമൂഹം ഏറെ ബന്ധപ്പെടുന്ന പ്രാദേശിക ഓഫീസ് ആണ് തദ്ദേശഭരണ ഓഫീസുകൾ. എല്ലാവരും ആഗ്രഹിക്കുന്നത് നല്ല ഭരണം നടക്കണമെന്നാണ്. ഓഫീസ് സന്ദർശിക്കുന്ന ആവശ്യക്കാരെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഓഫീസ് പ്രവർത്തനങ്ങളെ വിലയിരുത്തുന്നുണ്ട്. ഓഫീസിന്റെ പൊതുഅന്തരീക്ഷം വളരെ പ്രധാനമാണ്. തദ്ദേശഭരണ സംവിധാനത്തിന്റെ പരിധിയിലുള്ള എല്ലാ തലങ്ങളിലുമുള്ള ഓഫീസുകളും കൂടുതൽ ജനാധിപത്യപരമാക്കണം. അവിടെ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് മാന്യമായ പരിഗണന ലഭിക്കണം. എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഉണ്ടാകണം. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഫ്രണ്ട് ഓഫീസിനെ ശക്തിപ്പെടുത്തിയാൽ ആവശ്യക്കാർ സെക്ഷനുകളിൽ കയറിയിറങ്ങി മൊത്തം ഓഫീസിലെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥ ഒഴിവാക്കാം. കൂടാതെ വരുന്നവർക്ക് ഇരിക്കാനുള്ള സംവിധാനങ്ങൾ ഫ്രണ്ട് ഓഫീസിൽ ഉണ്ടാകണം. ജന സൗഹൃദപരമായ അന്തരീക്ഷം ഉണ്ടായിരിക്കണം. ഫ്രണ്ട് ഓഫീസ് ഏതൊരു ഓഫീസിലെയും അതിപ്രധാനമായ ഭാഗമായി തീരണം. കാര്യങ്ങളെക്കുറിച്ച് നല്ല ഗ്രാഹ്യമുള്ളവരും ഏകോപന ചാതുരിയുള്ളവരുമാകണം ഫ്രണ്ട് ഓഫീസിൽ ഉണ്ടാകേണ്ടത്.

സന്ദർശകർക്ക് കുടിവെള്ളം, മൂത്രപ്പുര തുടങ്ങിയ സൗകര്യങ്ങൾ അനിവാര്യമാണ്.

നല്ല സേവനം പ്രദാനം ചെയ്യുന്നതിന്റെ ഭാഗമായി ടോക്കൺ സംവിധാനം, ആവശ്യങ്ങൾ സംബന്ധിച്ച് ശരിയായ വിവരങ്ങൾ പറഞ്ഞു കൊടുക്കുവാനുള്ള സൗകര്യം, അപേക്ഷകൾ സാങ്കേതിക സംവിധാനത്തിലൂടെ പിന്തുടരാനുള്ള സൗകര്യം തുടങ്ങിയവയും ഉറപ്പാക്കേണ്ടതുണ്ട്.

സദ്ഭരണം എന്നത് ഉദ്യോഗസ്ഥതലത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്. സദ്ഭരണത്തെക്കുറിച്ചുള്ള ഏതൊരു ചർച്ചയും അർത്ഥപൂർണ്ണമാകണമെങ്കിൽ സംവിധാനപരമായ പരിവർത്തനത്തെക്കുറിച്ചും അതിനാവശ്യമായ തരത്തിൽ പൊതുസമൂഹത്തിന്റെയും രാഷ്ട്രീയ സമൂഹത്തിന്റെയും ഉദ്യോഗസ്ഥരുടെയും കാഴ്ചപ്പാടിലും മനോഭാവത്തിലും വരേണ്ട മാറ്റങ്ങളെക്കുറിച്ചും നിരന്തരമായി സംവാദങ്ങൾ അനിവാര്യമാണ്.

## 55

# സംയോജിത തദ്ദേശസ്വയംഭരണ വകുപ്പ് അനുബന്ധ സ്ഥാപനങ്ങൾ

കെ.എൻ. വിമൽകുമാർ

### സംയോജിത തദ്ദേശസ്വയംഭരണവകുപ്പ്

അധികാര വികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കിയതിലൂടെ കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദൃഢമായ പിന്തുണ അനിവാര്യമാണ്. കാര്യക്ഷമവും വികസനോന്മുഖവും സുതാര്യവുമായ സദ്ഭരണം നിർവ്വഹിക്കപ്പെടുന്നതിനായുള്ള സമഗ്രവും ശക്തവുമായ ഏകോപന പ്രവർത്തനങ്ങൾക്കും, സർക്കാരിന്റെ ശക്തമായ പിന്തുണ നൽകുന്നതിനുമായും പഞ്ചായത്ത് നഗരകാര്യം, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, നഗര-ഗ്രാമാസൂത്രണം എന്നീ അഞ്ചു വകുപ്പുകളിലെ സർവ്വീസുകളെ ഏകോപിപ്പിച്ച് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 മുതൽ പ്രാബല്യത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്.

ഭരണഘടന ഭേദഗതികളിൽ വിഭാവനം ചെയ്ത രീതിയിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും മുനിസിപ്പാലിറ്റികൾ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച പ്രവർത്തനം ആവശ്യമാണ്. വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ഭരണത്തിനും പദ്ധതി നിർവ്വഹണത്തിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സഹായകമായ രീതിയിലുള്ള ഒരു ഏകീകൃത വകുപ്പിന്റെ സംവിധാനം അനിവാര്യമാണ്.

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറെകുറെ സമാനമാണ്. ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണസ്ഥാപനങ്ങളുടേയും അനിവാര്യചുമതലകളുടേയും പൊതുചുമതലകളുടേയും കാര്യത്തിൽ കാര്യമായ വ്യത്യാസമില്ല. കൂടാതെ ഇവയുടെയെല്ലാം ആസൂത്രണ ചുമതലകളും ഉത്തരവാദിത്വങ്ങളും നടപടിക്രമങ്ങളും സമാനവുമാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഏകോപിപ്പിച്ച് നടത്തുക, മാനവശേഷി കുറവ് പരിഹരിക്കുക, അധിക ജീവനക്കാരെ പുനർവിന്യസിപ്പിക്കുക സേവനങ്ങൾ വേഗതയിലും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് പൊതുവായ ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തുക എന്നിവയെല്ലാം തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ രൂപീകരണ ലക്ഷ്യമാണ്.

കേന്ദ്രാവിഷ്കൃത – സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളും സംയോജിപ്പിച്ച് യഥാസമയം നടപ്പിലാക്കുന്നതിന് സമഗ്ര പദ്ധതികൾ രൂപീകരിക്കുക, പഞ്ചായത്തുകളും നഗരസഭകളും ചേർന്ന് സംയുക്തപദ്ധതികൾ ഏറ്റെടുക്കുക ഇവയെല്ലാം ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിന്റെ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തുകളും നഗരസഭകളും ചേർന്ന് സംയുക്തപദ്ധതി ഏറ്റെടുക്കുകയാണെങ്കിൽ വിവിധ വിഷയമേഖലകളിലെ പദ്ധതി നടത്തിപ്പിലുള്ള ഇരട്ടിപ്പുകളും ആവർത്തനങ്ങളും ഒഴിവാകുകയും പാഴ്ചെലവുകൾ ഇല്ലാതാകുകയും ചെയ്യും. സംയോജിത പദ്ധതി ഏറ്റെടുക്കുന്നതിലുള്ള നിലവിലെ സാദ്ധ്യകൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പരിഗണിക്കേണ്ടതാണ്.

2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ 3 വർഷങ്ങളിലെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നിർവ്വഹിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏകീകൃത തദ്ദേശപൊതു സർവ്വീസ് ലക്ഷ്യമിട്ടതുപോലെയുള്ള ഗുണപരമായ മാറ്റം പദ്ധതികളിൽ ഉണ്ടായിട്ടുണ്ടോ എന്നുള്ളത് പരിശോധനാ വിധേയമാക്കേണ്ട കാര്യമാണ്. വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ ലഭ്യമായിട്ടുള്ള വിദഗ്ധരായ ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി നിലനിന്നിരുന്ന പെർഫോർമൻസ് ആഡിറ്റ് സംവിധാനം നിറുത്തലാക്കിയ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്ന കൺകറണ്ട് ആഡിറ്റ് ഫലത്തിൽ നടക്കുന്നില്ല. വകുപ്പുകളുടെ സംയോജനം വഴി ലഭ്യമായുള്ള ഉദ്യോഗസ്ഥ സംവിധാനത്തെ ഇതിനായി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്.

ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ ജില്ലാ ആസൂത്രണ കമ്മിറ്റി മെമ്പർ സെക്രട്ടറികൂടിയായ ജില്ലാ കളക്ടർ ജില്ലയിലെ വിവിധ വികസന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുചേർത്ത് പ്രാദേശിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി ഉൾപ്പെടെ അവലേകനം ചെയ്യുന്നത് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സഹായകമാകുന്ന

താണ്. ഇതിനായുള്ള അടിസ്ഥാന വിവരങ്ങൾ ജില്ലാ ആസൂത്രണ സമിതി മുഖേനയോ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ മുഖേനയോ ജില്ലാ കളക്ടർക്ക് ലഭ്യമാക്കാവുന്നതാണ്.

നിലവിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംയോജനം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലുള്ള പ്രവർത്തനം നിലവിലും വേറിട്ടുതന്നെയാണ് നടന്നുവരുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തമ്മിലുള്ള ഏകീകരണവും സംയോജനവും സാദ്ധ്യമല്ലാത്ത ഒന്നാണ്. എന്നാൽ ഇവയുടെ സമാനമായ ചുമതലകൾ ഏകോപനത്തിലൂടെ നിർവ്വഹിക്കാനാകുന്നതാണ്. അതിനായി വിശദമായ വിലയിരുത്തൽ നടത്തി നിലവിലുള്ള ആക്ട്, ചട്ടങ്ങൾ എന്നിവ ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഏകീകരിക്കാവുന്നതാണ്. എങ്കിൽ മാത്രമേ വകുപ്പുതല ഏകീകരണത്തിന്റെ ഗുണഫലം സാധാരണജനങ്ങൾക്ക് ലഭ്യമാകുകയുള്ളു. കേരള പഞ്ചായത്ത് രാജ് വകുപ്പ് 274 പ്രകാരമുള്ള വ്യവസ്ഥയിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുകയും മുനിസിപ്പൽ ആക്ടിലും ഇതിനാവശ്യമായ കൂട്ടിചേർക്കൽ വരുത്തുന്നതും പരിഗണിക്കാവുന്നതാണ്. ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിക്കുന്നതിന് ഇത് സഹായകരമാകും.

ഫയൽനീക്കത്തിലുള്ള തട്ടുകൾ കുറച്ച് വേഗത വർദ്ധിപ്പിക്കുക എന്നത് ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിന്റെ രൂപീകരണ ലക്ഷ്യങ്ങളിൽ ഒന്നാണ്. 3 തട്ടുകളിലായി ഫയൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതുമൂലം വകുപ്പിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിച്ചോ എന്നും സേവനപ്രദാനത്തിന്റെ നിലവാരം ഉയർന്നോ എന്നതും ചർച്ചയ്ക്കും അഭിപ്രായത്തിനും വിധേയമാക്കേണ്ടതാണ്.

### അനുബന്ധസ്ഥാപനങ്ങൾ

കേരള പഞ്ചായത്ത് രാജ് മുനിസിപ്പൽ ആക്ടുകളിലെ യഥാക്രമം 181, 227 എന്നീ വകുപ്പുകൾ പ്രകാരവും സ.ഉ(പി) നമ്പർ 189/1995/തസ്വഭവ തീയതി 18.09.95 പ്രകാരവും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങളേയും ജീവനക്കാരേയും കൈമാറു കയുണ്ടായി. കാൽ നൂറ്റാണ്ടുകാലത്തെ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ പരിഗണിക്കുമ്പോൾ തന്നെ നിലവിൽ അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഉണ്ടായിട്ടുള്ള പിന്നോട്ടടിയും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. താഴെ പറയുന്ന പോരായ്മകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

എ) കേരള രാജേഷ്, മുനിസിപ്പാലിറ്റി നിയമ പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള മേഖലാ ചുമതലകളിൽ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല ബ്ലോക്ക് പഞ്ചായത്തിനും സാങ്കേതിക സ്കൂളുകളുടേയും തൊഴിലധിഷ്ഠിത സ്ഥാപനങ്ങളുടെയും പോളിടെക്നിക്കുകളുടേയും നടത്തിപ്പ് ജില്ലാ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കുമാണ്. എന്നാൽ ബന്ധപ്പെട്ട വകുപ്പുകൾ ഇത് കൈമാറിയിട്ടില്ല.

ബി) സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കും സംയുക്തപദ്ധതികൾക്കും ആവശ്യമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വകുപ്പു തലത്തിൽ തന്നെ നടത്തുന്നതിനുള്ള നിരന്തര പരിശ്രമം. ഇത് അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ നിന്നും വകുപ്പുകൾ പിന്മാറുന്നതിന്റെ സൂചനയാണ്.

സി) സംയോജിത/സമഗ്ര പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള താല്പര്യ കുറവ് അഥവാ സംയോജിത പദ്ധതി ഏറ്റെടുത്താൽ വിഹിതം കൈമാറുന്നതിലുള്ള വിമുഖത.

ഡി) കൈമാറികിട്ടിയ ജീവനക്കാരുടെ പരിപൂർണ്ണ നിയന്ത്രണം നിലവിലും അതത് വകുപ്പുകൾ തന്നെ കൈയ്യടക്കി വച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനോ നിർദ്ദേശങ്ങൾ നൽകാനോ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിക്കാത്ത സ്ഥിതിയിൽ ചുമതലാ നിർവ്വഹണം തന്നെ താളം തെറ്റുന്ന സ്ഥിതി സംജാതമാകുന്നുണ്ട്.

മിഷനുകൾ, ചില വികസന ഏജൻസികൾ കൂടാതെ പ്രത്യേക ആവശ്യങ്ങൾക്കായി രൂപീകൃതമാകുന്ന ഏജൻസികൾ തുടങ്ങിയവയിൽ ഒട്ടുമിക്കവയും തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇവയെല്ലാം തന്നെ ഭരണഘടനാസ്ഥപനങ്ങളായ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സമാന്തരമായോ അല്ലെങ്കിൽ നിയന്ത്രണമേർപ്പെടുത്തിയോ ആണ് പ്രവർത്തിച്ചു വരുന്നത്.

വകുപ്പുകൾ നിർവ്വഹിച്ചു പോരുന്ന ചുമതലകൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് പദ്ധതിയാക്കി നിർവ്വഹിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. തുടക്കത്തിൽ വകുപ്പിന്റെ വിഹിതം വച്ചും കാലക്രമേണ അതിൽ നിന്ന് പിന്മാറി തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയായി പദ്ധതി മാറ്റുന്ന രീതിയും കണ്ടുവരുന്നുണ്ട്.

പഞ്ചായത്തുകളുമായി ചേർന്ന് നഗരഭരണസ്ഥാപനങ്ങൾക്ക് സംയോജിത പരിപാടികൾ ആവിഷ്കരിക്കുന്നതിന് നിലവിൽ സാദ്ധ്യമാണ്. അത്തരം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തു ന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കപ്പെടേണ്ടതാണ്.

---

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം

56

# IT, E- Governance and Data for Decentralized Development in Kerala: Where we are and where we go?

Prof K J Joseph, Prof Jiju P Alex, Dr P V Unnikrishnan, Dr Sreekumar TL,
Sri Subhash Chandran, Sri E P Ratnakaran and Sri Ratnakaran T V

The decentralization in Kerala, backed by people's campaign and the various initiatives including resource mapping, has seen pioneering attempts in India and even in Global south to build the needed data base for planned development at the local level. Despite digitalization of the kind that we see today was not possible in that era, Kerala could successfully implement various digital initiatives to facilitate data-based planning, implementation and monitoring of local bodies' plan progress even at an early stage of decentralization. After the quarter of a century's attempt at building various data based and electronic platforms for e-governance, our success in effectively harnessing of IT, e-governance and data leading a citizen-centric governance stands as a major achievement of our decentralized development. It is a matter of great pride that a citizen today could get online access to almost all the services offered by the government. The key role of the Information Kerala Mission (IKM), despite various constraints within the sphere of technology and beyond, in accomplishing all our achievements cannot be over emphasized at this juncture. It has to be borne in mind that IKM developed the whole set of essential software required for Kerala's local governance although there were hardly any model to follow.

However, given the potential for IT, e-governance and data-based decentralization, there is room for further reflections and deliberations on where we stand today, explore the factors that contributed towards our less than potential performance and the plausible way forward. This has to be seen in the context of the concerned critique from some corners that digitalization has in fact reduced the essence of the decentralization experience of Kerala. Also, it has been observed that we have a long way to go in harnessing the new developments in applications such as GIS, and evolving new technologies in the era of Industry 4.0 that provide enormous scope for improvements to the existing modes of IT application in Kerala's local body governance.

It has to be noted that there are systemic issues in the e-governance of local level planning giving rise to associated challenges. The current system in place needs to be updated with essential technology such as GIS to reap the full benefits of e-governance for addressing the challenges in

the sphere of sanitation, watershed management, and, above all, in making the productive sector more vibrant. It is also essential to explore the constraints in harnessing mobile technology-based applications for the e governance initiatives of local bodies of Kerala. Another important issue pertains to the very limited applications of data analytics in building of decision support systems for the whole process of planned development by local governments. This has to be seen in the context of the rapid changes that are taking place in the information technology landscape such as data analytics, IoT and AI.

Even though Kerala's e-governance initiative led by IKM introduced the Systems Manual for the first time and is currently employing around thousands of decentralized technicians, the efficacy is an issue considering the depth of local bodies in Kerala and the successive decentralization programs that have been taken up in the last 25 years of local level planning. Hence it is essential to re-orient the existing systems and its challenges in an innovative manner so as to take Kerala's decentralization experience into the next level.

As we are gathering expertise, it is also essential to place on record the process of e-governance initiatives that are gathering pace in the current juncture with the development of software application such as K-Smart. This is enabling the development of digitalization of asset registers in the urban local bodies as well as in the rural local bodies. However, we need to examine the status and effectiveness of existing software such as Sulekha and Sanchaya to see how their architecture has been updated as per the requirements of the stakeholders especially the local bodies.

It is a matter of much concern that till date the huge data generated by the system have not been put into use as it has not been disseminated for the public, especially the researchers for wider public scrutiny, critical validation and capacity building in the realm of local level planning. This has in fact resulted in the absence of quality research, informed discussions and data backed policy interventions in local level planning and development. Further, this has also had its adverse effect on local finance especially with respect to local body taxes such as property tax which are important sources of revenue by local bodies. Apart from the plan progress, it is not encouraging to note that the data accounting architecture of local bodies is still an unresolved issue among the local bodies of Kerala. As remarked by someone concerned about local fund audit "the auditors presumably don't know what they are auditing as they are hardly provided with needed data"!

This is also the issue of quality data from local bodies with respect to spatial resources which is essential for good data analytics. However, the local governance architecture is still pondering with data management challenges in the e-governance systems. The question of whether the e-governance system has been able to cope with the heightened real time high frequency data generation and process it for the production of policy relevant inference to aid informed and locally relevant planning and policy interventions remain unanswered and calls for more deliberations.

The current state of affairs in the local body's e-governance scenario in Kerala therefore warrants the necessity to incorporate local governance into the pedagogy of economics and related disciplines so as to develop students' affinity towards the local governance issues. This is possible through greater local-body academia interaction to make effective use of the massive database for impactful local planning.

In the recent years, SDGs and the SDG based planning have been incorporated in the Panchayati Raj system. Initially, Kerala under KILA had developed the concept of Localisation of SDGs, leading to the development of Local Indicator Framework (LIF) and SDG Dashboard for local self-governments. Later, these have been modified, adapted to suit the country situation and have been made mandatory across the

country. The SDGs were modified into a theme-based framework with 9 themes (in Kerala we have ten themes). The LIF has various targets and indicators tailor made for the Panchayat situation. However, it is seen that the data for each of these indicators are not uniform (each agency or department has different values for the same indicator), many a time wrong or invalid and sometimes unavailable. On the other hand, a few of them are irrelevant to Kerala situation. This is also the case with Mission Antyodaya data. Thus, the LSGs do not have valid and reliable data on each of these indicators. If these were available, they would have been very useful for evidence-based planning and outcome monitoring. There is a need to work on this data management, where agencies and departments which work on the same areas need to come together, share data, validate them together and update regularly. This seminar should discuss on how this system should be developed. This has to be integrated into the K-Smart platform. While these exercises mentioned above are in the Panchayati Raj system, we need to work on it to be introduced in the urban scenario too. Use of database in the urban scenario assumes greater importance in vie of the rapid urbanisation process underway in Kerala, which is quite challenging.

The debate on local governments and e-governance also brings to focus issues such as how much data has been digitalized with respect to various real time variables and the quality of such data for the analytics. While Kerala has done away with the issue of inclusiveness in data collection, the functional mechanisms for its use at the local body level has not been developed. This is because of the many practical issues such as measurement at the local level. These loopholes of the information system can only be done away with the help of the multitude of stakeholders rather than depending solely on data technicians for correcting the existing issues. It is also essential to develop guidelines for collecting new data variables.

Against this back ground the conference may delve in the following issues

1. A stock taking of the current status of IT, e-governance and data for the local government institutions in Kerala.
2. Deliberate on the issues and challenges with respect to the existing initiatives and strategies for addressing the challenges the sphere of IT e-governance and data.
3. To come with the broad contours of our way forward and guidelines for reaping the potential of IT, e governance and data for local governments of Kerala.

**57**

## ഐടി- ഇഗവേണൻസ്

പി.വി. രാജേഷ്

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആധുനിക വൽക്കരണത്തിൽ ഏറെ മുന്നിലാണ്. 73, 74 ഭരണഘടന ഭേദഗതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ലഭിക്കുകയും, 1996 ലെ ജനകീയ ആസൂത്രണത്തിലൂടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ കൂടുതൽ കരുത്തുറ്റതാക്കുകയും ചെയ്യുകയുണ്ടായല്ലോ...

ഗ്രാമപഞ്ചായത്തുകളുടെ സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവഹണത്തിന് വിവരസാങ്കേതികവിദ്യ ഏറെ പ്രയോജനപ്രദമാണ്. ഈ ഗവേഷണൻസിന്റെ ഭാഗമായി തദ്ദേശ ഭരണം ഏറെ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാക്ഷരതയിലുള്ള മുന്നേറ്റവും വളർച്ചയും ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ വ്യാപനവും കേരളത്തിലെ ജനങ്ങളെ ഡിജിറ്റൽ ഭരണ സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ പരമാവധി ഉപയോഗിക്കാൻ സജ്ജരാക്കിയിട്ടുണ്ട്. ഈ സാധ്യതയും അവസരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ഇ ഗവേണൻസിന്റെ ഭാഗമായി നിരവധി സോഫ്റ്റ്‌വെയറുകൾ പ്രവർത്തിച്ചുവരുന്നു. ഇൻഫർമേഷൻ കേരള മിഷൻ (IKM) നേതൃത്വം നൽകുന്ന ഈ മേഖല സാധാരണക്കാർക്ക് ഏറെ പ്രയോജനം സൃഷ്ടിക്കുന്നുണ്ട്. 25 ഓളം സോഫ്റ്റ്‌വെയറുകൾ ആണ് നിലവിൽ ikm ന്റെ നിയന്ത്രണത്തിൽ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ളത്. സകർമ്മ, സുലേഖ, സങ്കേതം സഞ്ചയ, സചിത്ര, സാംഖ്യ, സേവന, ഹരിത മിത്രം.. Etc..

ഈ സോഫ്റ്റ്‌വെയറുകൾ എത്രമാത്രം ജനസൗഹൃദവും സുതാര്യവും കാര്യക്ഷമവും ആണ്.... പ്രായോഗിക അടിസ്ഥാനത്തിൽ എത്രമാത്രം പ്രശ്നങ്ങൾ നേരിടുന്നുണ്ട്..... എങ്ങനെ പരിഹരിക്കാം...പൂർണ്ണമായും കെ-സ്മാർട്ട് ആകുമ്പോൾ എങ്ങനെയുണ്ടാവും സമൂഹത്തിനും, വിവധ സംവിധാനങ്ങൾക്കും എത്രമാത്രം പ്രയോജനപ്രദമാകും.

**പ്രധാന നിർദ്ദേശങ്ങൾ**

- നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറുകൾ കാലോചിതമായി പരിഷ്കരിച്ച് ഒറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരിക (കെ സ്മാർട്ട് ഇതിനൊരു പരിഹാരമാകുമായിരിക്കും.)
- സോഫ്റ്റ് വെയറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം
- അതിൽ നിന്നുള്ള വിവര ലഭ്യത പരമാവധിയാക്കുക.
- ഗ്രാമപഞ്ചായത്ത് കൈകാര്യം ചെയ്യുവരുന്ന വിവിധ വിഷയങ്ങൾക്കായി നിരവധി സോഫ്റ്റ്‌വെയറുകൾ സജ്ജമാക്കിയിട്ടുണ്ടെങ്കിലും ചില മേഖലകളിൽ കൂടി പുതിയ സോഫ്റ്റ്‌വെയർ കൊണ്ടുവരാവുന്നതാണ്. ഉദാഹരണത്തിന് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ പ്രധാന പങ്കുവഹിക്കുന്ന തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കാവുന്നതാണ്. തൊഴിൽ നികുതി ബാധകമായിട്ടുള്ള സ്ഥാപനങ്ങളുടെയും പ്രൊഫഷണറുകളുടെയും ട്രേഡേഴ്സിന്റെയും ഡാറ്റാബൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കാവുന്നതും സമയബന്ധിതമായി ഡിമാൻഡ് നോട്ടീസ് അടക്കമുള്ളവ നൽകുന്നതിനും ഇതുമൂലം കഴിയുന്നതാണ്. ട്രേഡേഴ്സ് ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കൂടി കൂട്ടിച്ചേർത്തുകൊണ്ട് സംയോജിതമായും സോഫ്റ്റ്‌വെയർ തയ്യാറാക്കാവുന്നതാണ്.
- പഞ്ചായത്ത് യോഗങ്ങൾ പോലുള്ള ഇത്രയും ഗൗരവമുള്ള കമ്മിറ്റിയുടെ മിനിട്സ് രേഖപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ യൂസർഫ്രണ്ട്ലി ആക്കുക, അത് അടിയന്തിരമായി സാധാരണക്കാരനായ പഞ്ചായത്ത് പ്രസിഡന്റിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ യൂസർ ഫ്രണ്ട്ലിയായി ആവണം.
- ഗ്രാമസഭ നടത്തിപ്പിനായി ഒരു ഓൺലൈൻ ഗ്രാമസഭ പോർട്ടൽ തയ്യാറാക്കാവുന്നതാണ്. 2019 കോവിഡ് സമയത്ത് ഒരു ഗ്രാമസഭ പോർട്ടൽ അവതരിപ്പിച്ചിരുന്നു എങ്കിലും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയാണ്. പുതിയ സാങ്കേതിക വിദ്യകൾ വന്ന് കാലം വളരെയേറെ പുരോഗമിച്ചെങ്കിലും നമ്മുടെ ഗ്രാമസഭാ നടത്തിപ്പ് രീതി പഴയ സമ്പ്രദായത്തിൽ തന്നെയാണ് ഇപ്പോഴും നടന്നുവരുന്നത്. ഒരു വാർഡിലെ വോട്ടർക്ക് ലോകത്തിന്റെ ഏത് കോണിലിരുന്നും ഓൺലൈനിലൂടെ ഗ്രാമസഭയിൽ പങ്കെടുക്കാൻ ആകണം. അവരുടെ ഹാജർ മിനിറ്റിൽ രേഖപ്പെടുത്താൻ ആകണം. ഗ്രാമസഭ മിനിട്സ് ഓൺലൈനിലൂടെ രേഖപ്പെടുത്താൻ ആകണം. ആയതിനനുസൃതമായി പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഓൺലൈൻ ഗ്രാമസഭകൾ മിനിമം എണ്ണം കൂടുന്നതിനുള്ള തീരുമാനമുണ്ടാകണം.
- ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിലും പൊതുവായ ചുമതലകളിലും പെട്ട

## 58

# പ്രാദേശിക വിവരസഞ്ചികയും സുസ്ഥിര വികസന ലക്ഷ്യങ്ങളും

സുകന്യ കെ.യു.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തരത്തിലുള്ള വിവരങ്ങളും ഡേറ്റയും ലഭ്യമാണ്. ജനകീയാസൂത്രണം ആരംഭിക്കുമ്പോൾ തന്നെ അത്തരം ഡേറ്റയുടെ പ്രാധാന്യം വ്യക്തമാക്കിയിരുന്നു. ആദ്യ ഘട്ടത്തിൽ ദ്വിദീയ വിവരങ്ങളാണ് (Secondary Data) ആസൂത്രണത്തിനു ഉപയോഗിച്ചതെങ്കിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചില വിഷയങ്ങളിൽ എങ്കിലും പ്രാഥമിക വിവര ശേഖരണം നടത്തി വരാറുണ്ട്. ഐ. കെ. എം. ന്റെ നേതൃത്വത്തിൽ ഒരുക്കിയ സോഫ്റ്റ് വെയറുകൾ ജനകീയാസൂത്രണത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട നേട്ടവും മാത്രുകയും ആണ്. അതിന്നു ILGMS ലും കെ-സ്മാർട്ടിലുംഎത്തി നിൽക്കുന്നു. ഒരു പക്ഷേ, നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയിരിക്കും ഏറ്റവും വലിയ വിവരശേഖരണം ഉള്ള ഒരിടം.

എന്നാൽ ഈ വിവരശേഖരണം വേണ്ടത്ര ഫലപ്രദമായി ആസൂത്രണത്തിലും മോനിട്ടറിങ്ങിലും ഉപയോഗിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിട്ടില്ല. നടത്തിയ പ്രവർത്തനങ്ങളുടെയും കണക്കുകളുടെയും മുകളിലേക്ക് അയക്കാവുന്ന വിവരങ്ങൾക്കപ്പുറം അത് തങ്ങൾക്കു എങ്ങനെ ഉപയോഗിക്കാം എന്ന ശ്രമം വളരെ കുറച്ചു സ്ഥലങ്ങളിൽ മാത്രമാണ് നടന്നു വരുന്നത്. ഈ സാഹചയത്തിലാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ചട്ടക്കൂട് (SDG framework) ചർച്ച ചെയ്യപ്പെടേണ്ടത്.

ആഗോളതലത്തിലും ദേശീയതലത്തിലും രൂപകല്പന ചെയ്ത ചട്ടക്കൂടിന്റെ പ്രത്യേകത അത് ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ളതാണ് എന്നതാണ്. ലക്ഷ്യങ്ങൾക്കനുസൃതമായി സൂചകങ്ങളും ഉപസൂചകങ്ങളും അവയുടെ അടിസ്ഥാനത്തിൽ ഉപലക്ഷ്യങ്ങളും എന്നതാണ് രീതി. ഈ ചട്ടക്കൂട് ആസൂത്രണത്തിന് വളരെ ഫലം ചെയ്യും. എന്നാൽ അവ കേരളത്തിന്റെ വികസനരീതിയുമായും പ്രാദേശിക ആസൂത്രണത്തിനു ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ മാറ്റി എഴുതുകയാണ് കില ചെയ്തത്. കേരളത്തിനു തനതായ വികസന നയമുണ്ട്, പരിപാടിയുണ്ട്, ലക്ഷ്യങ്ങളുണ്ട്. അവ നടപ്പിലാക്കുന്നതിനു ഈ ചട്ടക്കൂടിനെ മാറ്റിയെടുക്കയാണ് ചെയ്തത്. വിഷയാടിസ്ഥാനത്തിൽ ലക്ഷ്യങ്ങളെ പുനരാവിഷ്കരിക്കുകയും (Themes) ഉപലക്ഷ്യങ്ങളെയും (Targets) സൂചകങ്ങളെയും (Indicators) അതിന്റെ അടിസ്ഥാനതിൽ മാറ്റുകയും ചെയ്യുകയാണ് ഉണ്ടായത്. അങ്ങനെ Local Indicator Framework (LIF) തയ്യാറായി. ചേലക്കര, നെല്ലനാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആണ് അത് ആദ്യം പരീക്ഷിച്ചത്. നമുക്കാവും എന്നു തെളിയിച്ച ശേഷമാണ് മറ്റു ഗ്രാമപഞ്ചായത്തുകളിലേക്കു വ്യാപിപ്പിച്ചത്. എല്ലാ തട്ടിലും ഉപയോഗിക്കാവുന്ന ഡാഷ് ബോർഡ് ഇതിന്റെ ഭാഗമായി സൃഷ്ടിച്ചു. അതിന്നു രാജ്യമെമ്പാടും ഉപയോഗിക്കത്തക്ക രീതിയിൽ പഞ്ചായത്തിരാജ് മന്ത്രാലയം പുനരാവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. എന്നാൽ, വീണ്ടും ഈ ചട്ടക്കൂട്ടിനെ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ രീതിയിൽ ചിട്ടപ്പെടുത്തണം എന്നതാണ് ഇനിയുള്ള നടപടി. അതുപോലെ, ആ വിവര സഞ്ചിക ജില്ല തലത്തിലും സംസ്ഥാന തലത്തിലും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ രൂപകല്പന ചെയ്യേണ്ടതുമുണ്ട്.

ഇതിന്റെ തുടർച്ചയായാണ് Panchayat Development Index (PDI) മന്ത്രാലയം നടപ്പിലാക്കിയതു. 577 സൂചകങ്ങളും 688 ഡാറ്റ പൊയന്റും ചേർന്ന വളരെ വിപുലമായ വിവര സഞ്ചികയാണത്. ദേശീയതലത്തിൽ പഞ്ചായത്തുകളെ വിലയിരുത്തുന്നത് PDI ( പഞ്ചായത്തു വികസന സൂചിക) യുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ ഗ്രാമപഞ്ചായത്തുകൾ അതിന്റെ അടിസ്ഥാനത്തിൽ ഡേറ്റ തയ്യാറാക്കി വരുന്നുമുണ്ട്. എന്നാൽ, ഇപ്പോൾ പഞ്ചായത്ത് അടാന്സിമെന്റ് ഇൻഡക്സ് (PAI) എന്ന പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ വിവരികുന്നതും ഓരോ ഗ്രാമ പഞ്ചായത്തുകളുടെ റാങ്ക് നിർണ്ണയിക്കുന്നതും അവസ്ഥാ വിശകലനം നടപ്പിലാക്കുന്നതും (PAI) വിവര സഞ്ചികയുടെ അടിസ്ഥാനത്തലാണ്. ഇതിൽ ഏകദേശം നൂറിൽ പരം സൂചകങ്ങളാണ് നിർവ്വചിച്ചിരിക്കുന്നത്.

ആ ചട്ടക്കൂട് ഉപയോഗിച്ച് തന്നെ നമുക്കാവശ്യമായ രീതിയിൽ മെച്ചപ്പെടുത്തി എടുക്കാനുള്ള ശ്രമം ആവശ്യമാണ്. അത് മറ്റു തദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുവാനുള്ള നടപടി ഉണ്ടാകണം. അവ നമ്മുടെ ആസൂത്രണത്തിനും ഉപയോഗിക്കുന്ന രീതിയും ശീലവും ഉണ്ടാകണം. അതിനുള്ള മാർഗ നിർദ്ദേശങ്ങളും വേണം. പരിശീലനത്തിനുള്ള ടൂൾ ആയും പ്രാദേശിക ആസൂത്രണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയം മോനിട്ടറിങ്ങിനും വിലയിരുത്തലിനും ഉപയോഗിക്കു രീതി വളർത്തണം. ശരിയായ വിവരങ്ങളാണ് എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനവും ഏർപ്പെടുത്തണം.

എന്നാൽ, ഇവയെല്ലാം നമുക്ക് ആവശ്യമായ രീതിയിൽ ചിട്ടപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാനത്തിന്റെ പൊതു വികസന ആസൂത്രണത്തിനും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയും. ലക്ഷ്യാധിഷ്ഠിത വികസനം എന്ന കാഴ്ചപ്പാടിലേക്ക് ഈ ചട്ടക്കൂടുകൾ ഉപയോഗിക്കാനാവുക. ഇത്തരത്തിലുള്ള ചട്ടക്കൂടുകൾ ഉപയോഗിച്ച് പ്രാദേശീക തലത്തിൽ വിവര ശേഖരണം നടത്തുക വഴി ഒരു സുസ്ഥിര ഡാറ്റ മാനേജ്മെന്റ് സിസ്റ്റം ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

59

# അധികാരവികേന്ദ്രീകരണവും ഇ-ഗവേണൻസും

എം. സുരേശൻ

### ഇന്നലെ

1994 ൽ നടപ്പാക്കിയ പ്രാദേശിക അധികാരവികേന്ദ്രീകരണം കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ ഫണ്ടും ജീവനക്കാരെയും നൽകിയെങ്കിലും മാറുന്ന കാലക്രമത്തിനനുസരിച്ച് ഭരണ സംവിധാനം അപ്ഗ്രേഡ് ചെയ്യുന്നതിന് സാങ്കേതികവിദ്യ കൂടി ഉപയോഗപ്പെടുത്തണമെന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക ഭരണ നിർവഹണം ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

സേവന പ്രദാനത്തിന്റെയും ഭരണനിർവ്വഹണത്തിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇ-ഗവേണൻസ് സംവിധാനമാണ് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ മാർഗം.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ ഭരണനിർവഹണവും സേവന പ്രദാനവും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ശ്രമം ആരംഭിക്കുന്നത് 1999 ൽ ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിക്കുന്നതിലൂടെയാണ്.

ആദ്യഘട്ടത്തിൽ ലോക്കൽ സർവറുകളിൽ വിന്യസിച്ച വ്യത്യസ്തങ്ങളായ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചത്. ആദ്യഘട്ടത്തിൽ 10 ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച ഐ കെ എം പിന്നീട് ആവശ്യകത അനുസരിച്ച് കൂടുതൽ അപ്ലിക്കേഷനുകൾ വികസിപ്പിച്ചു. ജനന മരണ രജിസ്ട്രേഷൻ മുതൽ പദ്ധതി രൂപീകരണം വരെ വിവിധങ്ങളായ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് ഇത്തരത്തിൽ സാധിച്ചു.

2009ൽ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനുകളെ ഓൺലൈൻ സോഫ്റ്റ്‌വെയറുകൾ ആയി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതോടൊപ്പം തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും ലഭ്യമാക്കി. ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനവും നൽകി. ഇതോടുകൂടി കമ്പ്യൂട്ടറൈസ്ഡ് എന്നതിൽ നിന്നും ഇ-ഗവേണൻസ് എന്ന തലത്തിലേക്ക് പ്രാദേശിക ഭരണ നിർവ്വഹണം മാറാൻ തുടങ്ങി.

### ഇന്ന്

ഐ എൽ ജി എം എസ് :-

വിവിധ സേവനങ്ങൾക്ക് വ്യത്യസ്തങ്ങളായ ഒറ്റപ്പെട്ട ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം തദ്ദേശസ്ഥാപനങ്ങളുടെ ഈ ഗവേണൻസ് രംഗത്തെ ഒരു പ്രധാന പോരായ്മയായി നിൽക്കുന്ന സമയത്താണ് ഈ സോഫ്റ്റ്‌വെയറുകളെയെല്ലാം സംയോജിപ്പിച്ച് ഒരൊറ്റ സോഫ്റ്റ്‌വെയർ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. അതിൻറെ ഭാഗമായി വികസിച്ച ഇ ആർ പി സോഫ്റ്റ്‌വെയറാണ് ഐ എൽ ജി എം എസ് (ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം) ഗ്രാമപഞ്ചായത്തുകളിലാണ് ഇവ വിന്യസിച്ചത്. വിവിധ ചുമതലകൾ നിർവഹിക്കുന്നതിന് വിവിധ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനുകൾ ഉപയോഗിക്കണമെന്ന പോരായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ ഈ സോഫ്റ്റ്‌വെയറുകൾക്ക് സാധിച്ചു. ഫയൽ, സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് എന്നീ മോഡ്യൂളുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചത്. ഗ്രാമപഞ്ചായത്തുകളുടെ ഭരണനിർവഹണം കാര്യക്ഷമമാക്കുന്നതിലും സേവനപ്രദാനത്തിലും ഐ എൽ ജി എം എസ് ഒരു പ്രധാന പങ്കുവഹിക്കുന്നു.

കെ സ്മാർട്ട് :-

ഗ്രാമപഞ്ചായത്തുകൾ ഓൺലൈൻ ഭരണസംവിധാനത്തിലേക്ക് മാറിയപ്പോഴും കേരളത്തിലെ നഗരസഭകളിൽ അത്തരത്തിലൊരു ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഉണ്ടായിരുന്നില്ല. അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തി കൂടുതൽ മികവാർന്ന ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നഗരങ്ങളിൽ ഏർപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2022ൽ കെ- സ്മാർട്ട് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ ഫയൽ, സിവിൽ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ പെർമ്മിറ്റ്, വസ്തു നികുതി, ഫിനാൻസ്, പൊതു ജനപരാതി പരിഹാരം, വ്യാപാര ലൈസൻസ്, ജീവനക്കാരുടെ മാനേജ്മെന്റ് എന്നീ മൊഡ്യൂളുകളാണ് കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയത്. 01.01.2024 ൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ നഗരങ്ങളിൽ വിന്യസിച്ച് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

### നാളെ

നഗരസഭകളിൽ വിന്യസിച്ച കെ സ്മാർട്ട് സോഫ്റ്റ്‌വെയറിന്റെ മികച്ച പ്രവർത്തനം കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വ്യാപിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും 01.04.2025 മുതൽ കെ-സ്മാർട്ട് നിലവിൽ വരികയാണ്. നിലവിലുള്ള 8 മൊഡ്യൂളുകൾക്ക് പുറമേ തദ്ദേശ ഭരണ നിർവഹണത്തിന് ആവശ്യമായ മറ്റെല്ലാ മൊഡ്യൂളുകളും ഉൾപ്പെടുത്തിയാണ് 01.04.2025 മുതൽ എല്ലാ സ്ഥാപനങ്ങളിലും

വിന്യസിക്കുന്നത്. ഇതോടുകൂടി പൊതുജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും ഓൺലൈൻ വഴി ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. കൂടാതെ പ്രാദേശിക ഭരണ നിർവ്വഹണം പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യപ്പെടും.

തദ്ദേശസ്ഥാപനങ്ങൾക്ക് പുറമെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാ സംസ്ഥാന ഓഫീസുകൾ, വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ വിസിക്കുന്നതാണ്.

ഇൻഫർമേഷൻ കേരള മിഷൻ എന്ന തദ്ദേശ വകുപ്പിന്റെ ഡിജിറ്റൽ ഏജൻസിയും നവീകരണത്തിന്റെയും വളർച്ചയുടെയും പാതയിലാണ്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ഐ കെ എം നെ സമീപിച്ച് കൊണ്ടിരിക്കുന്നു. കെ-സ്മാർട്ട് സോഫ്റ്റ് വെയർ തങ്ങൾക്കും ലഭ്യമാക്കണമെന്ന് മറ്റ് വിവിധ സംസ്ഥാനങ്ങളും ആവശ്യപ്പെടുന്നുണ്ട്. അതിനുള്ള പ്രവർത്തവും നടന്നുവരുന്നുണ്ട്. ഐ കെ എം നെ കേരളത്തിലെ ഏറ്റവും പ്രധാന ഐ ടി ഏജൻസിയായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിലാണ് നടപടികൾ മുന്നോട്ട് പോകുന്നത്.

**വെല്ലുവിളികൾ**

- വിവിധ വകുപ്പുകളുടെ കൈവശത്തിൽ ഒട്ടേറെ ഡാറ്റ ലഭ്യമാണെങ്കിലും അതൊക്കെ പരസ്പരം കൈമാറാൻ തയ്യാറാകാത്ത സാഹചര്യം നിലനിൽക്കുന്നു. ഇത് സോഫ്റ്റ്വെയർ വികസനത്തിനും അതുവഴിയുള്ള ഭരണ നിർവ്വഹണ മികവ് സാധ്യമാക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നു. സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ചെലവും വർദ്ധിക്കുന്നു.
- പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിന് വിമുഖത കാണിക്കുന്ന ചില ജീവനക്കാരും മറ്റ് ഉപയോക്താക്കളും
- സമ്പൂർണ്ണ ഡിജിറ്റൈസേഷനും ഓൺലൈൻ സേവന പ്രദാനത്തിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
- ഡാറ്റ സെന്ററുകളുടെ അപര്യാപ്തതയും ക്ലൗഡ് സേവനങ്ങൾ ഉപയോഗിക്കുന്നതിലുള്ള പരിമിതിയും നിയന്ത്രണങ്ങളും
- മാറുന്ന സാങ്കേതിക വിദ്യക്കനുസരിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനും ഡാറ്റാ അപ്ഡേഷനും സാധ്യമാക്കുന്നതിലുള്ള പോരായ്മകൾ.

# കാര്യശേഷി വികസനം

**60**

## അധികാര വികേന്ദ്രീകരണവും കാര്യശേഷി വികസന പ്രവർത്തനങ്ങളും

ഡോ. പി.പി. ബാലൻ

അധികാര വികേന്ദ്രീകരണ ലക്ഷ്യ സാക്ഷാത്ക്കാരം കാരിയശേഷി വികസന പ്രവർത്തനവുമായി ബന്ധിതമാണ്. വിവിധ തലങ്ങളിൽ കുറ്റമറ്റതായ രീതിയിലും ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടും നടക്കുന്ന ശാക്തീകരണ പ്രവർത്തനം വികേന്ദ്രീകരണത്തെ കാര്യക്ഷമമാക്കുന്നു. കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം 2022 ൽ തയാറാക്കിയ National Capacity Building Frame (ncbf) ഇതിലേക്ക് കൂടുതൽ വെളിച്ചം പകരുന്നു. മന്ത്രലയത്തിന്റെ ഏക പദ്ധതിയായ RUSA സാസ്തികരണത്തിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം നൽകി വരുന്നു

അധികാര വികേന്ദ്രീകരണത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമായ കേരളം പരിശീലങ്ങളുടെ പരീക്ഷണശാലയാണെന്ന് കാണാം. അത് പ്രകടമാകുന്നത് കില നടത്തുന്ന വേറിട്ട പരിശീലങ്ങളിൽ നിന്നാണ്. താഴെ ഗ്രാമ സഭാഅംഗങ്ങൾ മുതൽ മേഖല എം.പി, എം.എൽ.എമാർ വരെ പരിശീലനത്തിന്റെ ഭാഗമായി വരുന്നു. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ അധികാര വികേന്ദ്രികരണ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നത് മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയാത്ത കാഴ്ചയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിതികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഒന്നിന് പിറകെ ഒന്നായി പരിശീലക്കപ്പെടുന്നത് പ്രത്യേക ശ്രദ്ധ പിടിച്ച് പറ്റിയിട്ടുണ്ട്. കൂടാതെ വനിതാ, യുവജന, പട്ടിക ജാതി-വർഗ്ഗ ജന പ്രതിനിധികൾക്കും ലഭിച്ച പരിശീലനവും പ്രത്യേകം പരാമർശിക്കെണ്ടതാണ്. ദേശീയതലത്തിൽ തന്നെ വലിയ അംഗീകാരം നേടിയ പരിപാടിയാണ് പഞ്ചായത്തിൽ നിന്നും പഞ്ചായത്തിലേക്ക് എന്ന മാതൃക പ്രോജക്ട് വ്യാപാര പരുപാടി. ഉദ്യോഗസ്ഥ ജനപ്രതി

നിധി ബന്ധം ഊട്ടിയുറപ്പിക്കാൻ വേണ്ടി നടത്തുന്ന ജോയിന്റ് ട്രെയിനിങ് പ്രോഗ്രാം, സ്റ്റാന്റിങ് കമ്മറ്റി അംഗങ്ങൾക്കായി പ്രത്യേകം ചിട്ടപ്പെടുത്തിയ സൽഭരണപരിശീലനം തുടങ്ങിയവയും പ്രധാനമാണ്. ഹയർ സെക്കണ്ടറി - ക്രാഫ്റ്റ് വിദ്യാർഥികൾക്കായും അധികാര വികേന്ദ്രികരണത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനായി നൽകിവരുന്ന പരിശീലനങ്ങളുടെ ഭാഗമാണ്. ചെറുപ്പത്തിലേ പിടികൂടുക എന്ന രീതിയാണ് ഇവിടെ പിന്തുടർന്നിരിക്കുന്നത്. എല്ലാവരെയും ഉൾകൊള്ളുക എന്ന പരിശീലന സമീപനമാണ് കില ഇവിടെ കൈകൊണ്ടിരിക്കുന്നത്. കില യൂണിവേഴ്സിറ്റികളുമായി ചേർന്ന് നടത്തിവരുന്ന കോഴ്സുകൾ സ്വാഗതാർത്ഥമായ പരിപാടിയാണ്. ജപ്പാൻ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ പ്രാദേശിക ഗവണ്മെന്റുകളുടെ ശാസ്തികരണത്തിൽ സഹായിക്കുന്നുണ്ട്. NCDF വിഭാവനം ചെയ്ത പഞ്ചായത്ത് പഠന കേന്ദ്രങ്ങൾ കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നത് നല്ലതാണ്. എന്നാൽ കേരളത്തിൽ നടന്നുവരുന്ന ശാസ്തികരണ പ്രവർത്തനങ്ങളെ പ്രശംസിക്കുമ്പോൾ തന്നെ ഇവിടെയുള്ള ദൗർബല്യങ്ങളെ കണ്ടെത്തി പരിഹരിക്കപ്പെടേണ്ടതായുണ്ട്. ഇതിനായി പരിശീലനവുമായി ബന്ധപ്പെട്ട ഇമ്പാക്ട് അസ്സെസ്സ്മെന്റ് സ്റ്റഡി അനിവാര്യമാണ്. ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ഇത് ചെയ്യിപ്പിക്കുന്നത് നന്ന്. ട്രെയ്നറുമാരുടെ യോഗ്യതയും അവരുടെ തിരഞ്ഞെടുപ്പുമാണ് മറ്റൊരു കാര്യം. വിഭാഗിയത ഒഴിവാക്കി കഴിവുള്ളവർക്ക് തന്നെയാവണം മുൻഗണന. അസ്സോസിയേഷനുകളെക്കൂടെ ചില പരിശീലച്ചുമതല ഏൽപ്പിക്കുന്നതും ഉചിതമായിരിക്കും. പങ്കാളിത്തം ഉറപ്പ് വരുത്താൻ ഇവ സഹായകരമാകും. ദക്ഷിണ ആഫ്രിക്കയിലെ SALGA ആസ്ട്രേലിയലിലെ ALGA നോർവയിലെ KS തുടങ്ങിയ ലോക്കൽ ഗവണ്മെന്റ് അസോസിയേഷനുകൾ ആ രാജ്യങ്ങളിലെ പരിശീലന ചുമതല വഹിക്കുന്നു. സൽഭരണം ലക്ഷ്യമിട്ട് നടത്തുന്ന പരിശീലനങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനായി കൂടുതൽ ഗവേഷണ പഠന പരിപാടികൾ ഏർപ്പെടുത്തുന്നതും നന്നായിരിക്കും.

**61**

# കാര്യശേഷി വികസനം - സെമിനാർ കുറിപ്പ്

മുഖ്യ അവതരണം – പ്രൊഫ. ഒലീന എ.ജി.

## ആമുഖം

ഭരണനിർവഹണ മേഖലയിൽ നവീന ആശയങ്ങൾ മുന്നോട്ടുവച്ച പ്രസ്ഥാനമാണ് ജനകീയാസൂത്രണം. അതിന്റെ ഫലമായി നിരവധി മാറ്റങ്ങളാണ് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ളത്. 'അധികാരം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യം എല്ലാ അർത്ഥത്തിലും ഏറ്റെടുത്ത നാടാണ് കേരളം. നമുക്ക് കണ്ടും കേട്ടും അറിഞ്ഞും പരിചയമില്ലാത്ത ജനകീയ പങ്കാളിത്ത ആസൂത്രണ പ്രക്രിയയും അത് തീരുമാനിക്കാനുള്ള അധികാരവും ജനങ്ങൾക്ക് തന്നെ നൽകുന്ന ജനാധിപത്യ പ്രസ്ഥാനമായിരുന്നു അത്. 1939 മുതൽ ഇന്ത്യാരാജ്യത്ത് ആവേശോജ്ജ്വലമായി ചർച്ചചെയ്യപ്പെട്ട ഒന്നാണ് അധികാര വികേന്ദ്രീകരണവും ഗ്രാമസ്വരാജും. സ്വാതന്ത്ര്യ സമര കാലത്ത് പ്രബലമായ ചിന്തകളിൽ ഒന്നായിരുന്നു - നമ്മൾ ആരാൽ എങ്ങനെ ഭരിക്കപ്പെടണം എന്നത്. അത്തരമൊരാശയത്തെ പൂർണ്ണമായും ജനാധിപത്യവത്ക്കരിച്ച ബൃഹത്ത് പദ്ധതിയായിരുന്നു ജനകീയാസൂത്രണം. അതുകൊണ്ടുതന്നെയാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളം മികച്ചതാകുന്നതും.

നാളിതുവരെ കേരളത്തിലുടനീളം നടന്ന സാമൂഹിക വികസനം പ്രാദേശിക ജനകീയസ്വഭാവമുള്ളതാണ്. സാക്ഷരതാ പ്രവർത്തനം, ജനകീയാസൂത്രണം മുതൽ ഇന്ന് ഡിജി കേരളം വരെ ഉണ്ടായ മാതൃകകൾ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് നവീനമായ ചിന്തകളും, പുതുയുഗ ജനകീയ മുന്നേറ്റങ്ങളും, ആശയങ്ങളും അറിവുകൾ പകരാനായി AI പോലുള്ള സാങ്കേതിക സംവിധാനം അടങ്ങുന്ന മാധ്യമങ്ങളും ഉപയോഗിക്കേണ്ടതുണ്ട്. കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട് വിപ്ലവകരമായ പരിവർത്തനം സാധ്യമാണ്. അതിനായുള്ള വാതിലുകൾ തുറന്നു കിടക്കുന്നുണ്ടെങ്കിലും പുതിയ ആശയങ്ങളെ ഉൾക്കൊള്ളാൻ നമ്മൾ പ്രാപ്തരാണോ എന്ന ചോദ്യം വിമർശനാത്മകമായി നിലനിൽക്കുന്നു.

## കാര്യശേഷി വികസനം - എന്ത്? എന്തൊക്കെ?

മാറ്റങ്ങൾ കൊണ്ടുവരാനുള്ള കഴിവിനെയാണ് കാര്യശേഷി എന്ന് വിശേഷിപ്പിക്കുന്നത്. പ്രധാനമായും 3 മേഖലകളാണുള്ളത്.

1. മാനവവിഭവശേഷി (human resource development)
2. സ്ഥാപന വികസനം (institutional development)
3. ആശയങ്ങൾ നടപ്പാക്കാനുള്ള അനുകൂല നയസാഹചര്യം സൃഷ്ടിക്കൽ (policy environment)

പ്രാഥമികമായി ഇവ മൂന്നും ചേർന്നാൽ മാത്രമാണ് കാര്യശേഷി വികസനം സാധ്യമാകുന്നത്. അതിലൂടെ മാത്രമേ പ്രാദേശിക സുസ്ഥിര വികസനം അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളൂ.

## കാര്യശേഷി വികസനം നാളിതുവരെ

ജനകീയാസൂത്രണം മുന്നോട്ടു വച്ച ആശയങ്ങളെ ഉൾക്കൊള്ളാനും അതിനൊത്ത് മാറാനും അന്ന്

നിലനിന്നിരുന്ന സംവിധാനത്തിന് കഴിയുമായിരുന്നില്ല. അവിടെയാണ് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള കാര്യശേഷി വികസനം എന്ന നവീനമായ ചിന്ത ഉടലെടുക്കുന്നത്. ലോകത്ത് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ കാര്യശേഷി വികസനം ചർച്ച ചെയ്തിരുന്ന കാലത്തിനു മുന്നേ നമുക്ക് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ നിലവിലുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ആദ്യഘട്ട രൂപരേഖയും പ്രവർത്തനവും ഏകോപനവും കാര്യശേഷി വികസനവും എല്ലാം കൈകാര്യം ചെയ്തിരുന്നത് 1966ൽ നിലവിൽ വന്ന കേരള ഗ്രാമപ്പഞ്ചായത്ത് അസോസിയേഷൻ ആയിരുന്നു. പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ ശേഷി മികച്ചതാക്കാനുള്ള കൂട്ടായ പ്രവർത്തനങ്ങൾ 1985 മുതൽ കൂടുതൽ ജനകീയവത്ക്കരിച്ചു. 1990ൽ കില നിലവിൽ വന്നതോടുകൂടി പരിശീലനത്തിനും കാര്യശേഷി വികസനത്തിനും നവ മാതൃക സൃഷ്ടിക്കാനായി. വലിയ വിഭാഗം യുവജനങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പുവരുത്താനുമായി. അതിലൂടെ ജനകീയാസൂത്രണം, തദ്ദേശ ഭരണം, അധികാരവികേന്ദ്രീകരണം, ജനാധിപത്യം എന്നിവ താഴെ തട്ടിലുള്ള ജനവിഭാഗങ്ങളുടെ ജീവിതരീതിയായി. സമൂഹത്തിൽ ജീവിക്കുന്ന നാനാവിഭാഗം മനുഷ്യരെയും ചേർത്ത് നിർത്തിയ പങ്കാളിത്ത മാതൃകയായിരുന്നു അത്.

അധികാരവികേന്ദ്രീകരണം വഴി സ്കൂൾ വിദ്യാഭ്യാസം, സാക്ഷരത, ആരോഗ്യം എന്നിവ സ്ഥാപനവത്ക്കരിക്കുകയും ജനാധിപത്യവത്ക്കരിക്കുകയും ചെയ്തു. ജീവിത നിലവാരം ഉയർന്നു. തൊഴിൽ അവസരങ്ങൾ ഉണ്ടായി. തൃതീയമേഖല (ടെർഷ്യറി സെക്ടർ) കൂടുതൽ സേവന തത്പരരായ ഉദ്യോഗാർത്ഥികളെ ആകർഷിച്ചു. ലൈഫ് എക്സ്പെറ്റൻസി വർദ്ധിച്ചു. കേരളം ഇങ്ങനെ ആയത് കാര്യശേഷി വികസനത്തിന്റെ ചിട്ടയായ ഇടപെടലുകൾകൊണ്ട് മാത്രമാണെന്ന് അസന്ദിഗ്ധമായി സമർഥിക്കാം. പക്ഷെ 2025ൽ കേരളം പോലൊരു സംസ്ഥാനത്തിൽ ഇത്രയും മതിയോ എന്ന ചിന്തയും വ്യാകുലതയും വിമർശനാത്മകമായി പരിശോധിക്കേണ്ടതാണ്.

## കാര്യശേഷി വികസനം - രാഷ്ട്രീയം, സമൂഹം, വ്യക്തി, പോരായ്മകൾ

### സമൂഹം

കാര്യശേഷി വികസനത്തിന്റെ മൂന്ന് മേഖലകളിൽ ഈ പ്രക്രിയയുടെ ആരംഭകാലത്ത് ഏറ്റവും പ്രാധാന്യമുണ്ടായിരുന്നത് മാനവവിഭവശേഷിയാണ്. അതിനായി പരിശീലനങ്ങൾ സംഘടിപ്പിക്കുകയായിരുന്നു ചെയ്തത്. ഉദ്യോഗസ്ഥർക്കും, ജനപ്രതിനിധികൾക്കും അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ പ്രാപ്തമാക്കുന്ന രീതിയിലുള്ള മൂല്യാധിഷ്ഠിത പരിശീലനങ്ങൾ നൽകിയിരുന്നു. പരിശീലനങ്ങളിൽ കൂടുതലായും ആശയങ്ങൾ ചർച്ച ചെയ്തു. ജനാധിപത്യബോധമുള്ള ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സമൂഹവും ഒരു തലമുറയും വാർത്തെടുത്തു എന്നത് മികച്ച നേട്ടമാണ്. പക്ഷെ ആശയങ്ങളെ പുതുതലമുറയിലേക്ക് നൽകാൻ വിമുഖതയുണ്ടായിട്ടുണ്ട്. രണ്ടാം നിര എന്ന് അറിയപ്പെടുന്ന യുവതലമുറയെ അധികാരവികേന്ദ്രീകരണ പ്രക്രിയയിലേക്ക് ആകർഷിക്കാൻ, അവർക്ക് സാധ്യതകൾ നൽകാൻ ആത്മാർഥമായ പരിശ്രമം ഉണ്ടായില്ല. കേരളം അടുത്ത കാലത്ത് ചെന്നെത്തുന്നത് ഭീമമായ രാഷ്ട്രീയ പ്രതിസന്ധിയിലേക്കാണ്. വ്യവസ്ഥിതിയിൽ അധികാരവികേന്ദ്രീകരണം സംഭവിച്ചെങ്കിലും വ്യക്തികളിൽ അത് അത്രകണ്ട് ഫലപ്രദമായില്ലെന്ന് ചൂണ്ടിക്കാണിക്കാം. പ്രവർത്തനോന്മുഖമായ ഒരു സമൂഹത്തെ വാർത്തെടുക്കാനായോ എന്നത് അടിസ്ഥാനപരമായ ചോദ്യമാണ്.

### സ്ഥാപനങ്ങൾ

സ്കൂളുകൾ, പ്രാഥമിക - കുടുംബ - കമ്മ്യൂണിറ്റി കേന്ദ്രങ്ങൾക്ക് വേണ്ട അടിസ്ഥാനസൗകര്യവികസനത്തിൽ കേരളം ഒന്നാമതാണ്. അതിലൂടെ നൽകുന്ന സേവനങ്ങളും മികച്ചത് തന്നെ. 2025ലേക്ക് കാൽവയ്ക്കുന്ന നമുക്ക് ഈ പ്രവർത്തനങ്ങൾ/സേവനങ്ങൾ മാത്രം മതിയോ? വിവിധ സംവിധാനങ്ങളിലൂടെ നൽകാൻ കഴിയുന്ന സേവനങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതല്ലേ? PHCകളിൽ നമുക്ക് ഡയഗ്നോസിസ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിൽ രോഗബാധിതരുടെ എണ്ണം കൂടി വരുന്നുണ്ട്. കേരള മോഡൽ പാലിയേറ്റീവ് മാതൃക അടിസ്ഥാനപരമായി ജനകീയ മുന്നേറ്റമാണ്. എന്നാൽ ആരോഗ്യ-വിദ്യാഭ്യാസ രംഗത്തെ കൂടുതൽ ജനകീയമാക്കുന്നതിന്, സേവനങ്ങൾ വിപുലീകരിക്കുന്നതിന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ കൂടുതൽ ചർച്ച അർഹിക്കുന്നുണ്ട്. ഒരു പഞ്ചായത്ത് സേവനങ്ങൾ നൽകുന്നു. മറ്റ് പഞ്ചായത്തിൽ അത്തരമൊരു സേവനം നൽകുന്നില്ല എന്നും കരുതുക. എങ്കിൽ സേവനം ലഭിക്കുന്ന ജനങ്ങളും, അത് ലഭിക്കാത്ത ജനങ്ങളും തമ്മിൽ സാമൂഹികമായ അന്തരവും നൈതികമായ വേർതിരിവും ഉണ്ടാകുന്നുണ്ട്.

### രാഷ്ട്രീയം

കേരളത്തിന്റെ ജനകീയ മതനിരപേക്ഷ മുഖം ഉണ്ടായത് രാഷ്ട്രീയപ്രവർത്തനത്തിലൂടെയാണ്. ഒരു കാലഘട്ടത്തിൽ ജീവിച്ച മനുഷ്യരെ/ സമൂഹത്തെ പൂർണ്ണമായും രാഷ്ട്രീയവത്ക്കരിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്. അതുകൊണ്ടായിരിക്കും മതനിരപേക്ഷയുടെ വറ്റാത്ത ഉറവിടമായി കേരളം ഇന്നും നിലനിൽക്കുന്നത്. പക്ഷേ പ്രാദേശികമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന് ജാതി മത വിഭാഗങ്ങളുടെ താല്പര്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ലേ എന്ന് പരിശോധിക്കണം. ഇത് ദൂരവ്യാപകമായ ദുരവസ്ഥയിലേക്കു നയിക്കുകയും കേരളം മുന്നോട്ടു വച്ച സാഹോദര്യ മൂല്യങ്ങൾക്കും കോട്ടം സംഭവിക്കുകയും ചെയ്യും. ഭരണഘടന മുന്നോട്ട് വയ്ക്കുന്ന ജനാധിപത്യ മതേതര മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സാമൂഹിക ബോധ്യം

നിലനിർത്താൻ പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിന് ഉത്തരവാദിത്തമുണ്ട്.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും കാലാനുസൃതമായ മാറ്റം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. യുവജനങ്ങളുടെ, യുവ ജനപ്രധിനിധികളുടെ പുത്തനാശയങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ടോ? അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ വേണ്ട പ്രാദേശിക രാഷ്ട്രീയ നേതൃത്വം ഉണ്ടായിട്ടുണ്ടോ? കക്ഷി രാഷ്ട്രീയത്തിന് അതീതമായി എതിർ ചേരിയിൽ നിൽക്കുന്നവരെ ചേർത്ത് നിർത്താൻ പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ടോ? വിമർശനങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ടല്ലേ 'നമ്മുടെ ആളുകൾ' എന്ന ടാഗ് സമൂഹത്തിലെ ചില വ്യക്തികൾക്ക് നൽകേണ്ടി വരുന്നത്? ജനാധിപത്യ വ്യവസ്ഥയിൽ വിമർശനം, വിയോജിപ്പ് എന്നിവ ഉണ്ടാകണമെന്നതും അത്തരം സാഹചര്യങ്ങളിൽ സന്ദർഭോചിതമായി എങ്ങനെ പെരുമാറണമെന്നതും കാര്യശേഷി വികസനത്തിന്റെ ഭാഗമല്ലേ? അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വം സാമൂഹിക ഉൾച്ചേർക്കൽ ആണല്ലോ.

### കപ്പാസിറ്റി ഗ്യാപ് അനാലിസിസ്

നമ്മൾ പ്രത്യാശിച്ചതുപോലുള്ള ഒരു സംവിധാനമാണോ നമുക്കുള്ളത് എന്ന് വിലയിരുത്തണം. അതിനായുള്ള ടൂൾ കിറ്റ് വികസിപ്പിക്കണം. സ്ഥാപനതലത്തിൽ ടൂൾ കിറ്റ് ഉപയോഗിച്ച് ഗ്യാപ് അനാലിസിസ് നടത്തണം. കില KGPA, IKM, KYLA IMG പോലുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വിടവ് നികത്താൻ ആവശ്യമായ ബൃഹദ് പദ്ധതി ഉണ്ടാകണം.

### കാര്യശേഷി വികസനം - പുതിയ സമീപനം

### മാനവവിഭവശേഷി - പരിശീലനം

നിലവിൽ നടക്കുന്നത് പരിശീലനമാണോ ഓറിയന്റേഷൻ ആണോയെന്ന് വിലയിരുത്തണം. പരിശീലനത്തോടുള്ള സമീപനം അടിമുടി മാറണം.

1. ഉത്തരവാദിത്തങ്ങളിൽ ഊന്നിയുള്ള പരിശീലന രീതി ഉണ്ടാകണം. പ്രസിഡന്റിന്റെയും വാർഡ് അംഗത്തിന്റെയും ചുമതലകൾ വ്യത്യസ്തമാണ്.
2. പരിശീലനാർത്ഥികളുടെ വ്യാകുലതകൾ, പ്രശ്നങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനും കേൾക്കുന്നതിനുമായി പ്രത്യേക സമയം അനുവദിക്കണം.
3. ആശയങ്ങളോടുള്ള അക്കാദമിക സമീപനം പൂർണ്ണമായി ഉപേക്ഷിക്കണം. അനുഭവങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം. എക്സ്പോഷർ വിസിറ്റുകൾ ഉണ്ടാകണം. ഭൗതികമായ അറിവ് നേടുന്നതിന് ഇതെല്ലാം സഹായമാകും. പരിഹാരങ്ങൾക്ക് അക്കാദമികവും ശാസ്ത്രീയവുമായ പിൻബലം ഉണ്ടാകണം.
4. അറിവ് ജനാധിപത്യവത്ക്കരിക്കണം. ക്വാളിറ്റിയുള്ള ലഘു കൈപ്പുസ്തകങ്ങൾ നൽകണം. അതിൽ പ്രമുഖർ, ചിന്തകർ എന്നിവരുടെ ആശയങ്ങൾ അതേ അർത്ഥത്തിൽ പകർന്നു നൽകണം. ധൈഷണിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പ്രചോദനമായിരിക്കണം ഓരോ പരിശീലനവും.
5. മൊഡ്യൂൾ തയ്യാറാക്കൽ - ഒരേ മൊഡ്യൂൾ എടുത്ത് വെട്ടിച്ചുരുക്കി/ വികസിപ്പിച്ച് ചെയ്യുന്ന രീതി ഉപേക്ഷിക്കണം. ഇന്നലെ ഉണ്ടായ ആശയങ്ങൾ അല്ല ഇന്ന് നിലനിൽക്കുക. പുതിയ കാര്യങ്ങൾ ഉൾക്കൊണ്ട് ഓരോ പരിശീലനത്തേയും സമീപിക്കേണ്ടതുണ്ട്. പരിശീലന മൊഡ്യൂൾ, കൈപുസ്തകങ്ങൾ, ആശയവിനിമയം എന്നിവ പരിശോധിക്കണം.
6. ഓരോ പരിശീലനവും കഴിഞ്ഞ് അടുത്ത ഘട്ടത്തിലേക്കുള്ള പരിശീലനം വിഭാവനം ചെയ്യുമ്പോൾ, കഴിഞ്ഞ പരിശീലനത്തിന്റെ ഇമ്പാക്റ്റ്, വിലയിരുത്തൽ, ഉണ്ടായ മാറ്റങ്ങൾ, പുത്തൻ അറിവുകൾ എന്നിവ പരിഗണിക്കണം.
7. ആക്റ്റ്, റൂൾ, ഉത്തരവ് എന്നിവ പഠിപ്പിക്കലല്ല വേണ്ടത്, അതിന്റെ അന്തസത്ത മനസ്സിലാക്കാൻ, വ്യഖ്യാനിക്കാൻ, റഫർ ചെയ്യാൻ വേണം പഠിപ്പിക്കേണ്ടത്.
8. ലീഡർഷിപ്പ്, പ്രസംഗം, അവതരണം, ക്രോഡീകരണം, റിപ്പോർട്ട് തയ്യാറാക്കൽ, പ്രോജക്റ്റ് തയ്യാറാക്കൽ, ആസൂത്രണം, വിലയിരുത്തൽ, മോണിറ്ററിങ്, പങ്കാളിത്തം, പൊതുജനസമ്പർക്കം ഇന്റഗ്രേഷൻ, മാനേജ്മെന്റ്, ഫയൽ റീഡിങ്, ക്വിക്ക് റീഡിങ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കൽ എന്നിവയുടെ ടെക്നിക്കുകൾ, രീതിശാസ്ത്രം എന്നിവ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും അഭ്യസിപ്പിച്ച് ഇതിൽ അവർക്കുള്ള നൈപുണി വർദ്ധിപ്പിക്കണം.
9. പ്രാദേശികമായാലും സംസ്ഥാനമായാലും ഒരു ഭരണകൂടത്തിന്റെ ഭാഗമായാണ് ഇവരെല്ലാം പ്രവർത്തിക്കുന്നത്. ഭരണകൂടം എന്ന വ്യവസ്ഥിതിക്ക് വികാരമില്ല. എന്നാൽ അത് കൈകാര്യം ചെയ്യുന്നത് വികാരമുള്ള സാധാരണ മനുഷ്യ ജീവിതങ്ങളെയാണ്. അതുകൊണ്ട് പരിശീലനത്തിൽ socio-emotional ലേണിംഗ് (SEL) എന്ന വിഷയം ഉൾപ്പെടുത്തണം. മാനുഷികമൂല്യങ്ങളിൽ ഊന്നിയുള്ള പരിശീലന രീതി അവലംബിക്കണം. ജനാധിപത്യം, വിശ്വാസം, കരുണ, കേൾക്കുക, നീതിക്കായി നിലകൊള്ളുക എന്നീ ആശയങ്ങൾ ആക്റ്റിവിറ്റിയായി പരിശീലനത്തിൽ ഉൾപ്പെടുത്തണം.
10. പരിശീലനത്തിൽ പൊതുവെ ലക്ഷ്യങ്ങൾ (goals) മാത്രം ചർച്ച ചെയ്യുന്ന രീതി മാറണം. ലക്ഷ്യത്തിലേക്ക് എത്താൻ ആവശ്യമായ നടപടിക്രമങ്ങൾ, പ്രക്രിയകൾ, പദ്ധതികൾ എന്നിവ ലിസ്റ്റായി നൽകണം.

**സ്ഥാപനശേഷി**

1. ഒരേ ആൾ തന്നെ പരിശീലനങ്ങളിൽ മാറിമാറി പങ്കെടുക്കുന്ന രീതിമാറി എല്ലാവരും പരിശീലനത്തിൽ പങ്കെടുത്തുവെന്ന് ഉറപ്പ് വരുത്തണം.
2. പരിശീലനങ്ങൾക്ക് ഫോളോ അപ്പ് ഉണ്ടാവണം. അതിന്റെ ഇംപാക്റ്റ് പരിശോധിച്ച് തുടർപരിശീലനങ്ങൾ ആസൂത്രണം ചെയ്യണം. എന്നാൽ തുടർ പരിശീലനങ്ങൾക്ക് നേരത്തേ വന്നവർതന്നെ പങ്കെടുത്തു എന്ന് ഉറപ്പ് വരുത്തണം.
3. ജനപ്രതിനിധികൾക്കും, ജീവനക്കാർക്കും കോഴ്സ് ഡിസൈൻ ചെയ്യണം. അഞ്ച് മാസത്തെ കോഴ്സ് ആയിരിക്കണം. പഞ്ചായത്ത് പ്രസിഡന്റ്മാർ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺമാർ എന്നിവർ ആദ്യത്തെ 10 മാസത്തിനുള്ളിൽ ഈ കോഴ്സ് പൂർത്തിയാക്കിയിരിക്കണം. ജനപ്രതിനിധികൾക്ക് 2 മാസത്തെ കോഴ്സ് മതി. ഇത് ഓൺലൈനായും, ഓഫ്ലൈനായും, വർക്കുകൾ നൽകുന്നതിലൂടെയും, സ്വയം പഠനത്തിലൂടെയുമൊക്കെ ചെയ്യാൻ കഴിയുന്നതരത്തിലായിരിക്കണം.
4. നൂതന പ്രവർത്തനങ്ങൾ ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് അവരുടെ ആശയത്തെ വിപുലപ്പെടുത്തി ലക്ഷ്യത്തിൽ എത്തിക്കാനുള്ള പരിശീലനങ്ങൾ, രീതിശാസ്ത്രങ്ങൾ വികസിപ്പിക്കൽ എന്നിവയ്ക്ക് വേണ്ട സഹായം ഉണ്ടാവണം. ഇവ എല്ലാ ജനപ്രതിനിധികൾക്കും ലഭ്യമാക്കാനും പരിശീലനങ്ങളിൽ ഉപയോഗിക്കാനും കഴിയണം.
5. പരിശീലനങ്ങളുടെ ഭാഗമായി നല്ല മാതൃകകളുടെ അനുഭവം പങ്ക് വയ്ക്കാനും, അനുഭവം പങ്ക് വയ്ക്കാനുള്ള പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കാനും കഴിയണം. നല്ല മാതൃകകൾ ഓൺലൈനിൽ ലഭ്യമാക്കുകയും വേണം.
6. വിവിധതലങ്ങളിലുള്ള സ്വതന്ത്ര ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കണം. നിലവിലെ പോരായ്മകൾ, മികച്ച പ്രവർത്തനങ്ങൾ, ഭാവി സാധ്യതകൾ, സാമൂഹിക ഉന്നമനം, ഉൾച്ചേർക്കൽ എന്നിവയെ കുറിച്ചുള്ള പഠനങ്ങൾ ഉണ്ടാകണം. കേരളത്തിൽ മാത്രമേ അധികാരവികേന്ദ്രീകരണത്തിന്റെ ഗവേഷണ സാധ്യതകൾ നിലനിൽക്കുന്നുള്ളൂ. അത് പ്രയോജനപ്പെടുത്തണം.
7. വിവിധ വിഷയങ്ങളിൽ, ആസൂത്രണത്തിൽ, നിർവ്വഹണത്തിൽ, ഭരണത്തിൽ ഒക്കെ നടന്നിട്ടുള്ള പഠനങ്ങൾ, ഗവേഷണങ്ങൾ എന്നിവയിലെ കണ്ടെത്തലുകൾ എല്ലാ ജനപ്രതിനിധികൾക്കും ലഭ്യമാക്കാനും, പരിശീലനങ്ങളിൽ ഉപയോഗിക്കാനും, ഓൺലൈൻ വഴി ലഭ്യമാക്കാനും കഴിയണം.
8. പഞ്ചായത്തുകൾ രൂപപ്പെടുത്തുന്ന വികസന, ക്ഷേമ ആശയങ്ങൾ, അവരുടെ ആഗ്രഹങ്ങൾ എന്നിവ നടപ്പിലാക്കാൻ ഉതകുന്ന തരത്തിൽ പരിപാടികൾ തയ്യാറാക്കുന്നതിൽ, അതിന്റെ നിർവ്വഹണത്തിൽ, മോണിറ്ററിങ്ങിൽ, വിലയിരുത്തലിലൊക്കെ പിൻതുണ ഉറപ്പ് വരുത്താൻ സംവിധാനമുണ്ടാകണം. നേരിട്ടും ഓൺലൈനായുമൊക്കെ ഈ സേവനങ്ങൾ നൽകാവുന്നതാണ്, കൂടാതെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അപ്പപ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ നിവർത്തിക്കുന്നതിന് പ്രത്യേക സംവിധാനം, KILAയിലും വകുപ്പ് തലത്തിലും ഉണ്ടാവണം.

**62**

## കാര്യശേഷി വികസനം

പി.ജി. സൈറസ്

സമൂഹത്തിന്റെ സമഗ്രമായ വളർച്ചയിലൂടെ ജനങ്ങളുടെ സന്തോഷം വർദ്ധിപ്പിക്കുന്നതാകണം യഥാർത്ഥ വികസന കാഴ്ചപ്പാട്. ഇവിടെയാണ് 25 വർഷം പിന്നിട്ട ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി. നാം ജീവിക്കുന്ന ചുറ്റുവട്ടത്തിന്റെ കുറവ് അവർ തന്നെ ചൂണ്ടിക്കാട്ടി പരിഹാരനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്ന രീതിയായിരുന്നത്. ഇപ്പോൾ സുസ്ഥിര വികസന മാതൃക സ്ഥാനം പിടിച്ചു. ലഭ്യമായ വിഭവങ്ങളിൽ നിന്നുകൊണ്ട് ജീവിക്കുന്നവരെയും വരാൻപോകുന്ന തലമുറയെയും കണ്ടുള്ളതാണ് ഈ കാഴ്ചപ്പാട്. ജനകീയാസൂത്രണത്തിന് ഗ്രാമീണ വികസന കാഴ്ചപ്പാടിന്റെ മുഖവും സുസ്ഥിര വികസനത്തിന് ഒരു ലോക കാഴ്ചപ്പാടും ഉണ്ടെന്ന് മനസ്സിലാക്കാൻ കഴിയും.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വായു, വെള്ളം, ആരോഗ്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സന്തോഷം ജനങ്ങൾക്ക് പകർന്നു നൽകാൻ കഴിഞ്ഞാൽ സമൂഹം ഒന്നാകെ സന്തോഷത്തോടെ നിൽക്കും.

1. അതിനായുള്ള നൃൂതനമായ ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാൻ കഴിയണം. അതിന് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതൃത്വങ്ങൾ, പൊതുസമൂഹം എന്നിവരുടെ ആകെ കാര്യശേഷി വർധിക്കേണ്ടതായിട്ടുണ്ട്.
2. ലഭ്യമായ വിഭവ അവബോധത്തിൽ നിന്നുകൊണ്ടുള്ള വികസ ലക്ഷ്യങ്ങളെ സമീപിക്കാൻ കഴിയണം.

3. കൃത്യമായതും സ്ഥിരതയുള്ളതുമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണം.

4. നിലവിലുള്ള പ്രവർത്ത രീതിയിലെ പോരായ്മകൾ മനസ്സിലാക്കി അവയെ ആധുനികവും എല്ലാവർക്കും ഒരുപോലെ സമീപിക്കുവാൻ കഴിയുന്നതുമാക്കണം.

5. കാര്യശേഷി വികസനം കൃത്യമായി നിർവചിക്കാനും നടപ്പിലാക്കാനും ജനപ്രതികൾ, ഉദ്യോഗസ്ഥർ, സമൂഹം ഇവർക്കെല്ലാം വ്യക്തമായ അവബോധന ക്ലാസുകൾ നൽകേണ്ടതായിട്ടുണ്ട്.

6. നവ കേരള ആശയങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാരിന്റെ എല്ലാ സംവിധാനങ്ങളുടെയും പരിഗണനയും സഹായവും നൽകാൻ കഴിയണം. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനവും ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകണം. ഇങ്ങനെ രൂപപ്പെടുന്ന ആശയങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ, MLA, MP, CSR ഫണ്ടുകളുടെ അലോക്കേഷൻ ഉറപ്പുവരുത്തുവാൻ കഴിയണം.

7. തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്ക് കിലയുടെ നേതൃത്വത്തിൽ വിവിധങ്ങളായ പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇത്തരം പരിശീലനങ്ങളുടെ output ആരെങ്കിലും പരിശോധിക്കുന്നുണ്ടോ?

   അങ്ങനെയെങ്കിൽ, ഇതിനെല്ലാം ഒരു മോണിറ്ററിംഗ് ആവശ്യമല്ലേ. ഇപ്പോൾ നൽകി വരുന്ന പരിശീലനങ്ങൾ കുറെ കൂടി കാര്യക്ഷമമാക്കണം. ഇങ്ങനെ നൽകുന്ന പരിശീലനങ്ങൾ നിരന്തരം ലഭ്യമാക്കണം.

8. പരിശീലനങ്ങൾ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാത്രമല്ല വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും നൽകണം. പരിശീലനങ്ങളുടെ കലണ്ടർ കാലാനുസൃതമാക്കണം. വിവിധങ്ങളായ വിഷയങ്ങളിൽ നിരന്തര പരിശീലനം നൽകണം.

9. ലോകത്തെ പഠിച്ച് അതിനനുസൃതമായ പാഠ്യപദ്ധതി തയ്യാറാക്കി നമ്മുടെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പകർന്നു നൽകണം.

10. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന വൈവിധ്യമാർന്ന പ്രവർത്തന മുന്നേറ്റങ്ങൾ കാണാനും പഠിക്കാനും അവസരം ഉണ്ടാകണം.

11. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അവരുടേതായ വികസന കാഴ്ച്ചപ്പാടുകൾ ഉണ്ടാകും. അവരുടെ ലഭ്യമായ വിഭവങ്ങളിൽ നിന്നുകൊണ്ട് അവയൊക്കെ എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് അവരെ പഠിപ്പിക്കുവാനും ചെയ്യിക്കുവാനും സഹായങ്ങൾ നൽകാൻ കഴിയണം.

12. ഇന്നുള്ള ജനപ്രതിനിധികൾക്ക് ഏതെങ്കിലും കാര്യത്തിൽ സാങ്കേതിക പരിജ്ഞാനം ഉണ്ട് എന്ന് പറയുവാൻ കഴിയില്ല. അങ്ങനെയെങ്കിൽ, അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ ആസ്പദമാക്കിയുള്ള മികച്ച സാങ്കേതിക പരിജ്ഞാനം പകർന്നു നൽകാൻ കഴിയണം.

13. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവർക്ക് മുൻപരിചയമോ അനുഭവങ്ങളോ ഉണ്ടാകണമെന്നില്ല. നല്ല കാഴ്ച്ചപ്പാടോടുകൂടി പദ്ധതികളെ സമീപിക്കുവാൻ കഴിയുന്നത് 10% നു താഴെ മാത്രമേയുള്ളു. പദ്ധതി രൂപകല്പനയിൽ അവരെ സഹായിക്കാൻ കഴിയുന്ന പരിജ്ഞാനമുള്ളവരെ നൽകാൻ കഴിയണം.

14. ജനപ്രതിനിധികളാകാൻ വ്യക്തികളെ നിശ്ചയിക്കുമ്പോൾ അവർക്ക് എന്ത് സംഭാവന ഈ നാടിന് നൽകാൻ കെൽപ്പുണ്ടെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ 10 ശതമാനവും പത്താം ക്ലാസ് പോലും വിജയിക്കാത്തവരാണ്. നാടിന്റെ വികസന മുന്നേറ്റങ്ങൾക്ക് അവർക്ക് എന്ത് സംഭാവന നൽകാൻ കഴിയും. കാര്യശേഷിയുള്ള ജനപ്രതിനിധികൾ ഉണ്ടാകണം.

15. രാഷ്ട്രീയ നേതൃത്വങ്ങൾക്കും കാര്യശേഷിയിൽ അധിഷ്ഠിതമായ പരിശീലനങ്ങൾ നൽകണം. അവരെ മികച്ച പ്രവർത്തന മാതൃകകൾ കാണിക്കാനും പഠിപ്പിക്കുവാനും കഴിയേണ്ടതുണ്ട്.

---

പ്രസിഡന്റ്, പുന്നപ്രതെക്ക് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ

## 63

# നവകേരളത്തിനായുള്ള പ്രാദേശിക കാര്യശേഷി

സുകന്യ കെ.യു.

അധികാര വികേന്ദ്രീകരണത്തിന്റെ മുന്നുപാധികളായി (prerequisites) മൂന്നു കാര്യങ്ങളാണല്ലോ പറയുക – താഴെതട്ടിൽ ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും, മാനവ വിഭവ ശേഷി, കാര്യശേഷി. യഥാർഥത്തിൽ ആദ്യത്തെ രണ്ടും പരിശീലനങ്ങളും ചേർന്നതാണ് കാര്യശേഷി. ആദ്യത്തെ രണ്ടുമില്ലെങ്കിൽ പരിശീലനങ്ങൾ കൊണ്ട് കാര്യമില്ല. ഇവയെല്ലാം നടപ്പിലാക്കിയിട്ടു മാത്രം അധികാര വികേന്ദ്രീകരണം എന്നതിന് പകരം ആദ്യം അധികാരം വികേന്ദ്രീകരിക്കുക, പണവും, ആളുകളെയും സ്ഥാപനങ്ങളെയും താഴേക്കു നൽകുക എന്ന ബിഗ് ബാൻഗ് (Big Bang) സമീപനമാണല്ലോ കേരളം സ്വീകരിച്ചത്. അങ്ങനെയാണല്ലോ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതും. ഇതിനിടയിൽ മേല്പറഞ്ഞ മുന്നുപാധികൾ ഉറപ്പാക്കുവാനാവശ്യമായ നടപടികൾ അനിവാര്യമാകും. അതിനാവശ്യമായ പ്രാദേശിക സമ്മർദം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഉയർന്നു വരുന്ന ജനകീയ പങ്കാളിത്തവും വിവിധ ജനാധിപധ്യ വേദികളും ഉറപ്പാക്കും. അത് വഴി അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളും ശക്തിപ്പെടുകയും സ്ഥാപനവത്കരിക്കപ്പെടുകയും ചെയ്യും.

ഒരു ജനകീയ പ്രസ്ഥാനം എന്ന നിലയിൽ ജനകീയാസൂത്രണ പ്രസ്ഥാനം കേവലം ആസൂത്രണ പ്രവർത്തനം മാത്രമായിരുന്നില്ല. ഒരു പക്ഷെ അതിന്റെ പ്രധാന നേട്ടം കാര്യശേഷി വികസനത്തിൽ പുതിയൊരു പാതയും മാതൃകയും സൃഷ്ടിച്ചു എന്നതാണ്. അതിന്നു രാജ്യമെമ്പാടും നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ ഘട്ടത്തിനും ആവശ്യത്തിനും അനുസരിച്ച് പരിശീലനം. പരിശീലനത്തിനു ശേഷം അവ പ്രയോഗ പഥത്തിലെത്തിക്കാനുള്ള നടപടികൾ. വിവിധ തലത്തിലുള്ള പരിശീലനങ്ങൾ. മുകളിൽ നിന്നും താഴോട്ടു പടി പടിയായുള്ള പരിശീലന സംവിധാനം (Cascading). സന്നദ്ധ പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടെയും വൻ കൂട്ടായ്മ. വികേന്ദ്രീകൃതമായ പരിശീലന സംവിധാനം എന്ന നൂതന മാതൃക ഉരുത്തിരിഞ്ഞു വന്നു.

കാംപൈനിന് (People's Plan Campaign) ശേഷം കാര്യശേഷി വികസനത്തിനെ സ്ഥാപനവത്കരിക്കുവാനായി കാപ്ഡക് (Cap-Deck) പ്രോജക്റ്റ്. പരിശീലനങ്ങൾ കിലയിലേക്ക്. കിലയുടെ രൂപവും ഭാവവും മാത്രം മാറുകയായിരുന്നില്ല, പരിശീലന സ്ഥാപനങ്ങൾക്ക് പുതിയൊരു പ്രവർത്തന മാതൃക തയാറാക്കുകയായിരുന്നു. വികേന്ദ്രീകൃത പരിശീലന സംവിധാനത്തോടൊപ്പം മൊബൈൽ ടീം, എക്സ്റ്റൻഷൻ ഫാക്കൽറ്റി, ഹെല്പ് ഡസ്ക് തുടങ്ങി നിരവധി സംവിധാനങ്ങളിലൂടെ പരിശീലനത്തിന് ശേഷവും കിലയെന്ന പരിശീലന സ്ഥാപനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കൊപ്പം നിന്നു വരുന്നു എന്നത് പ്രാദേശിക തലത്തിൽ കാര്യശേഷി ഉറപ്പാക്കുന്നതിൽ നിർണ്ണായകമാണ്.

എന്നാൽ ഇന്ന് കാര്യശേഷി വികസനത്തിൽ പുതിയ സമീപനത്തിന് സമയമായി. കേവലം ക്ലാസ്സ് മുറികൾക്കപ്പുറം പ്രാദേശിക തലത്തിലേക്ക് കൂടുതൽ ഇറങ്ങി വേണം കാര്യശേഷി വികസനം. പുത്തൻ സമീപനങ്ങളും രീതിശാസ്ത്രവും സാങ്കേതികവിദ്യകളും, ശാസ്ത്രവും ജനകീയതയും ഉൾകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സമയമായി. ഇതിന്റെ മുന്നോടിയായുള്ള ചില പ്രവർത്തങ്ങൾ ഇതിനകം തന്നെ ആരംഭിച്ചത് മെച്ചപ്പെടുത്തി വ്യാപകമാക്കാവുന്നതാണ്.

1. ഇതിനകം ദേശീയ തലത്തിൽ മാതൃകയായ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണ അനുഭവങ്ങൾ. ഒരാശയത്തെ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ സാധ്യതൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി പുനരാവിഷകരിക്കുകയും അത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തന്നെ പരീക്ഷിച്ചു നോക്കുകയും പിന്നീട് അതിൻ പ്രകാരം SDG ചട്ടക്കൂട് തന്നെ പുനർനിർമ്മിക്കുകയും ചെയ്തു. അതിൻ പ്രകാരം ലക്ഷ്യാധിഷ്ഠിത പ്രാദേശിക ആസൂത്രണത്തിന്റെ ആദ്യ വിത്ത് പാകി. ഇനിയും മുന്നോട്ടു പോകാനുണ്ട്. ഇന്നത് ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടെങ്കിൽ കാര്യശേഷി വികസനത്തിന്റെ പുതിയ രീതിശാസ്ത്രവും മാതൃകയുമാണ്.
2. കാലാവസ്ഥാ വ്യതിയാനവും ദുരന്ത നിവാരണ പ്രവർത്തനങ്ങളും പ്രാദേശികവത്കരിക്കുക വഴി ശാസ്ത്രവും സാങ്കേതിക വിദ്യയും താഴെ തട്ടിൽ എത്തിക്കുവാനുള്ള കൂടെ നിന്നുള്ള കാര്യശേഷി വികസന മാതൃകയായി കണക്കാക്കാം.
3. അട്ടപ്പാടിയിലെ നീർത്തടാധിഷ്ഠിത പ്രവർത്തങ്ങളുടെ അനുഭവങ്ങളും നേട്ടങ്ങളും നേരിൽ കണ്ടു മനസിലാക്കിയുള്ള പരിശീലനം.
4. പഞ്ചായത്ത് ലേർണിംഗ് സെന്റർ - മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന പഞ്ചായത്തുകൾ തന്നെ പരിശീലന കേന്ദ്രങ്ങൾ ആകുന്ന പുത്തൻ രീതി. നേരിൽ കണ്ടു പഠിക്കുക എന്നത് മാത്രമല്ല, തങ്ങളെ പോലെയുള്ള മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നെങ്കിൽ അത് തങ്ങൾക്കും കഴിയുമെന്ന ആത്മവിശ്വാസം വളർത്തു

ന്ന അനുഭവമാകുന്നു. പുത്തൻ ആശയങ്ങൾ വളർത്തിയെടുക്കുവാൻ സഹായകമാകുന്നു.

5. കൂടെ നിന്നുള്ള സഹായത്തിനായി കിലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള MOU. അത് വഴി വർഷം മുഴുവൻ കില തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു നേരിട്ടുള്ള സഹായം നൽകുന്നു.

6. കില എന്ന സ്ഥാപനത്തിന്റെ ക്ലാസ് മുറികളിൽ നിന്നും കാര്യശേഷി വികസനം ഇനിയും പുറത്തു വരേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച അനുഭവങ്ങളിൽ നിന്നുമുള്ള പാഠങ്ങൾ ഉപയോഗിച്ച് പുതിയ പ്രവർത്തനങ്ങളിലേക്ക് മാറാനാകും. മാലിന്യമുക്തം നവകേരളം പ്രവർത്തനങ്ങളിലും അതിദരിദ്രരെ കണ്ടെത്താനുള്ള ഇടപെടലിലും കേവലം പരിശീലനം മാത്രമല്ല, പ്രവർത്തനങ്ങളുടെ ആശയവത്കരണത്തിലും പരിശീലനത്തിലും ആശയങ്ങൾ പ്രവൃത്തി പഥത്തിലെത്തിക്കുന്നതിലും പുതിയൊരു സമീപനമാണ് കില സ്വീകരിച്ചത്. ഒപ്പം വിവിധ വകുപ്പുകളോടും ഏജൻസികളോടും ഒപ്പം ചേർന്നുള്ള പ്രവർത്തങ്ങളും..

7. കോവിഡാനന്തര കേരളത്തിൽ സാങ്കേതികവിദ്യ കാര്യ ശേഷി വികസനത്തിൽ ഉപയോഗിക്കുന്നതിനു കിലയ്ക്കായി. പുതിയ കാലത്തിനനുസൃതമായി AI തുടങ്ങിയ പുത്തൻ സങ്കേതങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്കും സമയമായി.

8. ആവശ്യാനുസരണം പരിശീലനം സംഘടിപ്പിക്കുക-ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എന്താണോ അവർക്ക് ആവശ്യമുള്ളത് അത് നൽകാൻ പരിശീലന സംവിധാനത്തിന് കഴിയണം. കില ആ രീതിയിൽ പല തദ്ദേശ സ്ഥാപനങ്ങൾക്കും അത്തരം സപ്പോർട്ട് നൽകി തുടങ്ങിയിട്ടുണ്ട് അതിനെ വേണ്ട രീതിയിൽ ചിട്ടപ്പെടുത്തി പരിശീലന സംവിധാനത്തിന്റെ പ്രധാന ഭാഗമായി മാറ്റേണ്ടതുണ്ട്.

9. ഓരോ തവണയും യുവാക്കളായ നിരവധി ജനപ്രധിനിധികൾ എത്താറുണ്ട്. ആ ജനപ്രതിനിധികൾക്ക് പ്രത്യേകമായ ഓറിയന്റേഷൻ നൽകുകയും അവരുടെ ആശയങ്ങളും പുതിയ രീതികളും കൂടുതൽ പ്രവർത്തനത്തിലേക്ക് എത്തിക്കാൻ കഴിയുന്ന രീതിയിൽ അവരുടെ കാര്യശേഷിവർധിപ്പിക്കാനുള്ള പ്രത്യേക പരിപാടി ഇതിനകം തന്നെ കിലയും കൈലയും ചേർന്ന് നടത്തി തുടങ്ങിയിട്ടുണ്ട്. അത് വലിയ വിജയമായിരുന്നു. അതിനെ തുടർന്നും മുൻപോട്ടു കൊണ്ടുപോകാൻ കഴിയണം. അതും പരിശീലന സംവിധാനത്തിന്റെ അഭേദ്യ ഭാഗമായി വളർത്തിക്കൊണ്ടുവരാൻ കഴിയണം.

ഈ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ടുള്ള കാര്യശേഷി രൂപരേഖ തയ്യാറാക്കി പരിപാടികൾ ആസൂത്രണം ചെയ്യുന്ന രീതിയിലേക്ക് കാര്യ ശേഷി വികസന പ്രവർത്തനങ്ങൾ മാറണം.

64

# അധികാരവികേന്ദ്രീകരണത്തിലെ പ്രധാന സംഘടനാ രൂപങ്ങൾ

എ. ശ്രീധരൻ, മലപ്പുറം

**ആമുഖം**

കേരളത്തിൽ നടക്കുന്ന അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങളെ ജനകീയാസൂത്രണം എന്ന പേരിൽ തുടക്കമിട്ടത് കേവലാർത്ഥത്തിലായിരുന്നില്ല എന്ന് ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ബോധ്യമാകും.

ഇന്ദ്രപ്രസ്ഥത്തിലും അനന്തപുരിയിലും എ.സി. മുറികളിലിരുന്ന് ധനകാര്യ പണ്ഡിതർ നടത്തിയിരുന്ന ആസൂത്രണ പ്രക്രിയ കേരളത്തിലെ ജനങ്ങൾ ഏറ്റെടുക്കുകയായിരുന്നു.

പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ച ജനകീയ വേദിയായ ഗ്രാമസഭയും നഗരപാലികാ നിയമത്തിലെ വാർഡ് സഭയും വലിയൊരു സാധ്യതയും പുത്തനുണർവും നൽകി ഈ പ്രക്രിയക്ക് ആക്കം കൂട്ടി. ഒമ്പതാം പദ്ധതിയുടെ തുടക്കത്തിൽ 30 ലക്ഷം പേരാണീ ജനകീയ സഭകളിൽ പങ്കു ചേർന്നത് എന്നത് ഈ സംവിധാനത്തോട് ജനങ്ങൾക്കുള്ള മനോഭാവത്തിന്റെ തെളിവാണ്. ഏതാനും പേരിൽ ഒതുങ്ങി നിന്നിരുന്ന ആസൂത്രണ പ്രക്രിയയിൽ നാടാകെ പങ്കാളികളാകുകയായിരുന്നു.

കേരളത്തിലെ ആസൂത്രണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനുതകിയ ഡി.പി.സി., ജില്ലാ പദ്ധതി, ഡി.പി.ആർ.സി., ബി.പി.ആർ.സി., ഐ.കെ.എം. തുടങ്ങിയ ചില സംഘടനാ സംവിധാനങ്ങളെ വിശകലന വിധേയമാക്കുകയാണ് ഇവിടെ. തെരഞ്ഞെടുപ്പ് കമ്മീഷൻ, ധനകാര്യ കമ്മീഷൻ എന്നിവയെക്കൂടി ഉൾപ്പെടുത്തി ഇത് വിപുലമാക്കേണ്ടതുണ്ട്.

## 1 ജില്ലാ ആസൂത്രണ സമിതി

ജില്ലാ തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ജില്ലാ വികസന സമിതികൾ അതായത് ഡി.ഡി.സി. കൾ നിലവിലുണ്ടായിരുന്നു. ജില്ലാ കലക്ടർ നിയന്ത്രിക്കുന്ന ഈ സംവിധാനം തികച്ചും ഉദ്യോഗസ്ഥ സംവിധാനമാണ്. ജനകീയ സഭകൾക്കോ സംവിധാനങ്ങൾക്കോ ഇതിൽ ഒരു റോളുമുണ്ടായിരുന്നില്ല. ഇപ്പോഴുമില്ല.

സംസ്ഥാന ബഡ്ജറ്റിന് മുന്നോടിയായും ബഡ്ജറ്റിനു ശേഷവും വകുപ്പുതല മേധാവികൾ തയ്യാറാക്കുന്ന പദ്ധതികൾ വിശകലനം ചെയ്യുന്ന സംവിധാനമെന്നതിലുപരി അധികാരവികേന്ദ്രീകരണത്തിൽ ഈ ഡി.ഡി.സി. കൾക്ക് ഒരു റോളും വഹിക്കാനായില്ല. ഓരോ ഇനത്തിലും തുക വിലയിരുത്താനാവശ്യമായ നിർദ്ദേശങ്ങൾ സമാഹരിക്കാൻ ബഡ്ജറ്റിനു മുമ്പും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകകൾക്കുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ബഡ്ജറ്റിനു ശേഷവും വകുപ്പുതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക എന്നതിൽ ഒതുങ്ങി നിന്നു ഡി.ഡി.സി.കളുടെ പദ്ധതികളുമായുള്ള ബന്ധം. ജില്ലാ സ്കീമുകൾ എന്നാണിവ അറിയപ്പെടുന്നത്. വകുപ്പു പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നത് മാത്രമായി ഇതിലെ അജണ്ട. ബഡ്ജറ്റ് വിഹിതമായി തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ഡി.ഡി.സി.കൾ അവഗണിച്ചു.

ഇത് ആസൂത്രണ പ്രക്രിയയിൽ നിന്ന് ജില്ലാതല ഉദ്യോഗസ്ഥരെ അകറ്റുന്നതിലേക്കാണ് നയിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ഉയർന്ന ഉദ്യോഗസ്ഥ തലങ്ങളിൽ മോണിറ്റർ ചെയ്യപ്പെടാതെ പോയി. ഇത് താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് പദ്ധതി പ്രവർത്തനങ്ങളിൽ അക്കൗണ്ടബിലിറ്റി ഉറപ്പാക്കുന്നതിന് സംവിധാനമില്ലാതെ പോയി എന്നതാണ് പരമാർത്ഥം. പദ്ധതിപ്പണം വിനിയോഗിച്ചാലും ഇല്ലെങ്കിലും ഉദ്യോഗസ്ഥരോട് ആരും ചോദിക്കാനില്ലാത്ത അവസ്ഥ വന്നു ചേർന്നു. തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയന്റ് ഡയറക്ടറുടെ പ്രതിമാസ യോഗങ്ങളിൽ മാത്രം നടക്കുന്ന ചടങ്ങുകളായി ഇത്തരം മോണിറ്ററിംഗ് അധഃപതിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിനു പുറത്തുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതിപ്രവർത്തനങ്ങളുടെ നിർവ്വഹണത്തിൽ ആരോടും മറുപടി പറയേണ്ടാത്ത സ്ഥിതിവിശേഷം ഗൗരവമായ ചർച്ചകൾക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. ജനപ്രതിനിധി സംവിധാനം ഇതിന് മുതിരുക തന്നെ വേണം.

1991 ൽ കേരളത്തിൽ ജില്ലാ കൗൺസിലുകൾ നിലവിൽ വന്നതോടെ ജില്ലാതല ആസൂത്രണത്തിന് ഒരു ദിശാബോധം കൈവരിക്കാൻ ശ്രമമുണ്ടായി. എന്നാൽ സംസ്ഥാനത്തൊരു ഭരണമാറ്റം വന്നതോടെ ഇത് തകിടം മറിയുകയായിരുന്നു.

ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം പ്രത്യേകം തുരുത്തുകൾ പോലെയാണ് തുടക്കത്തിൽ പ്രവർത്തിച്ചിരുന്നത്. അവരവരുടെ ആവശ്യങ്ങൾക്കനുസരിച്ച പ്രോജക്റ്റുകളും പദ്ധതികളുമായി അവർ മുന്നേറി.

ഇവയെ ബ്ലോക്കു തലത്തിലും ജില്ലാ തലത്തിലും സമന്വയിപ്പിച്ചാൽ മാത്രമേ സമഗ്ര വികസനമെന്ന ലക്ഷ്യം നേടാനാകൂ എന്ന തിരിച്ചറിവ് ഒമ്പതാം പദ്ധതിക്കാലത്തു സജീവമായി ചർച്ച ചെയ്യപ്പെട്ടു.

ബ്ലോക്ക്/ജില്ലാതലങ്ങളിലെ പദ്ധതികളെ താഴെതല പദ്ധതികളുടെ സംയോജനത്തിനും വിടവ് കണ്ടെത്തി നികത്തുന്നതിനും ഊന്നുന്ന കാഴ്ചപ്പാടുകൾ പിന്നീട് ഉരുത്തിരിഞ്ഞു വന്നു. അതായത് ഗ്രാമതലത്തിൽ

ചെയ്യുന്ന പ്രവർത്തനങ്ങൾ ബ്ലോക്കു തലത്തിലും ബ്ലോക്കുതല പ്രവർത്തനങ്ങൾ ജില്ലാ തലത്തിലും ആവർത്തിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കപ്പെടുക തന്നെ വേണം. ഇതിന് പിന്നീട് ഒരു വ്യവസ്ഥ കൈവന്നു.

ഇതാണ് ഇന്നു കാണുന്ന ജില്ലാ ആസൂത്രണ സമിതികൾ.

ഭരണഘടനാ അനുഛേദം 243ZD അനുസരിച്ച് നിലവിൽ വന്ന സംവിധാനമാണ് ഡി.പി.സി.കൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകലും ജില്ലയുടെ മൊത്തം വികസനം ലക്ഷ്യം വച്ച് ജില്ലാ രൂപം നൽകലുമാണ് ഡി.പി.സി. കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. സാങ്കേതിക സഹായ ചുമതല ജില്ലാ ടൗൺപ്ലാനർക്കും സ്ഥിതിവിവരങ്ങൾ ലഭ്യമാക്കാനുള്ള ചുമതല ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർക്കും കോ ഓർഡിനേഷൻ ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർക്കുമാണ്. കേരള നഗരപാലികാ നിയമത്തിലെ സെക്ഷൻ 53 അനുസരിച്ച് ഇതിന്റെ ഘടനയും നിശ്ചയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പരിശോധിച്ച് കുറ്റമറ്റതാക്കി അംഗീകരം നൽകുന്ന ഡി.പി.സി.കൾ ഭരണഘടനാപരമായ പിൻബലത്തിലാണ് നിലവിൽ വന്നിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ആധ്യക്ഷം വഹിക്കുന്നതിനാൽ ഇതിനൊരു ജനകീയ തലം ഉറപ്പായി. ജില്ലാ കലക്ടറാണ് മെമ്പർ സെക്രട്ടറി. ജില്ലാ പ്ലാനിംഗ് ഓഫീസറാണ് കോ ഓർഡിനേറ്റ് ചെയ്യുന്നത്. എം.പി.മാരും എം.എൽ.എ. മാരും സ്ഥിരം ക്ഷണിതാക്കളാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളുടെ നോമിനികൾ പ്രത്യേകം ക്ഷണിതാക്കളാണ്. ജില്ലാതല ഉദ്യോഗസ്ഥരെയാകെ പദ്ധതി പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇതുവഴി സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന പ്ലാൻഫണ്ടിന്റെ പദ്ധതികൾ മാത്രമേ ഡി.പി.സി.യിൽ ചർച്ചക്ക് വരുന്നുള്ളൂ എന്നത് പ്രധാന പരാധീനതയായി നിലനിൽക്കുകയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൊണ്ടു വരുന്ന വികസന പദ്ധതികൾ അംഗീകരിക്കുന്ന ഒരു ഏജൻസിയായി മാറി ഇപ്പോൾ ഡി.പി.സി. ഉപവിഭാഗങ്ങൾ യോഗം ചേർന്ന് ഗുണമേന്മാ പരിശോധന തീരെ നടക്കുന്നില്ല. ജില്ലാ പദ്ധതി നിർദ്ദേശങ്ങളുമായോ ജില്ലയുടെ പൊതു സ്ഥിതിയോ പരിഗണിക്കപ്പെടുന്നില്ല.

## 2 ജില്ലാ പദ്ധതി

ഭരണഘടനാ അനുഛേദം 243ZD അനുസരിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 53 ാം സെക്ഷൻ പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ ആസൂത്രണ സമിതിയുടെ മുഖ്യ ചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, മറ്റ് സർക്കാർ ഏജൻസികൾ എന്നിവയ്ക്കു വികസനത്തിന്റെ കാര്യത്തിൽ ദിശാബോധം നൽകുക എന്നതാണ് ജില്ലാ പദ്ധതികൊണ്ട് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ അവലോകനം ചെയ്ത് ജില്ലാ പദ്ധതിക്ക് മൂന്ന് ഭാഗങ്ങളുണ്ട്. ജില്ലയുടെ വികസന കാഴ്ചപ്പാടാണ് ഒന്നാമത്തെ ഭാഗം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും സംയോജനവും ഭാവി ആസൂത്രണ നിർദ്ദേശങ്ങളും ആണ് രണ്ടും മൂന്നും ഭാഗങ്ങൾ.

നിലവിലെ സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്ത് വകുപ്പ് തലവന്മാർ വിഷയമേഖലകൾക്ക് ചുമതല വഹിക്കുന്നു. ജില്ലാതല ഓഫീസർമാരുടെ കാര്യക്ഷമമായ നേതൃത്വം വഴി ജില്ലകളിൽ ജില്ലാ പദ്ധതികൾ മാതൃകാപരമായാണ് തയ്യാറാക്കുന്നത്. ഗവേഷണ വിദ്യാർത്ഥികൾക്കടക്കം പ്രയോജനകരമാണീ ജില്ലാ പദ്ധതി. ജില്ലയെ സമഗ്രമായി കണ്ട് നിലവിലെ സ്ഥിതി ശാസ്ത്രീയമായി വിശകലനത്തിന് വിധേയമാക്കി പ്രായോഗിക നിർദ്ദേശങ്ങൾക്ക് മൂർത്ത രൂപം നൽകാൻ ജില്ലാ പദ്ധതികൾക്കാകുന്നുണ്ട്.

എന്നാൽ, രൂപീകരണ ഘട്ടം കഴിഞ്ഞാൽ ഇത്തരം ജില്ലാ പദ്ധതികൾ ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന കാഴ്ചയാണ് കണ്ടു വരുന്നത്. ഇതിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ പിന്തുടരാൻ ജില്ലാ ആസൂത്രണ സമിതികൾക്കാകുന്നില്ല. ഇതനുസരിച്ചാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളും പ്രോജക്ടുകൾ രൂപവത്കരിച്ച് നടപ്പാക്കുന്നത് എന്ന പരിശോധനയ്ക്ക് ഇടമില്ലാതെ പോകുന്നു. യഥാർത്ഥത്തിൽ ജില്ലാ ആസൂത്രണ സമിതികൾ ഈ റോളിലേക്ക് വളരേണ്ടതാണ്. അത് നടക്കുന്നില്ല. ഇത് ഗൗരവമായ ചർച്ചകൾക്ക് വിധേയമാക്കിയിട്ടില്ലെങ്കിൽ ജില്ലാ പദ്ധതിക്കായി ചെലവഴിക്കുന്ന പണം പാഴായിപ്പോകും.

## 3 വിവരാധിഷ്ഠിതമായി ബലപ്പെടുത്തൽ

അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ സുതാര്യമാകാനും ശാക്തീകരിക്കാനും വിവരസാങ്കേതിക വിദ്യ ഒഴിച്ചു കൂടാനാകാത്തതാണ്. മോണിറ്ററിംഗ് കൃത്യപ്പെടുത്താനും ഇത് ഉപകരിക്കുമെന്ന തിരിച്ചറിവാണ് ഇൻഫോർമേഷൻ കേരള മിഷൻ എന്ന സംഘടനാ സംവിധാനത്തിലേക്ക് നയിച്ചത്.

പദ്ധതി ആസൂത്രണത്തിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനം ദിന പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്കരിച്ച് വേഗത കൂട്ടാൻ ഐ.കെ.എം. വഴി സാധിച്ചു. ജനപങ്കാളിത്തവും കൂടി. പദ്ധതി നിർവ്വഹണത്തിന്റെ വേഗത കൂടി. ജനങ്ങൾക്ക് സേവനങ്ങൾ എളുപ്പത്തിൽ ലഭിക്കാൻ തുടങ്ങി.

പ്രോജക്ട് രൂപീകരണത്തിലെയും അംഗീകാര നടപടികളിലെയും സങ്കീർണ്ണതകൾ കൂടിക്കൂടി വരുന്നത് ഉദ്യോഗസ്ഥരിൽ ഐ.കെ.എമ്മിനെക്കുറിച്ച് അവമതിപ്പുണ്ടാക്കാൻ ഇടവന്നിട്ടുണ്ട്. പ്രോജക്ടുകൾ അപ് ലോഡ് ചെയ്യുന്നതു മാത്രമാണ് ഐ.കെ.എമ്മിന്റെ ചുമതല എന്ന മട്ടിലാണിപ്പോൾ കാര്യങ്ങൾ നീങ്ങുന്നത്. ഇതിനു പകരം പദ്ധതികളിലെ വിവര ഉള്ളടക്കം വർധിപ്പിക്കുന്നതിനു കൂടി ഐ.കെ.എമ്മിന്റെ സംഘടനാ സംവധാനം പ്രയോജനപ്പെടുത്താനാ

കണം. ജില്ലകളിലെ സാങ്കേതിക സ്ഥാപനങ്ങളെ ആസൂത്രണ പ്രക്രിയയിൽ കണ്ണി ചേർക്കാൻ പറ്റണം.

### 4 സാങ്കേതികാംഗീകാരത്തിന്...

പരിശോധനക്കായി സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സന്നദ്ധസംഘടനാ സംവിധാനമാണ് ജനകീയാസൂത്രണത്തിലെ സവിശേഷമായ ഒരു സംഘടനാ സംവിധാനം.

വളണ്ടിയർ ടെക്നിക്കൽ കോർ എന്ന സമിതി എല്ലാ തലത്തിലും നിലവിൽ വന്നു. 55 വയസ്സിൽ വിരമിച്ചാലും സാങ്കേതിക ശേഷിയും ആരോഗ്യവും ഏറെയുള്ള ജനവിഭാഗത്തെ വികസനത്തിൽ കണ്ണിചേർക്കാനായി.

വളരെ ആവേശത്തോടെയാണ് വിരമിച്ച സാങ്കേതിക വിദഗ്ദ്ധർ ഈ സംവിധാനത്തോട് ചേർന്ന നിന്നത്. പദ്ധതികളുടെ സാങ്കേതിക അനുമതികൾക്കായി നിലവിൽ വന്ന സംവിധാനമാണ് എക്സ്പർട്ട് കമ്മറ്റികൾ. ബ്ലോക്കു തലത്തിൽ ബി.എൽ.ഇസി, നഗരസഭാതലത്തിൽ എം.എൽ.ഇ.സി. ബ്ലോക്ക്/ജില്ലാ പദ്ധതികളുടെ പരിശോധനക്കായി ജില്ലാ കലക്ടർ അധ്യക്ഷനായ ഡി.എൽ.ഇ.സി. അതത് തലങ്ങളിലെ സാങ്കേതിക സമിതിയുടെ കൺവീനർമാർ ആ തലത്തിന്റെ തൊട്ടു മുകളിൽ റാങ്കുള്ള ഉദ്യോഗസ്ഥനായിരുന്നു.

ജില്ലാ ആസൂത്രണ സമിതിക്ക് സാങ്കേതിക ഉപദേശം നൽകാനും ഡി.എൽ. ഇ.സി. ക്ക് കഴിഞ്ഞിരുന്നു. കൂടാതെ താഴെതട്ടിലുള്ള വിദഗ്ദ്ധസമിതികളുടെ തർക്കങ്ങൾ പരിഹിരിക്കാനും ഡി.എൽ.ഇ.സി. വഴി കഴിഞ്ഞിരുന്നു.

പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്ന പ്രക്രിയയുടെ കാലതാമസം നീങ്ങിക്കിട്ടി.

തുടർന്നു വന്ന ഭരണമാറ്റം ഈ സംവിധാനങ്ങളെയാകെ തകിടം മറിച്ചു. പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മയെവരെ ഇത് സ്വാധീനിച്ചു എന്ന് ചരിത്രം നമ്മോട് പറയുന്നു.

### 6 ഡി.പി.ആർ.സി. യും ബി.പി.ആർ.സി.കളും.

പതിമൂന്നാം പദ്ധതിക്കാലത്ത് ആസൂത്രണബോർഡ് കൊണ്ടു വന്ന സംവിധാനമായിരുന്നു ഡി.ആർ.സി.കൾ. ജില്ലാ റിസോഴ്സ് സെന്റർ. കാലം കഴിയുന്തോറും തദ്ദേശസ്വയംഭരണ തലത്തിലെ പദ്ധതികളുടെ ഗുണനിലവാരം കുറഞ്ഞു കുറഞ്ഞു വരുന്നത് വലിയ ആക്ഷേപങ്ങൾക്ക് വിധേയമാകുകയുണ്ടായി. ജനങ്ങൾക്ക് പദ്ധതികളിലുള്ള താൽപര്യം കുറഞ്ഞു. കേവലം ഫണ്ട് ചെലവഴിക്കലായി മാറി മിക്കയിടത്തെയും പദ്ധതി പ്രവർത്തനങ്ങൾ. ആവർത്തന വിരസങ്ങളായ പ്രോജക്ടുകൾ മാത്രമായി. നൂതന പ്രോജക്ടുകൾക്ക് പ്രത്യേക സംവിധാനം കൊണ്ടു വന്നെങ്കിലും പ്രതികരണം നിരാശാജനകമായിരുന്നു. പുതുവഴി വെട്ടി അതിലൂടെ സഞ്ചരിക്കുന്നതിനു പകരം നടന്ന വഴിയിലൂടെ തന്നെ നടക്കാനാണ് എല്ലാവർക്കും താൽപര്യമെന്നു തോന്നുന്നു. പുതിയ അന്വേഷണങ്ങൾ എങ്ങുമെത്തിയില്ല.

ഈ സാഹചര്യം മറികടക്കാനാണ് ജില്ലാതലത്തിൽ റിസോഴ്സ് സെന്റർ എന്ന ആശയം കൊണ്ടു വന്നത്. ഗവേഷണ സ്ഥാപനങ്ങളെയും വിദഗ്ദ്ധരെയും കണ്ണിചേർത്ത് പ്രോജക്ടുകളുടെ അറിവുള്ളടക്കം മെച്ചപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. സർവ്വീസിലുള്ളവരും വിരമിച്ചവരുമായ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് റിസോഴ്സ് സെന്റർ രൂപീകരിച്ചിരുന്നത്. വിളിച്ചു ചേർക്കാനുള്ള ചുമതല പ്ലാനിംഗ് ഓഫീസർക്ക് നൽകി. ജില്ലകളിൽ ഇത്തരത്തിൽ ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ചെങ്കിലും രണ്ടോ മൂന്നോ സിറ്റിംഗ് നടത്തി നിർജ്ജീവമാകുകയായിരുന്നു. അംഗങ്ങൾക്ക് യാത്രാബത്തയും ഓണറേറിയവും നൽകുന്ന കാര്യത്തിൽ വ്യക്തതയുണ്ടായിരുന്നില്ല. മിക്കവരും സ്വന്തം വാഹനത്തിലായിരുന്നു വന്നിരുന്നത്. ഉപസമിതികൾ രൂപവത്കരിച്ച് ഓരോ വിഷയത്തിലെയും പ്രോജക്ടുകളെ വിശകലനം ചെയ്ത് മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളൊന്നും ഫലപ്രദമായില്ല. ക്രമേണ ഈ സംവിധാനം തിരശ്ശീലക്കു പുറകിലേക്ക് പിൻവാങ്ങി.

രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതിയുടെ ഭാഗമായി കൊണ്ടു വന്ന സംവിധാനങ്ങളാണ് ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററും ബ്ലോക്ക് പഞ്ചായത്ത് റിസോഴ്സസ് സെന്ററും.

എല്ലാ ജില്ലകളിലും റിസോഴ്സ് സെന്ററുകൾ നിലവിൽ വന്നു. എന്നാൽ ഇതിന്റെ ഘടന എന്താണെന്ന് ഇതുവരെ നിശ്ചയിക്കാത്തതിനാൽ ഓഫീസുകളും അതിന്റെ മുന്നിലെ ബോർഡുകളുമാണിപ്പോൾ ഉള്ളത്.

ഗ്രാമതലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകളുടെ ഗുണനിലവാരവും അറിവുള്ളടക്കവും നിശിതമായ പരിശോധനക്ക് വിധേയമാക്കാൻ ബി.പി.ആർ.സി.കൾ വഴിയും ബ്ലോക്ക്/ജില്ലാതല പ്രോജക്ടുകളുടെ ഗുണനിലവാരവും അറിവുള്ളടക്കവും പരിശോധിക്കാൻ ഡി.പി.ആർ.സി.കളെയും പ്രയോജനപ്പെടുത്താവുന്നതാണ്. അംഗങ്ങൾ ആരൊക്കെയാകണമെന്നും ഇവരുടെ പ്രവർത്തനങ്ങൾ ഏതു വിധേനയാകണമെന്നും വ്യവസ്ഥ ചെയ്യേണ്ടിയിരിക്കുന്നു. ആർ.ജെ.എസ്.എ. സംവിധാനത്തിന് ജില്ലാതലത്തിൽ ഒരു ജില്ലാ കോ ഓർഡിനേറ്ററും ബ്ലോക്കുതലങ്ങളിൽ ബ്ലോക്കു കോ ഓർഡിനേറ്ററും തീമാറ്റിക് എക്സ്പർട്ടുകളും ഓണറേറിയം കൈപ്പറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. ഇവരുടെ സേവനം പ്രയോജനപ്പെടുത്തിയാൽ മാത്രം മതി ഇത് ശക്തിപ്പെടുത്താൻ. വിഷയ മേഖലാ അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പാനൽ തയ്യാറാക്കുകയും ഇവരുടെ കൂടിച്ചേരലുകൾ നിരന്തരം സംഘടിപ്പിക്കുകയും ചെയ്ത് ഈ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയാൽ പദ്ധതികളുടെ ഗുണമേന്മ വർധിപ്പിക്കാനാകും. ഈ ഉപസമിതികൾ വഴി നൂതന ആശയങ്ങൾ രൂപപ്പെടുത്തിയെടുക്കാനുമാകും. കൂടാതെ ഓരോ വിഷയത്തിലെയും പുതിയ പുതിയ കാഴ്ചപ്പാടുകൾ ജനപ്രതിനിധികളിലും ജനങ്ങളിലും മറ്റ് സംഘടിത രൂപങ്ങളിലും പരിശീലനം സംഘടിപ്പിക്കാനും ഈ സംവിധാനത്തെ ഉപയോഗിച്ച് സാധിച്ചെടുക്കാവുന്നതേ ഉള്ളൂ. ഇവർക്ക് നാമമാത്രമായ യാത്രാബത്ത് ഉറപ്പു നൽകിയാൽ സ്വയം പ്രവർത്തിക്കുന്ന സംവിധാനമായി ഇതിനെ വളർത്തിയെടുക്കാം.

65

# കാര്യശേഷി വികസനം: ഒരു പുതു സമീപനം

കാർത്തിക് ഗോപാൽ ചേതനാത്ത്

ലോകമെമ്പാടും ചർച്ച ചെയ്യുന്ന പ്രധാന വിഷയങ്ങളിൽ ഒന്നാണ് കാര്യശേഷി വികസനം. മാറുന്ന ലോകത്തിന്റെ സ്പന്ദനം താഴെ തട്ടിലേക്ക് എത്തിക്കുന്നതിന് കാര്യശേഷി വികസനം ക്രിയാത്മകമായി ഉപയോഗിക്കേണ്ടതുണ്ട്. കാലാനുസൃതമായ മാറ്റം സമീപനത്തിൽ ഉണ്ടാകേണ്ടതുണ്ട്. അധികാരം ജനങ്ങളിലേക്ക് എന്ന ആപ്തവാക്യം ഉയർത്തി ഉയർത്തി കൊണ്ടുവന്നതാണ് കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം. ഒരു സമൂഹത്തെയാകെ, ഒരു തലമുറയാകെ രാഷ്ട്രീയവത്കരിക്കുകയും ചെയ്തു. സാമൂഹിക രാഷ്ട്രീയ സാമ്പത്തിക മൂല്യാധിഷ്ഠിത ബോധ്യങ്ങൾ മനുഷ്യരിൽ ഉണ്ടായി. അന്ന് അതിനുള്ള സ്കോപ്പ് ഉണ്ടായിരുന്നു. ഇന്നും മറ്റ് പ്രവർത്തനങ്ങൾക്ക് മികച്ച സ്കോപ്പ് ഉണ്ടെങ്കിലും, പഴയ സമീപനം കൊണ്ട് കാര്യം നടത്താനാകുമോ?

കാര്യശേഷി വികസനത്തിന്റെ ഊന്നൽ കൂട്ടായ്മകൾ രൂപീകരിക്കുക ആയിരിക്കണം. മനുഷ്യർ ഒരുമിച്ചിരിക്കാനും, സംസാരിക്കാനും, ആശയങ്ങൾ പങ്കുവയ്ക്കാനും, സൗഹൃദങ്ങൾ പൂവിടാനും ഒരിടമായി നമ്മുടെ പരിശീലനങ്ങൾ മാറണം. പുതിയ ലോക മാതൃക കൂട്ടായ്മകളാണ്. അവരിലൂടെ നിരവധി പരിപാടികളും പദ്ധതികളും നടപ്പാക്കാൻ കഴിയും. എന്നാൽ ഈ മാതൃക നമ്മുടെ പരിശീലനങ്ങളിൽ അധികം പരീക്ഷിച്ചിട്ടില്ല എന്ന് മനസിലാക്കേണ്ടതുണ്ട്. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയും കിലയും സംയുക്തമായി നടപ്പാക്കിയ യുവശക്തി പരിശീലനം അതിനൊരു മാതൃകയാണ്. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലുള്ള ആയിരത്തോളം യുവ ജനപ്രതിനിധികളുടെ ഒരു നെറ്റ്‌വർക്ക് രൂപീകരിക്കാനായത് കേരള ചരിത്രത്തിൽ ആദ്യ സംഭവമാണ്. കൂട്ടായ പ്രവർത്തനങ്ങൾ നടപ്പാക്കാനും ആശയങ്ങൾ പങ്കുവയ്ക്കാനും കക്ഷി രാഷ്ട്രീയ ഭേദമന്യേ സൗഹൃദം പുലർത്താനും യുവശക്തി ഒരു വേദിയായി.

കാര്യശേഷി വികസനം പരിശീലനത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഹാൻഡ്ഹോൾഡിങ് സപ്പോർട്ട് കൂടെ ഉറപ്പാക്കണം. അത്തരം ഇടപെടലുകളിലേക്ക് പരിശീലനങ്ങൾ നയിക്കണം. പിന്തുണാ സംവിധാനം ഉറപ്പ് വരുത്തണം. അതിനു ശാസ്ത്രീയവും അക്കാദമികവുമായ അടിത്തറ ഉണ്ടാകണം. മേൽ സൂചിപ്പിച്ച കൂട്ടായ്മകൾ അടിയൊഴുക്കുള്ള ചർച്ചകൾക്ക് വഴിയൊരുക്കും. അവരുടെ ആശയങ്ങളെ നേർദിശയിലേക്ക് നയിക്കാനുള്ള പിന്തുണാ സംവിധാനം നിലവിൽ ഉണ്ടെങ്കിലും അതിനെ മെച്ചപ്പെടുത്തണം, പ്രവർത്തന സമീപനം മാറ്റണം.

റോഡ്, തോട്, പാലം ആണ് വികസനം എന്നൊരു നവലിബറൽ ചിന്ത എല്ലാവർക്കുമുണ്ട്. അതും വികസനമാണെന്നതിൽ യാതൊരു തർക്കവുമില്ല. എന്നാൽ ജനക്ഷേമമാണ് യഥാർത്ഥ വികസനം എന്ന് നമ്മളും ഉദ്യോഗസ്ഥവൃന്ദവും ജനപ്രതിനിധികളും മറന്നുപോകുന്നുണ്ടോ എന്നത് സൂക്ഷ്മമായി പരിശോധിക്കണം. അതിന് കാര്യശേഷി വികസനത്തിന്റെ പരിധിയിൽ എങ്ങനെ ക്രിയാത്മകമായി ഇടപെടാൻ കഴിയുമെന്ന് ആലോചിക്കണം. സർക്കാർ പദ്ധതികൾ, പൊതു മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ എന്നിവയിൽ നിന്ന് വ്യത്യസ്തമായി മനുഷ്യരെ മുൻനിർത്തി മാറ്റെന്തെല്ലാം ചെയ്യാം എന്ന് ചിന്തിക്കണം. ദൈനംദിന പ്രവർത്തനങ്ങളിൽ മാത്രം വ്യാപൃതരായിയിരിക്കുന്നവരാണ് കൂടുതലും. നൂതനാശയങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന സമീപനം ഉണ്ടാകണം. അതിനായി ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തേയും കാര്യശേഷി വികസനത്തിൽ ഉൾപ്പെടുത്തണം.

നമ്മുടെ നാടിന്റെ ഭാവി നമ്മുടെ കൈയ്യിലാണെന്ന പുരാതന അഭിപ്രായം എല്ലാവർക്കുമുണ്ട്. എന്നാൽ നമ്മുടെ നാടിന്റെ ദിശ നിർണ്ണയിക്കുന്നത് ആര് എങ്ങനെ എന്ന ചോദ്യങ്ങൾ അടിസ്ഥാനമാണ്. മാറുന്ന ലോകത്തിനിടയിൽ നമ്മളെയും നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങളെയും എവിടെ നിർത്താനാകുമെന്ന് തീരുമാനിക്കുന്നത് ഈ ദിശാസൂചികയാണ്. അതുകൊണ്ടുതന്നെ കാര്യശേഷി വികസനം ആത്ര എളുപ്പമല്ല. അതിന് പല തട്ടുകളിലായി കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്.

66

# അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവും: സദ്ഭരണം, അഴിമതിരഹിത തദ്ദേശഭരണം, സാമൂഹ്യ ഓഡിറ്റ്

ഡോ. രമാകാന്തൻ എൻ.

## II. ആമുഖം

കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യം പ്രാദേശിക ഭരണത്തിലും വികസനത്തിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കി വികസന ഭരണ നിർവ്വഹണം സുതാര്യവും അഴിമതി വിമുക്തവും ആക്കിമാറ്റുക എന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങൾ ഉറപ്പാക്കുന്നതോടൊപ്പം ഈ അധികാരങ്ങൾ പൂർണ്ണമായും ജനങ്ങളുടെ പങ്കാളിത്തത്തോടെ ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ട് നിർവ്വഹിക്കുന്നു എന്നുറപ്പാക്കുക എന്നതായിരുന്നു അധികാര വികേന്ദ്രീകരണത്തിലൂടെ കേരളം ലക്ഷ്യമിട്ടത്. അധികാര വികേന്ദ്രീകരണം, പ്രാദേശിക ഗവൺമെന്റുകളെ ശക്തിപ്പെടുത്തുന്നതോടൊപ്പം എല്ലാ വിഭാഗം ജനങ്ങളെയും ഭരണ നിർവ്വഹണത്തിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാക്കി വിവിധ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അവയ്ക്ക് പരിഹാരം കാണുന്നതിനും വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വലിയൊരു സാദ്ധ്യതയാണ് നൽകുന്നത്. അതുകൊണ്ടുതന്നെ പ്രാദേശിക സർക്കാരുകളുടെ ഏറ്റവും മഹത്തായ സ്വഭാവ വിശേഷം അവർക്ക് ജനങ്ങളുമായുള്ള നിരന്തരബന്ധവും അടുപ്പവുമാണ്. ഇക്കാര്യങ്ങൾ കൊണ്ട് തന്നെ സദ്ഭരണം എന്ന ആശയം ഏറ്റവും ശരിയായ രീതിയിൽ സാധ്യമാക്കാൻ കഴിയുന്നതും പ്രാദേശികതലത്തിലാണ്. പ്രാദേശിക തലത്തിൽ രൂപപ്പെട്ടുവരുന്ന സദ്ഭരണ മൂല്യങ്ങളും ഭരണ വ്യവസ്ഥയും തുടർന്ന് ഉയർന്ന തലത്തിലുള്ള ഭരണ സംവിധാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് കഴിയുകയും ചെയ്യും.

## II. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ 'സെൻ കമ്മിറ്റി' കൃത്യമായി വ്യക്തമാക്കുകയുണ്ടായി അവ താഴെപ്പറയുന്നവയാണ്.

- ജനകീയ പങ്കാളിത്തം
- ഭരണസുതാര്യത
- ജനങ്ങളോടുള്ള ഉത്തരവാദിത്വം
- അഴിമതി രഹിതം
- നീതി പൂർവ്വമായ ഭരണനിർവ്വഹണം

നിയമവാഴ്ച ഉറപ്പാക്കികൊണ്ടുള്ള ഭരണ നിർവ്വഹണമാണ് സദ്ഭരണം. സദ്ഭരണം ഉറപ്പാക്കേണ്ടത് അതിൽ ഭാഗഭാക്കാകുന്ന ഓരോ ജനപ്രതിനിധിയുടെയും ഉദ്യോഗസ്ഥന്റെയും പൊതുജനങ്ങളുടെയും ഉത്തരവാദിത്വമാണ്. പ്രാദേശിക തലത്തിൽ സദ്ഭരണം സാദ്ധ്യമാകുന്നതിനാവശ്യമായ ഏറെക്കുറെ എല്ലാ നിയമവ്യവസ്ഥകളും ഉറപ്പാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമത്തിലൂടെയും കേരള മുനിസിപ്പാലിറ്റീസ് നിയമത്തിലൂടെയും കഴിഞ്ഞിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരം സംഗ്രഹിക്കാം.

- പ്രാദേശിക ഭരണത്തിൽ ജനകീയ പങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കുന്നതിന് സഹായകമായ നിയമവ്യവസ്ഥകൾ
- ജനകീയ പങ്കാളിത്തം പ്രാദേശിക ഭരണത്തിലും വികസനത്തിലും ഉറപ്പാക്കുന്നതിന് ഗ്രാമസഭകൾ, വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും
- പങ്കാളിത്ത ആസൂത്രണത്തിനാവശ്യമായ നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും
- ഭരണ സുതാര്യത ഉറപ്പാക്കുന്നതിനും ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സഹായകമായ അറിയുവാനുള്ള അവകാശം, പൗരാവകാശ രേഖ എന്നിവയ്ക്കുള്ള നിയമവ്യവസ്ഥകളും ചട്ടങ്ങളും
- പരാതി പരിഹാരത്തിനാവശ്യമായ ശക്തമായ ഉപാധികളായ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ ഉൾപ്പെടെയുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങൾക്കാവശ്യമായ നിയമവ്യവസ്ഥകളും ചട്ടങ്ങളും
- പ്രാദേശികാസൂത്രണത്തിലും നിർവ്വഹണത്തിലും അവലോകനത്തിലും ജനങ്ങൾക്ക് പങ്കാളികളാകുന്നതിന് സഹായകമായ നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും
- സുതാര്യമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനും നീതിപൂർവ്വമായ ഭരണ നിർവ്വഹണത്തിനും ആവശ്യമായ നിയമവ്യവസ്ഥകളും ചട്ടങ്ങളും
- ഭരണ സുതാര്യതയും സേവന കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് ഇ-ഗവേർണനസിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഇൻഫർ

മേഷൻ കേരള മിഷൻ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ

- കാര്യപ്രാപ്തി വികസനം സാദ്ധ്യമാക്കുന്നതിന് വിപുലമായ പരിശീലനങ്ങൾ, പരിശീലന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ
- സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ നടപ്പാക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവശേഷി മെച്ചപ്പെടുത്തുന്നതിനും സേവന കാര്യക്ഷമത ഉറപ്പാക്കുന്നതിനും നടത്തിയ പരിശ്രമങ്ങൾ
- അധികാര വികേന്ദ്രീകരണത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഭരണ സുതാര്യതയും സദ്ഭരണവും സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ ഇടപെടലുകളും മാതൃകാപരമായ പ്രവർത്തനങ്ങളും

ഗ്രാമസഭകൾക്കും വാർഡുസഭകൾക്കും താഴെയുള്ള ജനകീയ പങ്കാളിത്തവേദികളായ അയൽക്കൂട്ടങ്ങൾ, വാർഡു വികസന സമിതികൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ, മാതൃസംഗമങ്ങൾ, പാടശേഖര സമിതികൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങി നിരവധി ജനകീയ പങ്കാളിത്ത വേദികൾ സൃഷ്ടിക്കുന്നതിനും അവയെ പ്രാദേശിക ഭരണനിർവ്വഹണത്തിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിനുമുള്ള പരിശ്രമങ്ങൾ, ദാരിദ്ര്യ നിർമ്മാർജ്ജന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സ്ത്രീ ശാക്തീകരണവും പങ്കാളിത്തവും പ്രാദേശിക ഭരണത്തിൽ ഉറപ്പാക്കുന്നതിന് സഹായകമായ വിപുലമായ കുടുംബശ്രീ സംവിധാനം. അതോടൊപ്പംതന്നെ താഴെപ്പറയുന്ന നടപടികളും പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കിയതിന്റെ ഫലമായാണ് അധികാര വികേന്ദ്രീകരണത്തിലും പ്രാദേശിക ജനാധിപത്യം ശക്തിപ്പെടുത്തുന്നതിലും കേരളത്തിന് രാജ്യത്തിനാകെ മാതൃകയായി മാറുന്നതിന് കഴിഞ്ഞത്.

## III. പ്രാദേശികഭരണം കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും കേരളത്തിലെ ഗവൺമെന്റ് നടപ്പാക്കി വരുന്ന നൂതനവും ശ്രദ്ധേയവുമായ പ്രവർത്തനങ്ങൾ

### 1. ഇ-ഗവേർണനൻസ് ശക്തിപ്പെടുത്തുന്നതിനും ഭരണ സുതാര്യത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള സ്മാർട്ട് പരിപാടി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (K-SMART) സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും വിന്യസിച്ച് നഗരസഭകളുടെ ഭരണ നിർവ്വഹണം 2024 ജനുവരി 1 മുതൽ ഡിജിറ്റൈസ് ചെയ്തിരിക്കുകയാണ്. ഇതിനുമുമ്പ് 2022 ഏപ്രിൽ 1 മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ILGMS വിന്യസിച്ചിട്ടുണ്ട്. കെ.സ്മാർട്ടിന്റെ ആദ്യഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണം, പ്രോപ്പർട്ടി ടാക്സ്, ധനകാര്യം, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, പരാതി പരിഹാര സംവിധാനം, മാനവശേഷി പരിപാലന സംവിധാനം (HRMS- കോൺഫിഗറേഷൻ മൊഡ്യൂൾ), ബിസിനസ് ഫെസിലിറ്റേഷൻ (ട്രേഡ് ലൈസൻസ്) എന്നീ 8 മൊഡ്യൂളുകളാണ് നഗരസഭകളിൽ വിന്യസിക്കപ്പെടുന്നത്. കൂടാതെ ഒരു മൊബൈൽ ആപ്പും (Mobile App) വിന്യസിച്ചിട്ടുണ്ട്.

പൊതുജനങ്ങൾ അപേക്ഷ തരുന്നതു മുതൽ നഗരസഭയിൽ നിന്ന് സേവനം നൽകുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും അപേക്ഷകൻ നഗരസഭകളിൽ നേരിട്ട് എത്താതെ സേവനം നൽകുന്ന രീതിയിലാണ് K-SMART തയ്യാറാക്കിയിട്ടുള്ളത്.

### 2. ഡി.ജി.കേരള പരിപാടി

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഡിജിറ്റൽ സാക്ഷരരാക്കുന്നതിനായി സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'ഡിജി കേരളം'. സാക്ഷരരല്ലാത്തവരെ കണ്ടെത്തുക എന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. ഒരു വിവരശേഖരണ പ്രക്രിയ വഴി 14 മുതൽ 65 വയസ്സുവരെയുള്ള പൗരന്മാരിൽ ഡിജിറ്റൽ സാക്ഷരരല്ലാത്തവരെ കണ്ടെത്തിയ ശേഷം പരിശീലനം സിദ്ധിച്ച വോളണ്ടീയർമാർ മുഖേന അവർക്ക് അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭിക്കുന്നതിന് വേണ്ടി ശാസ്ത്രീയമായി തയ്യാറാക്കിയ മൊഡ്യൂള്ളുകൾ ഉപയോഗിച്ച് പരിശീലനം നൽകും. അതിനുശേഷം, പരിശീലനം ലഭിച്ചവരെ ഒരു മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് വിധേയരാക്കുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യും. ഇത്തരത്തിൽ മുഴുവൻ പൗരന്മാരും ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനമായി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി., -എസ്.റ്റി. പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, എൻ.എസ്.എസ്., എൻ.സി.സി., എൻ.വൈ.കെ., സന്നദ്ധ സേന വോളണ്ടിയർമാർ, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീ-യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവരിൽ ഉൾപ്പെട്ട ഡിജിറ്റൽ സാക്ഷരരായ വോളണ്ടിയർമാരെ ഉപയോഗിച്ചാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണ്ണയവും നടത്തുന്നത്. പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും പരിപൂർണ്ണ സഹകരണം ആവശ്യമാണ്.

### 3. സിറ്റിസൺ ഇൻഫർമേഷൻ സെന്റർ, കോൾ സെന്ററുകൾ

പൊതുജനങ്ങൾക്ക് സർക്കാരിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വിവിധ സേവ

നങ്ങൾക്കായുള്ള അർഹതകളും നിബന്ധനകളും സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ ഗൈഡൻസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതുവഴി സാധാരണ ജനങ്ങൾക്ക് ഏറെ സഹായകരമായ സാഹചര്യം സൃഷ്ടിക്കാൻ പറ്റും. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തു- കളിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ നിലിവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തെ പൂർണ്ണതോതിലുള്ള സിറ്റിസൺ ഇൻഫർമേഷൻ സെന്ററുകളായി വളർത്തിയെടുക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ജനങ്ങൾക്ക് നേരിട്ട് അറിയിക്കുന്നതിനും സമയബന്ധിതമായ പരിഹാരം തേടുന്നതിനും സംസ്ഥാന ജില്ലാ കേന്ദ്രങ്ങളിൽ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

### 4. വാതിൽപ്പടി സേവനം

വാതിൽപ്പടി സേവനം എന്നത് സർക്കാരിന്റെ ജനകേന്ദ്രീകൃത നയമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളെയും സന്നദ്ധ പ്രവർത്തകരെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വാതിൽപ്പടി സേവന സംവിധാനം സമഗ്രമായും ശാസ്ത്രീയമായും ചിട്ടപ്പെടുത്തേണ്ടതുണ്ട്. സേവനങ്ങളുടെ എണ്ണവും ഉൾക്കൊള്ളലും വിപുലമാക്കേണ്ടതുണ്ട്.

### 5. പരാതി പരിഹാരത്തിനുള്ള അദാലത്തുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ചും ജനകേന്ദ്രീകൃത സേവനങ്ങൾ ഏറ്റവും കൂടുതൽ നൽകുന്ന ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വിവിധ കാരണങ്ങളാൽ അർഹതപ്പെട്ടവർക്ക് സമയബന്ധിത സേവനം ലഭിക്കുന്നതിൽ ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാധാരണ ജനങ്ങൾക്ക് ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പലപ്പോഴും സാധിക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ ഭാഗത്തു നിന്നും പരിശോധിച്ച് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സിറ്റിസൺ അസിസ്റ്റന്റ് എന്ന പേരിൽ സ്ഥിരം അദാലത്ത് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. സാങ്കേതിക ഭരണ വിഭാഗങ്ങളിലെ തദ്ദേശ സ്വയഭരണ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെ തന്നെ ഉൾപ്പെടുത്തിക്കൊണ്ടാണ് താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ അദാലത്ത് പ്രവർത്തിക്കുന്നത്. adalat.lsgkerala.gov.in എന്ന വെബ് പോർട്ടൽ വഴി ഏതൊരാൾക്കും വളരെ ലളിതമായി ആക്ഷേപങ്ങൾ സമർപ്പിക്കാവുന്നതും തീരുമാനങ്ങൾ അറിയാൻ സാധിക്കുന്നതുമാണ്. ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിനും സാധാരണക്കാർക്ക് എളുപ്പത്തിൽ ലഭിക്കുന്നതിനുമായി വിശദമായ പ്രവർത്തന മാർഗ്ഗരേഖ ഉണ്ടാവേണ്ടതുണ്ട്.

### 6. സോഷ്യൽ ഓഡിറ്റ് വ്യവസ്ഥാപിതമാക്കുന്നതിനുള്ള പരിശ്രമങ്ങൾ

1999-ലെ സമഗ്രമായ നിയമ ഭേദഗതികളിലൂടെ അറിയാനുള്ള അവകാശം ഉൾപ്പെടെ സാധ്യമായെങ്കിലും സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന് നിയമ പിൻബലം ലഭിച്ചിരുന്നില്ല. സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന് നിയമ പ്രാബല്യം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട് എന്നത് ഏറെ പ്രതീക്ഷ നൽകുന്നു. തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള പരിപാടികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഒരു സൊസൈറ്റി തന്നെ സർക്കാർ രൂപീകരിക്കുകയും പ്രവർത്തനം നടത്തി വരികയും ചെയ്യുന്നുണ്ട്. മുൻകാലങ്ങളിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ മേന്മകളും വിടവുകളും ബോധ്യപ്പെട്ട് ജനകേന്ദ്രീകൃതമായ സോഷ്യൽ ഓഡിറ്റ് സംവിധാനം നിയമ പിൻബലത്തോട് കൂടി തന്നെ തുടർന്നങ്ങോട്ട് രൂപപ്പെടു- ത്തേണ്ടതുണ്ട്. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കപ്പുറം എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലേക്കും സംസ്ഥാനാവിഷ്കൃത പദ്ധതികളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എല്ലാ പ്രോജക്ടുകളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം.

സോഷ്യൽ ഓഡിറ്റ് ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ അത്യന്താപേക്ഷിതമാണ്.

സോഷ്യൽ ഓഡിറ്റിന് ആവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കണം

## IV. സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ

സോഷ്യൽ ഓഡിറ്റ് പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിനാവശ്യമായ നയസമീപനം ഉയർന്ന തലങ്ങളിലുള്ള ഗവൺമെന്റുകൾ സ്വീകരിക്കണം.

സോഷ്യൽ ഓഡിറ്റിന് ആവശ്യമായ വിഭവ വകയിരുത്തൽ അതത് പദ്ധതികളുടെ ഭാഗമായി ഉറപ്പാക്കണം.

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് സഹായകമായ സ്ഥാപനതല സംവിധാനവും സംഘടനാ സംവിധാനവും സൃഷ്ടിക്കണം.

ഉയർന്ന തലങ്ങളിലുള്ള ഗവൺമെന്റുകളുടെ ശക്തമായ പിന്തുണയും സഹായവും സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന് ഉറപ്പാക്കണം.

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും ആവശ്യ

മായ എംപാനൽ ചെയ്ത സന്നദ്ധ-സാമൂഹ്യ പ്രവർത്തന സംവിധാനം സൃഷ്ടിക്കണം.

സോഷ്യൽ ഓഡിറ്റ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ഉയർന്ന ഗുണമേന്മയോടെ നിർവ്വഹിക്കുന്നതിനും ആവശ്യമായ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കണം.

സോഷ്യൽ ഓഡിറ്റ് സംവിധാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് ഓഡിറ്റ് മൂല്യങ്ങളെ സംബന്ധിച്ചും ഓഡിറ്റ് സ്റ്റാൻന്റേർഡ്സ് സംബന്ധിച്ചും വിശദമായ പരിശീലനം നൽകണം.

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ഭരണസംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനകീയ-സാമൂഹ്യ സംഘടനകൾ, മാദ്ധ്യമപ്രവർത്തകർ എന്നിവർക്ക് വിപുലമായ അവബോധം വളർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് വികസന പദ്ധതികളുടെ നിർവ്വഹണ സംവിധാനത്തിന് ഉടമസ്ഥതാബോധം ഉണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ ക്രിയാത്മകമായും സൃഷ്ടിപരമായും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ സംവിധാനം പ്രതികരിക്കുമെന്നുറപ്പാക്കുകയും ഫലപ്രദമായ തുടർ പ്രവർത്തനങ്ങളും പരിഹാര നടപടികളും സ്വീകരിക്കുക.

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ വസ്തുനിഷ്ഠമായതും ഫലപ്രദവുമായ പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് ഉയർന്ന തലങ്ങളിലുള്ള ഭരണസംവിധാനം ഉറപ്പുവരുത്തുക.

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ കണ്ടെത്തലുകളും സ്വീകരിച്ച പരിഹാര നടപടികളും പൊതുജനങ്ങൾക്ക് അറിയുന്നതിന് അവ പരസ്യപ്പെടുത്തുക.

## v. പ്രാദേശിക ഭരണം കാര്യക്ഷമമാക്കുന്നതിനും സദ്ഭരണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഏറ്റെടുക്കേണ്ട നടപടികൾ

### 1. ആവശ്യമായ നിയമ പരിഷ്കരണങ്ങൾ:

കഴിഞ്ഞ കാൽനൂറ്റാണ്ടിന്റെ അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശിക വികസനാസൂത്രണത്തിന്റെയും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒട്ടേറെ നിയമപരിഷ്ക്കരണ നടപടികൾ അത്യന്താപേക്ഷിതമാണ്. കേരള പഞ്ചായത്ത്രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റീസ് ആക്ടിലും താഴെപ്പറയുന്ന നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

a. പഞ്ചായത്ത്/നഗരസഭാ ആസൂത്രണ സമിതികൾ രൂപീകരണം, പ്രവർത്തനം

b. റസിഡൻസ് അസോസിയേഷൻ/അയൽക്കൂട്ടങ്ങൾ എന്നിവയുടെ രൂപീകരണം, പ്രവർത്തനം

c. സോഷ്യൽ ഓഡിറ്റ് പ്രവർത്തനവും നടപടിക്രമങ്ങളും

d. പ്രാദേശികാസൂത്രണത്തിന് വിശദമായ ചട്ടങ്ങൾക്ക് രൂപം നൽകണം

e. സൂക്ഷ്മതല ജനകീയ പങ്കാളിത്ത സംവിധാനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ നിയമവ്യവസ്ഥയും ചട്ടങ്ങൾക്കും രൂപം നൽകണം

### 2. പദ്ധതി പരിഹാരത്തിനുള്ള വ്യവസ്ഥാപിത സംവിധാനങ്ങൾ

ജനങ്ങളുടെ വിശ്വാസ്യതയും പിന്തുണയും പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് ഉറപ്പാക്കുന്നതിന് കഴിയുംവിധം പരാതികൾ കേൾക്കുന്നതിനും അവയ്ക്ക് യഥാസമയം പരിഹാരം കാണുന്നതിനും ആവശ്യമായ സ്ഥിരം സംവിധാനം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ രൂപീകരണം. ജനങ്ങളുടെ പരാതികൾക്ക് സമയബന്ധിതമായും ഏകോപിതായും തീരുമാനമെടുക്കുന്നതിനും പരിഹരിക്കുന്നതിനും വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ട് സ്ഥിരം അദാലത്ത് സംവിധാനങ്ങൾ രൂപീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം. ജനങ്ങളെ യഥാസമയം ഇതുസംബന്ധിച്ച് അറിയിക്കുകയും വേണം.

### 3. സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുകയും വ്യാപിക്കുകയും ചെയ്യുക

സുതാര്യമായും ജനകീയ പങ്കാളിത്തത്തോടുക്കൂടിയും സോഷ്യൽ ഓഡിറ്റ് വ്യവസ്ഥാപിതമാക്കി പ്രവർത്തനക്ഷമമാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ വികസന പദ്ധതിയും ഗ്രാമസഭകളുടെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുകയും ചെയ്യുക. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുക

### 4. തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങളുടെ അവാർഡു നിർണ്ണയത്തിൽ സദ്ഭരണ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കണക്കാക്കി അവാർഡുകൾ നൽകുമ്പോൾ പ്രധാനപ്പെട്ട മാനദണ്ഡങ്ങളിൽ ഒന്നായി സദ്ഭരണ ഘടകങ്ങൾ കണക്കിലെടുക്കുകയും മതിയായ പരിഗണന നൽകുകയും ചെയ്യുക.

### 5. ഇ-ഗവേർണൻസ് ശക്തിപ്പെടുത്തുക

പ്രാദേശിക വികസന ഭരണം സുതാര്യവും കാര്യക്ഷമമാക്കുന്നതിന് ഇ- ഗവേർണൻസിന്റെ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുക വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സുതാര്യമായ ഭരണ സംസ്കാരം ശക്തിപ്പെടുത്തുകയും സേവനങ്ങൾ കാര്യക്ഷമമായി ജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുകയും ചെയ്യുക.

67

# അഴിമതി രഹിത തദ്ദേശഭരണ സ്ഥാപനങ്ങൾ

എ.വി. ലേജു

അഴിമതി രഹിതമായ സർക്കാർ സ്ഥാപനങ്ങൾ എന്നത് എല്ലാവരുടെയും ചിരകാല സ്വപ്നമായിരുന്നു. എന്നാൽ 1995ൽ പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കുകയും അതിന്റെ ഭാഗമായി ജനകീയ ആസൂത്രണപ്രസ്ഥാനം ആരംഭിക്കുകയും ചെയ്തതോടുകൂടിയാണ് പ്രസ്തുത സ്വപ്നം യാഥാർത്ഥ്യത്തിലേക്ക് ചുവട് വെക്കുവാൻ തുടങ്ങിയത്. കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ അഴിമതി നിർമാർജനത്തിന്റെ കാര്യത്തിൽ കുറേക്കൂടി മെച്ചപ്പെട്ട രീതിയിലേക്ക് സർക്കാർ സംവിധാനങ്ങൾ മാറിയിട്ടുണ്ട്. പ്രാദേശിക ഭരണകൂടങ്ങൾ എന്ന നിലയിൽ പഞ്ചായത്തുകൾക്ക് പത്തോളം സർക്കാർ വകുപ്പുകളുടെ അനുബന്ധ സ്ഥാപനങ്ങൾ കൈമാറി ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ഒരളവു വരെ അഴിമതിയുടെ കാര്യത്തിൽ ചില ശുഭ പ്രതീക്ഷകൾ തന്നെയാണ് ഉണ്ടായിട്ടുള്ളത്.അധികാരം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള ഒട്ടനവധി പ്രചരണ പ്രവർത്തനങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും ഉണ്ടായി. പലവിധ സംഘടനാ സംവിധാനങ്ങൾ,ഭരണഘടനാ പിൻബലമുള്ള ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് സംവിധാനങ്ങൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, വർക്കിംഗ്ഗ്രൂപ്പുകൾ,കുടുംബശ്രീ സംവിധാനങ്ങൾ,അയൽക്കൂട്ടങ്ങൾ എന്നിവ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ തുടങ്ങി.പൗരാവകാശ രേഖകൾ പ്രസിദ്ധം ചെയ്തു.വിവരാവകാശ നിയമപ്രകാരം കൃത്യതയും ആധികാരികമായ മറുപടികൾ പരാതിക്കാർക്ക് ലഭിച്ചു തുടങ്ങി.ജനപ്രതിനിധികൾക്ക് എളുപ്പത്തിൽ തിരിച്ചറിയാവുന്ന ഭരണസംവിധാന ക്രമങ്ങൾ,പദ്ധതി നിർവഹണ രീതികൾ, ചട്ടവും നിയമവും അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ എന്നിവ ലഭിക്കുന്നതോടുകൂടി ജനപ്രതിനിധികളിൽ നിന്ന് മറച്ചുപിടിച്ച് കാര്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥരീതികൾക്ക് സാരമായ മാറ്റങ്ങൾ ഉണ്ടായി. ഓഫീസുകൾക്ക് മുമ്പിൽ ഫ്രണ്ട് ഓഫീസ് സംവിധാനം വന്നു.ഓൺലൈനായി കാര്യങ്ങൾ നടന്നു കിട്ടുന്ന സാഹചര്യങ്ങൾ ഉണ്ടായി.ഡിജിറ്റൽ സംവിധാനത്തേക്ക് ഓഫീസ് പ്രവർത്തനങ്ങളുടെ മാറി. ഇതോടു കൂടി സുതാര്യമായ ഭരണക്രമത്തിന് ആക്കം കൂടി. എളുപ്പത്തിൽ പ്രശ്നപരിഹാരമുണ്ടായി. സാമൂഹ്യനീതി നടപ്പിലാവുകയും സുതാര്യത വർദ്ധിക്കുകയും ചെയ്തു. ഭരണസ്ഥാപനങ്ങൾക്ക് സഹായകരമായി രീതിയിൽ ഓംബുഡ്സ്മാൻ, ട്രിബ്യൂണലുകൾ,സംസ്ഥാന ഫിനാൻസ് കമ്മീഷൻ തുടങ്ങിയവ ആരംഭിച്ച തോടുകൂടി സുതാര്യമായ ഭരണക്രമങ്ങൾക്ക് ആക്കം കൂടി. കീഴ്ത്തട്ടിലെ ജനാധിപത്യ ഇടമായഗ്രാമസഭയുടെ പ്രധാന അജണ്ടകളായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്,മുൻഗണന നിശ്ചയിക്കൽ,പദ്ധതി ആസൂത്രണം,വരവുചെലവു കണക്കു പരിശോധന എന്നിവ വന്നതോടെ അഴിമതികൾക്ക് പിടിച്ചുനിൽക്കുവാൻ കഴിയാതെ വന്നു.ഗുണഭോക്തൃ സമിതികൾ, പല മേഖലകളിലു ള്ള വികസന സമിതികൾ എന്നിവ നിർമ്മാണ രംഗത്ത് ഉദയം ചെയ്തതോടുകൂടി അഴിമതിയുടെ കാര്യത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി.

കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

# 68

## ജനാധിപത്യ ശാക്തീകരണത്തിന് പ്രാദേശികസദ്ഭരണ മാതൃക

ഡോ. സി. ഉണ്ണികൃഷ്ണൻ

ജനാധിപത്യത്തെ ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമെ ഇന്ത്യയെപ്പോലെ ബഹുസ്വരതയുള്ള ഒരു രാജ്യത്തിന് പുരോഗതി പ്രാപിക്കാനാവൂ. ജനങ്ങൾക്ക് അധികാരവും അവകാശവും ഭരണഘടന വിഭാവന ചെയ്യുന്ന തരത്തിൽ ലഭിക്കണമെങ്കിൽ അധികാരം താഴെത്തട്ടിലേക്ക് വിന്യസിക്കേണ്ടതുണ്ട്. പഞ്ചായത്ത് രാജ് സംവിധാനം ഒരു പരിധിവരെ അത് പരിഹരിച്ച് പോരുന്നു. അതിന്റെ പശ്ചാത്തലത്തിൽ കൊല്ലം ജില്ലയിലെ വെസ്റ്റ്കല്ലട നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സദ്ഭരണ മാതൃകയാണ് പഞ്ചായത്ത് ഇവിടെ പരിചയപ്പെടുത്തുന്നത്.

- പൗരാവകാശരേഖ ജനങ്ങളിലെത്തിക്കുകയും അത് കാലാനുസൃതമായി പുതുക്കുകയും ചെയ്യുക. ഏത് സമയവും പഞ്ചായത്തിലെത്തുന്ന പൗരർക്ക് അത് പരിശോധിക്കാനും തങ്ങളുടെ അധികാര അവകാശങ്ങളെക്കുറിച്ച് ബോധ്യമുള്ളവരാക്കി മാറ്റുക. ഗ്രാമസഭകളിൽ വലിയപങ്കാളിത്തം. 3 മാസത്തിൽ കൃത്യമായ ഗ്രാമസഭ.
- ഫ്രണ്ട് ഓഫീസ് കൂടുതൽ സുതാര്യമാക്കുകയും സമയബന്ധിതമായിത്തന്നെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക. ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി ഫലപ്രദമായി വിലയിരുത്തൽ നടത്തുന്നു. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ സജീവമാക്കി നിലനിലനിർത്തുന്നു.
- പരാതി പരിഹാരസെൽ ആഴ്ചതോറും കൂടുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുക. അതോടൊപ്പം പ്രതിമാസ അദാലത്ത് നടത്തി പരിഹാരങ്ങൾ കണ്ടെത്തുക.ലീഗൽ സർവ്വീസ് സൊസൈറ്റിയെയും പോലീസ് സംവിധാനത്തെയും ഇതിന്റെ ഭാഗമാക്കി മാറ്റുന്നു.
- ഉദ്യോഗസ്ഥരുടെ സമയനിഷ്ഠയ്ക്കൊപ്പം സാങ്കേതികതയിൽ കുടുക്കി ഫയലുകളിൽ തീരുമാനമെടുക്കാതെ മാറ്റിവക്കുന്ന രീതി പൂർണ്ണമായും ഇല്ലാതാക്കുന്നു. ഒരു പരാതി ലഭിച്ചാൽ തദ്ദേശ സ്ഥാപനത്തിന് പരിഹരിക്കാൻ കഴിയുന്ന പരാതിയാണെങ്കിൽ 24 മണിക്കൂറിനകം പരിഹരിക്കുക. അല്ലാതെയുള്ളവ ഓഫീസ് മേധാവികളെ വിളിച്ചു വരുത്തി പരിഹാരം കാണുക.
- പെൻഷൻ അപേക്ഷകളിൽ അർഹരായവർക്ക് 45 ദിവസത്തിനകം പെൻഷൻ ഉറപ്പു വരുത്തുന്നു. മസ്റ്ററിങ്ങിന് പഞ്ചായത്തിൽത്തന്നെ അധികസേവനം നൽകുന്നു.
- ഭരണസമിതി കൃത്യമായ ഇടവേളകളിൽ കൂടുകയും വിശദമായ ചർച്ചകൾക്കുശേഷം ഏകകണ്ഠമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക. ജനപ്രതിനിധികൾ ഏതാണ്ട് എല്ലാ കമ്മിറ്റികളിലും പങ്കെടുക്കുന്നു.
- നികുതി പിരിവിന് വാർഡുതല സംവിധാനം. നൂറു ശതമാനം കളക്ഷൻ
- വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സേവനം സംബന്ധിച്ച് മാസംതോറും റിവ്യൂ മീറ്റിംഗ്. സ്ഥാപനങ്ങളിലെല്ലാം ഫ്രണ്ട് ഓഫീസ് സംവിധാനം.
- ആരോഗ്യസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും പ്രത്യേക പരിഗണന. സഞ്ചരിക്കുന്ന ആശുപത്രിയുടെ സംവിധാനത്തിലൂടെ രോഗികളെത്തേടി മെഡിക്കൽ സംഘം വീട്ടിലെത്തുന്നു.
- ഡിജിറ്റൽ ലൈബ്രറി സംവിധാനം: യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിന് 'വിജയവീഥി' പഠന കേന്ദ്രം. വയോജനങ്ങൾക്ക് ആരോഗ്യപരിരക്ഷയും ഓണക്കോടിയും. പഠന സൗകര്യം കിട്ടാത്തവർക്ക് ഉന്നതപഠനത്തിനുള്ള സമ്പൂർണ ഡിഗ്രി ഗ്രാമം പദ്ധതി.
- പഞ്ചായത്തിൽ എല്ലാ ആഴ്ചയിലും ജീവനക്കാരും ഭരണസമിതിയും ചേർന്നുള്ള റിമീറ്റിംഗുകൾ. മാസത്തിലൊരിക്കൽ ജീവനക്കാരുടെ മീറ്റിംഗ്. ജീവനക്കാരും ഉദ്യോഗസ്ഥരും തമ്മിലുള്ള ഐക്യവും സുതാര്യമായ ആശയവിനിമയവും തദ്ദേശസ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരണം.
- തൊഴിലുറുപ്പ്, കുടുംബശ്രീ എന്നിവയെ കൂടുതൽ ശാക്തീകരിക്കൽ, തൊഴിൽ സഭകൾ, ബാലസൗഹൃദ-വയോസൗഹൃദ -ഭിന്നശേഷി ഗ്രാമസഭകൾ. കാൻസർ മുക്ത രോഗികൾക്ക് പ്രത്യേക പരിരക്ഷയും ചികിത്സാചെലവിനുള്ള പ്രസിഡന്റ് റിലീഫ് ഫണ്ട് നൽകലും.
- വിവാഹിതരാകുന്ന യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്, വിവാഹരജിസ്ട്രേഷനു ശേഷം വിവാഹാനന്തര കൗൺസിലിംഗ്. അനാഥരായ പെൺകുട്ടികളുടെ വിവാഹം പഞ്ചായത്ത് മുൻകൈ എടുത്ത് നടത്തുന്നു.

---

പ്രസിഡന്റ്,ഗ്രാമപഞ്ചായത്ത്, വെസ്റ്റ്കല്ലട

# 69

# ക്രിയാത്മകമായി പ്രതികരിക്കുന്നതിന് ജനസൗഹൃദ ഭരണ സംവിധാനം ശക്തിപ്പെടുത്തൽ; അറിയാനുള്ള അവകാശം മുതൽ സ്ഥിരം അദാലത്ത് സംവിധാനം വരെ

വിനോദ് കുമാർ കൊടക്കൽ

നിയമം വഴിയും പ്രയോഗം വഴിയും പ്രാദേശിക വികസനത്തിനും ജന കേന്ദ്രീകൃത ഭരണ നിർവഹണത്തിനുമായി കേരളം രൂപപ്പെടുത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപന സംവിധാനവും അതിനെ ഫെസിലിറ്റേറ്റ് ചെയ്യുന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് സംവിധാനവും സമാനതകളില്ലാത്ത ലോകമാതൃകകളാണ്. 1994 ൽ കേരള പഞ്ചായത്തി രാജ് നിയമവും കേരള മുൻസിപ്പാലിറ്റി നിയമവും നിലവിൽ വരികയും 1995 ഒക്ടോബറിൽ ആദ്യ ഭരണസമിതികൾ അധികാരത്തിൽ വരികയും ചെയ്തെങ്കിലും 1996 ലെ ജനകീയാസൂത്രണ പ്രസ്ഥാനമാണ് പ്രാദേശിക സർക്കാരുകളെ സക്രിയമാക്കിയത്. അന്ന് മുതൽ ഇ എം എസ് അധ്യക്ഷനായിട്ടുള്ള ഒന്നാം ഭരണ പരിഷ്കാര കമ്മീഷൻ മുന്നോട്ട് വെച്ചതുൾപ്പെടെയുള്ള ജനസൗഹൃദ ഭരണ നിർവ്വഹണമെന്നത് കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ നയവും സമീപനവുമാണ്.

- **ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ശാസ്ത്രീയ സമീപനം :** പ്രാദേശിക പദ്ധതികളുടെ വ്യക്തിഗത ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ശാസ്ത്രീയമായും ജനപങ്കാളിത്തത്തോടെയും അർഹതയുടെ അടിസ്ഥാനത്തിൽ ഉറപ്പു വരുത്തുന്നതിനുമായി 1998 ൽ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചു. ഗ്രാമസഭകൾ വഴി ജനാധിപത്യ അവകാശം ഉറപ്പാക്കുന്നതിനൊപ്പം സംവിധാനത്തിന്റെ വിശ്വാസ്യത ഉയർത്തുന്നതിനും ഇത് സഹായിച്ചു.
- **അറിയാനുള്ള അവകാശവും വിവരം തടഞ്ഞ് വെച്ചാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥയും:** 2005 ൽ 10 രൂപയും ഒരു വെള്ള പേപ്പറും രാജ്യത്തെ പൗരൻമാർക്ക് അറിയാനുള്ള അവകാശം സാധ്യമാക്കിയ വിവരാവകാശ നിയമം വരുന്നതിന് മുൻപ് തന്നെ 1998 -1999 കാലത്ത് തന്നെ നാമമാത്രമായ തിരച്ചിൽ ഫീസും പകർപ്പ് ഫീസും മാത്രം ഈടാക്കിക്കൊണ്ട് സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിൽ വന്നിരുന്നു.
- **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ :** 1999ലെ സമഗ്രമായ നിയമ ഭേദഗതിയിലൂടെയാണ് അധികാര ദുർവിനിയോഗത്തിനെതിരെയും ഉത്തരവാദിത്തങ്ങളിലെ വീഴ്ചകൾക്കുമെതിരെയും നടപടിയെടുക്കുന്നതിനായി ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള ഒരാളെ ഓംബുഡ്സ്മാൻ ആയി നിയമിക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ട് വന്നത്.
- **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ :** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി നൽകുന്ന അപ്പീലോ റിവിഷനോ പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനുമായാണ് 1999 ലെ സമഗ്ര നിയമ ഭേദഗതിയിലൂടെ തന്നെ ട്രിബ്യൂണൽ സംവിധാനവും ഏർപ്പെടുത്തിയത്.
- **പൗരാവകാശ രേഖ :** പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങളും അവയുടെ വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും നിശ്ചയിച്ചുകൊണ്ടുള്ള രൂപരേഖയായ പൗരാവകാശ രേഖ വിപ്ലവകരമായ നാഴികക്കല്ലായി മാറി.
- **പെർഫോർമൻസ് ഓഡിറ്റ്** വളർച്ചയുടെ ഘട്ടങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കറക്ടീവ് ഓഡിറ്റ് എന്ന നിലയിലും ഭരണ പിന്തുണ എന്ന നിലയിലും ഏറെ സഹായകരമായിരുന്നു പെർഫോർമൻസ് ഓഡിറ്റ് സംവിധാനം.
- **ഫ്രണ്ട് ഓഫീസ് മാനേജമെന്റ് സംവിധാനം :** 2009 ൽ ഏർപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് സംവിധാനം തദ്ദേശ സ്വയം ഭരണ സ്ഥാപന ഓഫീസുകൾ ജന കേന്ദ്രീകൃതമാക്കുന്നതിനും ഓഫീസ് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സഹായകമായി. അക്കൗണ്ടബിലിറ്റിയും പ്രതികരണാത്മകതയും ഉറപ്പാക്കുന്നതിനും ഇതു വഴി വെച്ചു. സേവന ബോർഡുകൾ മുതൽ മുലയൂട്ടൽ മുറി വരെയുള്ള സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലായി.
- **ഐ എസ് ഒ സർട്ടിഫിക്കേഷൻ :** അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവന മനോഭാവവും ഗുണമേൻമാനയവും സാധ്യമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടുന്നതിലേക്ക് മുൻകാല അനുഭവങ്ങളും - പരിഷ്കരണങ്ങളും സഹായകമായി.
- **ഐ എൽ ജി എം എസ്:** മുൻകാല നേട്ടങ്ങൾ വഴി സ്വായത്തമാക്കിയ ജനസൗഹൃദ ഭരണ രീതികളും പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകളും ഒറ്റ ഇആർപി പ്ലാറ്റ്ഫോമിലേക്ക് കൊണ്ട് വന്ന് അക്കൗണ്ടബിലിറ്റിയും ഉത്ത

രവാദിത്ത ഭരണവും ക്രിയാത്മക പ്രതികരണവും ഉറപ്പാക്കിയ ഏകീകൃത വെബ് പോർട്ടൽ സംവിധാനമാണ് ഐ എൽ ജി എം എസ്. പൊതുജനങ്ങൾക്ക് ലോകത്തെവിടെ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കുന്ന സിറ്റിസൺ സർവീസ് പോർട്ടൽ, ഐ എൽ ജി എം എസ് ന്റെ ഭാഗമാണ്.

- **കെ സ്മാർട്ട് :** ഐ എൽ ജി എം എസ് ന്റെ അടുത്ത ഘട്ടമായി ഒപ്പം മൊബൈൽ ആപ്പ് സൗകര്യവും പ്രെഡികടീവ് ഗവേർണൻസും ഉൾക്കൊണ്ടുകൊണ്ടുള്ള നവീന ഓൺലൈൻ ഭരണ ഉപാധിയാണ് കെ സ്മാർട്ട്.
- **ആഭ്യന്തര വിജിലൻസ് സംവിധാനം :** നാലാം സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ഓഡിറ്റ് സംവിധാനത്തിനു പകരമായും എന്നാൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിക്കൊണ്ടും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫസിലിറ്റേറ്റീവ്-വിജിലൻസ്-മോണിറ്ററിങ് സംവിധാനമായാണ് ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.
- **സ്ഥിരം അദാലത്ത് സംവിധാനവും തദ്ദേശ അദാലത്തും :** സിറ്റിസൺ അസിസ്റ്റന്റ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനത്തിലും പ്രവർത്തനത്തിലും പരാതിയുള്ള പക്ഷം വേഗത്തിലും നീതിയുക്തമായും നേരിട്ട് പരിശോധിച്ചും ഫസിലിറ്റേഷൻ വഴിയും അവ തീർപ്പാക്കുന്നതിനു ജനങ്ങൾക്കു വേണ്ടിയുള്ള ഈ സംവിധാനം താലൂക്ക് തലത്തിലും അവിടെ തീരാത്തവ ജില്ലാ - സംസ്ഥാന തലങ്ങളിലും പ്രവർത്തിക്കുന്നു. ജനങ്ങൾക്ക് ഏതു സമയത്തും സമീപിക്കാവുന്ന ഇത് ഒരു സ്ഥിരം സംവിധാനം കൂടിയാണ്. സർക്കാർ നേരിട്ട് പരിശോധിക്കേണ്ടുന്നവ പരിഗണിക്കുന്ന വേദിയാണ് ബഹു. മന്ത്രി അധ്യക്ഷത വഹിക്കുന്ന തദ്ദേശ അദാലത്തുകൾ.

# നൂതനാശയങ്ങളും പുത്തൻ സാങ്കേതിക വിദ്യകളും

## 70

## ഇന്നൊവേഷൻ - തദ്ദേശസ്വയംഭരണ സ്ഥാപന പശ്ചാത്തലത്തിൽ

മുഖ്യ അവതരണം – ഡോ. ഉണ്ണികൃഷ്ണൻ പി. വി

അധികാരവികേന്ദ്രീകരണം കാൽനൂറ്റാണ്ട് പിന്നിട്ടപ്പോൾ കേരളത്തിലെ തദ്ദേശഭരണ സംവിധാനം ജനജീവിതത്തിൽ നിർണായക പങ്കുവഹിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. ഗ്രാമ, നഗര പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും, സേവനമേഖലയിലും ജനങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും പ്രകടമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും പരിഹരിക്കാൻ കഴിയാത്തതോ പ്രശ്നപരിഹാരത്തിന് ശ്രമിക്കാത്തതോ ആയ സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവും, പാരിസ്ഥിതികവുമായ ജീവിത പ്രശ്നങ്ങൾ തുടരുന്നുണ്ട്. ഇടത്തരം, ദീർഘകാല പരിഹാരങ്ങൾ ആവശ്യമായ പ്രശ്നങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ നൽകാത്തതും, സാങ്കേതിക വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള പരിമിതിയും കാരണം സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല.

ഇത്തരത്തിലുള്ള സങ്കീർണ്ണ പ്രശ്നങ്ങളുടെ പരിഹാരത്തിന്, കൂട്ടുപ്രവർത്തനത്തിലൂടെ (collaborative), അതാത് സാഹചര്യത്തിനും സന്ദർഭത്തിനും അനുസൃതമായ (contextual) യഥാർത്ഥ-ജീവിത (real-life) പ്രശ്ന പരിഹാര (problem solving) മാർഗ്ഗങ്ങൾ ആവശ്യമാണ്. ഇതിനു പങ്കാളിത്തത്തോടു കൂടിയുള്ള പ്രശ്ന തിരിച്ചറിയലിലും (participative problem identification), കൂട്ടുപ്രവർത്തന യഥാസ്ഥാന (collaborative in situ) പ്രശ്ന പരിഹാരത്തിലും ഊന്നിയ പുത്തനാശയ നിർമ്മിതി അഥവാ ഇന്നൊവേഷൻ ആവശ്യമാണ്.

പുതിയ ആശയങ്ങൾ, സാങ്കേതികവിദ്യകൾ, അല്ലെങ്കിൽ രീതികൾ രൂപപ്പെടുത്തുക; പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക; ഇവയുടെയൊക്കെ പ്രയോഗത്തിലൂടെ ഫലപ്രാപ്തി മെച്ചപ്പെടുത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക; എന്നതിനോടൊപ്പം, നിലവിലെ ഉൽപ്പന്നങ്ങളിലോ പ്രക്രിയകളിലോ സാങ്കേതികവിദ്യകളിലോ, സംഘടനാരൂപങ്ങളിലോ, ഗുണപരമായ മാറ്റങ്ങൾ വരുത്തി അവയുടെ സാമൂഹിക പ്രയോഗത്തിൽ വ്യത്യാസങ്ങൾ ഉണ്ടാക്കുന്ന സംയോജിത പ്രക്രിയയെയാണ്, ഇന്നോവേഷൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. മുൻ സൂചിപ്പിച്ച സങ്കീർണ വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന തരത്തിൽ ഇന്നോവേഷനെ നമുക്ക് ഇങ്ങനെ നിർവചിക്കാവുന്നതാണ്. ഒരു പൊതു ചട്ടക്കൂടിൽ (public framework), സാമൂഹിക ആവശ്യങ്ങളെ അടിസ്ഥാനമാക്കി, അന്തർവിഷയകരമായി (interdisciplinary), എല്ലാവരെയും ഉൾപ്പെടുത്തി, കൂട്ടുപ്രവർത്തനത്തി

ലൂടെ, അതാത് സാഹചര്യത്തിനും സന്ദർഭത്തിനും അനുസൃതമായി, യഥാർത്ഥ-ജീവിത പ്രശ്നപരിഹാരം കണ്ടെത്തുന്ന പ്രക്രിയയാണ് ഇന്നോവേഷൻ.

സങ്കീർണ വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ ശാസ്ത്ര-സാങ്കേതിക ഇന്നൊവേഷനിൽ (Science & Technology Innovation) നിന്നും വിഭിന്നമായി, ചെയ്തു-നോക്കി-പഠിക്കുന്ന (Doing Using Interacting) ഇന്നൊവേഷൻ ആണ് പ്രാഥമികമായി ആവശ്യമുള്ളത്. ശാസ്ത്ര-സാങ്കേതിക ഇന്നൊവേഷൻ, വലിയ തോതിലുള്ള ഗവേഷണത്തെയും ശാസ്ത്ര പുരോഗതിയെയും ആശ്രയിക്കുന്നതും, ബൗദ്ധിക സ്വത്തവകാശ (Intellectual Property) പ്രസിദ്ധീകരണ കേന്ദ്രീകൃതവുമാണ്. DUI ഇന്നൊവേഷൻ, ലിവിംഗ് ലാബുകൾ, മേക്കർ സ്പെയ്സുകൾ, കമ്മ്യൂണിറ്റി കേന്ദ്രീകൃത പ്രശ്നപരിഹാരം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രണ്ടും പരസ്പരപൂരകങ്ങളും പ്രാധാന്യമർഹിക്കുന്നവയും ആണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തലത്തിൽ, പ്രാദേശികതല പ്രശ്നങ്ങൾക്ക് സുസ്ഥിരവും തുല്യതയിൽ അടിസ്ഥാനപ്പെടുത്തിയതുമായ പരിഹാരങ്ങൾക്കു DUI ഇന്നൊവേഷൻ ആണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്.

രണ്ടാം തലമുറ വികസന വെല്ലുവിളികളെ നേരിടുന്നതിനും, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പറയുന്നതുപോലെ സമഗ്രമായ വളർച്ച, സുസ്ഥിര വികസനം, വികസന പ്രക്രിയയിൽ കൂടുതൽ പൊതുജനപങ്കാളിത്തം, സുസ്ഥിര പ്രാദേശിക സാമ്പത്തിക വികസനം എന്നിവ സാധ്യമാക്കുന്നതിനും, ഇന്നോവേഷനിലൂന്നിയ വികസന മാതൃക അത്യാവശ്യമാണ്. കേരളത്തിന്റെ ദുർബലമായ പരിസ്ഥിതിക്കു ഹാനി വരാതെയും ജൈവവൈവിധ്യത്തെ പ്രതികൂലമായി ബാധിക്കാതെയും, പതിറ്റാണ്ടുകളായി നിലനിൽക്കുന്ന അടിസ്ഥാനസൗകര്യ അപര്യാപ്തത പരിഹരിക്കുകയും, വിജ്ഞാന വിപ്ലവത്തിന്റെ അത്യാധുനിക മേഖലകളിൽ അതിവേഗ മുന്നേറ്റം നടത്തുകയും ചെയ്യേണ്ടതുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ രണ്ടാം ഘട്ടമെന്ന നിലയിൽ ഉത്പാദന മേഖലയിൽ ഊന്നിയ ഇടപെടലും, പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തേണ്ടതായിട്ടുണ്ട്. സുസ്ഥിരവും എല്ലാ വിഭാഗം ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും തുല്യതയിൽ അടിസ്ഥാനപ്പെടുത്തിയതുമായ (sustainable, inclusive & equitable) വികസനത്തിൽ ഇന്നോവേഷന്റെ പ്രാധാന്യവും അടുത്ത ബന്ധവും നിരവധി പഠനങ്ങളിൽ എടുത്തുകാണിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സേവനങ്ങൾ നൽകൽ, അടിസ്ഥാന സൗകര്യങ്ങൾ പരിപാലിക്കൽ, സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കൽ എന്നിവ ഉൾപ്പെടെയുള്ള ക്ഷേമത്തിലും കാര്യനിർവ്വഹണ പ്രവർത്തനങ്ങളിലും ആണ് പൊതുവെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. എന്നിരുന്നാലും, സമീപ കാലത്ത്, തൊഴിൽ സൃഷ്ടിക്കൽ, പ്രാദേശിക സാമ്പത്തിക വികസനം, ഉയർന്നുവന്ന രണ്ടാം തലമുറ വികസന വെല്ലുവിളികൾ എന്നിവ പോലുള്ള മേഖലകളിൽ പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് അവർ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇതിനായി, നമ്മുടെ പരിസ്ഥിതിയും ജൈവവൈവിധ്യവും സംരക്ഷിച്ചുകൊണ്ട് വിജ്ഞാന വിപ്ലവ മുന്നേറ്റങ്ങളുടെ ഒരു ബഹുമുഖ സമീപനവും ഉപയോഗവും ആവശ്യമാണ്.

കഴിഞ്ഞ വ്യാവസായിക വിപ്ലവങ്ങളുടെ സാമൂഹിക-വിഭവ ചൂഷണ മാതൃകകളിൽ നിന്ന് വ്യത്യസ്തമായി, സൈബർ സയൻസസ്, മെറ്റീരിയൽ സയൻസസ്, ലൈഫ് സയൻസസ് മുതലായവ ഒത്തുചേരുന്ന 'ഇൻഡസ്ട്രി 4.0' എന്ന ആധുനിക വൈജ്ഞാനിക വിപ്ലവത്തിന്റെ അതുല്യമായ അവസരങ്ങൾ ഉപയോഗിക്കേണ്ടതുണ്ട്. ഇത്തരത്തിൽ സുസ്ഥിര വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകേണ്ടതുണ്ട്. ഇതിനായി ജനങ്ങളുടെ വ്യത്യസ്ത അനുഭവ പശ്ചാത്തലങ്ങൾ ഉൾക്കൊള്ളുന്ന ഇന്നോവേഷനുകളുടെ പ്രയോഗവത്കരണത്തിലൂടെ, സമൂഹത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം സാധ്യമാക്കാനുതകുന്ന ഒരു ഇന്നൊവേഷൻ ആവാസവ്യവസ്ഥ നിർമ്മിച്ചെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈ ലക്ഷ്യം മുൻനിർത്തിയാണ് 'ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം ഒരു ആശയം (OLOI)' എന്ന പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കെ-ഡിസ്കും കിലയും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതി പുത്തനാശയ ആവാസ വ്യവസ്ഥയുടെ ഒരു പ്രായോഗികവൽക്കരണ മാതൃകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വികസന പ്രശ്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ചു വിദഗ്ധരുടെ കൂട്ടായ്മ വഴിയും, ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികത ഉറപ്പുവരുത്തി, സ്കെയിൽ അപ്പ് ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി രൂപം നൽകിയിരിക്കുന്ന ഒരു പദ്ധതിയാണ് OLOI.

സാമ്പ്രദായികമായ പ്രശ്ന പരിഹാര മാർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായതും അടിസ്ഥാന മാറ്റങ്ങൾക്ക് കാരണമാകാവുന്നതുമായ പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക, പുത്തനാശയങ്ങളുടെ സഹായത്തോടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും, സംരംഭകത്വ വികസനത്തിനും, മെച്ചപ്പെട്ട സേവനക്ഷമത ഉറപ്പ് വരുത്തുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ നേരിടാവുന്ന വെല്ലുവിളികൾക്ക് സമർത്ഥമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് പ്രാദേശിക പ്രതിഭകൾക്ക് അവസരങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യ

ങ്ങൾ. അക്കാദമിക സമൂഹം, പ്രാദേശിക സർക്കാരുകൾ, പൊതു സമൂഹം, സംരംഭങ്ങൾ, എന്നിവയെ കണ്ണിചേർക്കുന്ന ചതുഷ്കോണ പിരിയൻ ഗോവണി (ക്വാഡ്രപ്പിൾ ഹെലിക്സ്) മാതൃകയാണ് OLOI മുന്നോട്ടുവയ്ക്കുന്ന പുത്തനാശയ ആവാസ വ്യവസ്ഥയുടെ അടിസ്ഥാന ഘടകം.

എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന, സുസ്ഥിര പ്രശ്നപരിഹാരങ്ങൾക്കു ഉതകുന്ന ഇന്നൊവേഷൻ ജീവിത ചക്രം (innovation life cycle) പുത്തനാശയ ആവാസ വ്യവസ്ഥയുടെ ഒരു നിർണായക ഘടകമാണ്. ഗുണഭോക്താക്കളുടെ പെയിൻപോയിന്റുകൾ തിരിച്ചറിഞ്ഞ്, പ്രാരംഭ പ്രശ്ന വിലയിരുത്തൽ നടത്തി, മൂലകാരണം കണ്ടെത്തി, പങ്കാളിത്ത രീതിയിലൂടെ പരിഹാരങ്ങൾ രൂപപ്പെടുത്തി, അവയുടെ സാങ്കേതിക സജ്ജതയും (technology readiness level), സാമൂഹ്യ സജ്ജതയും (community readiness level) പരിശോധിച്ച്, പ്രായോഗികത ഉറപ്പു വരുത്തി പദ്ധതികൾ നടപ്പിലാക്കുന്ന രീതിയാണ് ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയിലൂടെ സാക്ഷാത്ക്കരിക്കുന്ന ഇന്നൊവേഷൻ ജീവിത ചക്രം.

ഇത്തരത്തിൽ പുത്തനാശയ രൂപീകരണത്തിനും അവയുടെ നടത്തിപ്പിനും, വ്യാപനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള പിന്തുണ സംവിധാനം ആണ് OLOI പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള അക്കാദമികവും സാങ്കേതികവുമായ പിന്തുണ ഉറപ്പാക്കാൻ ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾക്ക് സാധിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വഹണ പ്രവർത്തങ്ങൾക്ക് അക്കാദമിക പിന്തുണയും മനുഷ്യ വിഭവ ശേഷി സമാഹരിച്ചു നല്കാൻ കഴിയുന്ന ഒരു ഏകോപന സംവിധാനവുമായി ഇവക്ക് പ്രവർത്തിക്കാൻ ആകും.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക സംരംഭകരുടെയും പുത്തനാശയങ്ങളിൽ തൽപരരായവരുടെയും ഭാഗത്തു നിന്നും ഉരുത്തിരിയുന്ന നൂതനാശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിലേക്കുള്ള ഒരു ആവാസ വ്യവസ്ഥ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ അടിസ്ഥാന ധർമ്മം. ഇതോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക സംരംഭകർക്കും സ്വയം പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു പിന്തുണാ സംവിധാനമായിക്കൂടി ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റകൾക്ക് പ്രവർത്തിക്കാൻ ആകും. ഓരോ ബ്ലോക്ക് പ്രദേശത്തിനകത്തും, ചുറ്റുപാടുമുള്ള അക്കാദമിക സ്ഥാപനങ്ങളുടെ വൈദഗ്ദ്ധ്യത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി കണ്ണി ചേർത്ത് വിജ്ഞാന സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ചാലക ശക്തിയായി ഇവക്ക് മാറാൻ ആകും.

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കി വരുന്ന ഇത്തരം പുത്തനാശയ പ്രവർത്തനങ്ങൾക്ക് സമാനമായി ലോകത്തിന്റെ മറ്റു പ്രദേശങ്ങളിൽ നിലവിലുള്ള സംവിധാനങ്ങളെ പഠന വിധേയമാക്കുന്നത് ഈ മേഖലയിലെ പ്രവർത്തനങ്ങളുടെ മികവ് വർദ്ധിപ്പിക്കാൻ സഹായകമാകും. ചൈനയിലും, സ്കാൻഡിനേവിയൻ രാജ്യങ്ങളിലും, ചില ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും, യു.കെ.യിലും പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ഇന്നൊവേഷൻ സംയോജിപ്പിക്കുന്നതിന്റെ ഫലപ്രദമായ മാതൃകകൾ കണ്ടെത്താവുന്നതാണ്. നമ്മുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി ഇവയിൽ നിന്ന് കൂടി പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ഒരു വിജ്ഞാന സമൂഹമെന്ന നിലയിൽ സമഗ്രവും, സുസ്ഥിരവുമായ വികസന പാതയിലേക്ക് കേരളത്തെ നയിക്കാൻ പുത്തനാശയ ആവാസ വ്യവസ്ഥയിലൂടെ സാധ്യമാവുന്നതാണ്.

**71**

## നൂതനാശയങ്ങളും പുത്തൻ സാങ്കേതിക വിദ്യകളും

പി.പി. സനിൽ

അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് നാടിന്റെ സമഗ്രവികസനത്തിന് കരുത്താവും എന്നതിൽ തർക്കമില്ല. ജനകീയസൂത്രണ പ്രക്രിയ ആരംഭിച്ചതിനു ശേഷം താഴെത്തലത്തിൽ ഒട്ടേറെ സർഗാത്മകമായ പദ്ധതികളാണ് രൂപപ്പെട്ടത്. അതുവരെ ഉണ്ടായിരുന്ന പ്രഖ്യാപിത രീതികൾ എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് സാധാരണക്കാരന്റെ അഭിപ്രായങ്ങൾ കൂടി മാനിച്ച് അതിനെ പദ്ധതികൾ ആക്കി മാറ്റുന്ന അത്ഭുതകരമായ പ്രവർത്തനങ്ങളാണ് അന്ന് നാം കേരളമാകെ കണ്ടത്.

കതിരൂർ ആ സർഗാത്മക പ്രവർത്തനത്തിന്റെ വഴികളിൽ ചുവടു പതറാതെ മുന്നോട്ടു പോയ ഒരു നാടാണ്.

വികസനം എന്നത് റോഡും വീടും വെള്ളവും വെളിച്ചവും മാത്രമാണ് എന്ന പതിവ് സങ്കൽപ്പങ്ങളെ പൂർണ്ണമായും തള്ളിക്കളയാതെ അതോടൊപ്പം കരുതലോടെ ചേർത്ത് വെക്കേണ്ടതാണ്. കലയും സംസ്കാരവും ശുചിത്വവും എല്ലാം എന്ന് പദ്ധതികളിലൂടെയും ജനകീയ കൂട്ടായ്മയിലൂടെയും നാം പഠിപ്പിച്ചുകൊടുക്കുകയായിരുന്നു.

ഇന്ത്യയിലെ ആദ്യത്തെ ഗ്രാമീണ ആർട്ട് ഗ്യാലറി ഈ ആസൂത്രണ പ്രക്രിയയുടെ ആദ്യകാലത്ത് കതിരുരിൽ രൂപം കൊണ്ടു. എന്തിനാണ് ആർട്ട് ഗാലറി എന്തിനാണ് ചിത്രം വരയ്ക്കുന്നത് എന്നും ചോദിച്ച് പരിഹസിച്ചവർ നമ്മുടെ നാട്ടിലുണ്ടായിരുന്നു.

എന്നാൽ 20 വർഷത്തിനപ്പുറം കതിരൂരിന്റെ ആർട്ട് ഗ്യാലറി രാജ്യത്തിന്റെ ആകെ ശ്രദ്ധ പിടിച്ചു പറ്റിയിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ തുടർച്ചയായ 75 ചിത്രപ്രദർശനങ്ങളാണ് നടന്നത് അതിൽ ആകട്ടെ നമ്മുടെ പഞ്ചായത്ത് പരിധിയിലെ 14 വാർഡുകളിൽ നിന്നുള കലാകാരന്മാരുടെ പ്രദർശനവും ഉണ്ടായിരുന്നു.

കല മനുഷ്യനിൽ രൂപപ്പെടുത്തുന്ന മാറ്റങ്ങളെയും അതിനെ ഒരു സാമൂഹ്യ മാറ്റത്തിന് എങ്ങനെ ഉപയോഗപ്പെടുത്താം. എന്നതിനെയും വിശാലമായ തലത്തിൽ ചിന്തിക്കുകയും അതിന് പദ്ധതി ആക്കി മാറ്റുകയും ചെയ്തിരിക്കുന്നു.

ചിത്ര ഗ്രാമം എന്ന വലിയ സങ്കല്പത്തെ മുൻനിർത്തിക്കൊണ്ട് നടത്തിയ പ്രവർത്തനത്തിന് ഒടുവിൽ എല്ലാ വീട്ടുകളിലും ചിത്രമുള്ള,കേരളത്തിലെ ഏറ്റവും നീളം കൂടിയ ചുമർചിത്രമുള്ള നാട് ആയി കതിരൂർ മാറുകയാണ്. പദ്ധതി നടത്തിപ്പിന് ഒട്ടേറെ തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിലും അതിനെയെല്ലാം മറികടന്ന് നാം മുന്നോട്ടു പോവുകയാണ്.

ഇന്ന് നാം കാണുന്ന ഹരിത കർമ്മ സേന എന്ന പദ്ധതിയുടെ ആദ്യരൂപം കതിരൂരിലാണ് തയ്യാറായത്. കതിരൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ സ്കൂൾ പരിസരത്ത് നടത്തിയ നിരീക്ഷണങ്ങളിൽ നിന്നാണ് പൂമ്പാറ്റകളുടെ പറുദീസ എന്ന പേരിൽ മണ്ണ് വായു ജലം എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക കർമ്മ പദ്ധതി ആരംഭിക്കുന്നത്. ഇതിന്റെ തുടർച്ചയിലാണ് കതിരൂരിൽ ഇന്നത്തെ ഹരിത കർമ്മ സേനയുടെ ആദ്യരൂപമായ സുസ്ഥിര ശുചിത്വ വളണ്ടിയർ എന്ന പ്രവർത്തനം ആരംഭിക്കുന്നത്. നൂതന ആശയം എന്ന നിലയിൽ സർക്കാർ പ്രത്യേക അനുമതിയോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചത്. ഇന്ന് കേരളത്തിലെ തന്നെ അറിയപ്പെടുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ മികച്ച പഞ്ചായത്തുകളിൽ ഒന്നായി കതിരൂർ മാറിയിട്ടുണ്ട്.

2005ലാണ് കേരളത്തിൽ ആദ്യമായി ഗ്ലോബൽ ഗ്രാമസഭ എന്ന പേരിൽ കേരളത്തിന് പുറത്തുള്ള ഇന്ത്യക്ക് പുറത്തുള്ള ഗ്രാമവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക ഓൺലൈൻ ഗ്രാമസഭ കതിരൂർ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ചത്. ഇന്ന് ഒട്ടേറെ മാധ്യമങ്ങളിലൂടെ നമുക്ക് ഇത്തരം മീറ്റിംഗ് സംഘടിപ്പിക്കാൻ സാധിക്കുമെങ്കിലും വിരലിലെണ്ണാവുന്ന വഴികൾ മാത്രം ഉണ്ടായിരുന്ന കാലത്ത് ആണ് നൂതന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഗ്ലോബൽ ഗ്രാമസഭ എന്ന പേരിൽ കതിരൂർ ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രാമസഭ സംഘടിപ്പിച്ചത്. ഞങ്ങളുടെ ആശയവും താത്പര്യത്തിൽ നിന്നും വ്യതിചലിച്ചു കൊണ്ട് പ്ലാനിങ് ബോർഡ് ഈ പദ്ധതി പിന്നീട് എൻആർഐ ഗ്രാമസഭ എന്ന പേരിലാണ് കേരളത്തിൽ നടപ്പിലാക്കിയത്.

പഞ്ചായത്ത് പരിധിയിലെ കിടപ്പുരോഗികൾക്ക് ഉൾപ്പെടെ പാലിയേറ്റീവ് പരിചരണം ഉറപ്പുവരുത്തുന്ന പദ്ധതികൾ എല്ലായിടത്തും ഉണ്ട്. എന്നാൽ ഇങ്ങനെ കിടപ്പുരോഗികൾക്ക് ഫിസിയോതെറാപ്പി സേവനം ഒരുക്കുന്നതിന് പ്രത്യേകമായ ഫിസിയോതെറാപ്പി സെന്റർ ആരംഭിക്കുകയും അവിടെ ഫിസിയോതെറാപ്പിസ്റ്റ് നിയമിക്കുന്നതിനു വേണ്ടി നൂതന പദ്ധതി ആക്കി പ്രത്യേക അനുമതി വാങ്ങിച്ചണ് ഞങ്ങളിത് നടപ്പിലാക്കിയത്. ഇന്ന് കേരളം ആകെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഒട്ടനവധി പേർക്ക് സേവനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

വനിതകൾക്ക് മാത്രമായി ഒരു ജിംനേഷ്യം എന്നുള്ളത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഞങ്ങൾ നടപ്പിലാക്കിയതിന് തുടർന്ന് കണ്ണൂർ ജില്ലയിലും കേര

**72**

# ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്റർ - പ്രവർത്തന സാധ്യതകൾ

ഡോ. രാജേഷ് കെ.

ബ്ലോക്കിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും അക്കാദമിക സ്ഥാപനങ്ങളെയും വിദഗ്ധരേയും പരസ്പരം ബന്ധിപ്പിച്ച് തനത് ആശയങ്ങളേയും വൈദഗ്ധ്യത്തേയും പ്രാദേശിക വികസനത്തിൽ കണ്ണി ചേർക്കുക എന്നതാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ പ്രധാന ലക്ഷ്യം. ബ്ലോക്കിലെ അക്കാദമിക സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരുടെ കൂട്ടായ്മകൾ വഴി നിരവധി പ്രവർത്തനങ്ങൾ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന് ഏറ്റെടുക്കാൻ കഴിയും. അവയിൽ ചിലത് താഴെ സൂചിപ്പിക്കുന്നു.

## 1. വിലയിരുത്തൽ പഠനങ്ങൾ (Evaluation studies)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പ്രവർത്തനങ്ങൾ പദ്ധതികൾ എന്നിവയുടെ പദ്ധതി രേഖ, മേഖല അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ പഠനങ്ങൾ മുതലായവ ബി.ഐ.സി. കൾക്ക് ഏറ്റെടുക്കാം. പദ്ധതി നടത്തിപ്പിന്റെ നേട്ടങ്ങൾ, വിടവുകൾ എന്നിവ കണ്ടെത്തി കൂടുതൽ മികച്ച പദ്ധതികൾ രൂപീകരിക്കാൻ ഇവ സഹായിക്കും.

## 2. പ്രായോഗിക ക്ഷമതാ പഠന സാധ്യതകൾ

ബ്ലോക്കിലെ തദ്ദേശസ്ഥാപനങ്ങൾ ആലോചിക്കുന്ന പദ്ധതി/ ആശയങ്ങളുടെ പ്രായോഗികക്ഷമത, നടത്തിപ്പ് സാധ്യത, സാങ്കേതിക ക്ഷമത, സാമ്പത്തികക്ഷമത (Technical,Financial,Practical Sensibility and Viability) എന്നിവ ബി ഐ സികൾക്ക് ഏറ്റെടുത്ത് പഠിക്കാൻ കഴിയും. പദ്ധതികളുടെ പ്രായോഗികത ഉറപ്പാക്കുന്നതിനും വിജയസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിക്കും.

## 3. വിശദമായ പദ്ധതി രേഖകൾ (DPR) തയ്യാറാക്കൽ

സാങ്കേതിക പ്രവർത്തനങ്ങളും സാമ്പത്തിക വിഭവങ്ങളും ആവശ്യമുള്ള വിവിധ പദ്ധതികളുടെ വിശദമായ പദ്ധതി രേഖകൾ വിവിധ ഏജൻസികൾക്ക് സമർപ്പിക്കാവുന്ന രീതിയിൽ പ്രൊഫഷണലിസത്തിലൂടെ തയ്യാറാക്കാൻ അക്കാമിക സ്ഥാപനങ്ങൾക്ക് കഴിയും.

വിവിധ ഫണ്ട് സ്രോതസ്സുകൾ, ഏജൻസികളുടെ മാർഗ്ഗരേഖകൾ എന്നിവ തിരിച്ചറിഞ്ഞ് വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കുന്നതിലൂടെ നിരവധി പുതിയ പദ്ധതികൾ കൊണ്ടുവരാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കാൻ ഇതിലൂടെ സാധിക്കും.

## 4. തദ്ദേശസ്ഥാപനതല ഡാറ്റാ പോർട്ടലുകൾ തയ്യാറാക്കൽ

ഓരോ ബ്ലോക്കിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന മേഖലകളിലെ അവസ്ഥ കാണിക്കുന്ന വിവരശേഖരം തയ്യാറാക്കി ബ്ലോക്ക് തലത്തിൽ ഡാറ്റാ പോർട്ടൽ തയ്യാറാക്കി ലഭ്യമാക്കാൻ കഴിയും. വിവിധ ഡിപാർട്ട്മെന്റുകൾ, ഏജൻസികൾ എന്നിവ തയ്യാറാക്കുന്ന മുഴുവൻ വിവരശേഖരവും സമാഹരിച്ച് തദ്ദേശസ്ഥാപന തലത്തിൽ ക്രോഡീകരിച്ച് ഇവിടെ ലഭ്യമാക്കാം.

ദ്വിതീയ ഡാറ്റയുടെ കാര്യത്തിൽ വിടവുള്ള കാര്യങ്ങളിൽ മൊബൈൽ ആപ്പുകൾ വഴി വിവരങ്ങൾ ശേഖരിച്ച് സമാഹരിച്ച് പോർട്ടലിൽ ലഭ്യമാക്കാം.

## 5. ഫീൽഡ് സർവ്വേകൾ നടത്തൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതുതായി വിവരങ്ങൾ ആവശ്യമായ വിഷയങ്ങളിൽ എൻ.എസ്. എസ് വിദ്യാർത്ഥികളുടെ സഹായത്തോടെയും അല്ലാതെയും അക്കാദമിക സ്ഥാപനങ്ങൾക്ക് സർവ്വേ പോലുള്ള വിവരശേഖരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

സാമൂഹിക സാമ്പത്തിക സർവ്വേ, വിഭവ ഭൂപടം തയ്യാറാക്കൽ, ഊർജ്ജസർവ്വേ, ജൈവവൈവിധ്യ മാപ്പിങ്ങ്, സംരംഭക വിവരശേഖരണം, അതിദരിദ്ര വിവരങ്ങൾ പുതുക്കൽ, ജലപരിശോധന തുടങ്ങി വൈവിധ്യമാർന്ന വിവര ശേഖരണം നടത്താം. തദ്ദേശസ്ഥാപനങ്ങളിലെ സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകി മൊബൈൽ ആപ്പുകൾ വഴിയും വിവര ശേഖരണം നടത്താം.

## 6. ബഹുജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും ക്യാമ്പയിനുകളും

വിവിധ വിഷയമേഖലകളിൽ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് ബഹുജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അക്കാദമിക സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാം.

മാലിന്യ പരിപാലനം, ഡിജിറ്റൽ സാക്ഷരതാ ലഹരി വിരുദ്ധ പരിപാടികൾ, ലിംഗനീതി അവബോധം, വയോജന പരിപാലനം, കുട്ടികളുടെ അവകാശങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ റസിഡന്റ് അസോസിയേഷനുകൾ, കുടുംബശ്രീകൾ, വായനശാലകൾ, സ്കൂളുകൾ തുടങ്ങി വിവിധ സാമൂഹിക സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ക്യാമ്പയിനുകളും ബഹുജന വിദ്യാഭ്യാസ പരിപാടികളും ഏറ്റെടുക്കാം.

നവമാധ്യമ സാദ്ധ്യതകൾ ഉപയോഗിച്ച് വീഡിയോകൾ, ഡോക്യുമെന്ററികൾ പോസ്റ്ററുകൾ, റീലുകൾ മുതലായവ തയ്യാറാക്കി ക്യാമ്പയിന് വേണ്ട വിഭവങ്ങളും തയ്യാറാക്കാം.

## 7. അവസ്ഥാ പഠനങ്ങൾ/ വിഷയാധിഷ്ഠിത പഠനങ്ങൾ

ഓരോ തദ്ദേശ സ്ഥാപനത്തിലേയും വിവിധ വിഷയമേഖലകൾ ക്രോഡീകരിച്ച് നിലവിലെ വികസന അവസ്ഥ പഠിക്കുന്നതിനുള്ള പഠനങ്ങൾ ബി.ഐ.സികളുടെ നേതൃത്വത്തിൽ ഏറ്റെടുക്കാം.

ഓരോ മേഖലയിലേയും പുതുതായി വരുന്ന പ്രശ്നങ്ങൾ, അഭിമുഖീകരിക്കേണ്ട ആവശ്യങ്ങൾ എന്നിവയെ സംബന്ധിച്ച പഠനങ്ങളും നടത്താം. ഊർജ്ജ ഉപഭോഗം, ജലലഭ്യത, ജലവിനിയോഗം, ഭക്ഷ്യ ഉത്പാദനം, പാൽ, മുട്ട ഉത്പാദനം, കുട്ടികളുടെ പഠനനിലവാരം, റോഡ് ശൃംഖല, റോഡ് ഗുണനിലവാരം, മാലിന്യ പരിപാലനം, രോഗാതുരത, പൊതു ഇടങ്ങളുടെ ലഭ്യത, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങി വ്യത്യസ്ത വിഷയങ്ങളിൽ പഠനങ്ങൾ ഏറ്റെടുക്കാം.

## 8. മാതൃകാ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ

തദ്ദേശസ്ഥാപനങ്ങൾ ചെയ്ത മാതൃകാ പ്രവർത്തനങ്ങൾ, പഠനങ്ങൾ എന്നിവയുടെ ഡോകുമെന്റേഷൻ ബി ഐ സി യുടെ നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന പ്രധാന പ്രവർത്തനമാണ്.

പ്രസിദ്ധീകരണങ്ങൾ, വീഡിയോ/ഓഡിയോകൾ, സോഷ്യൽ മീഡിയ ഉള്ളടക്കങ്ങൾ എന്നിവ ഇങ്ങനെ തയ്യാറക്കാം.

വിവിധ അവാർഡുകൾ നേടുന്നതിനും അനുബന്ധമായ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമായി ബി ഐ സികൾക്ക് തദ്ദേശ സ്ഥാപനങ്ങളെ പിന്തുണക്കാവുന്നതാണ്.

### 9. നൂതന ആശയ സമാഹരണം

ബ്ലോക്ക് പരിധിയിലെ തദ്ദേശ സ്ഥാപനങ്ങളുടെ വികസനത്തിന് പ്രൊഫഷണലുകൾ, പ്രവാസികൾ, യുവജനങ്ങൾ, സാങ്കേതിക വിദഗ്ദ്ധർ, വിവിധ സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുകൾ എന്നിവരുമായുള്ള സംവാദങ്ങളിലൂടെയും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായുള്ള ആശയ വിനിമയത്തിലൂടെയും പുത്തൻ ആശയങ്ങൾ സമാഹരിക്കാം. വ്യത്യസ്തമായ പ്രശ്ന പരിഹാരത്തിന് ഹാക്കത്തോണുകൾ സംഘടിപ്പിക്കാം.

നൂതന പദ്ധതികൾ തയ്യാറാക്കൽ, സാങ്കേതിക വിശദാംശങ്ങൾ തയ്യാറാക്കൽ എന്നിവക്ക് വിദഗ്ദ്ധ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുന്ന സംവിധാനമായി ബി.ഐ.സി കൾക്ക് പ്രവർത്തിക്കാൻ കഴിയും.

### 10. മികച്ച ദേശീയാ അന്തർദേശീയ മാതൃകകൾ പരിചയപ്പെടുത്തൽ / സ്ഥല സന്ദർശനങ്ങൾ

ഓരോ മേഖലയിലും സംസ്ഥാന ദേശീയ അന്തർദേശീയ തലങ്ങളിലുള്ള മികച്ച മാതൃകകൾ ബി.ഐ.സി. കളുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് പരിചയപ്പെടുത്താം.

മാതൃകാ ഇടങ്ങളിലേക്ക് സന്ദർശന സാദ്ധ്യതകളും ഒരുക്കാം.

### 11. വിഭവ സമാഹരണം

ഓരോ മേഖലയിലും ലഭ്യമായ ഫണ്ട് സാദ്ധ്യതകൾ, അവ ലഭ്യമാക്കുന്ന ഏജൻസികൾ, അവരുടെ നിബന്ധനകൾ ഫണ്ട് ലഭ്യമാകാനുള്ള നടപടിക്രമങ്ങൾ എന്നിവ ബി.ഐ. സി. വഴി തദ്ദേശസ്ഥാപനങ്ങൾക്ക് പരിചയപ്പെടുത്താം.

പ്രവാസികൾ, വിദഗ്ദ്ധർ പ്രൊഫഷണലുകൾ എന്നിവരുടെ കൂട്ടായ്മ സംഘടിപ്പിച്ച് വിഭവ സമാഹരണ സാദ്ധ്യതകൾ വിപുലമാക്കാം. സംരംഭക സംഗമങ്ങൾ, നിക്ഷേപക സംഗമങ്ങൾ എന്നിവ സംഘടിപ്പിക്കാം.

### സ്ഥാപനങ്ങളുടെ വിഷയാധിഷ്ഠിത സാദ്ധ്യതകൾ

വിവിധ വിഷയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഡിപാർട്ട്മെന്റുകൾ എന്നിവയ്ക്ക് ഓരോ വിഷയ മേഖലകളിലും അനുയോജ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

അതിന് കഴിയുന്ന ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു;

### 1. സാമ്പത്തിക ശാസ്ത്രം / കൊമേഴ്സ് വിഭാഗം

- സംരംഭങ്ങളുടെ അവസ്ഥാ പഠനം, ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ
- പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കൽ
- പദ്ധതികളുടെ വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കൽ
- പദ്ധതികളുടെ വിലയിരുത്തൽ പഠനം/ സാദ്ധ്യത/ പ്രായോഗികത പഠനങ്ങൾ
- കുടുംബ, നഗര കേന്ദ്രീകൃത മൈക്രോ പ്ലാനുകൾ തയ്യാറാക്കൽ
- സാമൂഹികാ സാമ്പത്തിക സർവ്വേ

### 2. ഫിസിക്സ് / ഇലക്ട്രിക്കൽ വിഭാഗം

- ഊർജ്ജ ഉപഭോഗ പഠനം
- സോളാർ പദ്ധതികൾക്ക് പിന്തുണ
- സൌരോർജ്ജ പ്ലാനുകൾ ഗാർഹിക, സ്ഥാപന തലത്തിൽ തയ്യാറാക്കൽ
- സോളാർ പദ്ധതികൾക്ക് പിന്തുണ
- കാർബൺ ഊർജ്ജ ഉപാധികൾ പരിചയപ്പെടുത്തൽ
- കുറഞ്ഞ കാർബൺ പാദമുദ്ര ആസൂത്രണം
- പവർലൈൻ മാപ്പിങ്ങ്

### 3. കെമിസ്ട്രി വിഭാഗം

- ജലഗുണത പരിശോധന
- മണ്ണ് പരിശോധന
- ജലാശയ മാലിന്യ പഠനങ്ങൾ
- ഭക്ഷ്യ വസ്തുക്കളുടെ പരിശോന
- കമ്പോസ്റ്റ് ഗുണത പരിശോധന
- ജലശുദ്ധീകരണ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തൽ

### 4. ബോട്ടണി, സുവോളജി, ഫിഷറീസ്, ഫോറസ്ട്രി

- ജൈവ വൈവിധ്യം, ജന്തു വൈവിധ്യം എന്നിവയുടെ പഠനം
- മഴക്കാടുകൾ, പച്ചതുരുത്ത് ആസൂത്രണം
- ജൈവ കവച പഠനം
- കാർബൺ ആഗിരണ സാദ്ധ്യത പഠനം

### 5. പരിസ്ഥിതി പഠനവിഭാഗം (ജിയോളജി/ ജിയോഗ്രഫി)

- ദുരന്ത സാധ്യതാ/ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ
- സ്ഥലീയ ആസൂത്രണം
- ദുരന്ത സാദ്ധ്യതാ പഠനം, നീർത്തട ആസൂത്രണം
- നഗരാസൂത്രണം
- ഭൂമിയുടെ മേഖലാവത്കരണം
- പൊതു ഇടങ്ങളുടെ ആസൂത്രണം
- ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം

### 6. സിവിൽ എഞ്ചിനീയറിംഗ് /ആർക്കിടെകടർ

- കെട്ടിടങ്ങൾ റോഡുകൾ എന്നിവയുടെ ആസൂത്രണം

- കെട്ടിടങ്ങൾ പൊതു ഇടങ്ങൾ എന്നിവയുടെ ഡിസൈനിങ്ങ്
- ഡ്രെയിനേജ് പ്ലാനിങ്ങ്
- മാലിന്യ പരിചരണ സംവിധാനങ്ങളുടെ ഡിസൈനിങ്ങ്
- ഹരിത കെട്ടിട ആസൂത്രണം
- ഗുണതയുള്ള റോഡുകളുടെ ആസൂത്രണം

### 7. ഐ.ടി/ ഇലക്ട്രോണിക്സ് വകുപ്പുകൾ

- മൊബൈൽ ആപ്പ് വികസിപ്പിക്കൽ, ഡാറ്റാ പോർട്ടലുകൾ തയ്യാറാക്കൽ, ഇവ കാലാനുസൃതമായി പുതുക്കൽ,
- ഓഡിയോ,വീഡിയോ, പോസ്റ്റർ ഉള്ളടക്കങ്ങൾ തയ്യാറാക്കൽ
- രേഖകളുടെ ഡിജിറ്റലൈസേഷൻ
- ഡിജിറ്റൽ സാക്ഷരത

### 8. ജെൻഡർ പഠനവകുപ്പുകൾ

- ലിംഗപദവി പഠനം
- സ്ഥാപനങ്ങളുടെ ജൻഡർ ഓഡിറ്റ്, ജൻഡർ ബഡ്ജെറ്റിങ്
- ജൻഡർ പ്ലാനുകൾ തയ്യാറാക്കൽ

### 9. സാമൂഹിക പ്രവർത്തന വിഭാഗം/ സോഷ്യോളജി

- കുടുംബ നഗരതല, തദ്ദേശസ്ഥാപനതല മൈക്രോ പ്ലാനുകൾ തയ്യാറാക്കൽ
- പദ്ധതികളുടെ വിലയിരുത്തൽ പഠനങ്ങൾ
- സാമൂഹിക ആഘാത പഠനം
- ബഹുജന വിദ്യാഭ്യാസ പരിപാടികൾ
- സംരംഭകതാ പഠനം

### 10. ഗണിതം, സ്റ്റാറ്റിസ്റ്റിക്സ്

- സർവ്വേകൾ, പുനരുപാധികൾ വികസിപ്പിക്കൽ
- ഡാറ്റാ വിശകലനം
- കുട്ടികളുടെ ഗണിതപഠനം മെച്ചപ്പെടുത്തൽ

### 11. പൊളിറ്റിക്കൽ സയൻസ്

- ജനാധിപത്യ വേദികളെ പറ്റിയുള്ള പഠനം
- പ്രാദേശിക രാഷ്ട്രീയ പഠനങ്ങൾ
- പ്രാദേശിക ഭരണ വിലയിരുത്തൽ പഠനം
- ഇ-ഗവേർണൻസ് പഠനങ്ങൾ

### 12. മൈക്രോ ബയോളജി/ബയോടെക്നോളജി/ ബയോകെമിസ്ട്രി

- മാലിന്യ പരിപാലനം
- ബയോ കമ്പോസ്റ്റിങ്ങ്
- ദ്രവ മാലിന്യ പരിപാലനം
- ഉത്പാദന ക്ഷമതയുള്ള വിത്തിനങ്ങൾ/ വസ്തുക്കൾ ലഭ്യമാക്കൽ

### 12. നഴ്സിങ്ങ്/ഫാർമസി/വൈദ്യപഠനം

- രോഗാതുരത പഠനം
- ജീവിത ശൈലി രോഗപഠനം
- ആരോഗ്യ ക്യാമ്പയിനുകൾ
- വയോജന പരിപാലനം, പാലിയേറ്റീവ് കെയർ

ഇത്തരത്തിൽ നിരവധി സാധ്യതകൾ ബി ഐ സി മുഖേന തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**73**

## വെള്ളപ്പൊക്കവും കക്കൂസ് മാലിന്യ സംസ്കരണവും

രോഹിത് ജോസഫ്

വൃത്തിയുള്ളതും, സുരക്ഷിതവുമായ സാനിറ്റേഷൻ ശീലങ്ങൾ കേരള സമൂഹത്തിന്റെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം നമ്മുടെ മുൻഗണനയാണ്. കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇന്നും കേരളത്തിൽ വ്യാപകമല്ല. മെച്ചപ്പെട്ട ശുചിത്വ സംവിധാനങ്ങൾ കേരളത്തിലെ നഗരവത്കരണത്തിന്റെ ആവശ്യകതായായി മാറിയ കാലത്ത് നാം ആശ്രയിച്ച ഓൺ സൈറ്റ് സാനിറ്റേഷൻ സംവിധാനങ്ങൾ തന്നെയാണ് ഇവിടെ പ്രബലം.

വെള്ളപ്പൊക്കത്തെ അതിജീവിക്കുവാൻ ഉള്ള കരുത്തില്ലായ്മയാണ് OSS സംവിധാനങ്ങളുടെ ഒരു പരിമിതി. കുട്ടനാടിന്റെ ഭാഗമായ രാമങ്കരി പഞ്ചായത്ത് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം വെള്ളപ്പൊക്ക സാധ്യത ഏറിയ ഒരു പ്രദേശമാണ്. മാറുന്ന കാലാവസ്ഥ ഇവിടുത്തെ വെള്ളപ്പൊക്കത്തിന്റെ ആവൃതിയും, തീവ്രതയും വല്ലാതെ വർധിപ്പിച്ചിട്ടുണ്ട്. ഒപ്പം പ്രദേശത്തെ നഗരവൽക്കരണത്തിന്റെ ഭാഗമായ സാമൂഹിക, സാംസ്കാരിക വ്യതിയാനങ്ങൾ പുതിയ വെല്ലുവിളികളും, ആവശ്യകതകളും നിർമ്മിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ആണ് രാമങ്കരിക്ക് അനുയോജ്യമായ കക്കൂസ് സാങ്കേദികവിദ്യ എന്ന ആവശ്യവും ഉടലെടുക്കുന്നത്.

ഇവിടെ നമുക്ക് കാണാവുന്ന ഏറ്റവും വലിയ പ്രത്യേകത, എല്ലാ സൗകര്യങ്ങളും ലഭ്യമായ ഒരു നഗരത്തിൽനിന്നും അടുത്ത തലത്തിലേയ്ക്കല്ല, പകരം താരതമ്യേന വാങ്ങൽ ശേഷി കുറവായ, OSS സാങ്കേദികവിദ്യ ഇപ്പോഴും അതിന്റെ പ്രകൃതരൂപത്തിൽ തുടരുന്ന ഒരു പ്രദേശത്തുനിന്നുമാണ് ഇങ്ങനെയൊരു ആവശ്യം ഉടലെടുക്കുന്നത് എന്നതാണ്.

ഒരു ചെറിയ ഭൂപ്രദേശത്തെ പ്രശ്നം എന്ന നിലയ്ക്കും, പ്രദേശവാസികളുടെ വാങ്ങൽ ശേഷിയിൽ ഉള്ള കുറവുകൊണ്ടും കമ്പോളത്തിന് ഈ പ്രശ്നം അത്രകണ്ട് ആക്ഷർഷകം അല്ല. എന്നാൽ തുല്യതയുള്ള ജീവിത സാഹചര്യം എല്ലാവർക്കും ലഭ്യമാക്കുക എന്ന നമ്മുടെ സാമൂഹിക പരിഗണനയിൽ, സ്റ്റേറ്റിന് ഇതൊരു പ്രധാന പ്രശ്നവും ആണ്. ഇവിടെ ഒരു കമ്പോളത്തിന്റെ അസാന്നിധ്യത്തിൽ, വലിയ വിഭവാവശ്യങ്ങൾ ഉള്ള ഇത്തരം ഒരു ഇന്നോവേഷനെ സ്റ്റേറ്റും, തദ്ദേശ ഭരണ സ്ഥാപനവും, ജ്ഞാന സമൂഹവും എങ്ങിനെ രൂപപ്പെടുത്തുന്നു എന്നതാണ് രാമങ്കരി പഞ്ചായത്തിലെ കക്കൂസ് മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട OLOI ഇടപെലിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നത്.

**പ്രധാന പോയിന്റുകൾ**

- കേരളത്തിലെ, അല്ലെങ്കിൽ ലോകത്തിലെ ഇതൊരു പ്രദേശത്തും ലഭ്യമായ അതേ സൗകര്യങ്ങൾ തങ്ങൾക്കും സ്വായത്തം ആവണം എന്ന നിലപാട്.
- നിലവിലുള്ള പ്രശ്നങ്ങളെയും, രണ്ടാം തലമുറ പ്രശങ്ങളെയും അഭിമുഖീകരിക്കെടുന്നതിന്റെ ആവശ്യകത.
- നൂതനാശയങ്ങളുടെ നിർമ്മിതി; സാങ്കേദിക വിദ്യയുടെ ഉന്നിത്യം-ആനുപാതകമായ വില-വാങ്ങൽ ശേഷി-ആസ്പിരേഷൻ എന്നിവ തമ്മിലുള്ള സംഘർഷത്തെ എങ്ങിനെ അഭിസംബോധന ചെയ്യുന്നു?
- ബയസുകളെ മറികടക്കൽ
- ഉപയോഗ ആവശ്യകതകളും-പാരിസ്ഥിതിക ആവശ്യകതകളും തമ്മിലെ പൊരുത്തക്കേട്.
- പ്രാദേശിക അഡ്പറ്റേഷൻ തന്ത്രങ്ങളും, ഡിസറപ്റ്റീവ് ആശയങ്ങളും തമ്മിലെ സംഘർഷം.
- ട്രാൻസ് ഡിസിപ്ലിനറിറ്റിയുടെ ആവശ്യകത
- മാർക്കറ്റ് പരിഹാരങ്ങളുടെ പരാജയം - ലിവിങ് ലാബ് എന്ന ആശയത്തിന്റെ പ്രസക്തി.

## 74

# തദ്ദേശ സ്ഥാപനങ്ങളിലെ വികസന ഡോക്യുമെന്റേഷനും പൊതുജന സമ്പർക്കവും അവതരിപ്പിക്കാനൊരു കേരള മോഡൽ

പി.വി. ഷെബി

ലോകത്തിന് മുന്നിൽ തന്നെ മാതൃകയായ മറ്റൊരു കേരള മോഡൽ ആണ് നമ്മുടെ സംസ്ഥാനത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. താരതമ്യം പോലും സാധ്യമാകാത്ത അത്ര സുശക്തമായ ഘടനയും അടിസ്ഥാന സൗകര്യങ്ങളും എന്ന സവിശേഷതയുമുണ്ട് നമ്മുടെ ലോക്കൽഗവേണൻസിന്. കേരളാ മോഡൽ എന്ന നിലയിൽ ഏതുപ്രതിസന്ധി ഘട്ടത്തിലും സാധാരണക്കാരന്റെ ആശ്രയകേന്ദ്രങ്ങൾ കൂടിയാണ് നമ്മുടെ തദ്ദേശ സർക്കാരുകൾ. കാര്യശേഷികൊണ്ടും വ്യതിരിക്തമായ പ്രവർത്തന ശൈലികൊണ്ടും വികസനപാതയിൽ ബഹുദൂരം മുന്നോട്ടു സഞ്ചരിച്ച ചരിത്രമാണ് ലോക്കൽ ഗവേണൻസിന്റേത്. ക്രിയാത്മകമായ അനേകം പ്രവർത്തനങ്ങളുടെയും അടിസ്ഥാന സാമൂഹിക വികസനത്തിന്റെയും ചുക്കാൻ പിടിക്കുന്നവർ എന്ന നിലയിൽ ഒരു രാഷ്ട്രത്തിന്റെ തന്നെ സാമൂഹികമായ അടിത്തറയെ ശക്തിപ്പെടുത്തുന്നതിൽ ലോക്കൽ ഗവേണൻസിന്റെ പങ്ക് നിസ്തുലമാണ്. അവതരിപ്പിക്കാനൊരു കേരള മോഡൽ നമുക്ക് മുന്നിലുണ്ടായിട്ടും തികച്ചും അപ്രസക്തമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നതു തന്നെ മാറ്റങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

### ഡോക്യുമെന്റേഷൻ എന്തിന്

അനേകായിരം പ്രതിസന്ധികളെയും പരിമിതികളെയും മറികടന്നുകൊണ്ടാണ് പ്രാദേശികമായി ഇന്നു നാം കാണുന്ന വളർച്ചയിലേക്ക് ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടന്നുകയറിയിട്ടുള്ളത്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ മാതൃകാപരമെന്ന് വിശേഷിപ്പിക്കപ്പെട്ട ഇത്തരം മികച്ച പ്രവർത്തനങ്ങൾ പോലും എവിടെയും അടയാളപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് കാണാം. കേരളത്തിലെ തദ്ദേശ ഭരണത്തിന്റെ വികസന- ക്ഷേമ പ്രവർത്തനങ്ങളുടെ ആധികാരികമായ വിവരങ്ങൾ പലപ്പോഴും വെളിച്ചം കാണാതിരിക്കുകയോ തമസ്കരിക്കപ്പെടുകയോ ചെയ്യുന്നത് അതിന്റെ പ്രസക്തിയെ കുറിച്ചുള്ള അജ്ഞതകൊണ്ടാണ്. നമ്മുടെ ലോക്കൽ ഗവേണൻസ് ആർജ്ജിച്ചിട്ടുള്ള വളർച്ചയുടെ ഓരോ നാഴികക്കല്ലുകളും കാലാനുഗതമായി ഡോക്യുമെന്റ് ചെയ്യപ്പെടേണ്ടത് അവശ്യമാണ്.

### ഡോക്യുമെന്റേഷൻ എന്ത്

പ്രവർത്തനങ്ങൾ/പദ്ധതികൾ/നടപടിക്രമങ്ങൾ എന്നിവയുടെയോ മറ്റിതര നടപടികളുടെയോ ഘട്ടം ഘട്ടമായുള്ള വിവരണ പ്രക്രിയയാണ് ഡോക്യുമെന്റേഷൻ. ഡോക്യുമെന്റേഷൻ കൃത്യതയോടെ നിർവ്വഹിക്കപ്പെട്ടാൽ മാതൃകാപരമായ പ്രവർത്തനങ്ങൾ മാത്രമല്ല നടന്നുതീർത്ത നാൾവഴികളും രേഖപ്പെടുത്തുകയും സമൂഹത്തെ സംബന്ധിച്ചിടത്തോളം നല്ലൊരു നാളേയ്ക്കൊരു മുതൽക്കൂട്ടാവുകയും ചെയ്യും. നമുക്കിടയിൽ വന്ന മാറ്റത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രവർത്തന മാതൃകയാവുന്നതിനും ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ വഴികാട്ടിയാവുമെന്നത് തീർച്ചയാണ്. സാമൂഹിക വികസനമാതൃകയിലെ സുദൃഢമായൊരു കണ്ണിയായി ഡോക്യുമെന്റേഷനെ ശക്തിപ്പെടുത്തുന്നത് ഭാവിയിലേക്കൊരു കരുതൽ കൂടിയാണ്.

### പൊതുജന സമ്പർക്കവും-ഡോക്യുമെന്റേഷനും പ്രസക്തി

ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തുന്ന ഏതൊരു മേഖലയുടെയും അവിഭാജ്യ ഘടകമാണ് മീഡിയയും പബ്ലിക് റിലേഷനും. സജീവമായ ഇടപെടലുകളിലൂടെ ഏറ്റവും കൂടുതലായി പൊതുജന സേവനം ചെയ്യുന്ന വിഭാഗമാണ് തദ്ദേശ സർക്കാരുകൾ. അതുകൊണ്ടുതന്നെ തദ്ദേശ സർക്കാരുകളുടെ പ്രവർത്തനങ്ങളിൽ മാതൃകയാക്കാവുന്ന നിരവധി വിഷയങ്ങൾ ഉൾക്കൊള്ളുന്നു. ലോക്കൽ ഗവേണൻസിന്റെ സമഗ്രമായ വിവരണം കരുതി വയ്ക്കുന്നതിലൂടെ ഭാവിയുടെ വികസന ആവശ്യം നിറവേറ്റപ്പെടുന്നു. സർക്കാരിന്റെ ശ്രദ്ധേയമായ പദ്ധതികളെ പരിചയപ്പെടുത്തുകമാത്രമല്ല,അത് ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനുള്ള തുറന്ന വാതിൽകൂടിയാണ് പൊതുജന സമ്പർക്കവും(പബ്ലിക് റിലേഷൻസ്)ഡവലപ്മെന്റൽ ഡോക്യുമെന്റേഷനും. പൊതുജനങ്ങളിലേക്കുള്ള വിവര വിതരണത്തിന്റെ നട്ടെല്ലായി പൊതുജന സമ്പർക്ക വിഭാഗം നിലയുറപ്പിക്കുമ്പോൾ അത് വൈവിധ്യങ്ങളുടെ ഏകതാ പ്രവർത്തനത്തിന് ഉപോൽബലകമായി മാറുകയും അതിലൂടെ വളർച്ചയുടെ വ്യാപ്തി പ്രാദേശിക തലത്തിൽ നിന്ന് കൂടുതൽ വികസിതമാക്കുകയും ചെയ്യും.

### ഡോക്യുമെന്റേഷന്റെ പ്രധാന്യം

ഏതൊരു പ്രവർത്തനത്തിന്റെയും അനിവാര്യ ഘടകമാണ് വിവര വിജ്ഞാപനം,അതിനുള്ള മാർഗ്ഗമാണ് ഡോക്യുമെന്റേഷൻ. വ്യത്യസ്ത സമീപനങ്ങളിലൂടെയും മാർഗ്ഗങ്ങളിലൂടെയും ഓരോ പ്രവർത്തനങ്ങളുടെ ലക്ഷ്യ സാക്ഷാത്കാരത്തിലേക്കും ഡോക്യുമെന്റേഷൻ നയിക്കുന്നു. മാത്രമല്ല ഡോക്യുമെന്റേഷൻ പൊതുവായി ഒരു അവബോധം സൃഷ്ടിക്കുകയും അത് സ്വഭാവ രൂപീകരണത്തിലേക്കും ശീലങ്ങളുടെ മാറ്റത്തിലേക്കും നയിക്കുന്നു. സമൂഹത്തിന്റെ നേർ പരിച്ഛേദമെന്ന നിലയിൽ പ്രസക്തമായ സംഭാവനകൾ നൽകുമ്പോൾ പോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടു ചേർന്നുള്ള പ്രവർത്തനങ്ങളുടെ ഭാഗമായ റൂറൽ റിപ്പോർട്ടിങ് തികച്ചും അപ്രസക്തമായൊരു ശൈലിയിലാണ് കണ്ടുവരുന്നത്. സമൂഹത്തിനുതകുന്ന വൈജ്ഞാനിക അടിത്തറ സാമൂഹിക സുരക്ഷിതത്വത്തിനും കരുത്തുപകരുമെന്നതിനാൽ കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങളുടെ സുതാര്യത-കാലികത-പ്രസക്തി ഇവയെല്ലാം വിവേചനാധികാരത്തോടെ കൈകാര്യം ചെയ്യാൻ കൃത്യമായ ഡോക്യുമെന്റേഷനിലൂടെ മാത്രമാണ് സാധ്യമാവുക.

### ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം

പ്രവർത്തന ലക്ഷ്യങ്ങൾക്ക് ഒരു ഓർമ്മപ്പെടുത്തൽ സംവിധാനം കൂടിയാണ് ഡോക്യുമെന്റേഷൻ. ആർജ്ജിക്കുന്ന പുരോഗതിയെയും സാമൂഹികമായ വളർച്ചയെയും കാലാനുഗതമായി അടയാളപ്പെടുത്താനും നിരീക്ഷിച്ചറിയാനും ഡോക്യുമെന്റേഷൻ ചവിട്ടുപടിയാവും. വളർച്ചയായാലും തളർച്ചയായാലും അനിവാര്യമായ മാറ്റങ്ങളിലേക്കുള്ള ചൂണ്ടുപലകയാവാനും ഡോക്യുമെന്റേഷന് സാധിക്കും. വാർഷിക തലത്തിലോ, കാലാവധി കഴിയുമ്പോഴോ തയാറാക്കേണ്ട പ്രവർത്തന റിപ്പോർട്ടിന് ഓർമ്മക്കുറിപ്പാകാനും സഹായിക്കുന്നു തുടങ്ങിയവയെല്ലാം ലക്ഷ്യപ്രാപ്തിക്ക് കരുത്ത് പകരുന്ന ഡോക്യുമെന്റേഷന്റെ രീതി വൈവിധ്യങ്ങളാണ്.

പ്രാദേശികാസൂത്രണത്തിന്റെ ഭാഗമായ വികസന ഡോക്യുമെന്റേഷന് താഴെ പറയുന്ന പൊതുലക്ഷ്യങ്ങളെ അഭിസംബോധന ചെയ്യാന് കഴിയണം

1. വാർത്തകളുടെ മുൻഗണനകളെ തലകീഴ് മറിക്കുക
2. അധികാര വികേന്ദ്രീകരണത്തിന്റെ വക്താക്കളുടെ ശൃംഖല വിപുലപ്പെടുത്തുക.
3. വികസനോന്മുഖമായ ഒരു സംവാദാത്മകത വളർത്തിയെടുക്കുക.
4. പുതുതലമുറയ്ക്ക് തദ്ദേശ സ്വയംഭരണത്തെ പരിചയപ്പെടുത്തുക
5. പ്രാദേശിക ജനാധിപത്യത്തെ സർഗ്ഗാത്മകമാക്കുക
6. പ്രാദേശിക വികസനത്തെ രാഷ്ട്രീയ അജണ്ടയാക്കുക

### ഡോക്യുമെന്റേഷൻ രീതികൾ

ഹാർഡ് കോപ്പികളായോ ഡിജിറ്റൽ കോപ്പികളായോ പ്രവർത്തികൾ/ വിവരങ്ങൾ ഡോക്യുമെന്റ് ചെയ്യപ്പെടുന്നതാണ് പൊതുവായി ഉപയോഗിച്ചു വരുന്ന രീതി. നവീന മാധ്യമങ്ങളുടെയും സോഷ്യൽമീഡിയകളുടെയും സജീവ കാലഘട്ടം ഇന്ന് ഡിജിറ്റൽ ഡോക്യുമെന്റേഷന്റെ സാധ്യതകൾ വർധിപ്പിക്കുന്നുണ്ട്. വിദഗ്ധരുടെ ഇടപെടലുകളിലൂടെ ഒരു പ്രവർത്തിയുടെ വിവരങ്ങൾ ഡ്രാഫ്റ്റ് ചെയ്യുന്നതിൽ തുടങ്ങി ഫൊർമാറ്റിങ്,സമർപ്പണം/അവതരണം,വിലയിരുത്തൽ/അവലോകനം, അംഗീകാരം,പ്രസിദ്ധീകരണം, വിതരണം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെയാണ് ഡോക്യുമെന്റേഷൻ കടന്നു പോകുന്നത്. വിഷയത്തിലേക്ക് കടക്കു

മ്പോൾ ആമുഖം,പശ്ചാത്തലം,നേരിടുന്ന വെല്ലുവിളികൾ,പരിഹാരം,നടപ്പാക്കലും തന്ത്രവും,ഫലം/മാറ്റം/പുരോഗതി,പഠിച്ച പാഠങ്ങൾ എന്നിവയിലൂടെയും ഡോക്യുമെന്റേഷൻ സഞ്ചരിക്കുന്നു.

താഴെ പറയുന്ന രീതികളിലൂടെ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ വികസിപ്പിക്കാവുന്നതാണ്.

1. പ്രാദേശിക മീഡിയ ഹൗസ്.
2. പ്രാദേശിക വികസന പ്രവർത്തനം.
3. സോഷ്യൽ മീഡിയ ഹാന്റ്ലിങ്.
4. സിറ്റിസൺ ജേർണലിസ്റ്റ് ടീം.

## 75

# കെ-ഡിസ്ക് STRIDE (Social Technology & Research for Inclusive Design Excellence) പദ്ധതി

Robin Tomi

സഹായക സാങ്കേതികവിദ്യയെ വെറും ഉപകരണങ്ങളായി മാത്രമല്ല, സ്വാതന്ത്ര്യത്തിന്റെയും അന്തസ്സിന്റെയും തുല്യ അവസരത്തിന്റെയും പ്രാപ്തമാക്കലുകളായി ഈ സംരംഭം കാണുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ മാനവ കേന്ദ്രീകൃതമായ പരിപാടി, മൂന്ന് അടിസ്ഥാന ഘടകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു: വ്യക്തിയുടെ കഴിവും ആത്മവിശ്വാസവും, അനുകൂല സാമൂഹിക സാഹചര്യങ്ങൾ, അനുയോജ്യമായ സാങ്കേതിക പിന്തുണ.

കെ-ഡിസ്കിന്റെ നവീകരണ ചട്ടക്കൂടിലൂടെ, ജീവിത അനുഭവങ്ങളിൽ നിന്നും ഉരുത്തിരിയുന്ന പരിഹാരങ്ങൾ വികസിപ്പിക്കാൻ വിദ്യാർത്ഥികളും അധ്യാപകരും സമൂഹാംഗങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്ന തനതായ ഗവേഷണ-രൂപകൽപ്പന-സാങ്കേതിക ആവാസവ്യവസ്ഥ STRIDE സൃഷ്ടിക്കുന്നു.

സാമൂഹിക വികസനത്തിലെ നമ്മുടെ ശക്തമായ അടിത്തറയിൽ നിന്നുകൊണ്ട്, സാങ്കേതിക നവീകരണം, പങ്കാളിത്ത രൂപകൽപ്പന, സാമൂഹിക ശാക്തീകരണം എന്നിവയുടെ പുതിയ മാനങ്ങൾ ചേർത്ത് ഈ സംരംഭം, സമൂഹത്തിൽ നിന്നും ഉരുത്തിരിഞ്ഞ് വരുന്ന പരിഹാരങ്ങൾ സമൂഹത്തോടൊപ്പം വികസിക്കുകയും അത് കൂടുതലാളുകളെ ഉൾക്കൊള്ളുന്നതും സ്വയംപര്യാപ്തവുമായ കേരളത്തിലേക്ക് STRIDE നയിക്കുന്നു.

## 76

# നൂതനാശയ നിർമ്മിതിക്ക് ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയുടെ പ്രയോഗവത്കരണം

ദീപ പി. ഗോപിനാഥ്

അധികാര വികേന്ദ്രീകരണത്തിന്റെ മൂന്നാം ദശാബ്ദത്തിലൂടെ കടന്നു പോകുന്ന കേരളം, ഗ്രാമ നഗര ജീവിതത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഇന്ന് സംസ്ഥാനത്തെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന പ്രക്രിയയിൽ ആണ്. പുതിയ പ്രശ്നങ്ങളെ നേരിടുന്നതിന് പുതിയ ആശയങ്ങൾ, അവയുടെ രൂപീകരണത്തിനും നടത്തിപ്പിനും സഹായിക്കുന്ന സംഘടന സംവിധാനങ്ങൾ എന്നിവ വിവിധ തലങ്ങളിൽ അനിവാര്യമാണ്. സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ (sustainable and inclusive) പ്രാദേശിക സാമ്പത്തിക വികസനം (LED) സാധ്യമാവണമെങ്കിൽ പ്രാദേശിക യാഥാർത്ഥ്യങ്ങളിലും പ്രത്യേകതകളിലും ഊന്നിയ പുത്തനാശയ നിർമ്മിതി അഥവാ ഇന്നവേഷൻ ആവശ്യമാണ്. ഇന്നവേഷൻ എന്നത് സാമ്പത്തിക വികസനത്തിന്റെ സുപ്രധാന ചാലക ശക്തിയായി ലോകമെങ്ങും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന ഇന്നവേഷൻ എന്നത് ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യകതകൾ മനസ്സിലാക്കിയും അവരുടെ പങ്കാളിത്തത്തോടുകൂടിയും അവിടെ നിലനിൽക്കുന്ന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിയും, രൂപപ്പെടുത്തിവരുന്ന പുത്തനാശയ നിർമ്മിതിയാണ്.

ഇത്തരത്തിലുള്ള പുത്തനാശയ നിർമ്മിതിക്ക് അക്കാദമിക ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനാവും. അക്കാദമിക ഗവേഷണ സ്ഥാപനങ്ങളിലൂടെ വികസന പ്രശ്നപരിഹാരങ്ങൾക്കും, പ്രാദേശിക സംരംഭകർക്ക് പുത്തനാശയ നിർമിതിയിലൂടെ അവരുടെ സംരംഭങ്ങളുടെ ആധുനികവൽക്കരണത്തിനും, മികച്ച ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും സഹായം എത്തിക്കാൻ സാധ്യമാകുന്ന ഒരു ആവാസ വ്യവസ്ഥ ആവശ്യമാണ്. അറിവ് നിർമ്മിക്കുന്നവരും അത് ഉപയോഗിക്കുന്നവരും ആയി നിരന്തരമായുള്ള കൂട്ടായുള്ള പ്രവർത്തനത്തിലൂടെ മാത്രമേ സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ സാമ്പത്തിക വികസനത്തിന് ഉതകുന്ന പുത്തനാശയങ്ങൾ ഉരുത്തിരിഞ്ഞു വരികയുള്ളൂ.

തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് അതാത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾ വഴിയും, വിദഗ്ദ്ധരുടെ കൂട്ടായ്മ വഴിയും, ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി, പദ്ധതി രേഖകളാക്കുകയും, അവ നടപ്പിലാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും ചെയ്യാൻ ഇന്നോവേഷന്റെ ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയാണ് (Quadruple Helix model of innovation) ഏറ്റവും അനുയോജ്യം. ക്വാഡ്രപ്പിൾ ഹെലിക്സ് മോഡൽ അടിസ്ഥാനമാക്കിയുള്ള ഘടകങ്ങൾ താഴെ നൽകുന്നു.

- **സർക്കാർ:** നയ രൂപീകരണവും ഭരണവും നയിക്കുന്നു.
- **അക്കാദമിയ:** ഗവേഷണം, നൂതനാശയ നിർമിതി, വിജ്ഞാന വ്യാപനം എന്നിവ കൊണ്ടുവരുന്നു.
- **വ്യവസായം:** സംരംഭകത്വം, ഉത്പാദനം, വിപണി ബന്ധങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- **സിവിൽ സൊസൈറ്റി:** സമൂഹത്തിലെ മുഴുവൻ പേരുടെയും പ്രാതിനിധ്യവും, അടിസ്ഥാന പങ്കാളിത്തവും ഉറപ്പാക്കുന്നു.

പുത്തനാശയ രൂപീകരണത്തിനും അവയുടെ നടത്തിപ്പിനും, വ്യാപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായുള്ള ഒരു പിന്തുണ സംവിധാനം എന്ന നിലയിൽ, കെ-ഡിസ്കും കിലയും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്ന "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം" (OLOI) എന്ന പദ്ധതി, ഇന്നോവേഷന്റെ ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയുടെ പ്രായോഗികവൽക്കരണമാണെന്ന് കാണാവുന്നതാണ്.

# പട്ടിക ജാതി പട്ടിക വർഗ വികസനം

**77**

## പട്ടികജാതി പട്ടികവർഗ വികസനം

ശിവകുമാർ

ചരിത്രപരമായ കാരണങ്ങളാൽ വികസനത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളാണ് പട്ടികജാതി-പട്ടികവർഗക്കാർ. അതുകൊണ്ടുതന്നെ പാർശ്വവൽക്കരിക്കപ്പെട്ട ഈ ജനവിഭാഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാനും വിദ്യാഭ്യാസ, തൊഴിൽ, രാഷ്ട്രീയ മേഖലകളിൽ അവരുടെ പ്രാതിനിധ്യം ഉറപ്പാക്കുവാനും സാമ്പത്തിക വികസന പ്രക്രിയ ത്വരിതപ്പെടുത്തുവാനും ഇന്ത്യയുടെ ഭരണഘടനയും കേന്ദ്ര-സംസ്ഥാന-തദ്ദേശസ്വയംഭരണ സർക്കാരുകളും പ്രതിജ്ഞാബദ്ധരാണ്. ഇന്ത്യൻ ഭരണഘടന, അതിന്റെ ആമുഖം, നിർദ്ദേശതത്വങ്ങൾ, വിശിഷ്യാ അനുച്ഛേദം 38, 46, മൗലികാവകാശങ്ങൾ, അനുച്ഛേദം 17, 341, 342 തുടങ്ങി നിരവധിയായ അനുച്ഛേദങ്ങളിലൂടെ പട്ടിക വിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിന് ഭരണഘടനാസാധുത ഉറപ്പുനൽകുന്നു.

### പട്ടികവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തികാവസ്ഥ

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയുടെ ജനസംഖ്യയിൽ യഥാക്രമം 16.5, 8.08 ശതമാനം പട്ടിക ജാതി/പട്ടികവർഗക്കാരാണ്. കേരളത്തിലാകട്ടെ അത് യഥാക്രമം 9.1 ഉം 1.45 ശതമാനവുമാകുന്നു. പട്ടിക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസം, ഭൂമി, ഭവനം, കുടിവെള്ളം, വൈദ്യുതി, അടിസ്ഥാന സൗകര്യങ്ങൾ, വരുമാനം, തൊഴിൽ തുടങ്ങിയ വികസന സൂചകങ്ങൾ പരിശോധിച്ചാൽ ഇപ്പോഴും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഏറെ അകന്നാണ് പട്ടികവിഭാഗങ്ങളുടെ

വികസനാവസ്ഥ നിലകൊള്ളുന്നത്. ഉദാഹരണത്തിന് 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ 72 ശതമാനം പട്ടികജാതിക്കാരും ദാരിദ്രരേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്നു. എന്നാലിത് പൊതുവിഭാഗത്തിൽ 60 ശതമാനമേയുള്ളൂ. കേരളത്തിലാകട്ടെ ഇത് പട്ടികജാതി (58 ശതമാനം), പട്ടികവർഗം (62 ശതമാനം) പൊതുവിഭാഗം (30 ശതമാനം) എന്ന കണക്കിലാണ്. തൊഴിലില്ലായ്മയുടെ കണക്കെടുത്താൽ കേരളത്തിൽ പട്ടികജാതിക്കാരിൽ 49 ശതമാനവും പട്ടികവർഗക്കാരിൽ അത് 30.27 ശതമാനവുമാണ്. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത് ദേശീയതലത്തിനെ അപേക്ഷിച്ച് കേരളത്തിലെ പട്ടികജാതി വർഗക്കാരുടെ സാമൂഹ്യ സാമ്പത്തിക നില മെച്ചമാണെങ്കിൽക്കൂടി പരിഹരിക്കപ്പെടേണ്ട വികസനപ്രശ്നങ്ങൾ ഈ ജനവിഭാഗങ്ങൾക്കിടയിൽ ഇനിയും അവശേഷിക്കുന്നുവെന്നാണ്.

## പട്ടികവർഗ ഉപപദ്ധതിയും പ്രത്യേക ഘടക പദ്ധതിയും

പട്ടികവിഭാഗങ്ങളുടെ വികസന പ്രശ്നങ്ങൾക്ക് സാമ്പത്തിക സ്രോതസ്സ് ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് 1975 ൽ പട്ടികവർഗ ഉപപദ്ധതി(ടി എസ് പി)യും 1978 ൽ പ്രത്യേക ഘടക പദ്ധതി(എസ് സി പി)യും ആരംഭിച്ചത്. ഓരോ സാമ്പത്തിക വർഷത്തേയും ബജറ്റിൽ പ്ലാൻ തുകയിൽ നിന്നും പട്ടികജാതി വർഗക്കാരുടെ ജനസംഖ്യാനുപാതികമായ തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ വികസനത്തിനായി മാറ്റി വയ്ക്കുകയും ഈ തുക പ്രധാനമായും വരുമാനവും ആസ്തിയും വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾക്കായി വിനിയോഗിക്കുകയും ചെയ്തിരുന്നു. പന്ത്രണ്ടാം പദ്ധതിയോടെ (2012-17) കേന്ദ്രസർക്കാർ പ്ലാനിംഗ് കമ്മീഷൻ പിരിച്ചുവിടുകയും പ്ലാൻ-നോൺ പ്ലാൻ എന്ന ധനവിനിയോഗ വിഭജനം അവസാനിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് കേന്ദ്രത്തിൽ നിലവിൽ ടി.എസ്.പി - എസ്.സി.പി എന്ന നിലയിൽ തുക വകയിരുത്തുന്ന സമ്പ്രദായം അവസാനിപ്പിച്ചുവെങ്കിലും ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം മാത്രമാണ് പ്ലാൻ-നോൺ പ്ലാൻ സമ്പ്രദായവും അതുപ്രകാരം ജനസംഖ്യാനുപാതികമായ പ്ലാൻതുക പട്ടികവിഭാഗങ്ങൾക്ക് വകയിരുത്തുന്ന രീതിയും തുടർന്നുകൊണ്ടു പോകുന്നത്. പട്ടികവർഗ വികസനത്തിനായി അവരുടെ ജനസംഖ്യാശതമാനത്തിന്റെ ഇരട്ടിയോളം തുക വകയിരുത്തുന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

## അധികാര വികേന്ദ്രീകരണവും പ്രാദേശിക വികസന സാധ്യതയും

1992 ൽ 73-74 ഭരണഘടനാ ഭേദഗതിയോടെ അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസനത്തിൽ പ്രാമുഖ്യവും ലഭിച്ചതിനെ തുടർന്ന് പട്ടികവിഭാഗക്കാരുടെ വികസനവും പുതിയൊരു തലത്തിലേക്കു മാറുകയുണ്ടായി. ജനങ്ങളോട് അടുത്ത് സ്ഥിതിചെയ്യുന്ന അധികാരകേന്ദ്രങ്ങൾക്ക് ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുമെന്ന അധികാരവികേന്ദ്രീകരണത്തിന്റെ തത്വം 1996 ൽ കേരളം ആരംഭിച്ച ജനകീയാസൂത്രണ കാമ്പയിനിലൂടെ ജനകീയവൽക്കരിക്കപ്പെട്ടപ്പോൾ അധികാരത്തിൽ നിന്നും ചരിത്രപരമായി തന്നെ അകറ്റി നിർത്തപ്പെട്ടിരുന്ന പട്ടികവിഭാഗങ്ങൾക്ക് അധികാരത്തിലും ആസൂത്രണത്തിലും സ്വന്തം വികസന പ്രക്രിയയിലും കാര്യക്ഷമമായി ഇടപെടാനുള്ള സാഹചര്യം ഒരുങ്ങുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനശ്രമങ്ങൾക്ക് സാമ്പത്തിക തടസ്സം ഉണ്ടാകാതിരിക്കുവാൻവേണ്ടി സംസ്ഥാന ബജറ്റിൽ നിന്നും തന്നെ തുക മാറ്റിവയ്ക്കുകയുണ്ടായി. ഇന്ന് കേരള സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 42 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കപ്പെടുന്നത്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ-ബ്ലോക്ക്- ഗ്രാമപഞ്ചായത്ത് എന്നീ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പട്ടികവിഭാഗ വികസനത്തിനായി എസ്.സി.പി-ടി.എസ്.പി ഫണ്ടുകൾ അനുവദിച്ചു. ഇന്ന് പട്ടികവിഭാഗ വികസനത്തിനായി ആകെ മാറ്റി വയ്ക്കുന്ന തുകയുടെ 45 ശതമാനത്തിലധികവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. ബാക്കി തുക പട്ടികജാതി-വർഗ വികസന വകുപ്പുകൾ വഴിയും ചെലവഴിക്കുന്നു.

അധികാരവികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തിപ്പെടലും കാരണം പട്ടികവിഭാഗങ്ങളുടെ പ്രാദേശിക വികസനത്തിൽ മുമ്പെങ്ങുമില്ലാത്തവിധത്തിലുള്ള ഉണർവ്വ് പ്രകടമാണ്. പദ്ധതി ആസൂത്രണത്തിലും അതിന്റെ നിർവഹണ പ്രക്രിയയിലും ഇടപെടാനുള്ള നിയമപരമായ അധികാരം പട്ടികവിഭാഗക്കാരിൽ കൂടുതൽ അവകാശബോധവും വികസനപ്രക്രിയയെക്കുറിച്ചുള്ള അവബോധവും സൃഷ്ടിച്ചു. പട്ടികവിഭാഗങ്ങളിൽ നിന്നുള്ള ജനപ്രതിനിധികൾ, പ്രൊമോട്ടർമാർ, ഉദ്യോഗസ്ഥർ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കന്മാർ, സംഘടനാ പ്രവർത്തകർ തുടങ്ങിയവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രാദേശിക വികസനസാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ട് പട്ടികവിഭാഗക്കാരുടെ ഊരുകളിലും നഗറുകളിലും വികസന ചർച്ചകൾ സജീവമാക്കി. കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം, ഭവനനിർമ്മാണം, വരുമാനദായക പദ്ധതികൾ, പോഷകാഹാരം, ദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി പട്ടികവിഭാഗമേഖലകളിൽ കൈവരിക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

## വികസന പ്രക്രിയയിലെ ശ്രദ്ധേയമായ ഇടപെടലുകൾ

പട്ടികവിഭാഗങ്ങൾ പ്രാദേശിക തലത്തിൽ നേരിട്ടുകൊണ്ടിരുന്ന നിരവധി വികസന പ്രശ്നങ്ങൾ ജനകീയാസൂത്രണപ്രക്രിയയിലൂടെ പരിഹൃതമായിട്ടുണ്ട്. എന്നു മാത്രമല്ല, വികസന പ്രക്രിയയിലെ നേരിട്ടുള്ള പങ്കാളിത്തം സൃഷ്ടിച്ച അവബോധം തദ്ദേശസ്വയംഭരണ സംവിധാനങ്ങൾക്കു പുറമേ വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പൊതു

പദ്ധതികളുടെ ഗുണഫലങ്ങൾ നേടിയെടുക്കുവാൻ പട്ടികവിഭാഗങ്ങളെ പ്രാപ്തരാക്കിയെന്നത് വലിയൊരു സാമൂഹിക നേട്ടമാണ്. മാത്രമല്ല തങ്ങളുടെ വികസനാവശ്യങ്ങൾ സർക്കാരിന്റെയും സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയും അതിലൂടെ പുതിയ പദ്ധതികൾക്കും സമീപനങ്ങൾക്കും വഴിയൊരുക്കുകയും ചെയ്തു. പട്ടികവിഭാഗങ്ങളിൽ നിന്നുള്ള യുവ എഞ്ചിനീയർമാർക്ക് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപ്രന്റീസായി തൊഴിൽ പരിശീലനത്തിന് അവസരമൊരുക്കിയതും അതിക്രമങ്ങൾക്കിരയാകുന്ന പട്ടികവിഭാഗക്കാർക്ക് പട്ടികവിഭാഗങ്ങളിലെ തന്നെ അഭിഭാഷകരുടെ സേവനം ലഭ്യമാക്കിയ ജ്വാല പദ്ധതിയും വിദേശവിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് പദ്ധതിയും പട്ടികവർഗ ജനവിഭാഗങ്ങളുടെ അടിസ്ഥാനരേഖകൾ ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കുവാനുള്ള എ-ബി-സി-ഡി പദ്ധതിയും ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുനരുദ്ധരിക്കുവാനുള്ള സേഫ് പദ്ധതിയും തൊഴിലധിഷ്ഠിത നൈപുണ്യം ഉറപ്പാക്കുവാനുള്ള ട്രേസ് പദ്ധതിയും കൊമേഴ്സ്യൽ പൈലറ്റുമാരെ വാർത്തെടുക്കുവാനുള്ള വിങ്സ് പദ്ധതിയും പട്ടികവർഗത്തിലെ ഭിന്നശേഷിവിഭാഗക്കാർക്കായുള്ള കാറ്റാടി പദ്ധതിയും എല്ലാ ഊരുകളേയും സാങ്കേതിക വിദ്യയിലൂടെ ഒന്നിപ്പിക്കുവാനുള്ള ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ എന്ന പദ്ധതിയും മാറുന്ന വികസന നയത്തിന്റെ ചില ഉദാഹരണങ്ങളാണ്. ഇതിനൊക്കെ മകുടം ചാർത്തിക്കൊണ്ട് നിലവിലെ നിരവധി ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് കാടിന് കാവലാകാൻ വേണ്ടി 500 പട്ടികവർഗക്കാർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകുകയും തൊഴിൽ സംരംഭകത്വ വികസനത്തിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുകയും വരുമാനം മാനദണ്ഡമാക്കാതെ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ഉറപ്പാക്കുകയും കോളനികളെ നഗറുകളും ഉന്നതികളുമായി രൂപാന്തരപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ജനകീയാസൂത്രണപ്രക്രിയ നൽകിയ വികസന അവബോധത്തിന്റെ പ്രതിഫലനങ്ങൾ പട്ടികവിഭാഗങ്ങളുടെ വികസനകാഴ്ചപ്പാടിനെ സമൂലം മാറ്റുന്ന സാഹചര്യം സംജാതമായിട്ടുണ്ട്.

## പരിഹരിക്കേണ്ട പ്രശ്നങ്ങളും പുതിയ വെല്ലുവിളികളും

എന്നാൽ അധികാരവികേന്ദ്രീകരണ പ്രക്രിയ നിരവധിയായ വെല്ലുവിളികളും പട്ടികവിഭാഗ മേഖലകളിൽ നേരിടുന്നുണ്ട്. ഗ്രാമ-വാർഡ് സഭകളിലെയും ഊരുക്കൂട്ടങ്ങളിലേയും പ്രാതിനിധ്യക്കുറവ്, നാമമാത്രമായ പ്രാതിനിധ്യം, ആസൂത്രണത്തിലെ അവകാശങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചുമുള്ള ശരിയായ അവബോധമില്ലായ്മ, വികസന വിടവുകളെക്കുറിച്ച് കൃത്യമായ വിവരങ്ങളുടെ ലഭ്യതക്കുറവ്, തീരുമാനമെടുക്കുന്ന സമിതികളിൽ വേണ്ടത്ര പങ്കാളിത്തമില്ലായ്മ, പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിലും അവതരിപ്പിക്കുന്നതിലുമുള്ള നൈപുണ്യത്തിന്റെ അഭാവം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ, ഫണ്ട് ലാപ്സാകൽ, ഉൽപ്പാദനമേഖലയിൽ ആവശ്യമായ പദ്ധതികൾ ഇല്ലാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മാത്രമല്ല 2047 ൽ വികസിത ഭാരതം പോലുള്ള ദേശീയ അജണ്ടകളും വൈജ്ഞാനിക സമ്പദ് വ്യവസ്ഥ, പ്രാദേശിക സാമ്പത്തിക വികസനം പോലുള്ള സംസ്ഥാന അജണ്ടകളും മുന്നോട്ടുവച്ചുകൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ടുപോകുമ്പോൾ പട്ടികവിഭാഗങ്ങളാകട്ടെ ഭരണഘടനയുടെ അനുച്ഛേദം 243 (ജി, ഡബ്ല്യു) പ്രകാരം സാമൂഹ്യനീതിക്കായി പ്രാദേശിക സാമ്പത്തികാസൂത്രണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ ബഹുദൂരം പിന്നിൽ നിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. മാത്രമല്ല, പട്ടികവിഭാഗങ്ങളുടെ ഭൂമി പ്രശ്നം, ഭവനരാഹിത്യം എന്നിവ ഇന്നും പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. കുടിവെള്ളം, വഴി, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇന്നും നിരവധിയായ പട്ടികവിഭാഗ ഊരുകളിലും നഗറുകളിലും നിലനിൽക്കുന്നുണ്ട്. വിദ്യാസമ്പന്നരായ പട്ടികവിഭാഗക്കാരുടെ ഇടയിലെ തൊഴിലില്ലായ്മ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട വിഷയമാണ്. ആരോഗ്യ സേവന രംഗത്തെ അപര്യാപ്തത, ജാതീയമായ അകറ്റി നിർത്തൽ, അവസരങ്ങൾ നിഷേധിക്കൽ തുടങ്ങിയവ പ്രത്യേകം പരിഗണന അർഹിക്കുന്നവയാണ്.

പട്ടികവിഭാഗക്കാരുടെ ഭാവിയിലേക്കുള്ള വികസന ചർച്ചകൾ മുന്നോട്ടുപോകുമ്പോൾ ഇന്ത്യയെമ്പാടും സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷം മാറിവരുന്നുവെന്ന യാഥാർത്ഥ്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ജാതിവ്യവസ്ഥയും വർഗ്ഗീയതയും കൊടികുത്തിവാണ ഒരു ചരിത്രപശ്ചാത്തലത്തിൽ അതിന്റെ ഏറ്റവും വലിയ ഇരകളായിരുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് കടുത്ത മനുഷ്യാവകാശ നിഷേധവും നീതിനിഷേധവും വികസനാവകാശ നിഷേധവുമാണ് അനുഭവിക്കേണ്ടിവന്നത്. അതിനെതിരെ ഐതിഹാസികമായ സമരം നയിച്ച നവോത്ഥാന നായകരും പുരോഗമന പ്രസ്ഥാനങ്ങളുമാണ് വ്യവസ്ഥാപിത ഭരണഘടനയിൻ കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യയെ സൃഷ്ടിച്ചതും ജാതിജന്യ അനാചാരങ്ങൾ തൂത്തെറിഞ്ഞ് പട്ടികവിഭാഗങ്ങൾക്ക് ഉയർത്തെഴുന്നേൽപ്പിനുള്ള പിന്തുണ നൽകിയതും. എന്നാൽ സമകാലിക ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ ജാതിവ്യവസ്ഥയും വർഗ്ഗീയതയും പിടിമുറുക്കുകയും ജാതിജന്യ സാമൂഹ്യ അനാചാരങ്ങൾ രാഷ്ട്രീയപിന്തുണയോടെ തിരികെ വരികയുമാണ്. ഇതിന്റെ ഏറ്റവും വലിയ ഇരകളായി മാറുന്നതും പട്ടികവിഭാഗങ്ങളാണ്. അതിനാൽ ജാതിവാദവും വർഗീയവാദവും പിടിമുറുക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ അവയുയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുള്ള അറിവും അവ തരണം ചെയ്യുവാൻ പട്ടികവിഭാഗങ്ങളെ പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകതയും തദ്ദേശസ്വയംഭരണ തലങ്ങളിലെ വികസന ചർച്ചകളെ കൂടുതൽ ഉത്തരവാദിത്വപൂർണ്ണമാക്കുന്നു.

## പട്ടികവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ- ഒരു വിശകലനം

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവുമുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള ഏഴുവർഷ ക്കാലം (2017-18 മുതൽ 2023-24 വരെ) തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു. സ്പിൽ ഓവർ പദ്ധതികൾ ഒഴിവാക്കി അതാത് സാമ്പത്തിക വർഷത്തെ പുതിയ പദ്ധതികൾ മാത്രമാണ് താരതമ്യത്തിനായി തെരഞ്ഞെടുത്തത്. പട്ടിക 1 കാണുക

**പട്ടിക 1. 2017-24 കാലയളവിലെ വിവിധ വിഭാഗ ങ്ങളിലെ ആകെ വകയിരുത്തലും ചെലവും (തുക കോടിയിൽ)**

| | ആകെ വകയിരു ത്തൽ | ആകെ ചെലവ് | % |
|---|---|---|---|
| ജനറൽ വിഭാഗം | 24709.43 | 18448.4 | 74.7 |
| പട്ടികജാതി (എസ്.സി.പി) | 8220.64 | 5462.90 | 66.5 |
| പട്ടികവർഗം (ടി.എസ്.പി) | 1256.09 | 830.12 | 66.1 |
| സോഴ്സ്. സുലേഖ, സ്പിൽഓവർ പദ്ധതികൾ ഒഴിവാക്കിയിട്ടുണ്ട് | | | |

പട്ടിക 1 പ്രകാരം ജനറൽ വിഭാഗത്തിലെ പദ്ധതി വകയിരുത്തലിൽ 74.7 ശതമാനവും ചെലവഴിക്കു മ്പോൾ പട്ടികജാതി-വർഗ വിഭാഗങ്ങളിൽ പൊതുവെ 66 ശതമാനം മാത്രമാണ്. ഓരോ മേഖലതിരിച്ചുള്ള വകയിരുത്തലും അതിന്റെ വിനിയോഗവും പട്ടിക 2 ൽ നൽകുന്നു.

**പട്ടിക 2. 2017-24 കാലയളവിലെ വിവിധ വിഭാഗ ങ്ങളിലെ ആകെ വകയിരുത്തലും ചെലവും (തുക കോടിയിൽ) ശതമാനം**

| | ആകെ വകയി രുത്തൽ | ഉൽപ്പാ ദനം | സേവനം | പശ്ചാ ത്തലം |
|---|---|---|---|---|
| ജനറൽ വിഭാഗം | 24709.4 | 22.3 | 66.8 | 10.9 |
| എസ്.സി.പി | 8220.6 | 5.9 | 79.3 | 14.9 |
| ടി.എസ്.പി | 1256.1 | 8.4 | 77.4 | 14.3 |
| ആകെ വിനിയോഗം | | | | |
| ജനറൽ വിഭാഗം | 18448.4 | 21.0 | 72.3 | 6.7 |
| എസ്.സി.പി | 5462.9 | 3.8 | 87.6 | 8.6 |
| ടി.എസ്.പി | 830.1 | 6.9 | 83.5 | 9.6 |
| സോഴ്സ്. സുലേഖ, സ്പിൽഓവർ പദ്ധതികൾ ഒഴിവാക്കിയിട്ടുണ്ട് | | | | |

പട്ടിക 2 പ്രകാരം ആകെ വകയിരുത്തലിന്റെ മേഖലതി രിച്ചുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ജനറൽ വിഭാഗത്തിന് തൊഴിലും വരുമാനവും കൈകാര്യം ചെയ്യുന്ന ഉൽപ്പാദന മേഖലയിൽ 22 ശതമാനം തുക യ്ക്കുള്ള പദ്ധതികളിൽ പട്ടികജാതി-വർഗ വികസന പദ്ധ തികൾ യഥാക്രമം 6 ഉം 8 ഉം ശതമാനം മാത്രമാണ്. ഈ അന്തരം മേഖല തിരിച്ച് തുക വിനിയോഗിക്കുന്ന തിലും കാണാവുന്നതാണ്.

ഇത് വ്യക്തമാക്കുന്നത് പട്ടികജാതി-വർഗക്കാർക്കായു ള്ള പദ്ധതി വിഹിതത്തെ അടിസ്ഥാനമാക്കി മേഖല തിരിച്ച് പദ്ധതികൾ തയ്യാറാക്കുമ്പോൾ പട്ടികവിഭാ ഗങ്ങളുടെ സാമ്പത്തികശേഷി മെച്ചപ്പെടുത്തുന്ന പദ്ധതികൾ രൂപീകരിക്കുവാൻ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ടെന്നാണ്. ധനവിനിയോഗം പരിശോ ധിക്കുമ്പോൾ ജനറൽ വിഭാഗത്തിന്റെ ധനവിനിയോ ഗത്തിൽ കാട്ടുന്ന ശ്രദ്ധയും കാര്യക്ഷമതയും പട്ടിക വിഭാഗ പദ്ധതികളുടെ നിർവ്വഹണത്തിലും ആവശ്യ മാണ് എന്നതും വ്യക്തമാകുന്നു.

## വികേന്ദ്രീകൃതാസൂത്രണം- 25 വർഷത്തെ അനുഭവ പാഠം

കേരളത്തിൽ 1996 മുതൽ 2021 വരെയുള്ള കാൽനൂ റ്റാണ്ടുകാലത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അനുഭവ പാഠങ്ങൾ ഇന്ത്യയിലെ വികസന പ്രക്രിയ യ്ക്കുതന്നെ മുതൽക്കൂട്ടാണ്. വികേന്ദ്രീകൃതാസൂത്രണ ത്തിന്റെ ഭാഗമായി പാർശ്വവൽക്കരിക്കപ്പെട്ട ജനവി ഭാഗങ്ങളുടെ ജീവിതത്തിൽ നിരവധി ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അവ വിലയിരുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട മാറ്റം, ആസൂത്രണത്തിൽ നേരി ട്ടുപങ്കെടുക്കുവാനുള്ള നിയമപരമായ അവകാശം സമൂ ഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള പട്ടികവിഭാഗ സമൂഹത്തിലെ അംഗങ്ങൾക്കു കിട്ടിയെന്നതു മാത്ര മല്ല, വികസനത്തിനാവശ്യമായ സാമ്പത്തിക സ്രോ തസ്സിന്റെ നല്ലൊരു ഭാഗം ടി.എസ്.പി-എസ്.സി.പി ഫണ്ടായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു കൈമാറുവാൻ കഴിഞ്ഞു എന്നതു കൂടിയാണ്. വിക സനപ്രക്രിയയിൽ മുൻകാലങ്ങളിൽ അവഗണിക്കപ്പെ ട്ടിരുന്നവർ സജീവമായി പങ്കെടുക്കുന്നതിന്റെ തോത് ഉയർന്നതും, വനിതകളടക്കമുള്ള പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിൽ നിന്നും വനിതകളടക്കം നിരവധി നേതാക്കൾ പ്രാദേശിക തലങ്ങളിൽ നേതൃനിരയിലി ക്കേ് ഉയർന്നുവന്നതും വികേന്ദ്രീകൃതാസൂത്രണത്തി ന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. പദ്ധതി രൂപീകര ണത്തിൽ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന ലഭിച്ചതിനാൽ പട്ടികവിഭാഗ ഊരുകളിലും നഗറുക ളിലേയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെട്ടതും വികേന്ദ്രീകൃതാസൂത്രണത്തിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. ദാരിദ്ര്യനിർമ്മാർജ്ജനം, വനിതകളുടെ ശാക്തീകരണം, വികസനത്തിൽ നിന്നുള്ള ബോധപൂ ർവ്വമായ ഒഴിവാക്കലുകളുടെ കുറവ്, മുഖ്യധാരയിലേ ക്ക് കൂടുതലായി ഉൾച്ചേർക്കപ്പെട്ടത്, വികസനത്തോട് അവകാശാധിഷ്ഠിത സമീപനം സൃഷ്ടിക്കപ്പെട്ടത്, മെച്ച പ്പെട്ട ഭവനം, തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിക്ക

പ്പെട്ടത് തുടങ്ങിയവ കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിലുള്ള പട്ടിക വിഭാഗക്കാരിൽ പുതിയൊരു ഉണർവ്വ് സൃഷ്ടിച്ചു.

എന്നാൽ ഇത്തരം ഗുണപരമായ മാറ്റങ്ങൾക്കൊപ്പം തന്നെ വികേന്ദ്രീകൃതാസൂത്രണം നടപ്പിലായി 25 വർഷങ്ങൾക്കുശേഷവും പൂർണ്ണമായും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന മേഖലകളുമുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കാനാവുന്നതല്ല. പട്ടികവിഭാഗങ്ങളുടെ പ്രാദേശികമായ സാമൂഹ്യ-സാമ്പത്തിക അവസ്ഥയേയും വികസന വിടവുകളേയും മനസ്സിലാക്കാനുതകുന്ന ഒരു വിവരശേഖരം ഇന്നും സമ്പൂർണ്ണമായി രൂപീകരിക്കാനായിട്ടില്ല. അഴിമതി, കാലതാമസം, സ്വജനപക്ഷപാതം തുടങ്ങിയവയെക്കുറിച്ചുള്ള പരാതികൾ നിലനിൽക്കുന്നുണ്ട്. മാത്രമല്ല, ചെലവഴിക്കുന്ന ഫണ്ടിനനുസരിച്ചുള്ള നേട്ടം പട്ടിക വിഭാഗങ്ങളുടെ മൊത്തത്തിലുള്ള ജീവിതാവസ്ഥയിൽ പ്രതിഫലിക്കാത്തതിന്റെ പ്രശ്നവും പരിഹരിക്കപ്പെടേണ്ടതായി നിലനിൽക്കുന്നുണ്ട്.

## നൂതന പദ്ധതികളുടെ സാധ്യതകൾ സംരഭങ്ങൾ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ട മേഖലകൾ

2047 ൽ ഇന്ത്യയെ ഒരു വികസിത രാജ്യമാക്കണെന്ന ലക്ഷ്യം ചില കേന്ദ്രങ്ങൾ ചർച്ചചെയ്യപ്പെടുന്നുവെങ്കിലും ഇന്ത്യയിൽ അവികസിതാവസ്ഥയിൽ കഴിയുന്ന പട്ടികജാതി-പട്ടികവർഗക്കാരുടെ വികസനം വികസിത ഇന്ത്യയിൽ എപ്രകാരമായിരിക്കുമെന്നതിനെക്കുറിച്ച് അവർ മൗനം പാലിക്കുകയാണ്. എന്നാൽ പട്ടികവിഭാഗക്കാർ അധിവസിക്കുന്ന കേരളത്തിലെ ഗ്രാമാന്തരങ്ങളിലെ അവസാന ഭവനത്തിൽ പോലും ഭരണത്തിന്റേയും വികസനത്തിന്റെയും നേട്ടങ്ങൾ കൊണ്ടുചെന്നെത്തിക്കുന്നതിനായി ഉദ്യോഗസ്ഥരുടേയും പ്രൊമോട്ടർമാരുടേയും ജനപ്രതിനിധികളുടേയും ആശാപ്രവർത്തകരുടേയും ഒരു വലിയ ശൃംഖലതന്നെ കേരളം സൃഷ്ടിച്ചത് അഭിമാനാർഹമാണ്. മാത്രമല്ല, കേരളം വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കു മാറുകയും ഇന്ത്യ ലോകത്തെ മൂന്നാമത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി മാറുവാൻ ശ്രമിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഇനി കേരളത്തിലെ പട്ടികജാതി-വർഗക്കാരുടെ ഭാവി വികസന സാധ്യതകൾ രൂപകൽപ്പന ചെയ്യേണ്ടത്. മാത്രമല്ല, ആഗോളമായി സംഭവിക്കുന്ന സാങ്കേതിക വിദ്യയുടെ ജനാധിപത്യവൽക്കരണവും നിർമ്മിതബുദ്ധിയുടെ സാധ്യതകളും പരിഗണിക്കേണ്ടതുണ്ട്.

പട്ടികവിഭാഗങ്ങളുടെ വികസനത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ട മേഖലകളിൽ ഇനിയും ഭൂമി, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, നൈപുണ്യം തുടങ്ങിയവ സുപ്രധാനമാണ്. വൈജ്ഞാനിക സമ്പദ് വ്യവസ്ഥയേയും പ്രാദേശിക സാമ്പത്തിക വികസനത്തേയും കൂട്ടിയിണക്കിക്കൊണ്ടുള്ള വികസന സാധ്യതകളാണ് വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ഫലപ്രദമായി ചെയ്യുവാൻ കഴിയുക. ഗോത്രവിഭാഗക്കാരുടെ പരമ്പരാഗത അറിവുകൾ, ഭക്ഷണം, വൈദ്യം, കൃഷിരീതികൾ, പരിസ്ഥിതി സംരക്ഷണ രീതികൾ തുടങ്ങിയവ അന്താരാഷ്ട്ര തലത്തിൽ തന്നെ ആവശ്യക്കാരേറെയുള്ള മേഖലകളാണ്. മാത്രമല്ല, വനമേഖല കേന്ദ്രീകരിച്ചുള്ള ഉത്തരവാദിത്വ വിനോദസഞ്ചാരവും കലാ സാംസ്കാരിക പ്രവർത്തനങ്ങളും പ്രാദേശിക സാമ്പത്തിക വികസനത്തിനനുയോജ്യമാം വിധം പദ്ധതികളായി രൂപാന്തരപ്പെടുത്താവുന്നതാണ്. പട്ടികജാതിക്കാരുടെ തൊഴിൽപരവും സാംസ്കാരികവുമായ അറിവുകളെ പരമാവധി പ്രയോജനപ്പെടുത്തി ഉൽപ്പാദന മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപീകരിക്കുവാൻ കഴിയും. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സംരഭകത്വത്തെ പ്രോത്സാഹിപ്പിക്കുക വഴി ഓരോ നഗറുകളും മിനി ഇൻഡസ്ട്രിയൽ ഹബ്ബുകളായി മാറ്റുവാൻ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ കഴിയും.

അതുപോലെ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ജനവിഭാഗങ്ങൾക്കും പ്രദേശങ്ങൾക്കും മേഖലകൾക്കും അനുഗുണമായ വികസനതന്ത്രങ്ങളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിൽ രൂപീകരിക്കേണ്ടതുണ്ട്. വികസനത്തിൽ പിന്നിൽ നിൽക്കുന്ന സമുദായങ്ങളേയും ചോലനായ്ക്കർ, മലമ്പണ്ടാരങ്ങൾ തുടങ്ങിയ പ്രാക്തന സമുദായങ്ങളേയും ജനസംഖ്യ കുറഞ്ഞ സമുദായങ്ങളേയും പ്രത്യേകമായി തദ്ദേശസ്വയംഭരണതലത്തിൽ മിഷൻ പ്ലാൻ തയ്യാറാക്കി വികസനത്തിൽ പരിഗണന നൽകേണ്ടതുണ്ട്. അതുപോലെ മൈക്രോപ്ലാനിംഗിനുവേണ്ടി നടപ്പിലാക്കുന്ന കുടുംബ സർവ്വേ കാര്യക്ഷമമായി തദ്ദേശസ്വയംഭരണ തലത്തിൽ പൂർത്തിയാക്കിയെടുക്കേണ്ടതുണ്ട്. എല്ലാ പട്ടികജാതി - വർഗക്കാരേയും ഒരൊറ്റ യൂണിറ്റായി കാണുന്നതിനു പകരം ഗ്രാമ-നഗര വ്യത്യാസമനുസരിച്ചും ഓരോ സമുദായങ്ങളുടെയും പ്രത്യേകതകളനുസരിച്ചും ഊരുകളുടെയും നഗരുകളുടെയും സവിശേഷതകളനുസരിച്ചും നഗരകേന്ദ്രീകൃത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഗ്രാമകേന്ദ്രീകൃത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേകം പ്രത്യേകം വികസന മാതൃകകൾ രൂപീകരിക്കേണ്ടതാണ്.

## പദ്ധതി രൂപീകരണം, നിർവഹണം, നിരീക്ഷണം: നിലവിലെ വെല്ലുവിളികൾ

വികേന്ദ്രീകൃകാസൂത്രണത്തിന്റെ ഗുണഫലങ്ങൾ പ്രധാനമായും ജനങ്ങളിലെത്തുന്നത് പദ്ധതികളിലൂടെയാണ്. തദ്ദേശസ്വയംഭരണത്തിന്റെ ഫലപ്രാപ്തി അളക്കുന്നതിനുള്ള ഒരു ശ്രദ്ധേയമായ മാനദണ്ഡവും പദ്ധതികളുടെ ഫലപ്രദമായ നിർവഹണമാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെക്കാലമായുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതി രൂപീകരണം, നിരീക്ഷണം, നിർവഹണം തുടങ്ങിയ ഘട്ടങ്ങളിലുണ്ടായ പാകപ്പിഴകൾ ആത്മവിമർശനപരമായി വിലയിരുത്തുന്നത് മുന്നോട്ടു പോകുന്നതിന് സഹായകരമാകും. പട്ടികജാതി-വർഗക്കാരുടെ സജീവവും ക്രിയാത്മകവുമായ പങ്കാളിത്തം ഗ്രാമ/ വാർഡ്/ ഊര് സഭകളിൽ പലപ്പോഴും കുറയുന്നു

വെന്ന യാഥാർത്ഥ്യം നിലനിൽക്കവേ തന്നെ പദ്ധതി രൂപീകരണ പ്രക്രിയ നേരിടുന്ന പ്രധാന വെല്ലുവിളി കളിലൊന്നാണ് പ്രാദേശിക തലത്തിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ അഭാവം. പദ്ധതി രൂപീക രണത്തിനാവശ്യമായ അവസ്ഥാ വിശകലത്തിനും വികസന വിടവു കണ്ടെത്തുന്നതിനും സഹായിക്കുന്ന സാമൂഹ്യ-സാമ്പത്തിക-സ്ഥിതിവിവരക്കണക്കുകളുടെ അഭാവമാണ് മറ്റൊരു വെല്ലുവിളി. വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും തമ്മിലുള്ള ഏകോപന മില്ലായ്മ, രാഷ്ട്രീയവും സാമുദായികവും പ്രാദേശിക വുമായ ഇടപെടലുകൾ, ദീർഘകാല ലക്ഷ്യങ്ങളുടെ അഭാവം തുടങ്ങിയവ പദ്ധതി രൂപീകരണം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. മാത്രമല്ല, മാറിയ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുവാൻ പട്ടികവിഭാഗങ്ങളെ പ്രാപ്തരാക്കുന്നതിനായി കൂടുതൽ വരുമാന-തൊഴിൽദായക പദ്ധതികൾ ആവിഷ്ക്കരിക്കു വാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം.

എന്നാൽ പദ്ധതി നിർവ്വഹണമാകട്ടെ മറ്റു പലതരത്തി ലുമുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനാവശ്യമായ സാമ്പത്തിക സ്രോതസ്സ് സമയത്തിനു ലഭിക്കുക എന്നത് ഇന്നും പല പദ്ധതികളും വിജയകരമായി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. പട്ടി കവിഭാഗങ്ങൾക്കിടയിൽ വൈദഗ്ധ്യമുള്ള തൊഴിൽ സേനയുടെ അഭാവം കാരണം പല പദ്ധതികളുടേയും നിർവഹണത്തിൽ തൊഴിൽ പങ്കാളിത്തം വഹിക്കാൻ ഈ ജനവിഭാഗങ്ങൾക്കു കഴിയുന്നില്ല. പല പദ്ധതി കൾക്കുവേണ്ട ഭൂമി ഏറ്റെടുക്കൽ, അനുമതി ലഭ്യ മാക്കൽ തുടങ്ങിയവയിലെ കാലതാമസം എന്നത് പദ്ധതി നടത്തിപ്പിലെ വലിയൊരു വെല്ലുവിളിയാണ്. കുറഞ്ഞതോതിലാണെങ്കിലും അഴിമതിയും കെടു കാര്യസ്ഥതയും പട്ടികവിഭാഗ വികസനത്തിനായുള്ള പദ്ധതികളുടെ നിർവഹണത്തിലുണ്ടെന്നത് കാണാ തിരിക്കാനാവില്ല.

പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ഉന്നതിക്കായി രൂപീകരിക്കുന്ന പദ്ധതികളുടെ നിർവഹണ ഘട്ട ത്തിലുണ്ടാകുന്ന പാകപ്പിഴകൾ അതാതു സമയം കണ്ടെത്തി പരിഹരിക്കുന്ന നിരീക്ഷണ സംവിധാനം പൂർണ്ണതോതിൽ നിലവിലില്ല എന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെയുള്ള പദ്ധതി നിർവ്വഹ ണത്തിൽ നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്. പദ്ധതികളുടെ നിർവഹണപ്രക്രിയയ്ക്കിടയിലെ വിവ രങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് പാകപ്പിഴകളു ണ്ടെങ്കിൽ തിരുത്തുന്നതിനോ പദ്ധതിയുടെ ഗുണഭോ ക്താക്കൾക്ക് നിർവഹണ മേൽനോട്ടം വഹിക്കുവാനോ കുറ്റമറ്റ സംവിധാനം നിലവില്ല. ഇവയെല്ലാംതന്നെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ വിജയത്തിന് കണക്കിലെടുക്കേണ്ട ഘടകങ്ങളാണ്. മാത്രമല്ല തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഘടകങ്ങളി ലുള്ള മാനവശേഷിയെ ശക്തിപ്പെടുത്തുക എന്നതും അതിപ്രധാനമാണ്. അതിനായി പ്രൊമോട്ടർമാരടക്ക മുള്ളവർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകേ ണ്ടതുണ്ട്.

## സംയോജന സാധ്യതകൾ, സന്നദ്ധ സാങ്കേതിക പ്രവർത്തകരുടെ പങ്കാളിത്തം

പട്ടികജാതി-വർഗക്കാരുടെ വികസന പ്രശ്നങ്ങൾ പട്ടികജാതി-വർഗ വികസന വകുപ്പുകളുടെ മാത്രം ഉത്തരവാദിത്വമല്ല. എല്ലാ സർക്കാർ-സർക്കാരിതര ഏജൻസികളുടേയും കൂട്ടായ പ്രവർത്തനം അതി നാവശ്യമാണ്. വിവിധ സർക്കാർ-സർക്കാരിതര ഏജൻസികളെ ഫലപ്രദമായി അടിത്തട്ടിൽ കൂട്ടിയോ ജിപ്പിച്ച് വികസനത്തിന്റെ ഗുണഫലങ്ങൾ പട്ടികവി ഭാഗങ്ങൾക്ക് നേരിട്ടും സത്വരമായും എത്തിക്കുവാൻ കഴിയുന്ന ഫലപ്രദമായ ഭരണസംവിധാനമാണ് തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾ. വ്യത്യസ്ത ഏജൻസി കളുമായി ചേർന്ന് സംയോജിത പദ്ധതികളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പദ്ധതികളും രൂപീകരിച്ചു നടപ്പിലാക്കുന്നത് വികസന പ്രക്രിയയെ കൂടുതൽ കാര്യക്ഷമമാക്കുന്നു. ഇതിലൂടെ കൂടുതൽ സാമ്പത്തിക സ്രോതസ്സ് സമാഹരിക്കുവാ നും വിഷയ വിദഗ്ദ്ധരുടേയും സാങ്കേതിക പ്രവർത്തക രുടേയും സേവനം ഉറപ്പാക്കുവാനും ഗുണഭോക്താക്ക ളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും ഏകോപനവും സഹകരണവും മെച്ചപ്പെടുത്തുവാനും സമഗ്രവിക സനം ഉറപ്പാക്കുവാനും കഴിയും. കാർഷികമേഖല യിൽ ഊന്നൽ നൽകുന്ന വിവിധ സർക്കാർ വകുപ്പു കൾ, വ്യവസായ വകുപ്പ് തുടങ്ങി നിരവധി വകുപ്പുകൾ പട്ടികജാതി-വർഗക്കാരുടെ ജീവിതം മെച്ചപ്പെടുത്താ നുതകുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങൾ മുഖേന നടപ്പിലാക്കുന്നുണ്ട്. എന്നാൽ രാഷ്ട്രീ യവും ഭരണപരവുമായ തടസ്സങ്ങൾ, ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ, കൃത്യമായ കീഴ്ത്തട്ട്-മേൽത്തട്ട് നിർദ്ദേശങ്ങളില്ലായ്മ, പ്രാദേശികമായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം, സുതാര്യത തുടങ്ങിയവ സംയു ക്ത-സംയോജിത പദ്ധതികൾ കാര്യക്ഷമമായി രൂപീക രിച്ചു നടപ്പിലാക്കുവാൻ വിഘാതമായി നിൽക്കുന്നു.

അതുപോലെ വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകൾ പോലെ സർക്കാരിന്റെ പ്രത്യേക വികസന പാക്കേജു കൾ നിലവിലുള്ള മേഖലകളിൽ അത്തരം വികസന പാക്കേജുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളുമായി സംയോജിച്ചായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളിലെ പദ്ധതികൾ രൂപീകരിക്കേണ്ടത്. നിലവിലെ ഏതൊക്കെ പദ്ധതികളും സ്ഥാപനങ്ങളും നൽകുന്ന സാധ്യതകൾ സംയോജനപ്രക്രിയയിൽ ഉൾക്കൊള്ളി ക്കാം എന്നുള്ള വിശാലമായ ചിന്ത തദ്ദേശസ്വയംഭരണ തലത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ടതാണ്.

## മുന്നോട്ടുള്ള വഴി

വികസിത ഭാരതം, വൈജ്ഞാനിക സമ്പദ് വ്യവസ്ഥ, സാങ്കേതിക വളർച്ച, നിർമ്മിത ബുദ്ധി, പരിസ്ഥിതി പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം, സമ്പദ് വ്യവ സ്ഥയുടെ വളർച്ച, ജനസംഖ്യാ വിതരണത്തിലെ മാറ്റ ങ്ങൾ, ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം,

കുടിയേറ്റം, സാമൂഹ്യനീതി, ഭൗമരാഷ്ട്രീയ വിഷയങ്ങൾ, വനിതാ ശാക്തീകരണം, പട്ടികവിഭാഗങ്ങളുടെ തനതു സാംസ്കാരിക സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഊന്നിക്കൊണ്ടാകണം പട്ടികജാതി-വർഗക്കാരുടെ പുതിയ കാലഘട്ടത്തിലേക്കുള്ള വികസന വിഷയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയയിൽചർച്ചചെയ്യപ്പെടേണ്ടതും വികസന മാതൃകകൾ തയ്യാറാക്കേണ്ടതും. വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും അവസാനം ലഭിക്കുകയും പ്രതിസന്ധി ഘട്ടത്തിൽ ഏറ്റവും ആദ്യം പുറന്തള്ളപ്പെടുകയും ചെയ്യുന്നവരാണ് ലോകമെമ്പാടുമുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനത. ഈ പശ്ചാത്തലത്തിൽ മാറിവരുന്ന കാലത്തിനനുസൃതമായി പട്ടികവിഭാഗങ്ങളെ വികസന പന്ഥാവിലെത്തിക്കുന്നതിന് കൃത്യമായ ദിശാബോധം നൽകാനുള്ള ഉത്തരവാദിത്വം അടിസ്ഥാനവർഗ ജനതയുമായി ഏറ്റവുമധികം ചേർന്നുനിൽക്കുന്ന ഭരണസംവിധാനമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന കാഴ്ചപ്പാടുകൾ ഭാവിയുടെ വികസനഭാവനകൾക്ക് വഴികാട്ടിയാക്കാവുന്നതാണ്.

1. സാമ്പത്തിക വികസനത്തിലൂടെ സാമൂഹ്യപുരോഗതിയെന്ന ആശയം പദ്ധതി രൂപീകരണപ്രക്രിയയിൽ ഉൾപ്പെടുത്തുക
2. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ അടിയന്തിരമായ ഇടപെടലുകൾ നടത്തുക
3. വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
4. പ്രദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ കൊടുക്കുക
5. സംരഭകത്വത്തിന് പ്രാമുഖ്യം നൽകുകയും ഊരുകളേയും നഗറുകളേയും ഉപവാണിജ്യകേന്ദ്രങ്ങളായി വികസിപ്പിക്കുകയും ചെയ്യുക
6. സംയോജിത-സംയുക്തപദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകുക
7. സാങ്കേതികവിദ്യയുടെ സാധ്യതകൾ പദ്ധതി രൂപീകരണ-നിർവഹണ-നീരീക്ഷണത്തിന് പരമാവധി പ്രയോജനപ്പെടുത്തുക
8. പട്ടികവിഭാഗങ്ങളിലെ വ്യക്തി, കുടുംബം, പ്രദേശം, സ്ഥാപനം, സംഘടന തുടങ്ങിയ എല്ലാവർക്കും നേരിട്ട് വികസനം ലഭ്യമാക്കാനുതകുന്ന പദ്ധതികൾ തയ്യാറാക്കുക
9. വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളുടെ സംയോജനസാധ്യത പരമാവധി ഉപയോഗപ്പെടുത്തുക. തൊഴിലുറപ്പുപദ്ധതി പോലെയുള്ള പദ്ധതികൾ, കാർഷികവികസന പദ്ധതികൾ, സാമ്പത്തിക വികസന പദ്ധതികൾ തുടങ്ങിയവയുമായി സംയോജിപ്പിക്കുന്നത് നിർബന്ധമാക്കുക.

ഇത്തരത്തിൽ നിരന്തരം മാറിവരുന്ന ഇന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മണ്ഡലത്തിന്റെ സവിശേഷതകളും അന്താരാഷ്ട്ര തലത്തിൽ തന്നെ മാറുന്ന സാങ്കേതിക വിദ്യയുടെ സാധ്യതകളും കാലാവസ്ഥാ വ്യതിയാനം പോലുള്ളവ കാരണം പരിസ്ഥിതിക്കു സംഭവിക്കുന്ന മാറ്റങ്ങളും സമൂഹത്തിൽ അന്ധവിശ്വാസങ്ങളും ജാതിജന്യ അനാചാരങ്ങളും തിരികെ കൊണ്ടുവരാൻ ഒരു വിഭാഗം നടത്തുന്ന പ്രതിലോമപ്രവർത്തനങ്ങളും സൃഷ്ടിക്കുന്ന അസാധാരണ പശ്ചാത്തലത്തിൽ നിന്നുവേണം ചരിത്രപരമായ കാരണങ്ങളാൽ വികസനപ്രക്രിയയിൽ ഒഴിവാക്കപ്പെട്ട പട്ടികവിഭാഗങ്ങളുടെ ഭാവികാല വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകാൻ. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ നിൽക്കുന്ന പട്ടികവിഭാഗങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുകയും അവരുടെ നിത്യജീവിതവുമായി നിരന്തരം സംവദിക്കുകയും ചെയ്യുന്ന ഭരണസംവിധാനമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പട്ടികവിഭാഗങ്ങളുടെ വികസന പ്രക്രിയയിൽ നിർണ്ണായക സംഭാവന നൽകുവാൻ സാധിക്കുന്നത്. പട്ടികവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക മോചനം എന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടിയുള്ള സമഗ്രമായ ആസൂത്രണ-നിർവഹണ മികവാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നതും അവർ നൽകേണ്ടതും.

## 78

# Impact of Decentralized Planning on Development– Experience of the SC and ST marginalized Sections

Prof. Sivanandan Patina Jathi

Kerala has made significant strides in social sectors, such as education, health and public distribution of food and established vibrant local governments through decentralized Planning. However, the social and economic condition of the SC and ST sections needs substantial improvements to catch up with mainstream levels. Efforts through SCP/TSP programmes seem to result only in minimal gains. The decentralized planning system envisages wider and active

participation of stakeholders at all phases of project implementation. The process involves active roles of officials, elected representatives and community participation. The special Grama Sabha and Oorukottam as democratic forums enable the marginalized sections to demand better functioning for inclusive development. However, field survey reports show that anomalous deprivation and exclusion persist for the SC/ST sections from attaining equality of opportunity as vestiges of the traditional social hierarchy norms. The local self governments have a crucial role to bring them to the mainstream level. The elected representatives, the officials and the SC/ST community promoters are directly involved in monitoring this process. The special Grama Sabha (SC) and Oorukootam (ST) can influence this process a great deal. But our field experience shows that their participation remains moderate and cooperation average. Also social auditing is not attempted in most cases. As solutions to this situation, the elected representatives demand to increase the plan-welfare fund ratio for better resource allocation, introduce better schemes for education, skill development and self employment opportunities, assignment of cultivable land and training for agricultural production. They also notice the prevalence of official indifference leading to the neglect of beneficiary aspirations. Therefore periodic review of the impact of the scheme is required. The field investigators in our survey noticed severe shortage of basic infrastructure for the SC/ST households. They suggest for more grass root level attempts to bring them to a take off level.

**79**

# പട്ടികജാതി-വർഗ വികസനവും ഉൽപ്പാദന മേഖലയിലെ ധനവിനിയോഗവും: ഒരു വിശകലനം

ഡോ. യു.പി.അനിൽ

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും മുഖ്യധാരയിലേയ്ക്ക് ഇനിയും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലാത്ത ജനവിഭാഗങ്ങളാണ് പട്ടികജാതി-വർഗ വിഭാഗങ്ങൾ. ഈ ജനവിഭാഗങ്ങളുടെ സംരക്ഷണവും പ്രാതിനിധ്യവും ഭരണഘടനാപരമായിത്തന്നെ ഉറപ്പാക്കിയിട്ടുണ്ട്. അവരുടെ സാമ്പത്തിക വികസനത്തിനായി പ്രത്യേക ബജറ്റ് വിഹിതം മാറ്റിവയ്ക്കുന്നതിനായി 1975 മുതൽ ട്രൈബൽ സബ് പ്ലാനും (ടി എസ്.പി) 1978 മുതൽ പ്രത്യേക ഘടക പദ്ധതിയും (എസ്.സി പി) നിലവിൽ വന്നു. കേരളത്തിലാകട്ടെ ജനകീയാസൂത്രണ പ്രക്രിയ ആരംഭിച്ചതുമുതൽ അടിത്തട്ടു ജനതയുടെ അടിസ്ഥാനാവശ്യങ്ങൾ സത്വരമായി പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി.എസ്.പിയും എസ്.സി.പിയും ബജറ്റിലൂടെ തന്നെ അനുവദിക്കുന്നുണ്ട്.

അധികാരവികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തിപ്പെടലും കാരണം പട്ടികവിഭാഗങ്ങളുടെ പ്രാദേശിക വികസനത്തിൽ മുമ്പെങ്ങുമില്ലാത്തവിധത്തിലുള്ള ഉണർവ്വ് പ്രകടമാണ്. പദ്ധതി ആസൂത്രണത്തിലും അതിന്റെ നിർവഹണ പ്രക്രിയയിലും ഇടപെടാനുള്ള നിയമപരമായ അധികാരം പട്ടികവിഭാഗക്കാരിൽ കൂടുതൽ അവകാശബോധവും വികസനപ്രക്രിയയെക്കുറിച്ചുള്ള അവബോധവും സൃഷ്ടിച്ചു. എന്നാൽ പ്രത്യേക ബജറ്റ് വിഹിതം ഉൾപ്പെടെയുള്ള സംരക്ഷണോപാധികൾ സ്വീകരിച്ചിട്ടും പട്ടികവിഭാഗങ്ങളും പട്ടികേതര വിഭാഗങ്ങളും തമ്മിൽ പല മേഖലകളിലും വികസന സൂചികകൾ പരിശോധിക്കുമ്പോൾ വികസനവിടവുകൾ നിലനിൽക്കുന്നതായി കാണാം. ഉദാഹരണത്തിന് 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ 72 ശതമാനം പട്ടികജാതിക്കാരും ദാരിദ്രരേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്നു. എന്നാലിത് പൊതുവിഭാഗത്തിൽ 60 ശതമാനമേയുള്ളൂ. കേരളത്തിലാകട്ടെ ഇത് പട്ടികജാതി (58 ശതമാനം), പട്ടികവർഗം (62 ശതമാനം) പൊതുവിഭാഗം (30 ശതമാനം) എന്ന കണക്കിലാണ്. തൊഴിലില്ലായ്മയുടെ കണക്കെടുത്താൽ കേരളത്തിൽ പട്ടികജാതിക്കാരിൽ 49 ശതമാനവും പട്ടികവർഗക്കാരിൽ അത് 30.27 ശതമാനവുമാണ്. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത് ദേശീയ തലത്തിനെ അപേക്ഷിച്ച് കേരളത്തിലെ പട്ടിക ജാതി വർഗക്കാരുടെ സാമൂഹ്യ സാമ്പത്തിക നില മെച്ചമാണെങ്കിൽക്കൂടി പരിഹരിക്കപ്പെടേണ്ട വികസനപ്ര

ശ്നങ്ങൾ ഈ ജനവിഭാഗങ്ങൾക്കിടയിൽ ഇനിയും അവശേഷിക്കുന്നുവെന്നാണ്.

പട്ടികവിഭാഗങ്ങളുടെ ഭൂമി പ്രശ്നം, ഭവനരാഹിത്യം എന്നിവ ഇന്നും പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. കുടിവെള്ളം, വഴി, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇന്നും നിരവധിയായ പട്ടികവിഭാഗ ഊരുകളിലും നഗറുകളിലും നിലനിൽക്കുന്നുണ്ട്. വിദ്യാസമ്പന്നരായ പട്ടികവിഭാഗക്കാരുടെ ഇടയിലെ തൊഴിലില്ലായ്മ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട വിഷയമാണ്. ഈ സാഹചര്യത്തിൽ പട്ടികവിഭാഗങ്ങൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി തുക ചെലവഴിക്കുമ്പോൾ ആ ധനവിനിയോഗം ഉൽപ്പാദന മേഖലയുമായി ബന്ധപ്പെടുത്തി പരിശോധിക്കുവാനാണ് ഈ പ്രബന്ധം ഉദ്ദേശിക്കുന്നത്. അതിലൂടെ പ്രാദേശിക തലങ്ങളിൽ പട്ടികവിഭാഗങ്ങളുടെ സാമ്പത്തിക വികസനരംഗത്ത് നിലനിൽക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെയും അതിന്റെ പരിഹാരങ്ങളെയും കുറിച്ചുള്ള ഉൾക്കാഴ്ച രൂപീകരിക്കുവാനും അത് നയരൂപീകരണപ്രക്രിയയിൽ സന്നിവേശിപ്പിക്കുവാനും കഴിയും.

അസിസ്റ്റന്റ് പ്രൊഫസർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ, തിരുവനന്തപുരം. ഫോൺ - 9447269504. ഇമെയിൽ- upanil@gift.res.in

**80**

## കുടുംബശ്രീ

അഡ്വ.പി ശാരുതി

നൂതന ആശയങ്ങളുടെ അടിസ്ഥാനത്തില്ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന മികച്ച ജനസേവന പരിപാടിക്ക് ഏറ്റവും മികച്ച ഉദാഹരണമാണ് കുടുംബശ്രീ. ഈ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും, ലക്ഷ്യാധിഷ്ഠിതമാക്കുന്നതിനും നിലവിൽ കുടുംബശ്രീ ആഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. കേവലം ധന ഇടപാടുകളും, യോഗങ്ങളിൽ ആളെ നിറക്കൽ എന്നതിനുമപ്പുറം കുടുംബശ്രീ പ്രസ്ഥാനം സ്ത്രീ ശാക്തീകരണത്തിന്റെ ഇടമായി മാറണം. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഏറ്റവും താഴെ തലത്തിൽ ഉള്ള NHG കൾ കൂടി ശാക്തീകരണത്തിന്റെ ഇടമായി മാറേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മുകളിൽ നിന്ന് കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾ തയ്യാറാക്കി താഴെ തലത്തിലേക്ക് നൽകുന്നതിന് പകരമായി NHG കളും അവരുടെ കുടുംബങ്ങളും ചർച്ച ചെയ്തു തയ്യാറാക്കുന്ന പരിപാടികൾ ക്രോഡീകരിച്ചു മിഷന്റെ പരിപാടിയാക്കി മാറ്റുന്ന രീതി ഉണ്ടാവണം. വികേന്ദ്രീകൃത ആസൂത്രണം കുടുംബശ്രീക്കകത്തും തയ്യാറാക്കാനുള്ള മാർഗ്ഗരേഖ മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്നതാണ് ഉചിതം .

കുടുംബശ്രീ പ്രവർത്തനങ്ങളുടെ സാമൂഹ്യ വിലയിരുത്തൽ ഒരു കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതുണ്ട്. സമകാലീന പ്രസക്തിയുള്ള വിഷയങ്ങളിൽ തുറന്ന ചർച്ചകൾ നടത്തണം. അനാചാരം, അന്ധവിശ്വാസം, സ്ത്രീധനംലഹരി ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ ബദൽ ക്യാമ്പയിനുകളും നടതാവുന്നതാണ്. അതുപോലെ നൂതന സാങ്കേതിക വിദ്യയുടെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി പ്രത്യേകം സെമിനാറുകളും സംഘടിപ്പിക്കാം.

ഓക്സിലറി ഗ്രൂപ്പുകൾ വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ് എങ്കിലും അത് മികച്ച രീതിയിൽ നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. പുതിയ തലമുറയെ കുടുംബശ്രീയിലേക്ക് എത്തിക്കുന്നതിനു സഹായകരമായ സുപ്രധാന ഘടകമാണ് ഇത്. എല്ലാ CDS നും പ്രത്യേകം നിർദേശം നൽകി ഓക്സിലറി ഗ്രൂപ്പുകളെ ശക്തി പെടുത്തണം. അതിനോടൊപ്പം സ്കിൽ ഡവലപ്മെന്റിൽ പ്രൊഫഷണൽ പരിശീലനം നൽകി തൊഴിലാരംഭിക്കാൻ ഉള്ള അവസരമൊരുക്കി കൊടുക്കാൻ സാധിക്കണം. ഇത് കുടുംബശ്രീ യൂണിറ്റുകൾക്കും നൽകേണ്ടതുണ്ട്. CDS, ജില്ലാമിഷൻ ഓഫീസുകളിൽ മോണിറ്ററിങ്, സ്കിൽ ഡവലപ്മെന്റ്, വിവര ലഭ്യത ഉറപ്പാക്കൽ, സംശയ നിവാരണം എന്നിവക്കായി പ്രത്യേകം റിസോർസ് സെന്ററുകൾക്ക് രൂപം നൽകാം.

കുടുംബശ്രീയിൽ ഡിപ്പാർട്മെന്റലിസം കൂടി വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് മാറ്റി കുടുംബശ്രീയുടെ ജനകീയതയും, പരസ്പര ജൈവ ബന്ധവും ഊട്ടിയുറപ്പിക്കുന്നതിനു കഴിയണം. ഇതിനായി പ്രത്യേകം പരിപാടികൾ ഏറ്റെടുക്കുന്നത് നല്ലതാണ്.

നാട്ടിലെ എല്ലാ പരിപാടിയും ഏറ്റെടുക്കേണ്ടവരാണ് കുടുംബശ്രീ എന്ന ധാരണ ഇന്നുണ്ട്. ഇതിൽ മാറ്റം വരുത്തിയെ മതിയാവൂ. കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഫോക്കസ് കുറയാനും NHG തലത്തിൽ ഫലപ്രദമായി പ്രവർത്തനങ്ങൾ നടക്കാത്ത അവസ്ഥയും ഇതുമൂലം ഉണ്ടാവുന്നുണ്ട്.

കുടുംബശ്രീയിലെ അംഗങ്ങൾക്ക് ഒരു റിട്ടയർമെന്റ് പ്രായ പരിധി വെക്കുന്നത് നല്ലതാണ്. ഒരു വീട്ടിൽ നിന്ന് ഒരു വനിതാ അംഗം എന്നതാണല്ലോ നിലവിലെ രീതി. ഈ അംഗത്തിന് ആരോഗ്യ പരമായ പ്രശ്നങ്ങൾ ഉണ്ടാവുകയോ അല്ലെങ്കിൽ 70 വയസ്സ് പൂർത്തിയാവുകയോ ചെയ്താൽ വീട്ടിൽ നിന്നും പകരം ഒരു പ്രതിനിധിയെ ഉൾപ്പെടുത്താൻ സാധിക്കണം. റിട്ടയർമെന്റിന് ശേഷം അവർക്ക് തുടർന്ന് പ്രവർത്തിക്കാനുള്ള തരത്തിൽ പരിപാടികളും സംഘടിപ്പിക്കാം.

ഇത്തരത്തിലുള്ള ചെറിയ മാറ്റങ്ങളിലൂടെ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ മുൻപോട്ടുള്ള പ്രയാണം വേഗത്തിലാക്കാൻ സാധിക്കും.

# 81

# കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിൽ മിഷൻ സംവിധാനത്തിന്റെ ഇടപെടൽ- നിലവിലെ അവസ്ഥ, വെല്ലുവിളികൾ,സാധ്യതകൾ

ശ്യാം കുമാർ കെ യു

കേരളത്തിലെ ദാരിദ്ര്യ നിർമാർജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനുള്ള ഔദ്യോഗിക സംവിധാനമാണു കുടുംബശ്രീ മിഷൻ. എല്ലാ ജില്ലകളിലും ജില്ലാ മിഷനുകളും സംസ്ഥാന തലത്തിൽ സംസ്ഥാന മിഷനും പ്രവർത്തിക്കുന്നു. കുടുംബശ്രീയുടെ തനതു പ്രവർത്തനങ്ങളോടൊപ്പം വിവിധങ്ങളായ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നിർവഹണ ഏജൻസി കൂടിയാണു നിലവിൽ കുടുംബശ്രീ. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലൂടെ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും പിന്തുണ നൽകുക എന്നതാണു മിഷന്റെ ആത്യന്തികമായ കർത്തവ്യം.

എന്നാൽ, പല പദ്ധതികളുടെയും നിർവഹണ ഏജൻസി എന്ന നിലയിൽ മാത്രം ചുരുങ്ങിപ്പോകുന്ന അവസ്ഥ പലപ്പോഴും ഉണ്ടാകുന്നുണ്ട്. മാത്രമല്ല, വിവിധ പദ്ധതികളുടെ നിർവഹണ ഏജൻസിയായി പ്രവർത്തിക്കുമ്പോൾ കേവലം ടാർഗറ്റ് –അച്ചീവ്മെന്റ് എന്ന രീതിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന രീതിയിലേക്ക് മാറുകയും ഗുണപരത ഉറപ്പു വരുത്താൻ സാധിക്കാത്ത അവസ്ഥയും നിലവിലുണ്ട്. കൂടാതെ, ഒരു സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനമെന്ന നിലയിലുള്ള കോർ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്താതെ വിവിധ ഇവന്റുകളിൽ മാത്രം ശ്രദ്ധ ചെലുത്തുന്ന പ്രവണതയും കാണുന്നുണ്ട്. ഇത്, കുടുംബശ്രീ സംഘടനാ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല.

മിഷന്റെ നയസമീപനത്തിന്റെ പ്രതിഫലനമെന്നോണം സംഘടനാ സംവിധാനത്തിന്റെ വിവിധ തലങ്ങളിലും പ്രവർത്തനരീതിയിലും വിവിധങ്ങളായ പോരായ്മകൾ കണ്ടുവരുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. അയല്കൂട്ട തലം**

അയൽക്കൂട്ട അംഗങ്ങളുടെ സജീവതയില്ലായ്മ, അംഗങ്ങൾക്കിടയിലെ കൊഴിഞ്ഞുപോക്ക്, സാമ്പത്തിക അച്ചടക്കമില്ലായം, സാമ്പത്തിക സാങ്കേതികവിദ്യയിൽ പരിജ്ഞാനത്തിന്റെ കുറവ്, മറ്റുള്ള SHG സംവിധാനങ്ങളുടെ കടന്നു കയറ്റം, തിരിച്ചടവ് ശേഷിക്കു അപ്പുറമുള്ള ലോണുകള്, ഉപജീവന –സംരംഭ പ്രവര്ത്തങ്ങൾ ആരംഭിക്കുന്നതിലെ വിമുഖത തുടങ്ങിയവ

**2. ഏരിയ ഡവലപ്മെന്റ് സൊസൈറ്റി(ADS) തലത്തിൽ**

സമൂഹത്തിലെ വിവിധ വിഭാഗങ്ങളുമായുള്ള ബന്ധം ദുർബലം, എഡിഎസ് കമ്മിറ്റികളുടെ സജീവതയില്ലായ്മ, കൂട്ടായ പ്രവര്ത്തനത്തിന്റെ അഭാവം, അയൽക്കൂട്ട പ്രവര്ത്തനങ്ങളിൽ വേണ്ട ശ്രദ്ധ ചെലുത്താത്ത അവസ്ഥ തുടങ്ങിയവ

**3. കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി(CDS)**

NHG-ADS-CDS ഏകോപനത്തിന്റെ അഭാവം, സി.ഡി.എസ് കമ്മിറ്റികളുടെ സജീവതയില്ലായ്മ, ഉപസമിതി അധിഷ്ഠിതമായ പ്രവർത്തനമില്ലായ്മ, കൂട്ടായ പ്രവര്ത്തനത്തിന്റെ അഭാവം, അധികാര മനോഭാവത്തിന്റെ വളർച്ച, തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായുള്ള ബന്ധത്തിലെ വിടവുകൾ, സ്വതന്ത്രമായി പ്രവര്ത്തിക്കുന്നതിനു തടസ്സം നിൽക്കുന്ന ഘടകങ്ങൾ മുതലായവ

**മിഷന്റെ ഇടപെടൽ മേഖലകൾ**

നയപരമായ സംവിധാനങ്ങൾ -ത്രിതല സംവിധാനത്തിന്റെ നിലവിലെ വിടവുകള്പരിഹരിക്കുക. സംഘടനാ തലത്തില് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് സംവിധാനപരവും സ്ഥിരമായതുമായ പരിഹാരങ്ങൾ രൂപപ്പെടു

ത്തുക. ദുർബലജന വിഭാഗങ്ങളെയും അരികുവല്ക്കരിക്കപ്പെട്ടവരെയും പൂർണ്ണമായും ഉള്‍ക്കൊള്ളുന്ന വിധത്തിലുള്ള പ്രവര്‍ത്തന നയരൂപീകരണം. പുതുതലമുറയെ കുടുംബശ്രീ സംഘടനയുടെ ഭാഗമാക്കുന്നതിനുള്ള നയങ്ങള്‍ക്ക് രൂപം നല്കുക. കേരളത്തിന്റെ ഉത്പാദന സേവന വ്യാവസായിക മേഖലകളില്കുടുംബശ്രീയെ ഒരു അവിഭാജ്യ ഘടകമായി മാറ്റിതീര്‍ക്കുന്നതിനുള്ള നയരൂപീകരണം നടത്തുക. പ്രാദേശിക തലത്തിൽ പ്രശ്നങ്ങളും സാധ്യതകളും തിരിച്ചറിഞ്ഞ് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും സിഡിഎസ്സുകളെ സ്വയംപര്യാപ്തമാക്കി മാറ്റുന്നതിനുള്ള പ്രവര്‍ത്തങ്ങൾ ആവിഷ്കരിക്കുക. തനതായ പ്രവര്‍ത്തങ്ങൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുന്നതിനു സിഡിഎസ്സുകളെ പ്രാപ്തമാക്കുക. കൂടാതെ, നിലവിലെ സാഹചര്യങ്ങൾക്കനുസൃതമായി കുടുംബശ്രീ ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പരിഷ്കരിക്കുക.

പരിശീലനവും കഴിവു വളര്‍ത്തലും—ആധുനിക പരിശീലന രീതികളും മാര്‍ഗ്ഗങ്ങളും നടപ്പിലാക്കുക. കഴിവുറ്റ പരിശീലക നിറയെ വാര്‍ത്തെടുക്കുക. ഫിനാന്‍ഷ്യല്‍ ലിറ്ററസി ഫിനാന്‍ഷ്യല്‍ മാനേജ്മെന്റ് പരിശീലനങ്ങൾ, കേരളത്തിന്റെ ഉത്പാദന സേവന വ്യാവസായിക മേഖലകളില്നൂതന ബിസിനസ്എന്റര്‍പ്രൈസസ് ആരഭിക്കാൻ കഴിയും വിധത്തില്പരിശീലനം നല്കി കുടുംബശ്രീ അംഗങ്ങളെ പ്രാപ്തരാക്കുക. സാമൂഹ്യ വിപത്തുകളെയും അനാചാരങ്ങള്‍ക്കും എതിരെ പ്രവര്‍ത്തിക്കാൻ പ്രാപ്തരാക്കുക.

കണ്വര്‍ജന്‍സ്- മറ്റു വകുപ്പുകളുമായും/ സ്ഥാപങ്ങളുമായും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായുമുള്ള കണ്വര്‍ജന്‍സ് ഉറപ്പുവരുത്തുക.

മാനവ വിഭവ ശേഷിയുടെ ഫലപ്രദമായ ഉപയോഗം- കുടുംബശ്രീ മിഷന്റെ ഭാഗമായി നിലവിൽ 1000 ത്തിലധികം പ്രൊഫഷണലുകൾ പ്രവര്‍ത്തിച്ചുവരുന്നുണ്ട്. ഈ സംവിധാനത്തെ കുടുംബശ്രീ പ്രസ്ഥാനത്തെ പുതിയ ദിശയിലേക്ക് നയിക്കുന്നതിനുള്ള ദിശാവാഹകരായി പരിവര്‍ത്തനം ചെയ്യുന്നതിനു കുടുംബശ്രീ മിഷനു സാധിക്കണം. കൂടാതെ 5000 ത്തോളം വരുന്ന കമ്മ്യൂണിറ്റി പിന്തുണാ സംവിധാനങ്ങളുടെ അറിവും അനുഭവജ്ഞാനവും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ വളര്‍ച്ചക്ക് ഉപകാരപ്പെടുന്ന വിധത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം സംസ്ഥാന ജില്ലാമിഷനുകളുടെ പ്രവര്‍ത്തനം പൂര്‍ണ്ണമായും ഫെസിലിറ്റെഷന്/ കോഓര്‍ഡിനെഷൻ തലത്തിലേയ്ക്ക് മാറ്റിയെടുക്കുകയും സംഘടനാ സംവിധാനത്തെ അതിന്റെ പരിപൂര്‍ണ്ണതയിൽ സ്വതന്ത്ര ഏജൻസിയായി വളര്‍ത്തുകയും ചെയ്യണം.

**82**

# ദുരന്ത നിവാരണ- കാലാവസ്ഥാ വ്യതിയാന പ്രവര്‍ത്തനങ്ങൾ കേരളത്തിൽ

ശ്രീകുമാര്‍

അറേബ്യൻ കടലിന്റെയും പശ്ചിമഘട്ടത്തിന്റെയും നടുവിലായി കിടക്കുന്ന കേരള സംസ്ഥാനം ഒരു പ്രകൃതി രമണീയമായ ജൈവ കലവറ ആണെന്നത് എല്ലാ കാലവും വ്യക്തമായിരുന്നെങ്കിലും ഈ പ്രകൃതി രമണീയതയുടെ മറുവശം കേരളത്തിന്റെ പ്രകൃതി ലോലത ആണെന്നത് നമ്മൾ മനസ്സിലാക്കുന്നത് 2017-ലെ ഓഖിയും, തുടര്‍ന്ന് 2018-ലെ മഹാപ്രളയവും അതിന് പിന്നാലെയായി നടന്നിട്ടുള്ള പല പ്രകൃതി ദുരന്തങ്ങളുടെ സാഹചര്യത്തിൽ ആണ്. കേരള ജനത ഇതിനെ എല്ലാം ധൈര്യമായി നേരിട്ടു. എങ്കിലും ഇതിന്റെ ഇടയിലൂടെ കേരളത്തെ ശക്തീകരിക്കുന്നതിനായി പ്രാദേശിക തലത്തിൽ സംസ്ഥാന സര്‍ക്കാരിന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ ഏറ്റെടുത്തു വരുന്നുണ്ട്. ഇവയെല്ലാം തന്നെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ ശേഷി വര്‍ദ്ധിപ്പിക്കുവാൻ ഉതകുന്ന രീതിയിലുള്ള പ്രവര്‍ത്തനങ്ങൾ ആണ്. ഇവ എന്തെല്ലാം ആണ് എന്നത് വിവരിക്കുക എന്നതാണ് ഈ കുറിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

### നമ്മൾ നമുക്കായ്- തദ്ദേശ സ്വയംഭരണ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികൾ

2018 പ്രളയത്തിലെ നാശത്തിന്റെയും ആഘാതത്തിന്റെയും രംഗങ്ങൾക്കിടയിൽ ഉയര്‍ന്നുവന്നത് കേരളത്തിലെ ജനതയുടെ പ്രതിരോധത്തിന്റെയും പോരാട്ട വീര്യത്തിന്റെയും കഥയായിരുന്നു. നേരിട്ടും ഓൺലൈനിലുമായി ആയിരക്കണക്കിന് സന്നദ്ധപ്രവര്‍ത്തകര്‍, സര്‍ക്കാര്‍ ഉദ്യോഗസ്ഥര്‍, പ്രാദേശിക സര്‍ക്കാരുകൾ - രക്ഷാപ്രവര്‍ത്തനവും ദുരിതാശ്വാസ പ്രവര്‍ത്തനങ്ങളും സംഘടിപ്പിക്കാൻ നടപടിയെടുത്തു. ഈ ദുരന്തത്തിൽ നിന്നും ഉണ്ടായ വലിയ പാഠങ്ങൾ ആര്‍ജ്ജിച്ചുകൊണ്ട് കേരള സര്‍ക്കാര്‍ ആവിഷ്കരിച്ച പരിപാടി ആയിരുന്നു “നമ്മൾ നമുക്കായ്”.

മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ മികവുറ്റതായി പുനര്‍നിര്‍മ്മിക്കുക എന്ന ഉദ്ദേശത്തോടെ കൊണ്ടുവന്നതായിരുന്നു റീബിൽഡ് കേരള ഇനിഷ്യേറ്റീവ്. തകര്‍ന്ന റോഡുകളും, പാലങ്ങളും, മറ്റ് പശ്ചാത്തല സൗകര്യ

ങ്ങളും അതിലുപരി മനുഷ്യ ജീവിതങ്ങളും പുനർന്നിർമ്മിക്കുവാൻ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടു കൂടിയതായിരുന്നു ആർ.കെ.ഐ. രൂപീകരിച്ചത്. അതിന്റെ ഒരു പ്രധാന ഘടകമായി രൂപം കൊണ്ടു- നമ്മൾ നമുക്കായ് എന്ന പ്രദേശിക ദുരന്ത നിവാരണ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ.

ഇനി വരും കാലങ്ങളിൽ ദുരന്തങ്ങളെ നേരിടാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുവാൻ, അതായത് അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും അവർക്ക് നേതൃത്വം നൽകുവാൻ തക്കത്തിൽ അവരെ പ്രാപ്തരാക്കുവാൻ ആയിരുന്നു ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. അതാത് പ്രദേശത്തിന്റെ ദുരന്ത സാധ്യതക്കനുസരിച്ച് ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് പ്രാദേശിക പദ്ധതികൾ ഏറ്റെടുക്കുവാനും ഇതിലൂടെ ഉദ്ദേശിച്ചു. പ്രധാനമായും ഇനി ദുരന്തങ്ങൾ ഉണ്ടായാൽ തന്നെ അവയുടെ ആഘാതം കുറയ്ക്കുവാനും ഉതകുന്ന രീതിയിലുള്ള പദ്ധതികളാണ് ഉദ്ദേശിച്ചത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതങ്ങൾ ഉപയോഗിച്ച് പ്രകൃതിദത്തമായ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി പ്രാദേശിക തലത്തിലുള്ള സന്നദ്ധ സേനകളെ, രക്ഷാപ്രവർത്തനത്തിൽ പരിശീലനം നൽകി എമർജൻസി റെസ്പോൺസ് ടീമുകൾ എന്ന പേരിൽ രൂപീകരിച്ചു. 2019-20 കാലയളവിൽ ജനകീയ ക്യാമ്പെയിനിലൂടെ തുടങ്ങി വെച്ച ഈ പ്രവർത്തനങ്ങൾ ഇന്നു കേരളത്തിലേ പ്രാദേശിക സർക്കാർ സംവിധാനത്തിന്റെ മൂലക്കല്ലായി മാറിയിരിക്കുന്നു. ഇതിന് ശേഷം വന്ന പദ്ധതി രൂപീകരണ കാലയളവുകളിലും ഈ പദ്ധതികൾ രൂപീകരിച്ച് വരുന്നു.

### കാലാവസ്ഥാ വ്യതിയാനം ലഘൂകരണ പ്രവർത്തനങ്ങൾ

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടാതെ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ "നെറ്റ് സിറോ കാർബൺ കേരളം ജനങ്ങളിലൂടെ" എന്ന കാമ്പയിൻ നടന്നുവരുന്നു. ഈ കാമ്പയിനിൽ പങ്കെടുക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച 92 തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് ഇതിൽ ആദ്യം പങ്കാളികളായത്. ഇപ്പോൾ അത് 152 ആയിട്ടുണ്ട്. ഇ.എം.സി., അനർട്ട്, മോട്ടാർ വെഹിക്കിൾ ഡിപ്പാർട്ട്മെൻറ് എന്നിവയുടെ സഹായത്തോടെ ഊർജ്ജ മേഖലയിലും മറ്റ് വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ മറ്റ് മേഖലകളിലും കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ അവിഷ്ക്കരിച്ച് നാപ്പിലാക്കി വരുന്നു. മാലിന്യം, കൃഷി, വൃക്ഷവൽക്കരണം, ജലാശയങ്ങളെ മാലിന്യമുക്തമാക്കൽ എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ആരംഭം മുതൽ ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നവയാണ്. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്. കൂടാതെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ശീലമാറ്റത്തിന് ഉതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. ഈ ഗ്രവർത്തനങ്ങൾക്ക് സഹായകരമായി ഒരു നിർവ്വഹണ മാർഗ്ഗരേഖയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പും തയ്യാറാക്കിയിട്ടുണ്ട്.

ഇതോടൊപ്പം തന്നെ ചേർന്ന് വരുന്നതാണ് പ്രാദേശിക കാലാവസ്ഥാ വ്യതിയാന പദ്ധതികൾ, അഥവാ ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (LAPCC) എന്നത്. പ്രാദേശിക തലത്തിലെ കാലാവസ്ഥയിൽ ഇനി വരും കാലങ്ങളിൽ വരാൻ സാധ്യതയുള്ള മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തി അവിടെ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള പദ്ധതി രൂപീകരണ പ്രക്രിയയാണ് ഇത്. കൂടാതെ കേരളത്തെ 2030-നകം നെറ്റ് കാർബൺ ന്യൂട്രൽ ആക്കാനുള്ള പ്രക്രിയയുടെ അഭിഭാജ്യ ഘടകം കൂടി ആണ് ഇത്.

### ദുരന്ത സാധ്യതാ നിവാരണ കാലാവസ്ഥാവ്യതിയാന പ്രവർത്തന വിലയിരുത്തൽ (DCAT)

കേരളത്തിന്റെ എല്ലാ ഭാഗത്തും പല തരം ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ടെങ്കിലും പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു പ്രദേശമാണ് മദ്ധ്യ തിരുവാംകൂറിൽ വരുന്ന പമ്പാ നദിയുടെ വൃഷ്ടിപ്രദേശം, പ്രത്യേകിച്ചും ഇടുക്കി, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകൾ. മേൽപ്പറഞ്ഞ ദുരന്ത നിവാരണ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനായി ഈ പ്രദേശത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻ-നിർത്തി കേരളത്തിൽ ഏറ്റെടുത്ത മറ്റൊരു പ്രവർത്തനമാണ് ദുരന്ത നിവാരണ കാലാവസ്ഥാവ്യതിയാനം പ്രവർത്തന വിലയിരുത്തൽ. ഈ ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകമായി കിലയുദെ നേതൃത്വത്തിൽ ദുരന്ത നിവാരണ പദ്ധതിയും കാലാവസ്ഥാ വ്യതിയാന ലഘൂകരണ പദ്ധതിയും നിർമ്മിച്ച് പദ്ധതികൾ ഏറ്റെടുത്തു വരുന്നു. നമ്മൾ നമുക്കായ് ക്യാമ്പെയിൻ കാലഘട്ടത്തിൽ വെച്ച് ചെയ്യത് അപേക്ഷിച്ച് കൂടുതൽ സാങ്കേതിക ശാസ്ത്രീയ വിദ്യയുടേയും അറിവിന്റെയും പിൻബലത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇനി വരുന്ന 100 വർഷത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളെ സംബന്ധിച്ചൊരു വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആണ് ഈ പദ്ധതി നടത്തി വരുന്നത്. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ജനതയുടെ അതിജീവന ശേഷി വർദ്ധിക്കുന്നത് ഉന്നം വെച്ച് പ്രാദേശിക തലത്തിൽ മൊക്ക് ട്രില്ലുകളും നിലവിൽ നടന്നു വരുന്നു.

### വെല്ലുവിളികൾ

മേൽ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വരുമ്പോൾ തന്നെ കേരളം നിലവിൽ നേരിട്ട് വരുന്ന ചില സുപ്രധാന വെല്ലുവിളികൾ ഉണ്ട്. എന്തെന്നാൽ പദ്ധതികൾ പലതും രൂപീകരണത്തിന് അപ്പുറം യാഥാർത്ഥ്യം ആക്കാനും നടപ്പിലാക്കാനും സാധിക്കുന്നില്ല. പുതിയ ഒരു മേഖല ആയതിനാൽ തന്നെ വേണ്ടത്ര പ്രവർത്തി പരിചയം ലഭിച്ച ഉദ്യോഗസ്ഥർ സർക്കാർ തലത്തിലും പ്രാദേശിക തലത്തിലും ഇല്ല

എന്നതും വലിയ നിക്ഷേപത്തെ ആകർഷിക്കുവാൻ ദുരന്ത പ്രതിരോധ ശേഷിയുള്ള നിർമ്മാണ പ്രക്രിയകളിലേക്ക് സാധിക്കുന്നില്ല എന്നതും ഇതിന് കാരണങ്ങളാണ്. കൂടാതെ, കാലാകാലങ്ങളായി ചെയ്തു പോകുന്ന വികസന പ്രവർത്തനങ്ങളിൽ നിന്നും രീതികളിൽ നിന്നും മാറാനുള്ള വിമുഖത ജനങ്ങളുടെ ഇടയിലും ഉണ്ട്.

ഇത് കൂടാതെ പ്രാദേശിക തലത്തിലെ പദ്ധതി രൂപീകരണത്തോടൊപ്പം തന്നെ ഭൂവിനിയോഗം, ജല പരിപാലനം, വനപരിപാലനം മുതലായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള നമ്മുടെ നിയമ സംവിധാനങ്ങളിലും വ്യവസ്ഥകളിലും മാറ്റം കൊണ്ടു വരേണ്ടതുണ്ട്. എന്നാൽ അത് വേണ്ടും വിധം മാറ്റം കൊണ്ടു വരുന്നതിൽ ജനത്തിൽ നിന്നും പ്രതിഷേധം ഉയർത്തുന്നു; മാത്രമല്ല ഉള്ള നിയമങ്ങൾ വേണ്ടും വിധം ഇപ്പോഴും പാലിക്കപ്പെടുന്നുമില്ല.

ഗ്രാമ സഭകൾ മുതലായ വേദികൾ കൂടുതൽ ഫലപ്രദമാക്കുവാനും നമുക്ക് നിലവിൽ സാധിക്കുന്നില്ല; പ്രാദേശിക രാഷ്ട്രീയ താൽപ്പര്യങ്ങളും സർക്കാർ നയം തമ്മിലുള്ള ചേർച്ചക്കുറവുകളും ഒരു പ്രശ്നമായി ചില സാഹചര്യങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നു. ഇത് കൂടാതെ ദേശീയ അന്തർ ദേശീയ തലങ്ങളിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്ന വേദികളിലും ചർച്ചകളിലും കേരളത്തിന് ഇന്ത്യയുടെ ഫെഡറൽഘടന മൂലം വേണ്ടും വിധം പ്രാദേശിക ആശങ്കകളെ ബോധിപ്പിക്കുവാൻ സാധിക്കുന്നില്ല എന്നതും ഒരു യാഥാർത്ഥ്യം ആണ്.

### മുന്നോട്ട് വേണ്ട തയ്യാറെടുപ്പുകൾ

ഇനിയുള്ള കാലങ്ങളിൽ കേരളത്തിനും ഇന്ത്യക്കും ഒരു രീതിയിലും അവഗണിക്കാൻ സാധിക്കാത്ത ഒരു പ്രശ്നം ആണ് കാലാവസ്ഥാ വ്യതിയാനവും അതിനു വേണ്ട പ്രതിരോധ ശേഷി വർദ്ധിപ്പിക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങളും. ഇത് മൂലം ഉണ്ടാകുന്ന സാമൂഹിക, സാമ്പത്തിക പ്രതിസന്ധികളെ കൃത്യമായി കണക്കിലെടുത്ത്, നമ്മുടെ പ്രാദേശിക, ദേശീയ- അന്തർദേശീയ ചർച്ചകളിൽ കാലാവസ്ഥ-വ്യതിയാന ദുരന്ത നിവാരണ നയരൂപീകരണം എന്നത് ഒരു പ്രധാന ചർച്ചാവിഷയം ആകണം. അതിന്റെ ഗൗരവത്തിനനുസരിച്ച് അതിനെ ഒരു സിസ്റ്റംസ് സമീപനത്തിലൂടെ കൈകാര്യം ചെയ്യുകയും വേണം. അത് പോലെ തന്നെ മനുഷ്യ നിർമ്മിത കാരണങ്ങൾ മൂലം കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കൂടുതൽ രൂക്ഷമാകുന്ന സ്ഥിതി കാണപ്പെടുന്നതിനാൽ ജനങ്ങളുടെയും ഭരണകൂടത്തിന്റെയും മനോഭാവവും ഇതിനനുസരിച്ച് മാറ്റേണ്ടതുമുണ്ട്. അതിന് വേണ്ട പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ നമുക്ക് നമ്മുടെ ഭാവി സുരക്ഷിതം ആക്കുവാൻ സാധിക്കൂ.

83

## Financial Autonomy and Local Self-Government Institutions: Trend and Pattern of Revenue Mobilisation of LSGIs in Kerala

S.Mohanakumar, Director, Public Policy Research Institute, Thiruvananthapuram

Grassroots democracy, the financial autonomy of LSGIs, and their decision-making process are closely interwoven. The democratic engagements of citizens with the decision-making process of LSGIs have undergone considerable changes ever since the enactment of the Kerala Panchayat Raj and Kerala Municipality Acts in 1994. Kerala's unique decentralized governance model raises questions about its sustainability in the long run. A sustainable system of local governance calls for self-sustenance by generating resources and optimally tapping sources of revenue provisioned for LSGIs. The decentralised governance system in Kerala has attracted worldwide attention from academia and policy circles primarily for its uniqueness in resource transfer from the state, gender participation in the decision-making process, poverty alleviation schemes and programmes, local development and good governance. What has not yet been sufficiently explored in the context of Kerala is the efforts of LSGIs in their revenue mobilisation (Rao, et al, 2011). Ommen attributed the gap in the literature on the revenue mobilisation of LSGIs to the absence of reliable and real-time data on revenue collection by sources (Ommen, 2015). In the context of Kerala, Gama Panchayats and Urban local bodies are entitled to raise their

revenue while Block and District Panchayats are not entitled to generate revenue on their own either by tax or non-tax sources. The present study is confined to the analysis of tax and non-tax revenue resources of Grama Panchayats and urban local bodies in Kerala from 1997-98 to 2021-22. The study is based on secondary data culled from different sources, particularly the CAG reports and other studies. Analysis of secondary data is supplemented with case studies of selected LSGIs in the state.

Available studies on own tax mobilisation efforts of LSGIs in Kerala provide data till 2010. Ommen et al (2017) observed that the LSGIs' expenditure on welfare measures has outstripped their revenue efforts. Major two sources of own tax revenue of Gram Panchayats are: (i) land tax; and (ii) professional tax. The relative share of these two sources of tax revenue has remained constant for a fairly long time. Moreover, only 60 per cent of the potential of the land tax has been tapped yet, leaving a substantial gap between tax collection and the tax potential of LSGIs in Kerala. More or less the same trend exists in the case of non-tax revenue of Gram Panchayats in Kerala (Ommen et al, 2017: 57). In a study held in 2007-08, it was reported that the per capita tax revenue was estimated to be Rs 69.97 and the per capita non-tax revenue was Rs 49.05 in 2007-08. The per capita Own Source Revenue of LSGIs in Kerala was Rs 119.02 in 2007-08. There has been a significant variation in per capita tax and non-tax revenues across districts in Kerala. Ernakulam district reported the highest per capita own source revenue (Rs 203) and Per capita non-tax revenue (104), closely followed by the Kannur district (Rs 169) in 2007-08. Conversely, Palakkad district reported the lowest per capita revenue comprising both tax revenue and own tax revenue of LSGIs in Kerala (Government of Kerala, 2009).

In light of the observations from the secondary source of data, the major findings of the present study are detailed below. (i) There has been a steep decline in the relative share of non-tax revenue in the total own revenue of LSGIs in Kerala from 1997-98 to 2021-22; (ii) The relative share of non-tax revenue declined from 41 per cent to 22 per cent during the reference period. The observed decline in non-tax revenue is primarily because the latter failed to catch up with the tax revenue of LSGIs. The total tax revenue of LSGIs in Kerala increased from Rs 173.14 crore to Rs 1246.39 crore while the non-tax revenue increased from Rs 120 crore to Rs 357 crore between 1997-98 to 2021-22. (iii) There are significant ups and downs in the non-tax revenue collection of LSGIs. There has been a steep fall in the total non-tax revenue collection of LSGIs since 2014-15 and the reasons have to be unearthed. Important observations from case studies shed light on the fluctuating trends in non-tax revenue of LSGIs in Kerala.

84

# നവകേരള സൃഷ്ടിയിൽ ജനകീയാസൂത്രണത്തിന്റെ പങ്ക്

Krishnan T M

കേരളത്തിലെ അധികാരഘടനയിൽ ഭൂപരിഷ്കരണം പോലെ അടിസ്ഥാനപരമായ മാറ്റം അധികാരവികേന്ദ്രീകരണം സൃഷ്ടിച്ചിട്ടുണ്ട്. അതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചരിത്രപരമായ ഒരു തീരുമാനമെടുത്തു. ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തയ്യാറായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു രണ്ടുലക്ഷം രൂപ ഗ്രാന്റായി പദ്ധതിയിൽ നിന്നും കിട്ടിയ സ്ഥാനത്തായിരുന്നു വിപ്ലവകരമായ ഈ വിഭവ കൈമാറ്റം. 50 മുതൽ 75 ലക്ഷം രൂപ വരെയാണ് ഈ തിരുമാനം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായത്. ഇന്നത് കോടികളാണ്. ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം 15205.5 കോടിയിൽ നിന്ന് 15980.49 കോടിയായി ഉയർത്തുമെന്ന് ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന ബജറ്റിന്റെ 28 ശതമാനം തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതമായി കൈമാറിക്കൊണ്ട്, കേരളം അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കഴിഞ്ഞു.

ഇത്രയും വലിയ തുക കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പരിശീലനമോ പരിചയമോ ഉദ്യോഗസ്ഥ പിന്തുണയോ വൈദഗ്ധ്യമോ, ചട്ടങ്ങൾപോലുമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല. അതിനായി അഞ്ച് പതിറ്റാണ്ട് നിലനിന്നുവന്ന ഡിപ്പാർട്ട്മെന്റ് സംവിധാനത്തെ പൊളിച്ചുപണിതു. അതായിരുന്നു അന്നത്തെ സർക്കാരിന്റെ മുന്നിലെ ആദ്യവെല്ലുവിളി.

വിദഗ്ധരെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും ബഹുജനങ്ങളെയും അണിനിരത്തി തദ്ദേശഭരണ ജനപ്രതിനിധികളെ പുതിയ ചുമതലകൾ ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനം ആവിഷ്കരിച്ചത്. ജനപങ്കാളിത്തവും സുതാര്യതയും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്ന ഒരു ആസൂത്രണ പ്രക്രിയയായിരുന്നു ഇത്. ജനകീയാസൂത്രണ പദ്ധതി തയ്യാറാക്കി, അതു ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കി, ഒപ്പം അധികാരവികേന്ദ്രീകരണത്തിന് അനിവാര്യമായ രാഷ്ട്രീയഇച്ഛയും സംസ്ഥാനത്തു സൃഷ്ടിച്ചു.

കാൽനൂറ്റാണ്ട് പിന്നിടുമ്പോഴും ഈ ആസൂത്രണ തത്വങ്ങൾക്ക് അടിസ്ഥാനപരമായ ഒരു മാറ്റവും ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണത്തിനുള്ള ശേഷി ഗണ്യമായി ഉയർന്നെങ്കിലും ജനപങ്കാളിത്തം ശുഷ്കിച്ചു. അഴിമതിയും ബ്യൂറോക്രാറ്റിക് ശാഠ്യങ്ങളും സംയോജനമില്ലായ്മയും പലേടത്തും വർദ്ധിക്കുകയാണ്. ഈ പരിമിതികളുണ്ടെങ്കിലും മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഒട്ടേറെ പഞ്ചായത്തുകളും നഗരസഭകളും മറുവശത്തുണ്ട്. അവരിലൂടെയാണ് അധികാര വികേന്ദ്രീകരണ റാങ്കിംങിൽ ജനകീയാസൂത്രണം മുതൽ ഇന്നുവരെ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ വികസനമേഖലകളിൽ കഴിഞ്ഞ 25 വർഷക്കാലത്തിനിടയിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അസൂയാവഹമായ മുന്നേറ്റമാണ് ഉണ്ടായത്.

റോഡ്, പാർപ്പിടം, വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയ ആസ്തികൾ ഗുണനിലവാരം ഉറപ്പുവരുത്തി നിർമ്മിക്കുന്നതിൽ ജനകീയാസൂത്രണം വലിയ പങ്കു വഹിച്ചിട്ടുണ്ട്. റോഡുകളുടെ ദൈർഘ്യം ഇരട്ടിയിലേറെയായി. 20 ലക്ഷം വീടുകൾ നിർമ്മിച്ചു. കുടിവെള്ളവും വൈദ്യുതിയും കക്കൂസും എത്തിയ വീടുകളുടെ എണ്ണമെടുത്താൽ കേരളം ദേശീയ ശരാശരിയെക്കാൾ എത്രയോ മേലെയാണ്. ജനകീയാസൂത്രണം സൃഷ്ടിച്ച അത്ഭുതകരമായ മാറ്റമാണിത്..

90-കളിൽ തകർച്ചയുടെ നെല്ലിപ്പലകയിലെത്തിയ ആരോഗ്യമേഖല അഭിമാനകരമായ ഉയർത്തെഴുന്നേൽപ്പാണ് നടത്തിയത്. അന്നുവരെ കേരളത്തിലെ കുടുംബങ്ങളുടെ 28 ശതമാനമേ പൊതു ആരോഗ്യ സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നുള്ളൂ. ആരോഗ്യ ചെലവ് ദുർവഹമായി വളർന്ന കാലം. പല ആരോഗ്യ സൂചികകളും മോശപ്പെട്ടു തുടങ്ങി. ജനകീയാസൂത്രണം ഈ സ്ഥിതിയ്ക്ക് മാറ്റമുണ്ടാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു ആരോഗ്യസംവിധാനങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തതോടെ സ്ഥിതി അടിമുടി മാറി. അടിസ്ഥാനസൗകര്യങ്ങൾ ആധുനിക നിലവാരത്തിലായി. ഇതോടെ പൊതു ആരോഗ്യ സംവിധാനങ്ങളെ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം കൂടി. കേന്ദ്രസർക്കാരിന്റെ കണക്കു പ്രകാരം 2015-ൽ ഇത് 34 ശതമാനമായും 2018 ൽ 48 ശതമാനമായും ഉയർന്നു. ശിശുമരണ നിരക്ക് 7 ശതമാനമായി താഴ്ന്നു. കോവിഡു കാലത്ത് നമ്മുടെ കീഴ്ത്തട്ട് ആരോഗ്യ മേഖലയുടെ കരുത്ത് നമ്മൾ അനുഭവിച്ചറിഞ്ഞു.

പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ എണ്ണത്തിൽ വിസ്മയകരമായ വർദ്ധനയുണ്ടായി. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര

സൂചികയിൽ 100-ൽ 76.6 മാർക്കോടുകൂടി കേരളം ഒന്നാം സ്ഥാനത്താണ്.

ഇന്ത്യയിൽ ഏറ്റവും വേഗതയിൽ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചിക പ്രകാരം കേരളത്തിൽ ദരിദ്രരുടെ ശതമാനം 0.75 ശതമാനം മാത്രമാണ്.

## നവകേരള സൃഷ്ടിയും അധികാരവികേന്ദ്രീകരണവും

ജനകീയാസൂത്രണം 25 വർഷം പിന്നിടുമ്പോൾ കേരളം പുതിയൊരു ലക്ഷ്യത്തിലേയ്ക്ക് ചുവടുവെയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പശ്ചാത്തലസൗകര്യങ്ങൾ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തണം. അങ്ങനെ കേരളത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാകണം. ഈ ലക്ഷ്യം നേടാൻ അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാകണം.

കേരളത്തിലെ കൃഷി, അനുബന്ധമേഖലകൾ, ചെറുകിട വ്യവസായങ്ങൾ എന്നിവിടങ്ങളിലെ തൊഴിലവസരങ്ങളും ഉൽപ്പാദനക്ഷമതയും ഉയർത്താൻ എന്താണ് വഴി? ചെറുകിട ഉൽപ്പാദകരുടെ കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ പ്രാദേശികതല ആസൂത്രണമാണു മാർഗ്ഗം. കൃഷിയും അനുബന്ധ മേഖലകളും കോർപറേറ്റുകളുടെ കൈയിൽ അമരുകയാണ്. അവിടെ നാം ബദലൊരുക്കണം. വികേന്ദ്രീകൃതാസൂത്രണവും ജനകീയ കൂട്ടായ്മകളുമാണ് നമ്മുടെ മാർഗം. അതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകളെ മെച്ചപ്പെടുത്തുന്നതിനും ജനപങ്കാളിത്തത്തോടെയുള്ള സാമൂഹ്യ ഇടപെടലുകൾ ശക്തിപ്പെടണം.

വികേന്ദ്രീകൃത പാതയിലൂടെ ഇനിയും മുന്നോട്ടുപോകാനുള്ള ഊർജം ഇതുവരെ ഉണ്ടായ നേട്ടങ്ങൾ നമുക്കു നൽകുന്നുണ്ട്. വികേന്ദ്രീകരണം നമ്മുടെ ജനജീവിതത്തെ കൂടുതൽ ജനായത്തപരമാക്കും. പ്രാദേശിക വികസനത്തിൽ ഇടപെടുന്നതിനുള്ള ജനാധിപത്യ സൗകര്യങ്ങൾ വിപുലമാകും. ഇതിന് ഇന്ന് അധികാരവികേന്ദ്രീകരണത്തിനുള്ള ദൗർബല്യങ്ങൾ പരിഹരിക്കേണ്ടത് പ്രധാനമാണ്.

## എന്തൊക്കെയാണ് നമ്മുടെ ദൗർബല്യങ്ങൾ ?

- അഴിമതി: മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത സമ്പത്താണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. അതു ചെലവഴിക്കാനും മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത സ്വാതന്ത്ര്യവുമുണ്ട്. ഇതു ജനോപകാരപ്രദമായ രീതിയിൽ അഴിമതിരഹിതമായി ഉപയോഗപ്പെടുത്തിയേ മതിയാകൂ. അതിന് ജനകീയജാഗ്രത നിതാന്തമാകണം.. സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി പ്രാവർത്തികമാക്കണം.
- കേന്ദ്രീകരിക്കപ്പെടുന്ന അധികാരം : അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്തയെ ചോദ്യം ചെയ്യുന്ന തരത്തിലുള് സമീപനങ്ങൾക്കെതിരെ കർശനമായ ജാഗ്രതയുണ്ടാകണം. പദ്ധതി നടത്തിപ്പിൽ കൂടുതൽ സ്വാതന്ത്ര്യവും സ്വയംപര്യാപ്തതയുമാണ് അധികാരവികേന്ദ്രീകരണം ലക്ഷ്യമിടുന്നത്. വീണ്ടും നമുക്ക് ചുവപ്പുനാടയുടെ കുരുക്കിലേയ്ക്ക് മടങ്ങാനാവില്ല.
- ശുഷ്കമാകുന്ന ജനപങ്കാളിത്തം: അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ശോഷിക്കുകയാണ്. ഗ്രാമസഭകളുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റെസിഡൻസ് അസോസിയേഷനുകളെയും വളർത്തിയെടുക്കുന്നതിൽ ഇനിയും മുന്നോറ്റുപോകണം. സ്കൂൾ പിറ്റിഎ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഗുണഭോക്തൃ സമിതികൾ, കർമ്മസമിതികൾ, മോണിറ്ററിംഗ് സമിതികൾ, അയൽക്കൂട്ടങ്ങൾ തുടങ്ങി ഒട്ടേറെ സൂക്ഷ്മതലവേദികൾ ഉണ്ടെങ്കിലും വികസനപ്രക്രിയയിൽ ഇവരുടെ പങ്കാളിത്തം നാം ലക്ഷ്യമിട്ടതുപോലെ ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. ഈ പരിമിതി പരിഹരിക്കണം.
- ഉൽപ്പാദനമേഖലകൾ: ഉൽപ്പാദനമേഖലകളിൽ വേണ്ടത്ര മുന്നേറാനായിട്ടില്ല. സുഭിക്ഷകേരളം പദ്ധതി പച്ചക്കറി ഉൽപ്പാദനത്തിലും തരിശുരഹിത പഞ്ചായത്ത് നെല്ലുൽപാദനത്തിലും ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അതുപോര. പ്രാദേശിക സമ്പദ്വ്യവസ്ഥയിൽ കുതിപ്പുണ്ടാക്കാൻ പാകത്തിന് ഉൽപാദനമേഖലകളെ മാറ്റിയെടുക്കണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ചെറുകിട വ്യവസായങ്ങളുടെ കേന്ദ്രമാക്കണം.
- പട്ടികവിഭാഗങ്ങൾ: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ അടക്കമുള്ള ദുർബലവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ പറയത്തക്ക മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനത്തെ അഭിമുഖീകരിക്കാതെ മുന്നോട്ടു പോകാനാവില്ല. അതിദാരിദ്ര്യം ഒഴിവാക്കാനുള്ള ബൃഹത്തായ പരിപാടി ഈ പോരായ്മ പരിഹരിക്കാൻ ഉപയോഗപ്പെടുത്തണം. പദ്ധതി രൂപീകരണത്തിന്റെ ഘട്ടത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ദുർബലവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്താൻ അനുയോജ്യമായ പ്രൊജക്ടുകൾ തയ്യാറാക്കുകയും ഉൾക്കൊള്ളിക്കുകയും നടപ്പാക്കുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തണം. ഇക്കാര്യത്തിൽ ഒരു അലംഭാവവും പാടില്ല.
- സ്ത്രീ ശാക്തീകരണം: ഇന്നു രാജ്യത്തുള്ള മൈക്രോഫിനാൻസ് സംവിധാനങ്ങൾക്കു ബദലാണ് കുടുംബശ്രീ. ജാതി-മതഭേദമന്യേയും രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അതീതമായും എല്ലാ കുടുംബങ്ങളും അടങ്ങുന്ന സംവിധാനമാണ് ഈ പ്രസ്ഥാനം. ആ സ്വതന്ത്ര സ്വഭാവം നിലനിർത്തുമ്പോൾ തന്നെ കുടുംബശ്രീ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി ഇരട്ട മെമ്പർഷിപ്പാണ്. മറ്റു സമാന്തര സ്വയംസഹായ സംഘങ്ങളിലും അംഗത്വമെടുക്കു

ന്നതിന്റെ ഫലമായി കടക്കെണിയിൽ ഉൾപ്പെടാം. അതുപോലെതന്നെ കുടുംബശ്രീയിലെ യുവതികളുടെ പ്രാതിനിധ്യം കുറവാണ്. ഇതിനാണ് ഓക്സിലറി ഗ്രൂപ്പുകൾ. നിലവിലുള്ള ഒന്നോ രണ്ടോ മൂന്നോ കുടുംബശ്രീ യൂണിറ്റുകളുടെ അനുബന്ധങ്ങളായി ഓക്സിലറി ഗ്രൂപ്പുകൾ വിപുലമാക്കണം.

- സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ: സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് നമ്മുടെ നാടിന് നാണക്കേടാണ്. ഇതിനുള്ള ഫലപ്രദമായ പരിഹാരം കണ്ടേ തീരൂ. ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കാനുള്ള ബോധവൽക്കരണവും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകണം. വനിതാ ഘടകപദ്ധതിയുടെ അടിസ്ഥാനലക്ഷ്യം ഇതാവണം.
- ദുരന്തനിവാരണം: പ്രളയം, കോവിഡ് കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ നിസ്തുലമായ സേവനങ്ങളാണ് നൽകിയത്. ഇങ്ങനെ ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുള്ള ഇടപെടൽ കഴിവ് ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിന് പ്രധാനപ്പെട്ട ഒരു ഉപാധിയാണ് പ്രാദേശിക ദുരന്തനിവാരണ മാനേജ്മെന്റ് പ്ലാൻ.
- വയോജനങ്ങൾ: വയോജന അയൽക്കൂട്ടങ്ങൾ, വയോക്ലബ്ബുകൾ, വയോജന സാങ്കേതികസേന, പാലിയേറ്റീവ് കെയർ തുടങ്ങി സമഗ്രമായ പരിപാടി നടപ്പിലാക്കുന്നതിനു മുൻകൈയെടുക്കണം. ഇതോടൊപ്പം ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള കരുതലും ശക്തിപ്പെടുത്തണം.

## നവകേരള സൃഷ്ടിയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്ക്

കേരളത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളാണ് നിലവിലുള്ളത്. എന്നാൽ പ്രാദേശിക സർക്കാർ എന്ന നിലയിൽ വളരാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതേവരെ കഴിഞ്ഞിട്ടില്ല. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ രണ്ടാം തലമെന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിലവിൽ നിർവചിക്കപ്പെട്ട ചുമതലകളും അധികാരങ്ങളും, പ്രാദേശിക സർക്കാർ എന്ന നിലയിലേയ്ക്ക് ഉയർന്നു പ്രവർത്തിക്കാൻ പര്യാപ്തമല്ല. ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതരവുമായ സാങ്കേതിക വൈദഗ്ധ്യം ശേഖരിക്കുക, ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സേവനങ്ങൾ നൽകുക, ഇരട്ടിക്കൽ (ഡ്യൂപ്ലിക്കേഷൻ) ഒഴിവാക്കാൻ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളായി നിലവിൽ നിർവചിക്കപ്പെട്ടിരിക്കുന്നത്. മേഖല തിരിച്ചുള്ള ചുമതലകളിലും, ബ്ലോക്ക് പഞ്ചായത്തിന് ഉപദേശകസമിതിയ്ക്കു സമാനമായ പങ്കേ നിലവിൽ നിർവഹിക്കാനുള്ളൂ.

സ്വന്തമായി ഭരണസമിതിയും ഉദ്യോഗസ്ഥ സംവിധാനവുമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ശേഷിയ്ക്കൊത്ത പ്രവർത്തനം സാധ്യമാകണമെങ്കിൽ, പഞ്ചായത്ത് നിയമം കൂടുതൽ കാലാനുസൃതമായി പരിഷ്കരിക്കപ്പെടണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന വികസനപദ്ധതികളുടെ ആസൂത്രണവും നിർവഹണവും പൂർണമായും അതത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറണം. നിലവിൽ എൽപി, യുപി സ്കൂളുകളുടെ മേൽനോട്ടച്ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ജില്ലാ പഞ്ചായത്തുകൾക്കും. യഥാർത്ഥത്തിൽ ഈ ചുമതല ബ്ലോക്ക് പഞ്ചായത്തുകളാണ് നിർവഹിക്കേണ്ടത്. ഫണ്ട് വിനിയോഗവും പ്രവർത്തനമേൽനോട്ടവും ഫലപ്രദമായി നിർവഹിക്കുന്നത് ഈ അധികാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറുന്നതാണ് പ്രായോഗികം. ബ്ലോക്ക്തല പ്രാദേശിക ഭരണകൂടം എന്ന നിലയിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകളെ ഉയർത്താൻ ആവശ്യമായ അധികാരവും സാമ്പത്തികവിഭവ കൈമാറ്റവും ഉറപ്പാക്കുന്നതിനാവശ്യമായ നിയമഭേദഗതി പഞ്ചായത്ത് രാജ് നിയമത്തിൽ ഉണ്ടാകേണ്ട സമയം വൈകി.

ജനകീയാസൂത്രണം തുടങ്ങിയ കാലത്ത് വിഭാവനം ചെയ്ത നിലയിലേയ്ക്കു കേരളം മാറിയിട്ടില്ല എന്നത് വസ്തുതയാണ്. തിരുത്തേണ്ട ഒട്ടേറെ ദൗർബല്യങ്ങൾ ഇനിയുമുണ്ട്. അത് സ്വാഭാവികവുമാണ്. ജനകീയാസൂത്രണം അതിവിപുലമായ ജനപങ്കാളിത്തത്തിന്റെ മഹാവിസ്ഫോടനമായിട്ടാണ് തുടങ്ങിയതെങ്കിലും അനിവാര്യമായി ദൗർബല്യങ്ങൾ സ്വാഭാവികമാണ്. അവ തിരുത്തി നമുക്കിനിയും മുന്നേറാനുണ്ട്. ബാലാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന, സ്ത്രീനീതിയും തുല്യതയും ഉറപ്പുവരുത്തുന്ന, മതസ്പർദ്ധയും വിദ്വേഷവുമില്ലാത്ത ഒരു ആധുനിക സമൂഹമായി കേരളം മാറണം. അതിന് വികസനാസൂത്രണപ്രക്രിയയിൽ താഴേത്തട്ടിലുള്ള ജനപങ്കാളിത്തം അതിവിപുലമാകണം. നമ്മുടെ മാനസികാവസ്ഥയിൽത്തന്നെ വലിയമാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**85**

# മാലിന്യ സംസ്കരണം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിതകർമ്മ സേനയും ഒരു മാറ്റത്തിലേക്കുള്ള ചുവടുവെപ്പ്

ശിവജിത്ത്

കേരളം മുന്നോട്ടുവെക്കുന്ന ഹരിത സംരംഭ മാതൃകയാണ് ഹരിതകർമ്മ സേനകൾ. 2004ൽ ക്ലീൻ വെൽ യുണിറ്റ് എന്ന പേരിൽ ജൈവ മാലിന്യത്തിന്റെ ശേഖരണത്തിനും സംസ്കരണത്തിനുമായി ആരംഭിച്ച സംരംഭ യുണിറ്റുകളാണ് ഹരിത കർമ്മ സേനയുടെ ആദ്യരൂപം. എന്നാൽ ഈ യുണിറ്റുകൾ സാമ്പത്തികമായി പരാജയം ആയിരുന്നു. ഇത് സംബന്ധിച്ച് പഠിക്കുവാൻ വേണ്ടി ഡോ.അജയകുമാർ വർമ്മ ചെയർമാൻ ആയി കുടുംബശ്രീ നിയോഗിച്ച കമ്മിറ്റിയുടെ പ്രധാനനിർദേശങ്ങളിൽ ഒന്നായിരുന്നു മാലിന്യ സംസ്കരണത്തിനായുള്ള ഇത്തരം സംരഭങ്ങൾക്ക് സർക്കാർ സഹായങ്ങൾ ഉറപ്പാക്കണമെന്നത്. പിന്നീട് 2017ൽ ഹരിത കേരളമിഷൻറെ രൂപീകരണത്തോടെ കേരളത്തിന്റെ മാലിന്യ സംസ്കരണ നയത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, വാതിൽപ്പടി ശേഖരണത്തിലൂടെ എത്തുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ചു പുനചംക്രമണ മേഖലക്ക് കൈമാറുക എന്ന നയം നടപ്പിലാക്കി. മാത്രമല്ല "സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്വം" എന്നതിനോടൊപ്പം മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജ്ജമാക്കണമെന്ന നിയമനിർമ്മാണം പ്രബല്ല്യത്തിൽ വന്നു. ഇതിനു തുടർച്ചയായി ഈ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സാധ്യമാക്കുന്നതിനു വേണ്ടി 2017ൽ ഹരിത കർമ്മ സേന നിലവിൽ വന്നു.

2016ലെ ഖരമാലിന്യ പരിപാലന നിയമം , കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ ഉണ്ടായ ബേധഗതികൾ എന്നിവ മാലിന്യ സംസ്കരണത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയും പൊതുജനത്തിനു നൽകേണ്ട അനിവാര്യമായ സേവനവുമാക്കി മാറ്റി. നിലവിലെ സ്ഥിതി പരിശോധിച്ചാൽ 37363 ഹരിതകർമ്മ സേനകൾ വഴി പ്രതിവർഷം 1.55 ലക്ഷം ടൺ അജൈവ മാലിന്യങ്ങൾ ആണ് സംസ്ഥാനത് ശേഖരിച്ചു സംസ്കരിക്കപെടുന്നത്. ഹരിത കർമ്മ സേനകളുടെ വരുമാനം വഴി മാത്രം പ്രതിമാസം 38 കോടിയോളം രൂപയാണ് പ്രാദേശിക സമ്പത്തിക വ്യവസ്ഥയിലേക്ക് എത്തിച്ചേരുന്നത്. ആകെ ഹരിത കർമ്മ സേനയുടെ 48 ശതമാനം പേർക്കും 10000 രൂപയിൽ കൂടുതൽ പ്രതിമാസം വരുമാനം ലഭിക്കുന്നു. ഇത് സാധ്യമായത് ആകെ പ്രതിവർഷം ഉത്പാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യത്തിന്റെ 18 ശതമാനത്തോളം ശേഖരിക്കുന്നത് വഴിമാത്രമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനം എന്നാ നിലയിൽ ഈ ഉത്പാദനം ഇനിയും വർധിക്കുന്നതാണ്, ഇത് ഈ മേഖലയിൽ ഹരിതകർമ്മ സേന സംരംഭങ്ങൾക്ക് വലിയ അവസരങ്ങളാണ് സൃഷ്ടിക്കുന്നത്.

എന്നാൽ ഈ സംവിധാനങ്ങളുടെ സുസ്ഥിരതക്കും സമ്പൂർണ്ണതക്കും നേരെ നിരവധി വെല്ലുവിളികളും പ്രശ്നങ്ങളും നിലനിൽക്കുന്നു. മാലിന്യ സംസ്കരണം ഒരു അനിവാര്യ സേവനം ആണെന്നിരിക്കെ ഈ സേവനം ഗുണമേന്മയോടെയും സമയബന്ധിതമായും നൽകുന്നതിനു ഹരിതകർമ്മ സേനകൾക്ക് സാധിക്കുന്നില്ല. എല്ലാ അജൈവ മാലിന്യവും ശേഖരിക്കുന്നില്ല, പൊതുജനങ്ങളുടെ ആവശ്യത്തിനു അനുസൃതമായും സമയബന്ധിതമായും സേവനം നൽകുന്നില്ല എന്നീ വിമർശനങ്ങൾ ഇതിൽ പ്രധാനപെട്ടതാണ്. ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ തരംതിരിവ് കൃത്യമായി നടക്കാത്തത് റിജെക്റ്റ് മാലിന്യത്തിന്റെ അളവുകൂടുന്നതിനും ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത ഉയരുന്നതിനും കരണമാകുന്നുണ്ട്. ഈ പ്രശനങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ കൊണ്ടുപോകുന്നതിനും തരംതിരിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളുടെ പരിമിതിയാണ്. മറ്റൊരു കാരണം ഹരിത കർമ്മ സേന ഒരു സംരംഭം ആണെന്നും, മികച്ച സേവനം നൽകിയാൽ മാത്രമേ സംരംഭത്തിൻറെ നിലനിൽപ്പുള്ളു എന്ന അടിസ്ഥാന ബോധ്യമില്ലായ്മയും.

ഈ പരിമിതികളിൽ നിന്ന് കൊണ്ടും ഹരിതകർമ്മ സേന മികച്ച രീതിയിൽ പ്രവർത്തിക്കുന്ന മാതൃകകളും നിലവിലുണ്ട് ഇടുക്കി ജില്ലയിലെ ഇരട്ടയാർ, ആലപ്പുഴയിലെ മുട്ടാർ, കൊല്ലം ജില്ലയിലെ പനയം, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, ഗുരുവായൂർ, കണ്ണൂർ ജില്ലയിലെ അന്തൂർ എന്നിവ ഇത്തരത്തിലുള്ള മാതൃകകളാണ്. എന്നാൽ ഈ മാതൃകകൾക്കും പൂർണ്ണമായ രീതിയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടില്ല.

ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിച്ചു ഈ സംരംഭത്തെ സുസ്ഥിരമായൊരു സംവിധാനമാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി ഹരിതകർമ്മ സേനയെ എല്ലാ അർത്ഥത്തിലും ഒരു സംരംഭമാക്കി ചിട്ടപ്പെടുത്തണം. മികച്ച സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എം.സി.എഫുകൾ, വാഹന സൗകര്യം എന്നിവ സാധ്യമാക്കി സേവനത്തിൻറെ കൃത്യതയും ഗുണമേന്മയും ഉയർത്തണം. ഇതിനു ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് മാത്രം നിലനിൽക്കുന്ന

ഘടനയിൽ നിന്നും മാറി കൂടുതൽ നിക്ഷേപങ്ങളും, ഗ്രാന്റുകളും സ്വീകരിക്കാൻ സാധിക്കുന്ന സംരംഭ ഘടനയിലേക്ക് ഹരിതകർമ്മ സേനയെ മാറ്റണം. ഇതോടൊപ്പം ഈ സംവിധാനങ്ങളുടെ കൃത്യമായ നടത്തിപ്പ്, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിദിന-പ്രതിമാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ എന്നിവ ഉറപ്പാക്കുന്നതിനു വേണ്ടി നൈപുണ്യ വികസനം നൽകുകയും വേണം. മാലിന്യസംസ്കരണ മേഖലയിൽ പൊതുജനങ്ങളുടെ ആവശ്യത്തിനു അനുസൃതമായി എല്ലാ അജൈവ മാലിന്യങ്ങളും (നിട്ടറി-നിർമ്മാണ മാലിന്യങ്ങൾ എന്നിവ പോലുള്ള പ്രത്യേക മാലിന്യങ്ങൾ ഉൾപ്പെടെ) ശേഖരിക്കൽ, ഇനോകുലം നൽകൽ, ഗാർഹിക ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സർവീസ്, ഗ്രീൻ ഇവന്റ് മാനേജ്മെൻറ് തുടങ്ങിയ സേവനങ്ങൾ ഹരിതകർമ്മ സേന എന്ന ഒറ്റ കുടകീഴിൽ ലഭ്യമാക്കണം. ഇതുവഴി എല്ലാ ഈ സംരംഭങ്ങളെ ഗ്രീൻ ടെക്നോളജി സെൻറർആക്കി മാറ്റണം. ഹരിതകർമ്മ സേനകളുടെ വിവിധ പ്രാദേശിക യൂണിറ്റുകളെ ചേർത്ത് നിലവിലെ അമൂൽ, മിൽമ പോലുള്ള സഹകരണ സംരംഭ ഘടനയുടെ സാധ്യതയും നിലനിൽക്കുന്നു. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കും ഹരിതകർമ്മ സേനക്കും ലാഭവിഹിതം പങ്കിട്ടെടുക്കുന്ന തരത്തിലേക്ക് ഇതിനെ ഉയർത്താൻ സാധിക്കും. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം ഉയർത്തുവാനും സാധിക്കും. ഈ സാധ്യതകൾ ഉൾപ്പെടുത്തി ഹരിതകർമ്മസേനയേ ഒരു ലാഭകരമായ സുസ്ഥിര സംരംഭത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കാം എന്നാണ് ഈ സെമിനാർ പേപ്പറിലൂടെ പറയാൻ ശ്രമിക്കുന്നത്.

**86**

# കാനമ്പുഴ: അതിജീവനത്തിന്റെ കേരള മാതൃക

എൻ. ചന്ദ്രൻ, സെക്രട്ടറി, കാനാമ്പുഴ അതിജീവന സമിതി
ടി. പി. സുധാകരൻ, അസി. കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി

## കാനാമ്പുഴയുടെ പശ്ചാത്തലം

കണ്ണൂർ ജില്ലയിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ഉദ്ഭവിച്ച് ആദി കടലായിയിൽവെച്ച് അറബിക്കടലിൽ ലയിക്കുന്ന 9.5 കി. മീറ്റർ നീളമുള്ള ചെറിയ നദിയാണ് കാനാമ്പുഴ. ഉദ്ഭവ സ്ഥലത്ത് ഏകദേശം 5 മീറ്ററും ആദികടലായിയിൽ ഏകദേശം 50 മീറ്ററും വീതിയുള്ള കാനാമ്പുഴ കണ്ണൂർ നഗരത്തിലെ പ്രധാന ജലസ്രോതസ്സാണ്. ഏറെ ചരിത്ര പ്രാധാന്യമുള്ളതും, മുണ്ടേരി ഗ്രാമപഞ്ചായത്തിലും ഏറെ ഭാഗം കണ്ണൂർ നഗരസഭയിലൂടെയും ഒഴുകുന്ന ഈ പുഴ നഗരവൽക്കരണം സൃഷ്ടിച്ച പ്രശ്നങ്ങളുടെ എല്ലാ പ്രശ്നങ്ങളും അഭിമുഖീകരിച്ചിരുന്നു. പല സ്ഥലങ്ങളിലും പുഴ വറ്റിവരണ്ട നിലയിലായിരുന്നു. പുഴയുടെ ഒഴുക്ക് നിലച്ച അവസ്ഥയിലായിരുന്നു. കണ്ണൂരിന്റെ മാലിന്യവാഹിയായി മാറിയ ഈ പുഴയുടെ ഓരങ്ങളിലെ കൃഷി പൂർണമായും ഇല്ലാതായ അവസ്ഥയിലായിരുന്നു.

## കാനാമ്പുഴ അതിജീവനപ്രവർത്തനങ്ങൾ:

കണ്ണൂർ മണ്ഡലം എം.എൽ.എ രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ നടന്ന മണ്ഡലം വികസന സെമിനാറിലാണ് കാനാമ്പുഴയുടെ അവസ്ഥ ചർച്ച ചെയ്യുന്നത്. കണ്ണൂർ കാലത്തിനൊപ്പം എന്ന പേരിൽ 2016 ഡിസംബർ 7ന് നടന്ന സെമിനാറിൽ കാനാമ്പുഴയുടെ അന്നത്തെ അവസ്ഥയും പുഴയുടെ പുനരുജ്ജീവന സാധ്യതകളും ചർച്ച ചെയ്തു. ഹരിതകേരളം മിഷൻ ഇടപെടലുകളെ തുടർന്ന് പുഴ പുനരുജ്ജീവനത്തിനായി ഒരു പരിപാടി തയ്യാറാക്കുകയും ഇതിനായി കാനാമ്പുഴ അതിജീവന സമിതി രൂപീകരിക്കുകയും ചെയ്തു.

## ജനകീയ പ്രവർത്തനങ്ങൾ

ഒമ്പത് സ്ഥലങ്ങളിൽ ഒരേ ദിവസം പ്രാദേശിക യോഗങ്ങൾ നടത്തിക്കൊണ്ടാണ് ഈ ജനകീയ പ്രവർത്തനങ്ങൾ ആരംഭിച്ചത്. തുടർന്ന് എല്ലാ പ്രവർത്തനങ്ങളും കാനാമ്പുഴ അതിജീവന സമിതിയുടെ നേതൃത്തത്തിൽ ഈ പ്രാദേശിക സമിതികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കാനാമ്പുഴയെ അറിയാൻ 2017മെയ് ഏഴിന് കണ്ടേമ്പത് നിന്നും ആദികടലായി വരെ ആയിരങ്ങൾ പങ്കെടുത്ത പുഴയെ അറിയാൻ - ജനകീയ പഠന പരിപാടി - ഏറെ ശ്രദ്ധേയമായിരുന്നു. തുടർന്ന് 2017 മെയ് പതിനാലിന് 5200 വളണ്ടിയർമാർ പങ്കെടുത്ത ജനകീയ ശുചീകരണ പരിപാടി സംഘടിപ്പിച്ചു. 2017 ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ നദീതീരത്ത് 5343 വൃക്ഷ തൈകൾ നട്ടു പിടിപ്പിച്ചു. മന്ത്രിമാർ, ജനപ്രതിനിധികൾ, വിവിധ സംഘടനകൾ, നാട്ടുകാർ മുതൽ കുട്ടികൾ വരെ പത്തു കിലോമീറ്റർ ദൂരത്തിൽ നടന്ന ഈ മഹായജ്ഞത്തിൽ പങ്കാളികളായി.

കാനാമ്പുഴ പുനരുജ്ജീവനത്തിന് മാസ്റ്റർപ്ളാൻ : കാനമ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക്

മാസ്റ്റർപ്ളാൻ തയ്യാറാക്കുന്നതിനായി 2017 ജൂലൈ പത്തിന് പുഴ പഠന സംഗമവും, ആഗസ്ത് 17 ന് വിദഗ്ധരുടെ കൂടിച്ചേരലും നടത്തി നിർദ്ദേശങ്ങൾ തയ്യാറാക്കി. കർഷകർ, വിദഗ്ധർ, ജനപ്രതിനിധികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങി 324 പേരുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. വിശദമായ ചർച്ചകളുടേയും, ഫീൽഡ് സന്ദർശനത്തിന്റേയും അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ഘട്ടങ്ങളിലായുള്ള നിർവഹണത്തിന് 73.75 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. നരങ്ങലാട്ട്, കൂടത്തുംതാഴെ, തയ്യിൽ, കാനാമ്പുഴ എന്നീ ചെറു നീർത്തടങ്ങളുടെ വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ നിർവഹണത്തിനായി നീർത്തട സമിതികളും,സൂക്ഷ്മ നീർത്തട സമിതികളും രൂപീകരിച്ചു പ്രവർത്തിച്ചു. ഈ നീർത്തട സമിതികളുടെ നേതൃത്വത്തിൽ 10 കുളങ്ങൾ ജനകീയമായി പുനരുജ്ജീവിപ്പിച്ചു. കാനാമ്പുഴയിൽ നീരൊഴുക്ക് സാധ്യമായതോടെ സമീപദേശങ്ങളിൽ വെള്ളപൊക്കമൊഴിഞ്ഞു. 8 കിലോ മീറ്റർ നീളത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ പച്ചക്കറി തോട്ടങ്ങൾ നട്ടു വിളവേടുത്തതോടെ കാനമ്പുഴ പുനരുജ്ജീവനത്തിന്റെ ഫലം ജനങ്ങൾ കണ്ടറിഞ്ഞു. തുടർന്ന് തരിശ്ശിടങ്ങളിൽ നെൽകൃഷി ആരംഭിച്ചു.

## പുനരുജ്ജീവന പ്രവൃത്തികൾ

ഹരിതകേരളം ശീർഷകത്തിൽ ജലസേചന വകുപ്പിന് അനുവദിച്ച 4.40 കോടി രൂപ, ബഹു. പുരാവസ്തു വകുപ്പ്മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി രൂപ, എന്നിവ ഉപയോഗിച്ച് പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കംചെയ്യൽ, പാർശ്വഭിത്തികൾ, സ്ലൂയിസുകൾ എന്നിവയുടെ നിർമ്മാണം, പുഴയോരത്ത് ബണ്ട്, നടപ്പാത, കയർഭൂവസ്ത്രം, നടപ്പാതയിൽ സൗര വിളക്കുകൾ തുടങ്ങിയവ പൂർത്തീകരിച്ചു. സൗന്ദര്യവൽക്കരണ പ്രവൃത്തികളും പൂർത്തീകരിച്ചു. നബാർഡ് സഹായത്തോടെ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. ഇന്ന് കാനാമ്പുഴ ഒരു വിനോദ സഞ്ചാര കേന്ദ്രമായി മാറി. 168 ഏക്കർ സ്ഥലത്ത് രണ്ടുവിളകളിലായി നെൽ കൃഷി, പച്ചക്കറി കൃഷി എന്നിവ സജീവമായി പുരോഗമിക്കുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ കാനാമ്പുഴയോരം കഫേ, വിപണനകേന്ദ്രം, നടന്നുവരുന്നു. കാനാമ്പുഴ റൈസ് വിപണിയിലെത്തിക്കാൻ ശ്രമങ്ങൾ നടക്കുന്നു. കാനാമ്പുഴ കടലിൽ ചേരുന്ന ആദി കടലായി ഭാഗത്തെ നദി പുനരുജ്ജീവന പ്രവൃത്തികൾക്കായി 2024-25 വർഷത്തെ എം. എൽ. എ ഫണ്ടിന്റെ പ്രവൃത്തികൾ ആരംഭദിശയിലാണ്.

## കാനാമ്പുഴ നാളെ

- ധാരാളം വിനോദ സഞ്ചാരികൾ എത്തുന്ന ഈ പുഴയോരത്തെ വിനോദ സഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തണം. DTPC, കുടുംബശ്രീ എന്നിവയുമായി ചേർന്ന് ഇതിനായി പ്രത്യേകപരിപാടി തയ്യാറാക്കണം. തെളിനീരൊഴുകുന്ന, മാലിന്യമില്ലാത്ത സുഗമമായ നീരൊഴുക്കുള്ള പുഴയായി നിലനിർത്തണം.
- നാല് നീർത്തടങ്ങളിലും സമഗ്രമായ കൃഷി വ്യാപിപ്പിക്കണം. വ്യത്യസ്ത വിളകൾ, ആധുനിക കൃഷിരീതികൾ, വിപണനത്തിനായി സംവിധാനം തുടങ്ങിയവ ശക്തമാക്കി കാനമ്പുഴ ബ്രാന്റിങ്ങിൽ വിപണനം നടത്തണം.
- നിലവിലുള്ള തടയണകൾ, ക്രോസ് ബാറുകൾ തുടങ്ങിയവ റിപ്പയർ ചെയ്യുകയും ഇതിനായി പരിപാലന സമിതികൾ ശക്തമാക്കണം.
- പുഴയുടെ തീരത്ത് ക്ഷീരവികസനത്തിന്റെ ഭാഗമായി തീറ്റപ്പുൽകൃഷി - സൗന്ദര്യവൽക്കരണം - വിപണനം - ഒരു കുടുംബശ്രീ സംരംഭമാക്കണം.
- പുഴ കടലിനോട് ചേരുന്ന ആദികടലായി ഭാഗത്ത് പൊഴി നിയന്ത്രിക്കുന്നതിനായി സ്ഥിരം സംവിധാനം ജലസേചന വകുപ്പ് നിർമ്മിക്കണം. ഇതിനായി പദ്ധതി വേണം.
- വയലിന്റെ ഓരം ചേർന്ന് ചെറു തോടുകൾ നിർമ്മിക്കണം. വെള്ളപ്പൊക്കം ഇല്ലാതെ, ജലപരിപാലനത്തിന് ഇത് സഹായകമാവും.
- കാനാമ്പുഴ ഫെസ്റ്റ് ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കണം. കാനാമ്പുഴയുടെ സ്ഥിരമായ സാംസ്കാരിക ഉൽസവമായി ഇത് മാറണം.
- കാനാമ്പുഴ അതിജീവന സമിതി പ്രവർത്തനങ്ങൾ കാനാമ്പുഴ പരിപാലനസമിതി പ്രവർ ത്തനങ്ങളാക്കി മാറ്റണം.

## 87

# Disability: Shifting Toward a Rights-Based Framework

Muralidharan

Disability discourse in India is largely shaped by elites and organizations aligned with the political establishment, particularly those dependent on foreign-funded NGOs based in the country's capital. The sector's focus has often centered on obtaining minimal concessions from the government, rarely challenging the prevailing neo-liberal framework.

Real Rights vs. Notional Rights: While significant legislative progress, such as the enactment of the United Nations Convention on the Rights of Persons with Disabilities (UNCRPD) and the Rights of Persons with Disabilities Act, 2016 (RPD Act), mark a shift in disability perception, the dominant conversation remains disproportionately led by privileged groups. This has sidelined the concerns of disabled individuals from economically and socially marginalized backgrounds. Most studies, reports, and responses focus on the experiences of the middle class, ignoring the struggles faced by the majority of disabled people, particularly those from poorer communities.

The social and political responses to disability issues have often followed this skewed narrative. Development strategies remain out of touch with the lived realities of the disabled population, influenced by the perspectives of the elite. The diverse nature of disability and its heterogeneous character, as well as regional disparities, are frequently overlooked.

The overarching approach, like in Kerala, remains rooted in sympathy and charity, rather than empathy and a genuine rights-based perspective.

This paper highlights these critical issues, though it makes no claim to provide comprehensive solutions within the Kerala context.

## 88

# കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം

V V Sajeevan, Valiyaparamba Gram panchayat

കേരളത്തിലെ ഏറ്റവും നീളം കൂടിയതും, (കൂടിയ വീതി 500 മീറ്റർ) 35 മീറ്റർ കുറഞ്ഞ വീതി വരെ മാത്ര മുള്ളതുമായ ഒരു തീരദേശ പഞ്ചായത്താണ് വലിയ പറമ്പ.

തീര ശോഷണം സംഭവിച്ച് കര കുറഞ്ഞ് വരുന്നതിനാൽ ഇത് ചെറിയ രീതിയിലെങ്കിലും തടയാനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കടൽ തീരത്തിന് ഒരു ഹരിത കവചം എന്ന പേരിൽ 11 വാർഡുകളിലായി നീണ്ടുകിടക്കുന്ന കടലോരത്ത് ഇന്ത്യയിൽ ആദ്യമായ് 75000 കാറ്റാടി തൈകൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്വന്തം നഴ്സറിയിൽ ഉദ്പ്പാദിപ്പിച്ച് നട്ട് പിടിപ്പിച്ചു.

കടലോരത്തിന്റെ സംരക്ഷണത്തിന് കവചമായി കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിച്ച് അതിനു പരിപാലനവും സംരക്ഷണവും ജൈവവേലിയിലൂടെ നടത്തുന്നു.

തീരശോഷണം സംഭവിച്ച് കര കുറഞ്ഞ് വരുന്ന ഒരു പഞ്ചായത്തായതിനാൽ അതിന് പരിഹാരമായ് കേരളത്തിൽ ആദ്യമായാണ് ഒരു ഗ്രാമ പഞ്ചായത്ത് 24 കി.മീറ്റർ ദൈർഘ്യമുള്ള കടലോരത്ത് തൊഴിലുറപ്പ്

പദ്ധതിയിലൂടെ 75,000 കാറ്റാടി തൈകൾ വിത്ത് പാകി മുളപ്പിച്ച് നഴ്സറിയിലൂടെ ഉദ്പ്പാദിപ്പിച്ച് വിവിധ വാർഡുകളിലായി നട്ടുപിടിപ്പിച്ചത്'

കടൽ തീരത്തിനൊരു ഹരിത കവചം രണ്ടാം ഘട്ടമായ് തീരദേശ വാർഡുകളിലായ് തൊഴിലാളികൾ അവരുടെ

വിയർപ്പ് കണങ്ങളിലൂടെ മൺതിട്ടയുണ്ടാക്കി അതിന് കയർ ഭൂവസ്ത്ര വിരിച്ച് അടമ്പാൻ വള്ളി നട്ടുള്ള ഹരിത കവചവുമായ് മുന്നോട്ട് പോവുകയാണ്.

തീരശോഷണത്തിന് പ്രതിരോധം തീർക്കാൻ....

കടൽ ക്ഷുഭിതമായ് മാറുമ്പോൾ പ്രതിരോധമാക്കി കടലോര മണൽതിട്ടയിലൂടെ മാറ്റാനും തന്നെയാണ് വലിയപറമ്പ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

കടല് കയറി വരുമ്പോൾ പണ്ട് മുതൽ തീരദേശവാസികൾ ചെയ്യുന്നതാണ് മണൽ തിട്ട ഉണ്ടാക്കി താൽക്കാലികമായ് കടല് കയറി വരുന്നത് തടയുന്നത് .

കടല് പ്രക്ഷുബ്ധമായാൽ വലിയ ബിൽഡിങ്ങുകളും , വലിയ വൃക്ഷങ്ങൾ തന്നെയും വലിച്ചു കൊണ്ടുപോകും എന്ന് കരുതി ഒന്നും ചെയ്യാതിരിക്കാൻ ഞങ്ങൾ ഒരുക്കമല്ല എന്നാണ് വലിയപറമ്പ ജനത തീരുമാനിച്ചത്.

ഒന്ന് ഒരു താൽകാലിക സംവിധാനം ..

പഞ്ചായത്ത് നിവാസികളായ തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ ദിനവും, വരുമാനവും വർദ്ധിപ്പിക്കാൻ തങ്ങളാൽ കഴിയുംവിധം ചെയ്യുക.

ശാശ്വത പരിഹാരത്തിനായ് ടെട്രാപോഡ് പോലുള്ള സംവിധാനത്തിനായ് സർക്കാറിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. അതുവരെ അണ്ണാറക്കണ്ണനും തന്നാലായത്

ശാശ്വതമായ് മറ്റ് സംവിധാനങ്ങൾ സർക്കാർ ഒരുക്കും വരെ ഞങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ കടൽ തീരത്തിന് ഹരിത കവചം തീർക്കുന്നു...

മാടക്കാലിൽ കണ്ടലോരം പദ്ധതിയുമായി ബന്ധപ്പെട്ട് 12000 കണ്ടൽ തെ നഴ്സറി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപാദിപ്പിച്

500 മീറ്റർ കാവ്വായി കായലിലൂടെ തൊഴിലുറപ്പ് തൊഴിലാളികൾ കാൽനടയായ് നടന്ന്

കണ്ടലുകൾ നട്ട് പിടിപ്പിച്ചു

കണ്ടലുകളെ കുറിച്ച് പഠിക്കാനെത്തുന്ന പഠന വിദ്യാർത്ഥികൾക്കായ് വിവിധ ഇനം കണ്ടലുകൾ തയ്യാറാക്കി വരുന്നു.

21 -ാം നൂറ്റാണ്ടിലെ ആദ്യദശകം പിന്നിടുമ്പോൾ തന്നെ വൻ പാരിസ്ഥിതിക വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ് പ്രകൃതി. ഈ നില തുടർന്നാൽ ജീവന്റെ നിലനിൽപ്പ് തന്നെ ഭീഷണിയിലാണ്. പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ച് നിർത്തേണ്ടത് കാലത്തിന്റെ അനിവാര്യതയാണ് എന്ന തിരിച്ചറിവിലാണ് പഞ്ചായത്ത്'.

വലിയപറമ്പിൽ സുനാമി ദുരന്തനിവാരണത്തിന്റെ മാതൃക തീർത്ത് വീണ്ടും മോക്ഡ്രിൽ.

പഞ്ചായത്തിന്‍റെ നേതൃത്വത്തിൽ ജാഗ്രത നിർദ്ദേശം അനൗൺസ്മെൻറ് വഴി നൽകി. ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ കടൽത്തീരത്തെ വീടുകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശത്തോടെ തൃക്കരിപ്പൂർ അഗ്നി സുരക്ഷാ സേനയുടെ അനൗൺസ്മെൻറ് വാഹനം ബീച്ചിലേക്ക് കുതിച്ചെത്തി. തുടർന്ന് ചന്തേര പോലീസ് തൃക്കരിപ്പൂർ അഗ്നി സുരക്ഷാസേന,സിവിൽ ഡിഫൻസ്, ആപ്ത മിത്ര വളണ്ടിയർമാർ, വലിയപറമ്പ് പഞ്ചായത്ത് ദുരന്തനിവാരണ സേന, ഫിഷറീസ് ഡിപ്പാർട്ട്മെൻറ്, റവന്യൂ ഉദ്യോഗസ്ഥർ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, തുടങ്ങി എല്ലാ സംവിധാനവും കടൽത്തീരത്തെ വീടുകളിൽ നിന്നും ജനങ്ങളെ സുരക്ഷിത ക്യാമ്പിലേക്ക് മാറ്റുവാനുള്ള പ്രവർത്തനം ആരംഭിച്ചു. വലിയപറമ്പ് കുടുംബാരോഗ്യ കേന്ദ്രംമെഡിക്കൽ ഓഫീസർ ഡോക്ടർ ശ്രീകുമാറിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം സമീപത്തെ മദ്രസയിൽ വച്ച് പരിക്കുപറ്റിയവർക്കുള്ള

ചികിത്സ ആരംഭിച്ചു.

എല്ലാ നിർദ്ദേശങ്ങളും തീരദേശ ജനത പൂർണ്ണമായും ഉൾക്കൊണ്ട് സഹകരിച്ചു.സുനാമി ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട അടിയന്തിര നടപടികളെക്കുറിച്ചും രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ വലിയപറമ്പ ഗ്രാമ പഞ്ചായത്തും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ചേർന്നാണ് മോക്ഡ്രിൽ സംഘടിപ്പിച്ചത്. കഴിഞ്ഞ മൂന്ന് വർഷവും മികച്ച രീതിയിലുള്ള മോക്ക്ഡ്രില്ലാണ് പഞ്ചായത്തിൽ സംഘടിപ്പിച്ചത്. ഏഷ്യാപെസഫിക് രാജ്യങ്ങളിലെ ദുരന്ത ലഘൂകരണ പ്രവർത്തന മികവിന് ഇന്ത്യയിൽ നിന്നും തെരഞ്ഞെടുത്ത ലോക്കൽ ലീഡർ ചാമ്പ്യൻ പുരസ്കാരം വലിയപറമ്പ പഞ്ചായത്ത് പ്രസിഡൻ്റിന് ഫിലിപ്പിയൻസിൽ നിന്നും ലഭിച്ചു.

89

# മാലിന്യമുക്ത കേരളം: സമ്പൂർണതയിലേക്കുള്ള സുസ്ഥിരപാത ഹരിത സംരംഭങ്ങളിലൂടെ....

Somasekaran

**ലോകത്തിലെ ഏറ്റവും വലിയതും സങ്കീർണ വുമായ വിഷയങ്ങളിലൊന്നാണല്ലോ മാലിന്യ സംസ്കരണം.**

കേരളവും സങ്കീർണമായ ഈ പ്രശ്നത്തിൻറെ നടുക്കടലിലാണ് .മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ അന്തരീക്ഷത്തിലെ വർധിച്ച ആർദ്രതയുടെ അളവും അതുമൂലം ഉണ്ടാകുന്ന പ്രതിഭാസങ്ങളും ഈ മേഖലയിൽ ആശങ്ക വർധിപ്പിക്കുന്നു. വർഷം കഴിയും തോറും കേരളത്തിൽ വർധിച്ചു കൊണ്ടിരിക്കുന്ന രോഗികളുടെ എണ്ണവും പകർച്ച വ്യാധികളും അകാല മരണങ്ങളുമെല്ലാം ഈ ആശങ്കയെ സാധുകരിക്കുന്നു.

2016 മുതൽ സംസ്ഥാനത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കൃത്യമായ ദിശാബോധത്തോടെയുള്ള ഇടപെടൽ ഉണ്ടായി. എങ്കിലും ആശങ്കൾക്ക് വിരാമമിടാൻ കഴിയുന്ന സാഹചര്യം പൂർണമായും ഉരുത്തിരുത്തിട്ടില്ല. മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം മുതൽ , വലിച്ചെറിയൽ മുക്ത കേരളം, സമ്പൂർണ മാലിന്യ മുക്ത കേരളം തുടങ്ങി വിവിധ കേമ്പയിനുകൾ 2016 ന് ശേഷം സംസ്ഥാനത്ത് ഉണ്ടായി. ഇവയൊക്കെ മാലിന്യ സംസ്കരണ അവബോധം വലിയൊരളവിൽ സമൂഹത്തിൽ സൃഷ്ടിച്ചു. ഹരിതകർമ്മ സേനയുടെ ആരംഭവും ഈ കാലയളവിലെ വലിയ നേട്ടമാണ്. സംസ്ഥാനത്തെ എല്ലാ വീടുകളും സ്ഥാപനങ്ങളും ഹരിതകർമ്മ സേന എന്ന നെറ്റ് വർക്കിന് കീഴിലാക്കാൻ കഴിഞ്ഞതും സംസ്ഥാനം കൈവരിച്ച നേട്ടമാണ്. എങ്കിലും പൊതു ചടങ്ങുകൾ മുതൽ പാതയോരങ്ങൾ വരെ സംസ്ഥാനത്തെ മാലിന്യ സംസ്കരണ രംഗത്തിൻറെ അപചയത്തിൻറെ ദൃക്സാക്ഷ്യകളായി നമ്മുടെ മുന്നിൽ തന്നെ ഉണ്ട്.

വിവരമില്ലാത്തത് കൊണ്ടൊ അറിവില്ലായ്മ കൊണ്ടോ അല്ല കേരളത്തിൽ മാലിന്യ സംസ്കരണം സങ്കീർണമായി തുടരുന്നത്.മാലിന്യങ്ങൾ സംസ്കരിക്കാനോ ശേഖരിക്കാനോ യഥാവിധി ആവശ്യത്തിന് സംവിധാനങ്ങൾ ഇല്ല എന്നതിന് പുറമേ ഇത്തരം വിഷയങ്ങളിൽ സമൂഹം തീരെ ഗൗരവം കാണിക്കാത്ത അവസ്ഥയുമാണ് ഇങ്ങിനെയൊരവസ്ഥ തുടരാൻ ഇടയാക്കിയത്.

ഹരിത കർമ്മ സേന എന്ന ആശയം സംസ്ഥാനത്ത് വിജയിച്ചത്, എൻറെ മാലിന്യം എൻറെ ഉത്തരവാദിത്തമാണ് എന്ന നിലപാടിനെ സംരംഭ മാതൃകയിലേക്ക് മാറ്റി ജനകീയവല്ക്കരിക്കാൻ സാധിച്ചത് കൊണ്ടാണ്. സംസ്ഥാനത്തെ മാലിന്യ മേഖലയിൽ പ്രത്യക്ഷപ്പെടുന്ന പാഴ് വസ്തുക്കളിൽ 70 ശതമാനവും പുനരുപയോഗ സാധ്യതയുള്ളവയാണ് . മാലിന്യം എന്ന് കരുതാതെ അവയെ വിഭവം എന്ന് കരുതിയാൽ തീരുന്ന പ്രശ്നമേ സംസ്ഥാനത്ത് ഖരമാലിന്യത്തിൻറെ കാര്യത്തിൽ ഉള്ളൂ.സമ്പൂർണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള സുസ്ഥിര വഴി, മാലിന്യ സംസ്കരണ ഉപാധികളെയും സേവനങ്ങളെയും സംരംഭവല്കരിച്ച് വ്യാപിപ്പിക്കുക എന്നതാണ്.ബദൽ ഉൽപ്പന്നങ്ങളുടെയും ബദൽ സാങ്കേതികവിദ്യകളുടെയും (Green Technologies) സാധ്യത പ്രയോജനപ്പെടുത്തി ഹരിത സംരംഭങ്ങൾ വ്യാപകമായി പ്രോൽസാഹിപ്പിക്കപ്പെടുക എന്നതാണ് വരും നാളുകളിൽ സംസ്ഥാനത്ത് സംഭവിക്കേണ്ടത്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയുടെ സാധ്യതകളെ പൊതു-സ്വകാര്യ മേഖലാ വ്യത്യാസമില്ലാതെ പരിഗണിക്കേണ്ടതുണ്ട്; സ്വാംശീകരിക്കേണ്ടതുണ്ട്.

**മാലിന്യ സംസ്കരണ മേഖലയിലെ ഹരിത സംരംഭങ്ങളുടെ സാധ്യതകൾ :**

തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ ഹരിത കർമ്മ സേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ

(സ ഉ(സാധാ ) നം 1496 / 2020 തീയ്യതി 12.08.2020) തന്നെ ഹരിത സംരംഭങ്ങളുടെ സാധ്യതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉണ്ടാവുന്ന മാലിന്യങ്ങളെ ഉല്പന്നങ്ങളായൊ അസംസ്കൃത വസ്തുക്കളായൊ

മാറ്റുവാൻ തക്കവിധം അവ മുഴുവനായും ശേഖരിക്കുകയും മാലിന്യങ്ങളുടെ അളവ് കുറയ്ക്കാനുള്ള ശ്രമങ്ങൾ കൂടി ഉൾക്കൊള്ളുന്ന ഹരിത സംരംഭങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നതോടെ എല്ലാവിധ മാലിന്യങ്ങൾക്കും ആവശ്യക്കാർ ഉണ്ടാവുകയും അത്തരം മാലിന്യങ്ങൾ ഭീഷണി അല്ലാതാവുകയും ചെയ്യും.

ജൈവമാലിന്യങ്ങളെ വളമായും മറ്റ് ജീവികളുടെ ഭക്ഷണമായും പുതിയ ഉല്പന്നങ്ങളായും മാറ്റാൻ പൂർണമായും സാധിക്കും. അജൈവ മാലിന്യങ്ങൾ പുനരുപയോഗിക്കുകയൊ റീസൈക്കിൾ ചെയ്തു പുതിയ ഉല്പന്നങ്ങളായി മാറ്റുകയൊ ചെയ്യാം.

ഇത്തരം പ്രവർത്തനങ്ങൾ എല്ലാം സംരംഭ രീതിയിലേക്ക് മാറ്റുമ്പോൾ അവ തൊഴിലും വരുമാനവുമായി മാറും. ഇത്തരം സംരംഭങ്ങളുടെ രൂപീകരണത്തിലും നടത്തിപ്പിലും കുടുംബശ്രീ സുപ്രധാന ചുമതല ഏറ്റെടുക്കേണ്ടതുണ്ട്. അതോടൊപ്പം ഇത്തരം സംരം

ഭങ്ങൾക്കാവശ്യമായ പരിശീലനം , ഫണ്ടിംഗ് എന്നിവ ലഭ്യമാക്കാൻ വ്യവസായ വകുപ്പ്, കൃഷിവകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സഹകരണ മേഖല തുടങ്ങിയവയും മുൻകൈ എടുക്കണം.

### കണ്ണൂർ ജില്ലയുടെ അനുഭവങ്ങൾ

ജില്ലയിൽ ഇത്തരത്തിൽ മാലിന്യങ്ങളെ വരുമാനമാക്കി മാറ്റി മാലിന്യ പ്രശ്നത്തെ ലഘുകരിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയം കൈവരിച്ച ഒട്ടേറെ അനുഭവങ്ങൾ നിലവിലുണ്ട്.

കോഴിയിറച്ചി മാലിന്യ പ്രശ്നം ജില്ലയിൽ 90 ശതമാനവും പരിഹരിച്ചത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് റെൻഡർ പ്ലാൻറുകളാണ്. ജില്ലയിലെ ഹോട്ടൽ / തട്ടുകട / കാൻറീനുകളിലെ ജൈവ മാലിന്യ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നത് ജില്ലയിലെ പന്നി ഫാമുകളാണ്.

വീടുകളിലെയും സ്ഥാപനങ്ങളിലെയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൊണ്ടുണ്ടാവുമായിരുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞത് സംരംഭ സംവിധാനമായ ഹരിത കർമ്മ സേനയുടെ ഇടപെടലുകളുടെ ഫലമായിട്ടാണ്.

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഒന്നു കൂടി വികേന്ദ്രീകരിച്ചാൽ ഇന്ന് നേരിടുന്ന മാലിന്യ പ്രശ്നങ്ങളെ ഫലപ്രദമായി പരിഹരിക്കാൻ സാധിക്കും.

കണ്ണപുരം, പെരളശ്ശേരി , ആന്തൂർ നഗരസഭ ,കതിരൂർ, തുടങ്ങിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇത്തരം ഇടപെടലൊരുക്കുന്നതിൽ നല്ല ഉദാഹരണങ്ങളാണ്. ഇത്തരം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണം ഒരു സാമ്പത്തിക പ്രവർത്തനമായി മാറിക്കഴിഞ്ഞതിനാൽ അവ ഒരു സാമൂഹ്യ പ്രശ്നമായി ഇപ്പോൾ തുടരുന്നില്ല. സംരംഭ മാതൃകയിൽ ഹരിത കർമ്മ സേനയെയും കുടുംബശ്രീ പ്രവർത്തകരെയും ഉൾപ്പെടുത്തി നിരവധി ഗ്രൂപ്പുകൾ ഈ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ രണ്ട് വർഷമായി പ്രവർത്തിക്കുന്നു.

### ഇത്തരം സംരംഭ ഗ്രൂപ്പുകൾ കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ പ്രയോജനങ്ങൾ ഇവയാണ്:

1 - മാലിന്യങ്ങൾ വലിച്ചെറിയുകയൊ ഒഴുക്കി കളയുകയൊ കത്തിച്ചു കളയുകയൊ വേണ്ടതല്ലെന്ന ധാരണ സമൂഹത്തിൽ ഉറപ്പിക്കാൻ സാധിച്ചു. അവ കൃത്യമായി സംസ്കരണ സംവിധാനങ്ങളിലേക്ക് തന്നെ എത്താൻ തുടങ്ങി.

2 തിരസ്കൃത മാലിന്യങ്ങളുടെ അളവ് കുറഞ്ഞു. തന്മൂലം തിരസ്കൃത മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ ചെലവ് താരതമ്യേന കുറഞ്ഞു തുടങ്ങി.

3. ഹരിത കർമ്മ സേനയുടെ വേതനത്തിൽ വർധന ഉണ്ടായി.

4.തദ്ദേശ ഭരണ പരിധിയിലെ എല്ലാ ചടങ്ങുകളും പരമാവധി മാലിന്യം കുറയ്ക്കുന്ന വിധത്തിലേക്ക് മാറി തുടങ്ങി.

5 മാലിന്യ സംസ്കരണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തന്നെ നേരിട്ട് രംഗത്തിറങ്ങണം എന്ന സമൂഹ ചിന്ത സാവകാശം മാറി തുടങ്ങി.

6 പൊതു ഇടങ്ങൾ, പട്ടണങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വത്തിൻറെ വെളിച്ചം നിറയാൻ തുടങ്ങി.

7 ചടങ്ങുകൾ സംഘടിപ്പിക്കുമ്പോൾ മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട് സംഘടകർക്കുണ്ടാകുന്ന

എല്ലാ ആശങ്കകളും പരിഹരിക്കാവുന്ന വിധത്തിൽ ഹരിത കർമ്മ സേന ശാക്തീകരിക്കപ്പെട്ടു തുടങ്ങി.

### സംരംഭ സാധ്യത ഏതെല്ലാം മേഖലയിൽ ...?

1 ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വീണ്ടും സൂക്ഷ്മ തരം തിരിവിന് വിധേയമാക്കി വരുമാനം വർധിപ്പിക്കാൻ സാധിക്കും. ഇത്തരത്തിലുള്ള വരുമാന വർധന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ തന്നെ ഉപയോഗിക്കാം. ഇത്തരം മൈക്രോ തരംതിരിവിന് പ്രായാധിക്യം ഉള്ള/ ആരോഗ്യ പ്രശ്നം നേരിടുന്ന സേനാംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മ സേഹയുടെ ഭാഗമായി പ്രത്യേക ഗ്രൂപ്പുകൾ രൂപീകരിക്കാം.

2- കെട്ടിട നിർമാണ / റിപ്പയർ അവശിഷ്ടങ്ങൾ തുടങ്ങിയവ ( C&D waste) മൂല്യവർധിത ഉല്പന്നങ്ങളാക്കി മാറ്റുന്ന സംരംഭ ഗ്രൂപ്പുകൾ

3 - മുടി മാലിന്യത്തിൽ നിന്ന് അമിനോ ആസിഡ് നിർമ്മാണം ഉൾപ്പെടെ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കൺസോർഷ്യം

4- ജൈവ മാലിന്യങ്ങളെ വളമാക്കി മാറ്റുന്ന സംരംഭ ഗ്രൂപ്പുകൾ

5. കല്യാണ പാർട്ടികൾ ഉൾപ്പെടെയുള്ള ചടങ്ങുകളിലെ ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്നതിന് സഹായിക്കുന്ന ഗ്രീൻ ഈവെൻറ് മാനേജ്മെൻറ് ഗ്രൂപ്പുകൾ

6 പാത്രങ്ങൾ മുതൽ ഇല വരെ ലഭ്യമാക്കുന്ന ബദൽ

### സപ്ലൈ ഗ്രൂപ്പുകൾ

7. ബദൽ ഉല്പന്നങ്ങൾ മാത്രം വില്ക്കുന്ന കുടുംബശ്രീ ചെറുകിട ഹോം ഷോപ്പുകൾ

8. ഭക്ഷണ അവശിഷ്ടങ്ങൾ ശാസ്ത്രീയമായ സംസ്കരിച്ച് പന്നി ഫാമുകൾക്ക് കൈമാറുന്ന സംരംഭ സംവിധാനങ്ങൾ.

9 . ഇല വാഴകൃഷി വ്യാപന പരിപാടികൾ ഏറ്റെടുക്കുന്ന

### സംരംഭ ഗ്രൂപ്പുകൾ.

10. സ്കൂൾ, കോളേജുകൾ എന്നിവിടങ്ങളിലെയു ശുചിമുറികൾ, പൊതുശുചിമുറികൾ, വീട്ടുകൾ ,വൻകിട സ്ഥാപനങ്ങൾ ടെയ്ക്ക് എ ബ്രേയ്ക്ക് തുടങ്ങിയവയുടെ ക്ലീനിംഗ് ചുമതല ഏറ്റെടുക്കുന്ന സംരംഭ ഗ്രൂപ്പുകൾ

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നത്.**

1-മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ചുമതല അല്ല. എന്നാൽ മലിന്യ സംസ്കരണം സംസ്കാരത്തിൻറെ ഭാഗമാക്കുന്നതിൽ നേതൃത്വപരമായ ശക്തമായ ഇടപെടൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതുണ്ട്.

ഹരിത കർമ്മ സേനാ പ്രവർത്തന മാർഗ്ഗ രേഖ ഉത്തരവിൽ ഒരു വാർഡിൽ രണ്ട് ഹരിതകർമ്മ സേനാംഗങ്ങൾ ഉണ്ടാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നിലവിൽ ഒരു സേനാംഗം മാത്രമാണ് ഉള്ളത്.

പ്ലാസ്റ്റിക് - ഉൾപ്പെടുന്ന അജൈവമാലിന്യ ശേഖരണം മാസത്തിൽ ഒരു തവണ നടത്താൻ ഇങ്ങിനെ ഒരു വാർഡിൽ ഒരു സേനാംഗം മതിയാവും. എന്നാൽ ഹരിത പെരുമാറ്റ ചട്ടം പ്രായോഗിക രീതിയിൽ നടപ്പിലാക്കാനും സമ്പൂർണ സുസ്ഥിര ശുചിത്വം ഉറപ്പ് വരുത്താനും സേനാംഗങ്ങളുടെ എണ്ണം മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ച വിധത്തിൽ ഉണ്ടാവേണ്ടതുണ്ട്. വാതിൽപ്പടി ശേഖരണത്തിനായ് നിയതമായ എണ്ണം ഹരിത കർമ്മസേന അംഗങ്ങൾ ഉണ്ടാവുമ്പോൾ തന്നെ മാലിന്യങ്ങളുടെ അളവ് കുറയ്ക്കാനും മാലിന്യങ്ങൾ ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുവാനുള്ള വിവിധ സംരംഭ സംവിധാനങ്ങൾക്കു നേതൃത്വം നല്കാൻ മറ്റൊരു വിഭാഗം ഹരിത കർമ്മസേനയെ നിയോഗിക്കാനും സാധിക്കണം.

2- തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾക്ക് കീഴിലുള്ള കേവലം ഒരു ഉപകരണമായി മാത്രം ഹരിത കർമ്മ സേന മാറുന്ന സാഹചര്യം ഉയർന്നു വരാൻ ഇടയുണ്ട്. അത് ഒട്ടും ആശാസ്യമായിരിക്കില്ല

തദ്ദേശ ഭരണ പ്രദേശത്തെ ഏതു വിധ മാലിന്യ സംസ്കരണ സംവിധാനങ്ങളെയും ഏകോപിപ്പിക്കുന്ന ഒരു സംവിധാനമായാണ് (green event management system) ഹരിത കർമ്മ സേന മാറേണ്ടത്.

അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ , ശേഷിവികസനം, മറ്റ് പിന്തുണാ സംവിധാനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന - യൂണിയൻ സർക്കാരുകളും നല്കണം.

3. മാലിന്യ സംസ്കരണ നിയമങ്ങളുടെ കർശനമായ പാലനം , സാമുഹ്യ ബോധവല്കരണപ്രവർത്തനങ്ങളുടെ ഏകോപനം, സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തൽ, ശാസ്ത്രീയ മാലിന്യ പരിപാലന രീതികളുടെ വിന്യാസം എന്നിവ കൂടി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

4. ഫ്ലാറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ നഗറുകൾ, തുടങ്ങിയവയിലെ ഭക്ഷണമാലിന്യങ്ങൾ ഉൾപ്പെടുന്ന ജൈവമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിന്

മേഖലാ തലത്തിലൊ ബ്ലോക്ക് തലത്തിലൊ സംവിധാനങ്ങൾ ഉണ്ടാക്കുകയും അവയുടെ പരിപാലനത്തിന് ഹരിത കർമ്മ സേനയേയൊ ഹരിത സഹായ സ്ഥാപനങ്ങളെയൊ ചുമതലപ്പെടുത്തുകയും വേണം.

5 മലിനജലം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പ്രതിദിനം വർധിക്കുകയാണ്.

ഉപയോഗിക്കുന്ന ജലം ശുദ്ധമാണോ എന്ന തിരിച്ചറിയാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത നിലവിൽ വലിയ പ്രശ്നമാണ്.

എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ജലഗുണ പരിശോധനാ ലാബുകൾ എന്ന ലക്ഷ്യം കൈവരിക്കാൻ ഹരിത കർമ്മസേനാ കൺസോർഷ്യം, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ ,യുവജന ക്ഷേമ ബോർഡുകൾ ഗ്രന്ഥശാലകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പ്രായോഗിക ഇടപെടലുകളെ ക്ഷണിച്ചു വരുത്താൻ സാധിക്കണം.

**ഉപസംഹാരം:**

സുസ്ഥിരതയാണ് പ്രധാനം. കഴിഞ്ഞ കുറേ വർഷങ്ങളായി അടിസ്ഥാന പരമായ പ്രവർത്തനങ്ങളും ബോധവല്കരണവുമാണ് പ്രധാനമായും നടന്നു കൊണ്ടിരിക്കുന്നത്. ഇത്തരം ബോധവല്കരണം അടിസ്ഥാന നിർമ്മിതി പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കതന്നെ, സുസ്ഥിരത ഉറപ്പുവരുത്താനുള്ള കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്താൻ സാധിച്ചാലേ സമ്പൂർണ ശുചിത്വ - ഹരിത കേരളം സാധ്യമാവൂ...

## 90

# സാമൂഹ്യനീതി

Kodakara GP, Ambili Soman- Gram Panchayat President

അധികാരവികേന്ദ്രികരണത്തിന്റെ ലക്ഷ്യം തന്നെ ഭരണകൂടത്തിന്റെ ജനാധിപത്യവൽക്കരണമാണ്. അധികാരംകേന്ദ്രികരിക്കപെട്ടുമ്പോൾ സാമൂഹ്യ നീതി നിഷേധിക്കപ്പെടും. ജനാധിപത്യത്തിന്റെ മൗലികമായ ലക്ഷ്യം മനുഷ്യന്റെ സ്വതന്ത്ര്യമാണ് . സാമൂഹിക നീതി നിഷേധിക്കപെട്ടാൽ ജനാധിപത്യം നടപ്പിലാകു കയില്ല. ചുരുക്കത്തിൽസാമൂഹികനീതിയുംജനാധിപ ത്യവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന്. ഇന്ത്യ ലോകത്തെ ഏറ്റവും വലിയജനാധിപത്യ രാഷ്ട്രമാണ്. അത് കൊണ്ട് തന്നെ അതിന്റെ ഭരണഘടന ഏറ്റവും കൂടുതൽ ഊന്നുന്നത് സാമൂഹ്യ നീതിയിലാണ്. സോഷ്യലിസം എന്ന വാക്ക് ഭരണഘടനയിൽ ഉൾപ്പെടുത്തിയത് തന്നെ സാമൂഹ്യ നീതി നടപ്പിലാ ക്കുവാനാണ്. അതായത് ജനാധിപത്യവും ഇന്ത്യൻ ഭരണ ഘടനയും ലക്ഷ്യമിടുന്ന പ്രധാന ആശയമാണ് സാമൂഹ്യ നീതി . ഇന്ത്യ വൈവിധ്യങ്ങളുടെ നാടാണ്. ജാതി വ്യവസ്ഥ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും നില നിൽക്കുന്നു. അതിനാൽ സാമൂഹ്യ നീതിനടപ്പി ലാക്കപ്പെടുന്നില്ല. പാവപെട്ട മനുഷ്യരുടെ അവകാശ ങ്ങൾ നിഷേധിക്കപ്പെടുന്നു. അവർക്ക് വിദ്യാഭ്യാസം പോലും നിഷേധിക്കപ്പെടുന്നു. ചികിത്സ സൗകര്യ ങ്ങളും ഭൂമിയും വീടുംപലപ്പോഴുംലഭിക്കുന്നില്ല. ഈ ദുരവസ്ഥ പരിഹരികുവാൻകേന്ദ്രികൃത പദ്ധതികളി ലൂടെ കഴിയില്ല എന്ന് 1947 മുതൽ 1990 വരെയുള്ള ചരിത്രം തെളിയിക്കുന്നു. അസമത്വ ം വർധിച്ചു വരുന്നു എന്നാണ് കണക്ക്. സ്ത്രീകളുടെ സാമൂഹ്യ നീതിയുംനിഷേധിക്കപ്പെടുന്നു. അധികാരം കേന്ദ്രിക രിക്കപെടും തോറും നീതി നിഷേധിക്കപ്പെടും. പുരുഷ അധിപത്യവും നില നിൽക്കും. കുട്ടികളുടെ പ്രത്യകിച്ച് പെൺകുട്ടികളുടെ അവകാശങ്ങളും നിഷേധിക്കപ്പെ ടുന്നു. ദുർബലരായവരുടെ നീതി നിഷേധം മനുഷ്യ ചരിത്രമാണ്. സാമൂഹ്യ നീതി നിഷേധത്തിന്റെ മുഖ്യ കാരണം അധികാര കേന്ദ്രികരണമാണ്. നീതി നിഷേ ധിക്കപ്പെട്ട സമൂഹത്തിൽ വികസനം അസാധ്യമാണ്. അധിപത്യവുംസ്വാധിനവുമുള്ള വർഗത്തിന്റെ വളർച്ച യാണ് അവർ വികസനവുമായി കണക്കാക്കുന്നത്. പട്ടിക ജാതി പട്ടികവർഗ പിന്നോക്ക വിഭാഗങ്ങളുടെ വികസനം അസാധ്യമാകുന്നത് ഇത് കൊണ്ടാണ്. താഴെ തട്ടിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാവുന്ന ഭരണകൂടമുണ്ടെങ്കിൽ സാമൂഹ്യനീതി നടപ്പിലാക്ക പ്പെടും. വികേന്ദ്രികത ഭരണത്തിൽ സുതാര്യതയുണ്ട്. ജനാധിപത്യമുണ്ട്. അതിനാൽനീതി നിഷേധിക്കപെ ടുന്നില്ല. കേരളം മാത്രമാണ്. വികേന്ദ്രികത ജനാധി പത്യത്തെ കൃത്യമായി ഉപയോഗിച്ചത്. അതിനാൽ ഇവിടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുണ്ടായി. പ്രാദേശിക വികസനം കുറെ നടന്നു. സാമൂഹ്യ നീതി കുറെയൊക്കെ ലഭിച്ചു. ഇനിയുമധികാരം തഴേക്ക് വരണം . അധികാര വികേന്ദ്രികരണം ശക്തമാക്കണം സമ്പത്തിന്റെ വികേന്ദ്രികരണവും കുടുതൽനടക്കണം സാമൂഹ്യ നീതിക്കായി വികേന്ദ്രികരണം ശക്തമാ ക്കണം.

## 91

# പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ പദ്ധതിയും

Jos Chathukulam & Shaji George

വികേന്ദ്രീകൃതാസൂത്രണ പരിപാടി നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ട് മൂന്ന് പതിറ്റാണ്ടുകൾ പൂർത്തീകരിക്കുകയാണ്. ഈ പദ്ധതിയുടെ തുടക്കം മുതൽ പൊതു പദ്ധതി തയ്യാറാക്കുന്നതിനൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ഘടകപദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും തയ്യാറാക്കേണ്ടതാണെന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഈ പദ്ധതികൾക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ഏതാണ്ട് 60 ശതമാനത്തിനുമേൽ വികേന്ദ്രീകൃതാസൂത്രണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു എന്നു മാത്രമല്ല, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ലഭ്യമാകുന്ന പദ്ധതി വിഹിതത്തോടൊപ്പം പ്രത്യേക ഘടകപദ്ധതി വിഹിതവും എത്രയായിരിക്കുമെന്ന സംസ്ഥാന ബജറ്റിന്റെ അനുബന്ധം 4-ൽ രേഖപ്പെടുത്തുകയും ചെയ്തുവരുന്നു.

ജനകീയാസൂത്രണത്തിന്റെ ആരംഭംവരെ എസ്.സി.പി., ടി.എസ്.പി. പദ്ധതികൾ ജില്ലാതലത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചേർന്നായിരുന്നു തയ്യാറാക്കിയിരുന്നത്. ഇങ്ങനെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിരുന്ന പദ്ധതികൾക്കുള്ള വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയപ്പോൾ വിവിധകേന്ദ്രങ്ങളിൽ നിന്നും പല വിധത്തിലുള്ള ആക്ഷേപങ്ങളും ആശങ്കകളും ഉയർന്നു വരികയുണ്ടായി. എസ്.സി.പി.,ടി.എസ്.പി. പദ്ധതികൾക്കുള്ള വിഹിതംവക മാറ്റി ചെലവഴിക്കപ്പെട്ടേക്കാം, വലിയ പദ്ധതികൾക്ക് പണം ലഭ്യമല്ലാതെ വന്നേക്കാം. പ്രാദേശിക അധികാരഘടനയിൽ വളരെ ദുർബലമായ സ്ഥാനമാണ് പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ളത് എന്നതിനാൽ അവരുടെ താല്പര്യങ്ങൾ അവഗണിക്കപ്പെട്ടേക്കാം തുടങ്ങിയവയായിരുന്നു ആശങ്കകൾ.

ഇതു സംബന്ധിച്ച് 'ജനകീയാസൂത്രണ പ്രസ്ഥാനം ചില വിശദീകരണങ്ങൾ' എന്ന കൈപുസ്തകത്തിൽ ഡോ. തോമസ് ഐസക്ക് താഴെപ്പറയും പ്രകാരമായിരുന്നു വിശദീകരിച്ചത്.

'പട്ടികജാതി പട്ടികവർഗ്ഗവികസനത്തിന്റെ കാര്യത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം സുപ്രധാനമായ ഒരു വഴിത്തിരിവായിത്തീർന്നിരിക്കുന്നതെന്നാണ് യാഥാർത്ഥ്യം. ജനസംഖ്യാനുപാതികമായി ഏതാണ്ട് 12 ശതമാനം പദ്ധതിയടങ്കൽ ഇവരുടെ ഉന്നമനത്തിനായി നീക്കിവെയ്ക്കണമെന്നാണ് നിയമം. ഓരോ ഡിപ്പാർട്ടുമെന്റും ഔപചാരികമായി ഇതിനടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടകപദ്ധതിക്കും പട്ടികവർഗ്ഗക്കാർക്കുള്ള ഉപപദ്ധതിക്കും പ്രത്യേകം പണം വകയിരുത്താറുണ്ട്. പലപ്പോഴും ഈ വകയിരുത്തൽ പേരിനുമാത്രം ഒതുങ്ങിപ്പോകാറുണ്ട്. പൊതുപ്രൊജക്ടുകളിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ആനുപാതികമായി പ്രയോജനമുണ്ടാകുമെന്ന അടിസ്ഥാനത്തിൽ മുതൽ മുടക്കിന്റെ ഒരു ഭാഗം അവയ്ക്കു നീക്കിവച്ചതായി കണക്കെഴുതുകയാണ് പതിവ്. ഇനി പ്രത്യേക പ്രൊജക്ടുകൾക്കായി നീക്കിവെയ്ക്കുന്ന പണം പോലും ചെലവാക്കാതെ വർഷാവസാനം വകമാറ്റി ചെലവാക്കലും പലപ്പോഴും ഉണ്ടാകുന്നു. ഇവയുടെയൊക്കെഫലമായി അർഹതയുള്ളതിന്റെ പാതിപോലും ഈ വിഭാഗങ്ങൾക്കായി ചെലവാക്കപ്പെടാറില്ല എന്നതാണ് വസ്തുത. ഈ പണത്തിന്റെ ചെറിയൊരു ശതമാനമേ യഥാർത്ഥ ഗുണഭോക്താവിന്റെ കയ്യിൽ അവസാനം ചെന്നെത്താറുള്ളൂ'.

എന്നാൽ 97-98 മുതൽ പ്രത്യേക ഘടകപദ്ധതിയ്ക്കും പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കും ഓരോ ഡിപ്പാർട്ടുമെന്റിനും വകയിരുത്തുന്ന പണത്തിൽ നിന്ന് വിഹിതം നീക്കി വെയ്ക്കുന്നതിനു പകരം ഡിപ്പാർട്ടുമെന്റുകൾക്ക് പദ്ധതി വിഹിതം വീതം വയ്ക്കുന്നതിനു മുമ്പ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പദ്ധതി അടങ്കലിൽ ജനസംഖ്യാനുസൃതമായി വിഹിതം മാറ്റി വച്ചു. ഇങ്ങനെ മാറ്റിവച്ച തുകയുടെ 80 ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുകയും ബഡ്ജറ്റിൽ വ്യക്തമാക്കിയിരിക്കുന്ന ഈ തുക ഈ വിഭാഗങ്ങൾക്കായുള്ള പ്രൊജക്ടുകൾക്കു മാത്രമെ ചിലവഴിക്കാൻ നിയമപ്രകാരം കഴിയൂ എന്ന വരികയും ചെയ്തു. വികേന്ദ്രീകൃതാസൂത്രണം ഗുണഭോക്താക്കൾക്ക് പ്രൊജക്ടുകൾ രൂപം നൽകുന്നതിൽ നേരിട്ട് പങ്കാളിയാകുന്നതിലും അവ മോണിറ്റർ ചെയ്യുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

1997-1998 -ൽ സംസ്ഥാന പദ്ധതിയിൽ എസ്.സി.പിക്കായി വകയിരുത്തിയിരുന്നത് 288.58 കോടി രൂപയും ടി.എസ്.പി. ക്ക് 58.42 കോടി രൂപയുമായിരുന്നു. ഇതിൽ എസ്.സി.പിയിൽ നിന്നും 194 കോടി രൂപയും, ടി.എസ്.പി.ൽ നിന്നും 39 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായി വീതിച്ചു നൽകി. 2023-24ലാവട്ടെ എസ്.സി.പി.ക്കായി ആകെ വകയിരുത്തിയ 2979.40 കോടി രൂപയിൽ നിന്നും 1341.30 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി. 2023-24 - ൽ ടി.എസ്.പി. യിലെ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം 202 കോടി രൂപയായിരുന്നു.

പദ്ധതി ആസൂത്രണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ഓരോ പഞ്ചവത്സര പദ്ധതിക്കും, പഞ്ചവത്സര

പദ്ധതിയിലെ ഓരോ വാർഷിക പദ്ധതികൾക്കുമായി തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിക്കുന്നുണ്ട്. ഓരോ വർഷവും ഉപപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സാമൂഹിക പശ്ചാത്തല സൗകര്യവികസനങ്ങൾക്കായി ആണ് പ്രൊജക്ടുകൾ തയ്യാറേക്കേണ്ടത്. ഇതുകൂടാതെ ഏറ്റെടുക്കാവുന്ന പദ്ധതികളും ഏറ്റെടുക്കാൻ പാടില്ലാത്ത പദ്ധതികളും എന്തൊക്കെ എന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രത്യേക ഘടകപദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്നവയായി പറയുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കൃഷിഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം
2. പട്ടികജാതി യുവതിയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്തു തൊഴിൽ നേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായികവികസനം, വരുമാന വർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.
3. പട്ടികജാതി യുവതീയുവാക്കളുടെ വ്യക്തിപരവും ഗ്രൂപ്പടിസ്ഥാനത്തിലുമുള്ള വരുമാനവർദ്ധക പ്രൊജക്ടുകൾക്ക് ബാങ്കുവായ്പയും സബ്സിഡിയും നൽകുന്നതിന് മുൻഗണനയും പ്രാധാന്യവും നൽകണം.
4. പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ളവും, വീടുകളിൽ കക്കൂസ്, ശുചിത്വ മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനു മുൻഗണന നൽകണം. അതിനുശേഷമെ മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കാവൂ.
5. പട്ടികജാതി വിഭാഗത്തിന്റെ സമുദായം വക ശ്മശാനങ്ങളുടെ അറ്റകുറ്റപണികൾ, മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.
6. പട്ടികജാതി മേഖലയിൽ പ്രൊഫഷണൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ സാധ്യതാ കോഴ്സുകൾ പസ്സായവർക്കും സ്റ്റൈപന്റോടുകൂടി അപ്രന്റീസ്/ഇന്റേൺഷിപ് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.
7. പഠനം ഉപേക്ഷിച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്തുന്നതിനുള്ള ബ്രിഡ്ജ് സ്കൂൾ പദ്ധതി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.
8. ഭൂരഹിതർക്ക് മൂന്ന് സെന്റിൽ കുറയാതെ ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകണം.
9. ഭവനനിർമ്മാണ ധനസഹായം
10. വീടുകളുടെ അറ്റകുറ്റപണിക്ക് ഒരുലക്ഷം രൂപവരെ ധനസഹായം നൽകാം.
11. വിവാഹിതരായാകാൻ പോകുന്ന പെൺകുട്ടികൾക്ക് വിവാഹധനസഹായമായി 75000 രൂപ വരെ നൽകാം.
12. വിദേശജോലി തേടുന്നവർക്ക് വിസ, ടിക്കറ്റ്, എന്നിവയ്ക്കുള്ള യഥാർത്ഥ ചെലവോ പരമാവധി 1.25 ലക്ഷം രൂപയോ നൽകാം.
13. പ്രൊഫഷണൽ, പിജി, ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
14. ദേശീയ അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് പട്ടികജാതി വികസന വകുപ്പ് നൽകുന്ന നിരക്കിൽ ധനസഹായം നൽകാം.
15. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകാം.
16. ഡിഗ്രി, പിജി, പോളി, പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകാം.
17. 800 ചതുരശ്ര അടിയിലധികം വിസ്തൃതിയില്ലാത്ത വീടുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വരെ നൽകാം.

മാർഗ്ഗനിർദ്ദേശങ്ങളിലും സബ്സിഡി ഉത്തരവിലും പറഞ്ഞിരിക്കുന്ന ഏതാനും ചില നിർദ്ദേശങ്ങളാണിവ.

അതേസമയം പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. (അവലംബം - പട്ടികജാതി വികസന ഡയറക്ടറേറ്റ് 2023-24)

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം
2. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
3. പ്രീമെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
4. തൊഴിൽ പരിശീലനം
5. തൊഴിൽ രഹിതർക്ക് സ്ഥലം വാങ്ങുന്നതിന് (3 സെന്റ്) ധനസഹായം
6. ഭവനനിർമ്മാണ സഹായം
7. ഭാഗികമായി പണിതീർന്ന വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം
8. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
9. വത്സല്യനിധി

വകുപ്പുവഴി നടപ്പാക്കുന്ന ഏതാനും ചില പദ്ധതികൾ മാത്രമാണിവ. ഈ പദ്ധതികളുടെയെല്ലാം ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി വേണം തെരഞ്ഞെടുക്കുവാൻ.

സമാനമായ പദ്ധതി നിർദ്ദേശങ്ങൾ ടി.എസ്.പി. പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിലുമുണ്ട്. സമാനമായ പദ്ധതികൾ പട്ടികവർഗ്ഗവകുപ്പും നടപ്പാക്കുന്നുണ്ട്.

ജനകീയാസൂത്രണപരിപാടിയുടെ തുടക്കത്തിൽ ഉണ്ടായിരുന്ന ഒരു പ്രധാന വിമർശനം വിവിധ തട്ടുപഞ്ചായത്തുകളും സർക്കാർ വകുപ്പുകളും ആവിഷ്ക്കരിക്കുന്ന പദ്ധതിയുടെ ആവർത്തന സ്വഭാവമായിരുന്നു. പഞ്ചായത്തുകോഴി, ബ്ലോക്കുകോഴി, ജില്ലാപഞ്ചായത്തുകോഴി തുടങ്ങിയ പരിഹാസങ്ങളും ഉയർന്നുവരികയുണ്ടായി. അന്ന് ആവർത്തിച്ച് പ്രയോഗിക്കപ്പെട്ട രണ്ടു വാക്കുകളായിരുന്നു 'Principle of Subsidiarity'

എന്നാൽ ജനകീയാസൂത്രണത്തിന്റെ 28 വർഷങ്ങൾ പിന്നിടുമ്പോഴും പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പുകളും പഞ്ചായത്തീരാജ് സ്ഥാപനങ്ങളും ഒരേപദ്ധതികൾ പഞ്ചായത്തുകളിലും നഗരസഭകളിലും നടപ്പാക്കുന്നു എന്നതാണ് ഇന്ന് എസ്.സി.പി./ടി.എസ്.പി. പദ്ധതികളിലെ ഒരു പ്രധാന ന്യൂനത.

'പട്ടികജാതി പട്ടികവർഗ്ഗ വികസനവും ജനകീയാസൂത്രണവും' എന്ന പേരിൽ നടന്ന സെമിനാറിൽ വിതരണം ചെയ്ത കൈപുസ്തകത്തിന്റെ (1998) അദ്ധ്യായം 5 നാലാം പേജിൽ പറയുന്നത്. 'നിലവിലിരുന്ന ജില്ലാതല ആസൂത്രണത്തിന്റെ മുഖമുദ്ര ഡിപ്പാർട്ടുമെന്റലിസവും അതിന്റെ ഫലമായ സമഗ്രതയില്ലായ്മയും ആയിരുന്നല്ലോ. പ്രാദേശികാസൂത്രണത്തിലൂടെ ഈ പരിമിതി മറികടക്കാനാവും.' പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള സാധ്യതകൾ ജനകീയാസൂത്രണം തുറക്കുന്നു. (പേജ് 5) എന്നിങ്ങനെയാണ്.

ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം പ്രാദേശിക പ്രത്യേകതകളും സാധ്യതകളും കണക്കിലെടുത്ത് ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്നതാണല്ലോ. അങ്ങിനെ തന്നെയാണ് എസ്.സി.പി./ടി.എസ്.പി. പദ്ധതികളും തയ്യാറാക്കി നടപ്പാക്കുന്നത്. എസ്.സി.പി. പദ്ധതികൾ ഗ്രാമസഭകളിലും ടി.എസ്.പി. പദ്ധതികൾ ഊരുക്കൂട്ടത്തിലും ചർച്ചചെയ്യുകയും വേണം. അങ്ങനെയെങ്കിൽ ഇത്രമാത്രം പദ്ധതി നിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിനു യാതൊരു പ്രസക്തിയുമില്ല. കരടുപദ്ധതി നിർദ്ദേശങ്ങൾ ഉരുത്തിരിയുന്നത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലാണല്ലോ. ഈ വർക്കിംഗ് ഗ്രൂപ്പുകൾ പ്രാദേശികാവശ്യങ്ങളും സാധ്യതകളും പരിഗണിക്കുന്നതിലുപരി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലെ പദ്ധതിനിർദ്ദേശങ്ങൾക്കാണ് മുൻഗണന നൽകുന്നത്. ഇത് ഗ്രാമസഭയിൽവച്ച് പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് പദ്ധതികളല്ല, ഞങ്ങൾക്ക് വേണ്ടത് ഇന്നയിന്ന പദ്ധതികളാണെന്ന് പറയുന്നതിന് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് കഴിയുന്നില്ല. ഉദാഹരണത്തിന് 2015-16 -ൽ ഒരു ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ മുൻഗണന നൽകിയ എസ്.സി.പി./ടി.എസ്.പി. പദ്ധതികൾ ടുവടെ ചേർക്കുന്നു.

1. ഭൂരഹിത പുനരതിവാസം
2. ഭവനനിർമ്മാണം
3. വിദ്യാർത്ഥികൾക്ക് മേശയും കസേരയും
4. വൃദ്ധർക്ക് കട്ടിൽ
5. വീടുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ
6. 9-10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ
7. മെറിട്ടോറിയസ് ആയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
8. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
9. പ്രൊഫഷണൽ/പിജി/ഡിഗ്രി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്
10. യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം
11. കോളനികളുടെ സമഗ്രവികസനം
12. ശ്മശാനങ്ങളുടെ അറ്റകുറ്റപണി
13. കോളനികളിൽ കുടിവെള്ള പദ്ധതി
14. വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം
15. തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം
16. പശു/ആട്/കോഴി വളർത്തൽ ധനസഹായം
17. പച്ചക്കറി കൃഷിക്ക് ധനസഹായം

ടി.എസ്.പി. പദ്ധതികളും ഇതേ രീതിയിൽ മാർഗ്ഗരേഖയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളാണ്. 28 വർഷങ്ങൾക്കുശേഷവും എസ്.സി.പി./ടി.എസ്.പി. വിഹിതത്തിന്റെ സിംഹഭാഗവും ഭവനനിർമ്മാണത്തിനോ വീട് അറ്റകുറ്റപണികൾക്കോ ആയാണ് ചെലവഴിക്കപ്പെടുന്നത്. ടി.എസ്.പി. പദ്ധതിയിൻ കീഴിൽ 01.04.2006 നും 01.04.2018 നും ഇടയിൽ നിർമ്മിച്ച വീടുകൾക്ക് അറ്റകുറ്റ പണികൾക്കായി 2.5 ലക്ഷം രൂപ വരെ നൽകുന്ന പദ്ധതി പട്ടികവർഗ്ഗവികസന വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. അതിനർത്ഥം 9,10,11,12, പദ്ധതിക്കാലയിളവിൽ ജനകീയാസൂത്രണപദ്ധതിപ്രകാരം ധനസഹായം നൽകി നിർമ്മിച്ച വീടുകൾ പൂർത്തീകരിക്കപ്പെടുകയോ നല്ല രീതിയിൽ നിർമ്മിക്കപ്പെടുകയോ ചെയ്തിട്ടില്ല എന്നതാണല്ലോ. അതേപോലെ പഞ്ചായത്ത്/വകുപ്പ് പദ്ധതി ധനസഹായത്തിലൂടെ നിർമ്മിക്കപ്പെട്ട ഭവനങ്ങൾക്ക് തൃപ്തികരമായ സൗകര്യങ്ങൾ ഇല്ലാത്തത് കൊണ്ടാണല്ലോ വിദ്യാർത്ഥികളായ അംഗങ്ങൾ ഉള്ളവർക്ക് പഠനമുറി നിർമ്മാണത്തിന് തദ്ദേശഭരണസ്ഥാപനങ്ങളും വകുപ്പും ധനസഹായം നൽകേണ്ടിവരുന്നത്. എന്ന തന്നെയുമല്ല ലൈഫ്മിഷനിൽ ധനസഹായം നൽകുന്ന ഒരു പട്ടികജാതി ഗുണഭോക്താവിന്റെ കുടുംബത്തിൽ വിദ്യാർത്ഥി ഉണ്ടെങ്കിൽ നാലു ലക്ഷത്തിനു പകരം ആറ് ലക്ഷം രൂപ നൽകുന്നതാവില്ലേ ഉചിതം?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്ന ഒരു പദ്ധതിയും പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുവാൻ പാടില്ല. ഈ വിഭാഗത്തിൽ പ്പെട്ടവർക്ക് പ്രയോജനകരമായ വലിയ പദ്ധതികൾ വേണം വകുപ്പുകൾ ഏറ്റെടുക്കാൻ. 'ഇ.എം.എസ് ഉം അധികാരവികേന്ദ്രീകരണവും' എന്ന പുസ്തകത്തി

ന്റെ പേജ് 123-ൽ ഡോ. തോമസ് ഐസക്കും, ഇ.എം. ശ്രീധരനും അവകാശപ്പെടുന്നത് 'തദ്ദേശഭരണസ്ഥാപനങ്ങളും സർക്കാർ ഡിപ്പാർട്ടുമെന്റുകളും തമ്മിൽ അനൗപചാരികമായ ചുമതലാവിഭജനം ഉളവായി എന്നതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന വികസനപ്രവർത്തനങ്ങളിൽ നിന്ന് ഇന്നല്ലെങ്കിൽ നാളെ ഡിപ്പാർട്ടുമെന്റുകൾ പിൻമാറിയേ പറ്റു എന്ന സ്ഥിതി വന്നു. അല്ലാത്ത പക്ഷം മുകളിൽ മാത്രം ചെയ്യാൻ പറ്റുന്ന കാര്യങ്ങൾക്ക് പണമില്ലാതെ വരും.' എന്നാൽ ഈ വിലയിരുത്തൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്ക് ഇനിയും ബാധകമായില്ലെന്നാണ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ സൂചിപ്പിക്കുന്നത്.

തദ്ദേശഭരണസ്ഥാപനങ്ങൾ നിർവ്വഹണം നടത്തുന്ന എസ്.സി.പി./ടി.എസ്.പി. പദ്ധതികളിൽ പ്രകടമായ ഒരു ന്യൂനത പൊതുവിഭാഗം വികസനഫണ്ട് ചെലവാക്കുന്നതിലുള്ള വേഗത ഈ പദ്ധതികളിൽ ഉണ്ടാകുന്നില്ല എന്നാണ്. ഓരോ വർഷത്തെയും പദ്ധതി ചെലവുകളിൽ നിന്നും വ്യക്തമാകുന്നത് എസ്.സി.പി./ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം പൊതുവിഭാഗം ഫണ്ടിന്റെ ചെലവിനെക്കാൾ കുറവാണ് എന്നതാണ്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പഞ്ചായത്ത് ഭരണസമിതി തന്നെ തെരഞ്ഞെടുപ്പുകളിൽ സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സംവരണ വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ പഞ്ചായത്തിലെ മൊത്തം പട്ടിക വിഭാഗങ്ങളുടെ വികസനത്തിൽ ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. പകരം തങ്ങളുടെ വാർഡുകളുടെ വികസനത്തിൽ മാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും കാണപ്പെടുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ജനപ്രതിനിധികൾക്ക് ഈ വിഷയത്തിൽ പ്രത്യേകം പരിശീലനം നൽകുന്നത് ഉചിതമായിരിക്കും.

എസ്.സി.പി./ടി.എസ്.പി. പദ്ധതികളെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് ഉചിതമായിരിക്കും.

1. ഡിപ്പാർട്ടുമെന്റുകളും തദ്ദേശഭരണസ്ഥാപനങ്ങളും സമാന സ്വഭാവമുള്ള പദ്ധതികൾ നടപ്പാക്കുന്നില്ല എന്നുറപ്പുവരുത്തുക.
2. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന ഭവന നിർമ്മാണ ധനസഹായം ഉയർത്തി ഈടുറ്റതും പഠനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുതകുന്നതുമായ വീട് നിർമ്മിക്കുന്നതിന് ധനസാഹായം നൽകുക.
3. വകുപ്പുകൾ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാനുതകുന്ന പദ്ധതികൾ ഏറ്റെടുക്കുക.
4. മാർഗ്ഗനിർദ്ദേശങ്ങളിലൂടെ പദ്ധതികൾ നിർദ്ദേശിക്കുന്ന രീതി അവസാനിപ്പിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്കും ജനങ്ങൾക്കും അവരുടെ പദ്ധതികൾ തയ്യാറാക്കുന്നതിന് അവസരം നൽകുക.
5. പട്ടികജാതി പട്ടികവർഗ്ഗ ജനപ്രതിനിധികൾക്ക് പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി കാര്യക്ഷമമാക്കുന്നതിന് പ്രത്യേകം പരിശീലനങ്ങൾ നൽകുക.

**92**

## സാമൂഹ്യനീതി: കെയർ എന്റർപ്രണർഷിപ്പ്

കെ.മൊയ്തീൻകുട്ടി, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ

സാമൂഹ്യനീതി ഉറപ്പാക്കുക എന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. സാമൂഹ്യനീതിക്ക് സർവ്വതല സ്പർശിയായ മാനം ഉണ്ടെങ്കിലും കേരളത്തിൽ ഭരണപരമായ സൗകര്യത്തിന് വേണ്ടി പ്രത്യേക വകുപ്പുണ്ടാക്കിയിട്ടുണ്ട്. ഈ വകുപ്പിന് കീഴിൽ പ്രധാനമായും കൈകാര്യം ചെയ്യുന്നത് ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങളെയാണ്. ഈ വിഭാഗത്തിൽ പൊതുവായി ഉൾചേർന്ന് വരുന്നവർ അഭിമുഖീകരിക്കേണ്ടി വരുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവരിൽ കിടപ്പുരോഗികളായി മാറുന്നവരുടെ സംരക്ഷണം വളരെ പ്രധാന്യമുള്ളതാണ്. നല്ല സാമ്പത്തിക നിലയുള്ള വയോജനങ്ങൾ, പെൻഷണർമാർ എന്നിവർ പെൻഷൻ/റിട്ടയേർഡ് ഹോമിലേക്ക് മാറുന്ന സ്ഥിതി വ്യാപകമാവുന്നു, എന്നാൽ സൗകര്യമില്ലാത്തവരുടെ കെയർ വലിയ സാമൂഹ്യ പ്രശ്നമാണ്. കേവലമായ പാലിയേറ്റീവ് പ്രവർത്തനം കൊണ്ട് ഇതിനെ മറികടക്കാനാവില്ല. ഈ അവസ്ഥയിലാണ് സാർവ്വദേശീയമായി നൂതനമായി ഉയർന്നുവരുന്ന ആശയമായ 'കെയർ എന്റർപ്രണർഷിപ്പ്' ( CARE ENTREPRENEURSHIP) പ്രസക്തമാവുന്നത്.

ഏഷ്യാ-പസഫിക്ക് മേഖലകളിൽ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് UN തന്നെ IDRC, (International Development Research Centre) VISA FOUNDATION, മറ്റ് സാർവ്വദേശീയമാനമുള്ള NGO കൾ എന്നിവയുടെ സഹകരണത്തോടെ Gender Inclusive Care Entrepreneurship Ecosystem പ്രോഗ്രാം (GICEEP) ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കോവിഡുകാലത്തെ കണക്കു പ്രകാരം ഏകദേശം രണ്ടര ലക്ഷത്തിലധികം വയോജനങ്ങൾ ഒറ്റയ്ക്കു താമസിക്കുന്നുണ്ട്. ഇതോടൊപ്പം കിടപ്പുരോഗികളായ ഭിന്നശേഷിക്കാരുമുണ്ട്. ഇവരുടെ കെയർ വ്യവസ്ഥാപിത പാലിയേറ്റീവിന്റെ പരിധിയിൽ വരുന്നില്ല. അതുപോലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷികർതാക്കൾക്ക്, ഈ കുട്ടികളെ സുരക്ഷിതമായി ഏൽപ്പിച്ച് ജോലിക്കോ, മറ്റാവശ്യങ്ങൾക്കോ പോകാൻ കഴിയുന്നില്ല.(Assisted living Village എന്ന പദ്ധതി ഉയർന്നു വരുന്നു എന്നത് വിസ്മരിക്കുന്നില്ല) തങ്ങളുടെ കാലശേഷം ഇവർക്കാരുണ്ട് എന്ന മാതാപിതാക്കളുടെ ചോദ്യം ഏറെ പ്രസക്തമാണ്.

ഈ വിഷയത്തെ നമ്മുടെ നാട്ടിലെ കുടുംബശ്രീ (UN വികസിപ്പിച്ച മാതൃകയിൽ) യൂണിറ്റുകളിലൂടെ കൈകാര്യം ചെയ്യാൻ കഴിയുന്നു. വ്യക്തി ഏറ്റെടുക്കേണ്ടുന്ന Individual Burden കുറയുന്നു. കുടുംബശ്രീകൾക്ക് കെയർ പരിശീലനം നല്കുക വഴി കെയർ ഉറപ്പാക്കുന്നതിന് സാധിക്കും.

(സാമൂഹ്യനീതി വകുപ്പ് വിഭാവനം ചെയ്യുന്ന ഭിന്നശേഷി സ്വയം തൊഴിൽ സംഘങ്ങൾക്കും ഭാവിയിൽ ഇത് ഏറ്റെടുക്കാൻ സാധിക്കും.)

പാലിയേറ്റീവ് കെയർ യൂണിറ്റുകളുമായി ആവശ്യമെങ്കിൽ യോജിപ്പിക്കാവുന്നതാണ്. ഇതിന് ന്ശ്ചിത ഫീസ് നിശ്ചയിക്കുക വഴി കുടുംബശ്രീ യൂണിറ്റുകളുടെ/ SHG- കളുടെ വരുമാന ദായക തൊഴിൽ സംരംഭമായി ഇതിനെ മാറ്റാൻ കഴിയും.

**93**

## സംയോജിത തദ്ദേശസ്വയംഭരണ വകുപ്പും ഉദ്യോഗസ്ഥരും

Jos Chathukulam & Shaji George

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പഞ്ചവത്സരപദ്ധതികളിലൂടെ ആസൂത്രിത വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് നമ്മുടെ രാജ്യം ലക്ഷ്യമിട്ടത്. ഒന്നാം പദ്ധതിയുടെ വിലയിരുത്തലിൽ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തത്തിന്റെ അഭാവം ബോദ്ധ്യപ്പെടുകയും ഇത് പരിഹരിക്കുന്നതിനായി പഞ്ചായത്തീരാജ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ചർച്ചകൾ ആരംഭിക്കുകയും അത് ബൽവന്ത്റായിമേത്താ കമ്മറ്റിയുടെ രൂപീകരണത്തിലേക്ക് ചെന്നെത്തുകയും ചെയ്തു.

അതേസമയം ഇതേ ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി പ്രൊജക്ട് എന്ന പേരിൽ 1951-ൽ ആരംഭിച്ച ഗ്രാമോദ്ധാരണ പരിപാടി സാമൂഹ്യവികസന ബ്ലോക്കുകളുടെ രൂപീകരണത്തിൽ എത്തിച്ചേരുകയും ചെയ്തു. ഗ്രാമതലത്തിൽ നടപ്പാക്കുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷിര വികസനം, ശുചിത്വം തുടങ്ങി ഇന്ന് പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന വികസന പ്രവർത്തനങ്ങളെല്ലാം ഗ്രാമതലത്തിൽ നടപ്പാക്കുന്ന ഏജൻസിയായി വികസന ബ്ലോക്കുകളും ഗ്രാമസേവകൻ തൊട്ട് ബ്ലോക്ക്, ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥൻമാർ നിർവ്വഹണത്തിന്റെ ചുമതലക്കാരുമായി മാറി. എന്തിനേറെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനമേൽനോട്ടംപോലും ബ്ലോക്കുകൾക്ക് ആയി.

ബെൽവന്ത്റായ്മേത്താ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ ഗ്രാമപഞ്ചായത്തുകൾ പരിമിതമായി അധികാരങ്ങളും, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും എക്സിക്യൂട്ടീവ് ഓഫീസറും അയാൾക്കു കീഴിലുള്ള ബിൽ കളക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംവിധാനവുമായി പ്രവർത്തിച്ചുപോന്നു.

പഞ്ചായത്തുകളും വികസന ബ്ലോക്കുകളും ആരംഭിക്കുന്നതിന് മുമ്പ് രൂപീകൃതമായവ ആയിരുന്നു എണ്ണത്തിൽ പരിമിതങ്ങളായിരുന്ന നഗരസഭകൾ. മുൻസിപ്പൽ കമ്മീഷണറും അദ്ദേഹത്തിനു കീഴിൽ റവന്യൂ-ആരോഗ്യ-എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥ സംവിധാനങ്ങളുമായി പഞ്ചായത്തുകളും ബ്ലോക്കുകളും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്ത സ്ഥാപനങ്ങളായി ഇവ പ്രവർത്തിച്ചുവന്നു.

ഇവയ്ക്കെല്ലാം പുറമെയാണ് നഗരാസൂത്രണവകുപ്പും അതിനു കീഴിൽ ജില്ലാസംസ്ഥാനതലങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനവും രൂപം കൊണ്ടത്.

നഗരസഭകളിലും സ്പെഷ്യൽഗ്രേഡ് പഞ്ചായത്തുകളിലും മാത്രമുണ്ടായിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം ഇവയുടെയൊക്കെ ഭാഗമായിരുന്നെങ്കിലും സാങ്കേതിക വിദഗ്ദ്ധർ എന്ന രീതിയിൽ, ഇതര ഉദ്യോഗസ്ഥ സംവിധാനത്തോടും, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളോടുപോലും ഇഴുകി ചേരാതെ പ്രത്യേകം വിഭാഗമായി തുടർന്നു.

ഇങ്ങനെയുള്ള ഒരു ഭരണനിർവ്വഹണ പശ്ചാത്തലത്തിലാണ് ഭരണഘടനാഭേദഗതിയിലൂടെ പുതിയ ചുമതലകളും അധികാരങ്ങളുമായി പഞ്ചായത്തുകളും നഗരസഭകളും പുനഃക്രമീകരിക്കപ്പെട്ടത്. ഇതിന്റെ ഫലമായി

പരസ്പര ബന്ധമില്ലാതിരുന്നെങ്കിലും താഴെപ്പറയുന്ന മാറ്റങ്ങൾ പ്രദേശികഭരണ നിർവ്വഹണത്തിലുണ്ടായി.

1. ബ്ലോക്കുകളിൽ ബ്ലോക്കുപഞ്ചായത്തുകൾ നിലവിൽ വന്നു.
2. ബ്ലോക്കുകളിലൂടെ വികസനപ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന വിഷയങ്ങൾ എല്ലാം തന്നെ ഗ്രാമപഞ്ചായത്തുകളിലേക്ക് നിഷ്പ്തമായി
3. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങളും ചുമതലകളും, നഗരസഭകളുടെ പ്രവർത്തനങ്ങളും ചുമതലകളും തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ ഇല്ലാതായി.
4. കേരളത്തിൽ ജനകീയാസൂത്രണപരിപാടി ആരംഭിക്കുകയും ഈ സ്ഥാപനങ്ങളെല്ലാം ആസൂത്രണനിർവ്വഹണ പ്രവർത്തനങ്ങൾ നടത്തുന്നത് സമാനമായ രീതിയിലാവുകയും ചെയ്തു.
5. ഗ്രാമപഞ്ചായത്തുകളിലെല്ലാം ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾക്ക് രൂപം നൽകപ്പെടുകയും അവയുടെ ആസൂത്രണ നിർവ്വഹണപ്രവർത്തനങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗം നിയമിക്കപ്പെടുകയും ചെയ്തു.
6. ബ്ലോക്കുകൾ നടത്തിവന്നിരുന്ന തൊഴിൽദാന പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും ഗ്രമപഞ്ചായത്തുകളിലും അവയോടനുബന്ധിച്ചുള്ള കുടുംബശ്രീ സംവിധാനത്തിലും നിക്ഷിപ്തമായി.

ഈ മാറ്റങ്ങളുടെ ഫലമായി ഭരണഘടനാപരമായ ഒരു അനിവാര്യത എന്ന നിലയിൽ പ്രവർത്തിക്കുന്ന തൊഴിച്ചാൽ ബ്ലോക്കുകളും അവയിലെ എക്സ്റ്റൻഷൻ ആഫീസർമാരും അപ്രസക്തരാവുകയോ പ്രത്യേക ചുമതലകളില്ലാതെ മേൽനോട്ടം വഹിക്കുന്നവർ മാത്രമായി ചുരുങ്ങുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണ ഏകോപന ഏജൻസികളായിരുന്ന ഡി.ആർ.ഡി.എ.കൾ ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കപ്പെട്ടു.

ഇത്തരത്തിലുള്ള മാറ്റങ്ങൾ വന്നിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടെങ്കിലും, പഞ്ചായത്ത് (ഗ്രാമ ജില്ലാപഞ്ചായത്തുകൾ) ജീവനക്കാരുടെ തെരഞ്ഞെടുപ്പും നിയമനവും ഒരു രീതിയിലും ബ്ലോക്ക് ജീവനക്കാരുടെ നിയമനം മറ്റൊരു രീതിയിലും, നഗരസഭ- എഞ്ചീനീയറിംഗ് ജീവനക്കാരുടെ നിയമനം മറ്റൊരു രീതിയിലും തുടർന്നു. ഓരോ തരത്തിലുള്ള ജോലികൾ ചെയ്യുമ്പോഴും ഇവർ തമ്മിൽ യാതൊരു ബന്ധവും ഇല്ലാതിരുന്ന സംവിധാനത്തിനാണ് സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിലൂടെ രൂപം നൽകപ്പെട്ടത്. ഇതോടെ നഗരസഭയിൽ അഥവാ ബ്ലോക്കിൽ/അഥവാ പഞ്ചായത്തിൽ മാത്രമെ ജോലി ചെയ്യൂ എന്ന മിഥ്യാ കാറ്റഗറിക്കൽ ചിന്താഗതി തന്നെ തകർക്കപ്പെട്ടു.

നമ്മുടെ സംസ്ഥാനത്ത് വികേന്ദ്രീകൃതഭരണ സംവിധാനത്തിൽ സ്വീകരിക്കപ്പെട്ട സ്വാഗതാർഹമായ നടപടിയായേ ഈ സംയോജനത്തെ കാണാൻ പറ്റൂ.

ഇതര സംസ്ഥാനങ്ങളെടുത്താൽ കർണ്ണാടകപോലെ ചുരുക്കം സംസ്ഥാനങ്ങളിലൊഴികെ മറ്റു പലയിടത്തും ബ്ലോക്ക് സംവിധാനം ഇന്നും പ്രബലവും അവ പഞ്ചായത്തുകളുടെ നിയന്ത്രണ ഏജൻസികളുമാണ്. മിക്ക സംസ്ഥാനങ്ങളിലും ഗ്രാമവികസന- പഞ്ചായത്തീരാജ് വകുപ്പുകളാണ് നിലവിലുള്ളത്. ഉത്തർപ്രദേശ്, പഞ്ചാബ്, അരുണാചൽപ്രദേശ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ഒന്നോ രണ്ടോ കരാർ ജീവനക്കാരും മൂന്നും നാലും പഞ്ചായത്തുകൾക്കായി ഒരു സെക്രട്ടറിയുമാണ് നിലവിലുള്ളത്. രാജസ്ഥാൻ, ഹരിയാന, മധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രൈമറി അദ്ധ്യാപകരും ഗ്രാമപഞ്ചായത്ത് ജീവനക്കാരും വരെയുള്ളവരുടെ നിയമനവും മേൽനോട്ടവുംവരെ ജില്ലാ പഞ്ചായത്തുകളിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

അതിനർത്ഥം അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ - അതായത് ചുമതലകളും, പണവും, ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനം ഏറെ മുന്നോട്ട് പോയിരിക്കുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി തദ്ദേശഭരണ സ്ഥാപന തലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും അവയിലെ ഉദ്യോഗസ്ഥരെയും അവർക്കുമേലുള്ള നിയന്ത്രാണാധികാരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഒരോയൊരു സംസ്ഥാനം കേരളം മാത്രമാണ്.

തദ്ദേശസ്വയംഭരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സംയോജനം കേരളം പോലൊരു സംസ്ഥാനത്ത് അനിവാര്യമായിരുന്നു. ഒന്നാമതായി കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകൾ നിലവിൽ ഉണ്ടെങ്കിലും അവ എല്ലാം തന്നെ നഗരസ്വഭാവം പ്രകടിപ്പിക്കുന്നവയും ഏതാനും വർഷങ്ങൾക്കുള്ളിൽ നഗരസഭകളായി പരിവർത്തനം ചെയ്യപ്പെടേണ്ടവയുമാണ്. അതികൊണ്ടു തന്നെ പഞ്ചായത്തു വകുപ്പ്, നഗരകാര്യ വകുപ്പ്, നഗരാസൂത്രണ വകുപ്പ് തുടങ്ങിയവ അപ്രസക്തമാവുകതന്നെ ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി പ്രവർത്തിക്കേണ്ടവയാണ് എഞ്ചിനീയറിംഗ് വിഭാഗവും കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരും. അതുകൊണ്ടു തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇനിയുള്ള നിയമനങ്ങൾ വകുപ്പ് തിരിച്ചാകുന്നതിനു പകരം ഒരുമിച്ചാവണം.

പഞ്ചായത്തിന്റെ കൃഷിഭവനിലേക്ക് കൃഷി ആഫീസറെയും കൃഷി അസിസ്റ്റന്റിനെയും എന്തിന് കൃഷി വകുപ്പ് റിക്രൂട്ട് ചെയ്യണം?

തദ്ദേശസ്വയംഭരണ വകുപ്പ് മൃഗാശുപത്രിയിലേക്കുള്ള ജീവനക്കാരെയും വിദ്യാഭ്യാസ - ആരോഗ്യ വകുപ്പ് ജീവനക്കാരെയും അതാതു വകുപ്പുകൾ റിക്രൂട്ട് ചെയ്ത് വിട്ടുനൽകുന്ന സംവിധാനത്തിലാണ് ഇനി മാറ്റങ്ങൾ വരുത്തേണ്ടത്. ഈ നിയമന സംവിധാനത്തിൽ മാറ്റം വന്നെങ്കിൽ മാത്രമെ പഞ്ചായത്ത് ജീവനക്കാരായി ഇവർ മാറുകയും വകുപ്പ് ചിന്താഗതിയുടെ പുറംതോട് പൊട്ടിച്ച് പുറത്ത് വരികയും ചെയ്യുകയുള്ളൂ.

കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഗസറ്റഡ് അല്ലാത്ത ഏത് ജീവനക്കാര നെയും ഗ്രാമസഭ കോഓർഡിനേറ്ററായി നിയമിക്കാ മെന്ന ഉത്തരവ് നിലനിൽക്കെ, ഗ്രാമസഭ കോഓർഡി നേറ്ററായി പഞ്ചായത്ത് തീരുമാനിച്ച പ്രൈമറി അധ്യാ പകൻ ആ ചുമതല ഏറ്റെടുക്കാത്ത സംഭവങ്ങൾ ഇന്നും ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ പഞ്ചായത്ത് തീരുമാനം ലംഘിക്കുന്ന ഉദ്യോഗസ്ഥന് സംരക്ഷണ കവചം ഒരുക്കുന്ന വകുപ്പു മേലധികാരികൾ ഇന്നും പല വകുപ്പുകളിലും ഉണ്ട്.

പക്ഷേ ജീവനക്കാരുടെസംയോജനം മൂലം ചില ന്യൂ നതകൾ ഉണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു. സീനിയോ റിറ്റി, ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യത, എക്റ്റൻഷൻ ട്രെയിനിംഗ് തുടങ്ങിയ ആഭ്യന്തര വിഷയങ്ങൾ പല സംഘടനകളും ഉയർത്തുന്നുണ്ട്. സാങ്കേതിക ജീവ നക്കാരുടെ പ്രവർത്തനങ്ങളുടെ സാങ്കേതിക പരി ശോധനയിൽ അച്ചടക്ക നടപടികളും സാങ്കേതിക മേലധികാരികൾ തന്നെ വേണമെന്ന ആവശ്യങ്ങ ളും ഉയർന്നുവരുന്നുണ്ട്. പഞ്ചായത്തിന്റെ നികുതി, ലൈസൻസ് തുടങ്ങിയ വിഷയങ്ങളിൽ യാതൊരു ധാരണയുമില്ലാത്ത എക്റ്റൻഷൻ ആഫീസർമാർ സെക്രട്ടറിമാരാകുമ്പോഴുണ്ടാകുന്ന അറിവില്ലായ്മയു ടെയും, നിയമപരിജ്ഞാനമില്ലായ്പോലുള്ള പ്രശ്ന ങ്ങളും ഉണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളുമുണ്ടാകണം.

അതോടൊപ്പം ഈ സംയോജനം തദ്ദേശസ്വയംഭര ണത്തിൽ മാത്രമായി ഒതുങ്ങരുത്. കൃഷി, മണ്ണ്സം രക്ഷണം, ഹോൾട്ടികൾച്ചർ വകുപ്പുകൾ സംയോജി പ്പിക്കപ്പെടണം. മൃഗസംരക്ഷണ, ക്ഷീരവികസനവകു പ്പുകൾ പ്രത്യേകം നിലനിർത്തേണ്ട ആവശ്യകത ഇല്ല. ജലസേചനത്തിന് മൈനറും മേജറും വകുപ്പുകൾ അനിവാര്യമാണോ എന്നതും ആലോചിക്കേണ്ടിയിരി ക്കുന്നു.

അധികാരവികേന്ദ്രീകരണത്തിന്റെ ആത്യന്തീകലക്ഷ്യം അധികാരം ജനങ്ങളിലേക്ക് എത്തുക എന്നതാണല്ലോ ഈ പ്രക്രിയയിൽ സ്വാഭാവികമായും ഗ്രാമനഗര സെക്ര ട്ടറിയേറ്റുകൾ വിപുലീകരിക്കപ്പെടുകയും സംസ്ഥാന സെക്രട്ടറിയേറ്റ് ചുരുങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. തദ്ദേശവകുപ്പിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് വന്നെങ്കി ലും ഡയറക്ടറേറ്റിലോ സെക്രട്ടറിയേറ്റിലോ ഉദ്യോഗ സ്ഥരുടെ എണ്ണത്തിൽ യാതൊരു കുറവും ഉണ്ടായി ട്ടില്ല.

മറ്റൊരു പ്രധാന കാര്യം അധികാരം താഴേതട്ടിലെ തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതികളിലേക്ക് വികേ ന്ദ്രീകരിക്കപ്പെടുമ്പോൾ ഇത്രയും വലിയൊരു തദ്ദേ ശസ്വയംഭരണവകുപ്പിന്റെതന്നെ ആവശ്യം ഉണ്ടോ എന്നതാണ്. 1997 -ലെ ചിന്താജന്മദിനപതിപ്പിൽ സാക്ഷരാതാ പ്രവർത്തനത്തിൽ നിന്നും ജനകീയാത്ര ണത്തിലേക്ക് എന്ന തന്റെ ലേഖനത്തിൽ ശ്രീ. ഇ.എം. എസ്. പ്രകടിപ്പിച്ച അഭിപ്രായം ഇവിടെ പ്രസക്തമാണ്. 'സംസ്ഥാന ഗവൺമെന്റിന് ഇന്നത് പ്രാദേശിക ഭരണ സ്ഥാപനത്തിന് ഇന്നത് എന്ന് വ്യക്തമാക്കുകയും പഞ്ചായത്ത് നഗരസഭ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സംസ്ഥാന സെക്രട്ടറിയേറ്റിനും, വകുപ്പ് തലവൻമാർ ക്കുമുള്ള നിയന്ത്രണാധികാരം എടുത്തുകളയുകയും ചെയ്താൽ മാത്രമെ വികേന്ദ്രീകൃമായ ജനകീയാസൂ ത്രണം നടപ്പിൽ വരുകയുള്ളൂ'.

ജില്ലാ കൗൺസിലുകളെ എങ്ങനെ ഫലപ്രദമാക്കാം എന്നതിനെക്കുറിച്ച് ദേശാഭിമാനിയിലൂടെ നടത്തിയ ആശയസംവാദത്തിൽ ഭരണസംവിധാനം സംബ ന്ധിച്ച മാമൂൽ ധാരണകളെ അട്ടിമറിക്കാൻ പോന്ന പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ച കൂട്ടത്തിൽ തദ്ദേശ ഭരണവകുപ്പുതന്നെ വേണ്ട എന്നായിരുന്നു അദ്ദേഹം നിർദ്ദേശിച്ചത്. (ഇ.എം.എസും. അധികാര വികേന്ദ്രീക രണവും- ഡോ. തോമസ് ഐസക്ക്, ഇ.എം. ശ്രീധരൻ- ചിന്താ പബ്ലീഷേഴ്സ്, പേജ് 97).

അധികാര വികേന്ദ്രീകരണത്തിന്റെയും ആസൂത്രണ വികേന്ദ്രീകരണത്തിന്റെയും മൂന്ന് പതിറ്റാണ്ടുകൾ പൂർത്തീകരിക്കുന്ന ഈ അവസരത്തിൽ കേവലം തദ്ദേശസ്വയംഭരണവകുപ്പ് സംയോജനത്തിനപ്പുറം ഇത്തരം വിഷയങ്ങൾകൂടി പരിഗണിക്കേണ്ട സമയം അധിക്രമിച്ചിരിക്കുന്നു

Jos Chathukulam, Former Professor of Sri. Ramakrishna Hegde Chair on Decentralization and Development, Institute for Social and Economic Change (ISEC) Bengalru & Director Centre for Rural Management (CRM) Kottayam, Kerala, Email: joschathukulam@gmail.com

Shaji George, Senior Fellow, Centre for Rural Management (CRM) Kottayam, Kerala



www.ksfe.com
ഓഫീസ് സമയം
കഴിഞ്ഞാലും
അവധിദിനമാണെങ്കിലും
പണം
മൊബൈൽ
ആപ്പ് വഴി
KSFE
സ്മാർട്ട് ഗോൾഡ്
ഓവർ ഡ്രാഫ്റ്റ്
24x7
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com




പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ
എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
www.akgcentre.in